# മലയാളത്തിലെ സ്ത്രീകവിതകളുടെ
# വികാസപരിണാമങ്ങൾ

**കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ്
ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന
ഗവേഷണ പ്രബന്ധം**

**ഷാഹിന.എം.ടി**

**മലയാളവിഭാഗം
ശ്രീ നീലകണ്ഠ ഗവ.സംസ്കൃത കോളേജ്, പട്ടാമ്പി
കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗവേഷണകേന്ദ്രം**

**2019 മെയ്**

**EVOLUTION AND TRANSFORMATION OF WOMEN POETRY IN MALAYALAM**

**A thesis submitted to the university of Calicut**
**for the Degree of Doctor of Philosophy**

**SHAHINA.M.T**

**DEPARTMENT OF MALAYALAM**
**S N G S COLLEGE**
**PATTAMBI**

**2019 MAY**

# സത്യപ്രസ്താവന

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റെന്തെങ്കിലും ടൈറ്റിലിനോ അംഗീകാരത്തിനോ എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

പട്ടാമ്പി　　　　　　　　　　　　　　　　ഷാഹിന.എം.ടി

15-05-2019

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ പിഎച്ച്. ഡി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **മലയാളത്തിലെ സ്ത്രീകവിതകളുടെ വികാസപരിണാമങ്ങൾ** എന്ന ഈ പ്രബന്ധം ഷാഹിന.എം.ടി എന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി

15-05-2019

ഡോ. പി.ഗീത

ഗവേഷണ മാർഗ്ഗനിർദ്ദേശക

അസോസിയേറ്റ് പ്രൊഫസർ (റിട്ട)

എസ്.എൻ.ജി.എസ് കോളേജ്

പട്ടാമ്പി

## കൃതജ്ഞത

ഈ ഗവേഷണപ്രബന്ധത്തിന്റെ രചനയിൽ ആത്മാർത്ഥമായി ഇടപെടുകയും ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം തരുകയും പുസ്തകങ്ങളും മറ്റുസഹായസഹകരണങ്ങളും നൽകുകയും ചെയ്ത മാർഗ്ഗ നിർദ്ദേശക ഡോ.പി.ഗീതയോടുള്ള എന്റെ നന്ദിയും സ്നേഹവും കടപ്പാടും ഞാൻ അറിയിക്കുന്നു.

ഗവേഷണത്തിന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തു തന്ന പട്ടാമ്പി എസ്.എൻ.ജി.എസ് കോളേജ് മലയാളവിഭാഗം തലവൻ എച്ച്.കെ സന്തോഷ്, മുൻ വകുപ്പ് അദ്ധ്യക്ഷൻ യു.പി.ജയപ്രകാശ്, സി.പി.ചിത്രഭാനു മലയാള വിഭാഗത്തിലെ മറ്റദ്ധ്യാപകർ കോളേജിലെ മറ്റു ജീവനക്കാർ കാലടി സംസ്കൃത സർവ്വകലാശാല അദ്ധ്യാപകൻ ഡോ.പി.പവിത്രൻ എന്നിവരോടുള്ള എന്റെ നന്ദി അറിയിക്കുന്നു.

പ്രോത്സാഹനങ്ങളും സഹായങ്ങളുമായി എനിക്കൊപ്പം നിന്ന കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരോട് നന്ദിയും സ്നേഹവും ഉണ്ട്.

ദത്തശേഖരണത്തിന് സഹായിച്ച പട്ടാമ്പി എസ്.എൻ.ജി.എസ് കോളേജ് ലൈബ്രറി, തൃശ്ശൂർ കേരള സാഹിത്യഅക്കാദമി, അയ്യന്തോൾ അപ്പൻത്തമ്പുരാൻ സ്മാരക ലൈബ്രറി, കാലിക്കറ്റ് യൂണവേഴ്സിറ്റി സി.എച്ച് മുഹമ്മദ് കോയ സ്മാരക ലൈബ്രറി, പട്ടാമ്പി പഞ്ചായത്ത് ലൈബ്രറി, ഗീതടീച്ചറുടേയും പവിത്രൻമാഷിന്റേയും സ്വകാര്യ ലൈബ്രറി എന്നിവയോടും അവിടുത്തെ ജീവനക്കാരോടും പുസ്തകങ്ങൾ തന്നു സഹായിച്ച പ്രിയസുഹൃത്ത് മിനിമോൾ.ടി യോടും ഡി.ടി.പി ചെയ്തു സഹായിച്ച പട്ടാമ്പിയിലെ ആഷ് ഡി.ടി.പി സെന്ററിലെ ജീവനക്കാരോടും എനിക്ക് ഏറെ നന്ദിയുണ്ട്. ഗവേഷണം ചെയ്യാൻ പണം അനുവദിച്ചു തന്ന അധികാരസ്ഥാപനത്തോടും ഇതിനു ഭാഗഭാക്കായ സമൂഹത്തിലെ ഓരോ വ്യക്തിയോടും എന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

## ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| **ആമുഖം** | 1–11 |
| **ഭാഗം ഒന്ന്** | |
| 1. സ്ത്രീകവിതകൾ : മലയാളഭാഷാരൂപീകരണത്തിന് മുൻപും തൊട്ടുപിൻപും | 13–52 |
| 1.1. സംഘംകൃതികളുടെ സാമാന്യവിവരണം | 13–19 |
| 1.2. സംഘംകൃതികളിലെ സ്ത്രീസാന്നിധ്യം | 19–39 |
| 1.3. സംഘകാലസ്ത്രീകവിതകളുടെ വിശകലനം | 39–41 |
| 1.4. മലയാളഭാഷാ രൂപീകരണഘട്ടം | 41–42 |
| 1.5. മലയാളഭാഷാ രൂപീകരണത്തിനുശേഷമുള്ള മലയാളകവിതയിലെ സ്ത്രീ സാന്നിധ്യം | 42–51 |
| 2. സ്വാതന്ത്ര്യസമരഘട്ടം | 53–101 |
| 2.1 സാഹിത്യചരിത്രവും സ്ത്രീകളും | 53–63 |
| 2.2 ആദ്യകാലസ്ത്രീമാസികകളും സ്ത്രീസാന്നിധ്യവും | 63–70 |
| 2.2.1 ആദ്യകാലമാസികകളിലെ കവയിത്രികൾ | 70–97 |
| **ഭാഗം രണ്ട്** | |
| 3. പ്രമേയ സ്വീകരണം | 103–277 |
| 3.1 പ്രണയം | 103–162 |
| 3.2 ഭക്തി | 163–177 |
| 3.3 ആത്മീയത | 177–184 |
| 3.4 പുരാണപുനരാഖ്യാനം | 185–206 |
| 3.5 സാമൂഹിക വിമർശനം | 206–237 |
| 3.6 പ്രകൃതിചിത്രണം | 237–263 |
| 4. സ്ത്രീകർതൃത്വനിർമ്മിതി | 278–381 |
| 4.1 സ്വത്വബോധത്തിന്റെ വികാസം | 278–303 |
| 4.2 സ്ത്രീസ്വത്വാവിഷ്കാരം | 303–370 |
| **ഭാഗം മൂന്ന്** | |
| 4. ഉപസംഹാരം | 383–406 |
| 5.1 നിരീക്ഷണങ്ങൾ | 383–395 |
| 5.2 വിലയിരുത്തൽ | 396–399 |
| 5.3 നിഗമനങ്ങൾ | 399–405 |
| 5.4 നിർദ്ദേശങ്ങൾ | 405–406 |
| **ഗ്രന്ഥസൂചി** | 407–422 |
| **അനുബന്ധം–I** | 423–425 |
| **അനുബന്ധം–II** | 426–431 |

# ആമുഖം

മലയാളകവിതാരംഗത്ത് സ്ത്രീകവികളുടെ നിറസാന്നിധ്യമാണ് ഇന്ന് കാണാൻ കഴിയുന്നത്. അനുഭവങ്ങളെ വളച്ചുകെട്ടില്ലാതെ ആവിഷ്കരിക്കുന്ന ഇന്നത്തെ കവയിത്രികൾ കവിതയുടെ പാരമ്പര്യത്തെ സംരക്ഷിക്കേണ്ട യാതൊരു ബാധ്യതയും ബോധപ്പൂർവ്വം ഏറ്റെടുക്കുന്നില്ല. സ്ത്രീകവിതകളിലെ പതിവു പ്രമേയങ്ങളും പരിസരങ്ങളും വലിയൊരളവോളം ഒഴിവാക്കി സ്ത്രീയുടെ മാനസികലോകത്തിന്റെയും കാഴ്ചാലോകത്തിന്റെയും വ്യത്യസ്തലോകങ്ങൾക്ക് പുതിയ സ്ത്രീകവിതകൾ പ്രാമുഖ്യം നൽകുന്നു. നിലനിന്നുപോരുന്ന പരമ്പരാഗതവും വരേണ്യവുമായ കാവ്യസൗന്ദര്യശാസ്ത്രത്തോടും പുരുഷാധിപത്യ മൂല്യവ്യവസ്ഥയോടും കലഹിച്ചുകൊണ്ട് സ്ത്രീയനുഭവങ്ങളുടെ വൈവിധ്യവും വൈചിത്ര്യവുമാർന്ന വേറിട്ടൊരു ആവിഷ്കാരലോകത്തെ അടയാളപ്പെടുത്തുകയാണ് ഇന്നത്തെ സ്ത്രീകവിതകൾ. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് മലയാളത്തിലെ സ്ത്രീകവിതകളുടെ വികാസപരിണാമങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളിലേക്ക് ഈ പഠനം കടന്നു ചെല്ലുന്നത്.

മലയാളസാഹിത്യചരിത്രം പലപ്പോഴും മൗനം പാലിക്കുകയോ അർഹിക്കുന്ന പ്രാധാന്യത്തോടെ അവതരിപ്പിക്കാതിരിക്കുകയോ ചെയ്തിട്ടുള്ള ഒന്നാണ് എഴുത്തിലെ സ്ത്രീപങ്കാളിത്തം. മറ്റേതു പ്രവർത്തനമണ്ഡലത്തിലുമെന്നപോലെ തന്നെ എഴുത്തിന്റെ മേഖലയിലും ആധിപത്യം പുലർത്തിയിരുന്നത് പുരുഷനായിരുന്നു. അതുകൊണ്ട് തന്നെ സ്ത്രീകൾക്ക് ആ രംഗത്തേക്ക് കടന്നുവരാൻ ഒട്ടേറെ എതിർപ്പുകൾ നേരിടേണ്ടി വന്നിരുന്നു. ആദ്യകാലത്ത് സ്ത്രീകൾ എഴുതിയ കവിതകൾ പലപ്പോഴും അർഹമായ പരിഗണന കിട്ടാതെയും ചർച്ചചെയ്യപ്പെടാതെയും പോവുകയാണ് ചെയ്തത്. അക്കാലത്തെ  സ്ത്രീകവികളെ കണ്ടെത്താനും അടയാളപ്പെടുത്താനും ഈ പഠനത്തിൽ ശ്രമിക്കുന്നുണ്ട്.

മലയാളഭാഷയുടെ രൂപീകരണത്തിന് മുൻപ് നിലനിന്നിരുന്ന ദ്രാവിഡസാംസ്കാരികചരിത്രത്തിന്റെ ഭാഗമായ സംഘകാലത്ത് കവിതയിൽ സ്ത്രീസാന്നിധ്യം ധാരാളം ഉണ്ടായിരുന്നു. പിന്നീട് മലയാളഭാഷയുടെ രൂപീകരണഘട്ടം മുതൽക്ക് ഏകദേശം പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള കവിതാസാഹിത്യചരിത്രത്തിൽ എഴുത്തുകാരികളുടെ അഭാവമാണ് കാണാൻ കഴിയുന്നത്.

കേരളത്തിലെ പ്രാചീനകവിതാസാഹിത്യം പുരുഷാധിപത്യപ്രവണതകളും സവർണമേധാവിത്വവും നിറഞ്ഞതാണ്. ഇക്കാലത്ത് വളർന്ന് വന്ന രണ്ട് പ്രസ്ഥാനങ്ങ ളാണ് പാട്ടും മണിപ്രവാളവും. പാട്ട് പ്രസ്ഥാനം ഭക്തിക്ക് പ്രാധാന്യം നൽകിയപ്പോൾ മണിപ്രവാളം ശൃംഗാരപ്രധാനമായിരുന്നു. മണിപ്രവാളകൃതികൾ, ചമ്പുക്കൾ, ആട്ടക്ക ഥകൾ, സന്ദേശകാവ്യങ്ങൾ, ശൃംഗാരകാവ്യങ്ങൾ, മുക്തകങ്ങൾ തുടങ്ങിയ പ്രാചീന കാവ്യങ്ങളെല്ലാം സ്ത്രീവർണ്ണനകൾ നിറഞ്ഞതാണ്. ഇതെല്ലാം പുരുഷരചനകളാ യാണ് സാഹിത്യചരിത്രങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഇവിടെയെല്ലാം മുഖ്യധാരാച രിത്രം പുറന്തള്ളിയ സ്ത്രീസാന്നിധ്യത്തെകുറിച്ചുള്ള അന്വേഷണം ഈ പഠനത്തിന്റെ ഭാഗമാകുന്നു.

പതിനെട്ട് പത്തൊൻപത് നൂറ്റാണ്ടുകളിലായി കേരളത്തിന്റെ പരമ്പരാഗത സാമൂഹഘടനയെയും കുടുംബഘടനയെയും മാറ്റിമറിക്കുന്ന ധാരാളം പുതിയ സാമൂഹികചലനങ്ങൾ ഉണ്ടായി. പാശ്ചാത്യ മിഷണറിമാരുടെ പ്രവർത്തനങ്ങളും ബ്രിട്ടീഷ് ആധിപത്യത്തോടെ സാർവ്വത്രികമായ ഇംഗ്ലീഷ് വിദ്യാഭ്യാസവും നവോ ത്ഥാന ദർശനങ്ങളും കേരളത്തിന്റെ പ്രത്യയശാസ്ത്ര മണ്ഡലത്തെയും പൊതുജീ വിതത്തെയും മാറ്റിമറിച്ചു. സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം ലഭിച്ച് തുടങ്ങി. അത് ഇവിടുത്തെ സ്ത്രീകളെ പ്രബുദ്ധരാക്കി. വീടിനുള്ളിൽ വച്ച് തന്നെ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിരുന്ന അക്കാലത്തെ രാജകുടുംബങ്ങളിലേയും പ്രഭുകുടുംബങ്ങളി ലേയും സ്ത്രീകൾ കവിതാരംഗത്തേക്ക് കടന്നുവന്നു. മനോരമത്തമ്പുരാട്ടി, കിളിമാ നൂർ ഉമാദേവിത്തമ്പുരാട്ടി, റാണിലക്ഷ്മീബായി, കുട്ടിക്കുഞ്ഞുതങ്കച്ചി,കല്യാണി ക്കുട്ടിഅമ്മച്ചി, തോട്ടയ്ക്കാട്ട് ഇക്കാവമ്മ, കെ.എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ തുടങ്ങി യവർ 19–ാം നൂറ്റാണ്ടിൽ കവിതാരംഗത്തേക്ക് കടന്നുവന്നവരാണ്. പുരാണകഥകൾ പ്രമേയമായി സ്വീകരിച്ച് കൊണ്ട് സ്തോത്രങ്ങളും കൈകൊട്ടിക്കളിപ്പാട്ടുകളും ആട്ടക്കഥകളും ഓട്ടൻ തുള്ളലുകളും കിളിപ്പാട്ടുകളുമാണ് അവർ രചിച്ചിരുന്നത്. മാത്രമല്ല സംസ്കൃതത്തിൽ നിന്നും കൃതികൾ വിവർത്തനം ചെയ്യുകയും ചെയ്തു.

കൈകൊട്ടിക്കളിപ്പാട്ടുകളും ദേവസ്തുതിയും എഴുതുകയാണ് ഒരു സ്ത്രീയുടെ സാഹിത്യപ്രവർത്തനം എന്ന ചിന്തയിൽ നിന്ന് പുറത്ത് കടക്കാൻ സ്ത്രീയെ സഹായിച്ചത് സ്വാതന്ത്ര്യസമരങ്ങളുടെയൊക്കെ ഭാഗമായി ഇവിടെ നടന്ന നവോത്ഥാന പ്രവർത്തനങ്ങളും പാശ്ചാത്യ വിദ്യാഭ്യാസവുമായിരുന്നു. സ്വാതന്ത്ര്യസ മരകാലത്തിലും അനുബന്ധമായി നടന്ന നവോത്ഥാന പരിശ്രമങ്ങളിലും സവർണ്ണരെന്നപോലെ സ്ത്രീകളും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവര പ്പെട്ടു. സാർവ്വത്രിക വിദ്യാഭ്യാസവും സാമൂഹിക – രാഷ്ട്രീയ പ്രവർത്തനങ്ങളിലെ പങ്കാളിത്തവും സ്ത്രീകളുടെ ആത്മാവിഷ്കാര സാധ്യതകളെ വിപുലപ്പെടുത്തുകയാ യിരുന്നു. സാഹിത്യത്തിലെ സ്ത്രീ മുന്നേറ്റം വൈയക്തികാവിഷ്കാരങ്ങൾക്കുപരി

യായി സമൂഹം തങ്ങളിലേർപ്പെടുത്തിയിരുന്ന ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിയാനുള്ള അപാരമായ തൃഷ്ണ കൂടിയാണ് കാണിച്ചുതരുന്നത്. സ്ത്രീകൾ സ്വയം ഉള്ളിലേക്ക് നോക്കാൻ തുടങ്ങിയതും സ്വയം തിരിച്ചറിയാൻ തുടങ്ങിയതുമാണ് ഇക്കാലത്തിന്റെ പ്രത്യേകത. തങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പുരോഗമനാശയങ്ങൾ എല്ലാ സ്ത്രീകളിലുമെത്തിക്കുവാനും പത്രമാസികകളിലൂടെ അഭ്യസ്തവിരായ സ്ത്രീകൾ ശ്രമിച്ചു. സ്ത്രീകൾക്കുവേണ്ടി കേരളീയസുഗുണബോധിനി, ശാരദ ലക്ഷ്മീബായി, മഹിള, സ്ത്രീ തുടങ്ങിയ ധാരാളം മാസികകൾ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. സ്വന്തമായി കൃതികൾ പ്രസിദ്ധീകരിക്കാൻ സാഹചര്യമില്ലാതിരുന്ന അക്കാലത്തെ സ്ത്രീകൾക്ക് തങ്ങളുടെ ആശയങ്ങൾ എഴുതി പ്രസിദ്ധീകരിക്കാൻ ഈ മാസികകളിലൂടെ കഴിഞ്ഞു. ഇതോടൊപ്പം തന്നെ ധാരാളം കവിതകളും ധാരാളം കവയിത്രികളും ഈ മാസികകളിലൂടെ വളർന്നു വന്നു. പ്രമേയ സ്വീകരണത്തിലും ആഖ്യാനശൈലിയിലുമെല്ലാം വ്യത്യസ്തതപുലർത്തിയിരുന്ന കവിതകൾ പ്രസിദ്ധീകരിക്കപ്പെട്ടു. സ്ത്രീകൾക്ക് വേണ്ടിയുള്ള മാസികകൾ കൂടാതെ അന്നത്തെ പ്രധാനപ്പെട്ട കവിതാമാസികകളായ കവനകൗമുദി, കവനമഞ്ജരി, കവനകൗതുകം തുടങ്ങിയ മാസികകളിലെല്ലാം ധാരാളം സ്ത്രീകൾ കവിതകൾ എഴുതിയിരുന്നു. പെരിഞ്ചേരി ഇക്കാവമ്മ, കെ.പി.കുഞ്ഞിലക്ഷ്മി, കെ.മാധവിയമ്മ, പി.പി.ഓമനയമ്മ തുടങ്ങി ധാരാളം കവയിത്രികളെ ആദ്യകാല മാസികകളിൽ കണ്ടെത്താൻ കഴിയും.

ഇരുപതാംനൂറ്റാണ്ടായപ്പോഴേക്കും സ്ത്രീക്കു പറയാൻ തന്റേതായ ഒട്ടേറെ അനുഭവങ്ങളുണ്ടെന്ന് കവയിത്രികൾ തിരിച്ചറിഞ്ഞിരുന്നു. സ്ത്രീയുടേതായ അനുഭവമേഖലകൾ കവിതയിലാവിഷ്കരിക്കാൻ തയ്യാറായ ഒട്ടേറെപ്പേർ ഈ കാലഘട്ടത്തിൽ ഉണ്ടായി. കടത്തനാട്ട് മാധവിയമ്മ, ബാലാമണിയമ്മ, ലളിതാംബിക അന്തർജ്ജനം, സുഗതകുമാരി എന്നിവരെല്ലാം സ്ത്രീജനതയുടെ വ്യത്യസ്തമാനങ്ങൾ കവിതയിലാവിഷ്കരിച്ചു. സ്ത്രീവാദം, ദലിത്‌വാദം, പാരിസ്ഥിതികാവബോധം ഇവയിലൂടെയൊക്കെ രൂപപ്പെട്ടുവന്ന പുതിയ ഭാവുകത്വപരിസരം ജന്മം നൽകിയ കവിതകളാണ് തൊണ്ണൂറുകളുടെ ആരംഭം തൊട്ടിങ്ങോട്ട് മലയാള കവിതയിൽ വ്യത്യസ്താനുഭവങ്ങൾ സൃഷ്ടിച്ചത്. സ്ത്രീക്ക് മാത്രം സാധ്യമാവുന്ന ചില കാഴ്ചകളിലൂടെയും ശരീരതലത്തിലുള്ള സ്ത്രൈണാനുഭവത്തിനുള്ള വ്യത്യസ്തതകൾ സൂക്ഷമതയോടെ അടയാളപ്പെടുത്തുന്നതിലൂടെയുമൊക്കെയാണ് പുതിയ സ്ത്രീകവിത അതിന്റെ സാന്നിധ്യത്തെ അറിയിച്ച് കൊണ്ടിരിക്കുന്നത്.

സ്ത്രീകൾ അനുഭവിച്ച് പോരുന്ന അടിച്ചമർത്തലുകൾക്കും അവഗണനകൾക്കും എതിരെ അനുഭവപരമായ സത്യസന്ധത നിലനിർത്തിക്കൊണ്ട് അവളെക്കുറിച്ച് അവതരിപ്പിച്ച് ആൺകോയ്മയെ പ്രതിരോധിക്കുന്ന എഴുത്തുകാരികളുടെ ഒരു

നിരതന്നെ കവിതാലോകത്ത് വികസിച്ച് വന്നു. വിജയലക്ഷ്മി., സാവിത്രിരാജീവൻ, വി.എം.ഗിരിജ തുടങ്ങിയവർ അവരിൽ പ്രമുഖരാണ്.

ആധുനികതയിൽ നിന്നും വ്യത്യസ്തമായി ആധുനികാനന്തര മലയാള കവിതയിൽ എഴുത്തുകാരികൾ വളരെയധികം കടന്നുവന്നിരിക്കുന്നു. മാറുന്ന ഭാവുക ത്വത്തെയും സൗന്ദര്യബോധത്തെയും അടയാളപ്പെടുത്തുന്ന ഒട്ടനവധി സ്ത്രീകവികൾ വർത്തമാനകാലത്തിൽ രചന നിർവ്വഹിക്കുന്നുണ്ട്. ഇത്തരത്തിൽ വികസിച്ചുവന്ന മലയാള കവിതാചരിത്രത്തിലെ ഓരോ കാലഘട്ടത്തിലെയും സ്ത്രീകവികളെ അടയാളപ്പെടുത്തുകയും അവർ സ്വീകരിച്ചിരിക്കുന്ന പ്രമേയങ്ങൾ അപഗ്രഥിച്ച് സ്ത്രീകർതൃത്വനിർമ്മിതിയുടെ പരിണാമം സ്ത്രീവാദവിമർശനത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യുകയുമാണ് ഈ പ്രബന്ധത്തിൽ ചെയ്തിരിക്കുന്നത്.

സാമൂഹികവും സാംസ്കാരികവുമായി നിർണായക പ്രാധാന്യം നേടിക്കഴിഞ്ഞ സിദ്ധാന്തമാണ് സ്ത്രീവാദം അഥവാ ഫെമിനിസം. സ്ത്രീയുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള അവബോധം, അവയുടെ ബോധവൽകരണം, അവയുടെ ആശയവിന്യാസം, അവയ്ക്ക് വേണ്ടിയുള്ള പോരാട്ടം, അവയ്ക്കുതടസ്സമായി നിൽക്കുന്ന സങ്കേതങ്ങളോടുള്ള വ്യക്തിഗതമോ സംഘടിതമോ ആയ പോരാട്ടം, പീഡിതമായ സ്ത്രീത്വത്തിന്റെ പുരുഷവിദ്വേഷം, പുരുഷനിരാകരണം, ലൈംഗിക സ്വാതന്ത്ര്യവാദം, ശാരീരികവും സാമൂഹ്യവുമായ ജീവിതത്തിന് സ്വയം നിർണ്ണയാവകാശം, സ്വവർഗ്ഗബോധം എന്നിങ്ങനെ ഫെമിനിസത്തിന്റെ അജണ്ട വിപുലമാണ് (ജാൻസി ജെയിംസ് 2006 : 6)

മിത്തുകളുടെ പുനർവായനയും അപനിർമ്മാണവും പുനഃപ്രതിഷ്ഠയും സ്ത്രീവിമോചനസിദ്ധാന്തത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. അത് പോലെ തന്നെ പാരിസ്ഥിതിക സ്ത്രീവാദം ഫെമിനിസത്തിൽ പുതിയ അർത്ഥതലങ്ങൾ നൽകുന്നുണ്ട്. പ്രകൃതിയുടെ നേരെയുള്ള ചൂഷണം സ്ത്രീയുടെ നേരെയുള്ള ചൂഷണമായി കാണേണ്ടതുണ്ടെന്ന് ലീലാവതിടീച്ചർഅഭിപ്രായപ്പെടുന്നു.(2002:110).മതം സ്ത്രീയെ ഒരു വീട്ടുപകരണം മാത്രമാക്കി മാറ്റുന്നതിനാൽ മതത്തോട് കലഹിച്ചും ദളിത് പരിസ്ഥിതി എന്നിവയോട് യോജിച്ചും സമരസപ്പെട്ടും മാത്രമേ സ്ത്രീവിമോചനം സാധ്യമാവുകയുള്ളൂ എന്നാണ് ഗീതയുടെ അഭിപ്രായം (2005:54)

സാഹിത്യകൃതികളിൽ പ്രത്യക്ഷപ്പെട്ട രണ്ടാംകിടനായികമാരെക്കുറിച്ചുള്ള ചിന്തകളാണ് സാഹിത്യത്തിൽ തങ്ങൾക്കുള്ള സ്ഥാനത്തെക്കുറിച്ച് ചിന്തിക്കാൻ പാശ്ചാത്യ സ്ത്രീ എഴുത്തുകാരെ പ്രേരിപ്പിച്ചത്. ബ്രിട്ടീഷ് നോവലിന്റെ ഒരു പരി

വർത്തനഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന വെർജീനിയ വുൾഫിന്റെ പ്രശസ്തമായ കൃതിയാണ് എ റൂം ഓഫ് വൺസ് ഓൺ (സ്വന്തമായൊരു മുറി). ഫെമിനിസ്റ്റ് ബൈബിൾ എന്നറിയപ്പെടുന്ന ഈ കൃതി പെണ്ണിന് വിദ്യാഭ്യാസമോ സാമ്പത്തികശേഷിയോ സ്വന്തമായി ഒരിടമോ എഴുത്തിന്റെ പാരമ്പര്യമോ ഒന്നും തന്നെയില്ലെന്നും ഇതെല്ലാം പുരുഷാധിപത്യ സമൂഹം അവൾക്ക് സമ്മാനിക്കുന്നതാണെന്നും വ്യക്തമാക്കുന്നു.(2014:60,61,62). പെണ്ണിന് സ്വതന്ത്രമായൊരിടവും സ്ത്രീരചനയുടെ തനതായൊരു പാരമ്പര്യവും കണ്ടെത്തേണ്ടത് അത്യാവശ്യമാണെന്ന് വെർജീനിയ വുൾഫ് പറയുന്നു.(2014:62)

സിമൻ ദാ ബുവെയർ എഴുതിയ സെക്കന്റ് സെക്സ് എന്ന കൃതിയിൽ സമൂഹത്തിലെ സ്ത്രീ പദവിയുടെ സ്ഥാനത്തെക്കുറിച്ചും അതിന്റെ ചരിത്രത്തെക്കുറിച്ചും അന്വേഷിക്കുന്നുണ്ട്. പുരുഷൻമാരുടെ ആശ്രിതത്തിൽ നിന്ന് മോചിതരാകാനും സ്വയം പ്രതിരോധിക്കാനുള്ള ശക്തിയാർജ്ജിക്കാനും ഈ കൃതി സ്ത്രീകളെ ഉപദേശിക്കുന്നു. (2000:5)

പാശ്ചാത്യസാഹിത്യത്തിൽ വെർജീനിയ വുൾഫിന്റെ സ്വന്തമായൊരു മുറി എന്ന കൃതിയിലൂടെയാണ് പെണ്ണെഴുത്തിന്റെ വെല്ലുവിളികളെ സമർത്ഥമായി അവതരിപ്പിക്കപ്പെട്ടത്. മലയാളത്തിൽ സ്ത്രീ രചനകളെ സൂചിപ്പിക്കാൻ പെണ്ണെഴുത്ത് സംജ്ഞ ആദ്യമായി പ്രയോഗിച്ചത് സച്ചിദാനന്ദനാണ്. സാറാജോസഫിന്റെ 'പാപത്തറ' എന്ന കഥാസമാഹാരത്തിന്റെ അവതാരികയിലായിരുന്നു അത്. (1990:19) ലളിതാംബികാ അന്തർജ്ജനത്തിന്റെ 'ആത്മകഥയ്ക്കൊരു ആമുഖം' എന്ന ആത്മകഥാപുസ്തകത്തിൽ സ്ത്രീപ്രശ്നങ്ങളും പെണ്ണെഴുതാൻ തുടങ്ങുമ്പോൾ നേരിടുന്ന വെല്ലുവിളികളും ആവിഷ്കരിക്കപ്പെടുന്നു. പെണ്ണിന്റെ എഴുത്തിനെപ്പറ്റി ഒരു പെണ്ണുതന്നെ അവതരിപ്പിക്കുന്ന അനുഭവസാക്ഷ്യം എന്നതാണ് ഈ കൃതിയുടെ സവിശേഷത എന്ന ഗീത അഭിപ്രായപ്പെടുന്നു. (2014:120)

സ്ത്രീവാദപരമായ ആശയങ്ങൾ സ്ത്രീകൾതന്നെ പൊതുസമൂഹത്തിന് മുൻപിൽ തുറന്ന് പ്രകടിപ്പിക്കാൻ തുടങ്ങിയിട്ട് ഏകദേശം കാൽനൂറ്റാണ്ടാകുന്നതേയുള്ളൂ. അതോടെയാണ് മലയാളത്തിൽ അതിന് മുൻപുണ്ടായിരുന്ന എഴുത്തുകാരികളെ വീണ്ടെടുത്ത് സ്ത്രീവാദ കാഴചപ്പാടോടെ പുനർ വായിക്കാൻ തുടങ്ങിയത്.

**പഠനത്തിന്റെ പ്രസക്തി**

മലയാള കവിതാരംഗത്ത് ഒട്ടേറെ സ്ത്രീകവിതകൾ ഇന്ന് പ്രസിദ്ധീകരിക്കപ്പെട്ട് കൊണ്ടിരിക്കുന്നു. അച്ചടി പ്രസിദ്ധീകരണങ്ങളിലൂടെ മാത്രമല്ല വെബ്മാഗ

സിനുകളിലൂടെയും ബ്ലോഗുകളിലൂടെയും ഫെയ്സ്ബുക്കിലൂടെയുമെല്ലാം ധാരാളം സ്ത്രീകവികൾ ഇന്ന് രംഗത്ത് വന്ന് കൊണ്ടിരിക്കുന്നു. അത് കൊണ്ടുതന്നെ സ്ത്രീക വിതകളുടെ ഇന്നത്തെ അവസ്ഥയിലേക്കുള്ള വികസനവും അതിനുണ്ടായിട്ടുള്ള പരി ണാമങ്ങളും അന്വേഷിക്കുക എന്നത് ഇക്കാലത്ത് പ്രസക്തമാകുന്നു.

മലയാളത്തിലെ ആദ്യകാല സ്ത്രീകവികളെയൊന്നും അവരർഹിക്കുന്ന പ്രാധാന്യത്തോടെ സാഹിത്യചരിത്രങ്ങൾ പരിഗണിച്ച് കാണുന്നില്ല. അതുകൊണ്ട് തന്നെ മാസികകളിലൂടെയും മറ്റും രചനകൾ നിർവ്വഹിച്ചിരുന്ന ആദ്യകാല കവയിത്രി കളെ കണ്ടെത്തി രേഖപ്പെടുത്തുന്നു എന്നതും ഈ പഠനത്തെ പ്രസക്തമാക്കുന്നുണ്ട്.

ആധുനികരും ഉത്തരാധുനികരുമായ സ്ത്രീകവികൾ സാഹിത്യത്തിലും ഭാഷ യിലും ജീവിതത്തിലുമെല്ലാം അവർക്ക് നഷ്ടപ്പെട്ട സ്ത്രീത്വത്തെയും കർതൃത്വ ത്തെയും വീണ്ടെടുക്കാനുള്ള ശ്രമങ്ങളാണ് കവിതകളിലൂടെ നടത്തുന്നത്. അതിൽ അവർ ഉപയോഗിച്ചിരിക്കുന്ന പ്രമേയങ്ങൾ അപഗ്രഥനം ചെയ്യുകയും സ്ത്രീസ്വത്വാ വിഷ്കാരത്തിന്റെ തലങ്ങൾ കണ്ടെത്തുകയും ചെയ്യുക എന്നത് ഈ പഠനത്തിന്റെ പ്രസക്തിയാണ്.

**പഠനലക്ഷ്യം**

മലയാള ഭാഷാരൂപീകരണത്തിനു മുൻപുമുതൽ തുടങ്ങി ഇക്കാലം വരെയുള്ള സ്ത്രീകവിത വികസിച്ചതിന്റെയും പരിണമിച്ചതിന്റെയും ചരിത്രം അന്വേഷിക്കുക യാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

മലയാള കവിതാചരിത്രത്തിൽ ഇടം നേടാതെ പോയ സ്ത്രീകവികളെ കണ്ടെത്തി അടയാളപ്പെടുത്തുക എന്നതും ഈ പഠനത്തിന്റെ ലക്ഷ്യമാണ്. മാത്രമല്ല മലയാള സാഹിത്യത്തിൽ ആദ്യകാലം മുതൽക്കുതന്നെയുള്ള സ്ത്രീ കവിതകളിൽ ആവിഷ്കൃതമായിരിക്കുന്ന സ്ത്രൈണാനുഭവ യാഥാർത്ഥ്യങ്ങളും വിമോചനാശയ ങ്ങളും വിശകലനം ചെയ്യുക എന്നതും ഈ പഠനത്തിന് ലക്ഷ്യമുണ്ട്.

പുതിയ സ്ത്രീകവികൾ സ്വീകരിച്ചിരിക്കുന്ന പ്രമേയങ്ങൾ അപഗ്രഥിച്ച് അതിലൂടെ സ്ത്രീ കവിതകളിൽ സംഭവിച്ചിട്ടുള്ള ഭാവുകത്വപരിണാമം അടയാളപ്പെ ടുത്തുകയും ഈ പഠനം ലക്ഷ്യമാക്കുന്നു.

**പഠനമേഖല**

മലയാള ഭാഷാരൂപീകരണത്തിന് മുൻപുള്ള സംഘകാലം മുതൽ ഇക്കാല ഘട്ടം വരെയുള്ള സ്ത്രീ കവിതകളെയാണ് ഈ പഠനത്തിന് പരിഗണിച്ചിട്ടുള്ളത്. അതിൽ തന്നെ എണ്ണക്കൂടുതൽ കൊണ്ട് വർത്തമാനകാലത്തെ സ്ത്രീകവികളെ പ്രാതിനിധ്യ സ്വഭാവമനുസരിച്ച് തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്. സൈബർ രംഗത്ത് മാത്രമുള്ള കവിതകളെ ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പകരം അവയെകുറിച്ചു സമാർജ്ജിച്ച അിറവുകൾ അനുബന്ധമായി ചേർത്തിരിക്കുകയാണ്.

**രീതിശാസ്ത്രം**

ആദ്യകാല സ്ത്രീകവികളെ കണ്ടെത്തി രേഖപ്പെടുത്തുന്ന പ്രബന്ധത്തിന്റെ ഒന്നാം ഭാഗത്ത് ചരിത്രപരമായ അന്വേഷണത്തിന്റെ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. സാഹിത്യ പാരമ്പര്യത്തിൽ അപ്രസക്തങ്ങളോ നികൃഷ്ടങ്ങളോ ആയി കരുതിപ്പോന്നിരുന്ന സ്ത്രൈണജീവിതയാഥാർത്ഥ്യങ്ങളെയും മൂല്യങ്ങളെയും ആവിഷ്കരിക്കുന്ന ആധുനികകവിതകളെയും ആധുനികാനന്തര കവിതകളെയും അപഗ്രഥിക്കുന്ന രണ്ടാം ഭാഗത്ത് സ്ത്രീവാദ സൗന്ദര്യ ശാസ്ത്രത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**പൂർവ്വപഠനങ്ങൾ**

മലയാളത്തിലെ ആദ്യകാലം മുതൽക്കുതന്നെയുള്ള സ്ത്രീകവിതകൾ സമഗ്രമായെടുത്ത് അതിലെ പ്രമേയങ്ങൾ പ്രത്യേകം അപഗ്രഥിച്ച് ഗവേഷണ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗൗരവമായ പഠനങ്ങൾ നടന്നതായി അറിവില്ല. 'പെൺകവിത മലയാളത്തിൽ' എന്ന പേരിൽ ഷീബാ ദിവാകരൻ എഴുതിയ കൃതിയാണ് ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. (കേരളഭാഷാഇൻസ്റ്റി റ്റ്യൂട്ട് തിരുവനന്തപുരം : 2014) ഈ കൃതിയിൽ ആദ്യകാലം മുതൽ സമകാലീനം വരെയുള്ള പെൺകവിതകൾ പഠന വിധേയമാക്കിയിട്ടുണ്ട്.

ലീലാവതി ടീച്ചറുടെ 'കവിതാസാഹിത്യചരിത്രം' സ്ത്രീ എഴുതുന്ന ആദ്യത്തെ സാഹിത്യചരിത്രമാണ്. അത് (കേരളസാഹിത്യ അക്കാദമി: 1980) സ്ത്രീകൾ മാത്രം ഉൾപ്പെടുന്ന സാഹിത്യ ചരിത്രമല്ലെങ്കിലും സ്ത്രീ എഴുതിയ സാഹിത്യചരിത്രം എന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നു. ലീലാവതിടീച്ചറുടെ തന്നെ 'സ്ത്രീസ്വത്വാവിഷ്കാരം മലയാളസാഹിത്യത്തിൽ' (കേരളസാഹിത്യ അക്കാദമി: 2008 ) എന്ന കൃതി മലയാള കവിതയിലെ സ്ത്രീസ്വത്വാവിഷ്കാരത്തിന്റെ ചരിത്രാത്മകമായ അന്വേഷണം നടത്തുന്നു.

മലയാളത്തിൽ ആദ്യമായി കവിതയെ സ്ത്രീസൗന്ദര്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിച്ച ഗവേഷണപ്രബന്ധമാണ് ഗീതയുടെ 'ആധുനിക മലയാളകവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ'(കാലിക്കറ്റ് യൂണിവേഴ്സിറ്റി മലയാള ഗവേഷണ പ്രബന്ധം:1995)

ഗീതയുടെ 'കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്' എന്ന പഠനഗ്രന്ഥത്തിൽ ആധുനികാനന്തര സത്രീകവിതകളെ പഠനവിധേയമാക്കുന്നുണ്ട്. (കറന്റ് ബുക്സ് : തൃശൂർ 1997) ബാലാമണിയമ്മയുടെയും വിജയലക്ഷമിയുടെയും സാവിത്രി രാജീവന്റെയും കവിതകളാണ് ഇതിൽ പഠനവിധേയമാക്കുന്നത്. ഗീതയുടെ 'ദേവദൂതികൾ മാഞ്ഞുപോവത്' (1999) എന്ന കൃതിയിലും സാഹിത്യത്തിലെ സ്ത്രീവാദപരമായ കാഴ്ച്ചപ്പാടുകൾ അവതരിപ്പിക്കുന്നുണ്ട്. ഗീതയുടെ തന്നെ 'എഴുത്തമ്മമാർ' (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം : 2014) എന്ന കൃതിയിൽ ആദ്യകാലത്തെ പല സ്ത്രീകവികളെയും കണ്ടെത്തി പഠനവിധേയമാക്കുന്നുണ്ട്.

വി.യു.സുരേന്ദ്രന്റെ 'ചെറിയ മരത്തിൽ പിടിച്ച കാറ്റുകൾ' എന്ന പുസ്തകത്തിൽ മലയാളകവിതയിലെ ഏറ്റവും പുതിയ ഭാവുകത്വ പരിണാമങ്ങളെയും നവകവികളെയും പഠനവിധേയമാക്കുന്നു. ഗിരിജ.പി പാതേക്കര രേഖ മാതംഗമംഗലം എന്നീ കവയിത്രികളും ഈ പഠനത്തിൽ കടന്നുവരുന്നുണ്ട്. (ഹരിതകം ബുക്സ് : 2015)

മുകളിൽ സൂചിപ്പിച്ച പൂർവ്വപഠനങ്ങളിലൊന്നും മലയാളത്തിലെ സ്ത്രീകവിതകളുടെ വികാസപരിണാമങ്ങളെക്കുറിച്ചുള്ള ക്രമാനുഗതമായ അന്വേഷണം നടന്നു കാണുന്നില്ല. അത്തരത്തിൽ ക്രമാനുഗതമായ അന്വേഷണമാണ് ഈ പഠനത്തിലൂടെ ചെയ്യുന്നത്. ആധുനികാനന്തര മലയാള കവിതയിലെ സ്ത്രീകവികളുടെ എണ്ണക്കൂടുതൽ കാരണം പലരെയും ഒഴിവാക്കിയിട്ടുണ്ടെങ്കിലും പൂർവ്വപഠനങ്ങളിൽ പരാമർശിക്കപ്പെട്ടതും പരാമർശിക്കപ്പെടാത്തതുമായ സ്ത്രീകവികളെയും അവരുടെ കവിതകളെയും ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നുണ്ട്.

**പഠനപരിമിതി**

ഈ പ്രബന്ധത്തിന്റെ ആദ്യഭാഗത്ത് രണ്ടാംഭാഗത്തേത് പോലുള്ള അപഗ്രഥനം നടത്തിയിട്ടില്ല. ആദ്യഘട്ടത്തിൽ ദത്തങ്ങൾ ലഭ്യമല്ലാത്തതിനാലാണ് അത് സാധിക്കാതെ വന്നത്. ആധുനികാനന്തരഘട്ടത്തിൽ ധാരാളം സ്ത്രീകവിതകൾ പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ അവയെല്ലാം ഈ പഠനത്തിൽ ഉൾപ്പെടു

ത്താൻ കഴിഞ്ഞിട്ടില്ല. പ്രാതിനിധ്യസ്വഭാവമനുസരിച്ച് കവയിത്രികളെ തെരഞ്ഞെടുക്കുകയാണ് അവിടെ ചെയ്തിട്ടുള്ളത്. സൈബർ ലോകത്താകട്ടെ അനുദിനം കവിതകൾ വന്നുകൊണ്ടിരിക്കുന്നു. അതിനാൽ ആ കവിതകളേയും ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അങ്ങനെയൊരു സാന്നിധ്യമുണ്ടെന്നറിയിക്കാൻ അനുബന്ധത്തിൽ ചേർക്കുകമാത്രമാണ് ചെയ്തിരിക്കുന്നത്.

**പ്രബന്ധ സ്വരൂപം**

മൂന്നു ഭാഗമായി തിരിച്ചിട്ടുള്ള ഈ പ്രബന്ധത്തിൽ അഞ്ചധ്യായങ്ങളാണുള്ളത്. മലയാള ഭാഷാരൂപീകരണത്തിന് മുൻപുണ്ടായിട്ടുള്ള സംഘകാലത്തെ കവയിത്രികളെക്കുറിച്ചുള്ള അന്വേഷണവും അതിന് ശേഷം മലയാള ഭാഷരൂപീകരണഘട്ടത്തിലും അതിനു ശേഷവും ഉള്ള സ്ത്രീസാന്നിധ്യത്തെക്കുറിച്ചുള്ള അന്വേഷണവുമാണ് ഒന്നാം അധ്യായം. രണ്ടാമധ്യായത്തിൽ സാഹിത്യചരിത്രങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സ്ത്രീകവികളെയും ആദ്യകാല മാസികകളിലൂടെ കവിതകൾ രചിച്ചിരുന്ന സ്ത്രീ കവികളെയും അടയാളപ്പെടുത്തുന്നു. ഈ രണ്ടധ്യായങ്ങളാണ് പ്രബന്ധത്തിന്റെ ഒന്നാം ഭാഗത്ത് ചേർത്തിട്ടുള്ളത്. രണ്ടാംഭാഗത്തിൽ മൂന്നും നാലും അധ്യായങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കവയിത്രികൾ സ്വീകരിച്ചിരിക്കുന്ന പ്രമേയങ്ങൾ വിശകലനം ചെയ്യുന്നതാണ് മൂന്നാം അധ്യായം. നാലാമധ്യായം കവിതകളിലെ സ്ത്രീ സ്വത്വാവിഷ്കാരത്തിലൂടെ വികസിച്ചുവന്നിട്ടുള്ള സ്ത്രീകർതൃത്വ നിർമ്മിതിയെക്കുറിച്ചുള്ള അന്വേഷണമാണ് നടത്തുന്നത്. ഉപസംഹാരവും ഗവേഷണ പ്രബന്ധത്തിലെ നിഗമനങ്ങളുടെ ക്രോഡീകരണവും ഉൾപ്പെടുന്നതാണ് മൂന്നാം ഭാഗം. അതിനുശേഷമാണ് ഗ്രന്ഥസൂചി. സൈബറിടങ്ങളിലെ സ്ത്രീകവിതയുടെ സാന്നിധ്യത്തെകുറിച്ചുള്ള സാമാന്യമായ ഒരു ലഘുവിവരണവും ഈ പഠനത്തിലൂടെ കണ്ടെടുക്കപ്പെട്ട മലയാളത്തിലെ സ്ത്രീകവികളുടെ പേരുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.

## ഭാഗം ഒന്ന്

### 1. മലയാളഭാഷാരൂപീകരണത്തിന് മുൻപും തൊട്ടുപിൻപുമുള്ള സ്ത്രീകവിതകൾ

മലയാള ഭാഷാരൂപീകരണത്തിനു മുൻപ് കേരളത്തിൽ നിലനിന്നിരുന്ന സംഘകാലത്തെ സ്ത്രീകവിതകളാണ് ഈ അധ്യായത്തിൽ പഠന വിധേയമാക്കുന്നത്. സംഘകാലത്തെ ലഭ്യമായ എല്ലാ കൃതികളിൽ നിന്നും കണ്ടെത്തിയ മുപ്പത്തിമൂന്ന് കവയിത്രികളെയും അവരുടെ കവിതകളെയും ഈ ഭാഗത്ത് പഠന വിധേയമാക്കുന്നു. മലയാള ഭാഷാരൂപീകരണത്തിലെ സ്ത്രീസാന്നിധ്യവും അതിന് ശേഷം

ഉണ്ടായിട്ടുള്ള പാട്ട്, മണിപ്രവാളം തുടങ്ങിയ പ്രസ്ഥാനങ്ങൾക്കിടയിലെ സ്ത്രീസാന്നിധ്യവും ഈ അധ്യായത്തിൽ അന്വേഷിക്കുന്നു.

**2. സ്വാതന്ത്ര്യസമരഘട്ടം**

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ മലയാളത്തിൽ വികസിച്ചുവന്ന സ്ത്രീകവിതാപാരമ്പര്യം അന്വേഷിക്കുകയാണ് ഈ അധ്യായത്തിൽ ചെയ്തിരിക്കുന്നത്. അതിനായി സാഹിത്യചരിത്രങ്ങളിൽ ഇടം നേടിയ കവയിത്രികളെ അടയാളപ്പെടുത്തുകയും മാസികകളിലൂടെ രചനകൾ നിർവ്വഹിച്ചിരുന്ന കവയിത്രികളെയും അവരുടെ കവിതകളെയും കണ്ടെത്തി പഠന വിധേയമാക്കുകയും ചെയ്യുന്നു.

## ഭാഗം രണ്ട്

**3. പ്രമേയസ്വീകരണം**

സ്വാതന്ത്ര്യസമരകാലത്തിലും നവോത്ഥാനഘട്ടത്തിലും അതിനുശേഷവുമുള്ള ആധുനികരും ആധുനികാനന്തരുമായ കവയിത്രികൾ സ്വീകരിച്ചിരിക്കുന്ന പ്രമേയങ്ങൾ വിശകലനം ചെയ്ത് സ്ത്രീകവിതകളിൽ വന്നിട്ടുള്ള വികാസ പരിണാമങ്ങൾ അന്വേഷിക്കുകയാണ് ഈ അധ്യായത്തിൽ ചെയ്തിരിക്കുന്നത്. പ്രണയം, ഭക്തി, ആത്മീയത, പുരാണപുനരാഖ്യാനം, സാമൂഹ്യവിമർശനം, പ്രകൃതിചിത്രണം എന്നിങ്ങനെ തരം തിരിച്ച് കൊണ്ടുള്ള പ്രമേയ അപഗ്രഥനമാണ് ഇവിടെ നടത്തിയിട്ടുള്ളത്.

**4. സ്ത്രീകർതൃത്വനിർമ്മിതി**

സ്ത്രീകവിതകളിൽ കാണുന്ന സ്വത്വബോധത്തിന്റെ വികാസവും സ്വതാവിഷ്കരണത്തിന്റെ രീതികളും വിശകലനം ചെയ്ത് സ്ത്രീകർതൃത്വനിർമ്മിതി രൂപപ്പെടുന്നതിനെക്കുറിച്ചുള്ള അന്വേഷണമാണ് ഈ അധ്യായത്തിൽ നടത്തിയിട്ടുള്ളത്. അതിനായി സ്ത്രീകവിതകളിൽ കാണുന്ന സവിശേഷഭാവങ്ങളുള്ള സ്ത്രൈണചിത്രണങ്ങളും സ്ത്രൈണാനുഭവങ്ങളും പഠനവിധേയമാക്കുന്നു.

**5. ഉപസംഹാരം**

ഉപസംഹാരത്തിൽ ഒന്നുമുതൽ നാലുവരെയുള്ള അധ്യായങ്ങളുടെ വിശകലനത്തിലൂടെ കണ്ടെത്തിയ നിഗമനങ്ങളും നിരീക്ഷണങ്ങളും ക്രോഡീകരിക്കുന്നു. ഗവേഷണത്തിനുള്ള മറ്റ് സാധ്യതകളെ തിരിച്ചറിയുകയും അടയാളപ്പെടുത്തുകയും ചെയ്യുന്നു.

**ഗ്രന്ഥസൂചി**

**അനുബന്ധങ്ങൾ**

1. സൈബർലോകത്തെ കവയിത്രികൾ
2. കവയിത്രികൾ

## ഭാഗം ഒന്ന്

ഒന്നാം ഭാഗത്തിൽ ഒന്നും രണ്ടും അദ്ധ്യായങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മലയാള ഭാഷാ രൂപീകരണത്തിന് മുൻപും തൊട്ടു പിൻപും എന്ന ഒന്നാം അദ്ധ്യായത്തിൽ സംഘകാലത്തെ കവയിത്രികളെക്കുറിച്ചുള്ള പഠനവും അതിനു ശേഷം മലയാളഭാഷാരൂപീകരണഘട്ടത്തിലും തൊട്ടുപിൻപും ഉണ്ടായിട്ടുള്ള സ്ത്രീസാന്നിദ്ധ്യവും അന്വേഷിക്കുന്നു. മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിച്ച സാഹചര്യത്തിൽ സംഘം കവിതകളെക്കൂടി പുതിയ മലയാളകവിതയുടെ പശ്ചാത്തലമായി ഈ പഠനത്തിൽ പരിഗണിക്കുന്നു. അതിനാലാണ് സംഘകാല കവയിത്രികളെ ഈ പഠനത്തിന്റെ ഭാഗമായി ചരിത്രപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല സ്ത്രീകവിതയുടെ ക്രമാനുഗതമായ വികാസപരിണാമങ്ങൾ രേഖപ്പെടുത്തുമ്പോൾ സംഘകാലകവിതയിലെ സ്ത്രീസാന്നിധ്യം ഇത്തരമൊരന്വേഷണത്തിൽ പ്രസക്തമാണ് എന്നതിനാലുമാണത്.

'സ്വാതന്ത്ര്യസമരഘട്ടം' എന്ന രണ്ടാം അദ്ധ്യായത്തിൽ സാഹിത്യചരിത്രങ്ങളിൽ ഇടം നേടിയ കവയിത്രികളെ അടയാളപ്പെടുത്തുകയും മാസികകളിലൂടെ രചനകൾ നിർവ്വഹിച്ച കവയിത്രികളെയും അവരുടെ കവിതകളെയും പഠനവിധേയമാക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ ദത്തങ്ങൾ കുറവായതിനാൽ സാഹിത്യചരിത്രങ്ങളെയും പഴയ കാല മാസികകളെയും ആശ്രയിച്ച് അന്ന് കവിതകൾ എഴുതിയിരുന്ന സ്ത്രീകളെ ചരിത്രപ്പെടുത്താനും സ്ത്രീകവിതകൾക്ക് സംഭവിച്ച വികാസപരിണാമങ്ങൾ അടയാളപ്പെടുത്താനുമാണ് ഈ ഭാഗത്ത് ശ്രമിക്കുന്നത്.

# 1 മലയാളഭാഷരൂപീകരണത്തിനു മുൻപും തൊട്ടുപിൻപുമുള്ള സ്ത്രീകവിതകൾ

മലയാളഭാഷാ രൂപീകരണത്തിന് മുൻപുള്ള കാലഘട്ടത്തിലെ സാഹിത്യം എന്ന നിലയിൽ സംഘസാഹിത്യ കൃതികളെയാണ് ഈ അധ്യായത്തിൽ പഠന വിധേയമാക്കുന്നത്.

സംഘസാഹിത്യം എന്ന് പൊതുവേ അറിയപ്പെടുന്ന സംഘം കൃതികൾ തമിഴരുടെ മാത്രമല്ല കേരളീയരുടെകൂടി സാഹിത്യ പാരമ്പര്യത്തിന്റെ സുപ്രധാനമായ ഒരു ഭാഗമാണ്. സംഘസാഹിത്യം നിലനിൽക്കുന്നത് തമിഴകം എന്ന പ്രദേശത്തായിരുന്നു. കേരളം ഈ സംഘകാലതമിഴകത്തിന്റെ ഭാഗവുമായിരുന്നു. സംഘം കൃതികളുടെ കാലത്ത് അതായത് ബി.സി മൂന്നാം ശതകം മുതൽ എ.ഡി നാലാം ശതകം വരെ ദക്ഷിണേന്ത്യ മുഴുവൻ പ്രചാരത്തിലിരുന്നത് പൂർവ്വ ദ്രാവിഡ ഭാഷയാണ്. അതിനാൽ പിന്നീട് ഉരുത്തിരിഞ്ഞ എല്ലാ ദക്ഷിണേന്ത്യൻ ഭാഷകൾക്കും ഒരുപേലെ അവകാശപ്പെട്ടതാണ് സംഘം കൃതികൾ. (1981:8)

## 1.1 സംഘംകൃതികളുടെ സാമാന്യവിവരണം

സംഘം കൃതികളുടെ സവിശേഷമായ പഠനമല്ല ഇവിടെ ലക്ഷ്യമാക്കുന്നത്. അതിനാൽ സാഹിത്യചരിത്രങ്ങളെയും ചരത്രഗ്രന്ഥങ്ങളെയും ആസ്പദമാക്കി സംഘകൃതികളുടെ സാമാന്യ വിവരണം മാത്രമാണ് ഈ ഖണ്ഡത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്. എൻ.വി. കൃഷ്ണവാരിയർ, കെ.എൻ. എഴുത്തച്ഛൻ,മലയത്ത് അപ്പുണ്ണി,മേലങ്ങത്ത് നാരായണൻകുട്ടി,കവിയൂർ മുരളി എന്നിവരുടെ വിവർത്തനങ്ങളെ ആശ്രയിച്ചാണ് ഈ പഠനം നടത്തിയിട്ടുള്ളത്.

എട്ടുതൊകൈ ,പത്തുപാട്ട്, പതിനെൺകീഴ്കണക്ക് എന്നിങ്ങനെ സംഘസാഹിത്യത്തിലുൾപ്പെട്ട കൃതികളെ മൂന്നു വിഭാഗമായി തരം തിരിച്ചിരിക്കുന്നു. എട്ട്തൊകൈ എന്നത് പ്രത്യേക ഗ്രന്ഥങ്ങളിലായി ശേഖരിച്ചിട്ടുള്ള 2421 ചെറിയ

പാട്ടുകളുടെയും പത്തുപാട്ട് ഒറ്റയായി നിൽക്കുന്ന പത്തു ദീർഘ കൃതികളുടെയും സമാഹാരമാണ്. പതിനെൺകീഴ്കണക്കെന്നാൽ പതിനെട്ട് നീതി ഗ്രന്ഥങ്ങളാണ്.

### 1.1.1 അകംകവിതകൾ

പ്രമേയത്തെ അടിസ്ഥാനമാക്കി സംഘകൃതികളെ അകം,പുറം എന്നീ രണ്ടു വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു. ഇവക്ക് പ്രത്യേകം സാഹിത്യ ലക്ഷണങ്ങളും രചനാ നിയമങ്ങളും വിവരിക്കുന്നുണ്ട്. അത്തരം സാങ്കേതിക ഗ്രന്ഥങ്ങളാണ് ' ഇറയ നാർ അകപ്പൊരുൾ','തൊൽക്കാപ്പിയം പുറപ്പൊരുൾ','വെൺപാമല' തുടങ്ങിയവ. അകം എന്നാൽ യുവതീയുവാക്കൾ തമ്മിലുള്ള പ്രണയ ബന്ധം, വിരഹാവസ്ഥ, കാത്തിരിപ്പ്, വിവാഹം, പരസ്ത്രീഗമനം, പുത്രവാത്സല്യം തുടങ്ങി ഗൃഹജീവിത സംബന്ധിയായ നിത്യാനുഭവങ്ങളാണ്. ഈ കാവ്യ പ്രമേയത്തിന് അനുകൂലമായ വ്യത്യസ്ത പ്രകൃതി പശ്ചാത്തലമാണ് 'ഐന്തിണ' അഥവാ പഞ്ചനിലവ്യവസ്ഥ. പ്രേമത്തിന് പശ്ചാത്തലമാകുന്ന ഭൂപ്രദേശത്തെ കുറിഞ്ചി, മുല്ല, മരുതം,നെയ്തൽ, പാല എന്നീ പേരുകളുള്ള അഞ്ചു തിണൈകൾ ആയി വിഭജിച്ചിരിക്കുന്നു. ഈ ഭൂപ്രദേശങ്ങളെയും അവയിലെ വ്യത്യസ്തങ്ങളായ സസ്യ-ജന്തു മനുഷ്യ ജീവിത ങ്ങളെയും സാഹിത്യത്തിൽ എങ്ങനെ അവതരിപ്പിക്കണമെന്നതു സംബന്ധിച്ച്കർശ നമായ വ്യവസ്ഥകൾ തൊൽക്കാപ്പിയത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മലയും മലയോടു ചേർന്ന സ്ഥലവുമാണ് കുറിഞ്ചിനിലം. നായികയും നായകനും പരസ്പരം കണ്ട് അനുരക്തരാകുന്നത് സാധാരണയായി കുറിഞ്ചി നിലത്തിൽ വച്ചാണ്. സംഭോഗശൃംഗാരം വർണ്ണിക്കുന്നതും കുറിഞ്ചിത്തിണയിലാണ്. കാടും കാടുചേർന്ന ഇടവുമാണ് മുല്ല നിലം. ഇവിടെ ഭർത്താക്കൻമാരെ പിരിഞ്ഞ നായിക മാർ അവരുടെ തിരിച്ചു വരവിനായി കാത്തിരിക്കുന്നു. വയലും വയലും ചേർന്ന ഇട വുമാണ് മരുത നിലം. അവിടെ സ്ത്രീകൾ വേശ്യകളിൽ ആസക്തരായ ഭർത്താ ക്കൻമാരോട് കലഹിക്കുന്നു. കടൽക്കരയാണ് നെയ്തൽ അവിടെയിരുന്നു വിരഹി ണിയായ നായികമാർ വിലപിക്കുന്നു. ഉണങ്ങി വരണ്ടു മണൽക്കാടായിത്തീർന്ന നില മാണ് പാലനിലം. (1999:12,13,14,15)

### 1.1.2 പുറംകവിതകൾ

പുറം കവിതകളെന്നാൽ രാജ്യഭരണം , നീതിധർമ്മ വ്യവസ്ഥകൾ , ചരിത്ര സംഭവങ്ങൾ , സാമൂഹ്യ പ്രശ്നങ്ങൾ, രാഷ്ട്രീയകാര്യങ്ങൾ, ഭക്തി, ദൈവ സ്തുതി എന്നിങ്ങനെ മിക്കവാറും കുടുംബേതരപ്രശ്നങ്ങൾ ഇതിവൃത്തമായിട്ടുള്ള കവിതക ളാണ്.

### 1.1.3 എട്ടുതൊകൈ

എട്ടുതൊകൈ എന്ന സമാഹാരത്തിൽ നറ്റിണൈ, കുറുന്തൊകൈ,ഐങ്കുറുനൂറ്, കലിത്തൊകൈ, അകനാനൂറ്, പുറനാനൂറ്,പതിറ്റുപ്പത്ത്, പരിപാടൽ എന്ന കൃതികളാണുള്ളത്. ഇവയിൽ ആദ്യത്തെ അഞ്ചെണ്ണം അകം കവിതകളും പുറനാനൂറും പതിറ്റുപ്പത്തും പുറം കവിതകളുമാണ്.

ഓരോ സമാഹാരത്തിന്റെയും ആരംഭത്തിൽഒരു കടവുൾ വാഴ്ത്തും (ദൈവസ്തുതി) ചിലസമാഹാരത്തിൽ സമാഹരിച്ച ആളെ സംബന്ധിച്ച വിവരങ്ങൾ നൽകുന്ന 'പായിരവും' (ആമുഖം) ചേർത്തിരിക്കുന്നു.

കുറുംന്തൊകൈ, നാറ്റിണൈ, അകനാനൂറ് എന്നിവയിൽ ഓരോന്നിലും സാമാന്യേന നാനൂറ് മുക്തകങ്ങൾ വീതം അടങ്ങിയിരിക്കുന്നു. നാലുമുതൽ എട്ടു വരെ വരികൾ ഉള്ള പാട്ടുകൾ കുറുംതൊകൈയിലും ഒമ്പതുമുതൽ പന്ത്രണ്ടു വരെ വരികൾ ഉള്ള പാട്ടുകൾ അകനാനൂറിലും ഉൾപ്പെടുത്തിയിരിക്കുന്നു. നറ്റിണൈ നാനൂറ് എന്നു കൂടി പേരുള്ള നറ്റിണൈ എന്ന കൃതിയിൽ ഒമ്പതു മുതൽ പന്ത്രണ്ടു വരികളുള്ള നാനൂറ് പാട്ടുകളും ഒരു കടവുൾ വാഴ്ത്തും ആണ് ഉള്ളടക്കം. അവയിൽ ഇരുന്നൂറ്റിമുപ്പത്തിനാലാം പാട്ടും മുന്നൂറ്റി എൺപത്തിയഞ്ചാം പാട്ടിന്റെ ഉത്തരാർദ്ധവും നഷ്ടപ്പെട്ടിരിക്കുന്നു. ഇതിൽ അമ്പത്തിയാറ് പാട്ടുകൾ എഴുതിയാതാരാണെന്നറിയില്ല മറ്റു പാട്ടുകൾ നൂറ്റിത്തൊണ്ണൂറ്റിരണ്ട് കവികളുടെ രചനകളാണ്. നറ്റിണൈയിലെ ചില കവിതകൾ ലഘുസന്ദേശകാവ്യങ്ങളാണ്. പക്ഷികളാണ് സന്ദേശവാഹകർ.

നെടുംതൊകൈ എന്നുകൂടി പേരുള്ള അകനാനൂറിൽ നൂറ്റി നാൽപ്പത്തിയഞ്ച് കവികളുടെ നാനൂറ് പാട്ടുകൾ സമാഹരിച്ചിരിക്കുന്നു. ഇവയിൽ ആദ്യത്തെ നൂറ്റി ഇരുപത് പാട്ടുകൾ ഉൾപ്പെട്ട ഒന്നാം വോള്യത്തെ കളിറ്റിയാനൈ നിരൈ' എന്നും നൂറ്റിഇരുപത്തിയൊന്നു മുതൽ മുന്നൂറ് വരെ നൂറ്റിയെൺപത് പാട്ടുകൾ ഉൾപ്പെട്ട രണ്ടാം വോള്യത്തെ' മണിമിടൈ പവളം' എന്നും മുന്നൂറ്റിയൊന്നു മുതൽ നാനൂറ് വരെ എഴുനൂറ് പാട്ടുകൾ ഉൾപ്പെട്ട മൂന്നാം വോള്യത്തെ നിത്തില കോവൈ എന്നും വിളിക്കുന്നു.' കൊമ്പനാനകളുടെ നിര, ഇന്ദ്ര നീലക്കല്ലുകൾക്കിടയിലെ പവിഴം, മുത്തുമാല എന്നാണ് ഇവയുടെ അർത്ഥം.

അഞ്ചു തിണകളിലുംപെട്ട പാട്ടുകൾ ഒരു ക്രമവുമില്ലാതെയാണ് കുറുന്തൊകൈയിലും നറ്റിണൈയിലും ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ അക നാനൂറിൽ തിണകളിൽ ഒരു സവിശേഷക്രമം പാലിച്ചിരിക്കുന്നു. ഒന്ന്,മൂന്ന്, അഞ്ച് ഏഴ്, ഒമ്പത് എന്നിങ്ങനെ ഒറ്റസംഖ്യ വരുന്ന പാട്ടുകൾ പാലത്തിണയിലും രണ്ട്, എട്ട് പന്ത്രണ്ട്,

പതിനെട്ട് എന്നിങ്ങനെ രണ്ട്, എട്ട് എന്നീ അക്കങ്ങളുള്ള സംഖ്യകളാൽ അടയാളപ്പെ ടിത്തിയിട്ടുള്ള  പാട്ടുകൾ കുറിഞ്ചിത്തിണൈയിലും നാല്, പതിനാല്, ഇരുപത്തിനാല് എന്നിങ്ങനെ നാല് അക്കങ്ങൾ ചേർന്ന സംഖ്യകൾ കുറിക്കുന്ന പാട്ടുകൾ മരുതത്തി ണൈയിലും പത്ത്, ഇരുപത്, മുപ്പത് എന്നിങ്ങനെ പൂജ്യത്തിൽ അവസാനിക്കുന്ന സംഖ്യകൾ കുറിക്കുന്ന പാട്ടുകൾ  നെയ്തൽതിണൈയലും ചേർത്തിരിക്കുന്നു. മൂന്നു മുതൽ ആറു വരികളുള്ള  അഞ്ഞൂറ് പാട്ടുകളും ഒരു കടവുൾ വാഴ്ത്തും അട ങ്ങിയതാണ് 'ഐങ്കു റുനൂറ്'.  ഇതിൽ അഞ്ചു തിണകളിൽ നൂറു പാട്ടുകൾ എന്ന ക്രമത്തിൽ ചേർത്തിരിക്കുന്നു. മരുതത്തിണൈയിലെ നൂറുപാട്ടുകൾ  പേയനാറും രചി ച്ചിരിക്കുന്നു.

കലിപ്പ എന്ന വൃത്തത്തിൽ രചിച്ച നൂറ്റമ്പത് പാട്ടുകൾ ആണ് കലിത്തൊകൈയിലുള്ളത്.  ഇതിൽ അഞ്ചു തിണകളിൽ ഓരോന്നും ഓരോ കവി രചിച്ചതാണ്. മുപ്പത്തഞ്ചു പാട്ടുകളടങ്ങിയ പാലക്കലിയുടെ കർത്താവ് പെരും കടും കോ  എന്ന ചേര രാജാവാണ് 'പാലൈ പാടിയ പെരുംകടും കോ' എന്നാണ് ഈ രാജാവ് അറിയപ്പെടുന്നത് കുറിഞ്ചിക്കലിയിലെ ഇരുപത്തിയൊമ്പത് പാട്ട് കപിലരുടേ താണ്. മുപ്പത്തിയഞ്ച് പാട്ടുള്ള  മരുതക്കലി മരുതൻ ഇളനാനാരുടെയും പതിനേഴ് പാട്ടുകളുള്ള മുല്ലക്കലി ചോഴൻ  നല്ലുരുത്തിനാരുടെയും  മുപ്പത്തി മൂന്ന് പാട്ടുകളട ങ്ങിയ നെയ്തൽ കലി  കടവുൾ നല്ലന്തുവനാരുടെയും രചനകളാണ്. കലി ത്തൊകൈ സമാഹരിച്ചത് ആരെന്നോ ആരുടെ നിർദ്ദേശപ്രകാരമെന്നോ അറിവില്ല.

ഈ തൊകൈകളെല്ലാം അകം കവിതകളാണ്. 'പരിപാടൽ'  എന്ന സമാഹാ രത്തിൽ പ്രാധാന്യം ദേവസ്തുതിക്കാണെങ്കിലും അകപ്പൊരുളിന്റെ ഘടകങ്ങളും അട ങ്ങിയിരിക്കുന്നു. വൃത്തത്തെ ആസ്പദമാക്കിയാണ് പരിപാടൽ എന്ന പേര്. നിർദ്ദിഷ്ട മായ രാഗവും താളവും ഇതിനുണ്ട്. ഇരുപത്തിയഞ്ചു മുതൽ  നാൽപത് വരെ അടി കൾ ആവാം. ഇരുപത്തിരണ്ട് പരിപാടലുകൾ മാത്രമേ ലഭ്യമായ സമാഹാരത്തിലുള ളു. നല്ലന്തുവനാർ ഇളം പെരു വഴുതിയാർ, കടുവൻ ഇളവെയിനനാർ, പിളൈള പൂതനാർ, കീരന്തൈയാർ, കുന്റം പൂതനാർ, കേശവനാർ, നപ്പണ്ണനാർ, നല്ലച്ചൂത നാർ ,നല്ലഴുചിയാർ, നൽവെഴുതിയാർ മൈയോടക്കോവനാർ എന്നീ കവികളാണ് ഈ പരിപാടലുകളുടെ കർത്താവ്.

പതിറ്റുപ്പത്ത്, പുറനാനൂറ് എന്നീ രണ്ടു സമാഹാരങ്ങളിൽപുറപ്പൊരുൾ ആണ് പ്രമേയം.  പതിറ്റുപ്പത്തിൽ ചേര രാജാക്കൻമാരെ പത്തു കവികൾ വാഴ്ത്തുന്നു. ഒരോ പത്തിനും ഓരോ ആമുഖവുമുണ്ട്.  ഈ സമാഹാരത്തിലെ  കടവുൾ വാഴ്ത്തും ഒന്നാമത്തെയും പത്താമത്തെയും  പത്തും നഷ്ടപ്പെട്ടിരിക്കുന്നു. ഇമയവരമ്പൻ

നെടുംചേരൽ ആതൻ, ഇമയവരമ്പന്റെ അനുജൻ പാൽയാനൈ ചെൽകെഴുകുട്ടവൻ, ഇമയവരമ്പന്റെ മകൻ മാൻകളങ്കായ് കണിനാർ മുടിച്ചേഇന്റ, കടൽ പിറകോട്ടിയ ചെങ്കുട്ടവൻ, കുടക്കോനെടുംചേരൽ,ആട്ടുകോട് പാട്ടുചേരൽ, ആതൻ ചെൽവുക്കടും കോവഴിയാതൻ, തകടൂർ എറിന്ത പെരും ചേരൽ ഇരിമ്പൊറൈ, ഇളം ചേരൽഇരി മ്പൊറൈ എന്നിവരാണ് പതിറ്റുപ്പത്തിൽ സ്തുതിക്കുന്ന ചേരരാജാക്കന്മാർ. കുമട്ടൂർ കണ്ണനാർ, പാലൈ ഗൗതമനാർ, കാപ്പിയൈറ്റു കാപ്പിയനാർ, പരണർ,കാക്കൈ പിടി നിയാർ,കപിലർ,അരിചിൽ കിഴാർ പെരുകുന്റൂർ കിഴാർ എന്നിവരാണ് കവികൾ. പുറംനാനൂറിൽ കടവുൾ വാഴ്ത്തടക്കം നാനൂറ് പാട്ടുകളുണ്ട്. നൂറ്റിയമ്പത്തൊമ്പത് കവികൾ രചിച്ച ഈ നാനൂറ് പാട്ടുകളിൽ നൂറ്റി മുപ്പത് രാജാക്കൻമാരെയും നാടുവാഴികളെയും ദാനശീലരേയും വാഴ്ത്തുന്നു. ഓരോ പാട്ടിനൊപ്പവും അതിന്റെ തിണ, തുറ (സന്ദർഭം) എന്നിവ ചേർത്തിട്ടുണ്ട്.

### 1.1.4 പത്തുപാട്ട്

താരതമ്യേന ദീർഘങ്ങളായ പത്തു പാട്ടുകളാണ് പത്തുപാട്ട് എന്ന സമാഹാരത്തി ലുള്ളത്.

1. തിരുമുരുകാറ്റുപടൈ
2. പെരുനർ ആറ്റുപ്പടൈ
3. ചിരുപാണാറ്റുപ്പടൈ
4. പെരുമ്പാണാറ്റുപ്പടൈ
5. മുല്ലൈപ്പാട്ട്
6. മതുരൈകാഞ്ചി
7. നെടുനിൽവാടൈ
8. കുറിഞ്ചിപ്പാട്ട്
9. പട്ടിനിപ്പാലൈ
10. മലൈപാട്ടുകടാം

എന്നിവയാണ് പത്തു പാട്ടുകൾ. 'തിരുമുരുകാറ്റുപ്പടൈ' മോക്ഷം ആഗ്രഹിക്കുന്ന ഒരു ഭക്തനെ മുക്തി നേടിക്കഴിഞ്ഞ മറ്റൊരു ഭക്തൻ മുരുകന്റെ ക്ഷേത്രങ്ങളിലേക്ക് പറഞ്ഞയക്കുന്നതാണ് പ്രതിപാദ്യം. നക്കീരനാണ് രചയിതാവ്. മുന്നൂറ്റിപ്പതിനേഴ് വരികളുണ്ട്. 'ആചിരിയപ്പ്' യാണ് വൃത്തം.

കരികാൽ പെരിവളത്താൻ എന്ന ചോഴ രാജാവിനെ പ്രകീർത്തിച്ച് മുടത്താമക്കണ്ണി യാർ എന്ന കവയിത്രി പാടിയതാണ് പെരുനർആറ്റുപ്പടൈ. മുന്നൂറ്റി നാല്പ്പത്തിയെട്ട്

വരികളാണ് ഉള്ളത്. ആചാരിപ്പയോടൊപ്പം വഞ്ചിപ്പ എന്ന വൃത്തവും ഇടകലർന്നു കാണാം.

തമിഴ്നാട്ടിൽ ഇപ്പോഴത്തെ തിണ്ടിവനം ഉൾപ്പെട്ട പ്രദേശം പണ്ട് 'ഓയ്മൻനാട്' എന്ന് അറിയപ്പെട്ടിരുന്നു. ഓയ്മൻ നാട്ടിലെ ' നല്ലിയക്കോടൻ' എന്ന നാടുവാഴിയെ വാഴ്ത്തി നത്തത്തനാർ രചിച്ചതാണ് ആചിരിയപ്പ വൃത്തത്തിൽ ഇരുനൂറ്റി അറുപത്തി യൊമ്പത് വരികളുള്ള ചിറുപാണാറ്റുപ്പടൈ.

കടിയല്ലൂർ ഉരുത്തിരിയൻ കണ്ണനാർ രചിച്ച പെരുമ്പാണറ്റുപ്പടൈയുടെ നായ കൻ കാഞ്ചീപുരം വാഴുന്നതൊണ്ടൈമാൻ ഇളന്തിരയൻ ആണ് അഞ്ഞൂറ് വരികളാ ണ് ഈ കൃതിയിലുള്ളത്. ആ ചിരിയപ്പ വൃത്തത്തിൽ നൂറ്റിമൂന്ന് വരികൾ മാത്രമേ മുല്ലൈ പാട്ടിലുള്ളു. ഈ പാട്ട് രചിച്ചത് പൊൻവാണികനാരുടെ മകനായ നപ്പൂതനാർ ആണ്.

എഴുനൂറ്റിയെൺപ്പത്തിരണ്ടുവരികളുള്ള മധുരൈകാഞ്ചിയാണ് പത്തുപാട്ടിലെ ഏറ്റവും ദീർഘമായ കാവ്യം 'വഞ്ചിപ്പ്' ഇടകലർന്ന ആചിരിയപ്പ വൃത്തത്തിൽ ആണ് എഴുതിയിട്ടുള്ളത്. മാങ്കുടി മരുതനാർ ആണ് കവി.

കപിലർ രചിച്ചതാണ് കുറിഞ്ചിപ്പാട്ട് ഇരുനൂറ്റി അറുപത്തിയൊന്ന് അടികളുണ്ട് ആ ചിരിയപ്പയാണ് വൃത്തം. വഞ്ചിപ്പാട്ടു വൃത്തവും ആ ചിരിയപ്പ വൃത്തവും ഇടക ലർത്തി രചിച്ച മുന്നൂറ്റിയൊന്നു വരികളാണ് പട്ടിനിപ്പാലൈ. ഇതും കണ്ണനാരുടെ കൃ തിയാണ്.

തിരുവണ്ണാമലക്കു പടിഞ്ഞാറുള്ള ചെങ്കൺമാ എന്ന ഊരു വാണിരുന്ന നന്നൻ മകൻ നന്നനെ വാഴ്ത്തി ഇരണിയമുടത്ത് പെരും കുന്റൂർ പെരും കൗചികനാർ പാടി യതാണ് 'മലൈ പാടുകടാം'. മലയിൽ ഉണ്ടാകുന്ന ശബ്ദങ്ങൾ എന്നാണ് ആ പേരിന്റെ അർത്ഥം.

സംഘകാല സാഹിത്യകാരൻമാർ നാനാജാതി മതസ്ഥരും പലതരം വീക്ഷണ ങ്ങൾ ഉള്ളവരായിരുന്നു. വേടർ,കുറവർ,പാണർ,പറയർ,പുലയർ തൊട്ട് ബ്രാഹ്മണൻ ഉൾപ്പെടെയുള്ള സകല സമുദായക്കാരിലും പെട്ട സ്ത്രീ-പരുഷർ അവരിൽ ഉണ്ടായി രുന്നു.

പഞ്ചനിലങ്ങളിലെയും വ്യത്യസ്തമായ ജനജീവിതം ഈ കവികളുടെ കാഴ്ച പ്പാടുകളെ വ്യത്യസ്തമാക്കി. ഈ കവികൾക്ക് വേറെ ഉപജീവനമാർഗ്ഗമില്ലായിരു ന്നു. രാജാക്കൻമാരെയും പ്രഭുക്കന്മാരെയും പ്രശംസിച്ചു പാടുന്നതിനോടൊപ്പം

സംഘംകവികൾ ഭൂരിഭാഗം പേരും ലൗകിക ജീവത്തിലെ സുഖ ദുഖങ്ങളെ ക്കുറിച്ചും സാമാന്യ ജനതക്കു പ്രയോജനപ്പെടുന്ന വിധത്തിൽ പാടിയിരുന്നു. സന്ദർഭ ത്തിനനുസരിച്ച് രാജാക്കന്മാരുടെ കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാട്ടുവാനും രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടാനും ഇവർ ധൈര്യം കാണിച്ചിരുന്നു. സംഘ കൃതി കൾ ദ്രാവിഡ പാരമ്പര്യത്തിന്റെ തനിമകൾ കാത്തു സൂക്ഷിക്കുന്നവയാണ്. ആര്യൻമാരുടെ വരവും സംസ്കൃതഭാഷയുടെ ആധിപത്യവും ഉണ്ടാക്കിത്തീർത്ത ശൈലികൾക്കും രൂപങ്ങൾക്കും വ്യത്യസ്തമായി ഇവിടെ നിലനിന്നിരുന്ന കാവ്യ സമ്പ്രദായത്തിന്റെ ഈടുവെപ്പുകളാണ് സംഘം കൃതികൾ. (1981:12)

## 1.2 സംഘംകൃതികളിലെ സ്ത്രീസാന്നിധ്യം

സംഘം കൃതികളിലൂടെ നമുക്കറിയാൻ കഴിഞ്ഞ കവിയത്രികൾ ധാരാളമുണ്ട് സ്ഥിരം കവി.തയെഴുതുന്നവരും അല്ലാത്തവരുമുണ്ട് ഒറ്റപ്പാട്ടു മാത്രം രചിച്ച കവയി ത്രികളുമുണ്ട്.

സംഘകാല സാഹിത്യത്തിൽ സ്ത്രീ രചനകൾ ഉൾക്കൊള്ളുന്ന കൃതി കൾമാത്രം എടുത്ത് പരിശോധിച്ച് അവയിലെ സ്ത്രീ സാന്നിദ്ധ്യം പഠനവിധേയമാ ക്കുകയാണ് തുടർന്നുള്ള ബന്ധങ്ങളിൽ ചെയ്യുന്നത്.

### 1.2.1 എട്ടുതൊകൈ

എട്ടുതൊകൈയിൽ കാണുന്ന സ്ത്രീസാന്നിധ്യമാണ് ഈ ഖണ്ഡത്തിൽ പരി ശോധിക്കുന്നത്.

#### 1.2.1.1. അകം കവിതകൾ

എട്ടുതൊകൈയിലെ അകം കവിതകളിൽ കാണുന്ന സ്ത്രീ രചനകളാണ് ഈ ഖണ്ഡത്തിൽ പഠനവിധേയമാക്കുന്നത്.

##### 1.2.1.1.1 നറ്റിണൈ

നറ്റിണൈ എന്ന കൃതിയെക്കുറിച്ച് സംഘം കൃതികളുടെ സാമാന്യ വിവരണം എന്ന പേരിലുള്ള ഒന്നാം ഖണ്ഡത്തിൽ ചേർത്തിരിക്കുന്നു ഈ സമാഹാരത്തിൽ രചനകൾ ഉൾപ്പെടുത്തിയിട്ടുള്ള കവിയത്രികളെ ചുവടെ ചേർക്കുന്നു.

### 1.2.1.1.1.1 അഞ്ചിൽ അഞ്ചിയാർ

അഞ്ചിൽ എന്നത് സ്ഥലനാമമാണ്. തകടൂർ നാടുവാഴിയായിരുന്ന അതിയാൻ നെടുമാൻ അഞ്ചിയുമായി അഞ്ചിയാർക്ക് ബന്ധമുണ്ടായിരുന്നോ എന്നത് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. നറ്റിണൈ എന്ന സമാഹാരത്തിലെ തൊണ്ണൂറാമതായി ചേർത്ത പാട്ട് ഇവരുടേതാണ്. 'ഊഞ്ഞലുത്സവം' എന്നാണ് പാട്ടിന് പേരിട്ടിരിക്കുന്നത്. മധ്യകേരളത്തിലെ തിരുവാതിരയാഘോഷത്തോട് ഏറെക്കുറെ തുല്യമായ ഒരു ഊഞ്ഞാലുത്സവം തമിഴകത്തുണ്ടായിരുന്നു. ആ ഉത്സവത്തിൽ ഊഞ്ഞാലാടുന്ന നായിക, നായകൻ വരാത്തതിനാൽ ഉത്സവം ഉപേക്ഷിച്ചു പോകുന്നതായാണ് പാട്ടിൽ പറയുന്നത്. അങ്ങനെ ഉത്സവം മുടങ്ങിയെന്നും ഗ്രാമഭരണം തന്നെ മോശമായിപ്പോയി എന്നും നായിക തോഴിയോട് പറയുന്നു.

നാടിന്റെ സാംസ്കാരികചരിത്രം കൂടി ഈ പാട്ടിൽ നിന്ന് വായിച്ചെടുക്കാൻ കഴിയുന്നുണ്ട്.

### 1.2.1.1.2. കുറുന്തൊകൈ

സംഘകാല കവയിത്രികളുടെ രചനകൾ കൂടുതലായും സമാഹരിച്ച കൃതിയാണ് കുറുന്തൊകൈ. ഈ കൃതിയിൽ പതിനഞ്ചോളം കവയിത്രികളുടെ രചനകൾ സമാഹരിച്ചിട്ടുണ്ട്.

### 1.2.1.1.2.1. കാക്കൈപാടിനിയാർ നച്ചെള്ളെയാർ

ഇരിങ്ങാലക്കുടക്കടുത്തുള്ള ഒരു കേരളീയ കയലോരഗ്രാമമായ കാക്കത്തുരുത്തിയിൽ ജനിച്ചത് കൊണ്ടാണ് കാക്കൈപാടിനിയാർ എന്ന പേര് ലഭിച്ചതെന്ന് കരുതുന്നു. ഇവരുടെ പ്രധാന കൃതി കേരള രാജാവായ ആട്ടുകൊട്ടുപാട്ട് ചേരലാതനെ പ്രശംസിച്ചു പാടിയ പതിറ്റുപ്പത്തിലെ ആറാം പത്തായ കാവ്യമാണ്. ഇതു കൂടാതെ ചില ഒറ്റക്കവിതകളും ഇവർ രചിച്ചിട്ടുണ്ട്. കുറുന്തൊകൈയിൽ ഇരുനൂറ്റി യെട്ടാമതായി ചേർത്ത പാട്ടാണ് ഇവരുടേത്. കാക്കയ്ക്കു പെരുംചോറ് എന്നാണ് പാട്ടിന്റെ പേര്.

*എൻതൊഴിതൻ തോളുകൾ*
*താഴുന്ന ദു:ഖം കുറച്ചു കൊണ്ടീടുവാൻ*
*എത്തും വിരുത്തിനെച്ചൊല്ലുന്ന കാക്കകൾ*
*ക്കത്രയും ഞാനിട്ട നല്ബലിയോർക്കുകിൽ*

*(എൻ.വി.കൃഷ്ണവാരിയർ വിവ. 1981:86,87)*

നായകന്റെ വരവിനെ സൂചിപ്പിച്ചുകൊണ്ട് കരയുന്ന കാക്കയ്ക്കു സന്തോഷത്താൽ കൊടുത്ത ചോറ് അത്രയും അധികമാണെന്നാണ് തോഴി പറയുന്നത്. കാക്കയ്ക്ക് ബലിയിടുന്ന പതിവിന്റെ പഴക്കവും കാക്ക കരഞ്ഞാൽ വിരുന്നുകാർ വരുമെന്ന് വിശ്വാസത്തിന്റെ പഴക്കവും ഈ പാട്ടിൽ പ്രതിഫലിക്കുന്നു. കാക്കയുടെ കരച്ചിലിനെപ്പറ്റിയുള്ള ഈ പ്രസ്താവനയാണ് കവയിത്രിക്ക് കാക്കൈപ്പാടിനിയാർ എന്ന ബഹുമതിപ്പേര് ഉണ്ടാവാൻ കാരണമായതെന്നും കരുതപ്പെടുന്നു.

**1.2.1.1.2.2 അള്ളൂർ നന്മുല്ലൈയാർ**

വളരെ നല്ല കല്പനാ ശേഷിയുള്ള കവയിത്രിയാണ് അള്ളൂർ നന്മുല്ലൈയാർ. അവരുടെ എട്ടുപാട്ടുകൾ കുറുന്തൊകയിലുണ്ട്. മുപ്പത്തി രണ്ട്, അറുപത്തിയേഴ്,അറുപത്തിയെട്ട്,തൊണ്ണൂറ്റിയാറ്,നൂറ്റിമുപ്പത്തിയെട്ട്,നൂറ്റിയമ്പത്തിയഞ്ച്, ഇരുനൂറ്, ഇരുനൂറ്റിമുപ്പത്തിയഞ്ച്. എന്നിങ്ങനെയാണ് ആ പാട്ടുകൾ കുറുന്തൊകയിൽ സമാഹരിച്ചിരിക്കുന്നത്.

നായികയോടുള്ള പ്രേമാർത്ഥന പരാജയപ്പെട്ടപ്പോൾ നായകൻ തോഴിയോടു പറയുന്നതായിട്ടാണ് 'മടലേറ്റം' എന്ന മുപ്പത്തിരണ്ടാം പാട്ട്. മടലേറ്റം എന്ന സംഘകാലാചാരത്തെക്കൂടി ഇവിടെ സൂചിപ്പിക്കുന്നു. അറുപത്തിയേഴാം പാട്ടായ പൊൻകാശുംസുമലയും അറുപത്തിയെട്ടാം പാട്ടായ ഒറ്റമരുന്നും വിരഹിണിയായ നായികയുടെ ദു:ഖം വർണ്ണിക്കുന്ന ഹ്രസ്വമായ പാട്ടുകളാണ്.

'അരുവിയുംവേങ്ങയും' എന്ന പേരിലുള്ള തൊണ്ണൂറ്റിയാറാം പാട്ട് പ്രതിജ്ഞയനുസരിച്ച് നായകൻ വരാത്തതിനാൽ തോഴി അയാളുടെ സ്വഭാവത്തെ പഴിക്കുന്നതും അതിനുള്ള മറുപടി നായിക നൽകുന്നതുമാണ്.

*നന്നുതൽ തോഴിയരുവി നീരിൽ വേങ്ങ*
*യെങ്ങും വളർന്നുള്ള വന്മല ചേർന്നവൻ*
*ആയവനോടെന്തു ഞാൻ ചെയ്യുമെന്നു നീ*
*ചോദിപ്പൂ, നന്മരസത്തിനായ നിശ്ചയം*
*അത്രയും ഞാനറിഞ്ഞില്ലെങ്കിലെൻ തോഴി-*
*യിത്രയും നീ പാടു പെട്ടതെന്തിനെയേ !*

(കെ.എൻ എഴുത്തച്ഛൻ: വിവ: 1999:75)

നൂറ്റിമുപ്പത്തിയെട്ടാം ഗാനമായ അനുകമ്പക്കാരിയിലും തോഴിയും നായികയും തമ്മിൽ നായകനെക്കുറിച്ചു പറയുന്നത് തന്നെയാണ് ചിത്രീകരിച്ചിരിക്കുന്നത്.

നൂറ്റിയമ്പത്തിയഞ്ചാം പാട്ടായ വിഭാതത്തിന്റ വാൾ എന്ന പാട്ടിൽ വിരഹാനന്തരം മടങ്ങിവരുന്ന കാമുകനോടൊപ്പം കിടന്നുറങ്ങിയ നായിക കോഴികൂവുന്നത് കേട്ടപ്പോൾ ഉൽക്കണ്ഠപ്പെടുന്നതാണ് വിഷയം. പൂവ്വും മുള്ളും എന്ന ഇരുനൂറാം പാട്ട് മറ്റൊരു സ്ത്രീയെ പ്രാപിച്ചു മടങ്ങിയെത്തിയ നായകന്റെ പ്രേരണയനുസരിച്ച് തോഴിയനുരഞ്ജനത്തിനു ശ്രമിക്കുമ്പോൾ നായിക അവളോട് പ്രതിഷേധ രൂപത്തിൽ പറയുന്നതായിട്ടാണ് സങ്കൽപ്പം. ഇരുനൂറ്റി മുപ്പത്തിയഞ്ചാം പാട്ട് (ദൂരമധികം) ധനം നേടി മടങ്ങുന്ന നായകൻ സാരഥിയോട് പറയുന്നതാണ്. ഇങ്ങനെ കുറുന്തൊകൈയിലെ എട്ടു പാട്ടുകളിലും പ്രണയവും വിരഹവുമെല്ലാം ചിത്രീകരിച്ചിരിക്കുന്നു.

**1.2.1.1.2.3 ആതി മന്തിയാർ**

തമിഴകത്തെ ആദി ചോഴ തലസ്ഥാനമായിരുന്ന ഉറൈയൂരിൽ തമിഴ് സംഘം സ്ഥാപിച്ചയാളെന്ന്കരുതിപ്പോരുന്ന കരികാലച്ചോളൻ എന്ന പ്രതാപശാലിയായ രാജാവിന്റെ പുത്രിയായിരുന്നു ആതിമന്തി. ഇവർക്ക് 'പീലിവളൈ' എന്നതൂലികാനാമവുമുണ്ടായിരുന്നു. ഇവർ എ.ഡി. 6-ാം ശതകത്തിന്റെ മധ്യത്തിലാണ് ജീവിച്ചിരുന്നത്. ഇവർക്ക് സംഗീത സാഹിത്യാദി കലകളിൽ നല്ല പ്രാവിണ്യം ഉണ്ടായിരുന്നു. കരവൂരേറിയ ഒൾവാട് കോപ്പെരുംഞ്ചേരൽ എന്നും ആട്ടൻ അത്തി എന്നും അറിയപ്പെടുന്ന ചേരരാജാവാണ് ഇവരെ വിവാഹം കഴിച്ചത്. പ്രസിദ്ധമായ ഈ രാജകുമാരിയുടെ ദാമ്പത്യ ജീവിതത്തിലെ യാതനകളെ പരാമർശിക്കുന്ന പലപാട്ടുകളും സംഘം കൃതികളിൽ കാണുന്നുണ്ട്.പക്ഷേ ഇവർ രചിച്ചതായി ഒരെണ്ണം മാത്രമേ കണ്ടു കിട്ടിയിട്ടുള്ളു അത് കുറുന്തൊകൈ എന്ന കാവ്യസമാഹാരത്തിലെ മുപ്പത്തിയൊന്നാം പാട്ടാണ് ഇയൽ (കവിത) ഇശൈ (ഗാനം) നാടകം എന്ന മൂന്നു വിധ സംഘ സാഹിത്യത്തിലും അസാമാന്യ പാണ്ഡിത്യം ഇവർക്കുണ്ടായിരുന്നു. ഒരിക്കൽ സമുദ്ര സ്നാനത്തിനു പോയ ഭർത്താവ് മടങ്ങി വന്ന് കാണാത്തതിനാൽ ഉത്കണ്ഠയോടെ അദ്ദേഹം മരിച്ചുപോയെന്ന വാർത്ത വിശ്വസിക്കാതെ അദ്ദേഹത്തെ അന്വേഷിച്ച് നടന്ന അവസരത്തിൽ രചിച്ചതാണ് ഈ ഗാനം.

*യോദ്ധാക്കൾ യുദ്ധപ്രകടനം നടത്തി*

*മുത്സവാഘോഷങ്ങളിൽ*

*നർത്തകിമാർ തുണങ്കക്കൂത്തു*

*നടത്തുമിടങ്ങളിൽ*

*ചെന്നു മറ്റു പലയിടത്തും*

*എന്നാൽ കണ്ടില്ലെൻ പ്രിയനെ*

*നൃത്ത വേദിക്കു ചേർന്നവളായി ഞാൻ*

*ഇപ്പോഴെവിടെയാണവൻ*

(മലയത്ത് അപ്പുണ്ണി: വിവ:2000:72)

തോഴി ഞാൻ അദ്ദേഹത്തെ നൃത്തവേദികളിലെല്ലാം അന്വേഷിച്ചന്വേഷിച്ച് സ്വയം നൃത്തവേദിക്കുപറ്റിയ ഒരാളായിത്തീർന്നിരിക്കുന്നു. എന്നെ വിരഹത്തിലാഴ്ത്തിയ അദ്ദേഹം രണ്ടു തരം നൃത്തവേദികളിലും അതായത് യുദ്ധവീരൻമാരുടെയും, തരുണീമണികളുടെയും നൃത്തവേദികളിലും പ്രത്യക്ഷപ്പെടാൻ യോഗ്യനായ അദ്ദേഹം ഇപ്പോഴെവിടെയാണ് എന്നതാണ് കാവ്യത്തിൽ ചോദിക്കുന്നത്. ഒരു നായികയുടെ കാമുകനുമായിട്ടുള്ള രഹസ്യസമാഗമം അറിയാതെ ബന്ധുക്കൾ അവൾക്ക് വിവാഹാലോചനയുമായി വന്നപ്പോൾ തന്റെ തോഴിയോട് ആ നായിക പറയുന്നതായിട്ടാണ് ഇതിന്റെ സന്ദർഭം സങ്കൽപ്പിച്ചിരിക്കുന്നത്.

**1.2.1.1.2.4 ഊൺ പിത്തൈയാർ**

കുറുന്തൊകൈയിലെ ഇരുനൂറ്റിമുപ്പതാം പാട്ടായ സാന്ത്വനം ആണ് ഈ കവയിത്രിയുടേതായി കണ്ടെത്തിയിട്ടുള്ളത്. ഭക്ഷണ ഭ്രാന്തുകൊണ്ട് (പിത്ത് -പിച്ച്- ഭ്രാന്ത്) മറ്റുള്ളവർ ഈ കവയിത്രിക്ക് നൽകിയ പേരാണ് ഊൺ പിത്തൈയാർ. ഇവരുടെ യഥാർത്ഥ നാമം അറിയില്ല.അകം കവിതകളിലെ ധാരാളം കവിതകൾ വിരഹ ദു:ഖിതയായ നായികയുമായി ബന്ധപ്പെട്ടതാണ്. ഈ പാട്ടും അത്തരത്തിലുള്ള ഒന്നാണ് നായികയെ തോഴി ആശ്വസിപ്പിക്കുന്നതാണ് ഇതിലെ വിഷയം. മാൻ യഥേഷ്ടം ഇലയും മറ്റും തിന്നു കൃതാർത്ഥതയോടെ ഉറങ്ങുന്നത് കാണുന്ന നായകൻ തന്റെ നായികയെ സ്മരിക്കുമെന്ന് തോഴി പറയുന്നു. വർണ്യ വസ്തുക്കളെ മുമ്പിൽ കാണും വിധം അവതരിപ്പിക്കുന്നതിനാണ് സംഘകവികൾ പലപ്പോഴും വിശേഷണങ്ങൾ നൽകാറുള്ളത്. പ്രത്യേകിച്ച് വ്യംഗ്യാർത്ഥമൊന്നും ഇതിലുണ്ടാവാറില്ല.

**1.2.1.1.2.5 കച്ചിപ്പേട്ടു നന്നാകൈയ്യാർ**

കച്ചിപ്പേട്ടുകാരിയാണ് ഈ കവയിത്രി കാഞ്ചീപുരത്തിനടുത്തുള്ള ഒരു സ്ഥലമായിരുന്നു കച്ചിപ്പേട്ട് ഇവരുടെ പാട്ടുകൾ കുറുന്തൊകൈയിലാണ് സമാഹരിച്ചിരിക്കുന്നത്. കുറുന്തൊകൈയിലെ മുപ്പത്, നൂറ്റിയെഴുപത്, നൂറ്റിത്തൊണ്ണൂറ്,നൂറ്റിത്തൊണ്ണൂറ്റിയഞ്ച്, ഇരുനൂറ്റിയെൺപത്തിയഞ്ച് എന്നീ പാട്ടുകൾ നന്നാകൈയാറുടേതാണ്. മറ്റു കവികളുടെ പാട്ടുകളെപ്പോലെ തന്നെ വിരഹമാണ് ഇവിടെയും പ്രതിപാദ്യം.

'സ്വപ്നത്തിൽ' എന്ന് പേരിട്ടിരിക്കുന്ന മുപ്പതാം പാട്ടിൽ വിവാഹനിശ്ചയം കഴിഞ്ഞു നായകൻ നായികയെ അല്പ ദിവസം പിരിഞ്ഞിരിക്കുന്നു. അതിൽ ആധിപ്പെടേണ്ടെന്നു പറയുന്ന തോഴിയോട് നായിക പറയുന്നതായിട്ടാണ് വിവരിക്കുന്നത്.

*വണ്ടുകൾ മെതിച്ചുള്ള കൂവളപ്പൂവിൻ മട്ടിൽ*

*സന്തത വ്യഥമൂലം താതയായിരിപ്പൂഞാൻ*

*ജാഗ്രത്തിൽ സുധീരയായ് വർത്തിക്കാം കിനാവിങ്കൽ*

*തച്ചിന്തയൊഴിക്കാമോ? ദയനിയ ഞാൻ തോഴി?*

(കെ.എൻ എഴുത്തച്ഛൻ: വിവ.1999:37)

സ്വപ്നത്തിൽ നായകനെ കാണുന്ന നായിക ദു:ഖിക്കുന്നു. വണ്ടുകളുടെ ബന്ധം പൂവിന് ആഹ്ലാദകരമാണ്. സ്വപ്നവും മധുരമാണ് പക്ഷേ അതിവിടെ നായികയെ ദു:ഖിപ്പിക്കുന്നു.

നൂറ്റിയെഴുപതാം പാട്ടും ഇതേ സന്ദർഭം തന്നെയാണ് വിരഹിണിയായ നായിക തോഴിയോട് പറയുന്നു.

*പറയാൻ വയ്യാമട്ടിലെൻ നെഞ്ചം പിടക്കുന്നു*
*ഏഴൂരിൽ പണിചെയ്‌വാനൊറ്റയൂരിലായ്*
*കൊല്ലനാലയിൽ സ്ഥാപിച്ചിട്ടുള്ള തോലുറയുലപോലെ*
(കെ.എൻ.എഴുത്തച്ഛൻ: വിവ: 1999:119)

നൂറ്റിയെഴുപതാം പാട്ടിലെ ഈ വരികൾ ശ്രദ്ധേയമാണ്. പഴയകാലത്തെ കൊല്ലന്റെ ആലയെപ്പറ്റി ഈ പാട്ട് അറിവുതരുന്നു. പല ഗ്രാമക്കാരുടെയും ആവശ്യം നടത്താൻ എവിടെയെങ്കിലും ഒറ്റ ആലയെ ഉണ്ടായിരുന്നുള്ളൂ. അത് കൊണ്ട് തന്നെ അതിനു രാപ്പകൽ പണിയുണ്ടാവും. ഈ ഉപമയുടെ ഭംഗി പ്രത്യേകം എടുത്ത് പറ യേണ്ടതാണ്.

നൂറ്റിത്തൊണ്ണൂറാം പാട്ടായ 'അനാഥത്വവും' നൂറ്റിത്തൊണ്ണൂറ്റിയഞ്ചാം പാട്ടായ 'നിസഹായതയും' ഇതേ പ്രമേയം തന്നെയാണ് കൈകാര്യം ചെയ്യുന്നത്. വിരഹിണിയായ നായിക തോഴിയോട് പറയുന്ന വാക്കുകളാണ് ഈ രണ്ടു പാട്ടു കളും. വിരഹത്തിൽപാടുന്ന നായികയെ വർഷാരംഭം കാണിച്ചു നായകൻ ഉട നെവരുമെന്ന് തോഴി സാന്ത്വനപ്പെടുത്തുന്നതാണ് ഇരുനൂറ്റിഎൺപ്പത്തിയഞ്ചാം പാട്ട്. മേഘങ്ങളെ ഈ പാട്ടിൽ ഗർഭിണികളോട് ഉപമിച്ചിരിക്കുന്നു.

### 1.2.1.1.2.6 കഴാർ കീരൻ ഐെറ്റിയാർ

വേടൻവർഗ്ഗത്തിൽ നിന്നു വന്ന കവയിത്രിയാണ് കഴാർകീരൻഐെറ്റിയാർ. ചോളനാട്ടിലെ തിരുകഴാർ പ്രദേശത്തെ ഒരു കീരന്റെ മകളോ ഭാര്യയോ ആണ് ഈ കവയിത്രി എന്നു പറയപ്പെടുന്നു.

കുറുന്തൊകൈയിലെ മുപ്പത്തിയഞ്ചാം പാട്ടും ഇരുനൂറ്റിയമ്പതാം പാട്ടും മുന്നൂറ്റിയിരുപത്തിയെട്ടാം പാട്ടും നറ്റിണയിൽ രണ്ടാം പാട്ടും ഇവരുടേതായി കാണുന്നുണ്ട്.

കുറുന്തൊകൈയിലെ മിക്കവാറും എല്ലാ പാട്ടുകളും വിരഹിണിയായ നായിക തോഴിയോട് പറയുന്നതായി സങ്കൽപ്പിച്ചിട്ടുള്ളതാണ്. ഐെറ്റിയാറുടെ കവിതകളും ഇതിൽ നിന്ന് ഭിന്നമല്ല. മുപ്പത്തിയഞ്ചാം പാട്ടായ 'നാണമില്ലാത്ത കണ്ണുകൾ' എന്ന കവിതയും മുന്നൂറ്റി ഇരുപത്തിയെട്ടാം പാട്ടായ 'സംശയം' എന്ന കവിതയും വിരഹാർത്ഥരായ നായികമാർ തോഴിയോട് പറയുന്നതായാണ് എഴുതിയിട്ടുള്ളത്. എന്നാൽ ഇരുനൂറ്റിയൻപത്തിയൊമ്പതാം പാട്ട് 'ഉറക്കമറ്റ രാത്രിയിൽ' രഹസ്യവേഴ്ചക്കാലത്തു സങ്കേതത്തിൽ ഇരിക്കുന്ന നായകൻ കേൾക്കത്തക്ക വണ്ണം നായിക തോഴിയോട് പറയുന്നതായി സങ്കൽപ്പിച്ചാണ് എഴുതിയിട്ടുള്ളത്.

### 1.2.1.1.2.7 കാമഞ്ചേർ കുളത്താർ

ഇവരുടെ യഥാർത്ഥ പേര് അറിവായിട്ടില്ല. കാമദു:ഖം കൊണ്ട് ചുടുകണ്ണീർ തളംകെട്ടി നിൽക്കുന്നതിനെപറ്റി പാട്ടെഴുതിയതിനാൽ ഈ കവയിത്രിക്ക് ഈ പേര് നൽകപ്പെട്ടിരിക്കുകയാണ്. കുറുന്തൊകൈയിൽ നാലാം പാട്ടായി ചേർത്തിരിക്കുന്ന ഈ ഒറ്റപ്പാട്ട് മാത്രമേ ഇവരുടേതായി കാണുന്നുള്ളൂ.

*സഖിയെൻ നെഞ്ചം നോവും സഖിയെൻ നെഞ്ചം നോവും*
*ഇമകൾ പൊള്ളിക്കുമെൻ കണ്ണുനീർ തുടക്കുവാൻ*
*സദയം വിധിതന്നൊരെൻ കാന്തനെ വിട്ടു*
*പിരിയുന്ന നേരം നോവും നോവുമെൻ നെഞ്ചം തോഴി*
(കെ.എൻ എഴുത്തച്ഛൻ: വിവ: 1999:23)

വിരഹം തന്നെയാണിവിടെയും വിഷയം. തൽക്കാലം ദുഖിച്ചാലും മനസ് ധൈര്യം

നിലനിർത്തുമെന്ന് നായിക ധ്വനിപ്പിക്കുന്നുണ്ട്. തൊൽക്കാപ്പിയത്തിലെ രസനിരൂപണത്തിൽ (മെയ്പാട്ടിയൽ) രഹസ്യനായികമാരുടെ കാമസംയമനത്തെപ്പറ്റി പറയുന്ന ഭാഗത്ത് അതിനുദാഹരണമായി ഈ വരികൾ ഉദ്ധരിക്കപ്പെടുന്നുണ്ട്.

**1.2.1.1.2.8 നന്നാകൈയാർ**

കുറുന്തൊകൈയിലെ നൂറ്റിപ്പതിനെട്ട്, മുന്നൂറ്റിയിരുപത്തിമൂന്ന് എന്നീ പാട്ടുകൾ എഴുതിയത് നന്നാകൈയാർ എന്ന കവയിത്രിയാണ്. 'വാതിലടക്കുന്നു' എന്ന് പേരിട്ടിരിക്കുന്ന നൂറ്റിപ്പതിനെട്ടാം പാട്ടിൽ വിവാഹം നീട്ടികൊണ്ടു പോകുമ്പോൾ നായികയ്ക്കുണ്ടാകുന്ന വിരഹദു:ഖമാണ് വിഷയം. സന്ധ്യാകാലത്ത് കാമാതുരയായ നായിക തോഴിയോട് പറയുന്നതായാണ് പാട്ട്.

മഴക്കാലത്തെ സന്ധ്യയിൽ നായകൻ വിരുന്നുകാരുടെ കൂട്ടത്തിലെങ്കിലും വരാതിരിക്കില്ലെന്ന് തോഴി സമാധാനിപ്പിക്കുന്നു. അതിനു മറുപടിയായി നായിക പറയുന്നതായാണ് ഈ പാട്ടിലെഴുതിയിട്ടുള്ളത്. വീടുകൾക്ക് അകം വാതിലും പടിപ്പുര വാതിലും ഉണ്ടായിരുന്നുവെന്ന് പാട്ടിൽ നിന്ന് മനസിലാകുന്നു. മാത്രമല്ല സന്ധ്യാസമയത്ത് വീട്ടിലെ മുതിർന്നവരോ കാവൽക്കാരോ വിരുന്നുകാരെ വീട്ടിലേക്ക് ദിവസവും ക്ഷണിക്കുകയും അതിനു ശേഷം പുറംവാതിൽ അടക്കുകയും ചെയ്യുകയായിരുന്നു പതിവ്. അക്കാലത്തെ ഇത്തരം ആചാരങ്ങൾ ഈ പാട്ടിൽ നിന്ന് വായിച്ചടുക്കാം

മുന്നൂറ്റിയിരുപത്തിമൂന്നാംപാട്ടിൽ വിരഹദു:ഖം തന്നെയാണ് വിഷയം. വിരഹിണിയായ നായിക തോഴിയോടു പറയുന്നതായി സങ്കൽപ്പിച്ചിരിക്കുന്നു.

**1.2.1.1.2.9 നെടും പല്ലിയത്തൈനാർ**

നാനവിധവാദ്യങ്ങൾ (പല്ലിയം) ഉപയോഗിക്കുന്നതിൽ സമർത്ഥയായിരുന്നതിനാലാണ് അത്തൈ എന്ന കവിയത്രിക്ക് നെടുംപല്ലിയത്തൈനാർ എന്ന ബഹുമതിപ്പേരു ലഭിച്ചത്.കുറുന്തൊകൈയിലെ നൂറ്റിയെഴുപത്തിയാറാം പാട്ടാണ് സംഘകാലത്തെ ഇവരുടേതായി കണ്ടുകിട്ടിയിട്ടുള്ളത്. 'പശ്ചാത്താപം'എന്നു പേരിട്ടിരിക്കുന്ന ഈ പാട്ടിൽ വിവാഹാനന്തരം നായികയെ കാണാൻ ചെല്ലുന്ന തോഴി നായകന്റെ പ്രേമാതിശയം കണ്ട് കളവുകാലത്ത് അയാൾ എത്രമാത്രം ദു:ഖം അനുഭവിച്ചരിക്കുമെന്നു കരുതി സങ്കടപ്പെടുന്നതാണ് വിഷയം. സംഘകാലത്തെ വിവാഹ സമ്പ്രദായങ്ങളാണ് കളവും കർപ്പും. കളവെന്നാൽ കാമുകിയും കാമുകനും ആരുമറിയാതെ ഒളിച്ചുപോയി ഗാന്ധർവ്വ വിധിപ്രകാരം വിവാഹം കഴിക്കുന്നതാണ്. വീട്ടുകാരുടെ സമ്മതപ്രകാരം എല്ലാവരും ഒന്നിച്ച് ആഘോഷത്തോടെ വിവാഹം കഴിപ്പിച്ചയക്കുന്നതാണ് കർപ്പ്. ഈ സമ്പ്രദായത്തെക്കുറിച്ച് കവിതയിൽ നിന്ന് അറിവ് ലഭിക്കുന്നു.

### 1.2.1.1.2.10 നെയ്തൽ കാർക്കിയർ

കാർക്കി എന്നത് ഗാർഗ്ഗിയുടെ തത്ഭവമാണ്. ആര്യഗോത്രത്തിൽപ്പെടുന്ന പേരാണിത്. നെയ്തൽ വർണ്ണന അതിമനോഹരമായി അവർ തന്റെ പാട്ടുകളിൽ നടത്തിയിട്ടുണ്ട്. അതിനാലാണ് 'നെയ്തൽ' എന്ന വിശേഷണം കിട്ടിയിട്ടുള്ളത.˘ കുറുന്തൊകൈയിൽ അമ്പത്തിയഞ്ചാമത്തെയും ഇരുനൂറ്റിപ്പത്താമത്തെയും പാട്ടുകൾ ഇവരുടേതാണ്. നായകൻ വിവാഹം നീട്ടിക്കൊണ്ട് പോകുകയാണെങ്കിൽ വിരഹദ:ുഖം കൊണ്ട് നായിക മരിച്ചു പോകുമെന്ന് ഒളിസങ്കേതത്തിൽ മറഞ്ഞിരിക്കുന്ന നായകനെ തോഴി അറിയിക്കുന്നതാണ് അമ്പതാം പാട്ട്.

*തൂമണിപോലവേ നൽക്കഴിവക്കിലാ*
*നെയ്തൽ പൂവൊന്നായിക്കൂടും വണ്ണം*
*കൊച്ചണിത്തുള്ളികൾ മേഘത്തിലെത്തിച്ചു*
*മുറ്റോർ പിരിഞ്ഞോരെ പീഡിപ്പിച്ചും*
*എത്തുന്ന വാടക്കാറ്റിമ്പം നശിപ്പിച്ചോ*
*രിച്ചെറു നല്ലൂരിലുള്ള വാസം*
*ഏതാനും നാളുകൾ മാത്രമാണെൻ തോഴി–*
*ക്കേതാവും ഭാവിയെന്നാരു കണ്ടു.*

(ഡോ.കെ.എൻ എഴുത്തച്ഛൻ: വിവ: 1999:49)

ഇത്രയുമാണ് ആ പാട്ടിലെ വരികൾ

പ്രേമാഭ്യാർത്ഥനയുമായിവന്ന നായകനിൽ അനുകമ്പയുണ്ടാക്കാൻ അയാളെക്കുറിച്ച് തോഴി നായികയോട് പറയുന്നതാണ് ഇരുനൂറ്റിപ്പത്താം പാട്ട്. അകം കവിതകളുടെ വിഷയം പ്രേമവും വിരഹവുമാണ്. ഈ രണ്ട് പാട്ടിലും കാണുന്നതും അതുതന്നെയാണ്.

### 1.2.1.1.2.11 പൊൻമണിയാർ

പൊൻമണിയാരുടേതായി കുറുന്തൊകൈയിൽ മുന്നൂറ്റിയെൺപത്തിയൊമ്പതാമതായി ചേർത്തപാട്ടാണ് കണ്ടു കിട്ടിയിട്ടുള്ളത്. വിരഹം തന്നെയാണ്

വിഷയം. വർഷാരംഭത്തിൽ വരാമെന്നു പറഞ്ഞ നായകൻ വരാത്തതിനാൽ ദു:ഖിച്ചിരിക്കുന്ന നായികയെ തോഴി സാന്ത്വനപ്പെടുത്തുന്നു.

### 1.2.1.1.2.12 മതുരൈ നൽവെള്ളിയാർ

ഈ കവയിത്രിയുടെയും ഒരു പാട്ടാണ് കുറുന്തൊകൈയിലുള്ളത്. മുന്നൂറ്റി യറുപത്തിമൂന്നാം പാട്ട് മധുരയിലെ വെള്ളിയമ്പലത്തിൽ ഭജനയിരുന്നതിനാലാണ് ഇവർക്ക് ഈ പേര് കിട്ടിയത്. താൻ പണം സമ്പാദിച്ച് വരും വരെ നായിക കാത്തിരി ക്കുമോ എന്ന് ചോദിക്കുന്ന നായകനോട് തോഴിപറയുന്നതായിട്ടാണ് ഈ പാട്ട് രചി ച്ചിരിക്കുന്നത്. നായികയെ വിട്ടു പോകരുതെന്നാണ് പാട്ടിലൂടെ തോഴി പറയുന്നത്.

### 1.2.1.1.2.13 വെൺമണിപ്പൂതിയാർ

വെൺമണിപ്പൂതിയാരുടെ ഒരു കവിതയാണുള്ളത്. അത് സമാഹരിച്ചിരിക്കു ന്നത് കുറുന്തൊകൈയിലാണ്. കുറുന്തൊകൈയിലെ ഇരുനൂറ്റിയേഴാം പാട്ടാണിത്. വിഷയം പ്രണയം തന്നെയാണ്. തനിക്ക് ഉടൻ വിവാഹം കഴിക്കണമെന്ന് നായകൻ കേൾക്കേ നായിക തോഴിയോട് പറയുന്നതായാണ് സങ്കൽപ്പം. പൂതിയാർ എന്ന കവയിത്രിയുടെ നാട് വെൺമണിയാണ്. അതുകൊണ്ടാണ് വെൺമണിപ്പൂതിയാർ എന്ന പേരിൽ ഇവർ അറിയപ്പെടുന്നത്.

### 1.2.1.1.2.14 വെള്ളിവീതിയാർ

വെള്ളിവീതിയാർ എന്ന കവയിത്രിയുടെ എട്ടുപാട്ടുകൾ 'കുറുന്തൊകൈയിലും' രണ്ടുപാട്ടുകൾ' അകനാനൂറിലും' കാണുന്നു. സംഘകാല കവയിത്രികളിൽ പ്രശ സ്തയായ ഇവരുടേതായി ഇങ്ങനെ പത്തുപാട്ടുകളാണ് ലഭിച്ചിട്ടുള്ളത്.

വെള്ളിയമ്പലത്തിൽ വസിച്ചിരുന്നതുകൊണ്ടാണ് വെള്ളിവീതിയാർ എന്ന് അറിയപ്പെടുന്നത്. യഥാർത്ഥ നാമം അറിയില്ല. എന്തോ കാരണത്താൽ ഇവർ ഭർത്താവിൽ നിന്ന് വേർപ്പെട്ട് കുറേക്കാലം ജീവിച്ചെന്നും പിന്നീട് അയാളെത്തേടി ദിക്കുതോറും അലഞ്ഞു നടന്നെന്നും ഒടുവിൽ കണ്ടെത്തിയെന്നും സ്വന്തം കവിതക ളിൽ നിന്നും തന്നെ വ്യക്തമാക്കുന്നു. സ്വാനുഭവത്തിൽ മാധുര്യമൂറുന്ന കവിതക ളാണ് വെള്ളിവീതിയാരുടേത്.

കുറുന്തൊകൈയിലെ ഇരുപത്തിയേഴ്, നാൽപ്പത്തിനാല്, അമ്പത്തിയെട്ട്,നൂറ്റി മുപ്പത്,നൂറ്റിനാൽപ്പത്തിനാല്,നൂറ്റിനാൽപ്പത്തിയേഴ്,നൂറ്റിയറുപത്തിയേഴ്,നൂറ്റിയെൺപ ത്തിനാല് എന്നീ പാട്ടുകളാണ് വെള്ളിവീതിയാരുടേത്. എല്ലാം വിരഹം തന്നെയാണ്. വിഷയം നൂറ്റിമുപ്പതാംപാട്ടിൽ ഒളിച്ചു പോയ കാമുകനെ അന്വേഷിക്കുന്ന നായികയെ തോഴി ആശ്വസിപ്പിക്കുന്നു. കവയിത്രിയുടെ സ്വന്തം അനുഭവങ്ങളാണ് ഈ കവിതകൾ.[1]

അകനാനൂറിലെ ഇരുപത്തിയേഴാം പാട്ടിൽ കവിയത്രിയുടെ രചനാപാടവം വ്യക്തമാക്കുന്നു. വിരഹിണിയായ നായിക പറയുന്നു

*മലയിൽ ചോലകളിൽ*

*മഴത്തുള്ളികൾ വിതറി*

*ഒഴുകുമരുവി പോലെ*

*തിങ്കൾക്കതിരൊളി വീശുകയായ്*

*എന്തു ചെയ്യുംതോഴി*

(മലയത്ത് അപ്പുണ്ണി: വിവ:2000:91)

**1.2.1.1.2.15 ഒക്കൂർ മാചാ(ശാ)ത്തിയാർ**

പാണ്ടിനാട്ടിൽ തിരുക്കൊട്ടിയൂരിനടുത്ത് ഒക്കൂർ എന്ന ഗ്രാമമാണ് ഇവരുടെ നാട്. മഹാശക്തിയുടെ തത്ത്വമാണ് മാശാത്തി. കുറുന്തൊകൈയിലെ നൂറ്റിയിരുപത്തിയാറ്, നൂറ്റിമുപ്പത്തിയേഴ്,നൂറ്റിയെൺപത്തിനാല്, ഇരുന്നൂറ്റിപ്പതിനെട്ട്, ഇരുന്നൂറ്റിപ്പതിമൂന്ന് എന്നീ പാട്ടുകൾ ഇവരുടേതാണ്.

മാചാത്തിയാരുടെ രണ്ടു പാട്ടുകളാണ് അകനാനൂറിലുള്ളത്. അതിൽ മുന്നൂറ്റിയിരുപത്തിനാലാം പാട്ട് വിരഹത്തിനു ശേഷമുള്ള സമാഗമത്തെക്കുറിച്ചുള്ളതാണ്. മഴക്കാലം തുടങ്ങുകയാൽ വിദേശത്ത് യുദ്ധം നിറുത്തി തേരിൽ നാട്ടിലേക്കു മടങ്ങുന്ന നായകനെ കണ്ട നാട്ടുകാർ പറയുന്നതാണ് സന്ദർഭം. അയാളുടെ പത്നിക്ക് ഇന്ന് നല്ലൊരു വിരുന്നായിരിക്കും എന്നവർ ഫലിതം പറയുന്നു.

## 1.2.1.2 പുറംകവിതകൾ

പുറംകവിതകളിൽ കാണുന്ന സ്ത്രീരചനകളാണ് ഈ ഖണ്ഡത്തിൽ പഠനവിധേയമാക്കുന്നത്.

### 1.2.1.2.1 പുറനാനൂറ്

പുറനാനൂറിൽ കടവുൾ വാഴ്ത്തടക്കം നാനൂറ് പാട്ടുകളാണുള്ളത്. നൂറ്റിയമ്പത്തൊമ്പ് കവികളാണ് ഈ പാട്ടുകൾ രചിച്ചിട്ടുള്ളത്. അതിൽ പതിനാല് സ്ത്രീകൾ ഉൾപ്പെടുന്നു.

### 1.2.1.2.1.1 കാക്കൈപ്പാടിനിയാർ നച്ചെള്ളൈയാർ

പുറനാനൂറിലെ ഇരുനൂറ്റി എഴുപത്തിയെട്ടാമതായി ചേർത്തപാട്ടാണ് കാക്കൈപ്പാട്ടിനിയാരുടേത്. ഒരു മറവമാതാവിന്റെ ധീരതയെ വർണ്ണിക്കുന്ന പാട്ടാണിത്.[2]

മകന്റെ ധീരതയിൽ അഭിമാനം കൊള്ളുന്ന അമ്മയെയാണ് കവയിത്രി ഇവിടെ വർണ്ണിക്കുന്നത്. യുദ്ധക്കളത്തിൽ മരിച്ചു വീണ മകനെ കണ്ടപ്പോൾ പെറ്റ ദിവസത്തേക്കാൾ സന്തോഷമാണവർക്ക് തോന്നുന്നത്.

### 1.2.1.2.1.2 ഔവ്വയാർ

സംഘം കവികളിൽ വളരെ പ്രസിദ്ധിയാർജ്ജിച്ചവരാണ് ഔവ്വയാർ. പാണരിൽപ്പെട്ട ഈ കവയിത്രി രാജാക്കന്മാരാലും പണ്ഡിതന്മാരാലും ബഹുമാനിക്കപ്പെട്ടിരുന്നു. സംഘം കൃതികളിൽപെടുന്ന അറുപത് പാട്ടുകൾ ഇവരെഴുതിയതാണ്. ദക്ഷിണേന്ത്യയെ അടക്കി ഭരിച്ചിരുന്ന ചേരചോഴ പാണ്ഡ്യവിഭാഗത്തിലെ എല്ലാവരെപ്പറ്റിയും ഇവർ പാട്ടുകൾ രചിച്ചിട്ടുണ്ട്.

പലപ്പോഴും പരസ്പരം മത്സരിച്ച് യുദ്ധത്തിലേർപ്പെട്ടിരുന്ന ഈ രാജാക്കന്മാർക്ക് പരസ്പര സഹകരണത്തിലൂടെയുണ്ടാകുന്ന നേട്ടത്തെപ്പറ്റിയും യുദ്ധത്തിന്റെ കെടുതികളെപ്പറ്റിയും ഇവർ ഉദ്ബോധിപ്പിക്കുന്നു.

പുറനാനൂറിൽ ഇവരുടേതായി മുപ്പത്തിമൂന്ന് പാട്ടുകളുണ്ട്. തകടൂർ ഭരിച്ചിരുന്ന അതിയമാൻ നെടുംഅഞ്ചിയെപ്പറ്റിയാണ് ഈ പാട്ടുകളെല്ലാം. അഞ്ചിയുടെ പോർക്കോലം, മരണം, നടുകൽസ്ഥാപനം, മരണസമയത്തുള്ള വിലാപം എന്നിവയെല്ലാം വസ്തുനിഷ്ഠമായി നമ്മെ ധരിപ്പിക്കുന്നത് ഔവ്വയാർ ആണ്. രാജസ്തുതികളല്ലാത്ത ഏതാനും പാട്ടുകളും ഔവ്വയാർ രചിച്ചിട്ടുണ്ട്. പൊതുവെ ചെറുതാണ് ഔവ്വയാറിന്റെ എല്ലാ കവിതകളും.

അക്കാലത്ത് മറ്റ് കവയത്രികളെപ്പോലെത്തന്നെ ഔവ്വയാറും മറവ സ്ത്രീകളെപ്പറ്റിയും വീരമാതാക്കളെപ്പറ്റിയും പാടിയിട്ടുണ്ട്. യുദ്ധത്തിൽ വെട്ടേറ്റുകിടക്കുന്ന മകനെ കണ്ടപ്പോൾ പിൻമാറാത്തലക്ഷ്യമുള്ള ആ വീരന്റെ മാതാവായ ഒരു മറവസ്ത്രീക്ക് വറ്റിയമുല വീണ്ടും പാലൂറി ചുരന്നുവെന്നാണ് ഔവ്വയാർ പറയുന്നത്.

*വാടുമുലൈയൂറിച്ചുരന്തന*
*ഓടാപ്പൂട് കൈ വിടലൈത്തയ്ക്കേ*

(പുറനാനൂറ്, 295-ാം പാട്ട്)

### 1.2.1.2.1.3 കുറമകൾ ഇളവെയ്നി

കുറവരാജാവായിരുന്ന ഏറൈക്കോന്റെ ആശ്രിതയായിരുന്ന ഈ കവയത്രി കുറവന്റെ മകൾ എന്ന അർത്ഥത്തിൽ കുറമകൾ എന്നറിയപ്പെടുന്നു. പുറനാനൂരിലെ നൂറ്റിയൻപത്തിയേഴാം പാട്ട് രചിച്ചിരിക്കുന്നത് കുറമകൾ ഇളയവെയ്നിയാണ്.

ഏറേക്കോൻ എന്ന തന്റെ രാജാവിനെപ്പറ്റി വളരെ മോശമായി ബഹുമാനമില്ലാതെ സംസാരിച്ച പണ്ഡിതന്മാർക്ക് നൽകിയ മറുപടിയായിട്ടാണ് ഈ പാട്ട് രചിച്ചിരിക്കുന്നത്. തന്റെ രാജാവിനെ അപമാനിച്ചത് ഇഷ്ടപ്പെടാതിരുന്ന ഇളയവെയ്നി പണ്ഡിതന്മാരെ അപമാനിക്കുന്നമട്ടിലുള്ള മറുപടിയാണ് നൽകുന്നത്.

ശ്രേഷ്ഠന്മാരുടെ തെറ്റ് പൊറുക്കുകയും അന്യരുടെ അൽപത്തിൽ ലജ്ജിക്കുകയും യുദ്ധത്തിൽ ശക്തി പ്രയോഗിക്കുകയും രാജസദസ്സിൽ അന്തസ്സായി പെരുമാറുകയും ചെയ്യുന്ന കുറവർ നാഥനാണ് എന്റെ രാജാവ്. നിങ്ങൾ പ്രശംസിക്കാറുള്ള മറ്റുള്ളവർക്ക് ആ വക ഗുണങ്ങളൊന്നുമില്ല എന്ന് താഴ്ത്തികെട്ടാൻ ശ്രമിച്ചവർക്ക് അതേ നാണയത്തിൽ ഈ പാട്ടിലൂടെ അവർ മറുപടി നൽകുന്നു.

പണ്ഡിതന്മാരോട് എതിരിടാൻ തക്ക പാണ്ഡിത്യം നേടിയവരായിരുന്നു സംഘകാല കവയിത്രികൾ.

### 1.2.1.2.1.4 പേയ്മകൾ ഇളവെയ്നി

പാലൈ പാടിയ പെരുംകടുംകോയുടെ ആശ്രിതയായിരുന്നു പേയ്മകൾ ഇളവെയ്നി പുറനാനൂറിലെ പതിനൊന്നാം പാട്ടിൽ അദ്ദേഹത്തെ പ്രശംസിക്കുന്നു. പേയ്മകൾ ഇളവെയ്നി വേടത്തിയായിരുന്നു. താമ്രവർണ്ണിയാറ്റിൽ കുളിക്കുകയും മണലിൽ ഇരുന്ന് ഉല്ലസിക്കുകയും ചെയ്യുന്ന കൈകളിൽ മൃദുവായ രോമങ്ങളുള്ള സ്ത്രീകളെ ഈ കവിതയിൽ വർണ്ണിക്കുന്നു.

*ദുഷ്പ്രാപ്യങ്ങളാം കോട്ടക്കൊത്തളങ്ങൾ*

*തച്ചുടച്ചു തകർത്തു*

*ബലശാലികളെ പിന്തിരിപ്പിച്ചു*

*ബലവാൻ രാജാവ്......*

*(പുറനാനൂറ് 11-ാം പാട്ട്)*

എന്നിങ്ങനെ പെരും കടുംകോവിനെ പ്രശംസിക്കുന്നതാണ് ഈ പാട്ട്

### 1.2.1.2.1.5 വെറി പാടിയ കാമക്കണ്ണിയാർ

പെറി പാടിയ കാമക്കണ്ണിയെന്നാൽ കാമാക്ഷി. കാമക്കാണിയാർ എന്നും ഈ കവയിത്രി പരാമർശിക്കപ്പെട്ടുകാണുന്നു. വഴിപാട്പാട്ടുകളാണ് വെറിപ്പാട്ട് എന്നറിയപ്പെടുന്നത്. സുബ്രഹ്മണ്യ ആരാധനയുമായി ബന്ധപ്പെട്ട് സ്ത്രീകൾ നടത്തുന്ന വഴിപാടാണ് വെറിപ്പാട്ട്. അത്തരം വെറിയാട്ടുപാട്ടുകൾ രചിക്കുന്നതിൽ സമർത്ഥയായിരുന്നു കാമക്കണ്ണിയാർ. അകനാനൂറിൽ ധാരാളം വെറിപ്പാട്ടുകൾ ഉണ്ട്. കാമക്കണ്ണിയാരുടെ പാട്ടുകളും അക്കൂട്ടത്തിൽ പെടുന്നവയാണ്

പുറനാനൂറിൽ മുന്നൂറ്റി രണ്ടാമതായി ചേർത്ത പാട്ട് കാമക്കണ്ണിയാരുടേതാണ്. പാഞ്ഞുചുറ്റി കൊണ്ടിരിക്കുന്ന യുദ്ധപാടവമുള്ള കുതിരകളെ വളച്ചു വിട്ട മുളയോട് ഉപമിക്കുന്നു കാമകണ്ണിയാർ. രാജസ്തുതികളോ വീരാരാധനയോ ഒന്നും തന്നെ കാമകണ്ണിയാർ എഴുതിയിട്ടില്ല.

### 1.2.1.2.1.6 വെണ്ണിക്കുയത്തിയാർ

വെണ്ണി സ്വദേശിനിയായതുകൊണ്ട് ഈ കവിയത്രിക്ക് ഈ പേര് ലഭിച്ചത്. വെണ്ണിക്കുയത്തിയുടേതായി പുറനാനൂറിൽ ചേർത്തിരിക്കുന്ന അറുപത്തിയാറാം പാട്ടിൽ വെണ്ണിയുദ്ധം പരാമർശിക്കപ്പെടുന്നു. ഇവരുടേതായി കണ്ടെത്തിയിട്ടുള്ള ഒരേ ഒരു പാട്ടാണ് പുറനാനൂറിലെ അറുപത്തിയാറാം പാട്ട്. ചോഴൻ കരികാർ പെരംവള ത്താനെ പ്രശംസിച്ചുകൊണ്ടുള്ള പാട്ടാണ് അറുപത്തിയാറാം പാട്ട്. യുദ്ധത്തിൽ പരാജയപ്പെട്ട ചോഴൻ 'വടക്കിരിക്കൽ' എന്ന ആചാരം അനുഷ്ഠിച്ചിരുന്നുവെന്ന് പാട്ടിൽ നിന്ന് മനസ്സിലാക്കാം . ചോഴന്റെ പൂർവ്വികന്മാർ കാറ്റിനെ വിളിച്ചുവരുത്തി കപ്പലോടിച്ച തന്റേടികളായിരുന്നു എന്നും പാട്ടിൽ കാണുന്നു.

### 1.2.1.2.1.7 പൂതപ്പാണ്ടിയാർ തേവി പെരുംക്കോപ്പെണ്ട്

കന്യാകുമാരി ജില്ലയിലുള്ള ഒരു സ്ഥലമാണ് ഭൂതപ്പാണ്ടി. പൂതപ്പാണ്ടി യന്റെ ഓർമ്മക്കാണ് ആ സ്ഥലത്തിന് ഈ പേര് നൽകിയിരിക്കുന്നത്. പാണ്ഡ്യരാ ജ്യത്തിന്റെ വടക്കേയറ്റത്തുള്ള ഒല്ലൈയ്യൂർ ഗ്രാമം ചോഴന്മാർ കയ്യടക്കി. അത് തിരിച്ചു പിടിച്ചവനാണ് പൂതപ്പാണ്ടിയൻ. അദ്ധേഹത്തിന്റെ ഭാര്യയാണ് പോരും കോപ്പെണ്ട്.

പുറനാനൂറിലെ ഇരുന്നൂറ്റി നാല്പത്തിയാറാം പാട്ടാണ് ഈ കവയിത്രിയു ടേതായിട്ടുള്ളത്. നന്നായി ഭരണം നടത്തിപ്പോന്ന പൂതപ്പാണ്ടിയാൻ മരിച്ചു. സതി അനുഷ്ഠിക്കാൻ തേവിപെരും കോപ്പെണ്ട് തയ്യാറായി. പണ്ഡിതന്മാർ പക്ഷേ അവരെ വിലക്കി. റാണി ഭരണം നടത്തണമെന്ന് അവർ ആവശ്യപ്പെട്ടു. അതിനു മറു

പടിയായി റാണി പറഞ്ഞ കാര്യങ്ങളാണ് ഈ പാട്ടിൽ ഉള്ളത്. മറ്റ് കവിതകളൊന്നും ഇവരുടേതായിട്ടില്ല.

സ്ത്രീകൾ സതിയനുഷ്ഠിക്കാൻ തയ്യാറാകുന്നതിന്റെ പിന്നിലുള്ളകാരണം അവർ ഈ പാട്ടിലൂടെ വിവരിച്ചു തരുന്നു. വിധവയായി ജീവിക്കണമെങ്കിൽ ചില കാര്യങ്ങൾ പാലിക്കണം അത് വളരെ കഠിനമാണ്. അതിലും ഭേദം മരിക്കുകയാ ണെന്ന് അവർ പറയുന്നു. അണ്ണിയുടേത് പോലെ (അണ്ണാൻ) വരയുള്ള വളഞ്ഞ വെള്ളരിക്കായ് അരിവാൾ കൊണ്ടരിഞ്ഞിട്ട് വിത്തുപോലെയുള്ള (അരി)നല്ലവെളുത്ത നീർചോറ് (കഞ്ഞി) നെയ്യില്ലാത്തഇലയിൽ വിളമ്പിയതും വെളുത്ത എള്ളു ചമ്മ ന്തിയും പുളിചേർത്ത് പാകപ്പെടുത്തിയ വേളയിലക്കറിയുംകഴിച്ച് പരുക്കൻ തറയിൽ പായില്ലാതെ കിടന്നുറങ്ങണം ഇതിനേക്കാൾ നല്ലത് മരണം തന്നെയെന്ന് ഒരു സ്ത്രീ കരുതിയാൽ തെറ്റില്ല കവയിത്രി പറയുന്നു. ''പുറങ്കാട്ടിലെ ചിതയിലെ തീ താമര പ്പൊയ്കയിലെ വെള്ളം പോലെ അവർക്ക് സന്തോഷപ്രദമാണ്.

സതിയനുഷ്ഠിക്കാൻ ഒരു സ്ത്രീയെ പ്രേരിപ്പിക്കുന്നത് ഭർതൃ സ്നേഹം മാത്രമല്ല എന്നത് വളരെ വ്യക്തമായിട്ടാണ് കവയിത്രി അവതരിപ്പിച്ചിരിക്കുന്നത്. സംഘകാലത്ത് സ്ത്രീകൾക്ക് സർവ്വ സ്വാതന്ത്ര്യവുമുണ്ടായിരുന്നുവെങ്കിലും ഇത്തരം ചില ആചാരങ്ങൾ അവരുടെ ജീവിതം ദുസ്സഹമാക്കിയിരിന്നു.

### 1.2.1.2.1.8 പാരമകളിർ

പാരിയുടെ മക്കളായ രണ്ട് കവയിത്രികളാണിക്കത. ഇവരും പൂതപ്പാണ്ടി യന്റെ തേവിയുടെ പോലെ കവിതയെഴുത്ത് സ്ഥിരമാക്കിയവരല്ല. നാടും വീടും അച്ഛനും നഷ്ടപ്പെട്ട് കപിലരുടെ ആശ്രയത്തിൽ കഴിഞ്ഞിരുന്ന രണ്ട് പെൺകുട്ടികളാ യിരുന്നു ഇവർ. ഉദിച്ചുനിൽക്കുന്ന പൂർണ്ണ ചന്ദ്രനെ കണ്ടപ്പോൾ ദിർഘശ്വാസത്തോടു കൂടി ആരോടുമല്ലാതെ പറയുകയാണ്. മൂവതേന്മാർ ഞങ്ങളുടെ അച്ഛനെ വലയം ചെയ്തിരുന്ന ആ മാസത്തിൽ ആ വെണ്ണിലാവിൽ ഞങ്ങളുടെ അച്ഛനും ഉണ്ടായി രുന്നു.അന്ന് ഞങ്ങളുടെ മല അന്യർ വശമാക്കിയിരുന്നില്ല. ഈ മാസത്തിലെ ഈ വെണ്ണിലാവിൽ ജയിച്ചു വന്ന രാജാക്കന്മാർ ഞങ്ങളുടെ മലയും കൈവശപ്പെടുത്തി. ഞങ്ങൾക്ക് അച്ഛനും നഷ്ടമായി എന്നാണ് പാട്ടിന്റെ അർത്ഥം.

### 1.2.1.2.1.9 പെരും കോഴിനായ്ക്കൻ മകൾ നക്കണ്ണൈയാർ

നക്കണ്ണൈയാരുടെ മൂന്നു പാട്ടുകൾ പുറനാനൂറിലുണ്ട്. നക്കണ്ണൈയാർ എന്നാൽ നല്ലകണ്ണുള്ളവൾ എന്നർത്ഥം. ഇവർ നല്ലൊരു പണ്ഡിതയായിരുന്നു ചോഴർ പോർവൈക്കോ പെരുനൽക്കിള്ളി എന്ന രാജവിന്റെ യൗവ്വനവും കവയിത്രിക്ക് അദ്ദേഹത്തോടുള്ള പ്രണയവും പാട്ടിൽ പരാമർശിക്കുന്നുണ്ട്.

പോർ വൈക്കോ പെരുനർക്കിള്ളിയും ആവൂർ മല്ലനും തമ്മിൽ നടന്ന ദ്വന്ദ്വയുദ്ധത്തെ പ്പറ്റിയും ഈ കവയിത്രി തന്റെ പാട്ടുകളിൽ സൂചിപ്പിക്കുന്നു പ്രേമവും യുദ്ധവും ആലങ്കാരികമായി നക്കണ്ണൈയാർ തന്റെ മൂന്നു കവിതകളിലും വിവരിക്കുന്നു.

### 1.2.1.2.1.10 മാരിപ്പിത്തിയാർ

പുറനാനൂറിൽ രണ്ടു പാട്ടുകളാണ് മാരിപ്പിത്തിയാർ രചിച്ചിരിക്കുന്നത്. ഇരുനൂറ്റിയമ്പത്തിയൊന്നാം പാട്ടും ഇരുനൂറ്റിയമ്പത്തി രണ്ടാം പാട്ടും. യുവാവായിരുന്നപ്പോൾ യുവതികളെ ആകർഷിച്ചിരുന്ന ഒരു വ്യക്തി പിന്നീട് സന്യാസിയായി കാട്ടാന കൊണ്ടുവന്ന് കൊടുക്കുന്ന വിറകുകത്തിച്ച് തന്റെ ജട ഉണക്കുന്ന കഥയാണ് ഇരുനൂറ്റിയമ്പത്തൊമ്പതാം പാട്ടിലെ പരാമർശം.

### 1.2.1.2.1.11 പൂങ്കൺ ഉത്തിരൈയാർ

പുറനാനൂറിലെ ഇരുനൂറ്റിയെഴുപത്തിയേഴാം പാട്ടാണ് ഈ കവയിത്രിയുടേതായി കണ്ടെത്തിയിട്ടുള്ളത്. ഒരു മറവമാതാവിനെ ഈ പാട്ടിൽ വർണ്ണിക്കുന്നു. വാർധക്യകാലത്താണ് അവർക്ക് ഒരു മകൻ ഉണ്ടായത്. അവൻ രാജാവിനു വേണ്ടി യുദ്ധത്തിൽ പങ്കെടുത്തു മരണമടഞ്ഞു. ആ വാർത്തയറിഞ്ഞ് അവനെ പ്രസവിച്ചപ്പോൾ തോന്നിയ അതേ ആനന്ദം ആ അമ്മക്ക് അനുഭവപ്പെട്ടു. അവർചൊരിഞ്ഞ ആനന്ദബാഷ്പം വെതിരമലയിൽ മഴപെയ്തപ്പോൾ മുളങ്കൂട്ടത്തിൽ നിന്നും വീണ മഴത്തുള്ളികളേക്കാൾ കൂടുതലായിരുന്നു എന്നു പറഞ്ഞു കൊണ്ടാണ് കവിത അവസാനിക്കുന്നത്.

### 1.2.1.2.1.12 തായങ്കണ്ണിയാർ

പുറനാനൂറിൽ ഇരുനൂറ്റിയമ്പതാം പാട്ട് തായങ്കണ്ണിയാരുടേതാണ്. വൈധവ്യദു:ഖം അനുഭവിക്കുന്ന ഒരു സ്ത്രീയും മക്കളുമാണ് പാട്ടിന്റെ വിഷയം. പണ്ട് എല്ലാവിധത്തിലും സ്വീകരിച്ച് അനുഗ്രഹിച്ച് സന്തോഷിപ്പിച്ച് വീട്ടിൽ ഉണ്ടായിരുന്ന ആൾ ഇന്നില്ല. ഇന്ന് വൈധവ്യദുഖം അനുഭവിക്കുന്ന സ്ത്രീയും കുഞ്ഞുങ്ങളും മാത്രം 'ഭവനമേ നീയിങ്ങനെയായിപ്പോയല്ലോയെന്ന് ദ:ഖിക്കുന്ന കവയിത്രിയെയാണ് ഈ പാട്ടിൽ കാണുന്നത്. അകനാനൂറിലെ ഇരുപത്തിയെട്ടാം പാട്ടും ഇവരുടേതാണ്.

### 1.2.1.2.1.13 മാറോക്കത്ത് നപ്പച്ചെലൈയാർ

പുറനാനൂറിലാണ് ഇവരുടെ കൃതികൾ കാണുന്നത്. ഇവരെ പാട്ട് ഇരുന്നൂറ്റിയിരുപത്തിയാറിൽ മഹതിയെന്നും പാട്ട് മുന്നൂറ്റിയെൺപത്തിമൂന്നിൽ കവി എന്നും

വിശേഷിപ്പിച്ച് കാണുന്നു. കപിലരുടെ കാലത്തോ അല്ലെങ്കിൽ കപിലർക്കുശേഷമോ ആയിരിക്കും ഇവർ ജീവിച്ചിരുന്നത്. കാരണം ഇവരുടെ പുറനാനൂറിലെനൂറ്റി ഇരുപത്തിയാറാം പാട്ടിലും നൂറ്റി എഴുപത്തിനാലാം പാട്ടിലും കപിലരെപ്പറ്റി പരമാർശമുണ്ട്. മലൈയാൻ ചോഴിയവേനാതി തിരുക്കണ്ണനെപ്പറ്റി പാടുന്ന നൂറ്റിയെഴുപത്തിനാലാം പാട്ടിൽ അങ്ങയെ പുകഴ്ത്താവുന്നതിന്റെ പതിന്മടങ്ങ് കപിലർ പാടിക്കഴിഞ്ഞു എന്നും പറയുന്നുണ്ട്.

പുറനാനൂറിൽ അഞ്ചുപാട്ടുകൾ ചോഴരാജാവായിരുന്ന കളമുറ്റത്തുത്തുഞ്ചിയ കിള്ളിവളവനേയും കാനനനാടനായ അവിയനേയും പുകഴ്ത്തിക്കൊണ്ടും ഒരു മറവസ്ത്രീയുടെ വ്യാകുലതയെ കാണിച്ചുകൊണ്ടും ഉള്ളതാണ്. അക്കാലത്തെ ദക്ഷിണഭാരതത്തിന്റെ സംസ്കാരത്തിന്റെ വിവിധ മേഖലകൾ കവയിത്രി തന്റെ പാട്ടുകളിലൂടെ അവതരിപ്പിക്കുന്നു.

സതീ സമ്പ്രദായം, പ്രശ്നം വയ്പ്പിക്കൽ (നൽച്ചൊൽ) ശകുനങ്ങളിലുള്ള വിശ്വാസം, ആശ്രിതസ്നേഹം എന്നിവയെപ്പറ്റി ഇരുപത്തിയെട്ടാം പാട്ടിൽ പറയുന്നു. ആസന്നമരണനായ ഭർത്താവിനെയോർത്ത് ഒരു മറവസ്ത്രീ വിലപിക്കുന്നതും അവരെ ആശ്രയിച്ചു ജീവിക്കുന്ന തുടിയൻ, പാണൻ, വിറലികൾ തുടങ്ങിയവർ എങ്ങനെ തുടർന്നുള്ളകാലം കഴിച്ചുകൂട്ടുമെന്ന് ആധിപ്പെടുന്നതുമാണ് ഇരുപത്തിയെട്ടാം പാട്ടിന്റെ സാരം. ജനങ്ങളുടെ വിശ്വാസങ്ങളെപ്പറ്റി പഠിക്കുവാൻ ഈ പാട്ട് സഹായകമാണ്.

ദാരിദ്ര്യദു:ഖം വളരെയേറെ ഉണ്ടായിരുന്ന ഒരു പഴയകാല കവയിത്രിയായിട്ടാണ് നപ്പച്ചെലൈയാർ വിലയിരുത്തപ്പെട്ടിരുന്നത്.

**1.2.1.2.1.14 അള്ളൂർ നന്മുല്ലൈയാർ**

പുറനാനൂറിൽ രണ്ട് പാട്ടുകളാണ് നന്മുല്ലൈയാർ രചിച്ചിട്ടുള്ളത്. നടുകല്ലിനെ (പോരാടി മരിച്ച വീരന്റെ സ്മാരക ശില) ദിവസവും ആരാധിക്കുന്ന ഒരു മറവസ്ത്രീയുടെ പ്രാർത്ഥനയാണ് മുന്നൂറ്റിയാറാം പാട്ട്. യുദ്ധത്തിന് പോയ ഭർത്താവ് ജയിച്ചു വരണമെന്നും ധാരാളം അതിഥികൾ ഉണ്ടാകണമെന്നും ആ ഗ്രാമീണ സ്ത്രീ പ്രാർത്ഥിക്കുന്നു. പൂവും തളിരും കൊണ്ടുണ്ടാക്കിയ മനോഹരമായ വസ്ത്രം ഉടുത്തുകൊണ്ട് കുന്നിക്കുരു കൊരുക്കുന്ന സുന്ദരിയെക്കണ്ട് ഭ്രമിച്ച് വിവാഹ അഭ്യർത്ഥന നടത്തുന്ന ഒരുവന് കിട്ടുന്ന നിരാശജനകമായ മറുപടിയാണ് മുന്നൂറ്റി നാല്പതാം പാട്ടിന്റെ ഉള്ളടക്കം. അള്ളൂർ നന്മുല്ലൈയാർ രാജസ്തുതികളൊന്നും എഴുതിയതായി കാണുന്നില്ല.

#### 1.2.1.2.1.15 കാവർപ്പെണ്ട്

കാവർപ്പെണ്ട് എന്ന കവയിത്രിയുടെ ഒരുപാട്ടാണ് പുറനാനൂറിലുള്ളത് അത് എൺപത്തിയാറാം പാട്ടാണ്. ഒരു മറവസ്ത്രീയുടെ അമ്മയും മകനുമായുള്ള ബന്ധത്തിന്റെ മനശാസ്ത്രപരമായ വിശകലനമാണ് ഈ പാട്ടിന്റെ ഉള്ളടക്കം.

നിങ്ങളുടെ മകൻ എവിടെയാണെന്ന് അമ്മയോട് ചോദിച്ചപ്പോൾ എനിക്കറിയില്ല അവൻ യുദ്ധത്തിൽ ഉണ്ടാകും അവിടെപ്പോയികാണുക എന്നാണ് അമ്മ പറയുന്നത്. താനും മകനും തമ്മിലുള്ള ബന്ധം പുലി ചേർത്തു പോകിയ കല്ലളൈപോലെ (പുലി ഇരുന്നിട്ടുപോയ കല്ലുപോലെ ) യുള്ളൂ എന്നാണ് അമ്മ പറയുന്നത്. താൻ കുറേനാൾ അവനെ ഗർഭപാത്രത്തിൽ സൂക്ഷിച്ചു. കുറേ നാൾ വളർത്തി. ഇപ്പോൾ അവൻ പോയി. പുലി ഇരുന്ന കല്ലിലേക്ക് മടങ്ങി വരണമെന്നില്ലല്ലോ. ഈ അമ്മയിലൂടെ മാതൃത്വത്തിന്റെ വിത്യസ്തമായ ഒരു മുഖം കവയിത്രി കാണിച്ചു തരുന്നു.

### 1.2.1.2.2 അകനാനൂറ്

ഒമ്പതു മുതൽ പന്ത്രണ്ടുവരെ വരികളുള്ള നാനൂറ് പാട്ടുകളടങ്ങിയ കൃതിയാണ് അകനാനൂറ്. അകനാനൂറിൽ പാട്ടുകൾ രചിച്ചിട്ടുള്ള കവയിത്രികളെ ചുവടെ വിവരിക്കുന്നു.

#### 1.2.1.2.2.1 ഔവ്വയാർ

അകനാനൂറിലെ പന്ത്രണ്ടാം പാട്ട് ഔവ്വയാറിന്റെതാണ്. വിരഹത്തിൽ ദു:ഖിതയായ നായികക്ക് ഒരു വിധത്തിലും ആശ്വാസം കണ്ടെത്താൻ കഴിയുന്നില്ല. ആ നായികയെ തോഴി ആശ്വസിപ്പിക്കുന്നതായിട്ടാണ് ഈ പാട്ട്. തന്റെ ദയനീയവസ്ഥയെപ്പറ്റി നായിക തോഴിയോട് പറയുകയാണ്. ഇരതേടിപ്പോയിരിക്കുന്ന ആൺപുലിയുടെ വരവുകാത്തു ക്ഷീണിതയായി ഗുഹയിൽത്തന്നെ കഴിയുന്ന പെൺപുലിയെപ്പോലെ താനും ധനം തേടിപ്പോയിരിക്കുന്ന തന്റെ പ്രിയന്റെ വരവും പ്രതീക്ഷിച്ചു കൊണ്ട് വീട്ടിൽ തന്നെ ദുഖത്തോടെ കഴിഞ്ഞുകൊള്ളാമെന്നാണു നായികയുടെ വിവക്ഷ. അകനാനൂറ് എന്ന സമാഹാരത്തിന്റെ മൂന്നാം ഭാഗമായ നിത്തിലക്കോവൈയിലെ മൂന്നാമത്തെ പാട്ടായ നെഞ്ചിനോട് എന്ന പാട്ടിൽ വിവാഹത്തിന് മുമ്പ് അന്യർ അറിയറിയരുതെന്ന് കരുതിയബന്ധം എങ്ങനെയോ നാട്ടിൽഅറിഞ്ഞു. വലിയ അപവാദം പരന്നു. അതോടെ കാമുകൻ നാടുവിട്ട് പോയി. കുറേനാൾ

കാത്തിരുന്നിട്ടും അയാൾ തിരിച്ചുവന്നില്ലെന്നു കണ്ട് പരദേശത്തേക്ക് അയാളെ തേടി പ്പോകാൻ തീർച്ചയാകുന്ന നായിക തനിക്ക് വിശ്വാസം അർപ്പിക്കാവുന്ന ഏകമാത്ര മായ ഹൃദയത്തോട് (നെഞ്ചിനോട്) പറയുന്നതായി സങ്കല്പിച്ചിരിക്കുന്നു.

*പല ഭംഗികൾ തികഞ്ഞുള്ളതായ് സൂക്ഷമങ്ങളും*
*പലഭാവങ്ങളൊത്തു ചേർന്നതാം പ്രമത്തിനെ*
*എൻ നെഞ്ചോ, രഹസ്യം പോൽപ്പേക്കിനാവുപോൽ*
*ഇടയ്ക്കന്യന്മാരറിയായ് വാനെത്രയും മറച്ചു നാം*

(എൻ . വി കൃഷ്ണവാര്യർ വിവ.1981:62)

കാവ്യരചനയിൽ പൊതുവെ ലളിതമായ ഭാഷയാണ് ഔവ്വയാർ പ്രയോഗിച്ചിട്ടുള്ളത്. ലളിതമായ ഭാഷയെന്നുമാത്രമല്ല ആദ്യകേൾവിയിൽത്തന്നെ ഇമ്പം തോന്നുന്ന ശൈലിയിൽ തന്റെ പാട്ടുകൾ ഔവ്വയാർ അവതരിപ്പിച്ചിരിക്കുന്നു.

### 1.2.1.2.2.2 കുറുവഴുതിയാർ

അകനാനൂറിലെ നൂറ്റിയമ്പതാം പാട്ടായ കാവലിൽ എന്നത് കുറുവഴുതിയാർ എന്ന കവയിത്രിയുടേതാണ്. ഇവരെക്കുറിച്ച് കൂടുതലായൊന്നും അറിയാൻ കഴിഞ്ഞി ട്ടില്ല നായികയുടെ പ്രണയം അറിഞ്ഞ അമ്മ അവളെ തടങ്കലിൽ വെക്കുന്നു. അതി നാൽ അവരുടെ മാതാപിതാക്കളെ സമീപിച്ച് വിവാഹാഭ്യർത്ഥന നടത്താൻ നായ കനെ തോഴി ഉപദേശിക്കുന്നു. ഇതാണ് പാട്ടിന്റെ വിഷയം.

### 1.2.1.2.2.3 അള്ളൂർ നന്മുല്ലെയ്യാർ

അകനാനൂറിൽ ഒന്നാം ഭാഗത്തിലെ നാല്പത്തിയാറാം പാട്ടാണ് നന്മുല്ലെ യ്യാർ രചിച്ചിട്ടുള്ളത്. ആ പാട്ടിൽ വിഷയലമ്പടനായ ഒരു ഭർത്താവിനെ വർണ്ണിക്കു ന്നുണ്ട്. അയാളെ പോത്തിനോടാണ് ഉപമിച്ചിരിക്കുന്നത്. വെറുമൊരു പോത്തല്ല അയാൾ കെട്ടിയിട്ട സ്ഥലം (വീട്) ചാണകവും മൂത്രവും കൊണ്ട് മലിനമാക്കി (അസ്വസ്ഥത സൃഷ്ടിച്ച്) കൂർത്ത മുള്ളുകളുള്ള വേലി (ഗൃഹസ്ഥാശ്രമം ) കൊമ്പു കടത്തിപ്പൊളിച്ച് കെട്ടിയിട്ട കയറുപൊട്ടിച്ച് (ഭാര്യസ്നേഹം മാറ്റിവെച്ച്) മത്സ്യങ്ങൾ പേടിക്കുമാറ് താമരക്കു ചുറ്റുമുള്ള വള്ളികളെ അലങ്കോലപ്പെടുത്തി (വേശ്യയുടെ കാവൽക്കാരികളെ പറഞ്ഞയച്ചിട്ട്) അകത്തു വണ്ടിനെ സൂക്ഷിക്കുന്ന താമരയെ (മറ്റൊരുത്തനെ അകത്ത് പ്രതിഷ്ഠിച്ചിട്ടുള്ള അതായത് സ്നേഹം മറ്റൊ രാൾക്ക്നൽകിയിരിക്കുന്ന) തിന്നുന്ന പോത്താണവൻ. ഇത്രയേറെ അനുയോജ്യമായ ഒരുപമ ആ ഭർത്താവിന് നൽകി നൻമുല്ലെയാർ രചിച്ച ഈ പാട്ട് ആ കാലഘട്ട ത്തിലെ പരസ്ത്രീ തൽപ്പരരായ ഭർത്താക്കന്മാർക്ക് ഒരു താക്കീതായി അനുഭവപ്പെട്ടി രിക്കും എന്നത് തീർച്ചയാണ്.

## 1.2.1.2.3 പതിറ്റുപ്പത്ത്

പത്തുചേരരാജാക്കന്മാരെ പത്തു കവികൾ വാഴ്ത്തുന്നതാണ് പതിറ്റുപ്പത്ത്. അതിൽ ഒന്നാമത്തെയും പത്താമത്തെയും പാട്ടുകൾ കണ്ടു കിട്ടിയില്ല. കണ്ടെത്തിയ എട്ടുപാട്ടുകളിൽ ഒരെണ്ണം സ്ത്രീരചനയാണ്.

### 1.2.1.2.3.1 കാക്കൈപ്പൊടിനിയാർ നച്ചെള്ളെയാർ

പതിറ്റുപ്പത്തിൽ കേരളരാജാവായ ആട്ട്കൊട്ട്പാട്ടു ചേരലാതനെ വാഴ്ത്തിക്കൊണ്ടെഴുതിയ ആറാം പത്ത് എഴുതിയത് കാക്കൈപ്പാടിനിയാരാണ്. ആട്ട്കൊട്ട്പാട്ട് ചേരലാതന്റെ യുദ്ധവിജയങ്ങളും വീര കഥകളും ഈ പാട്ടിൽ വിവരിക്കുന്നു.

## 1.2.2. പത്തുപ്പാട്ട്

താരതമ്യേന ദിർഘങ്ങളായ പത്തുപാട്ടുകളുടെ സമാഹാരമായ പത്തുപാട്ടിൽ രണ്ടാമത്തെ പാട്ടായ പെരുനർ ആറ്റുപ്പടയാണ് സ്ത്രീ രചന

### 1.2.2.1 മുടത്താമക്കണ്ണിയാർ

പത്തുപാട്ടിലെ രണ്ടാമത്തെകാവ്യമായ പെരുനർ ആറ്റുപ്പട എഴുതിയ കവയിത്രിയാണ് മുടത്താമക്കണ്ണിയാർ. ഇവരുടേതായി മറ്റൊരു കൃതിയും കണ്ടുകിട്ടിയിട്ടില്ലെങ്കിലും ഈ ഒരൊറ്റ കാവ്യം കൊണ്ടുതന്നെ നല്ലൊരു യുദ്ധപ്പാട്ടുകാരി എന്ന ബഹുമതി ഇവർ നേടിയെടുത്തിരുന്നു. കാവ്യത്തിലെ നായകനായ കരിംകാലപെരുവളത്താന്റെ സമകാലീനയായിരുന്നു മുടത്താമക്കണ്ണിയാർ. ചോളനാട്ടുകാരിയായ ഇവർ എന്നും തലയിൽ പൂമാല (കണ്ണി) ചൂടി നടക്കുന്ന സ്വഭാവക്കാരിയായിരുന്നതിനാലാണ് ഈ പേര് വന്നത്. വിവിധ സംഗീതവാദ്യോപകരണങ്ങളുടെ ഘടനയിലും അവ കൈകാര്യം ചെയ്യുന്നതിലും ഇവർക്ക് അറിവുണ്ടായിരുന്നു.കാരണം കാവ്യത്തിൽ വീണയുടെ വർണ്ണനയും ഉപമാലങ്കാര പ്രയോഗങ്ങളും കാണുന്നുണ്ട്.

പെരുനർ എന്ന സമരഗായകർ ഊരുകൾ തോറുമുള്ള ഉത്സവങ്ങളിലും മറ്റും പാട്ടുകൾ പാടിയും കലാപ്രദർശനം നടത്തിയും ജീവിക്കുന്നവരാണ്. വിജയശ്രീലാളിതനായ കരിംകാല വളവനെ പ്രകീർത്തിക്കുന്ന പോർക്കളം പാട്ടാണ് പെരുനർ ആറ്റുപട. ഗാനകലയിൽ പെരുനർ സംഘത്തിനുള്ള പാടവം, വീണയുടെ ഘടനയും സ്വഭാവവും, കലാകാരികളുടെ പ്രകൃതം, കലാ വിദഗ്ദന്മാരുടെ ക്രാന്തദർശിത്വം വിവിധ കലകളിൽ അറിവുള്ള കരികാലൻ തന്റെ ഗായകരേയും മറ്റും സംരക്ഷിച്ചാദ

രിക്കുന്നവിധം, വെണ്ണിയുദ്ധത്തിന്റെ വിജയാഘോഷം രാജ്യത്തിന്റെ ഭൂപ്രകൃതി, ചോഴനാടിന്റെ ശ്രീത്വം, വിദേശ വ്യാപാരാഭിവൃദ്ധി, അക്കാലത്തെ വാദ്യോപകരണങ്ങൾ, ഭക്ഷ്യവിഭവങ്ങൾ എന്നിങ്ങനെ നാനാവിഷയങ്ങൾ കാവ്യാത്മകമായി പെരുനർ ആറ്റുപടയിൽ ചിത്രീകരിക്കുന്നു.

കലാകാരികളുടെ അടിമുടിയുള്ള വർണ്ണനയിൽ കവയിത്രി തല്പരയായിരുന്നു എന്ന് കാവ്യഭാഗത്തിൽ നിന്ന് മനസ്സിലാകുന്നുണ്ട്. മാത്രമല്ല നർമ്മരസികയുമായിരുന്നു ഇവർ. ഫലിത പ്രയോഗങ്ങൾ ചില വരികളിൽ കാണാം. മാത്രമല്ല ധനം ദാനത്തിനും മോഷണത്തിനുമുള്ള ഉപാധി എന്നറിഞ്ഞു പെരുമാറാത്ത മനുഷ്യൻ വെറും നാൽക്കാലികളാണെന്നും കവയിത്രി ബോധിപ്പിക്കുന്നുണ്ട്. അതിനാൽ വിവാഹാഭ്യർത്ഥന നടത്താൻ നായകനെ തോഴി ഉപദേശിക്കുന്നു. ഇതാണ് പാട്ടിലെ വിഷയം.

## 1.3 സംഘകാല സ്ത്രീകവിതകളുടെ വിശകലനം

ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള സംഘകാലകവിതകൾ വായിച്ചെടുക്കാൻ ഭാഷയുടെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. എങ്കിലും അക്കാലത്തെ സാഹിത്യത്തെപ്പറ്റിയും അന്നത്തെ സമൂഹത്തിന്റെ ജീവിതരീതിയെ പറ്റിയും ആചാരങ്ങളെ പറ്റിയും ആ പാട്ടുകളിൽ മനസിലാക്കാം. അതുകൊണ്ടു തന്നെ സംഘകാലകവിതകളുടെ പഠനം ഇന്നും പ്രസക്തമാണ്.

### 1.3.1 സ്ത്രീപുരുഷബന്ധസ്വഭാവം

സംഘകാലത്ത് സ്ത്രീപുരുഷന്മാർ തമ്മിൽ വളരെ സ്വതന്ത്രമായാണ് ഇടപെട്ടിരുന്നത്. ഉത്സവങ്ങളിലും വിനോദങ്ങളിലും അവർ സമത്വബോധത്തോടെ ഇടകലർന്നു പെരുമാറിയിരുന്നു. പ്രേമവിവാഹം സർവ്വസാധാരണമായിരുന്നു. തോഴിമാരാണ് പലപ്പോഴും കാമിനികാമുകന്മാരെ തമ്മിൽ ചേർക്കാറുള്ളത്. ഇതെല്ലാം അകം കവിതകളിൽ പറയുന്നുണ്ട്.

### 1.3.2 സ്ത്രീപദവി

സംഘകാല സാഹിത്യത്തിൽ സ്ത്രീകവികൾക്ക് പുരുഷൻമാരോടൊപ്പം തന്നെ സ്ഥാനം ലഭിച്ചിരുന്നു വിദ്യാഭ്യാസവും സാഹിത്യദി കലകളും സ്ത്രീകൾക്ക് നിഷിദ്ധമായിരുന്നില്ല. അവർ സ്വാതന്ത്ര്യത്തോടെ ജീവിച്ചു പോന്നു. ശൈവ മതങ്ങളും വേദങ്ങളുമെല്ലാം വളരെ മുമ്പു മുതൽ അറിയപ്പെട്ടിരുന്നുവെങ്കിലും അത് ജനങ്ങളുടെ മേൽ ഉച്ചനീചത്വമോ അസമത്വമോ ഏർപ്പെടുത്തിയിരുന്നില്ല. സ്ത്രീകൾക്ക്

കുടുംബത്തിലും മാന്യമായ സ്ഥാനം ലഭിച്ചിരുന്നു. ഈശ്വര സങ്കൽപ്പങ്ങളിൽപോലും ദേവിക്കായിരുന്നു മുഖ്യസ്ഥാനം. ദുർഗ്ഗാ ക്ഷേത്രങ്ങളും കാളീ ക്ഷേത്രങ്ങളുമാണ് കൂടുതലായും ഉണ്ടായിരുന്നത്. യുദ്ധം ചെയ്യാൻ സ്ത്രീകൾ പോയിരുന്നില്ല. സ്ത്രീഹത്യ നിന്ദ്യമായിട്ടാണ് കരുതിയിരുന്നത്. പുരുഷനോടൊപ്പം വയലുകളിലും കൃഷിയിടങ്ങളിലും സ്ത്രീകൾപണിയെടുത്തിരുന്നു. ചിലപ്പതികാരത്തിൽ ശാലിനി എന്ന വേടസ്ത്രീ ക്ഷേത്രത്തിലെ പൂജാകർമ്മങ്ങൾ നടത്തിയിരുന്നതായി പറയുന്നു ണ്ട്. എന്തിലും ഏതിലും പുരുഷനോടൊപ്പമോ പുരുഷനേക്കാൾ മാന്യമായോ നിന്ന സ്ത്രീയുടെ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നതിനു മുമ്പുള്ള കാലഘട്ടത്തെയാണ് സംഘംകൃതികളിലൂടെ വ്യക്തമാകുന്നത്. സമൂഹത്തിനുള്ള ഈ സമത്വം സാഹിത്യ ത്തിലും കാണുന്നുണ്ട്.

സംഘകാല കവയിത്രികളിൽ പ്രശസ്തരും അപ്രശസ്തരുമുണ്ട്. സ്ഥിരം കവി തയെഴുതുന്നവരും അല്ലാത്തവരുമുണ്ട്. ഒറ്റപ്പാട്ടു മാത്രം രചിച്ച കവയിത്രികളുമുണ്ട്. ഏറ്റവും കൂടുതൽ പാട്ടുകൾ രചിച്ചിരിക്കുന്നത് ഔവ്വയാറാണ്. ഔവ്വയാറെപ്പോലെ ത്തന്നെ പ്രശസ്തി നേടിയവരാണ് കാക്കൈപാടിനിയാർ നച്ചെള്ളൈയാർ.കവയിത്രി കൾ ഭൂരിഭാഗംപേരും അകം കവിതകളിലാണ് കൂടുതൽ പ്രഗത്ഭ്യം തെളിയിച്ചിട്ടുള ളത്.

### 1.3.3 ജാതിഭേദങ്ങൾ

മറവവിഭാഗത്തിലുള്ള സ്ത്രീകൾക്കായിരുന്നു സമൂഹത്തിൽ ഉന്നത സ്ഥാനം. കാരണം മറവവിഭാഗത്തിൽപ്പെടുന്ന സ്ത്രീകളെക്കുറിച്ച് കവിതകളിൽ പരാമർശ്ശമു ണ്ട്. മറവസ്ത്രീകളെപ്പറ്റി മാത്രം കവിതയെഴുതിയ കവയിത്രികളുമുണ്ട്. വീരയോദ്ധാ ക്കളാണ് മറവർ. അവരുടെ അമ്മമാർ തങ്ങളുടെ മക്കൾ യുദ്ധത്തിൽ ജയിച്ചു വരണ മെന്ന് ആഗ്രഹിക്കുന്നു. അത്തരത്തിലുള്ള അവരുടെ കഥകൾ പറയുന്ന പാട്ടുകൾ പുറനാനൂറിൽ ധാരാളമുണ്ട്.

സ്ത്രീപുരുഷഭേദമോ ജാതിവർഗ്ഗ ഭേദമോ ഒന്നും തന്നെ സംഘകാല സാഹി ത്യരംഗത്ത് ഉണ്ടായിരുന്നില്ല. വിരലിലെണ്ണാവുന്ന കുറച്ചു പേരെ മാറ്റി നിർത്തിയാൽ സംഘകാല കവികളിൽപ്പെട്ടവരെല്ലാം പാണർ, വേടർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട വരാണ്. സംഘകാലത്തിനുശേഷം വന്ന മലയാളത്തിലെ കവയിത്രികളിൽ നിന്ന് വ്യത്യസ്തമായി ഇക്കാലത്തെ കവയിത്രികളുടെ കൂട്ടത്തിൽ ഒരു സവർണ്ണസ്ത്രീ പോലും ഇല്ല എന്നതാണ് വാസ്തവം.

### 1.3.4 പ്രമേയസ്വീകരണം

നിലവിലിരുന്ന പാട്ടുരീതികൾക്കനുസരിച്ച് പാട്ടുകൾ രചിച്ചിരുന്ന സംഘകാലകവയിത്രികൾ പ്രണയവും വിരഹവുമാണ് കൂടുതലും പ്രമേയമായി സ്വീകരിച്ചിരിക്കുന്നത്. അനുയോജ്യമായ ഉപമകളിൽകൂടി അവർ ഇത്തരം പ്രണയങ്ങളെ മനസ്സിൽ തട്ടും വിധം അവതരിപ്പിക്കുന്നു. വിരഹത്തെയും പ്രണയത്തേയും ഉപമിക്കാൻ പ്രകൃതിയിലെ ഓരോ വസ്തുക്കളും അവർ ഉപയോഗിച്ചിരുന്നു.

അകം കവിതകളാണ് കൂടുതലും കവയിത്രികൾ എഴുതിയിട്ടുള്ളത്. എന്നാൽ പതിവുരീതിയിൽ നിന്നും വ്യത്യസ്തമായി സാമൂഹികാചാരങ്ങൾ എടുത്തുകാട്ടുന്ന രചനകളും സംഘകാലകവയിത്രികൾ എഴുതിയിട്ടുണ്ട്. സതീസമ്പ്രദായത്തെക്കുറിച്ചും വിധവകളുടെ ജീവിതത്തെക്കുറിച്ചും നിലവിലിരുന്ന വിവാഹരീതികളെക്കുറിച്ചുമൊക്കെ പരാമർശിക്കുന്ന പാട്ടുകൾ ഇക്കൂട്ടത്തിലുണ്ട്. പൂതപ്പാണ്ടിയൻതേവി പെരുംകോപ്പെണ്ടിന്റെയും നെടും പല്ലിയത്തൈനാറിന്റെയും കവിതകൾ ഇതിനുദാഹരണങ്ങളാണ്.

### 1.3.5 സ്ത്രീകർതൃത്വനിർമ്മിതി

തങ്ങൾ വ്യാപരിക്കുന്ന സാംസ്കാരിക മേഖലയിൽ സ്ത്രീ സ്വത്വവും അതിന്റെ പ്രസക്തിയും ഇന്നത്തെ അർത്ഥത്തിലല്ലെങ്കിലും സ്ഥാപിച്ചെടുക്കുന്നതിൽ തനതായ സംഭാവനകൾ നൽകാൻ ഒരു പരിധിവരെയെങ്കിലും സംഘകാല കവയിത്രികൾക്ക് കഴിഞ്ഞിട്ടുണ്ട്. അന്നുനിലവിലിരുന്ന സ്ത്രീയവസ്ഥകളും സ്ത്രീകളുടെ ജീവിതാനുഭവങ്ങളും ആവിഷ്ക്കരിക്കുന്ന കവിതകൾ സംഘകാലകവയിത്രികൾ രചിച്ചിട്ടുണ്ട്.

## 1.4 മലയാളഭാഷാ രൂപീകരണ ഘട്ടം.

മലയാളഭാഷയുടെ ആദ്യകാലചരിത്രം അജ്ഞാതമാണ്. സംഘകാലത്തിന് ശേഷം ഏകദേശം പന്ത്രണ്ടാം നൂറ്റാണ്ടുവരെ അതായത് മലയാള ഭാഷ അതിന്റെ വ്യക്തിത്വം രൂപീകരിക്കപ്പെടുന്നതുവരെയുള്ള സാഹിത്യചരിത്രം അവ്യക്തമാണ്. കൊല്ലവർഷാരംഭത്തിൽ തൊട്ടുമുമ്പുള്ള മലയാളഭാഷയുടെ സ്വഭാവം ആർക്കും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ കൊല്ലവർഷാരംഭത്തോടെ ഏകദേശം ഒമ്പതാം നൂറ്റാണ്ടിൽ രചിച്ച ചില സ്തോത്രങ്ങളും പാട്ടുകളുമുണ്ട്. അതിലെല്ലാം കൂടുതലായി കാണുന്നത് തമിഴ് സ്വാധീനമാണ്. അവയിലൊന്നും ഇക്കാലത്തെ മലയാളഭാഷയുടെ സവിശേഷതകളൊന്നും കണ്ടെത്താൻ കഴിയുന്നില്ല. ഏകദേശം

പന്ത്രണ്ടാം നൂറ്റാണ്ടു വരെ മലയാളഭാഷയിൽ രചിച്ച കൃതികളൊന്നും കണ്ടെടുക്കാനായിട്ടില്ല. പന്ത്രണ്ടാം നൂറ്റാണ്ടിൽ എഴുതിയതെന്നു കരുതപ്പെടുന്ന രാമചരിതമാണ് മലയാളത്തിൽ കണ്ടു കിട്ടിയിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രാചിന കൃതി. ഈ കാലഘട്ടത്തിൽ രണ്ടു പ്രമുഖ സാഹിത്യ രചനാസമ്പ്രദായങ്ങൾ ഇവിടെ നിലനിന്നിരുന്നു മണിപ്രവാളവും പാട്ടും. ഇങ്ങനെയാണ് മലയാളഭാഷാരൂപീകരണഘട്ടത്തെക്കുറിച്ച് സാഹിത്യചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്.

### 1.5 മലയാളഭാഷാരൂപീകരണത്തിനുശേഷമുള്ള കവിതയിലെ സ്ത്രീസാന്നിദ്ധ്യം:

എം.ലീലാവതിയുടെ മലയാള കവിതാ സാഹിത്യചരിത്രം (1980) ടി.എം.ചുമ്മാറിന്റെ പദ്യസാഹിത്യചരിത്രം (1984) ഉള്ളൂരിന്റെ കേരള സാഹിത്യചരിത്രം രണ്ട്, മൂന്ന് വാല്യങ്ങൾ - (1990)എരുമേലി പരമേശ്വരൻ പിള്ളയുടെ മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ(1996)കെ.എം.ജോർജ്ജിന്റെ(എഡിറ്റർ),ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ (1998) എന്നീ സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളെ ആസ്പദമാക്കിയാണ് മലയാളഭാഷാരൂപീകരണത്തിനുശേഷമുള്ള കവിതയിലെ സ്ത്രീസാന്നിദ്ധ്യത്തെകുറിച്ചുള്ള അന്വേഷണം ഈ പ്രബന്ധത്തിൽ നടത്തിയിട്ടുള്ളത്.

സാഹിത്യത്തിൽ കൃത്യമായ കാലവിഭജനവും വികസനവും രേഖപ്പെടുത്താൻ പലപ്പോഴും കഴിയാറില്ല. അതായത് സാഹിത്യത്തിൽ മാറ്റങ്ങൾ ഇടതടവില്ലാതെ സംഭവിക്കുന്നതുകൊണ്ട് അതിന്റെ ക്രമാനുഗതമായ വികാസം വർഷങ്ങൾക്കനുസരിച്ച് ഒതുക്കി നിർത്തുക പ്രയാസമാണ്. സാഹിത്യത്തിന്റെ വളർച്ചക്ക് പ്രേരകമാകുന്ന ഘടകങ്ങൾ പലതാണ് സാമൂഹികവും സാംസ്കാരികവുമായ അവസ്ഥകളും മറ്റു ഭാഷകളുടെ കടന്നു വരവുമെല്ലാം അതിനു കാരണമാകുന്നുണ്ട്. മാനുഷികമൂല്യങ്ങളും സാഹിത്യവളർച്ചയെ സ്വധീനിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ സാഹിത്യ പ്രസ്ഥാനങ്ങളുടെ ആവിർഭാവവും ഭാഷയുടെ സ്വഭാവവുമെല്ലാം പരിഗണിച്ച് ഒരു കാല വിഭജനമാണ് പണ്ഡിതന്മാർ നടത്താറുള്ളത് സാഹിത്യ ചരിത്രത്തിന്റെ കാല വിഭജനത്തിൽ ഭാഷാ പണ്ഡിതൻമാർ ഏകാഭിപ്രായക്കരല്ല.പ്രാചീന കാലം, മധ്യ കാലം, ആധുനികകാലം എന്നിങ്ങനെയാണ് പൊതുവേ പണ്ഡിതൻമാരുടെ കാലവിഭജനം.(1996:59)

ഭാഷാ കർത്താവായ പി.ഗോവിന്ദൻപിള്ള ആദി മലയാളം (ക്രിസ്തുവിനു മുമ്പ് 600 മുതൽ ക്രിസ്തു വർഷം 800 വരെ) മധ്യമലയാളം ക്രിസ്തു വർഷം 800-മുതൽ 1500 വരെ) നവീന മലയാളം (ക്രിസ്തു വർഷം 1500 മുതൽ) എന്നിങ്ങനെയാണ് സാഹിത്യ ചരിത്രകാലത്തെ വിഭജിച്ചിരിക്കുന്നത്. പി. ശങ്കരൻ നമ്പ്യാർ ക്രിസ്തുവർഷം പതിമൂന്നാം ശതകംവരെ പ്രാചീനകാലം, ക്രിസ്തു വർഷം പതി

മൂന്നാം ശതകം മുതൽ പതിനാറാം ശതകം വരെ, മധ്യകാലം പതിനാറാം ശതകം മുതൽ ആധുനിക കാലം എന്നിങ്ങനെയാണ് വിഭജിച്ചിരിക്കുന്നത്. (1990:51) എ.ആർ രാജരാജവർമ്മയുടെ കാലവിഭജനം ക്രിസ്തുവവർഷാരംഭം 825 മുതൽ 1325 വരെ ആദ്യഘട്ടം, അഥവാ കരിന്തമിഴ് കാലം, 1325 മുതൽ 1625 വരെ മധ്യഘട്ടം 1625 മുതൽ ആധുനിക കാലഘട്ടം അഥവാ മലയാള കാലം എന്നിങ്ങനെയാണ്. (1990:51)കേരളസാഹിത്യചരിത്രകർത്താവ് ആർ.നാരായണപ്പണിക്കർ സാഹിത്യചരിത്രകാലം നാലായി വിഭജിച്ചിരിക്കുന്നു. (1990:51) ക്രി.വ എട്ടാം ശതകം വരെ അതിപ്രാചീന കാലംക്രി.വ 8 മുതൽ 14 വരെ ദ്രാവിഡ പ്രഭാവ കാലം 14 മുതൽ 17 വരെ സംസ്കൃത പ്രഭാവ കാലം 17-ാം ശതകം മുതൽ ആധുനിക കാലം എന്ന പ്രകാരമാണ് ആ വിഭജനം എല്ലാ സംഗതികളെയും പര്യാലോചിച്ച് ഞാൻ കൊല്ല വർഷം 700 വരെ പ്രാചിന സാഹിത്യകാലമെന്നും അതിനുമേൽ നവീന സാഹിത്യ കാലമെന്നും അതിൽ 1030 മുതൽ അദ്യതന (ഇന്നുള്ള) സാഹിത്യകാലമെന്നും അഭിപ്രായപ്പെടുന്നു. എന്ന് കേരള സാഹിത്യചരിത്രകാരൻ ഉള്ളൂർ തന്റെ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. (1990:51) ഈ കാല വിഭജനങ്ങളെയെല്ലാം സ്വാംശീകരിച്ച് ഈ പഠനത്തിൽ പ്രസ്ഥാനപരമായ വിഭജനമാണ് സ്വീകരിച്ചിരിക്കുന്നത്.

**1.5.1 പാട്ടുപ്രസ്ഥാനം**

മലയാളത്തിലെ ആദ്യത്തെ സാഹിത്യ പ്രസ്ഥാനമാണ് പാട്ടു പ്രസ്ഥാനം[3]. മണി പ്രവാള ഭാഷയെ വിശദമായി പ്രതിപാദിച്ച് ലക്ഷണനിർണയം ചെയ്തിട്ടുള്ള കൃതിയാണ് 'ലീലാതിലകം' മണിപ്രവാളത്തിന് ലക്ഷണം നിർണയിക്കുന്നതിനിടയിൽ മണിപ്രവാള ഭാഷക്കും സാഹിത്യത്തിനും മുമ്പ് നിലനിന്നിരുന്ന പാട്ടുഭാഷാ സാഹിത്യത്തെകുറിച്ച് സാന്ദർഭികമായി ലീലാതിലകക്കാരൻ പരാമർശിക്കുകയും അതിനു ലക്ഷണനിർണയം നടത്തുകയും ചെയ്തു.(1990:60) മണിപ്രവാളത്തേക്കാൾ പ്രാചീനമാണ് പാട്ടുഭാഷ അതിൽ കേരളീയത പ്രതിഫലിക്കുന്നു.കേരളീയ ഭാഷയും കേരളീയ പ്രകൃതിയും സംസ്കാരവും ഈ പാട്ടുകളിൽ കാണാം. സമൂഹത്തിന്റെ സാധാരണജനങ്ങളുടെയും സാധാരണക്കാരുടെയും ജീവിതമാണ് പാട്ടിൽ ആവിഷ്കരിച്ചിരിക്കുന്നത്

പാട്ടുപ്രസ്ഥാനത്തിലെ ആദ്യത്തെ കൃതിയായി കണ്ടെത്തിയിട്ടുള്ളത് രാമചരിതമാണ്. പിന്നീട് പാട്ടു സാഹിത്യ പ്രസ്ഥാനത്തിൽ ധാരാളം കൃതികൾ കണ്ടെടുക്കപ്പെടുകയുണ്ടായി. തിരുനിഴൽമാല, കണ്ണശ്ശകൃതികളായ രാമായണം,ഭാരതം, ഭാഗവതം, ഭാരതമാല തുടങ്ങിയവ, രാമകഥാപ്പാട്ട്, ഭാരതംപാട്ട്, കൃഷ്ണപ്പാട്ട് (കൃഷ്ണഗാ

ഥ) പാന തുടങ്ങിയവ, ഇവയെല്ലാം ഈ പ്രസ്ഥാനത്തിൽ പെട്ടവയാണ്. കിളിപ്പാട്ടും തുള്ളൽപ്പാട്ടും വഞ്ചിപ്പാട്ടും പൊതുവേ ഈ പ്രസ്ഥാനത്തിൽ പെട്ടവയാണെങ്കിലും പ്രത്യേക പ്രസ്ഥാനമായി നിലകൊള്ളുന്നു.

രാമചരിതത്തിന്റെ രചയിതാവ് 'ചീരാമൻ' എന്നു പേരുള്ള കവിയാണെന്ന് കാവ്യാവസാനത്തിൽ പറയുന്നുണ്ട്.

''ആതിതേവനിലമിഴ്ന്ത മനകാമ്പുടെയ
ചീരാമനമ്പി
നൊടിയമ്പിന തമിഴ്കവിവെൽവോർ''
(1996:63)

തമിഴ് പാരമ്പര്യത്തിന്റെ ചുവടൊപ്പിച്ചു രൂപം കൊണ്ട പാട്ടുസാഹിത്യ പ്രസ്ഥാനത്തിലെ പ്രഥമവും പ്രാധാന്യമർഹിക്കുന്നതുമായ കൃതിയാണ് രാമചരിതം

രാമചരിതത്തിനുശേഷം കുറച്ചു കാലം നിശബ്ദമായിപ്പോയ പാട്ടുസാഹിത്യത്തിൽ പിന്നീട് വന്നത് കണ്ണശ്ശക്കൃതികളാണ്. കണ്ണശ്ശൻമാർ അഥവാ നിരണം കവികൾ രാമപ്പണിക്കർ, മാധവപ്പണിക്കർ, ശങ്കരപ്പണിക്കർ എന്നിങ്ങനെ മൂന്നു പേരാണ്. കണ്ണശൻ അഥവാ കരുണേശൻ എന്ന പേരിൽ ഇവർക്കൊരു പിതാമഹനും ഉണ്ടായിരുന്നു.മാധവപ്പണിക്കരാണ് ഭാഷാഭഗവത് ഗീതയുടെ കർത്താവ്. ശങ്കരപ്പണിക്കരുടെ കൃതിയാണ് ഭാരതമാല. കണ്ണശ്ശരാമായണവും ഭാഗവതവും ഭാരതവും ശിവരാത്രി മാഹാത്മ്യവും എഴുതിയത് രാമപ്പണിക്കരാണ്.

ഒരു ജനകീയ ഗാനമഹാകാവ്യമായ രാമകഥാപാട്ട് രചിച്ചിരിക്കുന്നത് അവ്വാടുതുറ അയ്യൻ പിള്ളയാശാനാണെന്ന് സാഹിത്യ ചരിത്രങ്ങൾ രേഖപ്പെടുത്തുന്നു.അയ്യപ്പിള്ള ആശാന്റെ സഹോദരൻ അയ്യനപ്പിള്ള ആശാന്റെ കൃതിയാണ് ഭാരതം പാട്ട്. തിരുവാറന്മുള അപ്പന്റെ മാഹാത്മ്യം പ്രകീർത്തിക്കുന്ന കൃതിയാണ് തിരുനിഴൽമാല. ആറന്മുളഗ്രാമത്തിന്റെ പുറം ചേരിയായ അരിയൂർ ചേരിക്കാരനായ ഗോവിന്ദൻ ആണ് ഈ കൃതിയുടെ രചയിതാവ്.

ഇങ്ങനെ പാട്ടുപ്രസ്ഥാനത്തിലെ കൃതികളെല്ലാം എടുത്ത് പരിശോധിച്ചാൽ ഇവയിലൊന്നും തന്നെ കർത്താക്കളുടെ സ്ഥാനത്ത് സ്ത്രീനാമങ്ങൾ കണ്ടെത്താൻ കഴിയുന്നില്ല.

സംഘകാലത്ത് സ്ത്രീരചനകൾ സജീവമായി ഉണ്ടായിരുന്നു. അതുകൊണ്ട് അതിനുശേഷമുള്ള കാലഘട്ടത്തിലും സ്ത്രീകൾ പാട്ടുകൾ രചിച്ചിരിക്കണം. പക്ഷേ ചരിത്രം അവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. അന്നത്തെ സമൂഹം സ്ത്രീകളുടെ രച

നകൾ രേഖപ്പെടുത്തുന്നതിൽ വിമുഖത കാട്ടിയിരുന്നതാവാം കാരണം. ഏതായാലും മലയാളഭാഷാ രൂപീകരണത്തിനു തൊട്ടു പിമ്പുള്ളകാലത്തെ പ്രതിനിധികരിക്കുന്ന പാട്ടു പ്രസ്ഥാനത്തിൽ കവയിത്രികളുടെ രചനകളൊന്നും കണ്ടെത്താൻ കഴിയുന്നില്ല.

### 1.5.2 മണിപ്രവാള പ്രസ്ഥാനം

പാട്ടുപ്രസ്ഥാനത്തിനൊപ്പം വളർന്നു വന്നതാണ് മണിപ്രവാളപ്രസ്ഥാനം. പ്രാചീന സാഹിത്യചരിത്രത്തിലെ ഏറെ സമ്പന്നമായ കാലത്തെയാണ് മണിപ്രവാളം പ്രതിനിധാനം ചെയ്യുന്നത്. മണിപ്രവാളത്തിന്റെ രൂപശിൽപങ്ങളും രസാലങ്കാരങ്ങളും വിശദീകരിക്കുന്ന ഭാഷാ ശാസ്ത്രഗ്രന്ഥമാണ് ലീലാതിലകം. ആര്യാധിനിവേശത്തിന്റെ പ്രതിഫലം കൂടിയായ ഈ മണിപ്രവാളസാഹിത്യത്തിൽ ഉപരിവർഗ്ഗത്തിന്റെ സാഹിത്യാഭിരുചികളും ജീവിതചര്യകളുമാണ് പ്രതിഫലിക്കുന്നത് ത്രൈവർണികരുടെ ആഢ്യഭാഷയാണ് മണിപ്രവാളം. (1990:128)

ക്രിസ്തുവർഷം പന്ത്രണ്ടാം നൂറ്റാണ്ടിൽ തന്നെ മണിപ്രവാള സാഹിത്യം വളർന്നു വന്നിരുന്നുവെങ്കിലും പതിമൂന്നാം നൂറ്റാണ്ടിലാണ് അത് സജീവമായി ഭാഷാസാഹിത്യത്തെ സ്വാധിനിക്കുന്നത്. പ്രമേയപരമായും കാവ്യസൗന്ദര്യപരമായും മണിപ്രവാളകൃതികൾ മലയാളഭാഷയെ വികാസത്തിലേക്കു നയിച്ചു.

വൈശികതന്ത്രമാണ് കണ്ടുകിട്ടിയിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രാചീനമായ മണിപ്രവാള കാവ്യം[4]. വേശ്യയുടെ ജീവിതവീക്ഷണവും വേശ്യാസമ്പ്രദായവുമാണ് വൈശിക തന്ത്രത്തിൽ വിവരിക്കുന്നത്. അത് പോലെ സ്ത്രീ വിഷയം പ്രമേയമായി വരുന്ന കൃതികളാണ് ചന്ദ്രോത്സവം, ചെറിയച്ചി, മല്ലിനിലാവ്, തുടങ്ങിയ ചെറിയ കവിതകൾ. സ്ത്രീനാമം ശീർഷകമായിവരുന്ന കവിതകളിൽപോലും കാവ്യവിഷയമാണ് സ്ത്രീ. ഇവയിലൊന്നും കവികർതൃസ്ഥാനത്ത് സ്ത്രീ കടന്നു വരുന്നില്ല. സ്ത്രീകളുടെ പേരുകൾ എവിടെയും രേഖപ്പെടുത്തിയിട്ടില്ല. എല്ലാം അജ്ഞാത കർതൃകങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഒരു പക്ഷേ ഈ രചനകളിൽ സ്ത്രീ സാന്നിധ്യം ഉണ്ടായിരുന്നിരിക്കാം. പക്ഷേ തെളിവുകൾ ലഭിക്കാത്തിടത്തോളം കാലം അവയെല്ലാം അജ്ഞാത കർതൃകങ്ങൾ തന്നെയാണ്.

### 1.5.3 ചമ്പൂ കാവ്യപ്രസ്ഥാനം

പന്ത്രണ്ടാം നൂറ്റാണ്ടിനു ശേഷം മലയാള ഭാഷയിലേക്കു കടന്നുവന്ന പ്രസ്ഥാനമാണ് ചമ്പു. സംസ്കൃതത്തിൽ നിന്നാണ് ഇത് ഭാഷയിലേക്കു വന്നത് കഥാഭാഗം ഗദ്യത്തിലും നീതിസാരങ്ങൾ പദ്യത്തിലുമായിട്ടാണ് ചമ്പുക്കളുടെ രചനാ രീതി 'ഗദ്യ

പദ്യാത്മകം കാവ്യം ചമ്പൂരി ത്യഭിധിയതേ' എന്നിങ്ങനെയാണ് സാഹിത്യദർപ്പണത്തിൽ ചമ്പുവിന് ലക്ഷണം നൽകിയിരിക്കുന്നത് അതായത് ഗദ്യവും പദ്യവും ചേർന്ന കാവ്യ രീതിയാണിത്. ചമ്പുക്കളെ രണ്ടു കാലഘട്ടങ്ങളിലായി വിഭജിക്കുന്നു.

#### 1.5.3.1 ആദ്യകാല ചമ്പുക്കൾ

മലയാളത്തിലുണ്ടായിട്ടുള്ള ആദ്യത്തെ ചമ്പു കാവ്യമാണ് 'ഉണ്ണിയച്ചീ ചരിതം' ദേവൻ ശ്രീകുമാരൻ എന്ന കവിയാണ് ഇതിന്റെ രചയിതാവ്. പതിമൂന്നാം നൂറ്റാണ്ടാണ് രചനാകാലം.

പതിമൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലുണ്ടായ കൃതിയാണ് ഉണ്ണിച്ചിരുതേവി ചരിതം. ഉണ്ണിച്ചിരുതേവി ചരിതം എഴുതിയത് ആരെന്ന് വ്യക്തമല്ല.

പതിനാലാം ശതകത്തിലുണ്ടായ കാവ്യമാണ് ഉണ്ണിയാടി ചരിതം. ദാമോദര ചാക്യരാണ് കവി. മൂന്നു കൃതികളിലും സുന്ദരിമാരായ നർത്തകിമാരാണ് നായികമാർ. അവരുടെ സൗന്ദര്യാതിശയത്തിൽ മയങ്ങുന്ന ഗന്ധർവ്വനും ദേവേന്ദ്രനും രാജാക്കന്മാരും അവരെത്തേടിപ്പുറപ്പെടുന്നതാണ് മൂന്നു ചമ്പുകളിലും പ്രമേയം. മൂന്നും സ്ത്രീവർണനാ പ്രധാനമാണ്.

ഈ കൃതികളിലെല്ലാം നായികാസ്ഥാനത്തൊക്കെ സ്ത്രീകളാണെങ്കിലും കവി കർതൃസ്ഥാനത്തേക്ക് അവർ കടന്നു വരുന്നതായി കാണുന്നില്ല.

#### 1.5.3.2 മധ്യകാല ചമ്പുക്കൾ

ചമ്പൂകാവ്യങ്ങളുടെ രണ്ടാം പിറവിയായിട്ടാണ് മധ്യകാല ചമ്പുക്കളെ കാണുന്നത്. ഇത് പതിനാറാം നൂറ്റാണ്ടിലാണ് സംഭവിക്കുന്നത്. ഇക്കാലത്തിനിടയിൽ പ്രസ്ഥാനം തഴച്ചു വളർന്നു. വലുതും ചെറുതുമായി ധാരാളം ചമ്പുകൾ ഇക്കാലത്തുണ്ടായി. ആദ്യകാല ചമ്പുകളിൽ നിന്ന് കാവ്യ പ്രമേയത്തിലും കഥാഘടനയിലും ആവിഷ്കരണത്തിലും മധ്യകാലചമ്പുക്കൾ വ്യത്യസ്തത പുലർത്തുന്നു. ആദ്യ വിഭാഗത്തിൽപ്പെട്ട കൃതികൾ ഗണികാജീവിതത്തിന്റെ അകത്തളങ്ങൾ തേടിപ്പോയെങ്കിൽ രണ്ടാമത്തെ വിഭാഗം പുരാണ കഥകളുടെ പുനരാഖ്യാനത്തിനാണ് പ്രധാനമായും തയ്യാറായത്. പുരാണേതര വിഷയങ്ങൾ അടിസ്ഥനമാക്കിയുള്ള ചമ്പുക്കളും ഇക്കാലത്ത് ഉണ്ടായിട്ടുണ്ട്.

മധ്യകാലചമ്പുക്കളിൽ ഒന്നാമത്തെ കൃതിയാണ് രാമായണം. ചമ്പു രാമായണം ചമ്പു പുനം നമ്പൂതിരി രചിച്ചതാണെന്ന് പൊതുവേ വിശ്വസിക്കപ്പെടുന്നു.

പുരാണ കഥകളെ ഉപജീവിച്ചുണ്ടായ ആദ്യത്തെ കൃതിയാണ് ഇരുപതു ഭാഗങ്ങളായി രാമായണകഥ പറയുന്ന രാമായണം ചമ്പു. ഭാരതം ചമ്പുവിന്റെ കർതൃ സ്ഥാനവും പൂനം നമ്പൂതിരിക്ക് തന്നെയാണ് നൽകിയിട്ടുള്ളത്. പതിനാലു ഭാഗങ്ങളിലായി ഭാരതകഥ ഈ കൃതിയിൽ പ്രതിപാദിക്കുന്നു

മഴമംഗലത്ത് ഇല്ലത്ത് നാരായണൻ നമ്പൂതിരി എഴുതിയിട്ടുള്ള ചമ്പൂ കാവ്യങ്ങളാണ് നൈഷധം,രാജരത്നാവലിയം, കൊടിയവിരഹം, ബാണയുദ്ധം എന്നിവ പുരാണേതര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനാൽ മഴ മംഗലത്തിന്റെ ചമ്പുക്കളിലെ ഇതിവൃത്തം വ്യത്യസ്തമായിത്തീരുന്നു.

മഴമംഗലത്തിന്റെ സമകാലീനനായിരുന്ന നീലകണ്ഠൻ നമ്പൂതിരി രചിച്ച ചമ്പുകളാണ് ചെല്ലൂരനഥോദയം, തൊങ്കൈലനാഥോദയം, നാരായണീയം എന്നിവ. ഇത്തരത്തിൽ അക്കാലത്തുണ്ടായിട്ടുള്ള ചമ്പൂകാവ്യങ്ങളിലൊന്നും സ്ത്രീകൾ എഴുതിയ കൃതികൾ കണ്ടെടുത്തിട്ടില്ല.

**1.5.4 സന്ദേശ കാവ്യപ്രസ്ഥാനം**

മലയാളത്തിൽ സംസ്കൃത സാഹിത്യത്തെ അനുകരിച്ചുണ്ടായ ഒരു കാവ്യപ്രസ്ഥാനമാണ് സന്ദേശകാവ്യം.(1990:156) കാളിദാസന്റെ മേഘസന്ദേശമാണ് ആദ്യത്തെ സന്ദേശകാവ്യം കാളിദാസന്റെ ഭാവനയിലൂടെയാണ് ഈ പുതിയകാവ്യപ്രസ്ഥാനം ഉടലെടുക്കുന്നത്. മേഘസന്ദേശത്തെ അനുകരിച്ച് മറ്റു ഭാരതിയ ഭാഷകളിലും സന്ദേശ കാവ്യങ്ങൾ ഉണ്ടായിട്ടുണ്ടങ്കിലും അത് നല്ലൊരു പ്രസ്ഥാനമായി വളർന്നത് മലയാളത്തിലാണ്. മേഘസന്ദേശത്തെഅനുകരിച്ച് കേരളത്തിലുണ്ടായ സംസ്കൃത സന്ദേശകാവ്യങ്ങളാണ് ലക്ഷ്മീദാസന്റെ ശുകസന്ദേശം, ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശം, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ വിപ്രസന്ദേശം എന്നിവ.

ഉണ്ണുനീലി സന്ദേശമാണ് മലയാളത്തിലുണ്ടായ ആദ്യത്തെ സന്ദേശകാവ്യം. ഉണ്ണുനീലി സന്ദേശത്തിന്റെ മുമ്പും ചില കൃതികൾ ഉണ്ടായിരുന്നിരിക്കണം. പക്ഷേ കണ്ടുകിട്ടിയ ആദ്യത്തെ കൃതി ഉണ്ണുനീലി സന്ദേശമാണ്. പതിനാലാം ശതകത്തിന്റെ ഉത്തരാർദ്ധമാണ് ഈ കൃതിയുടെ കാലമെന്ന് കൃതിയിൽ നിന്നു തന്നെ വ്യക്തമാകുന്നുണ്ട്. പക്ഷെ രചിച്ചതാരാണെന്ന് അറിയില്ല. കവിയും നായകനും ഒരാളാണെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്. അങ്ങിനെ നോക്കുമ്പോൾ ഉണ്ണുനീലി സന്ദേശം രചിച്ചിരിക്കുന്നതും ഒരു പുരുഷകവി തന്നെയാണെന്നാണ് അവർ കരുതുന്നത്. കവിയുടെ സ്ഥാനത്ത് വടക്കും കൂറിലെ ഇളമുറക്കാരനായ രാജാവ്, ഒരു ചാക്യാർ, ആദിത്യവർമ്മ എന്നിങ്ങനെയൊക്കെ ഓരോ പണ്ഡിത

ന്മാരും അവരുടെ അഭിപ്രായങ്ങൾക്കനുസരിച്ച് പേരുകൾ ആരോപിക്കുന്നു. എന്നാൽ അവിടെയൊന്നും ഒരു സ്ത്രീനാമം ആരോപിക്കപ്പെട്ടതായി കാണുന്നില്ല.

ഉണ്ണുനീലി സന്ദേശത്തിന് ശേഷം പതിനാലാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ പതിനഞ്ചാം ശതകത്തിന്റെ ആദ്യത്തിലോ രചിച്ചതെന്നും കരുതുന്ന കോക സന്ദേശവും അജ്ഞാത കർതൃകമാണ്. ഇങ്ങനെ നോക്കുമ്പോൾ പ്രചീന മധ്യകാലീന മലയാള കവിതാസാഹിത്യത്തിൽ ഉൾപ്പെടുന്ന സന്ദേശകാവ്യങ്ങളിലും രചയിതാക്കളിൽ സ്ത്രീസാന്നിധ്യം കണ്ടെത്താൻ സാധിക്കുന്നില്ല.

### 1.5.5 കൃഷ്ണഗാഥയും ഭക്തി പ്രസ്ഥാനവും

കണ്ണശ്ശക്കൃതികളുടെ രചനാകാലത്ത് തന്നെ പാട്ടും മണിപ്രവാളവും തമ്മിൽ കൂടിക്കലരാൻ തുടങ്ങിയിരുന്നു. അതിനുശേഷം രചിക്കപ്പെട്ട കൃതിയാണ് കൃഷ്ണഗാഥ. മലയാളഭാഷയുടെ തനിമ ഈ പാട്ടിൽ നിറഞ്ഞു നിൽക്കുന്നു. ഈ കൃതിയുടെ കാലം പതിനഞ്ചാം നൂറ്റാണ്ടാണെന്ന് വ്യക്തമാണ്. കാരണം 1446 മുതൽ 1465 വരെ കോലത്തു നാട് ഭരിച്ചിരുന്ന ഉദയ വർമ്മയുടെ ആജ്ഞനയനുസരിച്ചാണ് ഈ കൃതി രചിച്ചതെന്ന് കവി തന്നെ പ്രസ്താവിക്കുന്നുണ്ട്. കൃഷ്ണഗാഥക്കു ശേഷം രചിക്കപ്പെട്ട ഭാരതഗാഥയും കൃഷ്ണഗാഥ രചിച്ച ചെറുശ്ശേരിയുടേത് തന്നെയാണെന്ന് കരുതിപ്പോരുന്നു. (1190:164)

കൃഷ്ണഗാഥക്കു ശേഷമാണ് ഭക്തിപ്രസ്ഥാനം ഭാഷയിൽ കടന്നു വരുന്നത്. അതിന്റെ ഉപജ്ഞാതാവായി നാം കാണുന്നത് എഴുത്തച്ഛനെയാണ്. മലയാള ഭാഷയുടെ പിതാവായി നാം എഴുത്തച്ഛനെ അവരോധിച്ചിരിക്കുന്നു. ഭാഷയും സാഹിത്യവും പരിഷ്കരിക്കുന്നതിൽ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണ വിവർത്തനവും മഹാഭാരത വിവർത്തനവും വലിയ പങ്കു വഹിച്ചു. ഭക്തിപ്രധാനമായ കൃതികൾ എഴുതിയ എഴുത്തച്ഛന്റെ സമകാലീനനാണ് പൂന്താനം .

മലയാളഭാഷാ രൂപീകരണത്തിനു ശേഷമുള്ള ഘട്ടത്തിലെ ചരിത്രം പരിശോധിക്കുമ്പോൾ അവിടെയൊന്നും ഒരു സ്ത്രീനാമം പോലും രേഖപ്പെടുത്തിയതായി കണ്ടെത്താൻ കഴിയുന്നില്ല.

### 1.5.6 വിശകലനം

സംഘകാല കവിതാരചനകളിൽ കണ്ടിരുന്ന സ്ത്രീസാനിധ്യം പിന്നീട് എങ്ങനെയോ നഷ്ടപ്പെട്ടതായി തുടർന്നുള്ള സാഹിത്യചരിത്രത്തിൽ നിന്ന് മനസിലാക്കാം. സാധാരണക്കാരെ മുൻ നിർത്തി എഴുതിയ പാട്ടുകളെല്ലാം തന്നെ ഭക്തി മാർഗ്ഗത്തിലുള്ളവയായിരുന്നു. എന്നാൽ മണിപ്രവാള കാവ്യങ്ങൾ അങ്ങനെയായിരുന്നില്ല.

വൈശിക തന്ത്രത്തിൽ തുടങ്ങി ചന്ദ്രോത്സവം വരെയെത്തി നിൽക്കുന്ന കാവ്യങ്ങളും പ്രാചീന ചമ്പുക്കളും എല്ലാം തന്നെ സ്ത്രീവർണ്ണനക്ക് പ്രാധാന്യം നൽകുന്നവ യാണ്. നാലുനൂറ്റാണ്ടിലേറെക്കാലം കേരളീയ സമൂഹത്തിൽ നിലനിന്നിരുന്ന ധാർമ്മി കാധപതനത്തിന്റെയും വൈകാരികമായ അരാജകത്വത്തിന്റെയും പ്രതിഫലനമാണ് ആദ്യകാല ചമ്പുക്കളിലും ശൃംഗാര കാവ്യങ്ങളിലും കാണുന്നത്.

ഇക്കാലത്ത് സ്ത്രീയെ ഭോഗാസക്തി തീർക്കാനുള്ള സുഭഗശരീരം മാത്ര മായി തരംതാഴ്ത്തുകയാണ് സവർണ്ണപുരുഷാധിപത്യം ചെയ്തത്. അതുകൊണ്ട് തന്നെ അവളുടെ ബുദ്ധിയും സർഗപ്രതിഭയൊന്നും ആദരിക്കപ്പെട്ടില്ലെന്നു മാത്രമല്ല ശരീരം കൊണ്ട് മാത്രം ഉപജീവിക്കേണ്ടവളായി അവൾ മാറി. അതുകൊണ്ടു തന്നെ അക്കാലഘട്ടത്തിൽ സ്ത്രീകളൊന്നും കർമ്മസ്ഥാനത്ത് നിന്ന് കവികർതൃ സ്ഥാനത്തേക്ക് ഉയർന്നുവന്നില്ല.

സമൂഹത്തിൽ സ്ത്രീയുടെ അധ:പതനത്തിന് ഒട്ടേറെ കാരണങ്ങളുണ്ട്. നാടുവാഴിത്ത സാമൂഹ്യ വ്യവസ്ഥയും സവർണ്ണമേധാവിത്വവും സമൂഹത്തെ തങ്ങളുടെ പിടിയിൽ അമർത്തി വെക്കുന്നു. ആരാധനാലയങ്ങളും കലകളും സാഹിത്യവും വിദ്യാഭ്യാസവും തുടങ്ങി മനുഷ്യന്റെ ജീവിതവുമായി ചിന്താപരമായും വൈകാരികമായും ബന്ധപ്പെടുന്ന എല്ലാ ഘടകങ്ങളും ഇവരുടെ കൈകളിലമരുന്നു. പതിനൊന്നാം നൂറ്റാണ്ടിന് ശേഷം കേരളത്തിൽ ഇതാണ് സംഭവിച്ചത്. ബ്രാഹ്മണർ, ഭരണാധികാരികളായ ക്ഷത്രിയൻ, അവരുടെ സാമന്തന്മാർ, അമ്പലവാസികൾ തുടങ്ങിയവർ ഉൾപ്പെട്ട പ്രബലവിഭാഗം സമൂഹത്തിന്റെ ആധിപത്യം കൈയ്യടക്കുകയും ക്ഷേത്രവും സമ്പത്തും വിദ്യാഭാസ്യവുമെല്ലാം ഇക്കൂട്ടരുടെ വരുതിയിൽ വരികയും ചെയ്തു. സാധാരണ ജനങ്ങൾക്ക് ഇവരുടെ അടിമകളായി നിൽക്കേണ്ടതായി വന്നു. അവർക്ക് വിദ്യാഭ്യാസവും മറ്റു സൗകര്യങ്ങളും നിഷേധിക്കപ്പെട്ടു. എല്ലാരീതിയിലും സമൃദ്ധമായ സവർണ്ണപുരുഷൻമാരുടെ ജീവിതത്തിൽ ഭോഗാസക്തി തീർക്കാനുള്ള മേഖല അത്യാവശ്യമായിരുന്നു. അതിനാൽ അവർ ദേവദാസികൾ എന്ന പ്രത്യേക വിഭാഗത്തെ സൃഷ്ടിച്ചു. അവരെ വർണ്ണിച്ച് കൊണ്ട് കാവ്യങ്ങൾ എഴുതി.

വേശ്യാവൃത്തി സംഘകാലത്തും നിലനിന്നിരുന്നു. മാത്രമല്ല അതിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് താനും. വേദകാലത്തും ഗണികകളുടെ കഥകൾ നാം കേൾക്കുന്നുണ്ട്. മധ്യകാല യൂറോപ്പിലെ ട്രൂബഡോർ കവിതകൾ സ്ത്രീവർണ്ണനാ പ്രധാനങ്ങളാണ്. ദേവദാസികളോടുപമിക്കാവുന്ന തരത്തിലുള്ള വേശ്യാവൃത്തി മധ്യയൂറോപ്പിലും നിലനിന്നിരുന്നുവെന്ന് ഈ കവിതകളിൽ നിന്ന്

മനസ്സിലാക്കാം. മലയാളത്തിലെ മണിപ്രവാള കവിതകളോട് ആ കവിതകൾക്ക് സാമ്യമുണ്ട്. സ്ത്രീയെ വെറും ശരീരം മാത്രമായി കാണുന്ന ഈ സംസ്കാരം ലോകത്തെല്ലായിടത്തും നിലനിന്നിരുന്നുവെന്ന് ഇതിൽ നിന്ന് അനുമാനിക്കാം.

പൗരോഹിത്യവും നാടുവാഴിത്തവും വേശ്യാവൃത്തിയും എല്ലാം ഒരുമിച്ചു ചേർന്നുണ്ടാക്കിയ വികലമായ സാമൂഹികാവസ്ഥ പതിമൂന്നാം നൂറ്റാണ്ടു മുതൽ കേരളത്തിൽ തുടക്കം കുറിച്ചതായി ആദ്യകാല മണിപ്രവാളകൃതികൾ വ്യക്തമാക്കുന്നു. രാജസ്തുതി, ദേവസ്തുതി തുടങ്ങിയ വിഷയങ്ങളെല്ലാം ഇടയ്ക്ക് പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും ഉപരിവർഗ്ഗത്തിന്റെ സ്ത്രീസംബന്ധമായ ആഗ്രഹങ്ങളാണ് മണിപ്രവാള കാവ്യങ്ങളിലുടനീളം കാണുന്നത്. സ്ത്രീ ശരീരത്തിന്റെ അംഗോപാംഗ വർണ്ണനയിലാണ് കവികൾക്ക് താൽപര്യം.

സാഹിത്യത്തിൽ കാണുന്ന ഈ പ്രവണത സമൂഹത്തിൽസ്ത്രീക്കുള്ള സ്ഥാനം എന്താണെന്ന് വ്യക്തമാക്കുന്നു. സമൂഹം കല്പിച്ചു നൽകിയ നിർവചനങ്ങളുടെ അതിരുകൾ കടക്കാനാകാതെ അതിന്റെ സാക്ഷികളായി മാത്രം സ്ത്രീകൾ ജീവിതം തള്ളി നീക്കി. അത് കൊണ്ട് തന്നെ സ്വത്വാവബോധം അവരിൽ സൃഷ്ടിക്കപ്പെട്ടില്ല. ശരീരസൗന്ദര്യം പ്രദർശിപ്പിക്കാനുതകുന്ന നൃത്തകലകളിൽ മാത്രം പ്രാവണ്യം നേടാനാണ് പുരുഷ സമൂഹം അന്നത്തെ സ്ത്രീയോടാവശ്യപ്പെട്ടിരുന്നത്. അവൾ പാടുന്നതും നൃത്തം ചെയ്യുന്നതും അണിഞ്ഞൊരുങ്ങുന്നതും അവനു രസിക്കാൻ വേണ്ടിയാണെന്ന് അവർ നിശ്ചയിച്ചു. ഇങ്ങനെ ബുദ്ധിപരവും സർഗ്ഗാത്മകവുമായ മേഖലകളിൽ നിന്ന് സ്ത്രീകൾ ബോധപൂർവ്വം തഴയപ്പെടുകയാണുണ്ടായത്. അത് കൊണ്ട് തന്നെയാണ് മണിപ്രവാള കാലഘട്ടത്തിൽ സ്ത്രീരചനകളൊന്നും തന്നെ സാഹിത്യചരിത്രത്തിൽ സ്ഥാനം പിടിക്കാതിരുന്നത്.

മലായാളത്തിന്റെ പ്രാചീന മധ്യകാലീന സാഹിത്യ ചരിത്രം എടുത്തു പരിശോധിക്കുമ്പോൾ അവിടെ കാണുന്ന സ്ത്രീയുടെ അസാന്നിധ്യവും നിശ്ശബ്ദതയും ശ്രദ്ധേയമാണ്. സാഹിത്യ ചരിത്രത്തിൽ നിന്നും എടുത്തു മാറ്റപ്പെട്ട അഥവാ നിശ്ശബ്ദമാക്കപ്പെട്ട ഏറ്റവും വലിയ കീഴാളവർഗ്ഗ മായി സ്ത്രീയെ അവിടെ കണ്ടെത്തേണ്ടതായാണ് വരുന്നത്. അന്ന് സ്ത്രീകൾ നിസ്സാംഗരോനിഷ്ക്രിയരോ ആയതു കൊണ്ടല്ല അങ്ങനെ സംഭവിച്ചത്. സ്ത്രൈണമായതെന്തിനെയും നിന്ദ്യമാക്കുകയും വൈകാരികവും സ്വകാര്യമാവുകയും ചെയ്ത് മനുഷ്യചരിത്രത്തിൽ നിന്ന് സ്ത്രീയെ ബോധപൂർവ്വം എടുത്തു മാറ്റപ്പെടുകയാണുണ്ടായത്. ഏതു സമൂഹത്തിന്റെയും ചരിത്രവും

സാംസ്കാരിക വ്യവഹാരങ്ങളും പരിശോധിച്ചാൽ സ്ത്രീയുടെ സാന്നിധ്യം അവയ്ക്ക് പിറകിൽ പിറകിൽ കാണാം. പക്ഷേ ഒന്നിലും അവളുടെ സ്ഥാനം മുന്നിലേക്ക് വരുന്നില്ല. അവളെ എല്ലാറ്റിൽ നിന്നും അതിരു തിരിച്ച് അകറ്റി നിർത്തുകയാണ് ചെയ്യുന്നത്. (ഗീത,2014:252) അതായത് പ്രാചീനമധ്യകാലീന സമൂഹത്തിൽ സ്ത്രീകൾ സർഗ്ഗാത്മകത പ്രകടിപ്പിക്കുന്നില്ല എന്ന് കരുതാനാവില്ല. അന്ന് സ്ത്രീയുടെ സ്ഥാനം ഭോഗാസക്തി തീർക്കാനുള്ള ഉപകരണത്തിന്റേതു മാത്രമാകയാൽ സമൂഹം അവളുടെ ബുദ്ധിശക്തിയും സർഗ്ഗാത്മകതയും അവഗണിച്ചു കളയുകയാണുണ്ടായത്.

ഋഗ്വേദകാലം മുതൽക്ക് തന്നെ സ്ത്രീരചനകൾ ഭാരതത്തിലുണ്ടായിട്ടുണ്ട്. ഋഗ്വേദം അഞ്ചാം മണ്ഡലത്തിലെ ഇരുപത്തിയെട്ടാം സുക്തവും എട്ടാം മണ്ഡലത്തിലെ തൊണ്ണൂറ്റിയൊന്നാം സുക്തവും യഥാക്രമം വിശ്വവാര, അപാല എന്നീ സ്ത്രീകൾ രചിച്ചവയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം സംഘം കൃതികളിൽ ഒരു വിഭാഗമെങ്കിലും സ്ത്രീകളുടേതാണ്. പിന്നീടങ്ങോട്ട് പന്ത്രണ്ടാം നൂറ്റാണ്ട് പൊതുവെ മലയാള സാഹിത്യചരിത്രം നിശ്ശബ്ദമാണ്. അതിന്റെ ശബ്ദം കണ്ടെടുക്കപ്പെട്ട പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ ഏകദേശം പതിനെട്ടാം നൂറ്റാണ്ടു വരെയാണ് സ്ത്രീകളെ നാം സാഹിത്യചരിത്രങ്ങളിലൊന്നും തന്നെ കണ്ട് മുട്ടാതെ പോകുന്നത്.

മണിപ്രവാളത്തിന്റെ ഭോഗപരതയും ഒരു പ്രതിരോധധാരയായി ഉടലെടുത്ത ഭക്തിപ്രസ്ഥാനത്തിന്റെ വേലിയേറ്റവും സ്ത്രീകളെ അക്കാലത്തെ സാഹിത്യരചനാ ഉദ്യമത്തിൽ നിന്ന് പിന്തിരിപ്പിച്ചു എന്നു കരുതാം. ചിലർ സ്വകാര്യമായി എഴുതിയിരുന്നിരിക്കണം. എന്നാൽ ഒന്നും തന്നെ പുറത്തു വന്നില്ല. ഇങ്ങനെ പരിശോധിക്കുമ്പോൾ മലയാളഭാഷാ രൂപീകരണത്തിന് തൊട്ടു പിൻപുള്ള കാലഘട്ടത്തിൽ സ്ത്രീസാന്നിധ്യമൊന്നും തന്നെ മലയാള സാഹിത്യത്തിൽ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല.

## അടിക്കുറിപ്പുകൾ

1. *മണ്ണിനുള്ളിൽ താഴുകില്ല*

   *വിണ്ണിലേറിപ്പോവില്ല*

   *കാൽ നടയായി കടൽതാണ്ടി*

   *പോകുവാനും പോരല്ലോ*

   *നാട്ടിൽ നാട്ടി, ലൂരിൽ ലൂരിൽ*

*വീട്ടിൽ വീട്ടിൽ തേടിയാൽ*

*കണ്ടുകിട്ടാതെങ്ങു മുങ്ങാൻ*

*നമ്മുടെയാകാമുകൻ*

(എൻ.വി കൃഷ്ണവാര്യർ: വിവ: 1981:71 )

2. *മെലിഞ്ഞ്, ഞരമ്പുകളെഴുന്ന്, താമര*

*യിലപോലടിവയറുള്ളൊരു വൃദ്ധ*

*"പേടിച്ചോടി മുറിവേറ്റു മരിച്ചു*

*പടയിൽ മകൻ" പലരും പറഞ്ഞു*

*അതു സത്യമെങ്കിൽ അവൻ കുടിച്ച*

*മുല ഞാനറുത്ത്കളയും*

*കോപത്തോടെ വാളെടുത്തു*

*ചെന്നു പടക്കളത്തിൽ*

*ചോരതളം കെട്ടിയ രണഭൂമിയിൽ ശവങ്ങൾ പരതി*

*വെട്ടേറ്റു ചിതറിക്കിടക്കും*

*പുത്രന്റെ കിടപ്പുകണ്ടു*

*സന്തോഷം പൂണ്ടുതായ*

*പെറ്റ ദിവസത്തേക്കാൾ*

(മലയത്ത് അപ്പുണ്ണി, വിവ:2000:201)

3. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ (1990:60)

4. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ (1990:134)

# 2. സ്വാതന്ത്ര്യ സമരഘട്ടം

## 2.1 സാഹിത്യചരിത്രവും സ്ത്രീകളും

സാഹിത്യചരിത്രമെഴുതിയ സ്ത്രീകളെയല്ല, സാഹിത്യചരിത്രത്തിൽ ഇടം നേടിയിട്ടുള്ള സ്ത്രീകവികളെയാണ് ഇവിടെ പഠന വിധേയമാക്കുന്നത്.

വീട്ടിനുള്ളിൽ വച്ച് തന്നെ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിരുന്ന രാജകുടുംബങ്ങളിലേയും, പ്രഭുകുടുംബങ്ങളിലേയും സ്ത്രീകളാണ് സാഹിത്യചരിത്രങ്ങളിൽ ഇടം നേടിയ ആദ്യകാല കവയിത്രികൾ. മലയാളത്തിൽ കണ്ടെടുക്കാൻ കഴിഞ്ഞിട്ടുള്ള ആദ്യകാല സ്ത്രീ രചനകളും ഇവരുടേതാണ്.

ഇക്കാലത്തെ സ്ത്രീരചനകൾ പരിശോധിക്കുമ്പോൾ കാണുന്നത് ഇവയൊന്നും സ്ത്രീകേന്ദ്രിത രചനകളായിരുന്നില്ലെന്നതാണ്. പുരാണ കഥകൾ പ്രമേയമായി സ്വീകരിച്ചുകൊണ്ട് സ്തോത്രങ്ങളോ കൈകൊട്ടിക്കളിപ്പാട്ടുകളോ അവർ രചിച്ചു. സംസ്കൃതത്തിൽ നിന്നും കൃതികൾ അവർ വിവർത്തനം ചെയ്തു.

മലയാളത്തിലെ സ്ത്രീകവികളെ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത് പരിശോധിക്കുമ്പോൾ സ്ത്രീയുടെ മലയാള കവിതാ രചനയുടെ തുടക്കം എവിടെയാണെന്ന് കണ്ടെത്താൻകഴിയില്ല. ഉള്ളൂരിന്റെയും പി.ഗോവിന്ദപ്പിള്ളയുടെയും ടി.എം ചുമ്മാറിന്റെയുമൊക്കെ സാഹിത്യചരിത്രങ്ങൾ എടുത്തു പരിശോധിച്ച് അതിൽ ഇടം നേടിയ ആദ്യകാല സ്ത്രീകവികൾ താഴെയുള്ള ഖണ്ഡങ്ങളിൽ വിവരിക്കുന്നു. ഈ സാഹിത്യ ചരിത്രങ്ങളിലൊന്നും തന്നെ ആദ്യകാല സ്ത്രീ കവികളെ അവരർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിച്ച് കാണുന്നില്ല.

### 2.1.1 മനോരമത്തമ്പുരാട്ടി (1760–1828)

കേരളത്തിലെ സ്ത്രീജനങ്ങളിൽ കോഴിക്കോട്ടു കിഴക്കേ കോവിലകത്തെ മനോരമത്തമ്പുരാട്ടിയെപ്പോലെ വൈദൂഷ്യം സമ്പാദിച്ചവരായി ആരെയും നാം അറിയുന്നില്ല എന്നാണ് ഉള്ളൂർ ഇവരെ പരിചയപ്പെടുത്തുന്നത്. കുറേ ഒറ്റ ശ്ലോകങ്ങ ളാണ് സാഹിത്യത്തിന് ഇവർ സംഭാവന നൽകിയിട്ടുള്ളത്.അവയിൽ പലതും കണ്ടു കിട്ടിയിട്ടില്ല എന്നും ഉള്ളൂർ  രേഖപ്പെടുത്തുന്നു. (1990:516) മേൽപ്പത്തൂർ ഭട്ടത്തിരിപ്പാട് സംസ്കൃത കൃതികളാണ് എഴുതിയിട്ടുള്ളതെങ്കിലും സാഹിത്യ ചരിത്ര ഗ്രന്ഥങ്ങ ളെല്ലാം അദ്ദേഹത്തെ പ്രാധാന്യത്തോടു കൂടി രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹ ത്തിന്റ കൃതികളെല്ലാം നമുക്ക് പരിചിതവുമായിരിക്കുന്നു. അതേസമയം മനോരമ തമ്പുരാട്ടിയുടേതായി ഒരുകൃതിപോലും കണ്ടെടുക്കാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധ യർഹിക്കുന്നു. ദേശമംഗലത്ത് ഉഴുത്തിര വാര്യരുടെ ശിഷ്യയായിരുന്ന തമ്പുരാട്ടി പന്ത്രണ്ട് വയസ്സായപ്പോഴേക്കും സിദ്ധാന്ത കൗമുദിക്ക് ഭട്ടോജി ദീക്ഷിതർ എഴുതിയ പ്രൗഢ മനോരമ എന്ന ഹൃദ്യസ്ഥമാക്കിയിരുന്നു. മനോരമ എന്ന ബിരുദനാമം അവർക്കു ലഭിച്ചത് ഇങ്ങനെയാണ്. അവരുടെ യാഥാർത്ഥ നാമം അറിയാൻ കഴിഞ്ഞി ട്ടില്ല.സാമൂതിരിക്കോവിലകത്തെ തമ്പുരാട്ടിമാർക്ക് ശ്രീദേവി, മഹാദേവി എന്നിങ്ങനെ യാണ് പേരുകൾ ഉണ്ടായിരുന്നത് പക്ഷേ ഇവരുടെ പേര് സാഹിത്യ ചരിത്രങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല.(ഗീത, 2014:23)

അരൂർ അടിതിരി, ദേശമംഗലത്തു കൃഷ്ണവാര്യർ, തൃക്കണ്ടിയൂർ ഗോവിന്ദപ്പി ഷാരടി എന്നിവരുൾപ്പെട്ട വലിയൊരു ശിഷ്യനിരതന്നെ ഇവർക്കുണ്ടായിരുന്നു. ഉത്തര നൈഷദക്കരാനായ അടൂർ ഭട്ടതിരി മനോരമ തമ്പുരാട്ടിയുടെ ശിഷ്യനായി അടുക്കൽ വന്നു താമസിച്ചിരുന്നു എന്ന് ഭാഷാ ചരിത്രകാരൻ പി. ഗോവിന്ദ പിള്ള പറയുന്നുണ്ട്. പി. ഗോവിന്ദപിള്ള പക്ഷേ മനോരമതമ്പുരാട്ടി എന്ന കവയിത്രിക്ക് സാഹിത്യ ചരിത്ര ത്തിൽ ഇടം കൊടുത്തിട്ടില്ല. അരൂർ ഭട്ടത്തിരിയെക്കുറിച്ച് പറയുന്ന ഭാഗത്താണ് മനോരമത്തമ്പുരാട്ടിയെക്കുറിച്ച് പറയുന്നത്. ഗുരു സ്ത്രീയാണെന്നതു കൊണ്ട് പുരു ഷനായ ശിഷ്യനെയാണ് അദ്ദേഹം  പരിഗണിച്ചിരിക്കുന്നത്. അവരുടെ ശിഷ്യ പരമ്പ രയുടെ വംശാവലി പരിശോധിച്ചാൽ നേർ ശിഷ്യനായിരുന്ന അരൂർ ഭട്ടത്തിരിയുടെ ശിഷ്യൻ കൊടുങ്ങല്ലൂർ വിദ്വാൻ ഇളയക്കോയിത്തമ്പുരാനും അദ്ദേഹത്തിന്റെ ശിഷ്യൻ പാച്ചു മൂത്തതും തുടർന്നുള്ള ശിഷ്യൻ കേരള വർമ്മ വലിയക്കോയിത്തമ്പു രാനുമായിരുന്നു.(ഗീത,2014:22)

*വിദ്യാ വിദഗ്ധ വനിതാജനവല്ലികൾക്കൊ*
*രുദ്യാനമീ രുചിരകേരള ഭൂവിഭാഗം*
*ഹൃദ്യാ മനോരമ മഹേശ്വരി തന്റെ*

*സൂക്തിരദ്യാപി കോവിദ മനസുകവർന്നിടുന്നു.*

എന്നു തമ്പുരാട്ടിയെക്കുറിച്ച് കേരള വർമ്മ വലിയ കോയിത്തമ്പുരാൻ എഴുതിയിട്ടു ണ്ട്.(ഗീത,2014:47)

ഒട്ടേറെ മുക്തകങ്ങൾ പലപ്പോഴായി അവർ നിർമ്മിക്കുകയുണ്ടായെന്ന് പദ്യ സാഹിത്യ ചരിത്രത്തിൽ ടി.എം ചുമ്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. കുട്ടിക്കാലത്തൊരി ക്കൽ ഒരു സമസ്യ പൂരണം കൊണ്ട് കവി ചേലപ്പറമ്പൻ നമ്പൂതിരിയെ അവർ പരാ ജയപ്പെടുത്തുകയുണ്ടായി. ചേലപ്പറമ്പനും മനോരമത്തമ്പുരാട്ടിയും തമ്മിൽ നടന്ന ഉക്തി പ്രത്യുക്തി രൂപത്തിലുള്ള പദ്യവും, ധർമ്മരാജാവും തമ്പുരാട്ടിയും തമ്മിൽ നടന്ന പദ്യരൂപത്തിലുള്ള കത്തിടപാടും ഉള്ളൂർ കേരളസാഹിത്യ ചരിത്രം മൂന്നാം വാല്യത്തിൽ പരാമർശിക്കുന്നു (1990:499)

കവനപാടവവും രസികതയും തികഞ്ഞ എഴുത്തുകാരിയായിരുന്നു മനോ രമത്തമ്പുരാട്ടി.

### 2.1.2 കിളിമാനൂർ ഉമാദേവിത്തമ്പുരാട്ടി

ബാല്യകാലം മുതൽ വിദ്യാഭ്യാസം ലഭിച്ചിരുന്നതിനാൽ നന്നായി സംസ്കൃത പാണ്ഡിത്യവും സംഗീത വൈദഗ്ദ്ധ്യവും ഉള്ള കവയിത്രിയായിരുന്നു കിളിമാനൂർ ഉമാദേവിത്തമ്പുരാട്ടി .പുരാണങ്ങളിലും ഇതര ശാസ്ത്രങ്ങളിലും പാണ്ഡിത്യമുണ്ടാ യിരുന്ന അവർ അനശ്വര സ്തോത്രങ്ങൾ ധാരാളം എഴുതിയിട്ടുണ്ട് ' വിഷ്ണുമായ ചരിതം' എന്നൊരു തുള്ളൽകൃതിയും അവരുടേതായിട്ടുണ്ട്.കിളിമാനൂർ ഉമാദേവിത്ത മ്പുരാട്ടിയെ പി ഗോവിന്ദപ്പിള്ളയും ഉള്ളൂരും പരിചയപ്പെടുത്തുന്നത് വിദ്വാൻ കോയി ത്തമ്പുരാന്റെ മാതാവ് എന്നാണ്. അവിടെ അവർക്ക് സ്വതന്ത്രാസ്തിത്വം നല്കിയി ട്ടില്ല.

### 2.1.3 ആയില്യം തിരുനാൾ രുഗ്മിണീഭായി ( 1809-1837)

സംഗീതത്തിൽ നല്ല കഴിവുള്ള കവയിത്രിയിരുന്നു ഇവർ. മുഖാരി രാഗത്തിൽ "ശ്രീകണ്ഠേശ്വര പാഹി" എന്ന ഗാനം ഇവർ രചിച്ചതാണ്. ഇരയിമ്മൻ തമ്പിയുടെ കുലശേഖരനുപസോദരിതന്നുടെ ഗുണവർണ്ണനമെളുതോ" എന്നാരംഭിക്കുന്ന കീർത്തനത്തിൽ സംഗീത സാഹിത്യാദികളിൽ അവർക്കുണ്ടായിരുന്ന താൽപര്യം വിവരിക്കുന്നുണ്ട്. ഇവരെക്കുറിച്ച് ഇതിൽകൂടുതലായി ഒന്നും കണ്ടെത്താൻ കഴിഞ്ഞി ട്ടില്ല.സ്വാതി തിരുനാൾ മഹാരാജാവിന്റെ ജ്യേഷ്ഠ സഹോദരിയാണ് രുഗ്മിണീ ഭായി.

### 2.1.4 കുട്ടിക്കുഞ്ഞു തങ്കച്ചി ( 1820-1904)

മഹാകവി രവിവർമ്മൻ തമ്പിയുടെ (ഇരയിമ്മൻ തമ്പി) പുത്രിയായ കുട്ടിക്കുഞ്ഞുതങ്കച്ചി ചെറുപ്പം മുതൽ തന്നെ കവിതാവാസനയും സംഗീതപാടവവും പ്രകടിപ്പിച്ചിരുന്നു.തിരുവാതിരക്കളിയിലും സമർത്ഥയായിരുന്നു അവർ.

ശ്രീമതി സ്വയംവരം,പാർവ്വതി സ്വയംവരം, മിത്രസഹമോക്ഷം എന്നീ ആട്ടക്കഥകൾ, തിരുവനന്തപുരം സ്ഥലപുരാണം,സ്വർഗ്ഗവാതിലേകാദശിമാഹാത്മ്യം,സീതാ സ്വയംവരം,നാരദമോഹനം എന്നീ തിരുവാതിരപ്പാട്ടുകൾ, ഗംഗാ സ്നാനം, ഓട്ടൻതുള്ളൽ, സേതുസ്നാനംപാന, കിരാതം, നളചരിതം എന്നീ കുറത്തിപ്പാട്ടുകൾ, അജ്ഞാതവാസം നാടകം, സ്വാഹാസുധാകരം ഊഞ്ഞാൽപ്പാട്ട്, ഗജേന്ദ്രമോക്ഷം, പ്രഹ്ളാദചരിതം എന്നീ സങ്കീർത്തനങ്ങൾ, കല്യാണാഘോഷം മണിപ്രവാളം, മുക്തകങ്ങൾ എന്നിവയാണ് കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ കൃതികൾ.

കൈകൊട്ടിക്കളിയിലുള്ള വിദഗ്ദ്ധതയും നൂതന സമ്പ്രദായത്തിൽ അവർ ഉണ്ടാക്കിയിട്ടുള്ള ചില കളിപ്പാട്ടുകളും അതിശയിക്കത്തക്കതായിരുന്നു. വിലയേറിയ സമയത്തെ അവർ ഗൃഹഭരണാതികളിലും മറ്റും വ്യയം ചെയ്യുന്നതോടൊപ്പം തന്നെ കവിതാരചനയിലും ഗ്രന്ഥപ്രചാരത്തിലും സംഗീതാദികളിലും കൂടി ഉപയോഗപ്പെടുത്തി വരുന്നു എന്നത് ആശ്ചര്യമാണ് എന്ന് പി. ഗോവിന്ദ പിള്ള ഭാഷാ സാഹിത്യചരിത്രത്തിൽ രേഖപ്പെടുത്തുന്നു (1956: 501)

ആട്ടക്കഥകൾ രചിച്ച ആദ്യത്തെ സ്ത്രീയാണ് കുട്ടിക്കുഞ്ഞുതങ്കച്ചി. അവരുടെ മൂന്നാട്ടക്കഥകളും അരങ്ങത്ത് അവതരിപ്പിച്ചിരുന്നു. ആട്ടക്കഥയിലെ രാജാക്കാന്മാരായ ഉണ്ണായി വാര്യരോടും കോട്ടയംതമ്പുരാനോടും എല്ലാം കിടപിടിക്കാൻതക്ക ഭാഷാരീതി തന്നെയാണ് തങ്കച്ചി തന്റെ ആട്ടക്കഥയിലും സ്വീകരിച്ചു കാണുന്നത്.

*കരുണാ വാരിധേ വന്ദേഹം*
*ധരിണീ ഗീർവാണ കുലവര ചൂഢാമണേ ശൃണു*
*ഭുവനൈക പതിയാകും ശിവനിന്നെന്നുടെ പാണി*
*ഗ്രഹണം ചെയ് വതിന്നാഗ്രഹമിങ്ങു മനതാരിൽ*

(പാർവ്വതീസ്വയംവരം:1979:40)

നാടകമെഴുതിയ ആദ്യത്തെ സ്ത്രീയും കുട്ടിക്കുഞ്ഞുതങ്കച്ചിയാണ്. സ്ത്രീ എഴുതുന്നതിനോടുള്ള പുരുഷന്റെ എതിർപ്പിനെ മറികടക്കുന്ന പ്രസ്താവനകൾ 'അജ്ഞാതവാസം' എന്ന അവരുടെ നാടകത്തിൽകാണാം. കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ അജ്ഞാതവാസം നാടകമാണ് അഭിനയിക്കാൻ പോകുന്നതെന്ന് പ്രസ്താവനയിൽ നടി പറയുമ്പോൾ സൂത്രധാരൻ പ്രതികരിക്കുന്നതിങ്ങനെയാണ്. "*എനി*

*ക്കൊരു ശങ്കയുള്ളതിനെകുറിച്ചുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആയതെന്തെന്നാൽ അനേകം കവിശ്രേഷ്ഠൻമാരുടെ കവനങ്ങൾ ഇരിക്കേ ഒരു സ്ത്രീയുടെ കവിതയെ അത്ര ശ്ലാഘ്യമായി വിചാരിച്ചതു ഭവതിയും ഒരു സ്ത്രീയായതിലുള്ള ജാത്യാഭിമാനത്തിലല്ലയോ എന്ന് " (1979:240)* അതിന് നടി മറുപടി പറയുന്നതിങ്ങനെയാണ്. 'സൂക്ഷ്മഗ്രാഹികളായിരിക്കുന്ന മഹാന്മാർക്ക് ഈ ദുശ്ശങ്ക ഉണ്ടാകുന്നതിനു സംഗതിയില്ലല്ലോ. (1979 : 240) അപ്പോൾ സൂത്രധാരൻ പറയുന്ന വാക്കുകൾ തന്റെ എഴുത്ത് എല്ലാ സ്ത്രീകൾക്കും പ്രേരണയാകണമെന്ന കുട്ടിക്കുഞ്ഞു തങ്കച്ചിയുടെ പ്രതീക്ഷയുടെയും ആഗ്രഹത്തിന്റെയും തെളിവാണ് *"എന്നാൽ ഈ നാടകത്തെ അഭിനയിക്കുന്നതിൽ വച്ച് ഈ സഭാവാസികൾ സന്തോഷിക്കുമെന്നു തന്നെയല്ല മറ്റുള്ള സ്ത്രീകൾക്കും കവിതാ രചനയിൽ ഉത്സാഹത്തെ ജനിപ്പിക്കുന്നതിന് ഇത് ഒരു മാർഗ്ഗമായിത്തീരുന്നതുമാണ്" (1979.240)*

കിളിപ്പാട്ടുകൾ, തുള്ളൽ,ആട്ടക്കഥ,നാടകം,തുടങ്ങി നാടൻ രീതിയിലുള്ള ,ഊഞ്ഞാൽപ്പാട്ട് ,വാതിൽത്തുറപ്പാട്ട്,കുമ്മി,താരാട്ട് എന്നിങ്ങനെ അന്നു നിലവിലുണ്ടായിരുന്ന മിക്ക കവിതാരീതികളും കുട്ടിക്കുഞ്ഞുതങ്കച്ചി വളരെ അനായാസമായി കൈകാര്യം ചെയ്തിരുന്നു. തികച്ചും ക്ലാസിക്കലായ കഥകളിയും നാടനായ ഊഞ്ഞാൽകളിയും ജനകീയമായ നാടകവും അവർ ഒരു പോലെ പ്രയോഗിച്ചു എന്നത് ശ്രദ്ധേയമാണ്. മണിപ്രവാള കാലഘട്ടത്തിൽ കാമത്തിന് പ്രാധാന്യം കൊടുത്ത് പരസ്ത്രീ ബന്ധം പതിവാക്കിയിരുന്ന സമൂഹത്തിന്റെ ഏകനിഷ്ഠ പ്രണയത്തിലേക്കുള്ള മാറ്റത്തിന്റെ ചില സൂചനകൾ കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ വാതിൽ തുറപ്പാട്ടുകളിൽ കാണാം. പാതിരാത്രികഴിഞ്ഞ് പരസ്ത്രീകളെ പ്രാപിച്ചുവരുന്ന ഭർത്താവിന് വാതിൽ തുറന്നു കൊടുക്കാൻ സമ്മതിക്കാത്ത ഭാര്യയെ അനുനയിപ്പിക്കുവാൻ.

*" ചെറുവഞ്ചനയല്ലന്യനാരിയെ*
*നെഞ്ചിലണച്ചു പുൽകീടുവാൻ മമ*
*നെഞ്ചിലാശ കിനാവിലും*
*ചഞ്ചലോചനേ നിന്നിലെന്യ മമ*
(1979:398)

എന്നു സമ്മതിക്കേണ്ടി വരുന്നു. സംസ്കൃതവും മലയാളഭാഷയും ഒരുപോലെ കൈകാര്യം ചെയ്യാനുള്ള വൈദഗ്ദ്ധ്യം കുട്ടിക്കുഞ്ഞുതങ്കച്ചി നേടിയിരുന്നു.

ആദ്യകാലത്ത് അച്ഛൻ ഇരയിമ്മൻ തമ്പി അവരുടെ കവിതാ രചനയെ പ്രോത്സാഹിപ്പിച്ചില്ലെന്നു പറയുന്നു. പക്ഷേ പിൽക്കാലത്ത് മകളുടെ കഴിവ് തിരിച്ചറിഞ്ഞ അച്ഛൻ ആ രചനാ പ്രവർത്തനങ്ങൾ അംഗീകരിക്കുകയും പുത്രിയുടെ കൃതികൾ ഉത്രം തിരുനാളിന് സമർപ്പിക്കുകയും ചെയ്തു.കേരളസാഹിത്യചരിത്രം നാലാം വാല്യത്തിൽ ഉള്ളൂർ അഭിപ്രായപ്പെടുന്നത്  കേരളത്തിലെ ഭാഷാ കവയിത്രികളുടെ സംഖ്യാനത്തിൽ കുട്ടിക്കുഞ്ഞുതങ്കച്ചിയാണ് കനിഷ്ഠികാതിഷ്ഠിതയായി പ്രശോഭിക്കുന്നത് എന്നാണ്. (1990:275)

### 2.1.5 മകയിരംനാൾ അംബാദേവി തമ്പുരാട്ടി (1832– 1887)

സംഗീതം,സാഹിത്യം,ചിത്രമെഴുത്ത്എന്നിവയിലെല്ലാം വാസനയും അഭ്യാസവുമുണ്ടായിരുന്ന അംബാ ദേവിത്തമ്പുരാട്ടിയുടെ മകനാണ് രാജാ രവിവർമ്മ കോയിത്തമ്പുരാൻ. ചിത്രമെഴുത്ത് രാജാ രവിവർമ്മയുടെ അമ്മയായിട്ടാണ് ഉള്ളൂരും പി.ഗോവിന്ദപ്പിള്ളയും തങ്ങളുടെ സാഹിത്യ ചരിത്രങ്ങളിൽ ഈ കവയിത്രിയെ രേഖപ്പെടുത്തിയിട്ടുള്ളത്. സ്ത്രീക്ക് സ്വതന്ത്രാസ്തിത്വം നൽകിയിരുന്നില്ല എന്നതിന്റെ മികച്ച തെളിവായി ഇതിനെ കണക്കാക്കാം.

അംബാ ദേവിത്തമ്പുരാട്ടിക്ക് ബാലചികിത്സയും നേത്ര ചികിത്സയും  വശമുണ്ടായിരുന്നു 'പാർവ്വതീ സ്വയവരം' എന്ന ഓട്ടൻ തുള്ളലാണ് അവരുടേതായി കണ്ടെടുത്തിട്ടുള്ള കൃതി ഭാവന കൊണ്ടും ഭാഷാലാളിത്യം കൊണ്ടും മികച്ചു നിൽക്കുന്ന ഈ കൃതി തുള്ളൽ കവിതാപ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടു തന്നെയാണ്. പക്ഷേ ഇവരുടെയൊന്നും സർഗ്ഗാത്മകത സാഹിത്യചരിത്രങ്ങൾ വേണ്ടത്ര പ്രാധാന്യത്തോടെ അടയാളപ്പെടുത്തിയിട്ടില്ല. കവയിത്രികളെപ്പറ്റി പ്രത്യേക അധ്യായം തന്നെ നൽകിയ ടി.എം ചുമ്മാർ പദ്യ സാഹിത്യ ചരിത്രത്തിൽ ഇവരെ പറ്റി പരാമർശിച്ചു കാണുന്നില്ല.

### 2.1.6 നാഗരുകോവിൽ കല്യണിക്കുട്ടി അമ്മച്ചി ( 1839–1909)

ചെറുപ്പത്തിൽ തന്നെ മലയാളത്തിനു പുറമേ സംസ്കൃതവും സംഗീതവും അഭ്യസിച്ചിരുന്ന കല്യണിക്കുട്ടി അമ്മച്ചി നാഗരുകോവിൽ അമ്മ വീട്ടിലേക്കു ദത്തെടുക്കപ്പെട്ടതാണ്. കൊച്ചിരാജ്യത്തെ ഒടുവിലത്തെ സർവ്വാധിക്കാര്യക്കാരനും മെക്കാളെ റെസിഡന്റിന്റെ വിശ്വസ്ത സേവകനുമായിരുന്ന ചെറുപറമ്പിൽ കുഞ്ഞുകൃഷ്ണമോനോന്റെ പുത്രിയാണ് ഇവർ. രാസക്രീഡ, അംബരീഷചരിതം,പാർവ്വതീ സ്വയംവരം എന്നീ കൈകൊട്ടിക്കളിപ്പാട്ടുകൾ, സ്തവമാലിക, പാതിവ്രത്യ പഞ്ചകം എന്നീ കൃതികളുമാണ് ഇവർ രചിച്ചിരിക്കുന്നത്. ഭാഷാകവനത്തിൽ ശ്ലാഘനീയമായ പാടവം ഉണ്ടായിരുന്നു എന്ന് രേഖപ്പെടുത്തുന്ന ഉള്ളൂർ മറ്റൊന്നു കൂടിപ്പറയുന്നു.

സർവ്വകലാ വല്ലഭനായ ആയില്യം തിരുനാൾ മഹാരാജാവിന്റെ പ്രേയസിയാകുന്ന യുവതിക്കു സാഹിത്യത്തിലും സംഗീതത്തിലും എത്രമാത്രം അഭിനിവേശം ഉണ്ടായി രിക്കണമെന്നതു പറയേണ്ടതില്ലല്ലോ ( കേരള സാഹിത്യ ചരിത്രം വോള്യം.4: 1990:677) ഈ വാക്കുകളിൽ നിന്ന് അന്നത്തെ പുരുഷ സമൂഹം സ്ത്രീയുടെ സർഗ്ഗാത്മകതയെ വിലയിരുത്തുന്ന രീതി കൂടി വ്യക്തമാകുന്നു. സർവ്വ കലാവല്ലഭനായ പുരുഷന്റെ സഹവാസം കൊണ്ടാണ് സ്ത്രീകൾക്ക് സർഗ്ഗാത്മകതയുണ്ടാകുന്നത് എന്നും തറവാട്ടിൽപിറക്കുന്നതും സർഗ്ഗപ്രവർത്തിക്കു കാരണമാകുന്നു എന്നും ഉളളൂർ അർത്ഥമാക്കുന്നുണ്ട്.

**2.1.7 ഇക്കുവമ്മത്തമ്പുരാൻ (1844–1921)**

കേരളവർമ്മയുടെ അമ്മയാണ് ഇക്കുവമ്മ(ഇക്കാവമ്മ)ത്തമ്പുരാൻ. മനോരമ ത്തമ്പുരാട്ടിക്കു ശേഷം നാടകാലങ്കാരങ്ങളും തർക്കവും വ്യാകരണവും പഠിക്കു കയും പഠിപ്പിക്കുകയും ചെയ്ത പണ്ഡിതയായിരുന്നു ഇവർ. കൊച്ചി രാജകുടുംബ ത്തിൽപ്പെട്ട ഇവർ തൃപ്പൂണിത്തുറ കോവിലകത്തെ രാജകുമാരിമാരെ സംസ്കൃതം പഠിപ്പിച്ചിരുന്നു. ദൈവസ്തുതികളും ഭക്തി സംബന്ധമായ കൃതികളുമാണ് ഇവർ രചി ച്ചിട്ടുളളത്. കാവ്യനാടകാലങ്കാരങ്ങൾ, തർക്കം, വ്യകരണം എന്നിവയെല്ലാം ചാലപ്പു റത്തു നമ്പൂതിരിപ്പാട്, എടവലത്തു നമ്പൂതിരി എന്നീ ഗുരുക്കന്മാരിൽ നിന്നാണ് ഇക്കാവമ്മത്തമ്പുരാൻ അഭ്യസിച്ചത്.

സൗഭദ്രസ്തവം, ഭഗവത്യഷ്ടകം, പൂർണ്ണത്രയീകേശാദിപാദവർണനം, മഞ്ജു ളേശസ്തവം, ശിവ കേശാദിപാദവർണനം, ഭഗവതീ കേശാദിപാദ വർണനം എന്നിവ യാണ് ഇക്കുവമ്മത്തമ്പുരാന്റെ സംസ്കൃതകൃതികൾ. അവരുടെ മലയാളകൃതികൾ യുദ്ധം കാണ്ഡം പാന, പൂർണത്രയീശനെപ്പറ്റി ഒരു പാന, ധർമ്മ നിർണയം പാന, അഷ്ടമീ രോഹിണി മാഹാത്മ്യം കിളിപ്പാട്ട്, കംസവധം,ശീതങ്കൻ തുളളൽ,അമൃതാ ഹരണം,പറയൻതുളളൽ,പൂതനാമോക്ഷം കൈകൊട്ടിക്കളിപ്പാട്ട്,ഗജേന്ദ്ര മോക്ഷം ,വിശ്വരൂപ ദർശനം എന്നിവയാണ്. ഇതിനു പുറമേ അനേകം കീർത്തനങ്ങളും അവ രുടേതായിട്ടുണ്ട്. കിളിപ്പാട്ടുകളുടെയും തുളളൽപ്പാട്ടുകളുടെയും വേലിയേറ്റം തന്നെ സംഭവിച്ച കാലഘട്ടത്തിലാണ് ഇവർ കൃതികളെഴുതിയത്. അതുകൊണ്ട് തന്റെ കൃതികളിലൂടെ വിപുലമായ ഒരു ഭാവപ്രപഞ്ചം തന്നെ സൃഷ്ടിക്കാൻ ഇവർക്കു കഴി ഞ്ഞിട്ടുണ്ട്.

**2.1.8 കടത്തനാട്ടു ലക്ഷ്മിഭായിത്തമ്പുരാട്ടി (1845–1909)**

ഭഗവൽ ഭജനത്തിലും അധ്യാത്മിക ചിന്തയിലും മുഴുകിക്കൊണ്ടുളള ജീവിതം നയിച്ചിരുന്ന ലക്ഷ്മി ഭായിത്തമ്പുരാട്ടി കാവ്യനാടകാലങ്കാരങ്ങളും തർക്കവും പഠിച്ച

ഒരു വിദൂഷിയായിരുന്നു സന്താനഗോപാലം,ഭാഗവതസംക്ഷേപം എന്നീ സംസ്കൃത കാവ്യങ്ങളാണ് അവരുടേതായി കണ്ടെത്തിയിട്ടുള്ളത്. കടത്തനാട്ടിലെ പ്രഗത്ഭയായ പണ്ഡിതയായിരുന്ന അവർക്ക് മലയാളത്തിലെ സാഹിത്യചരിത്രത്തിൽ അർഹമായ സ്ഥാനം നൽകിയിട്ടില്ല.

### 2.1.9 റാണി ലക്ഷ്മീഭായി (1848-1901)

ചില സ്തോത്രങ്ങളും കൈകൊട്ടിക്കളിപ്പാട്ടുകളും ആണ് ലക്ഷ്മീഭായി രചിച്ചിട്ടുള്ളത്. എങ്കിലും സംഗീതത്തിലും സാഹിത്യത്തിലും അവർക്ക് നല്ല കഴിവുണ്ടായിരുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ഭാര്യയാണ് റാണി ലക്ഷ്മീഭായി.സംസംകൃതത്തിലെ പ്രധാനപ്പെട്ട ഗ്രന്ഥങ്ങൾ അദ്ദേഹം ഭാര്യയെ പഠിപ്പിച്ചിരുന്നുവെന്നും സംഗീത ശാസ്ത്ര രഹസ്യങ്ങൾ റാണി കേരള വർമ്മക്ക് തിരിച്ചും പറഞ്ഞുകൊടുത്തിരുന്നുവെന്നും ഉള്ളൂർ വിവരിക്കുന്നുണ്ട്. മറ്റു സാഹിത്യ ചരിത്രകാരൻമാർ ഒന്നും തന്നെ ഇവരുടെ പ്രാധാന്യം കണക്കിലെടുത്തിട്ടില്ല . മലയാള സാഹിത്യത്തിന്റെ ആദ്യകാലത്ത് ആ മേഖലയിലേക്ക് കടന്നു വന്ന സ്ത്രീ എന്ന നിലയിൽ ഇവർ പ്രാധാന്യം അർഹിക്കുന്നുണ്ട്.

### 2.1.10 തോട്ടയ്ക്കാട്ട് ഇക്കാവമ്മ (1864-1916)

കുട്ടിക്കുഞ്ഞു തങ്കച്ചിയെപ്പോലെത്തന്നെ അന്നു സാഹിത്യത്തിൽ നിലനിന്നിരുന്ന എല്ലാ കവിത പ്രസ്ഥാനങ്ങളിലും തന്റെ പ്രാഗത്ഭ്യം തെളിയിച്ചകവയിത്രിയാണ് തോട്ടയ്ക്കാട്ട് ഇക്കാവമ്മ. സന്മർഗ്ഗോപദേശം.ഓട്ടൻതുള്ളൽ, രാസ ക്രീഢ കുറത്തിപ്പാട്ട് പുരാണശ്രവണമാഹാത്മയം കിളിപ്പാട്ട്, ആര്യാശതകം, സുഭദ്രാർജ്ജുനംനാടകം, നളചരിതം നാടകം (അപൂർണ്ണം) കൽക്കിപുരാണം കിളിപ്പാട്ട് (പ്രകാശിതമായിട്ടില്ല) എന്നിവയാണ് ഇക്കാവമ്മയുടെ കൃതികൾ.

19-ാം നൂറ്റാണ്ടിൽ സ്ത്രീകളിൽ ഉണ്ടായ പുതിയ ബോധത്തിന്റെയും പുതിയ ചിന്തകളുടെയും തുടക്കം ഇക്കാവമ്മയുടെ കൃതികളിൽ കാണാം.പുരുഷൻമാരെപ്പോലെ സ്ത്രീകൾക്കും സാഹിത്യത്തിൽ സ്ഥാനം നേടാൻ അവകാശമുണ്ടെന്നും അവർക്കും സഹൃദയരെ ആഹ്ലാദിപ്പിക്കാൻ സാധിക്കുമെന്നും ഇക്കാവമ്മ തെളിയിച്ചു. സ്ത്രീകളെ നിന്ദിക്കുന്ന തരം പ്രസ്താവനകളോട് അവർ ശക്തമായി പ്രതികരിക്കുന്നുണ്ട്. തൃശൂരിൽ നിന്നുള്ള കേരളനന്ദിനി പത്രത്തിൽ വന്ന ‘‘അരുതരുത് സഖ്യം സ്ത്രീകളോടൊട്ടുമാക’’ എന്നതിനുള്ള അവരുടെ മറുപടിയിൽനിന്നുള്ള ചില ഭാഗം വായിച്ചാൽ അത് ബോധ്യപ്പെടും എന്ന് ഗീത രേഖപ്പെടുത്തിയിരിക്കുന്നു.(2014:30) ‘‘സുഭദ്രാർജ്ജുനം’’ എന്ന നാടകം മലയാള സാഹിത്യചരിത്രത്തിൽ തന്നെ പ്രഥമസ്ഥാനം അർഹിക്കുന്നുണ്ട്. തമിഴ് സംഗീത നാടകങ്ങളിൽ നിന്നും

തർജ്ജമകളിൽ നിന്നും വ്യത്യസ്തമായി രചിക്കപ്പെട്ട സ്വതന്ത്രകൃതിയാണിത്. ഈ നാടകത്തിൽ നടി-സൂത്രധാര സംഭാഷണ രൂപമായ പ്രസ്താവനയിൽ യോഗ്യൻമാരായ പുരുഷന്മാർ സാധിക്കേണ്ട കവികർമ്മം ഒരു സ്ത്രീ നിർവ്വഹിക്കാൻ പുറപ്പെട്ടാൽ നന്നായിത്തീരുകയില്ലെന്നു സൂത്രധാരൻ അധിക്ഷേപിച്ചു പറയുന്നുണ്ട്. അപ്പോൾ ആ അഭിപ്രായത്തെ എതിർത്തുകൊണ്ട് പുരുഷൻമാരാൽ സാധ്യമായ ഏതുകാര്യവും സ്ത്രീകൾക്കും സാധ്യമാവുമെന്ന് നടിപറയുന്നു. അതിനെ സാധൂകരിക്കാനായി ചൊല്ലുന്ന ശ്ലോകവും ശ്രദ്ധേയമാണ്.

*മല്ലാരിപ്രിയയായ ഭാമ സമരം ചെയ്തീ ലയോ? തേർ തെളി–*
*ച്ചില്ലേ പണ്ടു സുഭദ്ര, പാരിതിഭരിക്കുന്നില്ലേ വിക്ടോറിയ*
*മല്ലാക്ഷി മണിയാൾക്കു പാടവമിവക്കെല്ലാം ഭവിച്ചീടുകിൽ*
*ചൊല്ലേറും കവിക്കുമാത്രമിവളാളല്ലെന്നു വന്നീടുമോ*

(2002:18)

സമരം ചെയ്യലും തേരുതെളിക്കലും രാജ്യം ഭരിക്കലുമെല്ലാം പുരുഷന്മാർക്കു പറഞ്ഞിട്ടുളളതാണല്ലോ. എന്നാൽ ഇതെല്ലാം സ്ത്രീകളും ചെയ്തിട്ടുണ്ടെന്ന് ഉദാഹരണ സഹിതം കവയിത്രി കാണിച്ചു തരുന്നു. പുരാണ കഥാപാത്രങ്ങളെ മാത്രമല്ല സമകാലീന ചരിത്രത്തിൽ നിന്ന് വിക്ടോറിയ രാജ്ഞിയെയും അവർ അതിനായി ചൂണ്ടിക്കാണിക്കുന്നു. സ്ത്രീയുടെ എഴുത്തിനോടുള്ള പുരുഷന്റെ പ്രതിരോധത്തെ അങ്ങനെ ഇക്കാവമ്മ മറികടക്കുന്നു. ''*സ്ത്രീകൾക്കു കവിതയുണ്ടാകില്ലെന്ന ശാസ്ത്രമോ ശാപമോ ഇല്ല. എന്നാൽ ഇതത്ര സാധാരണമല്ലെന്നു മാത്രമേ ഞാൻ പറഞ്ഞതിനർത്ഥമുള്ളൂ*''എന്ന് സൂത്രധാരനെക്കൊണ്ട് അവർ പറയിക്കുന്നു.(2002:18) യോഗ്യരായ പുരുഷൻമാർക്കു മാത്രം സാധിക്കുന്നതാണ് സാഹിത്യ രചനയെന്നും സ്ത്രീക്ക് അതു കഴിയില്ലെന്നുള്ള സമൂഹത്തിന്റെ പൊതുവായ ധാരണയെയാണ് അവർ ചോദ്യം ചെയ്തത്.''പിൽക്കാലത്ത് കേരളീയ വനിതമാർക്കെല്ലാം പലകാര്യങ്ങളിലും ആവേശവും അഭിനിവേശവും ജനിപ്പിക്കാൻ സർവ്വ പ്രകാരേണയും പ്രചോദനമരുളിയിട്ടുള്ള ഒരു പദ്യമാണിതെന്ന് ടി.എം ചുമ്മാർ രേഖപ്പെടുത്തുന്നു. (1984:401) സ്ത്രീ ജാതിയിലെ തുഞ്ചത്തെഴുത്തച്ഛൻ എന്ന സി.പി അച്യുതമേനോന്റെ വിശേഷണം ഇക്കാവമ്മക്ക് വളരെ യോജിക്കുന്നു[1]. കാരണം പിൽക്കാലത്തെ സ്ത്രീരചനകൾക്ക് ഒരു ശക്തയായ വഴികാട്ടിയാവാൻ അവരുടെ കൃതികൾക്കു കഴിഞ്ഞിരിക്കുന്നു മലയാളത്തിലെ പിൽക്കാല പെൺഭാവിയുടെയും സാഹിത്യത്തിന്റേയും സ്രോതസ്സായി വർത്തിക്കുന്ന കൃതിയാണ് സുഭദ്രർജ്ജുനം.

### 2.1.11 കെ.എം കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ ( 1877-1947)

വലിയൊരു ഇല്ലത്തെ മൂപ്പനായ നീലകണ്ഠൻ തിരുമനസ്സ് വിവാഹം ചെയ്ത തുകൊണ്ടാണ് കുഞ്ഞിലക്ഷ്മിയമ്മ എന്ന കവയിത്രി കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ എന്ന പേരിൽ അറിയപ്പെട്ടത്. അക്കാലത്തെ പേരുകേട്ട അഭിഭാഷകനായിരുന്നകൊയ്യാടൻ കുന്നത്ത് കണ്ണൻ നമ്പ്യാരുടെയും ലക്ഷ്മിയമ്മയുടെയും മകളായി ജനിച്ച കുഞ്ഞുലക്ഷ്മിയമ്മക്ക് നല്ലരീതിയിൽ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിരുന്നു.

പ്രാർത്ഥനാഞ്ജലി എന്ന സംസ്കൃതകൃതിയും സാവിത്രിവൃത്തം കൈകൊട്ടിക്കളിപ്പാട്ട്,കൗസല്യാദേവി ,പുരാണചന്ദ്രിക, ഗോകർണ പ്രതിഷ്ഠ,കടാംകോട്ട് മാക്കം കിളിപ്പാട്ട് എന്നീ മലയാളകൃതികളുമാണ് അവർ രചിച്ചിട്ടുള്ളത്. കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പ് കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മയുടെ അയൽക്കാരനായിരുന്നുവെന്നും അദ്ദേഹവുമായുള്ള സഹവാസം അവരുടെ കവനപാടത്തെ വർദ്ധിപ്പിച്ചു എന്നും ഉള്ളൂർ പറയുന്നു. ഉള്ളൂരിന്റെ സ്ത്രീക്ക് സ്വന്തമായി നല്ല കവിതയെഴുതാൻ കഴിയില്ലെന്ന മനോഭാവം ഇവിടെയും കാണുന്നു.

### 2.1.12 ചെമ്പോൽ കൊട്ടാരത്തിൽ അംബാദേവിത്തമ്പുരാട്ടി (1890-1925)

ശ്രീ ഭൂതനാഥോദയം, അഷ്ടമിചമ്പൂ ഭാഷ, ദശകുമാരചരിതം ഭാഷ എന്നീ കൃതികളുടെ രചയിതാവായ അംബാദേവിത്തമ്പുരാട്ടി ബാല്യം മുതൽ തന്നെ ഭാഷാ കവിതരചിക്കുന്നതിൽ താൽപ്പര്യം കാണിച്ചിരുന്നു. ഇതിനു പുറമേ സംസ്കൃതത്തിലും ഭാഷയിലും ചില ഭഗവത്സ്തോത്രങ്ങളും ഇവർ എഴുതിയിട്ടുണ്ട്.

### 2.1.13 എളമനമഠത്തിൽ കല്യണിയമ്മ

ബാല്യത്തിൽ തന്നെ അമരകോശവും സിദ്ധരൂപവും ഉരുവിട്ടു പഠിച്ച വിദൂഷിയാണ് കല്യാണിയമ്മ. ശ്രീരാമോദന്തം, രഘുവംശം, കുമാരസംഭവം,മാഘം ,നൈഷധം എന്നീ കാവ്യത്തിലും അവർ വ്യുല്പ്പത്തിയാർജ്ജിച്ചിരുന്നു. ഇവർ ധാരാളം കവിതകൾ രചിച്ചിരുന്നെങ്കിലും അവയൊന്നും പ്രസിദ്ധീകരിക്കുകയുണ്ടായില്ല.

### 2.1.14 തരവത്ത് അമ്മാളുവമ്മ

അനേകം തുള്ളലുകളും ഗാഥകളും, കുറത്തിപ്പാട്ടുകളും രചിച്ച പ്രഗത്ഭയായ കവയിത്രിയാണ് തരവത്ത് അമ്മാളുവമ്മ. ഭക്തമാല മൂന്നുഭാഗങ്ങൾ ,ശിവഭക്ത വിലാസം ,ബുദ്ധഗാഥ, സർവ്വവേദ സിദ്ധാന്ത സംഗ്രഹം ,ബുദ്ധചരിതം,കൃഷ്ണഭക്തി, ചന്ദ്രികഭാഷാ നാടകം,ബാലബോധിനി, കോമളവല്ലി തുടങ്ങിയ കൃതികൾ ഇവരുടെ സംഭാവനയണ്.

**2.1.15 തോട്ടയ്ക്കാട്ട് ഗൗരിക്കുട്ടിലമ്മ (1894–1973)**

ഇക്കാലത്തെ മറ്റൊരു പേരുകേട്ട കവയിത്രിയാണ് ഗൗരിക്കുട്ടിലമ്മ. വിധിവിലാസം,ദേവീയോഗം,ബാലഗീതം എന്നിവയാണ് ഇവർ രചിച്ച കൃതികൾ

തെക്കേക്കുന്നത്തു കല്യണിക്കുട്ടിയമ്മ, മംഗലശ്ശേരിയിൽ കൊച്ചുകുഞ്ഞിയമ്മ,കരുവേലി ഗൗരിക്കുട്ടിയമ്മ പശുവക്കാട് അമ്മുകുട്ടിയമ്മ കെ.പി കുഞ്ഞിലക്ഷ്മിയമ്മ ,പാലിയത്ത് ഓമനക്കുഞ്ഞമ്മ,എൻ കമലമ്മ, സി അമ്മുക്കുട്ടിയമ്മ, കൊണ്ടാട്ടിൽ ഇട്ടിമായമ്മ തുടങ്ങി ഈ തലമുറയിൽ വേറെയും എഴുത്തുകാരികളുണ്ട്. നാമമാത്രമായകൃതികളാണ് ഇവർ എഴുതിയിട്ടുള്ളത്. മിക്കവരുടെയും കൃതികൾ പ്രസിദ്ധീകരിച്ചിട്ടുമില്ല. എങ്കിലും മലയാള കവിതാ രംഗേത്തക്ക് കടന്നു വന്ന ആദ്യകാല സ്ത്രീ എഴുത്തുകാർ എന്ന നിലയിൽ ഇവരുടെ പേരും പ്രാധാന്യമർഹിക്കുന്നു.

**2.1.16** മുകളിൽപ്പറഞ്ഞ കവയിത്രികളെയെല്ലാം വിലയിരുത്തുമ്പോൾ ഒരു കാര്യം ശ്രദ്ധേയമാണ്. ഇവരെല്ലാം സവർണ്ണവിഭാഗത്തിൽപ്പെടുന്നവരായിരുന്നു. ഉയർന്ന തറവാട്ടു മഹിമയുള്ള അവർക്ക് എല്ലാ തരം വിദ്യാഭ്യാസത്തിനുമുള്ള അവസരവും ലഭിച്ചിരുന്ന.ു എന്നിട്ടു പോലും പലരും സാഹിത്യ രംഗത്ത് വേണ്ടത്ര അംഗീകാരം ലഭിച്ചില്ല . എന്നു മാത്രമല്ല അവരുടെ സർഗ്ഗാത്മ കഴിവ് വേണ്ടത്ര പ്രയോഗിക്കാനുള്ള അവസരം അവർക്ക് പലപ്പോഴും കുറവായിരുന്നു. അങ്ങനെ നോക്കുമ്പോൾ അക്കാലത്ത് വിദ്യാഭ്യാസം പോലും നിഷിദ്ധമായിരുന്ന അവർണ്ണരും ദരിദ്രരും ദളിതരുമായവർ എഴുത്തിന്റെ ലോകത്തു നിന്ന് തന്നെ അപ്രത്യക്ഷമായത് അത്ഭുതപ്പെട്ടിട്ട് കാര്യമില്ല. ഇവരുടെ ഭാവനാശേഷി നാടൻ പാട്ടുകളിലും മറ്റുമായി അവർ പ്രയോഗിച്ചിരിക്കാം. പക്ഷേ അതൊന്നും അവരുടെ പേരിലറിയപ്പെട്ടില്ല. എല്ലാം അജ്ഞാതകർതൃകങ്ങളാണ്.

## 2.2. ആദ്യകാല സ്ത്രീമാസികകളും സ്ത്രീസാന്നിധ്യവും

എക്കാലത്തും മറ്റുള്ള തൊഴിലുകളിൽ എന്നപോലെ സർഗ്ഗാത്മക രംഗത്തും പുരുഷന്മാരായിരുന്നു ആധിപത്യം പുലർത്തിയിരുന്നത്. പുറത്തെ വിശാലമായ പൊതുയിടങ്ങൾ പുരുഷന്റെ മാത്രം സ്വന്തമായിരുന്നു. സംവാദങ്ങൾക്കും കൂടിച്ചേരലുകൾക്കും ധാരാളം അവസരങ്ങൾ അവിടെയുണ്ടായിരുന്നത് കൊണ്ട് പുരുഷന്മാർ തമ്മിൽ ഐക്യമുണ്ടായിരുന്നു. വീടുകളുടെ ഇടുങ്ങിയ ചുമരുകൾക്കുള്ളിലാണ് സ്ത്രീകളുടെ ഇടം. കുട്ടികളെ പരിപാലിക്കുക, വീട്ടിലെ മറ്റു ജോലികൾ ചെയ്യുക,

സമയാസമയങ്ങളിൽ ഭക്ഷണമൊരുക്കി വയ്ക്കുക ഇതെല്ലാമാണ് അവരുടെ കർത്ത വ്യം. വിശ്രമമില്ലാത്ത ജോലിത്തിരക്കിനിടയിൽ സമീപ വീടുകളിലെ സ്ത്രീകളുമാ യിട്ടുപോലും കൂട്ടായ്മ പുലർത്താൻ കഴിയാത്ത സ്ത്രീകൾക്ക് തങ്ങളുടെ മനസിലെ വികാരങ്ങൾ മറ്റാരെങ്കിലുമായി പങ്കുവെക്കാനുള്ള അവസരം പോലും ഉണ്ടായിരുന്നി ല്ല. സ്ത്രീകൾക്ക് സ്വന്തമായി മുറിയില്ലായെന്നു മാത്രമല്ല ഒരിക്കലും അവരുടേ തായസമയവും ഉണ്ടായിരുന്നില്ല. കുടുംബത്തിലെ എല്ലാവർക്കും വേണ്ടി അവൾ സ്വന്തം സമയം മാറ്റിവെയ്ക്കുന്നു. അവർ ആവശ്യപ്പെടുന്ന ഏതുനിമിഷവും അവൾ അവർക്കു വേണ്ടി സേവനം ചെയ്തു.സ്നേഹം,സഹനം,വിനയം ഇവയൊ ക്കെയായിരുന്നു സമൂഹം സ്ത്രീകൾക്കു കൽപ്പിച്ച ഗുണങ്ങൾ. അതാണ് ഉത്തമ സ്ത്രീത്വത്തിന്റെ ലക്ഷണങ്ങൾ എന്ന് സമൂഹം അവരെ പഠിപ്പിച്ചു. അതിനനുസരിച്ച് അവർ സ്വയം അധപ്പതിച്ചു പോയി. പുരുഷത്വത്തിന്റെ ലക്ഷണങ്ങളായി കണക്കാക്ക പ്പെടുന്നത് വീറും ധിക്കാരവും ലോകവിവരവും ആജ്ഞാശേഷിയുമൊക്കെയായിരു ന്നു. ഇതിനനുസരിച്ചാണ് സമൂഹം ആൺകുട്ടികളെയും പെൺകുട്ടികളെയും വളർത്തികൊണ്ടു വന്നത്.

അന്നത്തെ യാഥാസ്ഥിതിക സമൂഹം വിദ്യാഭ്യാസത്തിനെതിരായിരുന്നു. വിദ്യാ ഭ്യാസം സ്ത്രീയെ കുടുംബത്തിനു പുറത്തുള്ള വിശാലമായ ലോകത്തിലേക്കെത്തി ക്കുമെന്ന് ഭയന്ന് അവളിൽ ചിന്താപരമായ പുരോഗതിയുണ്ടാക്കാൻ പ്രേരിപ്പിക്കുന്ന വിദ്യാഭ്യാസത്തെ അവർ എതിർത്തു. സ്ത്രീ വിദ്യാഭ്യാസം തങ്ങളുടെ ആധിപ ത്യത്തെ ഇല്ലാതാക്കുമോ എന്ന് പുരുഷ സമൂഹം ഭയന്നിരുന്നു.

സാഹിത്യം സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനം തന്നെയാണ്. അതു കൊണ്ടു തന്നെ സമൂഹത്തിൽ നിലനിന്നു പോന്ന പുരുഷാധിപത്യം സ്ത്രീയുടെ അടിമത്തം, സത്രീപുരുഷ വൈരുദ്ധ്യങ്ങൾ തുടങ്ങിയവ സാഹിത്യരംഗത്തും നിലനി ന്നിരുന്നു. സാഹിത്യം എക്കാലത്തും പുരുഷന്മാരുടെ അധീനതയിലായിരുന്നു. സൗന്ദര്യശാസ്ത്ര സിദ്ധാന്തങ്ങൾ, സാഹിത്യമീമാംസ, കവി-കാവ്യ നിർവചനങ്ങൾ, സാഹിത്യ ചരിത്രം, വിമർശനം,വ്യാകരണം, ഭാഷ എന്നിങ്ങനെ സാഹിത്യത്തെ സം ബന്ധിക്കുന്ന എല്ലാ വിഷയങ്ങളും ഇതിന് സാക്ഷ്യം വഹിക്കുന്നു. സമൂഹത്തിലെ അധികാരപ്പദവി തന്നെയാണ് സാഹിത്യത്തിലെ അധീശത്വത്തിനും കാരണം .പുരു ഷന്മാർ സ്വന്തം കാഴ്ച്ചപ്പാടുകൾക്കനുസരിച്ച് ലോകത്തെയും സാഹിത്യത്തെയു മെല്ലാം നിർവ്വചിച്ചു.

ഇത്തരത്തിൽ സ്ത്രീയുടെ ജീവിതത്തെയെന്ന പോലെ സാഹിത്യത്തെയും പുരുഷധിപത്യവ്യവസ്ഥയാണ് നിർണയിച്ചത്. സ്ത്രീരചനകൾ അഭിമുഖീകരിക്കുന്ന പ്രശ്നവും പുരുഷാധിപത്യ വ്യവസ്ഥ തന്നെയാണ്.സമൂഹത്തിൽ സ്ത്രീകളുടെ

ഉത്തരവാദിത്വങ്ങൾ സ്വകാര്യ കുടുംബജീവിതവുമായി ബന്ധപ്പെട്ടതാണ്. ഈ ഉത്തര വാദിത്വങ്ങൾ കോട്ടം തട്ടാതെ വേണം സർഗ്ഗാത്മക ജീവിതം അവർക്ക് മുന്നോട്ടു കൊണ്ടു പോകാൻ. അത് അത്യന്തം ക്ലേശകരമാണുതാനും. കുടുംബത്തിലെ സ്ത്രീകളുടെ ജോലി, തീരാത്ത അടുക്കളപ്പണിയും കുടുംബാംഗങ്ങളുടെ പരിചരണ വുമാണ്. അവൾക്ക് സ്വന്തമായ സമയമില്ല.

പുരുഷൻ തങ്ങളുടേതായി കയ്യടക്കിവെച്ചിരുന്ന സഹിത്യത്തിന്റെ മേഖലയി ലേക്കു കടന്നുവരാൻ സ്ത്രീകൾക്ക് വളരെയധികം വെല്ലുവിളികൾ നേരിടേണ്ടി വന്നു. സ്ത്രീകളുടെ സാഹിത്യപ്രവേശനം നിരുത്സാഹപ്പെടുത്താനാണ് എന്നും പുരുഷന്മാർ ശ്രമിച്ചിരുന്നത്. അതുകൊണ്ടു തന്നെയാണ് ആദ്യകാലത്ത് സ്ത്രീ രചന കളെല്ലാം അവരുടെ ഇരുമ്പുപെട്ടിക്കുള്ളിൽ ഒതുങ്ങിപ്പോയത്.

സ്ത്രീകൾ സാഹിത്യരംഗത്തേക്കു കടന്നു വരുന്നത് ഒട്ടേറെ എതിർപ്പിനു കാര ണമായിരുന്നു.സ്ത്രീ രചനകൾ ഗുണമേന്മകുറഞ്ഞതായി പ്രചരിപ്പിക്കപ്പെട്ടു. സർഗാ ത്മക രംഗത്ത് വളരെ കഴിവ് തെളിയിച്ച സ്ത്രീകൾ പോലും പരിഹസിക്കപ്പെട്ടു. നിര വധി ഉദാഹരണങ്ങൾ മാലയാളത്തിലുണ്ട്. അമ്പാടിക്കുഞ്ഞികൃഷ്ണപൊതുവാൾ എന്ന കവി, ഒരു ശ്ലോകമെഴുതി അദ്ദേഹത്തെ കാണിച്ച ഏതോ എഴുത്തുകാരിയെ അവഹേളിച്ചു വിട്ടതായി സാഹിത്യചരിത്രങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആ എഴുത്തുകാരിയാരെന്നോ അവർ രചിച്ച ശ്ലോകമേതെന്നോ അറിയാൻ കഴിഞ്ഞിട്ടില്ലെ ങ്കിലും പൊതുവാൾ നൽകിയ മറുപടി മാത്രം ചരിത്രരേഖയായി നിലനിൽക്കുന്നു അതിപ്രകാരമാണ്

*‘ തരുണീമണി മേലിലിത്തരം കൊ-*
*ള്ളരുതാതുള്ളവ തീർത്തുകൊണ്ടിരുന്നാൽ*
*മുറിമുണ്ടുകളല്ല, നല്ല വേലി -*
*ത്തറികൊണ്ടൊന്നു തരും തരം വരുമ്പോൾ’*

പൊതുവാൾ ‘ആ പാവത്തെ ക്ഷീണസത്വയാക്കി മടക്കിയയച്ചു’ എന്നാണ് ഉള്ളൂർ എഴുതിയിരിക്കുന്നത്. (കേരള സാഹിത്യ ചരിത്രം വോള്യം 4.1974 പുറം 95-98 ) അതു പോലെത്തന്നെ തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ കവിത്വത്തെ വെല്ലുവിളിക്കുന്ന പരി ഹാസവാക്കുകളുണ്ടായി[2]. ഇത്തരം പരിഹാസവാക്കുകൾ പുരുഷന്റെ ഫലിതമല്ല. മറിച്ച് അവരുടെ ആധിപത്യത്തിന്റെ അഹങ്കാരമാണ്.

മലയാളത്തിലെ ആദ്യത്തെ എഴുത്തുകാരികളുടെ രചനകൾ പരിശോധിച്ച തിൽ നിന്ന് ഒരു കാര്യം മനസ്സിലാക്കാം അവരാരും തന്ന സാഹിത്യത്തിലെ പുരുഷ

മേൽക്കോയ്മയ്ക്കോ നിയമങ്ങൾക്കോ എതിരുനിന്നിരുന്നില്ല. സംസ്കൃത കൃതികളുടെ പുനരാഖ്യാനങ്ങൾ,തിരുവാതിരപ്പാട്ടുകൾ,കൈകൊട്ടിക്കളിപ്പാട്ടുകൾ,ഏകാദശി മാഹാത്മ്യങ്ങൾ,സ്തോത്രങ്ങൾ, ഓട്ടൻതുള്ളൽ ഇതെല്ലാമാണ് അവരുടെ രചനകൾ. അവരെല്ലാം ഉന്നത കുലങ്ങളിൽപെട്ടവരോ അക്കാലത്തെ സാഹിത്യനായകന്മാരായി ഏതെങ്കിലും തരത്തിൽ ബന്ധമുള്ളവരോ ആയിരുന്നു എന്നും നാം കണ്ടു. അങ്ങനെയുള്ളവർക്കല്ലാതെ അന്ന് സാഹിത്യരംഗത്തേക്ക് പ്രവേശിക്കാൻ കഴിയുമായിരുന്നില്ല.മലയാള സാഹിത്യലോകത്തെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് ലളിതാംബിക അന്തർജനം എഴുതിയിട്ടുണ്ട്.''അവർ (സ്ത്രീകൾ) എന്നും സാഹിത്യ ലോകത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരായിരുന്നു. സാഹിത്യത്തോടടുക്കുവാൻ വിലക്കുണ്ട്. തീണ്ടലും തൊടീലുമുണ്ട്. അന്തസ്സും ആഭിജാത്യവുമുള്ള കുടുംബങ്ങളിലെ സ്ത്രീകളുടെ ശബ്ദം പുറത്തു കേട്ടു കൂടാ എന്നാണ് വിധി''. (ആത്മകഥക്കൊരാ മുഖം 1979: പുറം 92)

ഇങ്ങനെ തങ്ങളെ സ്വീകരിക്കാൻ ഇഷ്ടമല്ലാത്ത മേഖലയിലേക്കാണ് എഴുത്തുകാരികൾ കടന്നു വന്നത് അതുകൊണ്ടു തന്നെ അവരിൽ പലരും എഴുത്ത് നിർത്തുകയോ എഴുതിയത് പുറത്തു കാണിക്കാതിരിക്കുകയോ ചെയ്തിരിക്കണം. അതുകൊണ്ട് എഴുത്തുകരന്മാരെപ്പോലെ എഴുത്തുകാരികൾക്ക് പാരമ്പര്യമില്ലാതെപ്പോയി. അവരുടെ പലരുടെയും കൃതികൾ തിരിച്ചറിയപ്പെടാതെയും പ്രോത്സാഹിപ്പിക്കപ്പെടാതെയും പോയി. അവിടെ എഴുത്തുകാരികൾക്ക് നേരിടേണ്ടി വന്നത് അതികഠിനമായ ആക്രമണമോ അല്ലെങ്കിൽ തമസ്കരണമോ ആയിരുന്നു. സ്ത്രീ എഴുത്തുകാരുടെ പാരമ്പര്യം തിരിച്ചറിയാത്ത മലയാളികൾ അവർക്കു പാരമ്പര്യമില്ലെന്നു വിധിച്ചു അവരെഴുതുന്നസാഹിത്യത്തിനു നിലവാരമില്ലെന്നും അവർ പറഞ്ഞുവെച്ചു. അങ്ങനെ സ്ത്രീകൾ ചരിത്രത്തിൽ നിശബ്ദരാക്കപ്പെട്ടു. പിന്നീട് വന്ന ഓരോ സ്ത്രീയും എഴുതുന്നത് ഈ നിശബ്ദതയെ ഇല്ലാതാക്കിക്കൊണ്ടാണ്. അതിനവൾക്ക് തീവ്രമായ ഇച്ഛാശക്തി കൂടിയേ തീരു. ഭൗതിക സാഹചര്യങ്ങളൊന്നും അവർക്ക് അനുകൂലമല്ല. ഏകാന്തധ്യാനവും പ്രശാന്തതയും സ്ത്രീയുടെ സാഹിത്യരചനക്ക് പശ്ചാത്തലമാകാനില്ല. സാഹിത്യസംഘങ്ങൾ, സെമിനാറുകൾ, ചർച്ചകൾ, സാമ്പത്തിക സ്ഥിതി ,അനുഭവങ്ങൾതേടിയുള്ള യാത്രകൾ, പ്രസാധക-നിരൂപകബന്ധങ്ങൾ തുടങ്ങിയ പുരുഷന്മാരുടെ സൗകര്യങ്ങളൊന്നും സ്ത്രീകൾക്കുണ്ടായിരുന്നില്ല. അത്തരം കാര്യങ്ങൾ അന്വേഷിച്ച് പോകുന്ന സ്ത്രീകൾ കുടുംബത്തിന് പുറത്താകേണ്ടി വരുന്നു

പശ്ചാത്യ ലോകത്ത് സ്ത്രീ അനുഭവിക്കുന്ന അടിച്ചമർത്തലുകളെക്കുറിച്ചുള്ള ബോധവും അതിനെതിരെയുള്ള ശബ്ദങ്ങളും പ്രബലമായിത്തുടങ്ങിയപ്പോഴാണ്

മലയാളത്തിലെ ആദ്യത്തെ സ്ത്രീരചനകൾ പുറത്തു വരുന്നത്. ഫെമിനിസത്തിന്റെ കാഴ്ച്ചപ്പാടുകളൊന്നും ആ സ്ത്രീരചയിതാക്കൾക്കുണ്ടായിരുന്നില്ല പ്രകടമായ സ്ത്രീവാദ വീക്ഷണങ്ങൾ അവയിൽ കാണുന്നില്ല. സ്ത്രീകൾക്കും സാഹിത്യരചന യാവാം എന്ന് സമ്മതിപ്പാക്കാൻ വേണ്ടി തോട്ടയ്ക്കാട്ട് ഇക്കാവമ്മക്ക് മല്ലാരിപ്രിയ യായ ഭാമ സമരം ചെയ്തീലയോ? ... എന്നിങ്ങനെ സുഭദ്രാർജ്ജുന നാടകത്തിൽ പറയേണ്ടി വന്നത് അന്നേ പുരുഷന്മാരുടെ മാത്രം തട്ടകമായിരുന്നു സാഹിത്യരംഗം എന്നുള്ളത് കൊണ്ടാണ്. ഒത്തു തീർപ്പുകൾക്കു വഴങ്ങിയും പുരുഷാധികാരത്തിന്റെ നിയമങ്ങളെ പുനർനിർമ്മിച്ചുമാണ് അന്ന് സ്ത്രീ രചനകൾ സാഹിത്യരംഗത്തിടം പിടിച്ചത്.(ഗീത,2014:31) എങ്കിലും കുട്ടിക്കുഞ്ഞു തങ്കച്ചിയിലും തോട്ടയ്ക്കാട്ട് ഇക്കാവമ്മ യിലുമൊക്കെ തങ്ങളുടെ സ്ഥാനം ഉയർന്നു വരേണ്ടതാണെന്ന ചിന്ത ഉടലെടുത്തി രുന്നു.

പത്തൊമ്പതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലാണ് സ്ത്രീ വിമോചനം ഒരു സാമൂഹിക ആവശ്യമെന്ന നിലയിൽ കേരളീയ സമൂഹം ഏറ്റെടുക്കുന്നത്. കേരള ത്തിന്റെ നവോത്ഥാനകാലം അവിടെ തുടങ്ങുന്നു.

''പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പിറവിവരെയുള്ള അമ്പത് കൊല്ലം പ്രത്യേകിച്ചും അവസാനത്തെ ഇരുപത് കൊല്ലം അത്ഭുതവും അവിശ്വസനീയവുമായ പരിവർത്തനങ്ങളാണ് കേരളത്തിൽ വരുത്തി യത്. 1850 ന് അപ്പുറത്തേക്കു കടന്നാൽ പണ്ടെന്നോ പണ്ടു പണ്ടെന്നോ പറയാവുന്ന ഒരു പ്രാകൃത കാലത്തിലാണ് നാം ചെന്നെത്തുക. അതുപോലെ 1900 കഴിഞ്ഞാൽ തീർത്തും ആധുനികമായ യുഗത്തിലും നാം വന്നെത്തും. ഈ രണ്ടു ഘട്ടങ്ങളും കൂട്ടിയിണക്കുന്ന പാലമാണ് 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം. കേരളീയജീവിതം ര ണ്ടായിരം കൊല്ലത്തിന്റെ ചാട്ടം ചാടിയ കാലമാണ് ആ അമ്പതു കൊല്ലം.'' (പി. കെ.ബാലകൃഷ്ണൻ,1980:62-63)

ഈ ഘട്ടത്തിൽ തന്നെയാണ് കേരളത്തിലെ സ്ത്രീവിമോചന ചിന്തകൾ വ്യാപകമാകുന്നത്. പാശ്ചാത്യമിഷനറിമാരുടെ പ്രവർത്തനങ്ങളും ബ്രിട്ടീഷ് ആധി പത്യം കൊണ്ടുവന്ന ഇംഗ്ലീഷ് വിദ്യാഭ്യസവുമെല്ലാം സ്ത്രീകളിൽ വിമോചന ബോധം ഉണർത്തി സാമൂഹികമായ ഏതു കാര്യത്തെക്കുറിച്ചുമുള്ള ചർച്ചകൾ സ്ത്രീകൾക്കിടയിൽ സാദ്ധ്യമായിത്തുടങ്ങിയ കാലമായിരുന്നു അത്. വിദ്യാഭ്യാസം, വിവാഹം, ഉദ്യോഗം, വസ്ത്രധാരണം, ബാല്യവിവാഹം, പിന്തുടർച്ചാവകാശം എന്നിങ്ങനെ എല്ലാറ്റിനെയും കുറിച്ചുള്ള സംവാദങ്ങളും സ്ത്രീകൾക്കിടയിൽ ധാരാള മായി നടന്നു. ഇത്തരത്തിലുള്ള സ്ത്രീവിമോചനാശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ

ആദ്യകാലമാസികകൾ വലിയ പങ്കാണു വഹിച്ചിട്ടുള്ളത്. സ്വന്തമായി കൃതികൾ പ്രസിദ്ധീകരിക്കാൻതക്ക സാഹചര്യമില്ലാതിരുന്ന അക്കാലത്തെ സ്ത്രീകൾക്ക് തങ്ങളുടെ ആശയങ്ങൾ പ്രസിദ്ധീകരിക്കാൻ ഈ മാസികകളിലൂടെ കഴിഞ്ഞു. സാഹിത്യത്തിൽ പ്രവേശിക്കാൻ വളരെ വലിയ എതിർപ്പുകൾ നേരിടേണ്ടി വന്നിരുന്ന ആ സാഹചര്യത്തിലും ധാരാളം സ്ത്രീകൾ എഴുതാൻ സധൈര്യം മുന്നോട്ടു വന്നു എന്ന് ആദ്യകാല മാസികകൾ തെളിയിക്കുന്നു.

സ്ത്രീകൾക്കുവേണ്ടി പ്രസിദ്ധീകൃതമായ ആദ്യമാസിക കേരളീയ സുഗുണബോധിനി (1887)യായിരുന്നു.വിദ്യാസമ്പന്നരായ ഒരു കൂട്ടം യുവാക്കളാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചത് .ശാരദ(1904) ലക്ഷ്മീ ഭായി (1905) മഹിളാരത്നം (1916) മഹിള (1921) മഹിളാമന്ദിരം (1927) മലയാളമാസിക (1931) സ്ത്രീ (1933) തുട ങ്ങിയവയാണ് ആദ്യകാല മാസികകൾ. ഇവയിൽ വളരെ വലിയ സ്ത്രീ പങ്കാളിത്ത മാണ് കാണുന്നത്. ഇവയുടെയെല്ലാം നടത്തിപ്പിലും നയരൂപീകരണത്തിലും സ്ത്രീകൾ മുൻകൈ എടുത്തിരുന്നു.

ഈ മാസികകളിലൂടെ സ്ത്രീസ്വാതന്ത്ര്യം, സ്ത്രീവിദ്യാഭ്യാസം,പുരുഷാധി പത്യം തുടങ്ങി സ്ത്രീകളുമായി ബന്ധപ്പെട്ട പല വിഷയങ്ങളെക്കുറിച്ചും ലേഖന ങ്ങൾ എഴുതപ്പെട്ടു. പുരുഷന്മാരുടെ സ്ത്രീവിരുദ്ധതക്കെതിരെ ശാസ്ത്രയുക്തിയുടെ പിൻബലത്തോടെ മറുപടി പറയാൻ തക്ക കഴിവ് സ്ത്രീകൾ നേടിയിരുന്നു എന്ന തിന്റെ തെളിവാണ് 1897 ലെ വിദ്യാവിനോദിനിയിൽ (കൊ.വ.1073 ചിങ്ങമാസം) എൻ.എ അമ്മ എഴുതിയ 'സ്ത്രീവിദ്യാഭ്യാസദോഷനിഷേധം' എന്ന ലേഖനം 1072 വൃശ്ചികത്തിൽ എൻ.ആർ.വി എന്ന പേരിലൊരാൾ എഴുതിയ 'സ്ത്രീവിദ്യാഭ്യാസം' എന്ന ലേഖനത്തിന് ഏതാണ്ട് ഒരു വർഷത്തിനുശേഷം നല്കുന്ന മറുപടിയാണ് ഈ ലേഖനം. 'സ്ത്രീകൾക്ക് അക്ഷരവിന്യാസരൂപമായ പഠിപ്പ്' ആവശ്യമില്ലെ ന്നാണ് (പുറം 75-77) എൻ.ആർ.വി വാദിക്കുന്നത്. അതിനു മറുപടിയായി ലേഖിക 'വിദ്യയില്ലാത്ത മനുഷ്യൻ മൃഗങ്ങളിൽ ഒരുവകഭേദം മാത്രമാണ്' എന്ന പണ്ഡിത വചനം സൂചിപ്പിക്കുന്നു (പുറം-427-431) എൻ.ആർ.വി യുടെ സ്ത്രീകൾക്കെതിരായ വാദങ്ങളെ നിശിതമായി ഖണ്ഡിക്കുകയും പരിഹസിക്കുകയും ചെയ്യുന്നുണ്ട്. എൻ.എ അമ്മ എന്ന ലേഖിക. സ്ത്രീ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള വാദങ്ങൾ പുരുഷാധിപത്യസംസ്കാരത്തോടുള്ള കടുത്ത അമർഷങ്ങളായിട്ടാണ് ലേഖനങ്ങ ളിൽ വായിക്കപ്പെട്ടത്. 1905 മുതൽ ശാരദയിൽ സ്ത്രീവിദ്യാഭ്യാസത്തെ വിവിധ കോണുകളിൽ നിന്ന് നോക്കിക്കണ്ടുകൊണ്ട് തങ്ങളുടെ വാദങ്ങൾ നിരത്തി ധാരാളം സ്ത്രീകൾ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു.

പത്മാവതി അമ്മയുടെ മലയാളികളും സാമൂഹ്യവിദ്യാഭ്യാസവും (ശാരദ-7, എടവം 1705) എന്ന ലേഖനം ശ്രദ്ധേയമാണ്.'ദൈവം സ്ത്രീകളെ സൃഷ്ടിച്ചിരിക്കുന്നത് കേവലം സന്താനോൽപാദനത്തിനു വേണ്ടിമാത്രമാണെന്നും അതിലധികമായി അവരുടെ ജീവകാലത്തിൽ സഹിക്കേണ്ടതായ യാതൊരു ഉദ്ദേശ്യവും ഇല്ലെന്നും അതിനാൽ സാധാരണ വല്ല കന്നുകാലികളെയോ അല്ലെങ്കിൽ കുറേ വാത്സല്യത്തോടെ വളർത്തുന്ന മറ്റു വല്ല മൃഗങ്ങളെയോ പോറ്റുന്നതു പോലെ അവരെയും നല്ല ഭക്ഷണവും മറ്റും കൊടുത്ത് രക്ഷിച്ചാൽ മതിയെന്നുമാണ് നമ്മുടെ കൂട്ടരുടെ പൂർണ വിശ്വാസം ( പുറം- 5-9) എന്നിങ്ങനെ വ്യക്തിത്വമില്ലാത്ത ജീവികളായി സ്ത്രീകളെ കാണുന്ന പുരുഷ സമൂഹത്തെ ലേഖിക പരിഹസിക്കുന്നു. ഗാർഹികാടിമത്തത്തിൽ മനംമടുത്ത സ്ത്രീകളുടെ രോഷമാണ് ഈ ലേഖനത്തിലുടനീളം കാണാനാകുന്നത്. സ്ത്രീകളുടെ അടിമത്താവസ്ഥയാണ് സാഹിത്യത്തിൽ സ്ഥാനമുറപ്പിക്കുന്നതിൽ നിന്നും അവളെ തടഞ്ഞതെന്ന വെർജ്ജീനിയ വൂൾഫ്,സിമോൻ ദി ബുവർ എന്നീ പാശ്ചാത്യ എഴുത്തുകാരികൾ അഭിപ്രായപ്പെടുന്നതിനും മുമ്പ് തന്നെ 1908 ഏപ്രിലിൽ ഇറങ്ങിയ ശാരദയിൽ മാധവി എന്ന എഴുത്തുകാരി 'വനിതാവൈഭവം' എന്ന ലേഖനത്തിൽ ഇക്കാര്യം കണ്ടെത്തിയിട്ടുണ്ട്. സാഹിത്യവും സ്ത്രീയുടെ ജീവിതാവസ്ഥയും തമ്മിൽ നില നില്ക്കുന്ന വൈരുദ്ധ്യങ്ങളെ തുറന്നുകാണിക്കാൻ ശ്രമിക്കുന്ന മലയാളത്തിലെ ആദ്യ ലേഖനമാണിത്.സ്ത്രീകൾ സാഹിത്യത്തിലും ശാസ്ത്രത്തിലുമൊന്നും പ്രശസ്തി നേടിയിട്ടില്ലെന്ന് ആക്ഷേപിക്കുന്ന സമൂഹത്തിന്റെ കപടതയെ സ്ത്രീകളുടെ ജീവിത യാഥാർത്ഥ്യങ്ങളെ തുറന്നു കാണിച്ചുക്കൊണ്ട് ഈ ലേഖനം ചോദ്യംചെയ്യുന്നു. ഇതേ വിഷയം തന്നെ കുറച്ചു കൂടി ഗൗരവമായി നോക്കിക്കാണുകയാണ് 1916തുലാം മാസത്തിലെ മഹിളാരത്നം മാസികയിൽ പ്രസിദ്ധീകരിച്ച കെ.എം കുഞ്ഞിലക്ഷ്മിയുടെ 'സാഹിത്യവും സ്ത്രീസമുദായവും' എന്ന ലേഖനം.

1921 ഫെബ്രുവരി മാസത്തിൽ ബി.പാച്ചിയമ്മ മഹിളയിലെഴുതിയ 'സ്ത്രീകളും സ്വാതന്ത്ര്യവും'എന്ന ലേഖനത്തിൽ സ്ത്രീകൾ അടുപ്പിനുഴിഞ്ഞുവിട്ട കോഴികളെപ്പോലെ അഥവാ ഹോമ കുണ്ഡത്തിനരികെയിരുന്നു യാഗം ദീക്ഷിക്കുന്ന യോഗികളെപ്പോലെ അടുക്കളപ്പൂച്ചകളായി കഴിഞ്ഞുകൂടിയാൽ എങ്ങനെ സമുദായം അഭിവൃദ്ധി പ്രാപിക്കും എന്ന് ചോദിക്കുന്നു. ഇത്തരത്തിൽ ധാരാളം ലേഖനങ്ങൾ സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചും സ്ത്രീവിദ്യഭ്യാസത്തെക്കുറിച്ചും സ്ത്രീകളുടെ സാഹിത്യത്തിലെ പദവികളെക്കുറിച്ചും (സാഹിത്യത്തിൽ സ്ത്രീകളുടെ പദവി ഇ. രുഗ്മിണിയമ്മ, ലക്ഷ്മിഭായി 1091 വൃശ്ചികം) എല്ലാം സ്ത്രീകളുടെ നേതൃത്വത്തി

ലുള്ള അന്നത്തെ മാസികകളിലൂടെ പുറത്തുവന്നു. അക്കാലത്ത് സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ചും സ്വതന്ത്ര്യത്തെക്കുറിച്ചുമെല്ലാം വ്യക്തമായ കാഴ്ച്ചപ്പാട് സ്ത്രീകൾക്കുണ്ടായിരുന്നു എന്നതിന് ഇവ മികച്ച ഉദാഹരണങ്ങളാണ്. എന്നാൽ ഈ ലേഖനങ്ങൾ എഴുതിയവരൊന്നും പിൽക്കാലത്ത് ഒരു ചരിത്രത്തിലും രേഖപ്പെട്ടു കാണാനില്ല. വെൺമണിക്കവികളുടെ കാലത്തെപ്പറ്റിയും പച്ചമലയാളപ്രസ്ഥാനത്തെപ്പറ്റിയുമുള്ള ചർച്ചാവേളകളിലൊന്നും അക്കാലത്ത് ഇവിടെ ഇത്തരം മാസികകളിൽ എഴുതിയിരുന്ന സ്ത്രീകളെക്കുറിച്ച് ഒരു ചർച്ചയും നടന്നില്ല. മാത്രമല്ല ഇവരെയൊന്നും സാഹിത്യ ചരിത്രകാരന്മാരും അടയാളപ്പെടുത്തുന്നില്ല.ആശാനും വള്ളത്തോളുമൊക്കെ അവരുടേതായ പ്രശസ്ത രചനകൾ എഴുതിത്തുടങ്ങിയ കാലത്ത് അതു

പോലെ കാവ്യഗുണങ്ങളുള്ള സ്ത്രീകവിതകളും എഴുതപ്പെട്ടിരുന്നുവെന്ന് അക്കാലത്തെ മാസികകൾ പരിശോധിച്ചാൽ മനസിലാവും. പുരുഷ രചനകൾക്കൊപ്പം തന്നെ സ്ഥാനം നേടാൻ അർഹതയുണ്ടായിട്ടും അവയൊന്നും വേണ്ടത്ര ശ്രദ്ധ നേടിയില്ലെന്നു മാത്രമല്ല എല്ലാം സമാഹരിക്കുന്നതിനു പകരം തമസ്കരിക്കപ്പെടുകണുണ്ടായത്. (ഷീബാ ദിവാകരൻ, 2014:17)

## 2.2.1 ആദ്യകാല മാസികകളിലെ കവയിത്രികൾ

ഇരുപതാം നൂറ്റാണ്ടിലെ ആദ്യദശകങ്ങളിലുണ്ടായ ആനുകാലികങ്ങളിൽ ധാരാളം കവയിത്രികളെ നമുക്ക് കണ്ടെത്താൻ കഴിയും. വിഷയ സ്വീകരണത്തിലും ആഖ്യാന ശൈലിയിലുമെല്ലാം വളരെയധികം മികവ് പുലർത്തിയിരുന്നവരാണ് ഇവർ. അന്നത്തെ സാഹിത്യ പ്രവണതകൾക്കനുസരിച്ച് തന്നെയാണ് അവർ കവിതക്ക് വിഷയം സ്വീകരിച്ചിരുന്നതെങ്കിലും സ്ത്രീയുടെ സവിശേഷ പ്രശ്നങ്ങൾ മുഖ്യപ്രമേയമായി സ്വീകരിച്ച കവിതകളും അക്കാലത്തുണ്ടായിട്ടുണ്ട്. അവ കൂടുതലും സ്ത്രീകൾ നേതൃത്വം നൽകുന്ന മാസികകളിലായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്.

കവിതകൾക്കു വേണ്ടി മാത്രം പ്രസിദ്ധീകരിച്ചിരുന്ന മാസികകളാണ് കവനകൗമുദി,കവനമഞ്ജരി,കവനകൗതുകം തുടങ്ങിയവ. ഇവയിലൂടെ സജീവമായി രചന രംഗത്ത് ഒട്ടേറെ സ്ത്രീകൾ അന്നുണ്ടായിരുന്നു.വിയോഗവ്യഥ,ചുറ്റുംകാണുന്ന കാഴ്ചകൾ, അനുഭവങ്ങളുടെതീഷ്ണത,സ്വാതന്ത്ര്യസ്വപ്നങ്ങൾ, മാതൃഭാവം തുടങ്ങി എല്ലാ മേഖലകളിലുമുള്ള വിഷയങ്ങൾ അവർ കവിതക്ക് സ്വീകരിച്ചിരുന്നു. നിലവിലിരുന്ന പുരുഷാധിപത്യ മൂല്യങ്ങളെ അംഗീകരിക്കുന്ന തരത്തിലുള്ള പ്രമേയവും

കാവ്യകല്പ്പനകളുമാണ് കൂടുതൽ എഴുത്തുകാരികളും കവിതയിൽ സ്വീകരിച്ചിരിക്കുന്നത്.എന്നാൽ സ്ത്രീകളുടെ മാത്രമായ പ്രശ്നങ്ങളും അനുഭവങ്ങളും വിവരിക്കുന്ന തരത്തിലുള്ള കവിതകളും ആദ്യകാല മാസികകളിലെ കവിതകളിൽ കാണുന്നുണ്ട്. ഈ കവിതകളിലെ രചനകൾ സ്ത്രീകളുടെ രചനാരംഗത്തേക്കുള്ള മുന്നേറ്റത്തിന്റെ തുടക്കം കൂടിയായിരുന്നു.

### 2.2.1.1 കെ.എം കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ

സാഹിത്യചരിത്രഗ്രന്ഥങ്ങളിൽ ഇടം പിടിച്ചിട്ടുള്ള പേരാണ് കെ.എം കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മയുടേത്.കവന കൗമുദിയിൽ ധാരാളം കവിതകൾ അവർ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവയെല്ലാം പുരാണങ്ങളും ഇതിഹാസങ്ങളുമൊക്കെ പ്രമേയമാക്കിക്കൊണ്ടുള്ളവയായിരുന്നു 'ഭരതപ്രതീക്ഷ' എന്ന കവിതയിൽ പതിനാലു വർഷത്തെ വനവാസത്തിനു ശേഷം തിരിച്ചെത്തുന്ന ഭരതന്റെ പ്രതീക്ഷയുംചിന്തകളും വളരെ തന്മയത്വത്തോടെ അവതരിപ്പിച്ചിരിക്കുന്നു. ഇതുവരെ അർഹനല്ലാത്ത താൻ ഭരിച്ച രാജ്യം തിരിച്ച് നൽകാൻ രാമന്റെ വരവ് കാത്തിരിക്കുകയാണ് ഭരതൻ. ഇതിനെല്ലാം കാരണമായ തന്റെ അമ്മയെ താൻ വെറുത്തിരുന്നുവെന്ന് ഭരതൻ പറയുന്നുണ്ട്.

*തകരാററുളി, പിതാവിനുള്ളം*
*തകരാറാക്കിയ തൽ സാവിത്രിയാളെ*
*പകലിട നെഞ്ഞിടിഞ്ഞവൻ രാ-*
*പ്പകലെന്നല്ല കിനാവിലും വെറുത്തു.*

*(കവനകൗമുദി, 1097:147)*

നിയോക്ലാസിക് ഭാവുകത്വം നിർദ്ദേശിക്കുന്ന ശബ്ദാലങ്കാരങ്ങളും അർത്ഥാലങ്കാരങ്ങളും കവയിത്രി പ്രയോഗിച്ചിട്ടുണ്ട്.

കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മയുടെ മറ്റൊരു കവിതയായ ഗർവിഷ്ഠനായ പാർത്ഥനിൽ അർജ്ജുനന്റെ ഗർവ്വും അതോടനുബന്ധിച്ച് ശ്രീകൃഷ്ണനുമായുള്ള കൂടിക്കാഴ്ചയുമെല്ലാം വിവരിക്കുന്നുണ്ട്. 'ഗോകർണപ്രതിഷ്ഠ', 'ശ്രീ രാമനീതി അഥവാ ഒരു ശാപമോക്ഷം', 'മോക്ഷരഹസ്യം' എന്നിങ്ങനെയുള്ള കവിതകളെല്ലാം മഹാഭാരതത്തിൽ നിന്നും രാമായണത്തിൽ നിന്നും പ്രമേയം സ്വീകരിച്ചുകൊണ്ട് പ്രസിദ്ധീകരിക്കപ്പെട്ടവയാണ്. വിഷയ സ്വീകരണത്തിലും അലങ്കാര കല്പനകളിലുമെല്ലാം തന്നെ അക്കാലത്തെ പ്രശസ്ത കവികളോടും കവിതകളോടും മത്സരിക്കാൻ കഴിയുന്ന കവിതകളാണ് കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മയുടേത്. 'ആഴ്വഞ്ചേരിതമ്പ്രാക്കൾ

ഒരു 'പുരാവൃത്തം' എന്ന പേരിൽ കവനകൗമുദിയിൽ പ്രസിദ്ധീകരിച്ച കവിത യിൽ ചരിത്ര പരാമർശം കൂടിയുൾക്കൊള്ളുന്നു.

തികച്ചും വ്യത്യസ്തമായ പ്രമേയം ഉൾക്കൊള്ളുന്ന മറ്റൊരു കവിതയാണ് 'മഹാമടിയൻ' (ഒരു പരീക്ഷ) എന്ന കവിത

*പുതുമലർ നിലയെന്റെ പുണ്യപൂര*
*പ്പുതുമ പുലർന്നുലരും ഫലസ്വരൂപേ*
*ചതുരകഥയിതൊട്ടുമെല്ലെ വായി–*
*ച്ചതു രസമെന്നു വിധിക്ക സാധുലോകം.*
*(കവനകൗമുദി,1088:253)*

എന്നിങ്ങനെ ആരംഭിക്കുന്ന കവിതയിൽ നർമ്മരസം കലർന്ന കഥയാണ് പറയുന്നത്. ഒരു രാജാവ് തന്റെ പ്രജകളിൽ ഏറ്റവും വലിയ മടിയനാരാണെന്നു കണ്ടെ ത്താൻമന്ത്രിമാരോട് നിർദ്ദേശിക്കുന്നു. അവർ പല പരീക്ഷണങ്ങളും നടത്തിയിട്ടും കണ്ടെത്തിയ മടിയന്മാരിൽ മുമ്പനെ തിരിച്ചറിയാനാവുന്നില്ല.അവസാനം രാജാവു തന്നെ

*" പ്രിയ സചിവരെടുത്ത ചപ്പടാച്ചി*
*ക്രിയകളിവർക്കൊരുകൂസലില്ലയെങ്കിൽ*
*നയവഴികളൊടുങ്ങി നിർണ്ണയം നാം*
*ഭയമൊടു ഭീകര വിദ്യയൊന്നു നോക്കാം*
*(കവനകൗമുദി,1088:254)*

എന്നു പറഞ്ഞു കൊണ്ട് മടിയന്മാരിരിക്കുന്ന വീടിനെ അഗ്നിക്കിരയാക്കുന്നു. എന്ത് തന്നെ ചെയ്തിട്ടും എഴുന്നേറ്റ് ജോലി ചെയ്യാൻ മടിച്ചിരുന്ന മടിയന്മാർ എഴുന്നേറ്റോ ടിയെങ്കിലും ഒരുത്തൻ അതിനും വയ്യ എന്ന മട്ടിലിരുന്നു. അയാളെ ഏറ്റവും വലിയ മടിയനായി രാജാവ് തിരഞ്ഞെടുത്തു.

പുരാണവും ഇതിഹാസവും പോലെ പ്രശസ്തമായ പ്രമേയങ്ങൾ സ്വീക രിച്ചുകൊണ്ടും മഹാമടിയനിലെപ്പോലെ നർമ്മരസപ്രധാനമായ ലളിതപ്രമേയങ്ങൾ സ്വീകരിച്ച് കൊണ്ടും കെ.എം കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ കവിതകൾ രചിച്ചിരുന്നു.

**2.2.1.2 തെക്കേകുന്നത്ത് കല്യണിക്കുട്ടിയമ്മ.**

ആനുകാലികങ്ങളിൽ അക്കാലത്ത് ധാരാളം കവിതകൾ പ്രസിദ്ധീകരിച്ചിരുന്ന കവയിത്രിയാണ് തെക്കേകുന്നത്ത് കല്യാണിക്കുട്ടിയമ്മ. ചുറ്റും കാണുന്നതെല്ലാം

തന്റെ കവിതക്ക് അവർ വിഷയമാക്കിയിരുന്നു. 'തിരുവവതാരം' എന്ന വഞ്ചിപ്പാട്ട് ശ്രീചിത്ര തിരുനാൾ മഹാരാജാവിനെ പ്രകീർത്തിച്ച് കൊണ്ടെഴുതിയതാണ്. 'ഓണ ക്കാലം', എന്ന പേരിൽ കവനകൗമുദിയിൽ പ്രസിദ്ധീകരിച്ച കവിത മലയാള സംസ്കാരത്തിന്റെ തനിമ വെളിവാക്കുന്ന കൃതിയാണ് ഓണക്കാലത്തെ കേരളീയ രുടെ എല്ലാ സവിശേഷതകളെയും ഈ കവിത തുറന്നു കാണിക്കുന്നു.

*മുറ്റം വൃത്തിവരുത്തിയൊട്ടും മെഴുകി-*
*പൂവിട്ടുഷക്കാലമീ*
*ങ്ങറ്റം വിട്ടൊരുമോദമോടു ശുചിയായി*
*നീരാടിനാരീ ജനം*
*കൊറ്റം തൃപ്തിവരെ കഴിച്ചു സരസം*
*പന്താടിയും പാടിയും*
*മറ്റും ചെറ്റു കുതിർത്തൊരോണമിതിനെ*
*കൊണ്ടാടിടുന്നുണ്ടിതാ*

*(കവനകൗമുദി,1088:449)*

എന്നിങ്ങനെ സ്ത്രീകളടക്കം എല്ലാവരുടേയും ഓണാഘോഷം ഓണക്കാലം എന്ന കവിതയിൽ തെളിയുന്നു

കവനകൗമുദിയിൽ ഒന്നിലധികം ലക്കങ്ങളിലായി പ്രസിദ്ധികരിച്ച കല്യാണി ക്കുട്ടിയമ്മയുടെ മനോഹരമായ പ്രണയകാവ്യമാണ് 'സുമതി'. സുമതിയും കേശവകുറുപ്പും തമ്മിലുള്ള പ്രണയവും വിവാഹവുമാണ് കവിതയിൽ ചിത്രീകരിച്ചി രിക്കുന്നത്.

'കുഞ്ഞാപ്പ'എന്ന മറ്റൊരു കവിത മനസ്സിൽതട്ടുന്ന ഒരു പ്രമേയത്തേയാണ് അവതരിപ്പിച്ചിരിക്കുന്നത്. കൂടല്ലൂർ മനയുടെ അടുത്ത് കുടിൽകെട്ടി താമസിച്ചിരുന്ന ജോനകത്തിയുടെ മകനാണ് കുഞ്ഞാപ്പ. അവനെ ഇല്ലത്തെ വൃദ്ധയായ തമ്പുരാട്ടി ചോറുകൊടുത്തു വളർത്തി വലുതായപ്പോൾ നാടുവിട്ടു പോയ അവൻ കളളനായി ത്തീർന്നു. ഒടുവിൽ ആ പഴയ ഇല്ലത്ത് മോഷ്ടിക്കാൻ കയറുകയാണ്. വൃദ്ധയെ ക്കണ്ട് തിരിച്ചറിഞ്ഞ കുഞ്ഞാപ്പ വൃദ്ധയുടെ കയ്യിൽ നിന്ന് ചോറ് വാങ്ങിച്ച് കഴി ക്കുന്നു. പിന്നീട് മോഷണം ഉപേക്ഷിച്ച് അയാൾ നല്ലവനായിത്തീരുന്നു. വളരെ ലളി തമായ ഭാഷയിൽ ആവിഷ്കരിച്ചിരിക്കുന്ന ഒരു കവിതയാണിത്.

'ഒരു കുരങ്ങന്റെ കയ്യിൽപ്പെട്ട മാല' എന്ന കവിതയിൽ മനോഹരമായ ഒരു പൂമാല കുരങ്ങന്റെ കയ്യിൽ കിട്ടിയതിനെ അപലപിച്ച് കൊണ്ടെഴുതിയതാണ്.

അതിൽ വിവക്ഷിക്കുന്നത് അനർഹനല്ലാത്ത ഒരാൾക്ക് വിവാഹം ചെയ്ത് കൊടുക്കപ്പെട്ട പെൺകുട്ടിയുടെ ജീവിതമാണ്. അവളെ അയാൾക്ക് കൊടുത്തവനെയാണ് ആദ്യം പഴിക്കേണ്ടത് എന്ന് പറഞ്ഞുകൊണ്ടാണ് കവിത അവസാനിക്കുന്നത്.

*നവമാം സുമങ്ങളിടചേർത്തു കോർത്തൊരീ*
*നവമാലികാ മൃദുലമാലയിക്ഷണം*
*ശിവനേ ! നിനക്കുമടിവിട്ടു നൽകിയോ-*
*നെവനാട്ടെ, പാർക്കിലവനാണ് മർക്കടൻ.*

*(കവനകൗമുദി,1089:496)*

ആ കുരങ്ങന് ഇത്ര നല്ല മാല നൽകിയവനാണ് യഥാർത്ഥ കുരങ്ങനെന്നാണ് കവയിത്രി പറയുന്നത്.

അക്കാലത്തെ വിവാഹസമ്പ്രദായത്തിനു നേരെയുള്ള വിമർശനം കൂടിയായി ഈ കവിതയെ കണക്കാക്കണം. ബുദ്ധിയും സർഗ്ഗാത്മകതയും എല്ലാം തികഞ്ഞ പെൺകുട്ടികളെ അവരുടെ കഴിവുകൾ തിരിച്ചറിയാൻ കഴിയാത്ത വൃദ്ധന്മാരുടെയും മറ്റും കൈകളിലേൽപ്പിക്കുന്നതിനേയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ആ രീതിയിലുള്ള തുറന്നെഴുത്ത് സമൂഹം അനുവദിക്കില്ല എന്നു കരുതിയാവണം ആ വിഷയം ഇത്തരത്തിൽ പ്രതീകാത്മകമായി കല്യണിക്കുട്ടിയമ്മ തന്റെ കവിതയിൽ പറഞ്ഞുവെച്ചത്.

### 2.2.1.3 തോട്ടയ്ക്കാട്ട് ഗൗരിക്കെട്ടിലമ്മ

ആദ്യകാലമാസികകളിൽ രചനകൾ പ്രസിദ്ധീകരിച്ചിരുന്ന പ്രശസ്തയായ മറ്റൊരു കവയിത്രിയാണ് തോട്ടയ്ക്കാട്ട് ഗൗരിക്കെട്ടിലമ്മ. കവനകൗമുദിയിലും കവനകൗതുകത്തിലുമെല്ലാം അവരുടെ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കവന കൗമുദിയിൽപ്രസിദ്ധീകരിച്ച 'ഭാഷാവിലാപം' എന്ന കവിതയിൽ മലയാള ഭാഷയുടെ വിലാപമാണ് ചിത്രീകരിച്ചിരിക്കുന്നത്. രാമാനുജൻ എഴുത്തച്ഛൻ'വിശ്വാസമോവൃത്തിയിലിളം ബാല്യം മുതൽക്കേ വേണ്ട വിധം പരിപാലിച്ചിരുന്നു എന്നെയെന്നും ഇപ്പോൾ ചില കവിത്വശേഷിയില്ലാത്തവർ എന്നെ ദുഷിപ്പിക്കുന്നുവെന്നുമാണ് ഭാഷ വിലപിക്കുന്നത്. എഴുത്തച്ഛനു ശേഷം ഭാഷയിൽ വളർന്നുവന്ന പ്രസ്ഥാനങ്ങളെപ്പറ്റിയും കവികളെപ്പറ്റിയും കവയിത്രി സൂചിപ്പിക്കുന്നു. കോട്ടയം തമ്പുരാൻ, പന്തളം രാമവർമ്മ, വടക്കുംകൂർ രാജരാജവർമ്മ തുടങ്ങിയ കവികളും പച്ചമലയാളപ്രസ്ഥാനം, വെൺമണിപ്രസ്ഥാനം തുടങ്ങിയ പ്രസ്ഥാനങ്ങളും വളർന്നു വികസിച്ച ഭാഷയാണ് മലയാളം. അതിന്റെ ഇപ്പോഴത്തെ അവസ്ഥ ഭാഷ തന്നെ പറയുന്നതായാണ് കവയിത്രി ആവിഷ്കരിച്ചിരിക്കുന്നത്.

*ഞാനാരെൻഗുണദോഷമെന്തി വകകളേ*
*ത്തീരെ ധരിക്കാതെയും*
*നാനാമട്ടിലെഴും യതിപ്രകൃതിഭാ–*
*വാദ്യങ്ങളോർക്കാതെയും*
*ന്യൂനാ പേരാകത്വ മാർഗ്ഗമറിയാ*
*തെയും യദ്ദേച്ഛം കൃതി*
*ച്ചാനകം ശ്രുതി നേടുവാനിവരെടു*
*ക്കുന്നു ' മഹാസാഹസം'*

*(കവനകൗമുദി,1104:211)*

എന്നാണ് ഭാഷ പറയുന്നത്. അക്കാലത്ത് സാഹിത്യ ഗുണമില്ലാത്ത ധാരാളം കവിതകൾ പ്രസിദ്ധീകരിച്ച് വന്നിരുന്നു. അവർക്കുള്ള ഒരു താക്കീതായിട്ട് വേണം ഈ കവിതയെ കരുതാൻ.

മറ്റൊരു കവിതയായ 'ഒരനുശോചനം' കവനമഞ്ജരിയിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത് ഇന്ത്യാരാജ്യത്തിന്റ നിലവിലുള്ള അവസ്ഥയിൽ പരിതപിച്ച് അനുശോചനം അറിയിച്ച് കൊണ്ടുള്ളതാണീകവിത. *"എന്നിന്ത്യാ മാതാവേ! നിന്നിഷ്ടം സാധിപ്പിക്കുന്നീലാതെല്ലും തേസന്താനങ്ങൾ"( കവനകൗമുദി,1111:190)* എന്നിങ്ങനെ ആരംഭിക്കുന്ന കവിത ഇന്ത്യയുടെ അന്നത്തെ അവസ്ഥ ചിത്രീകരിക്കുന്നു. ജാതിയുടെയും മതത്തിന്റെയും പേരിൽ നടക്കുന്ന തമ്മിൽതല്ലും കൊലവിളിയും വർഗ്ഗീയതയും ഇവിടെ രൂക്ഷമായതിനെയാണ് കവയിത്രി വിമർശിക്കുന്നത്.

*ഏകസ്ത്രീ പെറ്റീടും പൂരോന്മാർക്കന്യോന്യം*
*ലോകത്തിൽ ഭിന്നത്വം കണ്ടീടുമ്പോൾ*
*ഹേ കല്ല്യേനിൻമക്കൾക്കുള്ളൊരീ ഭേദത്തെ*
*പാകത്തിൽ ചിന്തിച്ചാലെന്താശ്ചര്യം*

*(കവനകൗമുദി,1111:194)*

എന്ന് ഗൗരിക്കെട്ടിലമ്മ ആശ്വസിപ്പിക്കുമ്പോൾ ഈ ജാതിഭേദം ഉണ്ടാകുന്നത് സ്വാഭാവികമാണ് എന്നും കൂടി അവർ പറഞ്ഞു വെയ്ക്കുന്നു. പിന്നീട് സ്വാഭാവികമായി കടന്നുവരുന്ന ജാതിച്ചിന്ത മാറ്റേണ്ടതിന്റെ ആവശ്യകതയും കൂടി അവർ അടുത്ത വരികളിൽ സൂചിപ്പിക്കുന്നു

*എന്നാലും നമ്മൾക്കീ ന്യായത്തിലാശ്വാസം*
*വന്നാവുന്നില്ലല്ലോ തെല്ലും തായേ!*

*നന്നായ് താൻ പുത്രന്മാർ തീരേണം -തീരാഞ്ഞാ*

*ലെന്നാളും സൈ്വരക്കേടൊന്നേയുള്ളൂ.*

*(കവനകൗമുദി,1111:194)*

എല്ലാവരും ഒത്തൊരുമിച്ച് ഇന്ത്യയിൽ കഴിയണം എന്നും അതിനായി പ്രാർത്ഥിക്കുന്നു എന്നും പറഞ്ഞു കൊണ്ടാണ് കവിത അവസാനിക്കുന്നത്. സ്വന്തം അമ്മ മരിച്ച ദുഖത്തിൽ രചിച്ച 'ചരമശ്ലോകങ്ങൾ' എന്ന വിലാപകവിതയും ഗൗരിക്കെട്ടിലമ്മയുടേതായിട്ടുണ്ട്.

തോട്ടയ്ക്കാട്ട് ഗൗരിക്കെട്ടിലമ്മയെഴുതിയ സ്ത്രീപക്ഷ ചിന്താപരമായ കവിതയാണ് കവനകൗമുദിയിൽ പ്രസിദ്ധീകരിച്ച 'കള്ളുകുടിയന്മാരോട്' എന്ന കവിത. ആണത്തത്തിന്റെ കരുത്ത് കാണിക്കാൻ പുരുഷൻ കള്ള് കുടിക്കുമ്പോൾ സ്വസ്ഥത നഷ്ടപ്പെടുന്ന പെൺജീവിതങ്ങൾ എന്നും സമൂഹത്തിൽ കാണുന്ന ഒരു കാഴ്ചയാണ്. അത്തരം സ്ത്രീകളോടാണ് ഗൗരിക്കെട്ടിലമ്മയുടെ കള്ളുകുടിയൻമാരോട്എന്ന കവിത സംവദിക്കുന്നത്. കള്ളു കുടിക്കുമ്പോൾ നഷ്ടപ്പെടുന്നതെന്താണെന്ന് അവർ പറയുന്നു.[3]

സാമാന്യം ദീർഘമായ ഈ കവിതയിൽ പുരുഷൻമാരുടെ മദ്യപാനം കൊണ്ടുണ്ടാകുന്ന നിരവധി ദോഷങ്ങൾ എണ്ണിപ്പറയുന്നു. കള്ളകത്തുചെന്നാൽ തള്ളലേറുമൊരു വിത്തനാഥനും ഭള്ളകന്നൊരു മഹാദരിദ്രനും പെരുമാറുന്നത് ഒരു പോലെയാണെന്ന് കവയിത്രി പറയുന്നു. കള്ളുകുടിക്കുന്ന പുരുഷൻ മൃഗസമാനനാണ്. അവൻ എന്തെല്ലാം ചെയ്യുമെന്ന് പറയാനാകില്ല.സ്വന്തം കുട്ടികളായാലും ഭാര്യയായാലും സുഹൃത്തുക്കളാലും ബന്ധുജനങ്ങളയാലും അവർ വെറുക്കപ്പെടുന്നു. കള്ളുകുടിയന്മാർ തങ്ങളുടെ ദേഹത്തെക്കൂടി വലക്കുകയാണ് ചെയ്യുന്നത്.

*ആടി വീണുമെഴുന്നേറ്റുമൊപ്പമായ്*

*കൂടിടുന്നു ചിരിയും കരച്ചിലും*

*വാടിവിട്ടിടറി മെയ്യുലഞ്ഞു ചാ-*

*ഞ്ചാടിയെത്തുമൊരു സമ്പ്രദായവും*

*(കവനകൗമുദി,1199:443)*

കള്ളുകുടിയനെ സൂക്ഷ്മമായി നിരീക്ഷിച്ച് വർണ്ണിക്കുന്നുണ്ട് കവയിത്രി. അവസാനം കള്ളുകുടിയന്മാരോട് ഉപദേശം കൂടി നല്കിക്കൊണ്ടാണ് കവിത അവസാനിക്കുന്നത്.

*മാനം മാനസ ശുദ്ധി സൗഖ്യമിവയെ*

*ഭസ്മീകരിക്കും സുരാ-*

*പാനം തീരെയൊഴിക്കുവിൻ, സുജനതാ*

*സംസർഗ്ഗമാർന്നീടുവിൻ,*

*ഊനംവിട്ട കുലാഭിജാത്യ നിലയും*

*മര്യാദയും കാക്കുവിൻ*

*(കവനകൗമുദി,1199:446)*

എന്നാണ് കവയിത്രിയുടെ ഉപദേശം. സ്ത്രീകളെക്കുറിച്ചോ തങ്ങളുടെ പുരുഷന്മാരുടെ മദ്യപാനം മൂലം അവരനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചോ ഒന്നും തന്നെ കവിതയിൽ പരാമർശിച്ചു കാണുന്നില്ല. എങ്കിലും കള്ളുകുടിയന്മാരെക്കുറിച്ചുള്ള ഈ കവിതയും കവിതയിലെ കള്ളികുടിയന്മാരോടുള്ള ഉപദേശവുമെല്ലാം അവരുടെ കുടുംബത്തിലെ സ്ത്രീകളെ ഉപദേശിച്ചുകൊണ്ട് എഴുതിയത് തന്നെയാണെന്നതിന് സംശയമില്ല.

### 2.2.1.4 കരിങ്ങമണ്ണെ കല്യാണിക്കുട്ടി

കവനമഞ്ജരിയിൽ നിരവധി കവിതകൾ എഴുതി പ്രസിദ്ധീകരിച്ചിരുന്ന കവയിത്രിയാണ് കരിങ്ങാമണ്ണെ കല്യാണിക്കുട്ടി. 'അർപ്പണം' എന്ന കവിതയിൽ നിരാലംബയായ ഒരു സ്ത്രീയുടെ കഥയാണ് അവതരിപ്പിച്ചിരിക്കുന്നത്. ചെറുപ്പത്തിൽ തന്നെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു വന്ന പ്രഭുകുമാരനെ

*ഏഴ ഞാൻ ദുഷ്പേരിനോ-*

*യേവമങ്ങു തുടങ്ങിയിടായ്കെൻ പ്രഭോ!*

*(കവനമഞ്ജരി,1112:62)*

എന്നു പറഞ്ഞുകൊണ്ട് തിരിച്ചയച്ച അവൾ പിന്നീട് നിവൃത്തികേടു കൊണ്ട് ഒരു കള്ളുകുടിയനെ വിവാഹം കഴിക്കേണ്ടി വന്നു. ഒരു കുഞ്ഞുണ്ടായിക്കഴിഞ്ഞതിനുശേഷം അയാളാൽ ഉപേക്ഷിക്കപ്പെട്ട അവൾ അപ്പവും ചോറുമുണ്ടങ്ങെന്ന് പറഞ്ഞ് മകൻ നിർബന്ധിച്ച് വിളിച്ചയിടത്തേക്ക് പോകുന്നു.അത് അവളെ മുന്നേ ആഗ്രഹിച്ച പ്രഭുകുമാരന്റെ വീടായിരുന്നു. പിന്നീട് അയാൾക്കു മുമ്പിൽ സ്വയം സമർപ്പിച്ചുകൊണ്ട് അവൾ ജീവിക്കുന്നു.

ആഗ്രഹമുണ്ടെങ്കിലും സമൂഹത്തിലെ ദുഷ്പേരോർത്ത് ഇഷ്ടപ്പെട്ടായാളെ വിവാഹം കഴിക്കാൻ കഴിയാതെ പോകുന്ന പെണ്ണിന്റെ അവസ്ഥയാണ് ഈ കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്. സാമൂഹിക ജീവിതത്തിലെ ഇത്തരം പ്രശ്നങ്ങൾ അന്നത്തെ കവയിത്രികൾ കവിതക്ക് വിഷയമാക്കിയിരുന്നു എന്നു കൂടി ഇതിൽ

നിന്ന് മനസിലാക്കാം. ദിവ്യപ്രേമത്തിന്റെ വിശുദ്ധിവിളിച്ചോതുന്ന കല്യണിക്കുട്ടിയമ്മ യുടെ മറ്റൊരു കവിതയാണ് 'പ്രേമഗാനം'[4]. ഈ കവിത തികച്ചും കാല്പനിക ഭാവ ങ്ങൾ ഉൾക്കൊള്ളുന്നു.

പ്രേമത്തിന്റെ മറ്റൊരു ഭാവം അവതരിപ്പിക്കുന്ന കവിതയാണ് 'അനദ്ധ്യായ ദിനം' അടുക്കളയിൽ തളച്ചിടപ്പെടുന്ന സ്ത്രീ ജീവിതത്തിൽ അടുക്കളയിലെ ജോലി കഴിഞ്ഞേ പ്രണയം പോലും സ്ത്രീ പുറത്തു കാണിക്കാവൂ എന്ന സമൂഹത്തിന്റെ കാഴ്ച്ചപ്പാടുകൂടി ഈ കവിതയിൽ അവതരിപ്പിക്കപ്പെടുന്നു.

പ്രേമപരവശയായി ഭർത്താവിന്റെ അരികിലെത്തുന്ന പെണ്ണിനോട് എന്തോ എഴുതിക്കൊണ്ടിരിക്കുകയായിരുന്ന അയാൾ ചോദിക്കുന്നത് നിനക്ക് അടുക്കളയിൽ ജോലിയൊന്നുമില്ലേ എന്നാണ്.

*ഓതിനാൻപ്രിയനെ,ത്തിയെൻ ജോലി*
*ചെയ്തു തീർക്കാനയക്കാതെ*
*പാചകജോലിയില്ലയോ? സ്ത്രീകൾ*
*ക്കേതു കാര്യമാണിങ്ങാവോ?*
*(കവനമഞ്ജരി,1112:271)*

സ്നേഹത്തോടെ തമാശരൂപത്തിലാണയാളുടെ ചോദ്യമെങ്കിലും നില നിൽക്കുന്ന സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം എവിടെയാണ് എന്നതു കൂടി അയാൾ കാണിച്ചു തരുന്നു. എഴുത്തിന്റെയും വായനയുടെയും ലോകത്ത് അവൾക്കെന്ത് കാര്യം. അടുക്കളയിൽ മാത്രമാണ് അവൾ ശ്രദ്ധിക്കേണ്ടത് എന്ന പുരുഷസമൂഹത്തിന്റെ കാഴ്ച്ചപ്പാടാണ് ഇവിടെ സൂചിപ്പിക്കുന്നത്.

പൂമുഖത്തിരുന്ന് അവധിദിവസത്തിൽ എഴുതിക്കൊണ്ടിരുന്ന പുരുഷനും അടു ക്കളയിൽ അവധിയില്ലാതെ ജോലി ചെയ്യുന്ന സ്ത്രീയുമാണീ കവിതയിൽ കടന്നു വരുന്നത്.

### 2.2.1.5 പെരിഞ്ചേരി ഇക്കാവമ്മ

നടുവത്തച്ഛന്റെ മരണത്തിൽ അനുശോചിച്ചു കൊണ്ട് പെരിഞ്ചേരി ഇക്കാവമ്മ കവനകൗമുദിയിൽ പ്രസിദ്ധീകരിച്ച കവിതയാണ് 'ചരമദശകം'. നടുവത്തച്ഛന്റെ വിയോഗം കൈരളിക്ക് വലിയൊരു നഷ്ടം തന്നെയെന്ന് കവയിത്രി കവിതയിലൂടെ വ്യക്തമാക്കുന്നു.[5] വിലാപകവിതകൾ ധാരാളമായി പ്രസിദ്ധീകരിച്ചിരുന്ന ആ കാല ഘട്ടത്തിൽ ഉണ്ടായിട്ടുള്ള ഈ സ്ത്രീ രചന വളരെ പ്രാധാന്യ മർഹിക്കുന്നു.

*ചൊല്ലേവം ബഹു ഭംഗിയായ് ഭവതിയെ*
*കൊണ്ടാടുവാൻ മറ്റൊരാ*
*ളില്ലേ നിത്യവുമോർക്കുകാസ്സുകൃതിയെ*
*മാറത്തു കൈ വച്ചു നീ*
*(കവനകൗമുദി,1088:147)*

എന്നിങ്ങനെ നടുവത്തച്ഛനെയെന്നും ഓർമ്മിക്കണമെന്ന് കൈരളിയോട് അഭ്യർത്ഥിച്ച് കൊണ്ടാണ് കവിത അവസാനിക്കുന്നത്.

'ദീനപ്രലാപം' എന്ന കവിതയിൽ അസുഖം ബാധിച്ചു കിടക്കുന്നയാളെ രക്ഷി ക്കണമേയെന്ന് കൃഷ്ണന്റെ അമ്പലനടയിൽ നിന്ന് പ്രാർത്ഥിക്കുന്ന ഒരു സ്ത്രീയെ യാണ് ചിത്രീകരിച്ചിരിക്കുന്നത്. ഈ കവിതയും ഒരു സ്ത്രീയുടെ വിഷമം നിറഞ്ഞ വിലാപമാണ്.

### 2.2.1.6 കെ.പി കുഞ്ഞിലക്ഷ്മി.

കെ.പി.കുഞ്ഞിലക്ഷ്മിയുടേതായി കവനമഞ്ജരിയിൽ ഒട്ടേറെ കവിതകൾപ്ര സിദ്ധീകരിച്ച് കാണുന്നുണ്ട്. അവയിൽ ശ്രദ്ധേയമായ ഒരു കവിതയാണ് 'പ്രതിഷ്ഠ'. ദേശം വിട്ടുപോയ ഭർത്താവിനെ കാത്തിരിക്കുന്ന യുവതിയാണ് ഈ കഥയിലെ നായിക. ആണുങ്ങൾക്കു പുറത്തിറങ്ങി ധാരാളം ജോലികൾ ചെയ്യേണ്ടതുണ്ടെന്നും സ്ത്രീകൾ അകത്തിരുന്ന് വീട്ടുകാര്യങ്ങൾ നോക്കേണ്ടവളാണെന്നുമുള്ള പൊതു ബോധം കവയിത്രി ഇവിടെ അംഗീകരിക്കുന്നു.

*ഉലകിൽ വിശാലതയിങ്കലേക്കിറങ്ങീട്ടു*
*പലതും ചെയ്യാനുള്ള പുരുഷനേറെക്കുറേ*
*നിനവുണ്ടായെങ്കിലും,മാർത്തിതേടിലിച്ചിത്തം*
*(കവനമഞ്ജരി, 1013:334)*

എന്നാണ് നായിക പറയുന്നത്. ലോകത്തിന്റെ വിശാലതയനുഭവിക്കാൻ പുരുഷന് മാത്രമേ അവകാശമുള്ളൂ. അവിടെ അവൻ പലതും ചെയ്യാനുണ്ട്. അതിനാൽ ദേശംവിട്ട ഭർത്താവിനെ കുറിച്ചു കൂടുതൽ ആലോചിക്കേണ്ടതില്ല. മാത്രമല്ല ഭർത്താവ് തനിക്ക് ഒരു പൊൻമകനെ സമ്മാനിച്ചിട്ടാണ് പോയത്.

*ഏതൊരാർത്തിക്കും ദിവ്യൗഷധമാമരുമപ്പൂ*
*പൈതലുള്ളേടം നിത്യശിശിരം സുസ്വാദ്യം*
*(കവനമഞ്ജരി,1013,334)*

എന്നും അവളോർക്കുന്നു.

സ്ത്രീക്ക് മറ്റൊന്നും ചിന്തിക്കേണ്ടതില്ല. സ്ത്രീത്വം മാതൃത്വത്തിൽ എല്ലാം മറക്കുന്നു എന്നാണ് കവയത്രി പറയുന്നത്. അത് സമൂഹത്തിന്റെ കാഴ്ചപ്പാടാണ്. ആ കാഴ്ച്ചപ്പാട് പുനർനിർമ്മിക്കാനാണ് ഈ കവിതയിലൂടെ കവയിത്രി ശ്രമിച്ചിരിക്കുന്നത്. കെ.പി. കുഞ്ഞിലക്ഷ്മിയുടെ 'പരാഭവം' എന്ന കവിതയിൽ ഒരു പൂവിരിയുന്നതും കൊഴിയുന്നതും ചിത്രീകരിച്ചിരിക്കുന്നതിലൂടെ മനുഷ്യജീവിതത്തിന്റെ നിരർത്ഥകത സൂചിപ്പിക്കുന്നു. സൂര്യനുദിക്കുമ്പോൾ വിരിഞ്ഞ പൂവ് വളരെ മനോഹരിയായി വിലസി. പിന്നീട് അത് കൊഴിഞ്ഞു പോകുന്നു. ആ പൂവ് വീഴാൻ കാരണമെന്ത്? ആർക്കാണ് ആ പൂവിന്റെ വീഴ്ച നഷ്ടം വരുത്തിയത് എന്നിങ്ങനെ കവയത്രി ശങ്കിക്കുന്നു.

*ഭൂവിനോ പരാഭവം പറ്റിയതലരിനോ*
*കേവലമിളയ്ക്കോ കാറ്റോർത്തു നിന്നിതുകാലേ*
*(കവനമഞ്ജരി,1013:56)*

### 2.2.1.7 കെ.മാധവിയമ്മ

സ്ത്രീത്വത്തിന്റെ ആകുലതകൾ കവിതയിലാവിഷ്കരിച്ചിരുന്ന കവയിത്രിയാണ് കെ.മാധവിയമ്മ. മഹിളയിൽ പ്രസിദ്ധീകരിച്ച കെ.മാധവിയമ്മയുടെ 'സ്ത്രീത്വം' എന്ന കവിത ശ്രദ്ധേയമാണ്. വിവാഹം എന്ന സ്ഥാപനത്തെ കവയിത്രിവിമർശിക്കുന്നു. വിവാഹത്തിലൂടെ ഒരു പരിചയവുമില്ലാത്ത ഒരാൾക്ക് പെൺകുട്ടിയെ വിൽക്കുകയാണ് ചെയ്യുന്നത്. വിവാഹത്തോടെ അവൾക്ക് സ്വന്തമായ ചിന്തയും അഭിപ്രായവും നഷ്പ്പെടുന്നു. വിവാഹാനന്തരം അവൾക്ക് കുറേ മാറ്റങ്ങൾ സംഭവിക്കുന്നു. പുരുഷന്മാർ പല നല്ല വാക്കുകളിൽ കൂടി അവളെ സ്തുതിക്കുന്നുവെങ്കിലും സത്യം മറിച്ചാണ്. 'കാവ്യകാരന്റെകമനീയ സാഹിത്യ ദിവ്യ സംഗീതപകിട്ടിനുള്ളിൽ' മാത്രമാണവൾ പൂജിക്കപ്പെടുന്നതെന്നും കവയിത്രി പറയുന്നു. പെണ്ണിന് വിദ്യാഭ്യാസം നിഷേധിക്കുകയും അവളുടെ അജ്ഞതയെ ചൂഷണം ചെയ്യുകയും ചെയ്യുന്ന പുരുഷാധിപത്യത്തെ കവിതയിൽ ചോദ്യം ചെയ്യുന്നു. വിവാഹത്തോടെ അവളുടെ എല്ലാ സ്വാന്ത്ര്യത്തിന്റെയും മേൽ പുരുഷൻ ആധിപത്യം സ്ഥാപിക്കുന്നു. അതിനുമേൽ അവൻ സാമ്രാജ്യം കെട്ടിപ്പടുക്കുന്നു.

*നിന്നുടെയാലസ്യം നിന്നുടെ ഭീരുത്വം*
*നിന്നുടെയജ്ഞതയെന്നിവമേൽ*
*നിർണ്ണയം നിസ്തുല പുരുഷപ്രൗഢിക*
*ളൊന്നൊന്നായ് കെട്ടിപ്പടുത്തിരിപ്പൂ*
*(മഹിള,1936:397)*

അന്തപുരത്തിലെ നാല് ചുവരുകൾക്കുള്ളിൽ എരിഞ്ഞു തീരുന്ന സ്ത്രീ ജീവിതങ്ങൾ ഇവിടെ കവി ചിത്രീകരിക്കുന്നു.'പുലയിപ്പെണ്ണ്' എന്ന കവിതയിൽ പുരുഷന്റെ പ്രേരണയാൽ പഠിച്ച് മുന്നേറുന്ന ഒരു സ്ത്രീയെയാണ് മാധവിയമ്മ ചിത്രീകരിക്കുന്നത്. ഒരു ചെറ്റകുടിലിൽ സമ്പാദ്യമൊന്നുമില്ലാതെ അച്ഛനുമമ്മയും ബന്ധുക്കളൊന്നുമില്ലാതെ കഴിയുന്ന ഒരു പുലയിപ്പെണ്ണിന്റെ കഥയാണിത്. ഒരു ദിവസം വായുവിൽ പാടിപ്പറന്നെത്തും ഭാസുര സന്ദേശകാവ്യം പോലെയും വാസരത്തിന്റെ ഹൃദയം തുറക്കുവാനാദ്യമായെത്തിടും രശ്മി പോലെയും ഒരുജ്ജ്വല മന്ദസ്മിതം പോലെയും അവിടേക്ക് ഒരു യുവാവ് വന്നെത്തുന്നു. ആ പ്രതീതി അവളിൽ ഒരുപാട് മാറ്റങ്ങൾ സൃഷ്ടിക്കുന്നു. അവൾ അടുത്തുള്ള നിശാപാഠശാലയിൽ ചേർന്ന് പഠിക്കാൻ തുടങ്ങുന്നു. അവിടുന്നാണ് അവൾ കുളിക്കാനും വൃത്തിയിൽ ഭക്ഷണം കഴിക്കാനുമൊക്കെ പഠിക്കുന്നത്. പുതിയ ചിന്തകളും ആശയങ്ങളും അവളുടെ മനസ്സിൽ ഉടലെടുക്കുന്നു. അവളുടെ ജീവിതരീതി തന്നെ മാറുന്നു. പക്ഷെ അവളുടെ മനസ്സിൽ ഒരു ചോദ്യം ബാക്കിയുണ്ട്. 'എന്തുകൊണ്ടെത്തുന്നില്ലദ്ദേഹം എത്ര പുലരി കഴിഞ്ഞു പോയ്' അവൾ അയാൾക്ക് വേണ്ടി കാത്തിരുന്നു. കബളിപ്പിക്കപ്പെട്ടതാണെങ്കിലും അയാളിലൂടെ അവൾ നന്നായി ജീവിക്കാൻ പഠിച്ചു എന്ന് കവയിത്രി അവകാശപ്പെടുന്നു.

മറ്റൊരു കവിതയായ 'ഒരു ധർമ്മനിഷ്ഠ' യിൽ നായാടാൻ കാട്ടിൽ പോയ രാജാവ് അവിടെ ഒറ്റപ്പെട്ടു പോയ ഒരു പെൺകുട്ടിയെ സംരക്ഷിക്കുന്നതായിട്ടാണ് ആവിഷ്കരിച്ചിരിക്കുന്നത്. അത് ഒരു ധർമ്മ നിഷ്ഠയായി കവയിത്രി വാഴ്ത്തുന്നു. 'ഒരു ധീരയുവാവ്' എന്ന മറ്റൊരു കവിതയിൽ ഒരു പ്രണയകഥയാണ് കെ.മാധവിയമ്മ ആവിഷ്കരിച്ചിരിക്കുന്നത്. ഒരു സാധുയുവാവിനോട് പ്രണയം തോന്നിയ പ്രഭുകുമാരിയെ വിവരങ്ങൾ പറഞ്ഞ് ധരിപ്പിച്ച് സഹോദരീസ്ഥാനത്തേക്ക് കൊണ്ടു വരികയാണ് ആ യുവാവ്. തന്റെ ദരിദ്രയായ മാതാവിനെയും സഹോദരങ്ങളെയും ഉപേക്ഷിക്കാൻ ആ യുവാവ് തയ്യറാക്കുന്നില്ല. ഇതാണ് ധീരയുവാവ് എന്ന കവിതയിലെ പ്രമേയം.

പുരുഷാധിപത്യത്തെ തുറന്നു കാണിക്കുമ്പോഴും സ്ത്രീയെ സംരക്ഷിക്കുന്ന പുരുഷന്മാരെ കവയിത്രി കാണാതിരിക്കുന്നില്ല.

### 2.2.1.8 വി.പി.ഓമനയമ്മ, കടത്തനാട്ട്

കവനകൗമുദിയെപ്പോലുള്ള ആദ്യകാലമാസികകളിൽ കവിതകൾ രചിച്ചിരുന്ന

മറ്റൊരു കവയിത്രിയാണ് വി.പി.ഓാമനയമ്മ. 'ഒരു മല്ലികയോട്' എന്ന പേരിൽ എഴുതിയ കവിത ശ്രദ്ധേയമാണ്. മല്ലികയോട് കവി പറയുന്നു. പനിനീർച്ചെടിക്കു മേൽ ചാഞ്ഞീടല്ലേ. മുള്ളുകളുള്ള ആ ചെടി മൃദുലമായ നിന്നെ വ്രണപ്പെടുത്തും എന്നാണ് കവയിത്രി പറയുന്നത്. 'മഴവില്ലു കണ്ടിട്ട്' എന്ന മറ്റൊരു കവിതയിൽ ആകാശത്ത് മഴവില്ല് കാണുമ്പോൾ കവയിത്രിയുടെ മനസ്സിൽ തോന്നുന്ന ഭാവങ്ങളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഏ. ആറിന്റെ മലയ വിലാസത്തോടുപമിക്കാവുന്ന രീതിയിലാണ് ഈകവിതയിലെ വർണ്ണന[6]

'ഒരു നേരം പോക്ക്' എന്ന കവിത ശ്രീരാമനും സീതയും തമ്മിൽ കിടപ്പറയിൽ വച്ചുണ്ടായ ഒരു നേരംപോക്കിന്റെ കഥ പറയുന്ന കവിതയാണ്. കിടക്കാൻ നേരം സീത തന്റെ കയ്യിലുണ്ടായിരുന്ന നവരത്നകല്ല് പതിച്ച മോതിരംഅഴിച്ചുവെയ്ക്കുന്നത് കണ്ട് പതിവായി അങ്ങനെ ചെയ്യാത്ത സീത അന്നു മാത്രമെന്തെ ഇങ്ങനെ ചെയ്തു എന്ന് രാമൻ ചോദിക്കുകയാണ്.

*പതിവായിതുമട്ടു കണ്ടതി*
*ല്ലതിനാൽ സംശയമുണ്ടെനിക്കെടോ*
*മതിനേർമുഖിമാർക്കെഴും മനോ*
*ഗതിയാരാഞ്ഞറിവാൻ പ്രയാസമാം*

*(കവനകൗമുദി,1099:81)*

സ്ത്രീകളുടെ മനസ്സിലെന്താണെന്നറിയാൻ പ്രയാസമാണെന്നാണ് രാമൻ പറയുന്നത്. അതിനു സീത പറയുന്ന മറുപടിയാണ് ശ്രദ്ധേയം[7.] രാമന്റെ പാദസ്പർശമേറ്റ കല്ല് അഹല്യയായി മാറിയിരുന്നല്ലോ. അത് പോലെ ഈ മോതിരമെങ്ങാൻ ആ കാലിൽ തട്ടിയാൽ തനിക്കതു ആലോചിക്കാൻ പോലുമാവില്ല എന്നാണ് സീത പറയുന്നത്. തമാശയായിട്ടാണ് അങ്ങനെ പറയുന്നതെങ്കിലും രാമൻ 'നിനക്കുമീവിധമായി ദുശ്ശങ്കകളങ്കുരിക്കയോ' എന്നു ചോദിക്കുന്നു. താൻ ഏകപത്നീവ്രതക്കാരനാണെന്നു സീതയെ ആശ്വസിപ്പിക്കുന്നു. രാമൻ ഇതിനെയാണ് നേരം പോക്കായി കവയിത്രി കവിതയിൽ വിവരിക്കുന്നത്.വളരെ വ്യത്യസ്തമായൊരു പ്രമേയമാണ് ഈ കവിതയിൽ കവയിത്രി സ്വീകരിച്ചു കാണുന്നത് 'ഒരനുനയം' എന്ന കവിതയിലും വി.പി.ഓാമനയമ്മയുടെ രചനാകൗശലം തെളിഞ്ഞു കാണുന്നു. ഒരു താപസന്റെ ഭാര്യയെ പ്രാപിച്ചതിനാൽ ശാപമേറ്റ ഭർത്താവിന്റെയും അതിന്റെ ദു:ഖം അനുഭവിക്കുന്ന ഭാര്യയുടെയും കഥയാണ് ഈ കവിത.

### 2.2.1.9 പട്ടം എ.ഭാരതിക്കുട്ടിയമ്മ

മരണം സൃഷ്ടിക്കുന്ന ആഘാതം കവിതയ്ക്കു വിഷയമാക്കുക എക്കാലത്തെയും പതിവാണ്. അത്തരത്തിലുള്ള കവിതകളെഴുതി പ്രസിദ്ധീകരിച്ചുവന്ന കവയിത്രിയാണ്പട്ടം.എ.ഭാരതിക്കുട്ടിയമ്മ.സുപ്രസിദ്ധനായിരുന്ന പട്ടം.എ.കൊച്ചുകൃഷ്ണപിള്ളയുടെ അകാലനിര്യാണത്തെപറ്റി അവരുടെ അനജുത്തിയായ ഈ കവയിത്രി എഴുതിയതാണ് 'ഭ്രാതൃവിയോഗം.' കൊച്ചുകൃഷ്ണപിള്ളയുടെ സാഹിത്യപ്രവർത്തനങ്ങളും സ്വഭാവഗുണവും സ്നേഹവും വർണ്ണിക്കുന്ന ഈ കവിത അദ്ദേഹത്തിന്റെ ആത്മശാന്തിക്ക് വേണ്ടി പ്രാർത്ഥിച്ച് കൊണ്ടാണ് അവസാനിക്കുന്നത്.

'ചരമം' എന്ന പേരിൽ എഴുതിയ കവിത ശ്രീമൂലം തിരുനാളിന്റെ ചരമത്തിൽ അനുശോചിച്ചുകൊണ്ടുള്ളതാണ്. ലോകർക്ക് പരോപകാരിയായിരുന്ന ശ്രീമൂലം തിരുനാളിന്റെ തീരാനഷ്ടം കവയിത്രി വളരെ ദു:ഖ പൂർണ്ണമായി വിവരിക്കുന്നുണ്ട് ഈ കവിതയിൽ.

*ശ്രീ മൂലം തിരുനാളിനുനിത്യശാന്തി*
*പദമാർന്നെന്നും ലസിക്കേണമേ*
*(കവനകൗമുദി, 1099:63)*

എന്ന് പ്രാർത്ഥിച്ച് കൊണ്ട് കവിത അവസാനിപ്പിക്കുന്നു.

### 2.2.1.10 എ ജാനകിയമ്മ

'മടി' എന്ന പേരിൽ കവനകൗമുദിയിൽ ഇവരുടെ ഒരു കവിത പ്രസിദ്ധീകരിച്ചിട്ടുണ്ട്. മടിയാകുന്ന പിശാച് മനുഷ്യജീവിതത്തിൽ പല ദോഷങ്ങളും വരുത്തുന്നതിനെയാണ് ഈ കവിത വിശദീകരിക്കുന്നത്.

*അനന്തതയിൽ ചുറ്റിനമുക്കുദോഷ*
*മനന്തമേകും മടിയെക്കെടുത്താൻ*
*അനന്തഭോഗശയനാം രമേശൻ*
*മനം തെളിഞ്ഞൊന്നു തുണച്ചിടട്ടെ*
*(കവനകൗമുദി,1092:128)*

എന്നു പ്രാർത്ഥിച്ചു കൊണ്ട് കവിത അവസാനിക്കുന്നു.

### 2.2.1.11 ഏ.എസ്.അമ്മ

'ഒരു ഹരിജന സ്ത്രീയോട്' എന്ന പേരിൽ ഏ.എസ്.അമ്മ എഴുതിയ കവിത വളരെ പ്രാധാന്യമർഹിക്കുന്നു. നിലനിൽക്കുന്ന ജാതിചിന്തക്കെതിരെയുള്ള ഒരു സ്ത്രീയുടെ ശബ്ദമുയർത്തൽ കൂടിയായി ഈ കവിതയെ വിലയിരുത്താം. തമ്പുരാട്ടിയെക്കണ്ട് മാറിപ്പോകുന്ന ഒരു ഹരിജന സ്ത്രീയോട് എന്തിനാണിങ്ങനെ എന്നെ കണ്ട് പേടിക്കുന്നത് നമ്മളെല്ലാവരും ഒരു പോലെയാണ് എന്ന് തമ്പുരാട്ടി പറയുന്നു. തമ്പുരാട്ടിയും നീയുമെല്ലാം ഒരു തമ്പുരാന്റെ മക്കളല്ലേയെന്നും നമ്മിലുള്ള രക്തവും മാംസവും ഒരു പോലെയല്ലെ എന്നും അവർ ചോദിക്കുന്നു. ശ്രീ ചിത്തിരതിരുനാളിന്റെ ക്ഷേത്രപ്രവേശന വിളംബരത്തെ കുറിച്ചും ഈ കവിതയിൽ സൂചിപ്പിക്കുന്നുണ്ട്. അമ്പലത്തിൽ പോകാൻ നിനക്കും അവകാശമുണ്ടെന്ന് കവയിത്രി ആ ഹരിജന പെൺകുട്ടിയോട് പറയുകയാണ്. എന്നാൽ അപ്പോഴും മണ്ണിൽ പണിയെടുക്കുന്ന അവൾക്ക് വൃത്തിയുണ്ടാകില്ലെന്നും വൃത്തിയായിട്ട് വേണം അമ്പലത്തിൽ പോകാൻ എന്നും തമ്പുരാട്ടി ഉപദേശിക്കുന്നുണ്ട്. അത് അന്നത്തെ വരേണ്യവർഗ്ഗത്തിന്റെ പൊതുബോധമാണ്.[8] ജോലിയാണ് അവളുടെ ദേഹത്ത് അഴുക്കുണ്ടാക്കുന്നത്. അല്ലാതെ ജാതിയല്ല. പണിയെടുത്തുണ്ടായ അഴുക്ക് കുളിച്ചാൽ പോകുമെന്ന് കവയിത്രി സമൂഹത്തെ ഓർമ്മപ്പെടുത്തുന്നു.

### 2.2.1.12 ലക്ഷ്മിക്കുട്ടിയമ്മ ചെങ്ങന്നൂർ

സ്ത്രീകളുടെ ചാരിത്ര്യശുദ്ധിയെ പുകഴ്ത്തിക്കൊണ്ട് ലക്ഷ്മികുട്ടിയമ്മ എഴുതിയ കവിതയാണ് 'അവളുടെ ചാരിത്ര്യശുദ്ധി' രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച നീണ്ട കവിതയാണിത്. സമാധാനപൂർണ്ണം അധ്വാനിച്ച് കഴിഞ്ഞിരുന്ന ഒരു യുവാവും യുവതിയും കുഞ്ഞുമുൾപ്പെട്ട കർഷക കുടുംബത്തിന്റെ കഥയാണിത്. യുവാവിന് ദൂരസ്ഥലത്തേക്ക് പോകേണ്ട ആവശ്യം വന്നപ്പോൾ കാവലായി നിർത്തിയ ഒരു പുലയനാണ് ഈ കവിതയിലെ പ്രതിനായകൻ. ജാതിചിന്ത രൂക്ഷമായിരുന്ന അക്കാലത്ത് പുലയന് അവരുടെ പടിക്കൽ വരെ വരാനേ അനുവാദമുണ്ടായിരുന്നുള്ളു. പക്ഷേ ഒരു ദിവസം മദ്യപിച്ച് ബോധമില്ലാതെ വന്ന അയാൾ ആ യുവതിയെ ആക്രമിക്കാൻ ശ്രമിച്ചു. അവൾ അകത്ത് കയറി വാതിലടച്ചു. വാതിൽ തുറന്നില്ലെങ്കിൽ പുറത്ത് കളിച്ചു കൊണ്ട് നിൽക്കുന്ന കുഞ്ഞിനെ കൊല്ലുമെന്നയാൾ ഭീഷണിപ്പെടുത്തി. പക്ഷേ ആ ഭീഷണിക്കുമുമ്പിലും അവൾ പതറിയില്ല. കുഞ്ഞിനേക്കാൾ വലുതായിരുന്നു അവൾക്ക് പാതിവ്രത്യം. അയാൾ ആ കിടാവിന്റെ പിഞ്ചുകരങ്ങൾ വെട്ടിക്കളഞ്ഞു. രക്തം വാർന്നുകുഞ്ഞു മരിച്ചു. അത് കണ്ട് വിറച്ച് നിന്നെങ്കിലും.

*ആ മങ്കമാന്യരമണീമണി പാതിവ്രത്യ*

*സീമയ്ക്കു ചെറ്റുവെളിയിൽ പദമൂന്നിയില്ല.*

*(മഹിള, 1936:208)*

പിന്നീട് അയാൾ ചുമരിനു വിടവുണ്ടാക്കി അകത്ത് കയറാൻ ശ്രമിക്കുന്നത് കണ്ട അവൾ കയ്യിൽ കിട്ടിയ ആയുധമെടുത്ത് അയാളെ വെട്ടിക്കൊല്ലുന്നു. പക്ഷേ സ്വന്തം കുഞ്ഞിന്റെ ചേതനയറ്റ ശരീരം കണ്ട് സ്വയം കണ്ഠം വെട്ടിപിളർന്ന് അവൾ മരിക്കുന്നു.

പാതിവ്രത്യം എന്ന സങ്കല്പം സ്ത്രീകളിൽ എത്രത്തോളം ആഴത്തിൽ സ്വാധീനിച്ചിരുന്നുവെന്ന് ഈ കവിത തെളിയിക്കുന്നു. സ്ത്രീയെ അടിമയാക്കാൻ പുരുഷൻ പ്രയോഗിച്ച മാർഗ്ഗങ്ങളിലൊന്നാണ് ഈ പാതിവ്രത്യം. പാതിവ്രത്യത്തിൽ ഒതുക്കപ്പെട്ട സത്രീക്ക് പിന്നെ സ്വന്തം ഇഷ്ടത്തിന് ചലിക്കാൻ പ്രയാസമായിരിക്കും.

### 2.2.1.13 . അത്തിക്കാട്ടു പത്മാവതിയമ്മ

'പാതിവ്രത്യം' എന്ന പേരിൽ അത്തിക്കാട്ടു പത്മാവതിയമ്മ എഴുതിയ കവിതയും സവിശേഷ ശ്രദ്ധേയർഹിക്കുന്ന ഒരു സ്ത്രീരചനയാണ്. ഈ കവയിത്രി പതിമൂന്ന് വയസ്സുള്ള ഒരു ബാലികയും ഒരു സംസ്കൃത വിദ്യാർത്ഥിനിയുമാണെന്ന് കവനകൗമുദി പത്രാധിപർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. നാരദ മഹർഷിയാണ് പാതിവ്രത്യം എന്ന കവിതയിലെ വക്താവ്. നാട്ടിലെ വിശേഷങ്ങൾ പറയുന്ന കൂട്ടത്തിൽ പാതിവ്രത്യത്തെ കുറിച്ചും നാരദൻ പറയുന്നു.

*സത്യമുള്ള സതിമാർക്കിതിന്നുമി*
*ല്ലന്യസാദ്ധ്യത നിനക്കിലൊന്നുമേ*
*നിത്യവും നിജപതിവ്രതാത്മവാം*
*കൃത്യമാണബലമാർക്കഹോബലം*

*(കവനകൗമുദി, 1091:98)*

പതിയെ വേണ്ടപോലെ പരിചരിക്കുകയാണ് അബലകളായ സ്ത്രീകളുടെ ബലം എന്നാണ് നാരദൻ പറയുന്നത്. അന്നത്തെ സമൂഹത്തിന്റെ കാഴ്ചപ്പാടിണിത്. സ്ത്രീകളെ കുടുംബത്തിനകത്ത് തന്നെ തളച്ചിടുന്ന പുരുഷസമൂഹത്തിന്റെ ഈ മാർഗ്ഗം അന്നത്തെ സ്ത്രീകളും അറിയാതെ അംഗീകരിച്ചു പോകുന്നു എന്നതിന് ഉദാഹരണമാണീ കവിത.

### 2.2.1.14 കിഴക്കേടത്തു ജാനകിക്കുട്ടിയമ്മ

ആമ്പലും താമരയും (ഒരു പ്രകൃതി നിരൂപണം) എന്ന പേരിൽ രചിച്ച ഇവരുടെ കവിത നേരത്തെ സൂചിപ്പിച്ച പുരുഷാധിപത്യത്തിന്റെ നിയമങ്ങൾ കണ്ണുമടച്ച് അംഗീകരിക്കുന്നതിരെയുള്ള ഒരു പ്രതികരണമായി കണക്കാക്കാം.

ആമ്പലും താമരയും തമ്മിലുള്ള ഒരു സംഭാഷണത്തിന്റെ രൂപത്തിലെഴുതിയ ഈ കവിതയിൽ അന്ന് നിലനിന്നിരുന്ന സമൂഹത്തിന്റെ അവസ്ഥ കൂടി സൂചിപ്പിക്കുന്നു. ആമ്പൽ താമരയോട് പരിഭവം പറയുകയാണ്.

*ഞാനൊട്ടൊതുങ്ങുവൾ മേവുക മാത്രമെന്യേ*
*നൂനം കടന്നു കയറില്ലൊരിടത്തുമെങ്ങും*
*മാന്യത്വമാർന്ന കുലനാരികളാഭിജാത്യ*
*മൂനപ്പെടും പടി നടപ്പതുചേർച്ചയാമോ*
*(കവനകൗമുദി, 1092:101)*

താമരയെപ്പോലെ തന്നെയാരും പരിഗണിക്കുന്നില്ലെന്നാണ് ആമ്പലിന്റെ വിഷമം. ഞാനാണെങ്കിൽ എവിടേയും ഒന്നിലും കയറി ഇടപെടാറില്ല. അങ്ങനെ ചെയ്യുന്നത് കുലനാരികൾക്ക് ചേർന്ന പ്രവർത്തിയല്ല. ഒന്നിലും ഇടപെടാതെ അഭിപ്രായം പറയാതെ അടങ്ങിയൊതുങ്ങി ഇരിക്കലാണല്ലോ നല്ല സ്ത്രീയുടെ ലക്ഷണമായി സമൂഹം കല്പിക്കുന്നത്. ഇത് ശരിയല്ലെന്ന് കവയിത്രി തന്നെ പറയുന്നു.[9]

സ്ത്രീയിൽ ഉണ്ടായിട്ടുള്ള പുതിയൊരവബോധത്തിന്റെ സൂചന കൂടിയാണ് ഈ വരികളിൽ തെളിയുന്നത്. പണ്ടത്തെ കാലം പോലെ നാരികൾ ഒതുങ്ങി വഴങ്ങി ഇരിക്കേണ്ട ആവശ്യം ഇന്നില്ല. അന്നത്തെപ്പോലെ ഇന്നും മിണ്ടാതിരുന്നാൽ ജീവിക്കാൻ കഴിയില്ല. നമുക്ക് നാം തന്നെ തുണയാകണം. കുറച്ചു ചൊടിയോടെ ഉയരാൻ ശ്രമിച്ചില്ലെങ്കിൽ നമ്മൾ എല്ലാവരുടേയും കാൽക്കീഴിലായിപ്പോകുമെന്ന ഉപദേശം കേരളത്തിലെ എല്ലാ സ്ത്രീകൾക്കുമായി നൽകുകയാണ് ഈ കവിതയിലൂടെ ജാനകിക്കുട്ടിയമ്മ ചെയ്യുന്നത്.

### 2.2.1.15 കല്യാണിക്കുട്ടിയമ്മച്ചി

പാതിവ്രത്യപഞ്ചകം എന്ന പേരിൽ കല്യാണിക്കുട്ടിയമ്മച്ചിയെഴുതിയ കവിത നിലനിന്നുപോരുന്ന പാതിവ്രത്യം എന്ന സങ്കല്പത്തെ വിമർശിക്കുന്നു. 'ഭർത്താവോതുന്നതിന് അടിമയായ് വാഴുന്നതാണ്' ഈ ഭൂമിയിൽ എല്ലാ അബലകൾക്കും പാതിവ്രത്യം എന്നവർ പരിഹസിക്കുന്നു. പാതിവ്രത്യത്തെ

അംഗീകരിച്ച് കൊണ്ട് കവിതയെഴുതുന്നവരിൽ നിന്നും വേറിട്ടുനിൽക്കുന്നു ഈ എഴുത്തുകാരി.

### 2.2.1.16 ചുനങ്ങാട്ടു കല്യാണിക്കുട്ടിയമ്മ

ഇവർ ശാരദയിൽ പ്രസിദ്ധീകരിച്ച 'മലയാളസ്ത്രീകൾ' എന്ന കവിത അന്നത്തെ മലയാളിസ്ത്രീയുടെ യഥാർത്ഥ അവസ്ഥ ചിത്രീകരിക്കുന്നു.[10] അന്നത്തെ കേരളത്തിലെ സ്ത്രീകളുടെ അവസ്ഥ വളരെ വ്യക്തമായിത്തന്നെ ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു. സ്ത്രീകൾ കവിതയെഴുതിയാൽ അതവൾ എഴുതിയതല്ലെന്നും അന്യന്റെതാണെന്നും പറഞ്ഞ് മാറ്റിനിർത്തുന്നു.

ഒരു പെൺകുഞ്ഞ് ജനിച്ചാൽ അതൊരു അപകടമായിട്ടാണ് കുടുംബം കാണുന്നത്. ഇതിനെ എങ്ങനെ വീട്ടിൽ വെച്ച് പൊറുപ്പിക്കും എന്നവർ വിചാരിക്കുന്നു. ഒരുപാടു പാപകർമ്മങ്ങൾ ചെയ്ത് വരുന്ന ഒരാളെ സ്വീകരിക്കുന്നതുപോലെയാണ് ഒരു പെൺകുഞ്ഞ് ജനിച്ചാൽ അവളെ സ്വീകരിക്കുന്നത്. നേരെമറിച്ച് ആൺകുഞ്ഞാണു പിറക്കുന്നതെങ്കിൽ അവിടെ സന്തോഷത്തിന്റെ മലവെള്ളപ്പാച്ചിലാണ് കാണാൻ കഴിയുക.

മനുഷ്യൻ കൂടുന്നിടത്ത് പെണ്ണിന് സഞ്ചാരസ്വാതന്ത്ര്യമില്ല. ജനനം മുതൽ വിദ്യയെന്നു കേൾക്കാൻ പോലും അർഹതയില്ല. ശിശുപോഷണം, അശനത്തിനുതകുന്ന വിദ്യ എന്നിവയിൽ കുശലത്വം മാത്രമേ അവൾക്കാവശ്യമുള്ളു.

*ഇതിദുർദശയംഗനാജനത്തി*

*നതിയായുള്ളതു ചൊല്ലുവസാധ്യം*

*(ശാരദ,1080:116)*

എന്നിങ്ങനെയെല്ലാം പറഞ്ഞിട്ടൊടുവിൽ സ്ത്രീകളുടെ ദുരിതം പറഞ്ഞാൽ തീരില്ലെന്നു പറഞ്ഞുകൊണ്ടാണ് കവിത അവസാനിക്കുന്നത്.

സ്ത്രീകളുടെ സാഹിത്യരചനയെപ്പോലും എതിർത്തിരുന്ന പുരുഷ സമൂഹത്തിൽ സ്വന്തമായി രചന നിർവ്വഹിക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. അക്കാലത്ത് സ്ത്രീകൾ എഴുതിയിരുന്ന കവിതകൾ പരുഷന്മാർ സ്വന്തം പേരിൽ പ്രസിദ്ധീകരിച്ച് പ്രശസ്തി നേടിയിരുന്നു. അതിനെ എതിർക്കാൻ പലപ്പോഴും സ്ത്രീ അശക്തയായിരുന്നു. സമൂഹത്തിന്റെ എതിർപ്പ് ഭയന്ന് പല സ്ത്രീകളും പേര് പറയാതെ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'കൃഷ്ണാർജ്ജുന വിജയത്തിലെ സുഭദ്ര' എന്ന കവിത പ്രസിദ്ധീകരിക്കപ്പെട്ടരിക്കു

ന്നത് കൗമുദിസഖി എന്ന പേരിലാണ്. കവിതയുടെ അടിക്കുറിപ്പായി പത്രാധിപൻ തന്നെ എഴുതുന്നത് ഈ കവയിത്രി അടുത്ത കാലത്ത് കഴിഞ്ഞുപോയ സുപ്രസിദ്ധനായ ഒരു യഥാർത്ഥ കവിയുടെ പ്രിയപുത്രിയാണ് തന്റെ കവിതോദ്യമം കൊണ്ട് പിതാവിന്റെ പേരു കൂടി ചീത്തയായെങ്കിലോ എന്നുള്ള ഭയത്താലാണ് ഈ ബാലിക പേര് പുറത്തറിയിക്കാൻ മടിക്കുന്നത്.

### 2.2.1.17 മിസിസ് വി.എം.കൽക്കത്ത

കവനകൗമുദിയിൽ നിരവധി കവിതകളെഴുതിയിരുന്ന കവയിത്രിയാണ് മിസിസ് വി.എം.കൽക്കത്ത 'അമൃതാലയം' ഞങ്ങളുടെ നേതാവ് തുടങ്ങിയ കവിതകൾ ഇവരുടേതാണ്. സ്വന്തം പേരിൽ ഇവർ കവിതകൾ എഴുതുന്നില്ല. അമൃതാലയം എന്ന കവിത മാതൃത്വത്തിന്റെ മഹനീയത ആവിഷ്കരിക്കുന്നു.

*മനമേ, ജനനീമുഖേന്ദുബിംബം*
*ഘനവാത്സല്യരസിതിമാത്രരമ്യം*
*കരുണാർദ്രവിലോചനങ്ങളാൽ നിൻ*
*കദനച്ചൂടകലെക്കളഞ്ഞതല്ലീ ?*

*(കവനകൗമുദി, 1104:243)*

എന്നതാണ് അമ്മയുടെ മഹത്വം എന്ന് കവയിത്രി പറയുന്നു.

മഹാത്മാഗാന്ധിയുടെ ഷഷ്ഠി പൂർത്തി സംബന്ധിച്ച് എഴുതിയതാണ് 'ഞങ്ങളുടെ നേതാവ്' എന്ന കവിത.

### 2.2.1.18 ചെമ്പ്രോൽ കൊട്ടാരത്തിൽ സ്വാതിതിരുനാൾ കൊച്ചുതമ്പുരാട്ടി

തമ്പുരാട്ടിമാരുടെ കവിതകളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടവയാണ് സ്വാതിതിരുനാൾ കൊച്ചുതമ്പുരാട്ടി എഴുതിയ 'ഒരഭിനന്ദനം' പണ്ഡിതൻ ഇ.വി.രാമൻ നമ്പൂതിരിക്ക് സമർപ്പിച്ചതാണ് ഈ കവിത. അദ്ദേഹത്തിനുള്ള അനുമോദനങ്ങളാണ് ഇതിലെ വരികൾ.

### 2.2.1.19 ചെറിയനുജത്തി തമ്പുരാട്ടി കോട്ടക്കൽ

പ്രിയന്റെ വിരഹത്താൽ ദു:ഖിതയായ സഖിയെ സാന്ത്വനിപ്പിക്കുന്ന രീതിയിൽ തമ്പുരാട്ടി എഴുതിയ കവിതയാണ് സാന്ത്വനം.

*ആ പതിധൈര്യം ബലമെന്നല്ലോ മഹത്തുക്ക*
*ളാഘോഷിക്കുന്നു പല രീതിയിൽ ഗ്രന്ഥങ്ങളിൽ*

*ഈ വകയൊക്കെ നന്നായ് ഗ്രഹിച്ച ഭവതിയോ*

*ടേവമെന്തിനു മമ സാന്ത്വനം നിരർത്ഥകം*

*(കവനമഞ്ജരി, 1113:112)*

എന്നു കവയിത്രി തന്നെ പറയുന്നുണ്ട്. എങ്കിലും ആശ്വാസ വാക്കുകൾ ചൊരിയുകയാണ് കവയിത്രി.

**2.2.1.20 പി.ടി.പാർവ്വതിക്കുട്ടി**

കവനമഞ്ജരിയിൽ 'പഞ്ജരത്തിലെ പൈങ്കിളി' എന്ന പേരിൽ പി.ടി.പാർവ്വതികുട്ടിയുടെ ഒരു കവിതയുണ്ട്. കൂട്ടിലകപ്പെട്ട പൈങ്കിളിക്ക് ആകാശത്തിൽ പറന്ന് ചിറക് കുഴയേണ്ട, കൊച്ചു ശരീരത്തെ പോറ്റുവാൻ പ്രയത്നിക്കേണ്ട, ജീവിതപ്പോരിൽ തളരേണ്ട കൂട് നിർമ്മിക്കാൻ പാടുപെടേണ്ട സുഖമാണ് എന്നാണ് കവയിത്രി കരുതിയിരുന്നത്. പിന്നെയാണ് തന്റെ ശാരിക എത്രമാത്രം ഈ ബന്ധനത്തെ വെറുക്കുന്നുണ്ടെന്ന് മനസ്സിലായത്. അതിന് സ്വാതന്ത്ര്യമാണാവശ്യമെന്നും കവയിത്രിക്ക് ബോധ്യമാവുന്നു.[11] പക്ഷികളോടുള്ള മനുഷ്യന്റെ കുഞ്ജിത പ്രവർത്തനങ്ങൾ കവയിത്രി ചൂണ്ടികാണിക്കുന്നു.

**2.2.1.21. കെ.കല്യാണിക്കുട്ടിയമ്മ**

കെ.കല്യാണിക്കുട്ടിയമ്മയുടെ 'അന്ത്യശാസനം' എന്ന കവിത ജന്മി അടിയാന്മോട് കാണിക്കുന്ന ക്രൂരതകൾ ആവിഷ്കരിക്കുന്നു. ജന്മി തന്റെ കുടിയാനായ അടിമയെ അസുഖം ബാധിച്ചപ്പോൾ കിടക്കാൻ പോലും അനുവദിക്കാതെ അടിച്ചും തൊഴിച്ചും പണിയെടുക്കാൻ ആജ്ഞാപിക്കുന്നതാണ് ആവിഷ്കരിച്ചിരിക്കുന്നത്. തലമുറകളാൽ തുടർന്ന് പോരുന്ന ആ അടിമത്തത്തിന്റെ ക്രൂരത കവിതയിൽ ചിത്രീകരിക്കുന്നു.

**2.2.1.22. കോട്ടയിൽ പനങ്ങാട്ടു കുഞ്ഞിലക്ഷ്മി**

'ധർമ്മസ്ഫുലിംഗം' എന്ന പേരിൽ ഈ കവയിത്രിയുടെ ഒരു കവിത കവനമഞ്ജരിയിലുണ്ട്. ദാരിദ്ര്യവും ജാതിവ്യത്യാസവുമാണ് ഈ കവിതയിൽ സൂചിപ്പിക്കുന്നത്. യാചകനായ ബാലൻ തനിക്ക് യാചിച്ച് കിട്ടിയ കഞ്ഞിയിൽ നിന്ന് അമ്മയ്ക്കും കൊടുക്കണം എന്നറിഞ്ഞ് കൊണ്ടു തന്നെ വഴിയരികിൽ തളർന്നിരിക്കുന്ന പഥികന് ആ കഞ്ഞി മുഴുവനും നൽകുന്നു. ആ പഥികൻ ഉയർന്ന ജാതിക്കാരനായിരുന്നു. എങ്കിലും ആസമയത്ത് ജാതിയൊന്നും അവർ മാനിച്ചില്ല എന്നതാണ് സത്യം.

### 2.2.1.23 കെ.ഭാർഗ്ഗവിയമ്മ കൊല്ലം

ഈ കവയിത്രി കവനകൗമുദിയിൽ പ്രസിദ്ധീകരിച്ച കവിതയാണ് 'വീണമൊട്ട്' ആശാന്റെ വരികളുടെ അതേ ആശയം ഈ കവിതയിലെ പലവരികളിലും കാണാം.

*തുഷ്ട്യം സഹോദരരുമൊത്തുരസാലത*
*പ്രച്ഛായയിൽ ജനനിതൻ കരപല്ലവത്തിൽ*
*ഇഷ്ടത്തിനൊത്ത പരിലാളനയേറ്റുവാണ*
*മട്ടെങ്ങു തീവ്രതരമീ സ്ഥിതിയെങ്ങുപാർക്കിൽ*

*(കവനകൗമുദി,1104:89)*

ഈ വരികൾ ആശാന്റെ വീണപൂവിലെ വരികളെ ഓർമ്മിപ്പിക്കുന്നു.[12] അതുപോലെ മൊട്ടുകളാകുന്ന സഹോദര ങ്ങളൊത്തുള്ള ജീവിതം ഭാർഗ്ഗവിയമ്മയും ആവിഷ്ക്കരി ച്ചിരിക്കുന്നു.

### 2.2.1.24. സി.കാർത്ത്യായനിയമ്മ

'ഒരു കൊച്ചു തമ്പുരാട്ടി' എന്ന പേരിലെഴുതിയ ഒരു കൊച്ചുകവിതയിൽ പത്മനാഭപുരം കൊട്ടാരത്തിൽ പിറന്ന പെൺകുഞ്ഞിന് ആശംസയർപ്പിക്കുന്നു.

### 2.2.1.25 രാജശ്രീ കെ.രവിവർമ്മത്തമ്പുരാൻ

ഈ കവയിത്രിയുടെ 'പമ്പാനദി' എന്ന കവിത പ്രത്യേകം പരാമർശം അർഹി ക്കുന്നുണ്ട്. പമ്പാനദിയുടെ പുണ്യം ഈ കവിതയിൽ തെളിയുന്നു. പമ്പാനദിയെപ്പറ്റി സുദിർഘമായ ഒരു വർണനയാണീക്കവിത.

*സഹ്യാദ്രിതന്നിൽ തലവച്ചു പശ്ചി*
*മാംബോധിയോളം ചരണങ്ങൾ നീട്ടി*
*അതാ ലസിക്കുന്നു വിശിഷ്ടപമ്പാ*
*സ്രവന്തിയീ നമ്മുടെ പൂർവ്വപുണ്യം*

*(കവനകൗമുദി, 1105:131)*

എന്നു തുടങ്ങുന്ന കവിതയിൽ പമ്പയുടെ മനോഹാരിതയും ഒഴുക്കുമെല്ലാം വർണ്ണിക്കുന്നുണ്ട്.

*വേണാട്ടുവിൺനാടിനു തുല്യമാക്കി*
*ജ്ജയിക്ക ജീമുതവളർത്തുപുത്രി*

*നിൻ സേവയിൽ മോഹമകന്നീടട്ടേ*

*സത്തുക്കൾ നിൻകീർത്തി പുകഴ്ത്തിടട്ടേ*

*(കവനകൗമുദി, 1105:132)*

എന്ന് കവിത അവസാനിക്കുന്നു.

**2.2.1.26 തെക്കേകുന്നത്ത് രാധാകുമാരി**

കവനകൗതുകത്തിൽ ഇവരുടെ രണ്ട് കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ഭാഗ്യംഭാഗ്യം' നാട്ടിൻ പുറം നല്ലത് എന്നിങ്ങനെയാണവ. ഉയരത്തിലെത്തുന്നവരെ നാം ഭാഗ്യവാൻ എന്ന് വിളിക്കുന്നു. എന്നാൽ ആ ഭാഗ്യത്തിന്റെ പിന്നിൽ ഒരു പാടു പരിശ്രമം ഉണ്ടായിരിക്കും എന്നാണ് കവയിത്രി പറയുന്നത്.

*'ഭാഗ്യമെന്ന പദമാപ്പരിശ്രമ-*

*ത്തിന്റെ മാറ്റൊലി-യതാണ് വാസ്തവം*

*(കവനകൊതുകം, 1141 : 28)*

'നാട്ടിൻപുറം നല്ലത്' എന്ന കവിതയിൽ നഗരത്തിലെ പ്രയാസങ്ങൾ പറയുന്നു. വെള്ളമില്ലാത്ത നഗരത്തേക്കാൾ എത്രയോ നല്ലതാണ് ഗ്രാമം.

*ഗ്രാമം തന്നെ മെച്ചം സുഖദമവിടമേ*

*സ്വർഗ്ഗ-മെല്ലാം സമൃദ്ധം*

*(കവനകൗതുകം,1141 : 28)*

**2.2.1.27 തെക്കേക്കുന്നത്ത് ഓമനകുമാരി**

ഇവരുടെ 'തുലാവർഷം' എന്ന കവിത ശ്രദ്ധേയമാണ് ദ്വതീയാക്ഷരപ്രാസം കൂടുതൽ ഉപയോഗിച്ചുകൊണ്ടാണ് ഈ കവിതയുടെ രചന. കേരളത്തിലെ കല്പവൃക്ഷങ്ങൾ കാത്തിരിക്കുകയാണ് തുലാവർഷത്തിനെ എന്നാണ് കവയിത്രി പറയുന്നത്. തുലാവർഷം പെയ്തുതിമിർക്കുമ്പോൾ കർഷകർ മതിമറക്കുന്നു എന്നും കവിതയിൽ വർണ്ണിക്കുന്നു

**2.2.1.28 പത്മാവതി കരിക്കാട്**

കവനകൈരളിയിൽ 'വേണുഗോപാലൻ' എന്ന പേരിൽ ഒരു കൃഷ്ണവർണ്ണന ഈ കവയത്രിയുടെ രചനയാണ്.

### 2.2.1.29 ഉഷാകുമാരി

എഴുത്തച്ഛന്റെ പാർത്ഥസാരഥി വർണ്ണനപോലെ കൃഷ്ണനെ വർണ്ണിക്കുന്ന കവിതയാണ് ഉഷാകുമാരിയുടെ 'ദിവ്യദർശനം'.

### 2.2.1.30 ശ്രീദേവിവർമ്മ

ആശോദയുടെ 'പുത്രവാത്സല്യം' എന്നപേരിൽ എഴുതിയ കവിത ശ്രദ്ധേയമാണ്. ഈ കവയിത്രി തന്നെ 'ശിവാനന്ദലഹരി' തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇവരുടെ മറ്റൊരു കവിതയാണ് 'വരൻ നവോഢയായ വധുവിനോട് എന്ന കവിത ഭാര്യയെ പുക്ഴത്തികൊണ്ട് രചിച്ചതാണ്. നിനക്കെന്തും ഞാൻ തരും എന്നർത്ഥത്തിലുള്ള വരികളാണ് ഈ കവിതയുടെ ഉള്ളടക്കം.

### 2.2.1.31 സരോജിനി ഉണ്ണിത്താൻ

''ദു:ഖസമൃതി'' എന്ന കവിത മാർച്ച് പതിനാലിന് അന്തരിച്ച തന്റെ കൂട്ടുകാരിയുടെ ഭർത്താവിനെയും ഭർത്താവ് മരിച്ചതിൽ മനംനൊന്ത് ജീവിക്കുന്ന കൂട്ടുകാരിയെയും കുറിച്ചെഴുതിയതാണ്.

### 2.2.1.32 ആയാംകുടി കെ.സി പാർവ്വതിയമ്മ

'സാപത്ന്യം' എന്ന പേരിൽ എഴുതിയ ഈ കവയിത്രിയുടെ രചന ശ്രദ്ധേയമാണ്. ആദ്യഭാര്യയിൽ കുട്ടികളില്ലാതിരുന്ന ഒരു വിപ്രൻ രണ്ടാമതൊരു വേളികൂടി കഴിച്ചു. അതിൽ മക്കളുണ്ടായെങ്കിലും രണ്ട് ഭാര്യമാരും പരസ്പരം ശത്രുതയോടെയാണ് ജീവിതം മുന്നോട്ട് കൊണ്ടു പോയത്. അയാളുടെ മരണസമയത്തും ഇവർ പരസ്പരം വിദ്വേഷം വെച്ചുകൊണ്ട് പെരുമാറുന്നത് കണ്ട് അയാൾ വിഷമിക്കുന്നു.

*സാപത്ന്യജാതദുരിതം ഭുവിസംഭവിച്ചാൽ*
*സ്വാപത്തിലും സുഖമൊരുത്തനുമില്ല നൂനം*
*ആപത്തിനാസ്പദമിതെന്നുനിനച്ചുചിത്തേ*
*താപം കളഞ്ഞുമരുവീടുക തദ്വിധനങ്ങക്ത*

*(കവനമഞ്ജരി,1113:26)*

എന്നിങ്ങനെ കവിത അവസാനിക്കുന്നു.

സാപത്ന്യം ആപത്താണെന്നും അതുപേക്ഷിക്കണമെന്നുമാണ് കവയിത്രി സമൂഹത്തോട് പറയുന്നത്.

**2.2.1.33 കെ.ശാരദാമേനോൻ**

കെ.ശാരദാമേനോൻ കവനകൈരളിയിൽ നാലുലക്കങ്ങളിലായി പ്രസിദ്ധീകരിച്ച 'ആത്മഗതം' എന്ന തുടർകവിതയിൽ സമകാലിക കേരളീയസമൂഹത്തിന്റെ സാമൂഹികാധ:പതനം ആവിഷ്കരിച്ചിരുന്നു.

*പഠിയ്ക്കിലും ജോലികളില്ല വീട്ടിൽ*

*ക്കിടക്കവേ വാക്ശരമാരിയായി*

*പിടിപ്പുകേടൊക്കെ മറക്കുവാനായ്*

*കൂട്ടു പോകുന്നുയുവാക്കൾ മദ്യം*

*(കവനകൈരളി,1172:28)*

തൊഴിലില്ലായ്മയും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും മദ്യപാനവും കവയിത്രി ചൂണ്ടികാണിക്കുന്നു.

അന്നത്തെ സ്ത്രീജീവിതവും കവയിത്രി ആവിഷ്കരിക്കുന്നുണ്ട്. പണ്ടത്തെ സ്ത്രീകൾക്ക് ഭിന്നിപ്പുക്കൾക്കൊന്നും നിൽക്കാതെ തറവാടിനു ഐശ്വര്യം വരുത്തുന്നവൾ എന്ന നിലയിലുള്ള ബഹുമാനവും ആദരവും ഉണ്ടായിരുന്നു. ഇന്ന് സ്ത്രീകൾക്ക് തറവാട്ടിൽ സ്ഥാനമൊന്നുമില്ലെന്നും കവയിത്രി സൂചിപ്പിക്കുന്നു.

*നാം ശക്തരാണേതിനുമെന്നുണർന്നു*

*കാണേണ്ട കാലങ്ങൾ സമീപമായി*

*(കവനകൈരളി,1172:29)*

എന്ന് പറയുന്നതിലൂടെ സ്ത്രീകൾ പുരുഷാധിപത്യ സമൂഹത്തിന്റെ ആജ്ഞകൾക്കനുസരിച്ച് അടിമയായി കഴിയേണ്ട കാലം അവസാനിച്ചിരിക്കുന്നു വെന്നും ആ അടിമത്തത്തിൽ നിന്ന് പുറത്ത് വരേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞുവെന്നും കവയിത്രി സൂചിപ്പിക്കുന്നു. കവിതയുടെ അവസാനം പുതിയൊരു ഭാരതം സൃഷ്ടിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും കവയിത്രി ചൂണ്ടിക്കാണിക്കുന്നു.

**2.4.34 മുതുകുളം പാർവ്വതിയമ്മ**

ആദ്യകാല മാസികകളിലൂടെ കവിതാരംഗത്തേക്ക് കടന്നു വന്ന മുതുകുളം പാർവ്വതിയമ്മ ഗ്രാമീണ സൗന്ദര്യം കവിതകളിൽ നിറച്ച കവയിത്രിയാണ്.

ഉദയപ്രഭ,പൂക്കാരി, മീര, ശ്രീചിത്രമഹാരാജവിജയം, ഭുവനദീപിക, ഗാനാഞ്ജലി, ഒരു വിലാപം അശ്രുകുടീരം തുടങ്ങിയവയാണ് പാർവ്വതിയമ്മയുടെ പ്രധാന കൃതികൾ. ശ്രീമത് ഭഗവത്ഗീത ഇവർ തർജ്ജമ ചെയ്തിട്ടുണ്ട്.

ആശാന്റെ സ്വാധീനം പ്രകടമായിത്തന്നെ പാർവ്വതിയമ്മയുടെ കൃതികളിൽ കാണുന്നുണ്ട്. പ്രസന്നതയും ആശയസമ്പന്നതയും നിറഞ്ഞകവിതകളാണ് ഇവരുടേത്. ജീവിതത്തിലെ നിരാശകളും വേദനകളും ഹൃദയസ്പർശിയായി ഇവർ കവിതയിൽ ആവിഷ്കരിക്കുന്നു.

മാസികകളിലൂടെയാണ് പാർവ്വതിയമ്മയുടെ കൂടുതൽ രചനകളും പുറത്ത് വന്നതെങ്കിലും അവരുടെ രചനകളെല്ലാം പുസ്തകങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുകൊണ്ടായിരിക്കണം മാസികകളിൽ എഴുതുന്ന മറ്റ് സ്ത്രീ എഴുത്തുകാരിൽ നിന്ന് വ്യത്യസ്തമായി സാഹിത്യചരിത്രങ്ങളിൽ മുതുകുളം പാർവ്വതിയമ്മ (1904–1977) ഇടം നേടിയിട്ടുള്ളത്.

സ്ത്രീസംബന്ധമായ വിഷയങ്ങൾ, സ്ത്രീസ്വാതന്ത്ര്യം തുടങ്ങിയ സാമൂഹ്യ പ്രശ്നങ്ങൾ മുതുകുളം പാർവ്വതിയമ്മ മാസികകളിലൂടെ എഴുതിയ കവിതകളിൽ ശക്തമായി ആവിഷ്കരിച്ചിരിക്കുന്നു. 1935 ൽ മഹിളയിൽ (ലക്കം 9) പ്രസിദ്ധീകരിച്ച 'ഒരു വിവാദം' എന്ന കവിത രണ്ട് സ്ത്രീകൾ തമ്മിലുള്ള സംഭാഷണരൂപത്തിൽ എഴുതിയതാണ്. തങ്ങൾക്ക്ഒന്നിലുംഇടപെടാനുള്ള കഴിവില്ലെന്ന് വരുത്തിത്തീർത്ത് ജീവിതം സുഖമായി ആസ്വദിക്കുന്ന പുരുഷന്മാർക്കിടയിൽ നമ്മുടെ ജീവിതം കഷ്ടം തന്നെയാണെന്നാണ് ആ സ്ത്രീകൾ പറയുന്നത്. സ്ത്രീകൾ തെറ്റ് ചെയ്യുമ്പോൾ പുരുഷൻ ശിക്ഷിക്കുന്നു. എന്നാൽ അവൻ തെറ്റു ചെയ്താൽ ആരും ശിക്ഷിക്കാനില്ല. അവരുടെ പ്രവൃത്തികൾ അവസാനം അവർക്ക് ദു:ഖമാകാൻ ഇടയാകും എന്നൊക്കെയാണ് ആ സ്ത്രീകൾ ചിന്തിക്കുന്നത്. എന്നാൽ പുരുഷന്മാരിലും നല്ലവരുണ്ടെന്ന് അവർ പറയുന്നു.

*'പുരാചിത്തരാം പുരുഷൻ*
*കണ്ടിടാം പുമാന്മാരിലും വെറും*
*ചണ്ടിയിൽ പത്മമെന്നപോൽ*

*(മഹിള, 1935:32)*

പക്ഷേ സ്ത്രീകളെ മൊത്തം ആക്ഷേപിച്ചുകൊണ്ടാണ് പുരുഷന്മാരുടെ നടപടികൾ. ഇങ്ങനെ പോകുന്നു കവിതയിലെ ചിന്തകൾ.

'പിച്ചക്കാരി' എന്ന മറ്റൊരു കവിത സമൂഹത്തിൽ രണ്ട്തട്ടിൽപ്പെടുന്ന സ്ത്രീകളെ കാണിച്ച് തരുന്നു. അധികാരവും സമ്പത്തുമുള്ള സ്ത്രീയും ഒരുനേരം പോലും ഭക്ഷണമില്ലാതെ സ്വന്തം പൈതലിന്റെ കാഞ്ഞ വയർ തണുപ്പിക്കാൻ വേണ്ടി ഭിക്ഷ യാചിച്ചെത്തുന്ന സ്ത്രീയുമാണീകവിതയിൽ. കൊട്ടാരക്കെട്ടിനകത്ത് ഉച്ചമയക്കത്തിലായിരുന്ന സ്ത്രീ അവരുടെ ഉറക്കം കെടുത്തിയ പിച്ചക്കാരിയെ

നിർദ്ദാക്ഷിണ്യം ആട്ടിയോടിക്കുന്നു. അധികാരവും സമ്പത്തുമുള്ള സ്ത്രീ ഇതുരണ്ടുമുള്ള പുരുഷന് സമാനമായാണ് മറ്റ് സ്ത്രീകളോട് പെരുമാറുന്നത് എന്ന് കവയിത്രി കണ്ടെത്തുന്നു.

സ്ത്രീകൾ അനുഭവിക്കുന്ന അസ്വാതന്ത്ര്യത്തിന്റെ തീക്ഷ്ണത ചിത്രീകരിക്കുന്ന കവിതയാണ് പാർവ്വതിയമ്മയുടെ ''സ്വാതന്ത്ര്യം''. (മഹിള 1935 ലക്കം 8പുസ്തകം15) ജന്മികുടിയാൻ ബന്ധത്തിലെ അസ്വാതന്ത്ര്യവും സ്ത്രീകളെ അടിമകളാക്കുന്ന പുരുഷാധിപത്യവ്യവസ്ഥയിലെ സ്വാതന്ത്ര്യമില്ലായ്മയും ഈ കവിതയിൽ പരാമർശിക്കുന്നു.

*ആരാധ്യമാം മാതൃപദം വഹിക്കും*
*നാരീജനത്തിനിടത്വമേകി*
*ഘോരാന്ധകാരത്തിലെത്തിച്ചുചിത്ത*
*പാരുഷ്യമേലും ചില പുരുഷർക്കും*
*സ്വാതന്ത്ര്യമേ നിന്നെയറിഞ്ഞു ദുഷ്ട*
*നീതിക്കെഴും ചൂളയിലിട്ടു നീറ്റാൻ*
*ചേതസ്സിലത്യാർത്തിയുള്ളതിന്നാ*
*യേതും സഹിച്ചായവർ യുദ്ധമാടാം.*
*(മഹിള, 1935:39)*

സമൂഹത്തിലെ അനീതികളിൽ നിന്നും അധീശത്വത്തിൽ നിന്നും അനാചാരങ്ങളിൽ നിന്നുമുള്ള മോചനമായിട്ടാണ് കവയിത്രി സ്വാതന്ത്ര്യത്തെ കാണുന്നത്.

കവനകൗതുകത്തിൽ ഇവരുടെ കവിതകൾ ധാരാളമുണ്ട്. 'അന്വേഷണം' (കവനകൗതുകം 1977 സെപ്തംബർ ലക്കം 9 പുസ്തകം 11) 'കുയിൽ' തുടങ്ങിയ കവിതകൾ പാർവ്വതിയമ്മയുടെ കവനപാടവം തെളിയിക്കുന്നവയാണ്.

### 2.2.2 മാസികകളിലെ സ്ത്രീകവിതകളുടെ വിശകലനം

ആദ്യകാലമാസികകളിൽ ധാരാളം സ്ത്രീകൾ തങ്ങളുടെ കവിതകൾ

പ്രസിദ്ധീകരിച്ചിരുന്നു. എങ്കിലും ഈ കവിതകളൊന്നും പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്താനോ സാഹിത്യചരിത്രത്തിൽ ഇടം നേടാനോ അവർക്ക് കഴിഞ്ഞിട്ടില്ല.

### 2.2.2.1 സ്ത്രീപദവി

കുണ്ടൂർ കാർത്ത്യായനിയമ്മ, കെ.വി.ചന്ദ്രിക, മാലതി തൃശൂർ, ശാരദാമ്മ, പി.വി.സുശീല,ഭവാനി, പാലയത്ത് ഓമക്കുഞ്ഞമ്മ, കെ.ജി.തങ്കം, ടി.ലീലാവതിയമ്മ എന്നിങ്ങനെ അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായി നിരവധി സ്ത്രീകളുണ്ട് ആദ്യകാലമാസികകളിൽ കവിത എഴുതിയിരുന്നവർ. ഒരു പൊതുവിഷയത്തിലിടപ്പെട്ട് അഭിപ്രായം പറയാൻ സ്ത്രീകൾക്ക് ധൈര്യം പകർന്നു എന്നതാണ് ആദ്യകാല മാസികകളുടെ പ്രസക്തി.

### 2.2.2.2 പ്രമേയസ്വീകരണം

ഒ്യത്യസ്ത പ്രമേയങ്ങളാണ് മാസികകളിൽ പ്രസിദ്ധീകരിച്ചിരുന്ന കവിതകളിൽ കവയിത്രികൾ സ്വീകരിച്ചു കാണുന്നത്. കൂടുതലും പുരാണസംബന്ധമായ വിഷയങ്ങൾ സ്വീകരിച്ച കവിതകളാണുള്ളതെങ്കിലും സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീയവസ്ഥകളും ജീവിതാനുഭവങ്ങളും അവർ കവിതക്ക് വിഷയമാക്കിയിട്ടുണ്ട്. വ്യത്യസ്ത പ്രമേയങ്ങൾ സ്വീരിക്കുമ്പോഴും കല്പനയിലും ഭാഷയിലും പുരുഷാധിപത്യപരമായ കാഴ്ച്ചപ്പാടുകൾ അതുപോലെതന്നെ പിൻതുടരുകയാണ് ആ കവയിത്രികൾ ചെയ്യുന്നത്.

### 2.2.2.3 സ്ത്രീകർതൃത്വനിർമ്മിതി

കേരളത്തിന്റെ പരമ്പരാഗഹ സമൂഹഘടനയെയും കുടുംബഘടനയെയും മാറ്റിമറിക്കുന്ന ചലനങ്ങളാണ് പതിനെട്ട് പത്തൊമ്പത് നൂറ്റാണ്ടുകളിൽ ഇവിടെയുണ്ടായത്. പാശ്ചാത്യമിഷനറിമാരുടെ പ്രവർത്തനങ്ങളും സാർവ്വത്രികമായിത്തീർന്ന ഇംഗ്ലീഷ് വിദ്യാഭ്യാസവും നവോത്ഥാന ദർശനങ്ങളും കേരളത്തിന്റെ പ്രത്യയശാസ്ത്രമണ്ഡലത്തെ മാറ്റി മറിച്ചു. പുതിയൊരു ലോകവീക്ഷണവും സ്ത്രീപുരുഷബന്ധങ്ങളെ സംബന്ധിച്ച് നവീനാദർശങ്ങളും സാഹിത്യരൂപങ്ങളും ദർശനങ്ങളുമെല്ലാം ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടെയാണ് നമുക്ക് ലഭിക്കുന്നത്.

സ്വാതന്ത്ര്യ പ്രസ്ഥാനം ശക്തിയാർജ്ജിച്ചതോടെ അനേകം സ്ത്രീകൾ സമരരംഗത്തേക്ക് മുന്നേറുകയും സ്ത്രീകളുടെ സംഘടിതശക്തിയും ത്യാഗസന്നദ്ധതയും

സമൂഹത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. സ്ത്രീവിമോചനം, ദേശീയ വിമോചനം എന്നീ ആശയങ്ങൾ എല്ലായിടത്തും സംസാരവിഷയമായി. ഇത്തരത്തിൽ സമൂഹത്തിലെ നിർണ്ണായക ഭാഗമായ സ്ത്രീകൾ ഗാർഹികാടിമത്തത്തിൽ വീണു കിടക്കുകയായിരുന്നു. അവരിൽ നിന്ന് വിമോചനാഭിലാഷങ്ങളും ആത്മരോഷവും നിഷേധങ്ങളും ഉയർന്നു വരാൻ തുടങ്ങി. അതാണ് മുൻപ് സൂചിപ്പിച്ച മാസികകളിലെ ലേഖനത്തിലൂടെയെല്ലാം നാം കണ്ടത്.

സമൂഹത്തിൽനിലനിന്നിരുന്ന പുരുഷാധിപത്യ പ്രവണതകൾക്കെതിരെയുള്ള സ്വരം ആദ്യമായി മുഴങ്ങി കേട്ടതും ഇത്തരം മാസികകളിലൂടെയായിരുന്നു. ഫെമിനിസം ഒരു പ്രസ്ഥാനമായി പ്രചാരത്തിൽ വരുന്നതിനു മുമ്പ് തന്നെ അത്തരത്തിലുള്ള ചിന്തകൾ ഇവിടുത്തെ സ്ത്രീകളിൽ പ്രകടമായിരുന്നുവെന്ന് ആദ്യകാല മാസികകൾ പരിശോധിച്ചാൽ കണ്ടെത്താനാകും. വെർജീനിയാവുൾഫ് 'സ്വന്തമായൊരു മുറി' എന്ന കൃതി എഴുതുന്നതിന് കാൽനൂറ്റാണ്ട് മുമ്പുതന്നെ പെണ്ണിന് സ്വന്തമായൊരു മുറിയുണ്ടാവുന്നത് നല്ലതാണെന്ന് ജെ.കുഞ്ഞിലക്ഷ്മിയമ്മ ''കേരളീയസ്ത്രീകൾക്കൊരുപദേശം'' എന്ന ലേഖനത്തിൽ (സുധർമ്മ 1903 മേടം) പറയുന്നുണ്ട്. ഇത്തരത്തിൽ നോക്കിയാൽ സാഹിത്യത്തിലെ അധീശത്വ പ്രവണതകൾക്കെതിരെ ഫെമിനിസ്റ്റ് വിമർശനം ഉന്നയിക്കുന്ന വിമർശനങ്ങൾ പലതും മലയാളത്തിലെ ചില എഴുത്തുകാരികൾ പണ്ടു മുതൽ തന്നെ മുന്നോട്ട് വച്ചിട്ടുണ്ട്. അവരുടെ കവിതകളിലും അതിന്റെ പ്രതിഫലനം കാണാനാകുന്നുണ്ട്.

19-ാം നൂറ്റാണ്ടിൽ തോട്ടയ്ക്കാട്ട് ഇക്കാവമ്മയിലും കുട്ടിക്കുഞ്ഞു തങ്കച്ചിയിലും സാഹിത്യത്തിൽ സ്ത്രീകൾക്കു വേണ്ട സ്ഥാനത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കണ്ടു. ആ ഉണർവിന്റെ യഥാർത്ഥത്തിലുള്ള വികസനമാണ് ഇരുപതാം നൂറ്റാണ്ടിലെ സ്ത്രീകവിതകളിൽ കണ്ടു മുട്ടുന്നത്. സ്ത്രീയ്ക്ക് പറയാൻ തന്റേതായ ഒട്ടേറെ അനുഭവങ്ങളുണ്ടെന്ന് ഈ കാലമായപ്പോഴേക്കും കവയിത്രികൾ തിരിച്ചറിഞ്ഞു.

## അടിക്കുറിപ്പുകൾ

1. പ്രഭാകരൻ.ടി.ടി, (സമ്പാ.), സി.പി അച്ചുതമേനോന്റെ നിരൂപണങ്ങൾ,1994

2. തോട്ടയ്ക്കാട്ടേ കവനമണി കവയ്ക്ക കാണട്ടെ വൃത്തം
   ഉള്ളൂർ കേരളസാഹിത്യചരിത്രം വാല്യം 4, 1974, പുറം 95-98

3. *മാനവും ബലവുമാത്മ സൗഖ്യവും*
   *സ്ഥാനവുംവിലയുമാഭിജാത്യവും*

ഊനമറ്റ പുരു പൂർവ്വ പുണ്യവും
തനണഞ്ഞ തനു കാന്തിപുരവും
വിത്തവും വിമലവാഗ്വിലാസവും
ചിത്തശുദ്ധിയുംമുദാരബുദ്ധിയും
ഉത്തമാധര വിചാരശക്തിയും
ഹൃത്തടത്തിലെഴുമീശബഭക്തിയും
പാരമുന്നതി വരുത്തുമുത്തമാ
ചാരവും വിനയവും പ്രതാപവും
സാരമേറ്റ മിയലും സ്വതന്ത്രതാ-
സ്വൈരമേകു മറിവും വിവേകവും
മറ്റേനക വിധ സൽഗുണങ്ങളും
കുറ്റമറ്റ ഹഹ! ചേർന്നിരിക്കിലും
ഒറ്റ വാദാപരിഷേധമോർക്കിലീ
യൊറ്റതാൻമതി - കൊടുക്കുമൊക്കെയും

(കവനകൗമുദി,1199 കർക്കിടകം,പുസ്തകം19,ലക്കം10, പുറം :441)

4. പാരാകെവെള്ളിമുക്കിയാഹ്ലാദ
പൂരത്തിലെന്നെയാഴ്ത്തിടും
തൂവെൺ ചന്ദ്രികതൻ പ്രേമസുധ-
താവും ഹാസമെന്നെൻ ഭാവം
പത്രമർമ്മരം തൻപ്രേമഭാഷ്യം
മാത്രമാണെന്നാണെൻ ഭാവം
..............................
...............................
പ്രേമമേ, ദിവ്യപ്രേമമേ നിന്റെ
മാഹാത്മ്യമാർക്കുരയ്ക്കാവൂ.

(കവനമഞ്ജരി, 1113കുംഭം,പുസ്തകം 3, ലക്കം 1, പുറം 13)

5. ചാലേ ഭാഗവത പുരാണമഖിലം
സാക്ഷാൽ പരീക്ഷിത്തിനേ-
പ്പോലെ വിപ്രമുഖത്തുനിന്നു മുഴുവൻ
സപ്താഹമായ് പുണ്യവാൻ

കാലേകേട്ടു തെളിഞ്ഞു കന്മഷമശേ–

ഷം തീർന്നു പിറ്റേദിനം

ചേലേറും തിരുമേനി ഹന്ത:ചടുല

ത്തീയിൽ സഹിക്കാവതോ?

(കവനകൗമുദി,1088, പുസ്തകം 8,ലക്കം4, പുറം 145)

6. പലേനിറം പൂണ്ടു തിളങ്ങിടുന്ന

ദിവാകരപ്പൊൻ കതിരായ നൂലാൽ

സായന്ത ശ്രീയതി ഭംഗിയൊത്തു

തുന്നിച്ചമച്ചുള്ളോരു നാടതാനോ

അതല്ല ദേവാംഗനമാർക്കു ശീട്ടു

കളിക്കുവാനായി വിയൽ പഥത്തിൽ

വിചിത്ര വർണ്ണത്തോടു തീർത്തവട്ട

മേശക്കെഴും പശ്ചിമ പാർശ്വമോതാൻ

(കവനകൗമദി,1104 ധനു, പുസ്തകം 24, ലക്കം 3, പുറം 115)

7. ഒരു കല്ലു മമാര്യപുത്രനിൽ

തിരുപാദാംബുജ പാഠസുസംഗമാൽ

തരുണീമണിയായ വാർത്ത ഞാൻ

നീരുപിച്ചിങ്ങനെ ചെയ്തു വാസ്തവം

ഭുവനോത്തരകാന്തി ചിന്തുമീ

നവരത്നോജ്ജ്വലമെന്റെ മോതിരം

തവ കാൽപൊടിയേൽക്കിലിക്ഷണം

ശിവനേ ..... ശേഷമുരപ്പെതെന്തു ഞാൻ

(കവനകൗമുദി,1099 കർക്കിടം, പുസ്തകം 19, ലക്കം10,പുറം:81)

8. അന്നാട്ടിലമ്പലം പുക്കും - ദേവൻ
തന്നെ കണ്ടിടാം നിനക്കും

വൃത്തി വേണമെന്നു മാത്രം

ഒരു സത്തായ നിശ്ചയം തത്രം

ചേറ്റിൽ പണിനിനക്കെങ്കിൽ - ചളി

യാറ്റിൽ കുളിച്ചാൽ പോമല്ലോ

സോപ്പില്ലയെങ്കിൽ ചകിരിയാകാം

തേപ്പാനതത്ര നിസാരം

മുണ്ടും തിരുമ്മിപ്പിഴിഞ്ഞാൽ - പിന്നെ
ചണ്ടിത്തമൊക്കെയും പോകും

(കവനമഞ്ജരി, 1113 മീനം, പുസ്തകം3, ലക്കം 1, പുറം:74)

9. പണ്ടൊക്കെ നാരികളൊതുങ്ങിവഴങ്ങി വാഴ്കെ
ന്നുണ്ടായിരുന്നു പതിവെന്നതു ഭൂഷണം താൻ
തിങ്ങാടുമപ്പളമ നോക്കി മുറയ്ക്ക് മുക്കിൽ
മിണ്ടാതിരിയ്ക്കുകിൽ, നമുക്ക് തുണയെത്തും നാം താൻ
ജീവിപ്പതിന്നു പണിയേറി വരുന്നകാല
ത്താവില്ല തെല്ലുചൊടിയോടുയരാൻ മടിച്ചാൽ
ഏവനുമുന്നതിയിലാശ വളർന്നിരിക്കേ
യിവണ്ണമാണ്ടനിലയുള്ളവർകുണ്ടിലാകും

(കവനകൗമുദി,1092 ധനു, പുസ്തകം 12, ലക്കം 2, പുറം:102

10. ജനനം മുതൽ വിദ്യയെന്ന വാർത്ത
ധ്വനി പോലും ശ്രവണേ ശ്രവിച്ചുകൂടാ
വനിതാജനമെന്ന സമ്പ്രദായം
കനിവോടേവമെവൻ ചമച്ചു വച്ചു
കുലവിദ്യാവിനയം വിവേകമേവം
പലതാം സൽഗുണമുള്ള സൂരിയോടും
ചിലവാർത്തകളോതിയെന്നു വന്നാൽ
നിലവിട്ടോളിവളെന്നു വന്നു കൂടും
കവിതാകൃതിചെയ്തുവെങ്കിലോ കൈ
തവമന്യന്റെയതെന്നു ചൊല്ലീടുന്നു
അവശത്വമിവർക്കിദം നിനച്ചാ
ലവസാനിച്ചിടുകില്ലതെല്ലു പോലും

(ശാരദ,1080 മേടം, ലക്കം 6,പുറം:39)

11. സ്വാർത്ഥലോലുപരായമാനുഷർ
ക്കെത്തിനോക്കുവാൻ മേലാതെ
കൃത്രിമ പരിഷ്കാരങ്ങളേറ്റു
വൃത്തികെട്ടുകുഴങ്ങാതെ
സംസ്ഥാനം, ജില്ല, താലൂക്കംഗങ്ങൾ
മത്സരത്തിൽ നിദാനങ്ങൾ
കന്മതിൽ വാതിൽവേലിതൊട്ടുള്ള
സന്മാർഗ്ഗത്തിൻ തടസ്സങ്ങൾ
വർണ്ണഭേദങ്ങൾ നാശങ്ങൾ

*നിർമ്മിച്ചു തമ്മിൽ തച്ചു കൊല്ലിക്കാൻ*

*കോയ്മയ്ക്കും കഴിയാത്തേടം*

*വേറാക്കിയിക്കിളിയെ ബന്ധിച്ചെൻ*

*കൂരതയെ പഴിച്ചെൻ ഞാൻ*

*(കവനമഞ്ജരി,1112 ഇടവം,പുസ്തകം2,ലക്കം 1, പുറം:192)*

12. *ലാളിച്ചുപെറ്റലതയൻ പൊടു*

*ശൈശവത്തിൽ പാലിച്ചു*

*പല്ലവപുടങ്ങളിൽ വച്ചു നിന്നെ*

*ആലോലവായു ചെറുതൊട്ടിലുമാട്ടി*

*താരാട്ടാലാപമാർന്നു*

*മലരേ ദല മർമ്മരങ്ങൾ*

*(കുമാരനാശാൻ,1933:37)*

# ഭാഗം രണ്ട്

പ്രമേയസ്വീകരണം എന്ന മൂന്നാം അധ്യായവും സ്ത്രീകർതൃത്വനിർമ്മിതി എന്ന നാലാം അധ്യായവുമാണ് പ്രബന്ധത്തിന്റെ രണ്ടാം ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്.

സ്വാതന്ത്ര്യസമരത്തിന്റെ രണ്ടാംഘട്ടം മുതൽ അതായത് നവോത്ഥാനത്തിന്റെയും ആധുനികതാവാദത്തിന്റെയും ഘട്ടം മുതൽ ആധുനികകോത്തരവും സമകാലീനവുമായ ഘട്ടംവരെയുള്ള സ്ത്രീകളെ സങ്കല്പനപരമായി ചരിത്രവത്കരിക്കുന്നതിനുള്ള ശ്രമമാണ് ഈ ഭാഗത്ത് നടത്തുന്നത്. ഈ ഘട്ടം മുതൽക്കാണ് ദത്തങ്ങൾ ധാരാളമായി ലഭിക്കാൻ തുടങ്ങുന്നത്. നവോത്ഥാനപ്രവർത്തനങ്ങളും പാശ്ചാത്യവിദ്യാഭ്യാസവും സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. സാർവ്വത്രിക വിദ്യാഭ്യാസവും സാമൂഹിക-രാഷ്ട്രീയ പ്രവർത്തനങ്ങളിലെ പങ്കാളിത്തവും സ്ത്രീകളുടെ ആത്മാവിഷ്കാരസാധ്യതകളെ വിപുലപ്പെടുത്തുകയും ചെയ്തു. അതുകൊണ്ട് തന്നെ സ്ത്രീകൾ കവിതാസമാഹാരങ്ങൾ ഇറക്കിതുടങ്ങുകയും അവ വിപണിയിൽ ലഭ്യമായി തുടങ്ങുകയും ചെയ്തു. ഈ ഘട്ടം മുതൽക്കുള്ള പഠനമാണ് ഈ ഭാഗത്തെ രണ്ടധ്യായങ്ങളിലും നിർവ്വഹിക്കുന്നത്. സ്ത്രീകവിതകളുടെ പ്രമേയസ്വീകരണവും ആ കവിതകളിൽ രൂപപ്പെടുന്ന സ്ത്രീസ്വത്വനിർമ്മിതിയും ആസ്പദമാക്കി മലയാളത്തിലെ സ്ത്രീകവിതകളുടെ വികാസപരിണാമങ്ങളെ അപഗ്രഥിക്കാനുള്ള ശ്രമമാണ് ഇതിലൂടെ നടത്തുന്നത്. ദത്തങ്ങൾ വളരേയേറെയുള്ളതുകൊണ്ട് പ്രാതിനിധ്യസ്വാഭാവമനുസരിച്ചാണ് കവയിത്രികളെയും കവിതകളെയും ഈ ഭാഗത്ത് തെരഞ്ഞെടുത്തിട്ടുള്ളത്.

# 3 പ്രമേയസ്വീകരണം

ആധുനികതാവാദകാലത്തും ആധുനികാനന്തരകാലഘട്ടത്തിലും കവയിത്രികൾ തങ്ങളുടെ കവിതകളിൽ സ്വീകരിച്ചിട്ടുള്ള പ്രമേയങ്ങളെ ആസ്പദമാക്കികൊണ്ടുള്ള പഠനമാണ് ഇവിടെനടത്തുന്നത്. കവിതകളിലെ ഇതിവൃത്തവും കവിതകളിൽ സ്വീകരിച്ചിട്ടുള്ള വിഷയവും തന്നെയാണ് ഇവിടെ പ്രമേയം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

കവയിത്രികൾ സ്വന്തം കവിതകളിൽ സ്വീകരിച്ചിരിക്കുന്ന പ്രമേയങ്ങൾ പരിശോധിച്ച് അവയെ പല വിഷയങ്ങളാക്കി തിരിച്ച് പഠനവിധേയമാക്കുകയാണ് ഇവിടെ ചെയ്യുന്നത്.

## 3.1 പ്രണയം

പ്രണയം പലതരത്തിലാണ് കവയിത്രികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഇത്തരം ആവിഷ്കരണങ്ങളിലെ വ്യത്യസ്തത അന്വേഷിക്കുകയാണ് ഈ ഖണ്ഡത്തിൽ ചെയ്യുന്നത്. അതിനായി പ്രമേയത്തെ സഫലപ്രണയം, ഏകപക്ഷീയപ്രണയം, ആദർശാത്മകപ്രണയം, തിരസ്കൃതപ്രണയം എന്നിങ്ങനെ തിരിച്ചിരിക്കുന്നു. ഇത്തരം പ്രണയങ്ങൾ കടന്നുവരുന്ന സ്ത്രീകവിതകൾ വിശകലനം ചെയ്യുകയാണ് തുടർന്നു വരുന്ന ഖണ്ഡങ്ങളിലൂടെ ചെയ്യുന്നത്.

### 3.1.1 സഫലപ്രണയം

സഫലമായ പ്രണയങ്ങൾ ആവിഷ്കരിക്കുന്ന കവിതകളാണ് ഈ ഖണ്ഡത്തിൽ പഠനവിധേയമാക്കുന്നത്.

#### 3.1.1.1 ബാലാമണിയമ്മ

ദാമ്പത്യത്തിലെ പ്രണയചിന്തകളാണ് ബാലാമണിയമ്മ കൂടുതലായും ആവിഷ്കരിച്ചിരിക്കുന്നത്. സഫലമാക്കപ്പെട്ട ഭാര്യാഭർതൃസ്നേഹമാണ് അവരുടെ കവിതകളിലെല്ലാം നിറഞ്ഞു നിൽക്കുന്നത്. ഏതാണ്ട് അമ്പതുകൊല്ലത്തെ ആത്മൈക്യത്തോടു കൂടിയുള്ള അവരുടെ ദാമ്പത്യജീവിതത്തിന്റെ അനുഭവങ്ങ

ളാണ് ഈ കവിതകളുടെയെല്ലാം പിൻബലം. ഭർതൃസ്നേഹം എന്നെന്നും സ്ത്രീയെ നവവധുവാക്കുന്നുവെന്ന് ബാലാമണിയമ്മ പറയുന്നു.

*ഏതുപീയൂഷമോ നാഥനിൽ നിന്നുതിർ-*
*ന്നെന്നും നവവധുവാക്കുന്നു നാരിയെ*
(2010 : 105)

ഈ രണ്ട് വരികളിൽ നിന്ന് തന്നെ ബാലാമണിയമ്മയുടെ പ്രണയസങ്കല്പം മനസ്സിലാക്കാം. ഭാര്യാഭർതൃബന്ധത്തിനാണവർ കൂടുതൽ പ്രാധാന്യം നൽകുന്നത്. ഈ വരികളിൽ 'എന്നെന്നും' എന്നു ഉദ്ദേശിക്കുന്നത് യൗവ്വനത്തിൽ മാത്രമല്ല പ്രണയം ഉണ്ടാകുന്നത്. മധ്യവയസ്സിലും വാർദ്ധക്യത്തിലും അത് മാധുര്യമൂറുന്ന അനുഭൂതിയാണ് എന്നാണ്.

'പരാജയം' എന്ന കവിതയിൽ സ്വപ്നത്തിലെത്തുന്ന തന്റെ നാഥന്റെ ഓർമ്മകളാണ് ആവിഷ്കരിക്കുന്നത്. രാത്രിയുടെ അന്ത്യയാമത്തിൽ എത്തിയ പ്രിയൻ അശ്രുകിനിഞ്ഞൊളിചിന്നുന്ന കണ്ണുമായ് നിൽക്കുന്നതായി കവയിത്രിക്ക് അനുഭവപ്പെടുന്നു.

*മുമ്പൊരുനാളുമനുഭൂതമാകാത്തൊ-*
*രൻപാർന്നടുത്തു പുണർന്നു മുറുകെ ഞാൻ*
*അന്തർഹിതമായിരുന്നിതാപ്പുൽകലി*
*ലൻപതുകൊല്ലത്തെയാത്മൈക്യസാധന*
*(2010 : 106)*

ജീവിതത്തിലുടനീളം തുടർന്നുപോകുന്ന ആ പ്രേമബന്ധമാണ് ഇവിടെ കാണാനാകുന്നത്. മുറുകെപ്പുണരലും അതിൽ നിന്നു ലഭിച്ച ആത്മൈക്യസാധനയും അതിനു തെളിവാണ്.

വാർധക്യത്തിലും മരണത്തിലും തുടർന്നു പോകുന്ന സഫലമായ പ്രണയത്തിന്റെ കഥയാണ് 'രുദ്രാക്ഷമാല' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്. മരണത്തിനു തൊട്ടുമുൻപുള്ള വിവാഹവാർഷികത്തിന് ഭർത്താവ് ഒരു രുദ്രാക്ഷമാല ഭാര്യയുടെ കഴുത്തിലിടുന്നു. അവരുടെ ജീവിതത്തിൽ അത് ആദ്യ സംഭവമായിരുന്നു. ആ തരത്തിലുള്ള ഒരു സ്നേഹപ്രകടനം ഇതുവരെ ഉണ്ടായിരുന്നില്ല.ഏറെക്കഴിയും മുമ്പ് ഭർത്താവ് മരിച്ചു പോകുകയാണ്. വൃദ്ധയായ ആ ഭാര്യ പിന്നീടുള്ള ജീവിതം ആ പൊൻനൂലിലെ രുദ്രാക്ഷങ്ങളെണ്ണിക്കഴിയുന്നു.

പ്രിയതമന്റെ അസാന്നിധ്യം താൽക്കാലികമാണെങ്കിൽ പോലും ഒരു ഭാര്യയിലുണ്ടാകുന്ന ദുഃഖത്തെയാണ് 'വിരഹിണി' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഏറെ സ്നേഹത്തോടെയും കരുതലോടെയും തന്റെ പ്രിയതമനുവേണ്ടി താനൊരുക്കിയ പട്ടുറുമാൽ അദ്ദേഹത്തിനു സമർപ്പിക്കുമ്പോൾ അവൾ ഉദ്ദേശിക്കുന്നത് ഇതുമാത്രമാണ്.

*ഭൂവിലെ പരുപരുപ്പറിയാതവിടുത്തെ-*
*കൈവിരൽക്കൂട്ടിൽച്ചൂളിക്കിടക്കുന്നിതെന്യേ*
*അപ്പപ്പോൾ തവമുഖം തടവിത്തദുച്ഛ്വാസ*
*സൽപ്പരിമളം മോന്തി സംതൃപ്തി കൊൾവാനെന്യേ*

(2012 : 39)

ആ പ്രേമോപഹാരത്തിലൂടെ താൻ മറ്റൊന്നും ആഗ്രഹിക്കുന്നില്ല. കാൽപനിക പ്രണയത്തിന്റെ ഭാവം ഈ കവിതയിൽ കാണാം. ഭൗതിക സ്നേഹത്തിന് ബാലാമണിയമ്മ പ്രാധാന്യം കൽപിക്കുന്നതായി അവരുടെ പ്രണയം പ്രമേയമാക്കിയ കവിതകൾ വായിക്കുമ്പോൾ ബോധ്യമാവുന്നു.

**3.1.1.2 സുഗതകുമാരി**

അഞ്ചുപതിറ്റാണ്ടിലേറെയായി മലയാള കവിതാ രംഗത്തെ നിറസാന്നിധ്യമായ സുഗതകുമാരി. മുത്തുച്ചിപ്പി എന്ന സമാഹാരത്തിലെ 'ജന്മാന്തരങ്ങളിലൂടെ' എന്ന കവിതയിൽ സഫലമാകുന്ന പ്രണയകഥയാണ് പറയുന്നത്. ജന്മജന്മാന്തരങ്ങൾ പിന്നിടുന്ന ഒരു പവിത്രബന്ധമാണ് കവി വർണ്ണിക്കുന്നത്. ഓരോ ബന്ധത്തിലും രാഗം നൂതനമാകുന്നതായി കവയിത്രിക്ക് അനുഭവപ്പെടുന്നു. ആയിരം യുഗങ്ങൾക്കപ്പുറത്ത് ഒരുമിച്ച് ജീവിച്ചിരുന്ന ആ ദമ്പതിമാർ വീണ്ടും ഈ ജന്മത്തിൽ കണ്ടുമുട്ടിയിരിക്കുന്നു. നിത്യസുരഭിലമായ ആ പ്രണയം വീണ്ടും തളിർക്കുന്നു. ഒരുമിച്ച് ജീവിക്കാനായി സഖിയുടെ കരം അവൻ ഗ്രഹിക്കുന്നു.

*ഒന്നു കണ്ടതേയുള്ളൂ*
*നാമറിഞ്ഞല്ലോ പൂർവ്വ*
*ജന്മസൗഹൃദം ! വീണ്ടു*
*മിക്കരം ഗ്രഹിക്കുന്നേൻ.........*

*എന്തിനോ ? ............സുഖത്തിനോ?*
*വേദനയ്ക്കാമോ.......? ദുഃഖ-*
*പങ്കിലമാണീ മർത്ത്യ-*
*ജന്മമെന്നറികിലും*

*(2006:49)*

സുഖവും ദുഃഖവുമെല്ലാം നിറഞ്ഞ ഈ മനുഷ്യജന്മത്തിലെങ്കിലും പ്രണയം പങ്കിട്ടുകൊണ്ട് നമുക്ക് ഒരുമിക്കാം എന്നാണ് കാമുകൻ പറയുന്നത്.

'ഒരു ഗാനം' എന്ന കവിതയിൽ തന്റെ ജീവിതസഖിയായ പാട്ടുകാരനു വേണ്ടി വീണമീട്ടിപാടുന്ന കവയിത്രിയെയാണ് കാണുന്നത്. തന്റെ പാട്ടുകാരൻ വരാൻ വൈകിയത് കൊണ്ടാണ് അവന് വേണ്ടി വീണ മീട്ടി പാടുന്നതായി കവയിത്രി

പറയുന്നത്. പ്രണയം സഫലമാണെങ്കിലും അതിന് വേണ്ടിയുള്ള കാത്തിരിപ്പ് ദുസ്സ ഹമാണെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്.

'നീയാകും നിലാവിനെ' എന്ന കവിതയിലും തീവ്രമായ പ്രണയമാണ് ആവിഷ്കരിക്കുന്നത്. നീയാകുന്ന നിലാവിനെ കടലായാണ് സ്നേഹിക്കുന്നത്.

*ഭൂമിയായ് നിന്നെച്ചുറ്റി*
*ദാഹമായ് നിന്നെത്തേടി*
*ഗ്ഗാനമായ്, കണ്ണീരായി നിൻ*
*നിഴലായുഴയുമ്പോൾ*

*(2006:152)*

സന്തോഷത്തിലും ദുഃഖത്തിലും എല്ലാം ഒരുപോലെ ഒരുമിച്ച് ചേർന്ന് നിൽക്കുന്ന പ്രണയത്തിന്റെ തീവ്രഭാവമാണ് ഈ കവിതകളിലെല്ലാം ആവിഷ്കരിക്കുന്നത്. സഫ ലമായ പ്രണയം അങ്ങനെയാണ്. മഴ എന്ന കവിതയിൽ ഒരുമിച്ചിരുന്ന് ഒരു പുതുമഴ ച്ചാറ്റലിൽ നനഞ്ഞാൽ പോരെ രണ്ടു ഹൃദയങ്ങൾ അലിഞ്ഞൊന്നായിത്തീരാൻ എന്നു പറയുന്നിടത്ത് ഒരുമിച്ചുള്ള ജീവിതമാണ് പ്രധാനം എന്നു സൂചിപ്പിക്കുന്നു.

*ഇനി വരുമോരോ ചൂടിലു, മോരോ*
*മരുവിൻ നീണ്ട പരപ്പിലുമീനാ-*
*മൊരുമിച്ചുള്ളു തണുത്തോരിത്തെളി-*
*മഴ തന്നോർമ്മയിലാറാം ദാഹം*

(2006:145)

ഒപ്പം പങ്കിട്ടെടുക്കുന്ന അനുഭൂതികളില്ലെങ്കിൽ മനുഷ്യാത്മാവ് ദരിദ്രമായിപ്പോകും എന്ന് കവയിത്രി വിശ്വസിക്കുന്നു. ഒരുമിച്ചു പങ്കിടുന്ന സഫലമായ പ്രണയമാണ് പ്രകൃതിനിയമങ്ങളിൽ മുന്നിട്ടു നിൽക്കുന്നത്.

പരസ്പരം പ്രണയം പങ്കിട്ട് ജീവിക്കുന്നവർ ദുഃഖത്തെ അതിജീവിക്കുന്നു. സ്നേഹിക്കുന്നവർക്ക് നൽകാനുള്ളത് അനശ്വരമായ നിത്യകല്പസുമങ്ങളാൽ തീർത്ത കിരീടമാണെന്നും 'അത്രമേൽ സ്നേഹിക്കയാൽ' എന്ന കവിതയിൽ കവയിത്രി പറയുന്നുണ്ട്.[1]

സ്നേഹമെന്ന പരമമായ സത്യത്തെ ഉൾക്കൊണ്ട് പരസ്പരം ആശ്വാസം പകർന്ന് ജീവിക്കുക എന്നുള്ളത് മനുഷ്യസൃഷ്ടിക്ക് ദൈവം അനുഗ്രഹിച്ച് നൽകിയ കിരീടമാണ് എന്നാണ് കവയിത്രിയുടെ നിലപാട്അതിജീവനത്തിനുള്ള കഴിവ് മനു ഷ്യന് ലഭിക്കുന്നത് പരസ്പരസ്നേഹത്തിൽ നിന്നാണ്. പാവം മാനവഹൃദയം എന്ന കവിതയിൽ ഈ കഴിവിനെയാണ് കവയിത്രി ഉയർത്തിക്കാട്ടുന്നത്.

ഒരു താരകയെ കാണുമ്പോൾ അതു

*രാവു മറക്കും, പുതുമഴ കാൺകെ*
*വരൾച്ച മറക്കും, പാൽച്ചിരികണ്ടതു*
*മൃതിയെ മറന്നു സുഖിച്ചുപോകും*
*പാവം, മാനവഹൃദയം*

*(2006:181)*

ഇങ്ങനെ എല്ലാം മറക്കാനുള്ള മറുമരുന്നാണ് മനുഷ്യന് പ്രണയം. അതും ഒപ്പം പങ്കിട്ടെടുക്കണം. ഒപ്പം പങ്കിട്ടെടുക്കുന്ന അനുഭൂതികളാണ് ദുഃഖത്തെ ഇല്ലാതാക്കുന്നത്.

*നക്ഷത്രം പോലെയൊരു മാത്രതൻ സ്പന്ദം*
*മേലിലുച്ചലം വാനം താണുവന്നതായ് തോന്നീ*
*ഭൂമിയെൻ കാൽക്കൽക്കുതിച്ചോളമാർന്നതായ് തോന്നീ ;*
*താരകളൊരുപിടിപ്പൂവായി വന്നെൻ മാറിൽ*
*പ്പാറിവീണതായ്ത്തോന്നീ; ഞാനൊരു വെറും കാറ്റായ്*
*മാറിയുത്കടമേതോ സുഗന്ധമൂർച്ഛയ്ക്കുള്ളി–*
*ലാകെ വീണലിഞ്ഞതായ് മാഞ്ഞുപോയതായ്ത്തോന്നീ*

*( 2006:134)*

ഇങ്ങനെ വിവരിച്ചിരിക്കുന്ന ഈ അനുഭൂതിയാണ് പ്രണയം. അത് സഫലമാകണമെങ്കിലും ഒപ്പം പങ്കിട്ടെടുക്കണം എന്നാണ് സുഗതകുമാരി തന്റെ കവിതകളിലൂടെ വ്യക്തമാക്കുന്നത്

**3.1.1.3 ദേവി (സുജാതാദേവി)**

'മൃൺമയി' എന്ന കവിതാ സമാഹാരത്തിൻെറ പ്രസിദ്ധീകരണത്തിലൂടെ ശ്രദ്ധേയമായ കവയിത്രിയാണ് ദേവി. സഫലമായ പ്രണയസങ്കൽപ്പങ്ങൾ ദേവിയുടെ കവിതകളിൽ കണ്ടെത്താൻ കഴിയുന്നുണ്ട്. കവയിത്രി തന്നെ സ്വയം പ്രണയിനിയായി പ്രണയം അനുഭവിക്കുന്നതായിട്ടാണ് കവിതകളിലെല്ലാം കാണുന്നത്.

'ആടിമഴ' എന്ന കവിതയിൽ പ്രണയത്തിൻെറ തീവ്രമായ ഭാവങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നു. ആടി മഴയും കാറ്റും ഭൂമിയിൽ പെയ്തിറങ്ങുമ്പോൾ പ്രണയം ഇവിടെ തീവ്രമായ വികാരമായി മാറുന്നു.

*പുൽകി വരിയുന്ന വന്യമാം കാറ്റിളം*
*വല്ലിപോൽ മെയ്യുപാടുലച്ചീടുവോൻ*
*കെട്ടി വരിഞ്ഞു മറിച്ചിട്ടു മെയ്യാകെ*
*മുത്തമിട്ടാർത്തു ചിരിക്കുമാടിക്കാറ്റ്*

*ദാഹാർത്തമാം വിരലോടിച്ചീടുന്നവൻ*

*ദൂരെപ്പുറത്തി വെയിൽച്ചേല മൃൺമധു*

*മാകെയുൻമത്തം വലിച്ചുകുടിപ്പവൻ*

*(1994:42)*

കർക്കിടകത്തിൽ പെയ്തിറങ്ങുന്ന മഴയും കാറ്റും ഭൂമിയുടെ മെയ്യിൽ കുളിർ പരത്തുന്നു. ഭൂമി അനുഭവിക്കുന്ന പ്രണയപാരവശ്യം സ്വന്തം അനുഭവങ്ങളുമായ് താദാത്മ്യം പ്രാപിക്കുന്ന തരത്തിലാണ് കവയിത്രി വർണ്ണിച്ചിരിക്കുന്നത്.

വെറുമൊരു പ്രേമഗാനം എന്ന കവിതയിൽ വളരെ സ്നേഹത്തോടെ കഴിഞ്ഞിരുന്ന ദമ്പതികളുടെ കഥയാണ് പറയുന്നത്. പ്രണയിക്കുന്നവർ മരണം വരെ ഒരുമിച്ചുള്ള ജീവിതത്തെ ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്. ജീവിതത്തോട് അവർ കൂടുതൽ പ്രണയം തോന്നുന്നു. എന്നാൽ ഈ കവിതയിൽ ഭർത്താവിന് ജോലിയാവശ്യത്തിന് കടൽ താണ്ടി പോകേണ്ടി വന്നതായി കവയിത്രി പറയുന്നു. വിരഹവേദനയിൽ നീറുന്ന നായികയെയാണ് പിന്നീട് നാം കാണുന്നത്. ആ വേദന മനസ്സിലാക്കുന്ന നായകൻ തിരിച്ചെത്താനൊരുങ്ങുന്നത് ചിത്രീകരിച്ചുകൊണ്ട് കവിത അവസാനിക്കുന്നു.

പ്രണയം ഒരു പാട് ഉള്ളിലുള്ള നായകൻ തൻെറ ഭാര്യയെ കനകസിംഹാസനത്തിലിരുത്താനാണ് കടലിനക്കരെ ജോലി തേടി പോകുന്നത്.

*അരുതുപോകരുതെന്നു വിലക്കി*

*കരവലയിൽ വീണ് തേങ്ങുമ്പോൾ*

*പറയുമോമനേ നിന്നെയിരുത്താൻ*

*കനകസിംഹാസനം ഞാനൊരുക്കും*

*(1995:89)*

കവിതയുടെ പേര് സൂചിപ്പിക്കുന്നത് പോലെ വെറുമൊരു പ്രണയഗാനം തന്നെയാണീ കവിത.

### 3.1.1.4 രാജലക്ഷ്മി

സഫലമായ പ്രണയം ആവിഷ്ക്കരിക്കുന്ന കവിതകൾ ദാമ്പത്യ ജീവിതത്തെത്തന്നെയാണ് വിഷയമാക്കിയിട്ടുള്ളത്. രാജലക്ഷ്മിയുടെ 'താളവട്ടം' എന്ന കവിതയിൽ ഒരു ദാമ്പത്യ ജീവിതത്തിലെ പ്രണയത്തെയാണ് ആവിഷ്ക്കരിക്കുന്നത്.

*രാഗവിരാഗങ്ങളലിയുമീ സരിതതൻ*

*ഇരു കരയിൽ നമ്മൾ കുടി വെച്ചു വാഴുന്നു വീഴുന്നു*

*വീണ്ടും തളിർക്കുന്നു താളവട്ടം.*

(2000:21 )

പരസ്പരം ഇണക്കങ്ങളിലൂടെയും പിണക്കങ്ങളിലൂടെയും മുന്നോട്ട് പോകുന്ന ഒരു കുടംബജീവിതത്തിൽ പ്രണയത്തിൻെറ സാഫല്യമാണ് ഈ കവിതയിൽ പ്രകടമാകുന്നത്.

അഭയവർണ്ണങ്ങൾ, പറഞ്ഞില്ല നിന്നോട് എന്നീ രണ്ട് കവിതാ സമാഹാരങ്ങളിലും പ്രണയത്തിൻെറ ആർദ്രത നിറയുന്ന കവിതകൾ രാജലക്ഷ്മി രചിച്ചിട്ടുണ്ട്. അതിൽ കൂടുതലും ഏകപക്ഷീയമായ പ്രണയങ്ങളാണ് നിറഞ്ഞു നിൽക്കുന്നത്.

**3.1.1.5 കനകശ്രീ**

ആകെ നൂറ്റിമുപ്പത്തിയൊന്ന് കവിതകളടങ്ങിയ 'കനകശ്രീയുടെ കവിതകൾ' എന്ന സമാഹാരത്തിൽ ജീവിച്ചുതീരാത്ത ജൻമത്തിന്റെ മധുരസ്വപ്നങ്ങളാണ് കൂടുതലും കാണുന്നത്. സഫലമായ പ്രണയത്തെക്കുറിച്ചുള്ള കവിതകളും അതിൽ ഉണ്ട്. വിവാഹത്തിലൂടെയാണ് പ്രണയം സഫലമാകുന്നത് എന്ന സങ്കല്പത്തിൽ തന്നെയാണ് കനകശ്രീയും കവിതകൾ എഴുതുന്നത്. 'മാംസപ്പൊതി' എന്ന കവിതയിൽ പരസ്പരം പ്രണയത്തോടെ ജീവിക്കുന്ന ദമ്പതികൾക്കിടയിൽ ഉണ്ടായ ഒരുപ്രണയകഥയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ഉമാമഹേശ്വരൻമാരെപ്പോലെയും റോമിയോ ജൂലിയറ്റിനെപ്പോലെയുമാണ് അവരുടെ പ്രണയം എന്നാണ് കവയിത്രി വിശേഷിപ്പിച്ചിരിക്കുന്നത്. ഉത്തരേന്ത്യയിലാണ് അവർ ജീവിക്കുന്നത്. എന്നും കാമുകൻ വരുമ്പോൾ കാമുകിക്ക് ഏതെങ്കിലും മൃഗത്തെ വേട്ടയാടി കിട്ടുന്ന മാംസപ്പൊതി കൊണ്ടുവരുമായിരുന്നു. അവൾ അത് വേവിച്ച് സ്നേഹത്തോടെ ഭക്ഷിക്കും. ഒരു ദിവസം കാറ്റും മഴയും കാരണം വേട്ടയാടാൻ കഴിയാതിരുന്ന അയാൾ സ്വന്തം തുടയിലെ മാംസം മുറിച്ചെടുത്ത് കൊണ്ട് ചെല്ലുന്നു.

*തുട കണ്ടിച്ചേയുള്ളൂ കാമുകൻ, കാലകാല*

*നുടലിൻ പാതി മുറിച്ചുമയ്ക്കു കൊടുത്തില്ലേ?*

*പ്രേമിക്കുന്നതാത്മാർത്ഥമാണെങ്കിൽ പ്രാണൻ പോലും*

*ഹോമിക്കാനൊരുങ്ങീടും കാമുകീ കാമുകൻമാർ*

*(1990:225)*

ഉമക്ക് പരമേശ്വരൻ തൻെറ ഉടലിൻെറ പാതി തന്നെ നൽകി. ഇവിടെ കുറച്ച് മാംസമല്ലേ നൽകിയുള്ളൂ എന്നാണ് കവയിത്രി പറയുന്നത്. ആത്മാർത്ഥമായ പ്രണയത്തിൽ സ്വന്തം പ്രാണൻ തന്നെ നൽകാൻ പ്രണയിക്കുന്നവർ തയ്യാറാകും. എന്നാണ് ഈ കവിത നൽകുന്ന സന്ദേശം.

പ്രണയം സഫലമാകണമെങ്കിൽ ഇത്തരം സമർപ്പണങ്ങൾ കൂടി ആവശ്യമാണെന്നത് ഈ കവിത ഓർമ്മപ്പെടുത്തുന്നു.

### 3.1.1.6 ലക്ഷ്മീദേവി

'ഇരുൾചിന്തുകൾ' എന്ന സമാഹാരത്തിലൂടെ മലയാള കവിതാ രംഗത്തേക്ക് കടന്നു വന്നിട്ടുള്ള ലക്ഷ്മീദേവിയുടെ മറ്റ് കൃതികൾ ആണ് മേഘജ്വാല, ഉപ്പു പാവകൾ എന്നിവ. കവിതയിലൂടെ സ്വന്തം വികാരത്തിൻെറ തീവ്രഭാവവും ആഴവും സ്വയം അനുഭവിക്കുന്നതായി ചിത്രീകരിക്കുകയും വായനക്കാരനെ അനുഭവിപ്പിക്കുകയും ചെയ്യുന്നു ഈ കവയിത്രി.

സഫലപ്രണയം ആവിഷ്ക്കരിക്കുന്ന ലക്ഷ്മീദേവിയുടെ ഒരു കവിതയാണ് 'പഴയൊരു പ്രേമകഥ'. മാംസ നിബദ്ധമായ അനുരാഗത്തേയാണ് ഈ കവിതയിൽ ആവിഷ്ക്കരിക്കുന്നത്.

*വണ്ടണയും തെച്ചിക്കാട്ടിൽ*
*ചെണ്ടുലയും മുല്ലക്കുടിലിൽ*
*അവരുടെ സുഖരാത്രികളെന്നും*
*പനിമതിയെക്കൂട്ടിന് നിർത്തി*

*(2000:40)*

ഇങ്ങനെ സന്തോഷത്തോടെ ജീവിക്കുന്ന ദമ്പതികളെയാണ് ഇവിടെ വർണ്ണിക്കുന്നത്.

### 3.1.1.7 എം. ലീലാവതി

അശ്രുപൂജ എന്ന പേരിൽ ആദ്യത്തെ വിധവാ വിലാപകാവ്യം എഴുതിയത് നിരൂപകയും സാഹിത്യചരിത്രകാരിയുമായ ഡോ.എം. ലീലാവതിയാണ്. നിറഞ്ഞ കണ്ണ് എന്ന പേരിൽ കവിതാസമാഹാരവും അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കവിതാസമാഹാരത്തിൽ തൻെറ സഫലമായ പ്രണയവും ജീവിതവും കവയിത്രി ആവിഷ്ക്കരിച്ചിരിക്കുന്നു. സ്നേഹസമ്പന്നനായ ഒരു ഭർത്താവിനെയാണ് തനിക്ക് ലഭിച്ചതെന്ന് അഭിമാനം കൊള്ളുന്നു. അദ്ദേഹം തന്നെ വിട്ടുപിരിഞ്ഞതിലുള്ള വേദന ആവിഷ്ക്കരിക്കുന്ന കവിതയിൽ തൻെറ പ്രണയം

എത്രത്തോളം തീവ്രമായിരുന്നു എന്ന് കവയിത്രി കാണിച്ച് തരുന്നു. അതിനുദാഹരണമാണ് 'വിളികാത്ത്' എന്ന പേരിൽ രണ്ടുഭാഗങ്ങളായി പ്രസിദ്ധീകരിച്ചിരിക്കുന്ന കവിത. ഇരുമെയ്യിലൊരു ജീവൻ പോലെ ഒരുമിച്ചു നാൽപ്പത്തിയൊന്ന് വർഷം ജീവിച്ച ആ കാലം കവയിത്രി ഓർക്കുകയാണ്. മരണാനന്തരവും ആ ജീവിതം തുടരാൻ വേണ്ടി തന്നേയും അങ്ങോട്ട് വിളിക്കാനാണ് പ്രിയതമനോട് കവയിത്രി ആവശ്യപ്പെടുന്നത്.

*കൺമണികൾക്കതു താങ്ങുവാനാവുകി*
*ല്ലെന്നു നിനച്ചു മടിച്ചു നിൽക്കുന്നിതോ*
*ആവുമവർക്കതു താങ്ങാൻ ഉമിത്തീയിൽ*
*വേവുന്നു ഞാനെന്നറിവീലയോ*

*(2019:65)*

എന്നാണ് കവയിത്രി ചോദിക്കുന്നത്. ഭർതൃസ്നേഹം നിറഞ്ഞു നിൽക്കുന്നതാണ് ലീലാവതിടീച്ചറുടെ ഈ കവിതകൾ

**3.1.1.8 വിജയലക്ഷ്മി**

പ്രണയം വിജയലക്ഷ്മിക്കവിതകളിൽ പലരീതിയിൽ കടന്നുവരുന്നുണ്ട്. സഫലപ്രണയങ്ങളും ദാമ്പത്യ ജീവിതവും കവിതക്ക് അവർ പ്രമേയമാക്കി സ്വീകരിച്ചിരുന്നു.ബാലചന്ദ്രൻ ചുള്ളിക്കാടിന് വേണ്ടി രചിച്ചിട്ടുള്ള 'ദേവാസുരം' എന്ന കവിതയിൽ പ്രണയജീവിതവും ദാമ്പത്യവും എല്ലാം കടന്നുവരുന്നു. ഇണക്കങ്ങളും പിണക്കങ്ങളുമായി കടന്നുപോകുന്ന ജീവിതത്തിലെ സുഖദുഖങ്ങൾ ആ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു.

*അന്തമില്ലാത്ത പെരുങ്കടൽ ദൂരമാ*
*യന്ത്യം വരേക്കും തിരക്കും പെരുങ്കടൽ*
*ഇക്കടൽ - ഉപ്പിന്നു മുപ്പാം കടൽ- സഖേ*
*മുക്കിക്കുടിക്കാമൊടുക്കത്തെ നാൾവരെ-*

(2010:102)

എത്ര ദുഖമാണെങ്കിലും അതൊരുമിച്ച് അനുഭവിച്ച് ജീവിച്ചു പോകണം എന്നാണ് തന്റെ പ്രിയപ്പെട്ടവനോട് കവയിത്രി ആവശ്യപ്പെടുന്നത്

'പ്രവാസം' എന്ന കവിതയിൽ വിദേശത്ത് പോയ ഭർത്താവിനോടുള്ള പ്രണയത്തിൽ തെല്ലുപോലും കുറവ് വരുത്താതെ കാത്തിരിക്കുന്ന പ്രണയിനിയായ ഭാര്യ

യെയാണ് കാണിച്ചു തരുന്നത്. എന്നാണദ്ദേഹം വരുന്നതെന്നോർത്ത് തരളിത ഹൃദയത്തോടെ കാത്തിരിക്കുന്ന അവളുടെ പ്രണയം ഉദാത്തമാണ്.

*ഇലകളിൽ വീണിളകിയാടുന്ന വെയിലിന്റെ*
*നിറമിന്നെനിക്കേറെയിഷ്ടം*
*പ്രിയതമം നിൻ മന്ദഹാസം കണക്കെയെൻ*
*ഹൃദയമതു തരളമാകുന്നു*

(2010:88)

പ്രണയം സഫലമാകണമെങ്കിൽ ഒരുമിച്ച് ഒരിടത്ത് ജീവിക്കണമെന്നില്ലെന്നും മനസ്സുകളുടെ അടുപ്പം മതിയെന്നും ഈ കവിതയിൽ സൂചിപ്പിക്കുന്നു.

'ചിങ്ങം' എന്ന കവിതയിലും മക്കളുമൊത്തുള്ള കുടുംബജീവിതത്തിൽ പ്രണയത്തിനുള്ള സ്ഥാനംവെളിപ്പെടുത്തുന്നു.

*പ്രിയ നന്ദനയോടുമീപ്രിയ-*
*ങ്കരനാം കാന്തനോടും ചിരേണ ഞാൻ*
*നുകരുന്ന കുടുംബ സൗഖ്യമേ*
*വിട ചൊല്ലായ്ക തെളിഞ്ഞ ചിങ്ങമേ.*

*(2010:95)*

സഫലമാം പ്രണയത്തിന്റെ മറ്റൊരു മുഖമാണ് 'സഖി' എന്ന കവിതയിൽ കാണിച്ചു തരുന്നത്. തന്റെ സന്തോഷവും ദുഖവും പങ്കുവെക്കാനുള്ളവളാണ് തന്റെസഖി. ഈ സഖിയോട് അയാൾക്കുള്ള പ്രണയം തീവ്രമാണ്. അവൾ തന്നെ ഒരിക്കലും വേർപിരിയരുതെന്ന് അയാൾ ആഗ്രഹിക്കുന്നു.

*പ്രിയസഖി*
*പിരിയായ്കൊരിക്കലും*
*നിന്നോടെൻ*
*പ്രിയമൊക്കെ ഞാൻ ഏറ്റു ചെല്ലാം*

*(2010:100)*

പ്രണയത്തിൽ പങ്കുവെക്കലിന്റെ പ്രാധാന്യം ഈ കവിതകളിലെല്ലാം എടുത്തു കാട്ടുന്നുണ്ട്. സഫലപ്രണയം പലപ്പോഴും പങ്കുവെക്കലുകളാണ് എന്നാണ് കവയിത്രി സൂചിപ്പിക്കുന്നത്.

പ്രണയവും ചുംബനവും ജീവിതത്തിൽ തീർക്കുന്ന വസന്തത്തെക്കുറിച്ചാണ് 'വസന്തസംഗീതം' എന്ന കവിത. പ്രണയം പലപ്പോഴും ദു:ഖങ്ങൾ ഇല്ലാതെയാക്കുന്നു. ഒരു സ്പർശനമോ ഒരു ചുംബനമോ മതി സർവ്വദു:ഖങ്ങളും അലിഞ്ഞില്ലാതെയാവാൻ. അപ്പോഴാണ് ആ പ്രണയം സഫലമാകുന്നത്.[2]

സഫലമാകുന്ന പ്രണയം തന്നെയാണ് 'യയാതിക്ക്' എന്ന കവിതയിലും ആവിഷ്കരിച്ചിരിക്കുന്നത്. ലിംഗവർണവിവേചനത്തിനും കുടുംബനീതികൾക്കും അതീതമായി തന്റെ പ്രണയത്തിന്റെ പ്രപഞ്ചസത്യം പ്രഖ്യാപിക്കുന്ന സ്ത്രീയെയാണ് യയാതിക്ക് എന്ന കവിതയിൽ കാണാനാകുന്നത്. ഹസ്തിനപുരിയിലെ ദാസീപുത്രിയുടെ മനസ്സ് യയാതി രാജാവിലെത്തിച്ചേരുന്നു.

*നഗരമിതു ഹസ്തിനപുരം ,ഞാൻ യയാതിതൻ*
*പ്രജയന്നു ദാസിതൻ പുത്രി*
*കലകളറുപത്തിനാലറിയുന്നോൾ നിന്ദ്യമെൻ*
*കുലമെങ്കിലും സച്ചരിത്ര*

*(2010:72)*

അങ്ങനെയുള്ള അവൾ രാജകീയ പ്രൗഢിയോ അധികാരമോ ഒന്നുമാശിക്കാതെ യയാതിയുടെ സ്നേഹം കൊണ്ടുമാത്രം തൃപ്തിപ്പെടുന്നു. ഭൗമദു:ഖങ്ങളിൽ നിന്നും നിരാശതകളിൽ നിന്നും അവൾ ആ പ്രണയത്തിലൂടെ സ്വതന്ത്രയായി.

*പാതയോരത്തു വച്ചേതു കൈകൾ വെറും*
*പാവയെജ്ജീവിയായ് മാറ്റി*
*അക്കൈകളാടിത്തളർന്നു താഴു വരെ*
*യ്ക്കൊപ്പമീ മുദ്രയും കാണും*

*(2010:74)*

പാവയെ ജീവിയായ് മാറ്റിയ കൈകളിൽ അവൾ തന്റെ പ്രണയവും ജീവിതവും അർപ്പിക്കുന്നു

### 3.1.1.9 വി.എം. ഗിരിജ

വി.എം ഗിരിജയുടെ സഫലപ്രണയങ്ങളുടെ ആവിഷ്കാരങ്ങളെല്ലാം ശരീരത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതാണ്. പ്രണയത്തിൽ ശരീരത്തിന് വലിയ പ്രാധാന്യമുണ്ടെന്ന് ഈ കവിതകൾ ചൂണ്ടിക്കാണിക്കുന്നു. പ്രണയം മനസിന്റെമാത്രമല്ല ശരീരത്തിന്റെ കൂടി അനുഭവമാകുന്നു.

'വേഗം' എന്ന കവിതയിൽ പ്രണയം അനുഭവിക്കാനുള്ള ഉടലിന്റെ തിടുക്കമാണ് ആവിഷ്കരിക്കുന്നത്.

*കാറ്റുകൾ കാറ്റുകൾ പോരാ വേഗത*
*ഉടലിനും മനസിനുമിടയിലെ*
*വിടവു മായ്ക്കാൻ മാത്രമില്ല വേഗത*

*(2011–29)*

പ്രണയം മനസ്സിന് മന്ദമായ ഒരു അനുഭവമാകുമ്പോൾ ശരീരത്തിന് വേഗം കൂടിയ അനുഭവമാകും. എന്നാൽ ശരീരത്തിന്റെ പ്രണയം പെട്ടെന്ന് അവസാനിക്കുന്നതാണെന്നും കവയിത്രി പറയുന്നു.

*ഇല്ലാ കാമത്തിനു പ്രണയത്തോളം കാലം*
*വിരലിനും തപാൽ വണ്ടിക്കും സ്നേഹത്തിൽ*
*മിന്നൽ വേഗം*

(2011–29)

'ഉടുപ്പിടാക്കാലം' എന്ന കവിതയിൽ പ്രണയം സഫലമാകുന്നതിൽ ശരീരത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു. ശരീരത്തിനകത്ത് തൊലിക്കുള്ളിൽ തന്നെയാണ് പ്രണയം എന്ന കവിത തുറന്നെഴുതുന്നു.[3]

'നിലാവിനെപ്പോലും നനയിക്കാത്തത്' എന്ന കവിത ഒരുമിച്ച് പ്രണയം പങ്കിടുന്ന ജീവിതത്തിന്റെ ആവിഷ്കാരമാണ്.

*മിടഞ്ഞു കൊണ്ടേയിരുന്നു ഞാൻ*
*പളുങ്കുനാരിൻ ചങ്ങാടം*
*പറഞ്ഞു കൊണ്ടേയിരുന്നു നീ*
*വെറുതെയാവുന്നവയെല്ലാം...*

*(2011:40)*

ഇവിടെ ജീവിതത്തിന്റെ ചങ്ങാടമാണവൾ മെനഞ്ഞു കൊണ്ടിരിക്കുന്നത്. സുഖവും ദുഖവും പങ്കിട്ടുകൊണ്ടുള്ള ജീവിതത്തിന്റെ വിവിധ ഘട്ടങ്ങൾ ഈ കവിതയിൽ അവതരിപ്പിക്കുന്നു.

### 3.1.1.10 അനിത തമ്പി

'കഴിഞ്ഞ്' എന്ന കവിത ഒരു പ്രണയത്തിന്റെ സാഫല്യമാണ് കാണിച്ചു തരുന്നത്. പറഞ്ഞറിയിക്കാനാവാത്ത അനുഭൂതിയുടെ സാക്ഷാത്കാരമാണ് പ്രണയം എന്ന് ഈ കവിത പറയുന്നു. നമ്മിൽ നിന്നകന്നുപോയതെല്ലാം തിരികെ വരികയും നമ്മിൽ സന്തോഷം നിറക്കുകയും ചെയ്യും. പ്രണയിക്കുന്നവർ ഒരു പ്രത്യേക ലോകത്ത് എല്ലാം മറന്ന് ജീവിക്കും.

*തീ കണ്ടു പിടിച്ചിട്ടില്ലാത്തനാട്ടിലെ*
*പൂക്കൾ ഉണ്ടായിട്ടേയില്ലാത്ത പൂഴിപ്പരപ്പിൽ*
*തീയെന്ന് നിനക്കും*

*പൂവെന്ന് എനിക്കും*

*വിചാരിക്കാനുള്ള*

*ചുവപ്പിന്റെ ഒരു തരിക്കു വേണ്ടി*

*നമ്മൾ പരതിക്കൊണ്ടേയിരിക്കും.*

*(2010:53)*

'ഉറക്കത്തിൽ' എന്ന കവിതയിലും സഫലമായ പ്രണയം വ്യത്യസ്തമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. ഉറങ്ങിക്കിടക്കുന്ന പ്രണയിനിയെ നോക്കിക്കൊണ്ടിരിക്കുമ്പോൾ അയാൾക്ക് അവളോട് സ്നേഹം അധികമാകുന്നു. അയാൾ പറയുന്നു;ഉറങ്ങുന്ന നിന്നെക്കാണാൻ ഉണർന്നിരിക്കുന്ന നിന്നേക്കാൾ ഭംഗിയുണ്ടെന്നു തോന്നുന്നു.

*ഉണർന്നപ്പോൾ*

*നീ തന്ന ഉമ്മയേക്കാൾ*

*സ്വപ്നത്തിൽ*

*നീ തന്ന ഉമ്മ*

*സ്നേഹമാണെന്നും തോന്നി.*

*(2010:60)*

പ്രണയം പലപ്പോഴും കൂടുതൽ മധുരമാകുന്നത് സ്വപ്നത്തിലാണല്ലോ. അതുകൊണ്ടു തന്നെയാണ് ഉണർച്ചയിലുള്ളതിനേക്കാൾ ഉറക്കത്തിലവളോട് അയാൾക്ക് സ്നേഹം തോന്നുത്. സ്വപ്നം വളരെയധികം ഭംഗിയുള്ളതാണെങ്കിലും യാഥാർത്ഥ്യം ചിലപ്പോൾ അതു പോലെ ആയിരിക്കണമെന്നില്ല എന്നുള്ള സൂചന കൂടി ഇവിടെ കവയിത്രി നൽകുന്നു.

**3.1.1.11 റോസ്മേരി**

'സത്രത്തിലെ രാത്രി' എന്ന കവിതയിലാണ് റോസ്മേരി സഫലപ്രണയത്തിന്റെ തീവ്രത ആവിഷ്കരിച്ചിരിക്കുന്നത്. രമണനെയും ഉപഗുപ്തനെയുമൊക്കെ സ്വപ്നം കാണുന്ന കാമുകി കാമുകനുമായി എല്ലാം മറക്കുന്നു.

ഈ തുറന്നു പറച്ചിൽ എല്ലാ പ്രണയിതാക്കളും പറയുന്നത് തന്നെയാണ് . അതിനെ ഒന്നു പരിഹസിക്കുക കൂടിയാണ് കവയിത്രി ചെയ്യുന്നത്. മുമ്പാരെയും പ്രേമിച്ചിട്ടില്ലെന്നും ആഗ്രഹിച്ചിട്ടില്ലെന്നും കാമുകനെ അല്ലെങ്കിൽ കാമുകിയെ ബോദ്ധ്യപ്പെടുത്താൻ അവർ പരസ്പരം ശ്രമിക്കുന്നു.

*സ്ത്രീ ഗന്ധമേൽക്കാതെ വളർന്ന*

*ഋഷി പുത്രൻ നീ*

*ഞാനോ മഗ്ദലനയിലെ*

*സന്യാസി ശ്രേഷ്ഠകളോടൊപ്പം വളർന്ന*

*വിശുദ്ധ കന്യക.*

*(2002:60)*

എന്നു പറയുന്നിടത്തും ഇതു തന്നെയാണ് ഉദ്ദേശിക്കുന്നത്.

പ്രണയം സഫലമാകണമെങ്കിൽ ഇത്തരം ചില പാരമ്പര്യ സങ്കൽപ്പങ്ങൾ കൂടിയൊപ്പം കൂട്ടേണ്ടി വരും എന്നാണ് ഈ കവിത സൂചിപ്പിക്കുന്നത്. പ്രണയിച്ച് കൊണ്ടിരുന്നപ്പോൾ നടന്നതൊക്കെയും ഓർമ്മപ്പെടുത്തുകയാണ് ഒരു കാമുകി 'ഓർക്കുന്നുവോ നീയതൊക്കെയും' എന്ന കവിതയിൽ യൗവ്വനാരംഭത്തിലെ ആ ഉല്ലാസനാളുകളിൽ സ്വർഗ്ഗം സ്വപ്നം കണ്ടിരുന്നത് അവരോർമ്മിക്കുന്നു. ആ നിമിഷങ്ങളെല്ലാം പൊടിതട്ടി വെടിപ്പാക്കി ഹൃദയത്തിൽ തൂക്കാനാണ് അവൾ ആവശ്യപ്പെടുന്നത് (2003;53)

**3.1.1.12 റോസി തമ്പി**

പ്രണയവും ആത്മീയതയും ഇടകലരുന്ന റോസിതമ്പിയുടെ കവിതകളിൽ സഫലപ്രണയം ആത്മീയമായ ഇഴുകിച്ചേരലാണ്. പ്രണയത്തിൻെറ ഏഴുദിനരാത്രങ്ങൾ ഇതനുദാഹരണമാണ്.

*പ്രണയത്തിൻെറ*

*ഏഴു ദിനരാത്രങ്ങൾ*

*സൃഷ്ടിയുടെ പുസ്തകം പോലെ*

*വാക്കുകൾ കൊണ്ട് മാത്രം*

*നമുക്കിടയിൽ*

*ഒരു ദൈവരാജ്യം*

*ജന്മം കൊണ്ടു*

*(2017:103)*

പ്രണയിക്കുന്നവർക്കിടയിൽ ഒരു ദൈവരാജ്യമാണ് ജന്മം കൊള്ളുന്നത്. അവിടെ നക്ഷത്രങ്ങളും മഴവില്ലും വിരിയുന്നു. ചെവിടോർമ്മ എന്ന കവിതയിൽ പ്രണയം വരുത്തുന്ന പ്രണയികളിൽ വരുത്തുന്ന മാറ്റങ്ങളാണ് ആവിഷ്ക്കരിക്കുന്നത്.

*നീ പ്രണയം കൊണ്ടുമൂടുമ്പോൾ*

*ഉള്ളിലൂറിയ*

*പുതുതീയ്യാൽ*

*ഹൃദയം*

*ചുടുനീരുറവയായ്*

*കാർമേഘങ്ങളിൽ നിന്നു പെയ്തു.*

(2017 : 51)

പ്രണയത്തിന്റെ പടി കയറുമ്പോൾ സ്വർഗ്ഗത്തിലെത്താമെന്ന് പ്രണയികൾ വിശ്വസിക്കുന്നു. പ്രണയം സഫലമാകുമ്പോഴാണ് ഇത്തരം ചിന്തകൾ അവരിൽ ഉണരുന്നതെന്നുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

ഉറക്കംനിലാവായ് കടമെടുത്തരാത്രി എന്ന കവിതയിലും പ്രണയത്തിൻെറ തീവ്രത വ്യക്തമാകുന്നു. നിനക്ക് ഭാരമാകാത്തിടത്തോളം നിൻെറ പ്രണയം എനിക്കു തരിക എന്നാണ് കാമുകൻ പറയുന്നത് പ്രണയിക്കുമ്പോൾ പ്രണയിനിയല്ലാതെ മറ്റൊന്നും അയാൾക്കില്ല. പാടാനും ഓർക്കാനും, കാണാനും എല്ലാം അവൾ മാത്രം.[5]

3.1.1.13 **അമൃത**

പ്രണയം സഫലമാകുന്നത് പ്രണയിക്കുന്നവർ പരസ്പരം മനസിലാക്കുമ്പോഴാണ്. ഇഷ്ടങ്ങളും ആഗ്രഹങ്ങളും പരസ്പരം തിരിച്ചറിയുകയും പങ്കിടുകയും ചെയ്യുമ്പോഴാണ് പ്രണയം പൂർണമാകുന്നത്. അതാണ് അമൃതയുടെ 'വരം' എന്ന കവിതയിൽ പറയുന്നത്.

*ശാന്തിയും സ്നേഹവുമൂറുന്നു വിരൽത്തൂവലാൽ*

*നീയെന്റെ മിഴികളിൽ തലോടിപ്പറഞ്ഞു*

*ആഴമുള്ള കവിതയാണ് നിന്റെ കണ്ണുകൾ*

*ഒരു ജന്മം മുഴുവൻ ഈ കണ്ണുകളിൽ*

*നോക്കിയിരുന്നു പോകും*

*(2008:24)*

ഇവിടെ പ്രണയം വാക്കുകളിലൂടെ പറഞ്ഞറിയിക്കുന്നു .പ്രവർത്തികളിലൂടെ അത് അനുഭവിപ്പിക്കുന്നു. അവിടെ പ്രണയം സഫലമാകുന്നു.

'സ്വരം' എന്ന കവിതയിലും ഇതേ രീതിയിൽ തന്നെയാണ് അമൃത പ്രണയം അവതരിപ്പിക്കുന്നത്. അവൻെറ സ്വരം പോലും സാന്ത്വനമായിട്ടാണ് അനുഭവപ്പെടുന്നത്.

*കാത്തിരിപ്പിൻെറ സാഫല്യമായ്, സുപ്ത*

*കാമനകളിൽ തോരാത്ത വർഷമായ്*

*പെയ്തിറങ്ങുന്നു നിൻ സ്വരം*

*(2008:53)*

### 3.1.1.14 കവിതാ ബാലകൃഷ്ണൻ

'തീനും വയമ്പും' എന്ന കവിതയിൽ പ്രണയത്തിൻെറ വിവിധ ഭാഗങ്ങൾ ആവിഷ്ക്കരിക്കുന്നു.

പ്രണയിക്കുന്നവർ പരസ്പരം ഭക്ഷണമായിത്തീരുന്നുയെന്നാണ് ഇവിടെ പറയുന്നത്. ശരീരത്തിൻെറ തൃഷ്ണ ശമിപ്പിക്കുക എന്നതും പ്രണയത്തിൻെറ ഭാഗമാണ്. പ്രണയം സഫലമാകണമെങ്കിൽ അതും കൂടി ആവശ്യമാണെന്ന് പ്രണയിക്കുന്നവർ കരുതുന്നു. അതുകൊണ്ടാണ്

*കഴുത്തടിയിൽ ഒരുമ്മ*

*എന്നു തീരുമാനിച്ച്*

*ഒരിടത്തു നിന്നു ചെക്കനും*

*മറ്റൊരിടത്തു നിന്നു പെണ്ണും*

*ദൂരേക്ക് പുറപ്പെട്ടു.*

*(2007:23)*

അവർ കണ്ടുമുട്ടിയപ്പോൾ തീരുമാനങ്ങളെല്ലാം മറന്ന് രണ്ടാളും ലോകത്തിലെ തന്നെ ഏറ്റവും സ്വാദിഷ്ഠമായ ഭക്ഷണമായിത്തീരുകയാണ്. അവർ പരസ്പരം വിശപ്പ് ശമിപ്പിക്കുന്നു.

### 3.1.1.15 ലോപ

പുതു കവിതയുടെ ഭാവുകത്വമുൾക്കൊള്ളുന്ന കവിതകളാണ് ലോപയുടേത്. അതിൽ പ്രണയത്തെക്കുറിച്ചുള്ള കവിതകൾ ശ്രദ്ധേയമാണ്. സഫലപ്രണയത്തിൻെറ ആവിഷ്ക്കാരം പലതരത്തിലാണുള്ളത്. ഉദാഹരണത്തിന് 'പ്രണയഭേദങ്ങൾ' എന്ന കവിതയിൽ പ്രണയം പങ്കുവെച്ചു കൊണ്ടുള്ള ജീവിതം ആവിഷ്ക്കരിക്കുന്നു.

*കാമുക; നീയോ രജ*

*പുത്രനാം ധീരൻ, ഞാനോ*

*നൂപുരമിട്ടോൾ പ്രാണൻ*

*നിനക്കായ് പകുക്കുന്നോൾ*

(2015:24)

'പ്രണയഭേദങ്ങൾ' എന്ന കവിതയിൽ പ്രണയത്തിൻെറ വ്യത്യസ്തഭാവങ്ങൾ ആവിഷ്ക്കരിക്കുന്നുണ്ട്. ഒരുമിച്ചുള്ള ജീവിതത്തിൽ പലപ്പോഴും നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും ഈ കവിത ചൂണ്ടികാണിക്കുന്നു. ഇന്നത്തെ സമൂഹത്തിൽ മൊബൈൽക്യാമറകളും ചാനൽകണ്ണുകളും സ്വസ്ഥമായ ജീവിതത്തിൽ വരുത്തുന്ന പ്രയാസങ്ങൾ ഈ കവിതയിൽ പറയുന്നുണ്ട്.

'പ്രണയപർവ്വം' എന്ന കവിതയിൽ ഒന്നായിതീരുന്ന പ്രണയികളുടെ മനസ്സിനെ ആവിഷ്ക്കരിക്കുന്നു.

*ഇനിയെൻെറ വിറപൂണ്ട*

*വിരലിൽ പിടിച്ചു നീ*

*ജൻമാന്തരങ്ങൾ തൻ*

*വഴികൾ താണ്ടിടുക*

( 2011:34)

സീമന്തരേഖയിൽ ചാർത്തുന്ന സന്ധ്യയുടെ നിറം സഫലപ്രണയത്തിൻെറ സൂചനയായി ഈ കവിതയിൽ അവതരിപ്പിക്കുന്നു.

പരസ്പരപ്രണയം പലപ്പോഴും സുഖദു:ഖ സമ്മിശ്രമാണ്. എന്നാൽ എത്ര പ്രശ്നങ്ങൾക്കിടയിലും സ്നേഹം ഉള്ളിലുണ്ടാവുമ്പോൾ ആ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും.

*ഇവിടെ കണ്ണീരുപ്പി*

*ന്നായിരം രുചിയാണ്.*

*(2011:33)*

പരസ്പരം സ്നേഹിക്കുമ്പോൾ പങ്കുവെക്കുന്ന കണ്ണീരുപ്പിനുപോലും രുചിയുണ്ട്. അഭിപ്രായവ്യത്യാസങ്ങളും പൊരുത്തക്കേടുകളുമുള്ള ഒരു ദാമ്പത്യ ജീവിതംതന്നെയാണ് ഈ കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്.

എന്നാൽ ആ പൊരുത്തക്കേടുകൾക്കിടയിലും അവരെ ഒന്നിപ്പിക്കുന്ന പരസ്പരപ്രണയം രാത്രിയായാലും അലിയാതെ സീമന്തരേഖയിലിരിക്കുന്ന സിന്ദൂരം പോലെ എന്നും നിലനിൽക്കുമെന്ന് കവയിത്രി സൂചിപ്പിക്കുന്നു.

### 3.1.2 തിരസ്കൃതപ്രണയം

തിരസ്കരിക്കപ്പെട്ട പ്രണയങ്ങളുടെ ആവിഷ്കരണരമുള്ള സ്ത്രീ കവിതകളാണ് ഈ ഖണ്ഡത്തിൽ അന്വേഷിക്കുന്നത്.

#### 3.1.2.1 സുഗതകുമാരി

സുഗതകുമാരിയുടെ ആദ്യകാലകവിതകളിൽ പ്രണയം പ്രമേയമായി കടന്നുവരുന്നുണ്ട്. അവയെല്ലാം പൊതുവെ കാല്പനിക ശൈലിയിൽ എഴുതപ്പെട്ടവയാണ്.

'ഒരു പൂവിന്റെ ഓർമ്മ' എന്ന കവിതയിൽ പ്രണയവുമായി വന്നവനെ മടക്കി അയക്കുന്നതായും പിന്നീട് അതോർത്ത് ദുഃഖിക്കുന്നതായും ചിത്രീകരിച്ചിരിക്കുന്നു. തനിക്കായ് നീട്ടിയ പൂവിനെ തിരസ്കരിച്ച് കൊണ്ട്

*പൊള്ളയായ് ചിരിച്ചുംകൊ*
*ണ്ടോതി ഞാൻ മുല്ലപ്പൂവേ*
*നല്ലത്, പക്ഷേ പോകൂ*
*പിന്നെ ഞാൻ വിളിച്ചീടാം*

(2006:116)

എന്നാണവൾ പറയുന്നത്. പക്ഷേ പിന്നീട് ആ മുഖം സ്മരിച്ചപ്പോൾ വേദന തോന്നുന്നു. വീണ്ടും അവനെ വിളിക്കാനൊരുങ്ങുന്നു.

*ഇല്ലിനീ നോവിക്കില്ല*
*നിന്നെ ഞാൻ പൂവേ, വന്നെൻ*
*ചില്ലയിലൊരുവട്ടം*
*കൂടി നീ വിടർന്നാലും*

*(2006:117)*

പ്രണയത്തെയാണിവിടെ പൂവായി പറഞ്ഞിരിക്കുന്നത്.

പാവം മാനവഹൃദയം എന്ന സമാഹാരത്തിലെ 'വിമോചനം' എന്ന കവിതയിലും തിരസ്കൃതപ്രണയത്തിന്റെ ഭാവങ്ങളാണ് ആവിഷ്കരിച്ചിരിക്കുന്നത്. സഖിയെക്കാത്ത് ഏറെനേരം ഇരിക്കുന്ന അയാൾക്ക് പിന്നീട് മനസ്സിലെ പ്രണയം നഷ്ടപ്പെടുകയാണ്. പ്രണയം അയാൾ സ്വയം തിരസ്കരിക്കുന്നു.

*മടുക്കും മനസ്സുമായ്*
*ഞാനുദാസീനൻ, പൂർവ്വ-*
*കാമുകൻ, ചുണ്ടത്തിറ്റു*

*ഗാനവും പേറിത്തിരി*

*ഞ്ഞലസം നടക്കുന്നു.*

*(2006:170)*

തിരസ്കരിക്കപ്പെട്ട കാമുകൻ പാട്ടുംപാടി അലഞ്ഞു നടക്കുമെന്ന സങ്കല്പം തന്നെയാണിവിടെ സുഗതകുമാരിയും പങ്കുവെക്കുന്നത്.

'രാത്രിമഴ' എന്ന സമാഹാരത്തിലെ നിന്റെ 'മൗനത്തിന്റെ മുന്നിൽ' എന്ന കവിതയിലും സ്വീകരിക്കപ്പെടാത്ത തന്റെ പ്രണയമാണ് ആവിഷ്കരിച്ചിരിക്കുന്നത്. അങ്ങനെയുള്ള തന്റെ പ്രണയം മൂഢപ്രേമമാണെന്ന് കവയിത്രി സ്വയം തിരിച്ചറിയുന്നു.[6]

താൻ പ്രേമപൂർവ്വം ലഭിക്കാൻ ആഗ്രഹിക്കുന്നതെല്ലാം തനിക്ക് കിട്ടാതെ പോകുന്നതിന്റെ പിടച്ചിൽ ഈ കവിതയിൽ കാണാം. അതുകൊണ്ടുതന്നെ തന്റേത് മൂഢപ്രേമമാണെന്ന് സ്വയം തിരിച്ചറിയുകയും അതുപേക്ഷിക്കാൻ തയ്യാറാവുകയുമാണിവിടെ കവയിത്രി.

1981-ൽ പ്രസിദ്ധീകരിച്ച 'അമ്പലമണി' എന്ന സമാഹാരത്തിലെ 'ഉറക്കമില്ലാത്തൊരു രാത്രിയിൽ', 'ആരുവിളിപ്പൂ' എന്നീ കവിതകളിലും നഷ്ടപ്രണയങ്ങൾ ആവിഷ്കരിക്കുന്നു.

'ഉറക്കമില്ലാത്തൊരു രാത്രിയിൽ' എന്ന കവിതയിൽ നഷ്ടപ്പെട്ട പ്രണയത്തെ സ്മരിക്കുകയാണ് കവിയത്രി

*ഉറക്കമില്ലാത്തൊരു രാത്രിയിൽ*
*വീണ്ടും നിന്നെ*
*സ്മരിപ്പൂ; പണ്ടെന്നോ ഞാ*
*നെത്രമേൽ യാചിച്ചിട്ടും*
*മുറുക്കെപ്പിടിച്ചിട്ടും കണ്ണീരു*
*ചൊരിഞ്ഞും കൊ-*
*ണ്ടിരുട്ടിൽ താനേ കാത്തു*
*നിർന്നിദ്രമിരുന്നിട്ടും*
*എന്റെ കൈവിടുവിച്ചു മാഞ്ഞ*
*പ്രേമമേ, നിന്നെ...........*

(2006:427)

പ്രണയം നശ്വരമാണെന്ന് ഈ കവിതയിൽ പറയുന്നുണ്ട്. യൗവനത്തിൽ പ്രണയം അതിന്റെ തീവ്രതയിലെത്തുമെങ്കിലും വാർദ്ധക്യത്തിൽ അത് വിട്ടുപോകുമെന്നും ഇവിടെ കവയിത്രി നിരീക്ഷിക്കുന്നു.

കവയിത്രി സ്വയം കാമുകനോ കാമുകിയോ ആയിക്കൊണ്ടുള്ള വർണ്ണനകളാണ് ഈ കവിതകളിലെല്ലാം കാണുന്നത്. കവയിത്രി മാറിനിന്നുകൊണ്ട് പറയുന്ന

പ്രണയകഥകൾ ഈ സമാഹാരങ്ങളിൽ കുറവായാണ് കാണുന്നത്. സ്വയം അനുഭവിക്കുന്ന രീതിയിലാണ് ഈ പ്രണയങ്ങളുടെയെല്ലാം ആവിഷ്കരണം.

**3.1.2.2 ദേവി**

കെസ്സുപാട്ടുകാരൻ എന്ന കവിതയിൽ തിരസ്കൃതപ്രണയമാണ് ദേവി ആവിഷ്കരിച്ചിരിക്കുന്നത്. പ്രണയം തിരസ്കരിക്കപ്പെട്ട ഒരു കാമുകൻ കാട്ടിൽ പാട്ടുംപാടി അലയുന്നതായിട്ടാണ് ഈ കവിത. ഈ പാട്ട് വിജനതയിൽ കവയിത്രി എന്നും കേൾക്കുന്നു. ഒടുവിൽ പാടുന്നയാളെ കണ്ടെത്തുന്നു.

*കറുത്തു തിളങ്ങുന്ന*
*പട്ടുകുപ്പായം, തുമ്പു*
*പുറത്തേക്കല്പം നീട്ടി*
*ക്കഴുത്തിൽ തിരുകിയ*
*മിനുത്ത തെളിനീല*
*ത്തുവാല, നീലത്തൊപ്പി*
*പുളപ്പൂമാരനൊത്ത*
*ലജ്ജയും, മാരാണിവൻ*
(1995 : 34)

ഖിന്നമാം പ്രണയം പാടിനടക്കുന്ന കെസ്സുപാട്ടുകാരിൽ കവയിത്രി ഇഷ്ടപ്പെടുന്നു. അയാൾ സ്നേഹിച്ചിരുന്നവൾ അയാളെ ഉപേക്ഷിച്ചതായി കവയിത്രി മനസ്സിലാക്കുകയാണ്. പ്രണയംതിരസ്കരിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന വേദനയാണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്. തിരസ്കൃതകാമുകൻ പാട്ടുംപാടി നടക്കും എന്ന സങ്കല്പം പല കൃതികളിലും കാണുന്നുണ്ട്. ആ മാതൃകയാണ് ഇവിടെ കവിയത്രി സ്വീകരിച്ചിരിക്കുന്നത്.

'മൂടൽമഞ്ഞിൽ' എന്ന കവിതയിൽ കവയിത്രിയും പ്രണയിതാവും തമ്മിൽ അപ്രതീക്ഷിതമായി പിരിഞ്ഞതായും തന്റെ പ്രണയം തിരസ്കരിച്ച് കാമുകൻ ദൂരെക്ക് മറയുന്നതായും ആവിഷ്കരിക്കുന്നു. കാമുകിയും കാമുകനും കൂടി കുന്നുകേറി പോകുന്നതായിട്ടാണ് കവിതയുടെ തുടക്കം. കാഴ്ചകൾ കണ്ട് കളിച്ച് ചിരിച്ച് നടക്കുന്നതിനിടയിൽ പെട്ടെന്ന് പ്രകൃതിയാകെ മാറിമറയുന്നു. കാമുകൻ അവളെ ഉപേക്ഷിച്ച് എങ്ങോ പോയി മറയുന്നു.

*മാഞ്ഞു പെട്ടെന്നു രാഗങ്ങൾ*
*മാഞ്ഞു പെട്ടെന്നു ദിക്കുകൾ*
*ഉരുണ്ടുയർന്നൂ മഞ്ഞിന്റെ*
*നിശ്വാസം ധൂമമെന്നപോൽ*
*(1995:20)*

കാമുകനെ ഇഷ്ടപ്പെട്ട അവൾ തനിച്ചാവുന്നു. ആ പ്രകൃതിയുടെ വിക്ഷോഭത്തിൽ അലിഞ്ഞ് അതിന്റെ 'വീർപ്പുനെഞ്ഞേറ്റി' കാട്ടിലൂടെ അവൾ മടങ്ങുന്നു.

'സോജാരാജകുമാരി സോജ' എന്ന കവിതയിൽ തിരസ്കൃതപ്രണയത്തിന്റെ മറ്റൊരുതലം ചിത്രീകരിച്ചിരിക്കുന്നു. അയൽക്കാരന്റെ വീട്ടിൽ നിന്ന് കേൾക്കുന്ന ആ പാട്ടിൽ കവയിത്രി സ്വയം മറക്കുന്നു. അയാളുടെ കാമുകി താനാണെന്ന് കരുതി പ്രണയിക്കുന്നു.[7]

എന്നിങ്ങനെ ആ ഗാനത്തെയും അതെന്നും തന്നെ കേൾപ്പിക്കുന്ന അയൽക്കാരനെയും പ്രണയിച്ച് തുടങ്ങിയ കവയിത്രി തിരിച്ചറിയുന്നു അയാൾ തന്നെയല്ല പ്രണയിക്കുന്നതെന്നും മറ്റൊരുവളെയാണെന്നും. തിരസ്കരിക്കപ്പെട്ട തന്റെ പ്രണയത്തെ അവൾ ഉള്ളിലൊതുക്കി മറക്കാൻ ശ്രമിക്കുന്നു.

*അല്ലല്ല, ഞാനല്ല രാജകുമാരി, യാ*
*പ്പൊള്ളുന്ന സത്യമായി നേരുന്നു ഞാൻ*
*നല്ലയൽക്കാരിനിയും നോവുപറ്റാതെ*
*ചില്ലുജനാല വലിച്ചടയ്ക്കട്ടെ ഞാൻ*
*(1995:65)*

ജനാലയിലൂടെ കേട്ടിരുന്ന ആ പാട്ടിനികേൾക്കണ്ട. തന്റെ പ്രണയവും ഇനി വേണ്ട എന്നുള്ള തീരുമാനമാണ് ഇവിടെ കാണുന്നത്.

തിരസ്കൃതപ്രണയം കാമുകപക്ഷത്തും കാമുകീപക്ഷത്തും സംഭവിക്കുന്നതെങ്ങനെയെന്ന് ഈ കവിതകളുടെ പഠനത്തിൽ നിന്ന് മനസ്സിലാക്കുന്നു. പ്രണയനിരാശയിൽ പാട്ടും പാടി നടക്കുകയാണ് കാമുകൻ. എന്നാൽ നഷ്ടപ്പെട്ട പ്രണയത്തെ ഓർത്ത് വിലപിക്കുകയല്ല കാമുകി. അതുകൊണ്ടുതന്നെ അവൾ സധൈര്യം മുന്നോട്ട് പോകാൻ തീരുമാനമെടുക്കുന്നു.

### 3.1.2.3 രാജലക്ഷ്മി

'വർണ്ണശില്പങ്ങൾ' എന്ന കവിതയിൽ തിരസ്കൃതപ്രണയമാണ് രാജലക്ഷ്മി അവതരിപ്പിക്കുന്നത്. ഏതോ വിധിവൈപരീത്യം കൊണ്ടാണ് ഈ കവിതയിലെ കാമുകീകാമുകന്മാർക്ക് പരസ്പരം അടുക്കാനാകാതെ പോകുന്നത്. അവർ പരസ്പരം പ്രണയം തിരസ്കരിക്കുന്നു. അവർക്ക് പരസ്പരം ചേരാനാകുന്നില്ല.

*പാഴ്ച്ചെടിപ്പടർപ്പായി*
*യൗവന കേദാരങ്ങൾ*
*പാകി മുളപ്പിക്കാൻ*
*മറന്നൂ നവാങ്കുരം*
*(2000:16,17)*

ഇപ്പോഴും അന്യരായലയുന്ന എന്നാൽ പരസ്പരം സ്നേഹിക്കുന്ന മനസ്സുകളെയാണ് ഈ കവിതയിൽ ആവിഷ്കരിക്കുന്നത്.

'ജന്മനഷ്ടം' എന്ന കവിതയിൽ തന്റെ മനസ്സിലെന്തേ പ്രണയമില്ലാത്തത് എന്നോർത്ത് ദുഃഖിക്കുന്ന കവയിത്രിയെയാണ് കാണുന്നത്. തന്റെ മനസ്സിൽ പ്രണയം വരുന്നേയില്ല. ശ്രീകൃഷ്ണനെ മനസ്സിലേറ്റിയ പ്രണയിച്ച രാധയെപ്പോലെ തനിക്ക് ആകാൻ കഴിയുന്നില്ല ഇതൊക്കെയാണ് കവയിത്രിയുടെ ദുഃഖം

*വന്നില്ല നീയെൻ പടികടന്നൊമന്നേ*
*തന്നില്ല നീയനുരാഗതന്തി*
*(2000:45)*

'അജീർണ്ണം' എന്ന കവിതയിലും നഷ്ടപ്രണയം തന്നെയാണ് ആവിഷ്കരിച്ചിരിക്കുന്നത്. പണ്ടവർ നല്ല പ്രണയം പങ്കുവച്ചവരായിരുന്നു. പക്ഷേ ഇപ്പോൾ ആ സ്നേഹം നഷ്ടപ്പെട്ടിരിക്കുന്നു. അവർ പരസ്പരം അകന്നിരിക്കുന്നു.

*അരികിൽ നീ ഇരിപ്പുണ്ട്*
*എങ്കിലും*
*നമുക്കിടയിലൊരു*
*പുഴയുണ്ട്.*
*(2000:48)*

മനസ്സിന്റെ അകൽച്ചയാണിവിടെ സൂചിപ്പിക്കുന്നത്. കാലങ്ങൾ പിന്നിടുമ്പോൾ പഴകിപ്പോകുന്ന പ്രണയമാണ് കവയിത്രി പാടുന്നത്.

*രണ്ടായി*
*രണ്ടായൊരിണ്ടലായ്*
*മിണ്ടാതെ*
*പണ്ടേ പോലല്ലാതെ*
നാമിരിപ്പൂ
(2000:49)

പ്രണയത്തിന്റെ തിരസ്കാരം ഒരാളിൽ നിന്ന് മറ്റൊരാൾക്ക് എന്ന രീതിയിലല്ലാതെ രണ്ടാളും പരസ്പരം തിരസ്കരിക്കാം. അതാണ് ഈ കവിത കാണിച്ചു തരുന്നത്.

### 3.1.2.4 സരസ്വതി പൊന്നറ

തിരക്കിനിടയിൽ,അനർഘനിമിഷങ്ങൾ, ആത്മാവിന്റെ ഗദ്ഗദങ്ങൾ, പൊയ്മുഖങ്ങൾ, അശാന്തിപർവ്വം എന്നിങ്ങനെയുള്ള കവിതാസമാഹാരങ്ങളിലൂടെ കവിതാരംഗത്തേക്ക് കടന്നുവന്ന സരസ്വതി പൊന്നറ സ്വന്തം അനുഭവങ്ങൾ കവിതയിൽ പ്രമേയമായി സ്വീകരിച്ചിരിക്കുന്ന കവയിത്രിയാണ്.

അനർഘനിമിഷങ്ങൾ എന്ന കവിതാസമാഹാരത്തിലെ 'വെളിച്ചം ദുസ്സഹം' എന്ന കവിത മരുഭൂമിയിൽ ജോലിക്കു പോയ ഭർത്താവ് തന്റെ പ്രണയത്തെ തിരസ്കരിക്കുന്നതായി കരുതി ദുഃഖിക്കുന്ന ഭാര്യയെയാണ് ആവിഷ്കരിച്ചിരിക്കുന്നത്. മരുഭൂമിയിലെ എണ്ണഖനിയിൽ ജീവിതം ഹോമിക്കുന്ന ഒരു പ്രവാസിയുടെ കഥയാണീ കവിത. വിരഹിണിയായ ഭാര്യ അമ്പലനടയിൽ ചെന്ന് അർദ്ധനാരീശ്വരനോട് പ്രാർത്ഥിക്കുകയാണ്.

*ഉടലിൽ പാതിപകുത്തേവാങ്ങി*
*ഉയിരിന്നുയിരായ് അരികിലിരിപ്പൂ*
*ഗിരിമകൾ വിരഹജ്വാലയിലുരുകും*
*കരളിന്നഴൽ നീയെങ്ങനെയറിയാൻ*

*(1984:28)*

ശിവൻ തന്റെ വേദന തിരിച്ചറിയുന്നില്ലല്ലോ എന്നതാണ് അവളുടെ പരിഭവം.അതിന് കാരണമായി അവൾ പറയുന്നത് ശിവന് അങ്ങനെയൊരവസ്ഥ അനുഭവിക്കേണ്ടിവരുന്നില്ലല്ലോ എന്നതാണ്. നഷ്ടപ്രണയങ്ങളും വിരഹവും അനുഭവിക്കുന്നവർ പലപ്പോഴും വിധിയെയും ദൈവങ്ങളെയും പഴിക്കുന്നു. അതാണിവിടെയും കാണുന്നത്.

### 3.1.2.5 വിജയലക്ഷ്മി

'കുറ്റസമ്മതം' എന്ന കവിതയിൽ പ്രണയം തിരസ്കരിക്കപ്പെട്ടതിന്റെ വേദനയിൽ നീറുന്ന ഒരു മനസ്സിനെയാണ് ചിത്രീകരിച്ചിരിക്കുന്നത്. പിരിഞ്ഞു പോയ സഖിയെ ഓർത്ത് ദു:ഖിച്ച് കഴിയുന്ന കാമുകന്റെ ജല്പനങ്ങളാണീ കവിത.

*അർത്ഥമില്ലാത്ത വാഗ്ദാനങ്ങൾ, എന്നാലു*
*മർത്ഥം പിഴയ്ക്കാതിരുന്ന കിനാവുകൾ*
*അന്തിവെയിലിലെ സ്വർണ്ണമായ്, നിശ്ശബ്ദ*
*മന്ധകാരത്തിലൊടുങ്ങുമാ ബന്ധവും*

*(2010:46)*

തന്റെ തിരസ്കരിക്കപ്പെട്ട പ്രണയം അയാളെ ദു:ഖിതനാക്കുന്നു. ജീവിതം തന്നെ അന്ധകാരത്തിലലിഞ്ഞ് ഇല്ലാതെയാകുന്നതായി അയാൾക്ക് തോന്നുകയാണ്.

'പാഴ്നിഴൽ' എന്ന കവിതയും തിരസ്കരിക്കപ്പെട്ട പ്രണയം ആവിഷ്കരിക്കുന്നു. വളരെയധികം സ്നേഹിച്ചിരുന്ന കമിതാക്കൾ തമ്മിൽ വേർപിരിഞ്ഞു. പ്രണയിക്കുമ്പോൾ പ്രകൃതി പോലും സുന്ദരമായി തോന്നിയിരുന്നു. ഇപ്പോൾ എല്ലാം നഷ്ടമായിരിക്കുന്നു. പരസ്പരം എല്ലാ ആഗ്രഹങ്ങളും പങ്കിട്ട് സ്വപ്നവും ദു:ഖവും പറഞ്ഞ്, മടുക്കാതെ നാളെയെക്കുറിച്ച് പറഞ്ഞ് ഒരേ

ഗാത്രമെന്നും ഇരട്ടകളെന്നും ഓർത്തുനടന്നിരുന്ന ആ കാലം മറഞ്ഞു പോയതിന്റെ ദു:ഖം അവരിന്ന് അനുഭവിക്കുന്നു.

*ഇന്ന് നീയില്ല വെയിലില്ല വിസ്മയം*

*ഇല്ല നാം കണ്ട കിനാവുകളില്ല.*

*(2010:289)*

അവർ പരസ്പരം അകന്നു പോയിരുന്നു. പ്രണയം തിരസ്കരിക്കപ്പെട്ടിരിക്കുന്നു. ശബ്ദം പോലും ശല്യമായിത്തീരുന്ന തരത്തിൽ അവർ വെറുത്തു പോയിരിക്കുന്നു. എങ്കിലും എന്നെങ്കിലും ഈ പ്രണയം തിരിച്ചുവരുമെന്ന് കരുതി അവർ കാത്തിരിക്കുന്നു.

*കൈകോർത്തിരിക്കാൻ കൊതിച്ചു കൊതിച്ചു ഞാൻ*

*കൈ നീട്ടി നിന്നെത്രനേരം, ഒടുവിലെൻ*

*കൺ മുന്നിലൂടെ കടന്നു കടന്നു പോയ്*

*അന്നത്തെ നീയൊല്ലരന്യമാം പാഴ്നിഴൽ*

*( 2010:290)*

**3.1.2.6 സാവിത്രി രാജീവൻ**

'വാമനൻ' എന്ന കവിതയിൽ തിരസ്കൃതമായ പ്രണയമാണ് സാവിത്രി രാജീവൻ ആവിഷ്കരിച്ചിരിക്കുന്നത്. സ്ത്രീ തന്റെ പ്രണയം ഇഷ്ടപ്പെടുന്നയാളോട് തുറന്നു പറയാൻ ശ്രമിക്കുകയാണ്. പക്ഷേ ആ തുറന്നു പറച്ചിലിനെ അയാൾ ഇഷ്ടപെടുന്നില്ല. അയാൾ അത് തിരസ്കരിക്കുന്നു. അതിന് കാരണമായി അയാൾ ചൂണ്ടിക്കാണിക്കുന്നത് ആ തുറന്നു പറച്ചിലിനെയാണ്. സ്ത്രീകൾ പുരുഷനോട് പ്രണയം തുറന്നു പറയാൻ പാടില്ല. അങ്ങനെ ചെയ്താൽ അവളെ വേശ്യയുമായി ഉപമിക്കുന്ന സമൂഹത്തിന്റെ കാഴ്ചപ്പാടാണ് ഈ കവിതയിൽ വിവരിക്കുന്നത്.

*സ്നേഹിക്കുന്ന പുരുഷനോട്*
*ഞാൻ പറഞ്ഞു*
*നിന്നെ ഞാൻ സ്നേഹിക്കുന്നു*
*പക്ഷേ*
*ഒരടി ഭൂമിക്കുമേൽ വച്ച്*
*അയാൾ ചോദിച്ചു*
*എന്താണിതിനർത്ഥം*
*നീ വേശ്യയെപോലെ സംസാരിക്കുന്നതെന്ത്*

*കുടയും മറയുമില്ലാതെ*

(2009 : 78)

ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു പറയാനുള്ള അർഹത പുരുഷനു മാത്രമേയുള്ളു. സ്ത്രീ അങ്ങനെ പറഞ്ഞു കൂടാ. അങ്ങനെ പറയുന്നവർ കുല സ്ത്രീയല്ല. ആ തുറന്നു പറച്ചിൽ അയാൾക്ക് അവളോട് ഇഷ്ടക്കേടുണ്ടാക്കി. അയാൾ അവളുടെ മൂർദ്ധാവിൽ ചവുട്ടിത്താഴ്ത്തുകയാണുണ്ടായത്.

'പ്രേമവുംമരണവും' എന്ന കവിതയിൽ തിരസ്കരിക്കപ്പെടുന്ന പ്രണയത്തിന്റെവേദന ആവിഷ്കരിക്കുന്നു. പ്രണയം തിരസ്കരിക്കപ്പെടുമ്പോഴാണ് ഒരുവൾ മരണം ആഗ്രഹിക്കുന്നത് എന്നാണ് കവയിത്രി പറയുന്നത്.[8]

തിരസ്കരിക്കപ്പെടുന്ന പ്രണയം നൽകുന്ന വേദന മരണത്തെപ്പോലെയാണ്.

**3.1.2.7 അനിത തമ്പി**

അനിതാതമ്പിയുടെ 'നക്ഷത്രം' എന്ന കവിത തിരസ്കരിക്കപ്പെട്ട പ്രണയത്തിന്റെ വേദന ആവിഷ്കരിക്കുന്നു. മരണമാണിവിടെ പ്രണയം നഷ്ടപ്പെടുത്തിയിരിക്കുന്നത്. പ്രണയിച്ച് തീരുന്നതിനു മുൻപ് മരണം അവളെ അടർത്തി മാറ്റുന്നു. അവനറിയാതെ ആകാശത്ത് നക്ഷത്രമായി അവൾ അവനെയും നോക്കിയിരിക്കുന്നു. ഇവിടെ കാമുകനല്ല പ്രണയം തിരസ്കരിക്കുന്നത് എങ്കിലും തിരസ്കൃതപ്രണയത്തിന്റെ വേദന തന്നെയാണീകവിത.

*ഇനി മേൽ ഞാൻ*

*നിഴലില്ലാത്ത വെറും വെളിച്ചം*

*തരിശബ്ദം തീണ്ടാത്ത നിശബ്ദത*

*(2010:56)*

എന്നു പറയുമ്പോൾ മരണത്താൽ തിരസ്കൃതമായ അവളുടെ നഷ്ടപ്രണയം അവളെ വെറും നിഴൽമാത്രമാക്കിയിരിക്കുന്നു.

'കടലിന്റെ അടിത്തട്ടിൽ നിന്ന്' എന്ന കവിതയിൽ താൻ ഒറ്റയ്ക്കായതിന്റെ വേദനയാണ് പങ്കുവെക്കുന്നത്. സംസാരിച്ച് കൊണ്ട് നടക്കുന്നതിനിടയിലാണ് അവൻ പെട്ടന്ന് അവളെ ഉപേക്ഷിച്ച് പോയ്മറഞ്ഞത്.

*വിശ്വസിക്കൂ എന്ന് പറഞ്ഞ്*

*ഞാൻ തിരിഞ്ഞു നോക്കുമ്പോൾ*

*നീയില്ല*

*കണ്ണെത്തുന്നിടത്തെങ്ങും കരയില്ല.*

*കരതേടുന്ന കടൽക്കാക്കളുമില്ല*

*അങ്ങനെയാണ്*

*ഇത്രമേൽ ആഴത്തിൽ*

*ഞാൻ*

*ഒറ്റയ്ക്കായത്.*

*(2010 : 57)*

### 3.1.2.8 റോസ്മേരി

'വനഹർമ്യം' എന്ന കവിതയിൽ ഒരു കഥ പറയുകയാണ്. ലാജവന്തി എന്ന കാടിന്റെ സുന്ദരിയുടെ കഥ. മൃഗയാ വിനോദത്തിനിറങ്ങിയ രാജാവ് അവളെ കണ്ട് മോഹിച്ച് അരികിലണയുന്നു. പിറ്റേ ദിവസം തന്നെ അയാൾ തിരിച്ചു പോകുന്നു. പിന്നീട് അവൾ അനുഭവിക്കുന്നത് വിരഹവേദനയാണ്. തന്റെ പ്രണയം തിരസ്കരിക്കപ്പെട്ടിരിക്കുന്നവെന്ന് ഒടുക്കം അവൾ തിരിച്ചറിയുന്നു. എങ്കിലും എന്നെങ്കിലും രാജാവ് തിരിച്ചുവരുമെന്ന പ്രതീക്ഷയിൽ അവൾ കാത്തിരിക്കുകയാണ്. [9]

'ശ്മശാനത്തിലെ പൂക്കൾ' എന്ന കവിതയിൽ പ്രണയം തിരസ്കരിക്കപ്പെട്ട വ്യഥിത കാമുകന്റെ ദു:ഖം അവതരിപ്പിക്കുന്നു. ആത്മഹത്യക്കൊരുങ്ങി നിൽക്കുന്ന അയാൾ സുഹൃത്തിനോട് പറയുകയാണ്.

*ഹൃദയാലുവായ യുവാവേ*

*ഉള്ളിൽക്കിടന്നു വീർപ്പു മുട്ടുന്ന*

*തിരസ്കൃതപ്രണയത്തെയത്രയും*

*നീ ഏറ്റെടുത്താലും*

*സ്വാസ്ഥ്യത്തോടെ*

*ഞാനിവിടം വിട്ടു പോകട്ടെ*

(2003 : 28)

തിരസ്കൃത പ്രണയം മനസ്സിനെ വല്ലാതെ അസ്വസ്ഥതപ്പെടുത്തുമെന്നതിന്റെ സൂചന കൂടിയാണീവരികൾ

മുരിങ്ങമരത്തിനു പിന്നിലെ 'ഒറ്റനക്ഷത്രം' എന്ന കവിതയിൽ പരിത്യക്തയായ ലാജവന്തിതന്നെയാണ് നായിക. അവളുടെ വീട്ടിൽ അന്ന് വലിയ ആഘോഷംനടക്കുകയാണ്. പക്ഷേ അവൾ മാത്രം തന്റെ ആത്മാവിനേറ്റക്ഷതങ്ങളെക്കുറിച്ചോർത്ത് വിഷമിച്ചുനിൽക്കുന്നു. ആദിഗ്വിജയിയുടെ കുതിരക്കുളമ്പടിയിൽപെട്ട് ഞെരിഞ്ഞു തകർന്ന ആത്മാഭിമാനത്തെക്കുറിച്ചാണ് അവൾ അന്ന് രാത്രി ഓർത്തു കൊണ്ടിരുന്നത്. ആഘോഷങ്ങളുടെ ആ രാത്രി ലാജവന്തിക്ക് തിരസ്കൃതയുടെ പാഴ് രാത്രിയായിരുന്നു; അവമാനിതയുടെ വ്യഥിതരാത്രി. ദു:ഖിച്ച് നിൽക്കുന്ന അവൾക്ക് ആശ്വാസമേകുകയാണ് മുരിങ്ങമരത്തിനു പിന്നിലെ ഒറ്റനക്ഷത്രം.

*മതിൽക്കെട്ടിനപ്പുറത്തെ*
*പാഴ്പറമ്പിൽ, വിടർന്നലഞ്ഞു*
*നിൽക്കുന്നൊരു മുരിങ്ങമരം*
*മുരിങ്ങമരത്തലപ്പുകൾക്ക് പിന്നിലെ ആകാശപ്പരപ്പിൽ*
*എരിഞ്ഞു കത്തിനിൽക്കുന്ന*
*ഒരൊറ്റ നക്ഷത്രം*
*അതു ലാജവന്തിയെ അമ്പരപ്പിച്ചു കൊണ്ട്*
*ഇമ പൂട്ടാതെ അവിശ്വസനീയമായ*
*ആർദ്രതയോടെ അവളെത്തന്നെ*
*ഉറ്റുനോക്കിക്കൊണ്ടിരുന്നു*

*(1998:37)*

ആ ഒറ്റനക്ഷത്രമാണ് അവൾക്ക് ആശ്വാസം പകരുന്നത്. തന്റെ പ്രണയത്തെ മറന്നു പോയ കാമുകനെ ആ നക്ഷത്രത്തിലൂടെ അവൾ കാണുന്നു. അതും അവൾക്കാശ്വാസമാണ്. അപ്പോഴും കാമുകനെ കുറ്റപ്പെടുത്താനോ വെറുക്കാനോ തയ്യാറാവുന്നില്ല.

'ഒരു ജന്മദിനക്കുറിപ്പ്' എന്ന കവിതയിൽ സ്വയം പ്രണയം തിരസ്കരിച്ച് പോകാൻ വെമ്പുന്ന സ്ത്രീമനസ്സിനെയാണ് ആവിഷ്കരിക്കുന്നത്. തന്റെ ജന്മദിനത്തെക്കുറിച്ചോർമിപ്പിച്ച കാമുകനോട് അവൾ തുറന്നു പറയുകയാണ്.[10]

പ്രണയം തിരസ്കരിക്കപ്പെട്ടതിന്റെ വേദനയിൽ ജീവിക്കുന്ന സ്ത്രീകളിൽ നിന്ന് വ്യത്യസ്തമായി തനിക്കിഷ്ടമല്ലാത്ത കാര്യങ്ങൾക്ക് നിർബന്ധിച്ചാൽ പ്രണയം വിട്ടുപോകാൻ തയ്യാറായി നിൽക്കുന്ന സ്ത്രീയെയാണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്.

**3.1.2.9 സഹീറ തങ്ങൾ**

'നീയറിയാൻ' എന്ന കവിതയിൽ പ്രണയം തിരസ്കരിക്കപ്പെട്ട പെണ്ണിന്റെ കരച്ചിൽ ആണ് ആവിഷ്കരിക്കുന്നത്.

*എവിടെയാണ് കൈവിട്ടതെന്ന്*

*തേടിത്തളർന്ന എന്നിൽ*

*രാത്രി കുടിയെറി*

*ഒന്നു ചിരിക്കാൻ പോലുമാവാത്ത*

*കരച്ചിൽ നീ അറിയണം*

*(2011:14)*

കാമുകൻ കൈവെടിയുമ്പോൾ കരഞ്ഞു പോകുന്ന പെണ്ണിനെയാണിവിടെ അവതരിപ്പിക്കുന്നത്.

**3.1.2.10 ഇന്ദിര അശോക്**

'ഉപഗുപ്തനോട്' എന്ന കവിതയിൽ തന്റെ പ്രണയം സമയമായില്ല എന്നു പറഞ്ഞ് തിരസ്കരിക്കരുതേ എന്ന് അപേക്ഷിക്കുന്ന പ്രണയിനിയെയാണ് ചിത്രീകരിച്ചിരിക്കുന്നത്.

വാസവദത്തയുടെ കാത്തിരിപ്പും അവസാനം ആസന്നമരണയായി കിടക്കുമ്പോൾ ഉപഗുപ്തൻ വന്നെത്തുന്നതുമെല്ലാം ഈ കവിതയിൽ വിവരിക്കുന്നു

**3.1.2.11 കണിമോൾ**

'പിൻനിലാവ്' എന്ന കവിതയിൽ ഒരുപാട് സ്നേഹം പരസ്പരം ഉണ്ടായിട്ടും തമ്മിൽ പിരിഞ്ഞ തിരസ്കൃതമായ പ്രണയത്തിന്റെ ഓർമ്മകൾ അയവിറക്കുന്നു.

*പാഴിലെന്തെന്തു കൈയൊപ്പുകൾ കൊണ്ടു*

*പ്രേമപുസ്തകം പാടെ നിറച്ചതി*

*ന്നോർമ്മമാത്രം, പകലും പറവയും*

*പാട്ടുനിർത്തി കളം തൂർത്തു പോകുന്നു*

*പാതിരാവുപിന്നിട്ടു പുലർച്ചയിൽ*

*നാമിരുവഴി സ്വപ്നവേഗങ്ങളിൽ*

*ദൂരമേറെക്കിടക്കുന്നു, പിന്നിട്ട*

*പാത പിന്നിലൊരേങ്ങലാകുന്നുവോ?*

*(2010 : 24)*

പ്രണയം നഷ്ടമാകുമ്പോഴുണ്ടാകുന്ന വേദനയാണ് ഈ കവിതയിൽ പറയുന്നത്. 'പ്രണയകവിതകൾക്ക് ഒരനുബന്ധം' എന്ന കവിതയിലും നഷ്ടപ്രണയങ്ങളുടെ കഥ പറയുന്നു. തിരസ്കരിക്കപ്പെട്ട പ്രണയം ഉള്ളിൽ ഒരു നോവായ് മാറുന്നു. ഒരിക്കലും വീണ്ടെടുക്കാനാവാത്ത വിധം തകർന്നു പോയ ആ പ്രണയം തിരിച്ച് വരുമെന്നു മോഹിക്കുകയാണിവിടെ.[11]

'കരിമങ്ങ്' എന്ന കവിതയിലും പ്രണയനഷ്ടം കാണിക്കുന്നു. ദാമ്പത്യജീവിതത്തിൽ കുറേ പിന്നിടുമ്പോൾ പ്രണയം നഷ്ടമാകുന്നു. അത് തിരസ്കരിക്കപ്പെടുന്നു.

*അവനൊരിക്കലും പിരിയുകയില്ലെന്നും*

*അവനെ നീയുള്ളിൽത്തളച്ചിടുന്നെന്നും*

*പ്രണയം സർപ്പമായിരുവരും ഫണം*

*വിരിച്ചുലഞ്ഞെന്നും മദിച്ചിരുന്നല്ലോ*

(2010 : 47)

സുകൃതിയായി അവന്റെ മകനെ പ്രസവിച്ചു. ബഹുമതിയായ് മകളെയും. ഉയിര് അവർക്കായി കെടുത്തു. എങ്കിലും അവന്റെ പ്രണയം അവൾക്ക് നഷ്ടപ്പെടുകയാണുണ്ടായത്.

**3.1.2.12 റോസി തമ്പി**

'ഓർമ്മയാചരണം','ഒറ്റയാകലാണുമരണം','നിയതി',ഉപേക്ഷിതൻ തുടങ്ങിയ കവിതകളിലെല്ലാം റോസി തമ്പി നഷ്ടപ്പെട്ട പ്രണയങ്ങളുടെ അനുഭവങ്ങൾ ആവിഷ്കരിക്കുന്നു. ഏതനുഭവം ആവിഷ്കരിക്കുമ്പോഴും റോസി തമ്പിയുടെ കവിതകളിൽ ഭക്തിയും ആത്മീയതയും ബൈബിൾബിംബങ്ങളും നിറഞ്ഞ് നിൽക്കുന്നു.

*പ്രണയതൈലം*

*പുരണ്ട നിന്റെയമ്പുകൾ*

*പ്രാർത്ഥനാരൂപമായ്*

*തിരശ്ശീല പിളർന്ന്*

*ചുഴലിപെയ്യും*

*കൊടുങ്കാറ്റായ്*

*എന്നെ കടന്നു പോയ്*

(2017 : 83)

പ്രണയം അമ്പായി കരളിൽ തറക്കുന്നതിന്റെ വേദന ഈ കവിത ആവിഷ്കരിക്കുന്നു. പ്രണയം എപ്പോൾ വേണമെങ്കിലും നഷ്ടപ്പെടാം അത് ശാശ്വതമല്ല.[12]

നഷ്ടപ്പെട്ടുപോയ പ്രണയത്തെ ഓർത്തുള്ള വിലാപമാണ് 'നിയതി' എന്ന പേരിലെഴുതിയ ഈ കവിത.

**3.1.2.13 ഒ.വി ഉഷ**

ഒ.വി.ഉഷയുടെ കവിതകളിൽ ഇന്ദ്രിയപരവും മാനുഷവുമായ ഒരു തലമാണ് കാണാൻ കഴിയുന്നത്. ഐക്യം, ഒരു ഗീതകം, വിധി, നിമഞ്ജനം തുടങ്ങിയ കവിതകളിലെല്ലാം പ്രണയത്തിൽ ആധ്യാത്മികമായ ഉയർച്ചയാണുള്ളത്.

'പിരിയുമ്പോൾ' എന്ന കവിതയിലെ യാത്രപറച്ചിലിൽ മാനുഷികമായ വികാരതീവ്രതയാണു കാണുന്നത്. താൽകാലികമായ ആ വിടപറച്ചിലിൽ വിരഹത്തിന്റെ ദു:ഖവും ഒറ്റയ്ക്ക് പോകുന്നതിന്റെ വേദനയും കവയിത്രി പങ്കുവെയ്ക്കുന്നു.

പരസ്പരം ഒന്നാകാൻ വെമ്പുന്ന നായകനും നായികക്കുമിടയിലുള്ള തടസ്സമായ വണ്ടുപോലെ കറുത്തവാനത്തെ ചിത്രീകരിക്കരിക്കുന്നതാണ്. 'അസംഗം' എന്ന കവിത

*ഇപ്പോഴാട്ടെ നമുക്കിടയ്ക്കായി*

*വൻ കടലെന്റെ കണ്ണീരുപോലെ*

*ഈ വിരഹാബ്ധി നീന്തിക്കടന്നു*

*പോരുവാനെന്നിക്കെന്നു സാധിക്കും*

*(1999:17)*

കറുത്തവാനം മാത്രമല്ല വൻകടലും അവർക്കൊന്നു ചേരാൻ തടസ്സം സൃഷ്ടിക്കുന്നു.

*ഹാ മിഴി ശരമായിരുന്നെങ്കിൽ*

*വാനിടം തുളച്ചങ്ങുപോന്നെനെ*

*(1999:17)*

എന്ന ചിന്ത കവയിത്രിയുടെ കാവ്യശൈലിമനോഹരമാക്കുന്നു.

'പരിചയം' എന്ന കവിതയിൽ കുറേ കാലത്തിനുശേഷം കണ്ടുമുട്ടുമ്പോൾ ഉള്ളിൽ കെട്ടടങ്ങിയിരുന്നുവെന്നു തോന്നിയ പഴയ സ്നേഹം ഉണർന്നെഴുന്നേൽക്കുന്നു. ഇത്തവണ ഒരുമിച്ച് ചേരാൻ തീരുമാനിക്കുന്നു.

*വരുന്നു നിൽക്ക! നിൻവഴിയേതാകിലും*

*വരുന്നു ഞാൻ കൂടെ സുഖമാണെങ്കിലും*

*ഇതുകണക്കെന്നും കൊടിയ ദു:ഖമാ*

*ണിനിയെന്നാലും ഞാൻ വരുന്നു നിൻ കൂടെ*

*(2003:29)*

എന്ന് നിശ്ചയത്തോടെ ഇറങ്ങിത്തിരിക്കുന്നു നായിക. നായികയുടെ പ്രേമം മനുഷികമായ സത്ത ഉൾക്കൊള്ളുന്നതാണ്.ധ്യാനം, വീണക്കമ്പി, വിഷാദപൗർണമി തുടങ്ങിയ കവിതകളിൽ അലൗകികമായി പ്രണയം ചിത്രീകരിക്കുന്നു.

'വിധി' എന്ന കവിതയിൽ ഏറെ നാളത്തെ കാത്തിരിപ്പിനൊടുവിൽ ഒന്നിക്കുന്നവർ കണ്ടുമുട്ടിയപ്പോൾ അവർ ചെറിയകാര്യങ്ങൾക്കുപോലും പിണങ്ങിക്കൊണ്ടിരിക്കുന്നു. അങ്ങനെ ദിവസങ്ങൾ കടന്നു പോയി. മൂന്നാമതൊരാൾ വന്ന് അവളെ കൊണ്ടുപോകാനൊരുങ്ങുമ്പോൾ തമ്മിൽ പ്രണയിക്കാൻ കിട്ടിയ നേരം പിണങ്ങിയിരുന്നതിന്റെ വേദന അവൾ ഓർക്കുന്നു.

*പോയി നീ - നമുക്കായി*

*വീണുകിട്ടിയ നേരം*

*മോമനേ പിണങ്ങുവാ*

*നായി നാം കളഞ്ഞല്ലോ*

*(1999:54)*

സ്നേഹവും പ്രേമവുമെല്ലാം ഉഷയുടെ കവിതകളിൽ നിറഞ്ഞു നിൽക്കുന്നു. നീയും ഞാനും എന്ന സങ്കല്പമാണ് എല്ലാ കവിതകളും. *"ഉഷയുടെ മിക്ക കവിതകളും ഞാനും നീയും തമ്മിലുള്ള പേശലഭാഷണങ്ങളോ, നിനക്ക് വേണ്ടി കാത്തിരിക്കുന്ന എന്റെ ഹൃദയത്തിനുള്ള പിടപ്പുകളോ, നിനക്കായി എല്ലാം സമർപ്പിക്കുന്ന എന്റെ വിധേയതയ്ക്കുള്ള സ്നിഗ്ദമൃദുലതകളോ നിന്നോടുള്ള എന്റെ മുഗ്ദമധുര പരിഭവവചസ്സുകളോ, വിരഹകാതരതകളോ, വിശുദ്ധസഹിതത്വ നിർവൃതികളോ ആണ്". (2008 : 218)*

'ഉത്സവം' എന്ന കവിതയിൽ ഉത്സവാഘോഷത്തിനോട് ഒരു താത്പര്യവുമില്ലാത്ത നായികയെയാണ് അവതരിപ്പിച്ചിക്കുന്നത്. അമ്പലത്തിൽ നൂറു കൽവിളക്കും നെയ്ത്തിരിയുമൊക്കെയുണ്ട്. പക്ഷേ ദൂരെ നിന്നുള്ള ചെണ്ടമേളം തെല്ലു കേട്ടുകൊണ്ടു കിളിവാതിലിൽ നിൽക്കുകയാണ് നായിക. ആ ഉത്സവ കാഴ്ചകളൊന്നും അവൾക്ക് താൽപര്യമില്ല.

*കുന്നിന്റെ മേട്ടിലുള്ള*
*കാവിലിന്നു വേലയാണ്*
*കൊമ്പനാനപ്പുറത്തേറി*
*കാവിലമ്മയെഴുന്നെള്ളും*
*താലമേന്തിയകമ്പടി*
*സേവിക്കും പെൺകൊടിമാർ*
*ഉത്സവത്തിന് പങ്കുചേരാൻ*
*നിനക്കെന്തേ മോഹമില്ലേ*

*(2003:87)*

എന്ന ചോദ്യത്തിനും അവൾക്ക് മറുപടിയില്ല. തികച്ചും നിസ്സംഗമായിട്ടാണ് അവൾ പ്രതികരിക്കുന്നത്. ഇത്തരത്തിൽ അർത്ഥബോധത്തിന്റെയും ശൂന്യതാ ബോധത്തിന്റെയും അടയാളപ്പെടുത്തലുകൾ ഉഷയുടെ മിക്കവാറും എല്ലാ കവിതകളിലും പ്രകടമാകുന്നുണ്ട്. വാദ്യക്കൊഴുപ്പാർന്ന ജീവിതത്തിന്റെ പുറമോടികളിൽ ഈ കവയിത്രി ആകർഷിക്കപ്പെടുന്നില്ല.

### 3.2.3 ഏകപക്ഷീയ പ്രണയം

പ്രണയം ഏകപക്ഷീയമായിവരുന്ന രീതിയിൽ എഴുതിയിട്ടുള്ള സ്ത്രീ കവിതകളുടെ വിശകലനമാണ് ഈ ഖണ്ഡത്തിൽ നടത്തിയിട്ടുള്ളത്.

#### 3.1.3.1 സുഗതകുമാരി

സ്വപ്നഭൂമി എന്ന സമാഹാരത്തിലെ 'വെറുമൊരുവേദനമാത്രം' എന്ന കവിതയിൽ സുഗതകുമാരി ഏകപക്ഷീയമായ പ്രണയം ആവിഷ്കരിച്ചിരിക്കുന്നു. തനിക്ക് നേരെ നീണ്ടു വരുന്ന ആ പ്രണയത്തിന്റെ കരതാരിൽ തനിക്ക് നൽകാനായി ഒന്നുമില്ലെന്നാണ് കവയിത്രി പറയുന്നത്. തന്റെ വെളിച്ചം മാത്രമേ ഇനി തരാൻ കഴിയൂ എന്നും കവയിത്രി പറയുന്നു. എന്തുകൊണ്ടോ ആ പ്രണയഭ്യർത്ഥന കവയിത്രിക്ക് സ്വീകരിക്കാൻ കഴിയുന്നില്ല.

*തരുവാനിനിയെന്തുള്ളു? ഹാ വാനിൻ*
*കരതാർ നീളുവതെന്തേ? വിറപ്പൂ*
*ണ്ടിതളുകൾ വിരിവോരാമ്പലുപോലെ*
*തരുവാനില്ലിനിയൊന്നും, ചുടുനീ*
*രണിയും കൺകൾ നനഞ്ഞു വിടർന്നു*
*തരുവാനെന്റെ വെളിച്ചം മാത്രം*

എന്നാണ് കവയിത്രി പറയുന്നത്.

(2006:91)

'ഒരുഗാനം' എന്ന കവിതയിൽ തന്റെ ഉള്ളിൽ പ്രണയം ചൊരിഞ്ഞ ഒരു പാട്ടുകാരന് വേണ്ടി വീണമീട്ടുകയാണ് കവയിത്രി. ഏകപക്ഷീയമായ പ്രണയത്തിന്റെ വ്യത്യസ്തമായൊരു തലം ഇവിടെ ആവിഷ്കൃതമാവുന്നു. തന്റെ ഈ പ്രണയം സഫലമാകില്ലെന്നും അതുടനെ പൊട്ടിത്തകരുമെന്നും പ്രകൃതി കവയിത്രിയെ ഓർമ്മിപ്പിക്കുന്നു. എങ്കിലും തന്റെ മാനസവീണ ആ പാട്ടുകാരനു വേണ്ടി മീട്ടികൊണ്ടേയിരിക്കും. കാല്പനികതയുടെ അതിവൈകാരിക ഭാവമാണ് ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

'നീയാകുംനിലാവിനെ' എന്ന കവിതയിലും കാമുകനെ അറിയിക്കാതെ ഉള്ളിൽ കൊണ്ടു നടക്കുന്ന ഒരു പ്രണയമാണ് കാണുന്നത്. നിലാവിനെ കടലെന്ന പോലെയാണ് താനവനെ സ്നേഹിക്കുന്നത്. പക്ഷേ അവസാനം തന്റെ പ്രണയം ഉദാസീനമായി പൂവിനെപോലെ കൊഴിഞ്ഞുപോകുമെന്ന് കവയിത്രി ശങ്കിക്കുന്നുണ്ട്.

തിരിച്ചറിയപ്പെടാതെ പോകുന്ന പ്രണയം പലപ്പോഴും കൊഴിഞ്ഞു പോകുകയാണ് ചെയ്യുന്നത് എന്നു കൂടി ഇവിടെ സൂചിതമാകുന്നു.

**3.1.3.2 കനകശ്രീ**

കനകശ്രീയുടെ 'നീവന്നാൽ' എന്ന കവിതയിൽ ഏകപക്ഷീയ പ്രണയമാണ് ചിത്രീകരിച്ചിരിക്കുന്നത്. താൻ സ്നേഹിക്കുന്നു. പക്ഷേ കവയിത്രിയുടെ ആഗ്രഹം കാമുകനറിയുന്നില്ല. ഏകപക്ഷീയമാണാ പ്രണയം.

*ഒരു സുന്ദര സ്വർഗ്ഗീയ സ്വപ്നം പോൽ നീ മുന്നി*

*ലൊളിചിന്നിയെഴുന്നെള്ളിയൊന്നു വന്നാൽ*

*മഴമുകിൽ കാണുന്ന മയിലിനെപ്പോലെയെൻ*

*മാനസമാനന്ദനൃത്തമാടും*

*(1990:276)*

തന്റെ പ്രണയം പൂവണിയാൻ അയാൾ അരികിലെത്തണമെന്ന് ആഗ്രഹിക്കുന്നു. കാമുകനറിയാതെ അയാളെ പ്രണയിക്കുന്നു എന്നതാണ് ഇവിടെ ചിത്രീകരിക്കുന്നത്.

**3.1.3.3 രാജലക്ഷ്മി**

'സ്നേഹത്തടവറയിൽ' എന്ന കവിതയിൽ പ്രിയതമനെ കാത്തിരിക്കുന്ന പ്രണയിനിയെയാണ് ചിത്രീകരിച്ചിരിക്കുന്നത്. തന്റെ പ്രണയം അയാളോട് തുറന്നു പറയാൻ അവൾ ആഗ്രഹിക്കുന്നു. തന്നിൽ എല്ലാ വികാരങ്ങളും മരവിച്ച് പോയതായി അവൾ മനസ്സിലാക്കുകയാണ്. അപ്പോഴാണ് പ്രണയത്തിന്റെ മധുരം നുകരാൻ അവൾ കൊതിക്കുന്നത്. പക്ഷേ തന്റെ പ്രണയം ഏകപക്ഷീയമാണ്. അത് കൊണ്ട് തന്നെ അത് തുറന്ന് പറഞ്ഞാൽ മാത്രമേ തനിക്ക് ആസ്വദിക്കാൻ കഴിയുകയുള്ളു.

*വരികയില്ലയോ, സംഗീതസാന്ത്വനം*

*പുലരിപോലെ കുളിരു തൂവീടുവാൻ*

*(2000:22)*

എന്നവൾ വിചാരിക്കുന്നു. പ്രണയത്തിന് എപ്പോഴും ഏകപക്ഷീയമായിരിക്കാൻ കഴിയില്ലെന്നാണ് കവയിത്രി സൂചിപ്പിക്കുന്നത്.

'പറഞ്ഞില്ലനിന്നോട്' എന്ന കവിതയിലും കാണുന്നത് ഏകപക്ഷീയമായ പ്രണയമാണ്. തന്റെ ഉള്ളിലുള്ള വികാരം കൂട്ടുകാരനോട് പറയാൻ കഴിയാതെ അവനൊപ്പം നടക്കുന്നതായാണ് ഈ കവിതയിൽ പറയുന്നത്. പലപ്പോഴും ഇതു പോലെ തുറന്നു പറയാനാകാത്ത പ്രണയമാണ് ഏകപക്ഷീയങ്ങളായി പോകാറുള്ളത്.

'അഭയവർണ്ണങ്ങൾ' എന്ന കവിതയിൽ തന്റെ ഉള്ളിലെ സ്നേഹവും വേദനയുമെല്ലാം പങ്കിടുവാൻ ഒരുവൻ വരുമെന്ന പ്രതീക്ഷയിൽ അവനെ പ്രണയിക്കുന്ന കവയിത്രിയെയാണ് കാണുന്നത്. പക്ഷേ അയാൾ വന്നെത്തിയിട്ടും തന്റെ പ്രണയം തുറന്നു പറയാനാകാതെ ഉഴലുകയാണീ കവിതയിലെ കാമുകി.[13]

### 3.1.3.4 ദേവി

'ഹിമവാഹിനി' എന്ന കവിത നദിയെ കാമുകിയായി ചിത്രീകരിച്ചുകൊണ്ടുള്ള അവതരണമാണ്. അത് ഏകപക്ഷീയമായ പ്രണയത്തിന് ഉദാഹരണമാകുന്നു.

*കവിതയും പ്രേമതെളിവുമുൻമാദ*
*ത്തികവും നിന്നിലേ തുളുമ്പിക്കാണുന്നേൻ*

*(1995:29)*

നദിയോട് കവയിത്രിക്ക് അടങ്ങാത്ത പ്രണയം തോന്നുന്നു. നദിയെ വർണ്ണിക്കുമ്പോഴെല്ലാം സുന്ദരിയായ ഒരു പെൺകുട്ടിയെ എന്ന പോലെയാണ് വിവരണം. അതുകൊണ്ടുതന്നെ ഏതൊ ഒരു കാമുകൻ സുന്ദരിയായ അവളെ അവളറിയാതെ ഗാഢമായി പ്രണയിക്കുന്നതായാണ് ഈ കവിത അനുഭവപ്പെടുത്തി തരുന്നത്.

'മാവുപൂക്കുമ്പോൾ' എന്ന കവിതയിൽ പ്രണയം പൂക്കുന്ന ഒരുമനസ്സിനെ കവയിത്രി കാണിച്ചു തരുന്നു.

*നാട്ടുമാവുകൾ തോറും*
*മഞ്ഞ്‌വീണുറഞ്ഞതു*
*മൂർത്ത കാമനാം സൂര്യൻ*
*വിരൽ തൊട്ടുണർത്തവേ*
*ആർത്തുചില്ലകൾ തോറും*
*തൊടുത്തേ കാണാകുന്നു*

*ആദ്യ രാഗത്തിന്റെ ചോപ്പു*

*പടർന്ന പൂവമ്പുകൾ.*

*(1995:47)*

മനസ്സിൽ പ്രണയം പൂക്കുമ്പോൾ അത് പങ്കുവെക്കുവാനാളില്ലാതെയാകുന്ന അവസ്ഥ കൂടി ഈ കവിതയിൽ കാണുന്നു.

**3.1.3.5 വിജയലക്ഷ്മി**

ഏകപക്ഷീയമായ പ്രണയം വിജയലക്ഷ്മിക്കവിതകളിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. തുറന്നു പറയാനാകാതെ ഉള്ളിൽ കൊണ്ടു നടക്കുന്നഇത്തരംപ്രണയങ്ങളുടെആവിഷ്കരണമാണ്'ആരുഞാൻ','വാക്കിനുമപ്പുറം' ,'യക്ഷഗാനം','ഒരുനാളും',നീ തുടങ്ങിയകവിതകൾ ഉള്ളിൽ നീറുന്ന പ്രണയവുമായി കഴിയുന്ന കാമുകനെയോ കാമുകിയെയോ ആണ് ചിത്രീകരിക്കുന്നത്.

*ആരു ഞാൻ നിന്നെക്കുറിച്ചു പാടാൻ ദൂര*

*ഘോര വനങ്ങളിൽ സ്നേഹസുഗന്ധവും*

*തേടിയലഞ്ഞു മരിച്ചു വീഴുമ്പോഴും*

*(2010:42)*

ഉള്ളിൽ നിറയുന്ന പ്രണയം തുറന്നു പറയാതെ കാമുകനുമായി ഒരുമിച്ചുണ്ടായിരുന്ന കാലം ഓർത്തു കൊണ്ട് ജീവിക്കുന്ന കാമുകിയെയാണ് 'ആരുഞാൻ' എന്ന കവിതയിൽ കാണുന്നത്.

തന്നോട് തുറന്നു പറയാതെതന്നെ ആ പ്രണയം തിരിച്ചറിയുകയാണ് 'വാക്കിനുമപ്പുറം' എന്ന കവിതയിൽ. എന്നെങ്കിലും അയാൾ തന്നോട് അയാൾക്കുള്ള പ്രണയം തുറന്നു പറയുമെന്ന് അവൾ പ്രതീക്ഷിക്കുന്നു. പറഞ്ഞില്ലെങ്കിലും താനത് തിരിച്ചറിയുന്നുണ്ട്. പക്ഷേ തുറന്നുപറയാതെ ഏകപക്ഷീയമായി കൊണ്ടുനടക്കുന്ന അയാളുടെ പ്രണയം ഈ പ്രച്ഛന്നയാത്രയ്ക്കുമുമ്പ് തമ്മിൽ കണ്ട് തന്നോട് പറയുമെന്ന് കരുതുകയാണ്. ഇനി പറഞ്ഞില്ലെങ്കിലും അയാളുടെ മുഖം അത് വിളിച്ചറിയിക്കുന്നുണ്ടെന്ന് അവൾ പറയുന്നു.

*എന്നോടു ചൊല്ലുകില്ലായിരിക്കാം എങ്കിലെന്താണ്?*

*മിണ്ടാതെ നിൽക്കുമെന്നാകിലും*

*ഉണ്മ വിളിച്ചറിയിക്കുന്നു നിന്മുഖം*

*കണ്മണി, വാക്കിനുമപ്പുറം ജീവിതം*

(2010 : 192)

'യക്ഷരാഗം' എന്ന കവിതയും പ്രണയത്തിന്റെ തീവ്രമായ ആവിഷ്കാരമാണ്. പ്രണയം നിറഞ്ഞുതുളുമ്പുന്ന ഹൃദയവുമായി അലയുകയാണ്. ഇവിടുത്തെ നായകൻ. തന്റെ പ്രണയം പറഞ്ഞറിയിക്കുവാൻ അയാൾക്ക് കഴിയുന്നില്ല.

*പ്രണയമേ എന്റെ പ്രണയമേ, മുകിൽ*
*മയൂരത്തെച്ചൊല്ലിയയ്ക്കാനാവാതെ*
*വഴിയൊന്നും തിരിച്ചറിയാനാകാതെ*
*ഒതുക്കിവെയ്ക്കുവാൻ വഴങ്ങാത്തൊരുള്ളു*
*കുതിച്ചു പൊങ്ങുന്നതടക്കാനാവാതെ*

(2010 : 264)

ഇതാണ് തന്റെ അവസ്ഥയെന്ന് കാമുകൻ പറയുന്നു. മേഘസന്ദേശത്തിലെ യക്ഷനെപ്പോലെ വിരഹവേദനയാണയാളനുഭവിക്കുന്നത്. മേഘത്തിന്റെയടുത്തോ മയൂരത്തിന്റെയടുത്തോ സന്ദേശം കൊടുത്തയക്കാൻ പോലും അയാൾക്ക് കഴിയുന്നില്ല. കാരണം അവളെവിടെയാണെന്നയാൾക്ക് അറിയില്ല.

ഹൃദയത്തിൽ സൂക്ഷിക്കുന്ന പറയാനറിയാത്ത പ്രണയം തന്നെയാണ് 'ഒരുനാളും' എന്ന കവിതയിലും ആവിഷ്കരിക്കുന്നത്. തനിക്ക് നൽകാനുള്ള പ്രണയം വളരെ ചെറുതാണ്. എന്നാലത് അഗാധവുമാണ്. ഒരു തരിയോളം നീലത്തുമ്പപ്പൂവോളം, നറുംമുക്കുറ്റിത്തന്നിളം മഞ്ഞപ്പോളമുള്ള പ്രണയം നൽകാനാണ് അയാൾ ആഗ്രഹിക്കുന്നത്. 'നീ' എന്ന കവിതയിലും പ്രണയിനിയെ തിരഞ്ഞു നടക്കുന്ന കാമുകനെയാണ് ചിത്രീകരിച്ചിരിക്കുന്നത്.

*പ്രകാശത്തിന്റെയുല്പത്തി*
*തേടിപ്പോമിരുളായിതാ*
*നിന്നെത്തപ്പുന്നു ഞാനേവം*
*നീയെങ്ങാണെന്നു ചൊല്ലുമോ*

*(2010:309)*

**3.1.3.6 വി.എം.ഗിരിജ**

'ജലം കല്ലാകുംവിധം' എന്ന കവിതയിൽ പ്രണയവും പ്രണയവികാരങ്ങളും ഏകപക്ഷീയമാകുന്നു. പ്രണയിനിയുടെ മനസ്സറിയാത്ത, അവളുടെ ആഗ്രഹങ്ങൾ

തിരിച്ചറിയാത്ത പുരുഷനെയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ശരീരത്തിലെ അവയവങ്ങളിൽ തൊടാനാഗ്രഹിക്കുന്ന അവൻ മനസ്സിന്റെ ഇഷ്ടങ്ങൾ കാണാതെപോകുന്നു.

*ഇരവിലെപ്പോഴോ കുടമുല്ല പൂത്ത*
*മണത്തോടൊപ്പമാണവൻ പറയുന്നു*
*എന്തുസുഖമാണെന്നോനിൻ*
*മുലകളിൽത്തൊടാൻ*
*മുടി പക്ഷേ അവനരിശം, എന്തിനാ മുടി ?*
*നെണക്ക് ഷോർട്ട് ക്രോപ്പ് അടിച്ചുകൂടെ*
*എനിക്കിഷ്ടം മുടിമുകിൽ കൊണ്ടവന്റെ*
*അമ്പിളി മുഖം മറക്കുവാൻ*
*എനിക്കിഷ്ടം മുടികൊണ്ടവന്റെയുടൽ മൂടാൻ*
*(2011 :11 )*

ചിലപുരുഷന്മാരെ സംബന്ധിച്ചിടത്തോളം മുടി ഇഷ്ടമില്ലാത്ത ഒന്നാണ്. മുടി പുറത്തു കാണിക്കരുതെന്ന ചില വിശ്വാസങ്ങളും അതിന്റെ ഭാഗമായി ഉണ്ടായതാണ്. എന്നാൽ സ്ത്രീ മുടിയെ അവളുടെ അഴകിന്റെയും സ്വാതന്ത്ര്യത്തിന്റെയുമെല്ലാം അടയാളമായി കാണുന്നു.

പ്രണയം ഉള്ളിൽ വച്ച് പ്രിയനെ കാത്തിരിക്കുന്ന ഒരു പെണ്ണിനെയാണ് 'വീട്ടിലേക്ക് പോവുന്നു' എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്. തന്റെ വീടും താനും ഇവിടെ കാത്തിരിക്കുസയാണെന്ന് അവൾ പറയുന്നു. കാത്തിരിപ്പ് പ്രണയത്തിന്റെ ഭാഗമാണ്. ഏകപക്ഷീയമായ കാത്തിരിപ്പാണിവിടെയുള്ളത്. അയാൾക്ക് അവൾ കാത്തിരിപ്പുണ്ടെന്ന് അറിയുന്നേയില്ല.

### 3.1.3.7 അനിത തമ്പി

'പുഴവെള്ളം മഴവെള്ളത്തോട്' എന്ന കവിതയിൽ പ്രതീകാത്മകമായി ഏകപക്ഷീയ പ്രണയം ആവിഷ്കരിക്കുന്നു. പുഴവെള്ളം സ്നേഹിക്കുന്നത് മഴവെള്ളത്തെയാണ്. പക്ഷേ മഴവെള്ളത്തിന് തിരിച്ച് പുഴവെള്ളത്തോട് പ്രത്യേകിച്ച് ഇഷ്ടമൊന്നുമില്ലതാനും

*ആകാശത്ത് അവിടവിടെ ചിലമേഘങ്ങൾ തങ്ങിനിന്നത്*
*നോക്കി നോക്കി*

*പുഴവെള്ളം*

*ഒഴുകിയൊഴുകിപ്പോയി*

*കടലിൽ ചേർന്നു.*

*(2010:26)*

അവസാനം മഴവെള്ളത്തെ സ്നേഹിച്ചിരുന്ന പുഴവെള്ളത്തിന് കടലിൽ ചേരേണ്ടിവരുന്നു. ആഗ്രഹിച്ച പ്രണയം സ്വന്തമാക്കാൻ കഴിയാത്ത സ്ത്രീയനുഭവമാണ് ഈ കവിതയിൽ പ്രതീകാത്മകമായി ചിത്രീകരിച്ചിരിക്കുന്നത്.

'പരാജയപ്പെടുന്ന ഉപമകൾ' എന്ന കവിത പ്രണയം തന്റെ ഉള്ളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയതെന്ന് പറയുന്ന പെണ്ണിനെയാണ് കാണിച്ചു തരുന്നത്. തന്റെ ആഗ്രഹങ്ങൾ അവൾ പറഞ്ഞുകൊണ്ടേയിരിക്കുന്നു.

പ്രണയം സഫലമാകുന്നതിനെപ്പറ്റിയും ഒന്നായിത്തീരുന്നതിനെപ്പറ്റിയുമുള്ള ചിന്തകളാണ് 'ഒന്നാകുന്നതിനെപ്പറ്റി' എന്ന കവിത.

'കടൽക്കരയിൽ' എന്ന കവിതയിലും ഏകപക്ഷീയമായ പ്രണയചാപല്യങ്ങൾ ചിത്രീകരിക്കുന്നു.

കാമുകിയെ പച്ചയായും കാമുകനെ നീലയായും സങ്കൽപ്പിക്കുകയാണ്. പച്ച സമൃദ്ധിയുടെ നിറമാണ്. നീല സ്വാതന്ത്ര്യത്തിന്റെയും അനന്തതയുടെയും നിറമാണ്.

*പച്ചയിലേക്ക് പിന്നോക്കം നടന്ന് നീ*

*വീടണയുന്നത് ഞാൻ നോക്കി നിന്നു*

*വീട്ടിൽ വിളക്ക് തെളിയുന്നതും*

*അനക്കം വെയ്ക്കുന്നതും കണ്ടു*

*നീലയിലേക്ക് ഞാൻ പോയ്മറയുന്നത്*

*പക്ഷേ നീ കാണുകയില്ല*

*(2010 : 64)*

**3.1.3.8 റോസ് മേരി**

ചിലവഴിക്കപ്പെടാത്ത കറുത്തപണം പോലെ ഉള്ളിൽ ആരും ഏറ്റുവാങ്ങാനില്ലാത്ത പ്രണയവും പേറി നടക്കുന്ന പെൺകുട്ടിയെയാണ് 'വേനലിൽ

ഒരു പുഴ' എന്ന കവിതയിൽ കാണുന്നത്. ഏകപക്ഷീയമായ ആ പ്രണയം അവളുടെ ഹൃത്തടത്തെ വിവശമാക്കുന്നു. ചലനത്തെ ഉദാസീനമാക്കുന്നു.

*ഒടുക്കം*

*എങ്ങും പടർന്നുപരന്ന്*

*കനം തൂങ്ങിനിന്നത്*

*ശോകം മാത്രം*

*തീവ്രനൊമ്പരമുണർത്തുന്ന*

*വ്യാകുലത മാത്രം.*

*(2002:21)*

അവളുടെ പ്രണയം തുറന്നു പറയാനുള്ള ഒരാളെ അവൾക്ക് കണ്ടെത്താനാകുന്നില്ല. അത് കൊണ്ട് തന്നെ ആ പ്രണയം ഒരിക്കലും സാക്ഷാത് കരിക്കപ്പെടുന്നില്ല.

'വാസവദത്ത'എന്ന കവിതയിലും അവതരിപ്പിക്കപ്പെടുന്നത് ഏകപക്ഷീയമായ പ്രണയമാണ്.[15]

തനിക്ക് ഒരിക്കലും അയാളിൽ നിന്ന് പ്രണയം തിരിച്ച് കിട്ടില്ലെന്നറിഞ്ഞിട്ടും അവൾ അയാളെ സ്നേഹിച്ചു കൊണ്ടേയിരിക്കുന്നു. തന്റെ പ്രണയം വിഫലമാണെ ന്നറിഞ്ഞിട്ടും അവൾ അയാൾക്ക് വേണ്ടി കേഴുന്നു. സ്വയം കത്തുന്ന മുൾക്കി രീടമായി അവൾ മാറുകയാണ്. എരിയുന്ന മൺവിളക്കുമായി അവൾ ഉപഗുപ്തനെ കാത്തിരിക്കുന്നു. പ്രണയത്തിന് വേണ്ടി എന്ത് ത്യാഗവും സഹിക്കാൻ സ്ത്രീകൾ തയ്യാറാവുന്നു എന്നാണ് ഈ കവിത അർത്ഥമാക്കുന്നത്.

'എനിക്ക് നിന്നോട് പറയാനുള്ളത്' എന്ന കവിതയിലും പ്രണയമാണ് ആവിഷ്ക്കരിക്കുന്നത്. ഒരുപാട് സ്നേഹിക്കുന്നുണ്ടെങ്കിലും സ്വന്തമാക്കാൻ ആഗ്രഹിക്കാത്ത ഒരു പ്രണയം

*ഒരിക്കൽ*

*ഒരിരുണ്ടരാത്രിയിൽ*

*ദേവതകൾ കടന്നുവന്ന്*

*എന്റെയുള്ളിൽ കുറേ*

*സ്നേഹത്തെ നിക്ഷേപിച്ചു*

*ഞാനുറങ്ങുമ്പോഴിയിരുന്നു*

*ഈ സ്നേഹദാനം*

*(1996:56)*

ഈ സ്നേഹമാണ് അവൾ പങ്കിടാൻ ആഗ്രഹിക്കുന്നത്. പക്ഷേ അത് പങ്കിടുന്നവൻ തന്നോട് സമഭാവത്തോടെ പെരുമാറണം എന്നവൾ ആഗ്രഹിക്കുന്നു.

*എന്നെങ്കിലും നീ*

*എന്റെയടുത്ത് വരുന്നുവെങ്കിൽ*

*ഒരു രാജാവ്*

*ദാസിയെ ക്കാണാൻ വരുന്ന*

*ഭാവം അരുത്*

.................................................

................................................

ഒരു സമ്രാട്ട്, മറ്റൊരു സമ്രാട്ടിനോടെന്നപോലെ

*ഒരു സ്നേഹിതൻ സ്നേഹിതനോടെന്നപോലെ*

*സമഭാവത്തോടെ നീ വരിക*

*(1196:60)*

സ്ത്രീപുരുഷസമത്വം പ്രണയത്തിലും ആവശ്യമാണെന്നാണ് കവയിത്രി സൂചിപ്പിക്കുന്നത്.

**3.1.3.9 സഹീറ തങ്ങൾ**

‘വിരഹകഥനങ്ങൾ’ എന്നുപേരിട്ടിരിക്കുന്ന ചെറിയ കവിതകളിൽ തനിക്കുള്ളിൽ പറഞ്ഞറിയിക്കാനാവാത്ത പ്രണയം സഹീറതങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു. കാമുകനെ ഒരു മുള്ളാണിയോടാണ് ഇവിടെ ഉപമിച്ചിരിക്കുന്നത്. വിരഹത്തിന്റെ വേദനയും ഈ കവിതകളിൽ ആവിഷ്കരിക്കുന്നു.

*വിരൂപനാം വിരഹമേ*

*ആത്മപ്രശംസയാൽ മൂടിയ*

*നിന്റെ ജന്മം*

*വെറുമൊരു പാഴ്ക്കനവ്*

*(2011: 13)*

വ്യത്യസ്തത പുലർത്തുന്ന കവിതയാണ് ‘കൂട്ട്’[16]

ഈ കൊച്ചുകവിത സ്ത്രീപുരുഷബന്ധത്തിൽ പരസ്പരസ്നേഹത്തിന്റേയും വിശ്വാസത്തിന്റെയും പ്രാധാന്യം എടുത്തുകാട്ടുന്നു.

പ്രണയം അനുഭവപ്പെടുന്നത് എങ്ങനെയെന്ന് വിശദീകരിക്കുകയാണ് 'പ്രണയവും ഞാനും' എന്ന കവിത

*ഹൃദയം ക്രമാതീതമായി മിടിക്കുമ്പോഴാണ്*

*കണ്ണുകൾ സജലങ്ങളായി*

*എന്തിനെയോ തേടുമ്പോഴാണ്*

*കൈകൾ രോമരാജികളെയന്വേഷിക്കുമ്പോഴാണ്*

*ചുണ്ടുകൾ വിളർച്ചയെ*

*വെറുക്കുമ്പോഴാണ്*

*ശരീരം മുജ്ജന്മ ബന്ധത്തിൽ*

*കൂടിച്ചേരുമ്പോഴാണ്*

*(2011 : 18)*

പ്രണയം സംഭവിക്കുന്നത് എന്നാണ് കവയിത്രി പറയുന്നത്

**3.1.3.10 ഇന്ദിരാ അശോക്**

'സ്നേഹം' എന്ന കവിത കാമുകനോട് പറഞ്ഞറിയിക്കാൻ കഴിയാതെ മനസ്സിൽ വിങ്ങുന്ന പ്രണയത്തെ ആവിഷ്കരിക്കുന്നു. യക്ഷൻ ചെയ്തത് പോലെ മേഘത്തിന്റെയടുത്ത് സന്ദേശമയക്കാൻ അവളാഗ്രഹിക്കുന്നു.

*ഒറ്റയ്ക്ക് നടക്കുമ്പോളോടിയെത്തുമിക്കാറ്റിൽ നിർഭരം*

*വിതുമ്പുന്ന സ്നേഹസന്ദേശം നിന്റെ*

*ഒത്തിരി നടക്കുവാനുണ്ടിനി*

*പകലുകളസ്തമിക്കുവാൻ*

*(2013 : 34)*

പറയാതെ പോകുന്ന പ്രണയം മനസ്സിന്റെ വേദനയാകുന്നത് ഈ കവിതയിൽ ദൃശ്യമാകുന്നു.

'പ്രപഞ്ചം പ്രേമാമൃതം' എന്ന കവിതയിൽ പ്രപഞ്ചം മുഴുവൻ പരക്കുന്ന പ്രേമത്തിന്റെ സ്ഫുരണം തന്റെ ഹൃദയത്തിലും തോന്നിത്തുടങ്ങുന്നതായി ആവിഷ്കരിക്കുന്നു.

'പ്രണയം' എന്ന പേരിട്ടിരിക്കുന്ന കവിതയിൽ പ്രണയത്തിനെക്കുറിച്ചുള്ള ആർദ്രചിന്തകൾ ആവിഷ്കരിക്കുന്നു.

*മഹാകാശത്തിൽ*

*അവിടെ ഞാൻ പെയ്യും മുകിലുകൾ*

*അതു കണ്ട് മദിയ്ക്കും പേടകൾ*

*ചുവടുകളിൽ ചൂളം കുത്തി*

*ധിമി നർത്തനമാടും കാറ്റുകൾ*

*(2013:42)*

ഇങ്ങനെ പ്രണയത്താൽ ആർദ്രമാകുന്ന മനസ്സിനെയാണ് ഈ കവിതയിൽ ചിത്രീകരിക്കുന്നത്.

**3.1.3.11 ലോപ**

ഏകപക്ഷീയ പ്രണയമാണ് 'കൺകെട്ട്' എന്ന കവിത

*കേൾക്കുവാൻ നീ വരുമെങ്കിൽ ഞാനായിരം*

*പാട്ടിലെ തേൻ തുള്ളിയാകാം*

*കാണുവാൻ നീ വരുമെങ്കിലോ പൂമഴ*

*ക്കൂടായ് കുട നീർത്തിയാടാം.*

*(2011:45)*

ഇങ്ങനെ തൻെറ ജീവിതത്തിലെ ഏതൊരവസ്ഥയിലും അവൻ വരാൻ അവൾ ആഗ്രഹിക്കുന്നു. അവൻ വന്നാൽ താനെന്താല്ലാമായി തീരുമെന്ന് അവൾ വിവരിക്കുകയാണ്.

പ്രണയം സ്വന്തം ബോധത്തെപ്പോലും ഇല്ലാതെയാക്കുന്ന കാഴ്ചയാണീ കവിതയിൽ അവിഷ്ക്കരിച്ചിരിക്കുന്നത്.

### 3.1.4 ആദർശാത്മക പ്രണയം

പ്രണയം ചിലപ്പോൾ ആദർശാത്മക പ്രണയമാകാറുണ്ട്. അത്തരം പ്രണയങ്ങൾ കവയിത്രികൾ എങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് ഈ ഖണ്ഡത്തിൽ അന്വേഷിക്കുന്നത്.

#### 3.1.4.1 ബാലാമണിയമ്മ

പ്രണയം ആദർശമായിത്തീരുന്ന ചില കവിതകൾ ബാലാമണിയമ്മ രചിച്ചിട്ടുണ്ട്. ദൈവാരാധനയുടെ ഒരുപരിവേശം പ്രണയത്തിനും കവയിത്രി നൽകുന്നതായി കാണാം.

'കണ്ണാടിച്ചുമരുകൾ' എന്ന കവിതയിൽ വഴികാണാതലയുന്ന ഒരു ദുഃഖ സ്വപ്നാനുഭൂതി വിവരിക്കുന്നു. ആ സ്വപ്നത്തിൽ ഒരു കൂറ്റൻ കെട്ടിടത്തിൽ വിജനമായ ഇടനാഴിയിൽ ഒറ്റയ്ക്കായി പോകുന്ന പ്രണയിനിക്ക് എവിടെ നോക്കിയാലും കണ്ണാടിച്ചുവരുകളിൽ തന്റെ പ്രതിബിംബം മാത്രമാണ് കാണാനാവുന്നത്. ആ ഭയപ്പെടുന്ന അന്തരീക്ഷത്തിൽ പ്രിയതമൻ വിളിക്കുകയാണ്. വാതിൽ തുറന്ന് ഇറങ്ങിപ്പോരൂ എന്ന് പറഞ്ഞ് അവളെ ഉണർത്തുകയാണ്. 'വിളി' എന്ന കവിതയിലും ഇറങ്ങിവരൂ എന്ന സന്ദേശമാണ് കാണുന്നത്. മുൾവേലിക്കപ്പുറത്തുനിന്നാണ് പ്രിയതമൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുന്നത്

*താമസം പൊറുക്കാതെ വിളിപ്പൂമേന്മേൽത്തോഴൻ*
*വാർമിന്നൽ പ്രകാശത്തിൽ മുൾവേലി തിളങ്ങുന്നു*
*ഒരു വാൾത്തലപോലെയൊരു മഞ്ഞലപോലെ*
*യൊരു പുഞ്ചിരിപോലെയൊരു നിർവൃതിപോലെ*

(2012 : 41)

എന്നിങ്ങനെ പ്രിയതമന്റെ ക്ഷണം തുടരുകയാണ്. ഭൗതിക ജീവിതത്തിലെ എല്ലാം ഉപേക്ഷിച്ച് ഇറങ്ങിവരാനാണ് പ്രിയതോഴൻ പറയുന്നത്. ആ ക്ഷണമങ്ങനെ തുടരുമ്പോൾ വീടുവിട്ടിറങ്ങാനും നിത്യതയിൽ ലയിക്കാനുമുള്ള വിളി ഗാഢമാകുന്നതായി കവയിത്രിക്ക് തോന്നുകയും മനസ്സിനെ അതിനു സജ്ജമാക്കുകയും ചെയ്യുന്നു. പ്രണയം ഇവിടെ ആദർശാത്മകമാകുന്നു.

പ്രേമം വിഷയമായിട്ടുള്ള രണ്ടു കഥാകവ്യങ്ങൾ ബാലാമണിയമ്മ എഴുതിയിട്ടുണ്ട്. ഒരു പ്രേമകഥ, വൃദ്ധകന്യക എന്നിങ്ങനെ രണ്ടും ആദർശാത്മക പ്രണയമാണ് വിവരിക്കുന്നത്. ആദ്യത്തേതിൽ ബൗദ്ധമത സ്വാധീനമുണ്ട്. രണ്ടാമത്തേത് മഹാഭാരതത്തിലെ ഒരു കഥയുടെ അംശമാണ്.

ഒരു പ്രേമകഥയിൽ സന്യാസിയായ യുവാവിന്റെ അനുഗ്രഹം വാങ്ങാനെത്തിയ പെൺകുട്ടിക്ക് സന്യാസിനിയോട് പ്രണയം തോന്നുകയാണ്. സന്യാസിക്ക് തിരിച്ചും ഒരു മുൻജന്മബന്ധം പോലെ അവളോട് പ്രണയം തോന്നിയെങ്കിലും തന്റെ സന്യാസജീവിതത്തിന് ഭംഗംവരുമെന്ന് കരുതി ആ പ്രണയം സന്യാസി അംഗീകരിക്കുന്നില്ല. ആ സന്യാസിയുടെ ഗൃഹത്തിൽ ഭിക്ഷുണിയായെങ്കിലും കഴിയാൻ അവൾ ആഗ്രഹിക്കുന്നു. പക്ഷേ സന്യാസി അവളെ ഉപദേശിച്ച് മടക്കി അയക്കുന്നു.

*മായികം സോദരീ നിഷ്ഫലം നശ്വരം*
*കായിക പ്രേമമിതെത്ര തുച്ഛം ?*
*പേമാരി പോലെയതാർത്തലച്ചെത്തുന്നു*
*ഹാ മാഞ്ഞു പോകുന്നു മിന്നൽപോലെ*

(2010 :119 )

തിരിച്ച് പോയ അവൾ ആത്മഹത്യ ചെയ്യുകയാണ്. അതിന് കാരണം താനാണെന്ന തോന്നൽ ആ സന്യാസിയെ പിന്നീട് ദുഃഖത്തിലാഴ്ത്തുന്നു.

'വൃദ്ധകന്യ' എന്ന കവിതയിൽ വൃദ്ധയായ ഒരു സന്യാസിനി പ്രണയസാഫല്യം നേടുന്നതായാണ് ചിത്രീകരിച്ചിരിക്കുന്നത്. തപസ്വിയായ അച്ഛന്റെയും അച്ഛന്റെ കൂടെയുള്ള മറ്റ് തപസ്വിമാരുടെയും കൂടെ ജീവിച്ച അവൾക്ക് പ്രണയവും ലൗകികജീവിതവും താൽപര്യമില്ലായിരുന്നു. ശിഷ്യന്മാരിലാരെയെങ്കിലും വരിക്കുവാൻ അച്ഛൻ ഉപദേശിച്ചെങ്കിലും അവൾ അംഗീകരിക്കുന്നില്ല.

എന്നാൽ വൃദ്ധയായി മരണത്തോടടുക്കുമ്പോൾ പ്രകൃതിയിലെ വസന്തവും കൊക്കുരമ്മിയിരിക്കുന്ന ഇണക്കുരുവികളുമൊക്കെ അവളുടെ മനസ്സിൽ ഇത്തരം ജീവിതാനന്ദം താൻ അനുഭവിച്ചില്ലല്ലോ എന്ന കുറ്റബോധം ഉണർത്തുന്നു. ജീവിതാനന്ദം തേടിയിറങ്ങിയ ആ വൃദ്ധകന്യക ഒരു യുവസന്യാസിയെ കണ്ടുമുട്ടുകയും ജീവിതധന്യതയറിയാനെന്നെത്തുണച്ചാലും എന്ന് അദ്ദേഹത്തോട് പറയുകയും ചെയ്യുന്നു.

*അകലുഷ വാങ്മന : കായങ്ങളാർജ്ജിച്ച*
*സുകൃതങ്ങളങ്ങയ്ക്കായർപ്പിക്കുന്നേൻ*

*(2005:264)*

എന്ന് പറഞ്ഞുകൊണ്ട് നിൽക്കുന്ന അവളോട്

*ചിരദീക്ഷിതവ്രതം ഭഞ്ജിച്ചു : ഭദ്രേ ഞാ-*
*നൊരുരാത്രി മാത്രം നിനക്കു നൽകാം.*

*(2005:264)*

എന്നു പറഞ്ഞുകൊണ്ട് സന്യാസി അവളോടൊപ്പം ഒരു രാത്രി പങ്കിടുന്നു. അങ്ങനെ

*അണുവോടണുവെയിണക്കും മഹത്ത്വത്തി*
*ന്നമരാനുഭൂതികൾ ഞാനറിഞ്ഞു*

*(2005:265)*

എന്നുപറഞ്ഞ് മരണത്തിലേക്ക് പോകാനൊരുങ്ങുന്ന ആ വൃദ്ധകാമുകിയെ പക്ഷേ പിരിയാൻ ആ യുവാവിനാകുന്നില്ല. പിരിയേണമെന്നവൾ ഉപദേശിക്കുന്നു. പിന്നീട് താൻ അയാൾക്ക് ബാധ്യതയാകുമെന്നവൾ പറയുന്നു.

*ഒഴിയാവൂ നിൻഭാവോന്നതികളിലുണ്മത*
*നൊളിയേറ്റിപ്പാഴ്ത്തൊണ്ടിന്നോർമനാളെ*

*(2005:265)*

എന്ന് ആശംസിച്ച് കൊണ്ട് അവളിറങ്ങുന്നു. ആദർശങ്ങൾ കൈവിടാതെ തന്നെ പ്രണയം സാക്ഷാത്കരിക്കുന്ന കാഴ്ചയാണ് ഈ കവിതയിൽ കാണുന്നത്.

**3.1.4.2 രാജലക്ഷ്മി**

രാജലക്ഷ്മിയുടെ ആദർശാത്മകപ്രണയം ആവിഷ്ക്കരിക്കുന്ന കവിതയാണ് ഒരു പ്രണയഗീതം. പ്രണയത്തിന്റെ ആദർശാത്മകതയാണ് ഈ കവിതയിൽ വർണ്ണിക്കുന്നത്. പ്രണയം വിടരുന്ന മനസ്സിന്റെ മോഹങ്ങൾ കവിതയിൽ വിവരിക്കുന്നു.

*പ്രണയത്തിനിത്തിരി പൂമ്പൊടി പാറവെ*
*കരിപുരണ്ടേറെ തണുത്തോരു പ്രാണനിൽ*
*ഉരുവാർന്നുയരുന്ന തിങ്കളിനെച്ചെന്നു*
*കൈതൊടാനാകും തിരക്കോളിളക്കം.*

*(2000:33)*

തിങ്കളിനെപ്പോലും കയ്യെത്തിപിടിക്കാൻ ആഗ്രഹിക്കുന്ന തരത്തിലുള്ള ഉൻമാദം മനസ്സിലുണ്ടാകുന്നതാണ് പ്രണയം.

'ആമിക്ക്' എന്ന കവിതയിൽ പ്രണയത്തെ പലതായി ചിത്രീകരിക്കുന്നു. എന്താണ് പ്രണയം എന്നുള്ള അന്വേഷണമാണവിടെ കവയിത്രി നടത്തുന്നത്. പുളിനങ്ങളില്ലാത്ത ജീവിതത്തിൽ ശാന്തപ്രവാഹത്തിലും പിടിതരാതൊരു പരൽമീൻ നമ്മുടെ ഉള്ളിലുണ്ട്. പുറമെ നിശ്ചലമെന്നു തോന്നിക്കുന്ന ആഴങ്ങളിൽ വെള്ളിനിറമാർന്ന ഒരു പിടച്ചിൽ പോലെയുണ്ടാകുന്ന ചലനം. അതിന്റെ പേരാവുമോ പ്രണയം എന്നാണ് കവയിത്രി ചോദിക്കുന്നത്. ഉടലെന്ന മൺപുറ്റിനെ അലിയിച്ചിറക്കുന്ന ഒരു വർഷസാന്ത്വനമായും പ്രണയത്തെ കവയിത്രി കാണുന്നു. ഉദാത്തമായൊരു ഭാവമേഖലയിലാണ് ഈ കവിത അവസാനിക്കുന്നത്.

*ഏതൊരു കാലൊച്ച*

*പേടിച്ചു ഞങ്ങളീ*

*വാഴ്വിന്റെ കൂട്ടിൽ ചുരുങ്ങി ഒളിക്കുന്നു*

*ആ മഹാ സന്നിധിക്കായി നീ*

*ഇത്ര നിർവേദയായ്*

*ഇരുളിൻ ശിരോവസ്ത്രമിട്ടുനില്പോ*

*(2000:51)*

പ്രണയം സാക്ഷാത്ക്കരിക്കാനുള്ള ശ്രമങ്ങളെയാണ് ഇവിടെ പരാമർശിക്കുന്നത്. മനസ്സിൽ വർണ്ണോത്സവത്തിന്റെ കാഴ്ചകൾ നിറക്കുന്നതും എല്ലാ ദു:ഖങ്ങളേയും മായ്ച്ചുകളഞ്ഞ് സന്തോഷം പകരുന്നതുമാണ് പ്രണയം എന്നാണ് രാജലക്ഷ്മി തന്റെ കവിതകളിൽ പറഞ്ഞുവെക്കുന്നത്.

**3.1.4.3 സുഗതകുമാരി**

സ്വപ്നഭൂമി എന്ന സമാഹാരത്തിലെ 'പോരൂ' എന്ന കവിതയിൽ ആദർശാത്മക പ്രണയം ആവിഷ്ക്കരിച്ചിരിക്കുന്നു. ആരോ തന്നെ വിളിക്കുന്നതായി കവയിത്രിക്ക് അനുഭവപ്പെടുകയാണ്. ആരാണെന്നറിയാനുള്ള അന്വേഷണമാണ് പിന്നീട്.

*എത്തുകയില്ലീ നീളും കൈകൾ*

*ക്കപ്പൊൻചേവടിയതിനാലഴലിൻ*

*പുത്തനിരുട്ടിൽ പിന്നിൽ മറഞ്ഞു*

*ചിരിക്കുകയോ പൂവമ്പിളിയായ് നീ*

*(2006:100)*

തന്നെ വിളിക്കുന്ന ആളുകൾ തന്നെ സ്നേഹിക്കുന്നു. അത് കൊണ്ട് ഈ ദു:ഖകരമായ ലോകത്ത് നിന്ന് തന്നെ വിളിക്കുന്നു. പ്രകൃതിയാകെ അവന്റെ വിളിയിൽ മാറ്റൊലി കൊള്ളുന്നു. ആ വിളി സ്വീകരിക്കാൻ കഴിയാതെ കവയിത്രി ശങ്കിച്ചു നിൽക്കുകയാണ്. ഇവിടെ പ്രകൃതി തന്നെയാണ് ആ കാമുകൻ.

*എങ്കിലുമഴലിന്നുള്ളിൽ മയങ്ങി*

*യുറങ്ങുമ്പോളെൻ മിഴിയുടെ വാതിലി*

*ലെന്തിനു മുട്ടി വിളിപ്പൂകൈയ്യിൽ*

*പുഞ്ചിരിപോലൊരു ദീപവുമായ് നീ.*

*(2006:100)*

ഉദിച്ചുയരുന്ന സൂര്യൻ തന്നെയാണാ ദീപം. ഇത്തരത്തിൽ പ്രകൃതിയെ തന്നെ കാമുകനായികാണുന്നതാണ് ഈ കവിത.

പാവംമാനവഹൃദയം എന്ന സമാഹാരത്തിലെ 'അത്രമേൽ സ്നേഹിക്കയാൽ' എന്ന കവിതയിൽ സഫലമായ ദാമ്പത്യജീവിതമാണ് ചിത്രീകരിക്കുന്നതെങ്കിലും ആദർശപ്രണയത്തിൻെറ ഭാവങ്ങൾ കൂടി കടന്നുവരുന്നു. പാവമായൊരു പെണ്ണിനെ സ്വീകരിച്ച് അവളെ സ്നേഹിക്കുന്ന അയാൾക്ക് കൽപസുമങ്ങളാൽ നിർമ്മിച്ച അനശ്വരകിരീടം കവയിത്രി നൽകുകയാണ്. പിന്നീട് അവരുടെ ജീവിതം തളിർക്കുന്നതും പൂക്കുന്നതും കവിതയിൽ ആവിഷ്ക്കരിക്കുന്നു.

*അങ്ങു കണ്ണനായ് കാൽക്ക*
*ലിരുന്നു തണ്ണീർക്കുടം*
*മണ്ണിലായ് ചരിഞ്ഞതും*
*മറന്നു ഞാനാം രാധ*
*പണ്ടത്തേയോടക്കുഴൽ*
*പാടുകയായീ വീണ്ടു*
*മെൻെറ കാൽചിലങ്കക*
*ളിളകി മദോൻമത്തം*

*(2006:163)*

എന്നു പറയുന്നിടത്ത് അവരുടെ പ്രണയം രാധാമാധവപ്രണയം പോലെ ഉദാത്തമാകുന്ന കാഴ്ചയാണ് കാണുന്നത്. അവരുടെ സ്നേഹം എന്നും നിലനിൽക്കും എന്നും കവയിത്രി വിചാരിക്കുന്നു.

പാതിരാപ്പൂക്കൾ എന്ന സമാഹാരത്തിലെ 'ഒരു കൈനിറയെ വെളിച്ചം' എന്ന കവിതയിൽ തന്നിൽ വെളിച്ചം വാരിയെറിഞ്ഞ് കൊണ്ടുവന്ന വിശുദ്ധപ്രണയമാണ് ആവിഷ്ക്കരിക്കുന്നത്. തൻെറ ഹൃദയത്തിലേക്കെത്തിയ ആ വെളിച്ചം തന്നിലും തൻെറ പ്രകൃതിയിലുമുണ്ടാക്കുന്ന മാറ്റങ്ങൾ നിരവധിയാണ്.[17]

തന്നിലും പ്രകൃതിയിലും ഉണ്ടായ മാറ്റങ്ങൾ തൻെറ മനസ്സിൽ തോന്നിയ ഉദാത്തമായ പ്രണയം തന്നെയാണെന്ന് കവയിത്രി സൂചിപ്പിക്കുന്നുണ്ട്.

തളിരുപോലെയും താരംപോലെയും പൂപോലെയും വെളിച്ചത്തിൻെറ കതിർപോലെയും നീലാകാശം പോലെയും ഉള്ള ഒരു അനുരാഗത്തെക്കുറിച്ചാണ്

'അനുരാഗം' എന്ന കവിത. എന്തിനാണെന്നറിയാതെ കവയിത്രി സ്നേഹിക്കുന്നു. ആ സ്നേഹത്തിൽ പ്രകൃതിയിലെ ഒരോ വസ്തുവും അലിഞ്ഞുചേർന്നിട്ടുണ്ട്. താൻ വളരെയധികം സ്നേഹിക്കുന്നത് എന്തിനാണെന്ന് അന്വേഷിക്കുകയാണ് ഈ കവിത.

*അറിവീലെന്തിനായി*
*സ്നേഹിച്ചിട്ടു നിന്നെക്കുതി*
*ച്ചുരുളും ഭൂവിൻ കോണിൽ*
*വിറക്കും ചില്ലത്തുമ്പിൽ*
*ഒരു ബിന്ദുവായ് തങ്ങി*
*ത്തിളങ്ങും ഞാനെന്നുള്ളൂ*
*നിറയെ പ്രതിഷ്ഠിച്ച*
*തെന്തിനായ് തവ രൂപം*

*(2006:280)*

മനസ്സിൽ ആ രൂപം പ്രതിഷ്ഠിച്ച് അതിനെ ആരാധിക്കുന്ന തരത്തിലുള്ള ഈ സ്നേഹം ആദർശാത്മകമാണ്.

**3.1.4.4 ദേവി**

'ഹരി വരൂ വരൂ' എന്ന കവിത ആദർശാത്മക പ്രണയത്തിന് ഉദാഹരണമാണ് വെണ്ണകട്ടെടുത്തു കൊള്ളാൻ പറഞ്ഞുകൊണ്ട് ഹരിയെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുന്നതായാണ് കവിതയുടെ അവതരണമെങ്കിലും ആദർശാത്മക പ്രണയത്തിന്റെ ഭാവങ്ങൾ ആ കവിതയിലുടനീളം കണ്ടെത്താനാകും[18]

താനിതുവരെ കാത്തുവെച്ച തൻെറ പുണ്യമെല്ലാം വെണ്ണയായി കരുതി ഉണ്ണിക്കണ്ണനോട് എടുത്തുകൊള്ളാനാണ് കവയിത്രി ആവശ്യപ്പെടുന്നത്.

'ഹരി നിനക്കായ് കരുതി കാത്തു ഞാൻ' എന്ന കവിതയിലും ഹരിയോടുള്ള ആദർശാത്മകപ്രണയമാണ് പ്രകടമാക്കുന്നത്.തന്നിലേക്കണയാനും തന്നിലുറഞ്ഞു കൂടിയ എല്ലാ വികാരങ്ങളും ഏറ്റെടുത്ത് തന്നെ മുക്തയാക്കാനുമാണ്.കവയിത്രി ആവശ്യപ്പെടുന്നത്.

*മുട്ടിക്കുടിക്കുക മണിക്കുട്ടനെന്നുയിരു*
*മുത്തട്ടെ നിർവൃതി പദം*

*കെട്ടികുരുങ്ങിയിടനെഞ്ഞിൽക്കനത്ത വിഷ*

*മൊട്ടാകെ നീ നുകരണം.*

*(1995:52)*

അതിനായി ഞാൻ ഏറെ കാലമായി നിന്നെ തിരഞ്ഞ് നടക്കുന്നു. നിന്നെ കാത്തിരിക്കുന്നു എന്നാണിവിടെ കവയിത്രി പറയുന്നത്.

*ഇരുളുറങ്ങുന്ന തെളിഞ്ഞ മെയ്യുമായ്*

*ലളിത ഞാൻ നിന്നെ തിരഞ്ഞു പാടുന്നു.*

ഒടുവിൽ ഞാൻ ഒരുക്കി വെച്ച തൻെറ ജീവിതമാകുന്ന മധു നുകരാൻ ഹരിയെത്തുകയും തൻെറ ജന്മം സഫലമാകുന്നതായും കവയിത്രി വിഭാവനം ചെയ്യുന്നു.

*ഹരി നിനക്കിനി പിരിയുവാനാവി*

*ല്ലിവളെ നാമൊന്നായലിഞ്ഞു ചേർന്നല്ലേ.*

*(1995:55)*

തന്നിലുള്ള കപടചിന്തകളും വികാരങ്ങളും ഇല്ലാതെയാക്കി തെളിഞ്ഞ മനസ്സ് തനിക്ക് നൽകുവാനാണ് കവയിത്രി ഹരിയോടാവശ്യപ്പെടുന്നത്. ആദർശാത്മകതയാണ് ഈ പ്രണയത്തിൽ മുന്നിട്ടു നിൽക്കുന്നത്.

**3.1.4.5 കനകശ്രീ**

ആദർശാത്മകപ്രണയം കനകശ്രീയുടെ കവിതകളിലും കാണാൻ കഴിയുന്നുണ്ട്. ഉദാഹരണത്തിന് 'തപസ്സ്' എന്ന കവിത. ദേവനെ തപസ്സ് ചെയ്തിരിക്കുന്ന ഒരു പ്രണയിനിയെയാണ് ഈ കവിതയിൽ കാണുന്നത്. ദേവൻെറ പട്ടമഹിഷിയായിരിക്കാനല്ല വെറും ദാസിയായി പാദസേവ ചെയ്യാനാണവൾ ആഗ്രഹിക്കുന്നത്. ആ ആഗ്രഹം സഫലമാകാൻ ദേവൻ തന്നെ അനുഗ്രഹിക്കും വരെ താൻ തപസ്സിൽ തുടരുമെന്നവൾ പറയുന്നു.

*അവിടുന്നെന്നെ സ്വർണ്ണരഥത്തിലേറ്റിക്കൊണ്ട*

*ങ്ങരമനയിലെത്തിച്ചേർക്കും മുഹൂർത്തം വരെ*

*തനിച്ചിവിടെത്തന്നെ തപസ്സിരുന്നീടും ഞാ*

*നെനിക്കിന്നതിൻമീതെ വേറെയെന്തുള്ളൂ കർമ്മം.*

*(1990:11)*

അവിടുത്തെ അരമനയിലെത്തുന്നതിൽ കവിഞ്ഞ് ഭൂമിയിൽ മറ്റൊരു കർമ്മവും ചെയ്യാനില്ലെന്ന് കവയിത്രി പറയുന്നു.

'കാണാത്ത കാമുകൻ' എന്ന കവിതയിൽ തന്നെ തേടി നടക്കുന്ന ഏതോ ഒരു കാമുകനുണ്ടെന്ന് കവയിത്രി സങ്കൽപ്പിക്കുകയാണ്. ആ കാമുകനെക്കുറിച്ചുള്ള അന്വേഷണമാണീ കവിത. അവർ തമ്മിൽ ഇതുവരെ കണ്ടിട്ടില്ലെങ്കിലും അവൾക്ക് വേണ്ടിയാണയാൾ ജീവിക്കുന്നത്. ആ പ്രണയം ഒരുതരം ഭ്രാന്തായി മാറിയിരിക്കുന്നു. അയാൾ ഇടക്കിടക്ക് കരയുകയും ചിരിക്കുകയും ചെയ്യുന്നു. റോഡിൻെറ നടുവിൽ കയറി കിടക്കുന്നു. ഇങ്ങനെ ഭ്രാന്തനായി മാറിയ ഒരു കാമുകനാണ് അയാൾ. എന്നാലും പരസ്പരം കാണാത്ത അവർക്ക് തമ്മിൽ പ്രണയമാണ്.

*കാണാത്തൊരുത്തിയിലുണ്ടാവതെങ്ങിനെ*

*പ്രാണനെക്കാളുമീ സ്നേഹം*

*എങ്കിലാ സ്നേഹത്തിനെല്ലാമുപരിയാ*

*യെന്താണിവൾക്കിനി വേണ്ടൂ.*

*(1990:37)*

ഇവിടേയും ഉദാത്തമായ പ്രണയമാണ് കാണുന്നത്.

**3.1.4.6 വിജയലക്ഷ്മി**

വിജയലക്ഷ്മി കവിതകളിൽ ആദർശാത്മക പ്രണയം കൂടുതലായി കാണാം. 'തുണ', 'പ്രണയത്തിൽ കാണുക നിലാവിനെ',സ്വപ്നായനം തുടങ്ങിയ കവിതകളെല്ലാം ഇതിനുദാഹരണമാണ്. പ്രണയത്തിൽ ആദർശാത്മകത വരുമ്പോൾ പ്രണയിക്കുന്ന ആൾ ഒരു ആദർശപുരുഷനോ സ്ത്രീയോ ആയി മാറുന്നു.

പ്രണയത്തെ മനോഹരമായ ഒരു സൗഹൃദമായാണ് തുണ എന്ന കവിതയിൽ സങ്കൽപ്പിച്ചിരിക്കുന്നത്. മരുഭൂമിയാകുന്ന തൻെറ ഹൃദയത്തെ ഹരിതകമാക്കാനാണ് പ്രാണസഖാവിനോട് കവയിത്രി ആവശ്യപ്പെടുന്നത്. ആ സഖാവ് തൻെറയരികിലണയുമ്പോൾ കുന്നിൻചെരുവിൽ പുതിയ പുൽനാമ്പുകൾ തളിരിടുന്നതായി കവയിത്രിക്ക് തോന്നുന്നു. ഒരു ആദർശപുരുഷനായിട്ടാണ് ഈ സഖാവിനെ കവയിത്രി പറഞ്ഞുവെക്കുന്നുത്.

'പ്രണയത്തിൽ' എന്ന കവിതയിൽ തൻെറ പ്രണയത്തിലെ ആദർശപുരുഷനെ അന്വേഷിക്കുകയാണ് കവയിത്രി.

*എന്റെ പാപത്തിലേറ്റം മധുരമേ*

*എന്റെ പ്രേമത്തിലേറ്റമഗാധമേ*

*(2010:151)*

എന്നാണയാളെ കവയിത്രി സംബോധന ചെയ്യുന്നത്.

*പഞ്ജരത്തിലെ പക്ഷിയല്ല മേഘ*

*മണ്ഡലത്തിൽഗരുഡനാകുന്നു ഞാൻ*

*എന്റെ ചിറകിന്നു മേലന്തിമ*

*ദണ്ഡമേൽപിക്കിലെന്തു ലോകാധിപൻ*

*ഇന്ദ്രചാപമെൻ കയ്യൊപ്പു ചോന്നെഴു*

*മന്തിവാനമാണെൻ പ്രേമലേഖനം.*

(2010 :152)

എന്നു പറയുന്നിടത്ത് കവിയിത്രിയുടെ പ്രണയത്തിന്റെ അർത്ഥം നമുക്ക് ബോധ്യമാവുന്നു.

കാണുക നിലാവിനെ എന്ന കവിതയിൽ പരസ്പരം കാണാനാകാത്ത, ഒന്നും പങ്കുവെക്കാനാകാത്ത, എന്നാൽ ഉള്ളിൽ നിറഞ്ഞൊഴുകുന്ന ഒരു പ്രണയമാണ് ആവിഷ്ക്കരിക്കുന്നത്. ഒന്നും പങ്കുവെക്കാനാകുന്നില്ലെങ്കിലും ഉള്ളിൽ ഒഴുകി പരക്കുന്ന നിലാവിനെ പങ്കുവെക്കാമെന്നാണ് കവയിത്രി പറയുന്നത്.

*എനിക്കു തരാനില്ല മറ്റു സാന്ത്വനങ്ങൾ,*

*നിൻ രഥത്തിൽ തേരാളിയായ് ഒപ്പമുണ്ടാവാൻ വയ്യ.*

*നിന്റെ സംഘർഷത്തിൽ ഗീതയോതുവാൻ വയ്യ.*

*നിന്റെ ദൂതുമായ് ശത്രു പാളയം പൂകാൻ വയ്യ.*

(2010:191)

ഒരു ദു:ഖത്തിലും പങ്കുചേരാനോ മറ്റൊരു കാര്യത്തിലും സഹായിക്കാനോ തനിക്കാവില്ലെന്ന് കവയിത്രി തുറന്നു പറയുന്നു. എങ്കിലും ആ സഖാവിനോട് തങ്ങൾ ഒരു പോലെ കാണുന്ന ആ നിലാവിനെ പങ്കുവെക്കാൻ, തന്റെ പ്രണയത്തെ പങ്ക് വെക്കാൻ കവയിത്രി ആവശ്യപെടുകയാണ്.

'സ്വപ്നായനം' എന്ന കവിതയിൽ കവിതയാണ് പ്രണയിതാവ്. കവിതയോടുള്ള തൻെറ പ്രണയം കവയിത്രി പങ്കുവെക്കുന്നു. തമ്മിൽ ആദ്യം കണ്ടതെന്നാണെന്നും തൊട്ടതെന്നാണെന്നും കവയിത്രി ഓർത്തെടുക്കുന്നു. തനിക്കവൾ നൽകിയതെന്താണെന്ന് പിന്നെ കവയിത്രി ചിന്തിക്കുന്നത്.

*തന്നതുകൈക്കുമ്പിളിൽ ദാഹനീരിനെ*

*തന്നൂ നിലക്കാത്തൊരീ പ്രണയത്തിനെ*

*തന്നതു രാവെളുപ്പോളം നിലാവിനെ*

*(2010:262)*

എങ്കിലും താൻ കവിതയെ പ്രണയിക്കുന്നു. അതിന് വേണ്ടി മാത്രം ജീവിതം മാറ്റി വെച്ചിരിക്കുന്നു.[19]

### 3.1.4.7 സാവിത്രി രാജീവൻ

'നോക്കിക്കൊണ്ടിരിക്കെ പ്രണയം' എന്ന കവിതയിൽ ആദർശാത്മകമായ പ്രണയമാണ് ആവിഷ്ക്കരിക്കുന്നത്. വ്യത്യസ്തമായ ഒരു ആഖ്യാനമാണ് ഈ കവിത. പ്രണയം കണ്ണുകളിൽ നിന്നും ചുണ്ടുകളിൽ നിന്നും ഹൃദയത്തിൽ നിന്നും ഇറങ്ങി വർത്തമാനത്തിൻെറ പടവുകളിൽ നടക്കുകയാണ്. വർത്തമാന ലോകത്തെ കാഴ്ചകളൊന്നും ആപ്രണയത്തെ സ്വാധീനിക്കുന്നില്ല. സാധാരണ പ്രണയിതാക്കളുടെ ഇടങ്ങളിലൊന്നും അത് കയറി ചെല്ലുന്നില്ല. അത് ഭൂതകാലത്തിൻെറ പടവുകളിലേക്കാണ്.

*നോക്കി ക്കൊണ്ടിരിക്കെ*
*എൻെറ പ്രണയം ചക്രവർത്തിയേയും പ്രണയിനിയേയും തിരഞ്ഞ്*
*വെണ്ണക്കൽ പടവുകൾ കയറി*
*ഭൂതകാലത്തിലേക്ക് പോയി.*
*(2007:89)*

ഷാജഹാൻെറയും മുംതാസിൻെറയും പ്രണയത്തിലേക്കാണ് കവയിത്രിയുടെ ഇറങ്ങിപോയ പ്രണയം ഒടുവിൽചെന്നെത്തുന്നത്. ഉദാത്തമായ ആദർശാത്മകമായ പ്രണയമാണത്.

'നിനക്കും നിനക്കും തമ്മിലെന്ത്' എന്ന കവിതയിലും പ്രണയത്തിൻെറ അർത്ഥം അന്വേഷിക്കുകയാണ് കവയിത്രി.

*എൻെറ കാഴ്ചകൾക്കും*

*ഞാൻ കേട്ട ഗീതികൾക്കും*

*നിനക്കും തമ്മിലെന്ത് നീ ചോദിക്കുന്നു.*

*(2009:110)*

എനിക്കും നിനക്കും തമ്മിലെന്ത് എന്ന് ആവർത്തിച്ചിട്ടുള്ള ചോദ്യങ്ങളും കണ്ടെത്തലുകളും ഇതാണോ പ്രണയം എന്നതിന്റെ അന്വേഷണമാണ്. ഒരു ആദർശാത്മകമായ പ്രണയമാണ് കവയിത്രിയുടെ ഉള്ളിലുള്ളത്. അതാണ് ഈ കവിതയിൽ തെളിയുന്നതും.

'പ്രണയം' എന്ന പേരിൽ തന്നെയെഴുതിയ മറ്റൊരു കവിതയിലും പ്രണയമെന്താണെന്നുള്ള അന്വേഷണം തന്നെയാണ് നടത്തുന്നത്.

*പ്രണയം*

*ഒരു മുദ്രയിൽ ഒതുക്കാമെന്ന് കഥകളി*

*ശ്രീകൃഷ്ണ ലീലയിൽ കാണാമെന്ന് അഷ്ടപദി*

*കടൽ വിഴുങ്ങിയ കുടത്തിലാണ് അതിന്റെ സ്ഥാനമെന്ന്*

*പരിശുദ്ധ നിയമം*

*അതല്ല പ്രണയം ഇല്ലാത്ത ഒരാപ്പിൾ തോട്ടമെന്ന്*

*യുക്തിവാദികൾ* *(2009:124)*

ഇങ്ങനെ എന്താണ് പ്രണയമെന്ന് കവയിത്രി അന്വേഷിച്ചുചെല്ലുന്നു. പുതിയ കാലത്ത് ഇൻറർനെറ്റിൽ പ്രചരിക്കപ്പെടുന്നതാണോ പ്രണയമെന്നും കവയിത്രി ചോദിക്കുന്നുണ്ട്.

**3.1.4.8 വി. എം. ഗിരിജ**

വി.എം. ഗിരിജയുടെ 'ധ്രുവം തൊട്ട് ധ്രുവം വരെ' എന്ന കവിതയിൽ പ്രണയത്തെ ആദർശവൽക്കരിക്കുന്നു. ഉടലും പ്രണയവും തമ്മിലുള്ള ബന്ധമാണിവിടെ അന്വേഷിക്കുന്നത്. പ്രണയത്തിന് ഉടലിന്റെ ആവശ്യമെന്ത് എന്നുള്ള ചോദ്യം പ്രസക്തമാണ്. പ്രേമത്തിന് കണ്ണില്ല എന്ന ചൊല്ലിനെപ്പോലെ പ്രണയം ഉടലിൽ നിന്നുണ്ടാകുന്ന വികാരം മാത്രമല്ല എന്ന് കവയിത്രി സൂചിപ്പിക്കുന്നു. പ്രണയത്തിലെ ആദർശം ഇവിടെ വെളിവാകുന്നു.

### 3.1.4.9 അനിത തമ്പി

'പ്രണയത്തെപ്പറ്റി പഴയ മട്ടിൽ' എന്ന കവിതയിൽ ആദർശാത്മകപ്രണയം ആവിഷ്ക്കരിച്ചിരിക്കുന്നു. പച്ചയായ പെൺകുട്ടിക്കുവേണ്ടി പ്രകൃതി തന്നെ വരക്കുന്ന പ്രണയചിത്രങ്ങളാണ് ഈ കവിതയിൽ പരാമർശിച്ചിരിക്കുന്നത്.

*നീലവാനം വരക്കുന്നു മിന്നൽ*
*മാരി വില്ലുകൾ, കാർമുകിൽമാല*
*മാറി മാറി, വളർനീബിംബം*
*കൊച്ചു കൊച്ചു നക്ഷത്രങ്ങൾ, സൂര്യൻ*

(2010:44)

ഇതാണ് പ്രകൃതിയുടെ പ്രണയചിത്രം. ഈ വാനിൻെറ ചിത്രവേലകൾ നിത്യം കാണുന്നുണ്ട്. ആ പച്ചയായ പെൺകുട്ടി ജീവിതദുരിതങ്ങളാകുന്ന വെള്ളക്കെട്ടിൽ വീണുപോകാതെ അവളെ ഉയർന്നുവരാൻ പ്രാപ്തമാക്കുന്നത് ഈ പ്രകൃതി ദൃശ്യങ്ങൾ തന്നെയാണ്. അവയെല്ലാം അവളിൽ പ്രണയം നിറക്കുന്നു. പ്രണയം അവളെ തളിർക്കാനും പൂക്കാനും പ്രേരിപ്പിക്കുന്നു.

### 3.1.4.10 റോസ്മേരി

ഒരിക്കലും കണ്ടിട്ടില്ലാത്ത മരണപ്പെട്ടുപോയൊരു യുവാവിനോട് തോന്നുന്ന ആദർശാത്മകപ്രണയം ആവിഷ്ക്കരിക്കുന്ന കവിതയാണ് 'പ്രജ്ഞയിൽ ഒരു മുഖം'. മൈത്രേയൻ എന്നാണവൻെറ പേര്. ഒരു ദിനപത്രത്താളിലെ ചരമക്കുറിപ്പിലാണ് അവൻെറ മുഖം ആദ്യമായി കവയിത്രി കാണുന്നത്. അതോടെ ആ മുഖം അവരുടെ പ്രജ്ഞയിൽ നിറഞ്ഞു നിന്നു.[20]

മരിച്ചുപോയി എന്നറിഞ്ഞിട്ടും നേരിൽ കാണാത്ത അയാളെ സ്നേഹിക്കുകയാണ് കവയിത്രി. തനിക്കുമുന്നിൽ പ്രത്യക്ഷപ്പെടാതെ തന്നെ പ്രണയിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ആദർശരൂപമായ കാമുകനെയാണ് 'യക്ഷരാഗം' എന്ന കവിതയിൽ റോസ്മേരി അവതരിപ്പിക്കുന്നത്. സർവ്വം നിശ്ശബ്ദമായിരിക്കുന്ന രാത്രിയിൽ കാറ്റിൻെറ തേരിലേറി വരുന്ന ആ കാമുകന് രൂപമില്ലായിരുന്നു. അവൻ വന്ന് അവളിൽ പ്രണയം വിതറി അകന്നുപോവുകയാണ്. ആദർശപരമാണ് അവൻെറ പ്രണയം.

*അവൻ കഴുത്തിലണിഞ്ഞ വനമാലയിൽ നിന്നും*
*ഹിമകണങ്ങളടർന്ന്,*

*എന്റെ മാറിടങ്ങളിൽ വീണു ചിതറി*
*അവയെ ശൈത്യ നിദ്രയിൽ നിന്നുണർത്തി*
*കാട്ടുപൂക്കളുടെ മദഗന്ധം*
*സിരകളിൽ പടരവേ*
*അവന്റെ കാൽചിലമ്പിന്റെ ശബ്ദമകന്നു പോകുന്നതും*
*കാറ്റിന്റെ രഥം നിലാവിലലിഞ്ഞ്*
*അദൃശ്യമായ് തീരുന്നതും ഞാനറിഞ്ഞു.*

(1998:24)

ഇവിടെയുള്ള കാമുകന്റെ വർണ്ണന ശ്രീകൃഷ്ണനെ ഓർമ്മിപ്പിക്കും. കഴുത്തിലണിഞ്ഞ വനമാലയും, കാൽചിലമ്പും എല്ലാം ശ്രീകൃഷ്ണന്റേതാണ്. ശ്രീകൃഷ്ണൻ എന്നത് സ്ത്രീകളിലെല്ലാം നിറഞ്ഞുനിൽക്കുന്ന കാമുക സങ്കൽപ്പമാണ്. അതാണ് ഇവിടേയും കാണുന്നത്.

ഈ കവിതയിലെ കാമുകൻ അവൾക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നേയില്ല. അവളിൽ മോഹം നിറച്ച് അവന്റെ അദൃശ്യ സാമിപ്യം അവിടെ ഒഴുകി നടക്കുന്നതായി അനുഭവപ്പെടുന്നു. അതൊരു ഗന്ധർവ്വനാണെന്ന് അവൾ സങ്കൽപ്പിക്കുന്നു. അതുകൊണ്ടാണ് അവൾ ഇങ്ങനെ ചോദിക്കുന്നത്.

*ഭൂമിയിലെ സ്ത്രീകൾക്കും കിന്നരൻമാർക്കുമിടക്കെ*
*ന്തിനാണ് ഇത്ര കനത്തൊരു*
*കൽഭിത്തി തീർത്തത്*
*ഉൺമക്കും കനവിനുമിടക്ക്*
*എന്തിനാണ് ഇത്ര ഭാരിച്ചൊരു*
*മുൾവേലി ചമച്ചത്?*

(1998:26)

**3.1.4.11 അമൃത**

വിശുദ്ധിയിലലിയുന്ന പ്രണയസങ്കൽപ്പമാണ് അമൃതയുടെ 'വഴിവിളക്ക്' കവിത. ആദർശത്തിലൂന്നിയ പ്രണയമാണ് ഇവിടെ വിവരിക്കപ്പെടുന്നത്.

*വസന്തം വിരിയാത്ത വഴികളിൽ*
*നിലാവു വീഴാത്ത തീരങ്ങളിൽ*
*തണലുകളില്ലാത്ത യാത്രയിൽ*

*കൂരിരുട്ടിൽ എന്നും*

*നീയെനിക്കായ് തെളിയുന്ന താരകം*

(2008:26)

'തണൽ', 'മൃതിക്കപ്പുറം', എന്നീ കവിതകളിലും ആദർശാത്മക പ്രണയത്തിന്റെ ആവിഷ്ക്കാരങ്ങളാണുള്ളത്. തണൽ എന്ന കവിതയിൽ തനിക്ക് തണലായി മാറുന്ന പ്രണയത്തെപ്പറ്റിയാണ് കവയിത്രി പാടുന്നത്.[21]

മൃതിക്കപ്പുറം എന്ന കവിതയിൽ തനിക്ക് ഒരു ജന്മം കൂടി കിട്ടാൻ ആഗ്രഹിക്കുന്നു. കാരണം തന്റെ പ്രിയൻ മരിച്ചുപോയിരിക്കുന്നു. അതുകൊണ്ടുതന്നെ തനിക്കും മരിച്ച് പുനർജനിക്കണം. അതും ആ പ്രിയനോടൊപ്പം തന്നെ ജീവിക്കണം. ഈ ജൻമത്തിൽ അവന് നൽകാൻ കഴിയാതിരുന്ന മുഴുവൻ സ്നേഹവും ഇനിയുള്ള ജൻമത്തിൽ നൽകാൻ അവൾ ആഗ്രഹിക്കുന്നു.

*അവന്റെ മുറിവുകളാൽ  കുളിർ വിരലുഴിയുന്ന*

*വാത്സല്യമായ്*

*അവന്റെ പ്രാണന്റെ യോരോ തുടിപ്പിലും*

*നിറഞ്ഞു തൂവുന്ന അനന്ത പ്രണയമായ്*

*എനിക്കിനിയും പുനർജനിക്കണം*

(2006 :62)

എന്നു പറയുന്നിടത്ത് പൂർത്തീകരിക്കാൻ കഴിയാത്ത പ്രണയജീവിതം വീണ്ടും ലഭിക്കാൻ ആഗ്രഹിക്കുന്ന പ്രണയിനിയെയാണ് ആവിഷ്ക്കരിക്കുന്നത്.

**3.1.4.12 റോസി തമ്പി**

ബൈബിൾ ബിംബങ്ങളും ആദർശങ്ങളും അതിലെ കഥാപാത്രങ്ങളുമൊക്കെ റോസി തമ്പിയുടെ പ്രണയകവിതകളിൽ ഇടം പിടിക്കുന്നുണ്ട്. അത്തരമൊരു കവിതയാണ് 'ഹാഗർ'. ഇസ്രായേൽ ജനത്തിന്റെ പിതാവായ അബ്രാഹത്തിന്റെ പത്നി സാറായുടെ ദാസിയായിരുന്നു ഹാഗർ. അവർക്ക് അബ്രാഹത്തിൽ ഉണ്ടായ പുത്രനാണ് ഇസ്മയിൽ

അബ്രാഹത്തിനോട് ഹാഗറിനുള്ള പരിശുദ്ധ പ്രണയമാണ് ഹാഗർ എന്ന കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. അബ്രഹാം ഹാഗറിനെ ഉപേക്ഷിച്ചെങ്കിലും അദ്ദേഹത്തോടുള്ള പ്രണയം അവർ മനസ്സിൽ സൂക്ഷിക്കുന്നു.

*അബ്രാം*

*സ്നേഹത്തിൻെറ ജ്വാല കൊണ്ട്*

*നീ എൻെറ ആഴത്തെ പൊള്ളിച്ചു.*

*മുറിവുണങ്ങും മുമ്പേ*

*പ്രഭാതത്തിൽ*

*കുറേ അപ്പവും*

*ഒരു തുകൽ സഞ്ചി വെള്ളവും*

*എൻെറ ചുമലിൽ വെച്ച്*

*നീ കൈകഴുകി*

(2017:29)

പുരുഷനാൽ വഞ്ചിക്കപ്പെട്ടാലും ആ സ്നേഹം പവിത്രമായി കരുതി മനസ്സിൽ ധ്യാനിച്ച് ജീവിതം തുടർന്ന് പോകുന്ന സ്ത്രീയുടെ പ്രതീകമാണ് ഹാഗർ. ബൈബിളിൽ നിന്ന് സ്വീകരിച്ച പ്രമേയം ഉൾക്കൊള്ളുന്ന മറ്റൊരു കവിതയാണ് 'വെറോനിക്ക' ഇതിലും പറയുന്നത് ആദർശപ്രണയമാണ്. യേശുവിനെ പ്രണയിച്ചിരുന്ന ഒരു സ്ത്രീയായിരുന്നു വെറോനിക്ക. ബൈബിളിൽ ഈ കഥാപാത്രത്തെക്കുറിച്ച് പരാമർശിക്കുന്നില്ലെന്ന് കവയിത്രി തന്നെ അടിക്കുറിപ്പായി പറയുന്നുണ്ട്. പൗരോഹിത്യം സ്ത്രൈണ പാരമ്പര്യത്തെ ഒഴിവാക്കിയ കൂട്ടത്തിൽ ഒഴിവാക്കപ്പെട്ടതാകാം വെറോനിക്കയും എന്നും കവയിത്രി പറയുന്നു. (2017:49)കുരിശും വഹിച്ചിട്ടുള്ള യാത്രക്കിടയിൽ തട്ടി വീണ് ചോരയൊലിച്ച യേശുവിൻെറ മുഖം വെറോനിക്ക തൻെറ തൂവാലകൊണ്ട് തുടക്കുന്നു. ആ തൂവാലയിൽ യേശുവിൻെറ മുഖം പതിയുന്നു. അത് ക്യാൻവാസിൽ പകർത്തി വെറോനിക്കയാണ് ലോകം മുഴുവൻ പ്രചരിപ്പിച്ചത് എന്നാണ് വിശ്വാസം.[22] ആ പ്രണയകന്യകയെ പക്ഷേ ആരും ഒരുപുസ്തകങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. പ്രണയത്തിന്റെ ആൾരൂപമായ വെറോനിക്കയോട് പീഡിതമായ ഞങ്ങളുടെ പ്രണയത്തെ അവരുടെ തൂവാലയിൽ ഒന്നു കൂടി വരച്ചിടാൻ കവയിത്രി ആവശ്യപ്പെടുന്നു.

### 3.1.4.13 അനിതാ പ്രേംകുമാർ

'കാത്തിരിപ്പിനൊടുവിൽ' എന്ന കവിതയിൽ മാംസനിബദ്ധമല്ലാത്ത രാഗത്തെക്കുറിച്ച് പറയുന്നു. തൻെറ പ്രിയനോട് അവൾ പറയുന്നു കാത്തിരിപ്പിനൊടുവിൽ യഥാർത്ഥ പ്രണയമെന്താണെന്ന് താൻ കാണിച്ചു തരും.

അത് അയാൾ കണ്ടുമോഹിച്ച ദേഹമല്ല. പകരം പ്രണയം നിറഞ്ഞ ആത്മാവാണ്. ആ ആത്മാവിൽ ലയിച്ച് ചേരാൻ കാമുകനോട് അവൾ ആവശ്യപ്പെടുന്നു.

*അതിൽ നിന്നും നിൻെറ*

*കാണാതെ പോയ ഒരംഗം*

*നീ അരിച്ചെടുത്തുകൊൾക*

( 2017:22)

**3.1.4.14 ലോപ**

ആദർശാത്മകപ്രണയം ലോപയുടെ കവിതാസമാഹാരത്തിലുണ്ട്. 'സ്നേഹമെന്നാണോ' എന്ന കവിത ആദർശാത്മകപ്രണയം പങ്കുവെക്കുന്നു. തൻെറ ഉള്ളിൽ തോന്നുന്ന വികാരം സ്നേഹമാണോ എന്ന് സംശയിക്കുന്ന കവയിത്രിയെയാണ് ഇവിടെ കാണുന്നത്.

*സ്നേഹമെന്നാണോ*

*വിളിക്കേണ്ടതെന്നറിയില്ല.*

എന്നിങ്ങനെയാണ് കവിത തുടങ്ങുന്നത്. നിമിഷം പ്രതി തൻെറ ഹൃദയത്തിൽ നിറഞ്ഞൊഴുകുന്ന വികാരത്തെ പ്രണയമെന്ന് വിളിക്കാൻ കവയിത്രിക്കാകുന്നില്ല. 'ജൈവം' എന്ന കവിതയിൽ തൻെറ കാമുകനായി ഒരു ആദർശപുരുഷനെ സങ്കൽപ്പിക്കുന്നു. കൈലാസത്തിലെ ശിവനോ വൃന്ദാവനത്തിലെ കണ്ണനോ അല്ല തൻെറയാ ആദർശപുരുഷൻ.[23]

മണ്ണിൽ വേരുറച്ച് വളർന്ന് പന്തലിക്കുന്ന വൃക്ഷം പോലെയാണയാൾ കവയിത്രി മനസ്സിൽ വേരുറച്ച് വളർന്ന് വന്നിട്ടുള്ളത്. വൃക്ഷരൂപൻ മാത്രമല്ലയാൾ സർപ്പരൂപനും കൂടിയാണ്. കവിതാമാണിക്യത്തെ പത്തിയിലൊളിപ്പിച്ച അവൻ അമൃതം കടയുമ്പോൾ കയറായും തുണച്ചിരുന്നു.

*അങ്ങനെ സർപ്പപ്രാണ*

*നായി നീ സ്നേഹത്തിൻെറ*

*യൂഴിയിൽ മാളങ്ങളി*

*ലലസം കിടക്കുമ്പോൾ*

*പൊഴിക്കാനൊക്കാത്തതാം*

*പടമായ് പറ്റിച്ചേർന്നു*

*കിടപ്പുണ്ടു ഞാൻ നിൻെറ*

*യുയിരിൽ നിശബ്ദമായ്*

(2015 :16)

പ്രണയിക്കുന്നവരെ പട്ടമായി സങ്കൽപ്പിച്ച് കൊണ്ട് എഴുതിയ കവിതയാണ് 'പട്ടങ്ങൾ'. കാലമാകുന്ന കുട്ടി പറത്തുന്ന പട്ടമായി അവർ സ്വയം സങ്കൽപ്പിക്കുകയാണ്. നൂലുപൊട്ടുമെന്ന ചിന്തയില്ലാതെ ഇടക്കിടക്ക് ആകാശത്ത് വെച്ച് പരസ്പരം പുണർന്നും വേർപ്പെട്ടും അവർ സഞ്ചരിക്കുന്നു.

*മോളിൽ നാം പറക്കുമ്പോൾ*

*താഴെയാം നക്ഷത്രങ്ങൾ*

*താജ്മഹൽ താഴ്വാരത്തിൽ*

*നിറയെതാഴമ്പൂക്കൾ*

*ഒരുമിച്ചല്ലോ നമ്മൾ*

*സ്നഹത്തിൻ സുവർണ്ണമാം*

*വാനിനായ് നേരിൽ നീറും*

*രേഖകൾ മുറിക്കുന്നു.*

(2015:39)

സ്നേഹമാകുന്ന മാനിനെ കിട്ടാൻ വേണ്ടി ലക്ഷ്മണരേഖ മുറിച്ചു കടന്നവരാണ് മനുഷ്യർ. ഒറ്റനൂലിനാൽ ഏഴുലകവും താണ്ടുകയാണ് ഈ കവിതയിലെ പട്ടങ്ങൾ. ഈ നൂല് സ്നേഹത്തിൻെറ പ്രതീകമാണ്.

'നമ്മൾ ചുംബിക്കുമ്പോൾ' എന്ന കവിതയിലും പ്രകൃതിയും പ്രണയവും ഒന്നാകുന്നു. ചുംബിക്കുമ്പോൾ പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ കവയിത്രി കാണുന്നു.

'ഗന്ധവാഹകൻ' ഏകനായ ഒരാളുടെ പ്രണയം ആവിഷ്ക്കരിക്കുന്ന കവിതയാണ്. ആദർശാത്മകമാണ് ഇവിടെ പ്രണയം. തൻെറ ഗന്ധം നുകർന്ന് പരത്തുന്ന കാമുകനെ ഗന്ധവാഹൻ കാറ്റ് എന്നാണ് കവയിത്രി വിശേഷിപ്പിക്കുന്നത്. എത്രയോ കാതം പിന്നിടാനുള്ള ഈ ജീവിതത്തിൽ തൻെറ കൂടെ നടക്കാൻ കാമുകനോട് അവൾ ആവശ്യപ്പെടുകയാണ്.

## 3.2 ഭക്തി

ഭക്തിപരമായ പ്രമേയങ്ങൾ കടന്നുവരുന്ന സ്ത്രീകവിതകളാണ് ഈ ഖണ്ഡത്തിൽ പഠനവിധേയമാക്കുന്നത്.

### 3.1 ബാലാമണിയമ്മ

ബാലാമണിയമ്മയുടെ ഭക്തി മനുഷ്യത്വത്തിൽ അധിഷ്ഠിതമാണ്. ഭക്തിപരമായ സങ്കീർത്തനമോ അവതാര പ്രകീർത്തനമോ ഒന്നും തന്നെ അവരുടെ കവിതകളിൽ കാണുന്നില്ല. ഭക്തി ഉൾക്കൊള്ളുന്ന ധാരാളം കവിതകൾ ബാലാമണിയമ്മ എഴുതിയിട്ടുണ്ട്. എങ്കിലും അവയിലെല്ലാം ഭക്തിയുടെ കാഴ്ചപ്പാട് വ്യത്യസ്തമാകുന്നു. ഭൗതിക ജീവിതവും അദ്ധ്യാത്മികജീവിതവും ഒരുമിച്ച് കൊണ്ടുനടക്കാമെന്ന ചിന്ത അവരുടെ കവിതകളിൽ കടന്നുവരുന്നുണ്ട്. കുട്ടികളും ഭർത്താവും മറ്റും ഉൾപ്പെട്ട കുടുംബത്തിൽ തന്നെയാണ് ഈശ്വരൻ നിലകൊള്ളുന്നത് എന്നവർ വിശ്വസിക്കുന്നു. നിർവൃതി, വേണുഗോപാലൻ, ദീപാരാധന, പ്രഭാതത്തിൽ, അടുക്കളയിൽ, ദീപാർപ്പണം, അമ്പലത്തിലേക്ക് മുതലായ കൃതികളിലെല്ലാം ഇത്തരം ദൈവവിചാരമാണ് കാണുന്നത്.

കുട്ടികളിലും ഭർത്താവിലുമെല്ലാം ഈശ്വരനെ പ്രതിഷ്ഠിക്കുന്ന ഒരു മനസ്സാണ് ബാലാമണിയമ്മയുടേത്. 'നിർവൃതി' എന്ന കവിതയിൽ ധ്യാനത്തിൽ മുഴുകുന്ന അമ്മയുടെ മടിയിൽ അരുമ മകൻ ഓടിവന്ന് കയറിയപ്പോൾ ധ്യാനം മുടങ്ങിയതായല്ല മറിച്ച് തന്റെ മനസ്സിൽ ഞൊടിയിടകൊണ്ട് ഒരു താമരപ്പൂ വിരിഞ്ഞതായാണ് അമ്മയക്ക് തോന്നുന്നത്. 'പ്രളയാന്തരത്തിലെ വിരാട് സ്വരൂപനിൽ കർമചിഹ്നമായ മഹാപത്മം പോലെ' (2010:85) എന്നാണ് ഈ അവസ്ഥയെ കവയിത്രി വിശേഷിപ്പിച്ചത്. ഐശ്വര്യാംശമായി പിറക്കുന്ന കുട്ടികളെ ഈശ്വരനായിത്തന്നെയാണ് കാണേണ്ടതെന്ന് കവയിത്രി പറയുന്നു.

ഭർത്താവിൽ ഈശ്വരനെ കണ്ടെത്തുന്ന കവിതയാണ് 'ദീപാരാധന'. 'പ്രഭാതത്തിൽ' എന്ന കവിതയിലും ഭക്തിചിന്തയിൽ ഭർത്താവും കുട്ടികളും കടന്നുവരുന്നതാണ് ചിത്രീകരിക്കുന്നത്. പ്രഭാതത്തിൽ കുളിച്ചു ശുദ്ധയായി നാമം ജപിച്ച് ധ്യാനത്തിൽ ഇരിക്കുന്ന ആ ഭക്തയുടെ മനസ്സിൽ ഭർത്താവും മക്കളും ഗൃഹവും തന്നെയാണ് കടന്നുവരുന്നത്.

*ഏതൊരു ഗാർഹികചിന്തയും*
*നൂനം കുടുംബിനിക്കീശ്വരചിന്തതാൻ*

(2010 : 87)

എന്ന് ബാലാമണിയമ്മ ഈ കവിതയിൽ ചൂണ്ടിക്കാട്ടുന്നു.

ഭക്തി മനുഷ്യസ്നേഹപരമാകണമെന്നും ബാലാമണിയമ്മ തന്റെ കവിതകളിലൂടെ ഉദ്ബോധിപ്പിക്കുന്നു. 'പ്രസാദം' എന്ന കവിതയിൽ വഴിപാടിനെ സംബന്ധിച്ച കഥയാണ് പറയുന്നത്. വഴിപാട് യഥാർത്ഥത്തിൽ ദേവൻ ആഗ്രഹിക്കുന്നില്ല എന്ന് ഈ കവിതയിലൂടെ ബാലാമണിയമ്മ പറയുന്നു. തന്റെ കാലിന്റെ അസുഖം മാറിയാൽ ആയിരം പണം വഴിപാട് നേർന്ന ഭക്തന് അസുഖം പൂർണ്ണമായും മാറിയിട്ടില്ലെങ്കിലും ആ പണം ദേവന് സമർപ്പിക്കാനെത്തുന്നു. പണസഞ്ചി കുളക്കടവിൽ വച്ച് വെള്ളത്തിലിറങ്ങുമ്പോഴേക്കും മോഷ്ടാവ് പണം തട്ടിയെടുത്തോടുകയും അയാൾ പിറകേ ഓടുകയും ചെയ്യുന്നു. ഓട്ടത്തിൽ കാലിന്റെ പ്രശ്നം പൂർണ്ണമായും ഭേദപ്പെട്ടു. പക്ഷേ പണം തിരിച്ച് കിട്ടിയില്ല. ദേവന് പണം സമർപ്പിക്കാനാകാത്തതിൽ ദുഃഖിച്ച് അന്നു രാത്രി ഉറങ്ങിയ ഭക്തന്റെ സ്വപ്നത്തിൽ ദേവൻ പ്രത്യക്ഷപ്പെട്ടു പറയുന്നു. ഭവാന് രോഗവും അവനു ദാരിദ്ര്യവും ഇല്ലാതായി. എന്റെ വിഗ്രഹത്തിന് എന്തിനാണ് പണം അതു വിശക്കുന്നവനാണുപകരിക്കേണ്ടത്. ഇതിലൂടെ വഴിപാടിന്റെ നിരർത്ഥകതയാണ് കവയത്രി സൂചിപ്പിക്കുന്നത്. ഈ കവിത മോഷണത്തെ സാധൂകരിക്കുന്നതായി തോന്നുമെങ്കിലും പാവങ്ങളെ സഹായിക്കലാണ് ഈശ്വര ഭക്തി എന്ന സന്ദേശം നൽകുകയാണ് ഇതിലൂടെ ബാലാമണിയമ്മ ഉദ്ദേശിക്കുന്നത്. 'ദേവാന്ന'മെന്ന കവിതയിലും ഇതേ ആശയം തന്നെയാണ് ഉൾകൊള്ളുന്നത്. വഴിപാട് ദേവിക്ക് നൽകിക്കൊണ്ട് പുറത്തുകടക്കുമ്പോൾ വഴിയിലെമ്പാടും ഏഴകൾ തിക്കിക്കൂടിയിരിക്കുന്നു. അവരെയൊന്നും ആരും ശ്രദ്ധിക്കുന്നില്ല. അന്നം യാചിക്കുന്ന ഒരു നിരാലംബന് ഒരു ചെറുനാണയം പോലും കൊടുക്കില്ല. ഇങ്ങനെയുള്ളവരുടെ ഭക്തിയെ കപടഭക്തിയായിത്തള്ളിക്കളയണമെന്ന് കവയിത്രി പറയുന്നു. അത്തരക്കാർ തൃപ്പടിയിൽ വൻ തുകയ്ക്കുള്ള നാണയവും നോട്ടും സമർപ്പിക്കുമ്പോൾ ദേവി തന്നെ വാദ്യഘോഷത്തിലൂടെ അരുൾചെയ്യുന്നു. മനുഷ്യരിൽ വായ്ക്കുമൻപെനിക്കുപണം (2010:99) മനുഷ്യസ്നേഹം തന്നെയാണ് ഈശ്വരഭക്തി എന്നാണ് കവയിത്രി ഈ കവിതയിലൂടെ പറയുന്നത്. 'തിരുവരുൾ' എന്ന കവിതയിൽ ഭക്തിയുടെ കൂടെ ജീവകാരുണ്യം പുലർത്താൻ കഴിയാത്തവരുടെ ഭക്തി കാപട്യമാണെന്ന് കവയിത്രി പറയുന്നു. കണ്ണന് കോവിലിന്റെ പാതയോരത്തിരിക്കുന്ന പട്ടിണി പാവങ്ങളെ കവയിത്രി കണ്ണനെ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു. അപ്പോൾ കണ്ണൻ പറയുന്നതിങ്ങനെയാണ്

*നോവിച്ചെൻനെഞ്ചിൽ മർത്ത്യനേല്പിച്ച*
*ശ്രീവത്സം താനീ നിർധനവർഗം*

(2010:103)

ധനികൻ തന്റെ നെഞ്ചിൽ ചവിട്ടി ഏൽപിച്ച പീഡനത്തിന്റെ മുദ്രയാണ് ഈ മർദ്ദിതരും ചൂഷിതരും ദുഃഖിതരും എന്നാണ് ഈശ്വരൻ പറയുന്നത്.

'വെയിലാറുമ്പോൾ', 'ബ്രാഹ്മമുഹൂർത്തം', 'ആനന്ദനൃത്തം', അപരാന്തത്തിൽ മുതലായ കവിതകളിലെല്ലാം ഭക്തിയുടെ വിവിധ ഭാവങ്ങൾ ബാലാമണിയമ്മ ആവിഷ്കരിക്കുന്നുണ്ട്.

### 3.2.2 ലളിതാംബിക അന്തർജ്ജനം

ഭക്തിവിഷയകമായ കവിതകൾ ലളിതാംബിക അന്തർജ്ജനം എഴുതിയിട്ടുണ്ട്. 'ഗോപുരനടയിൽ' എന്ന കവിതയിൽ ക്ഷേത്രത്തിന്റെ ഗോപുരനടയിൽ കൈകൂപ്പി നിൽക്കുന്ന ഭക്തയെയാണ് കാണുന്നത്. ദേവിയുടെ മുന്നിൽ കൈകൂപ്പി നിൽക്കുമ്പോൾ മനസ്സിൽ ക്ഷേത്രത്തിലെ സംഗീതത്തിൽ മനസ്സലിയുന്നു. രാധാമാധവപ്രണയമാണ് പാട്ടിൽ നിറഞ്ഞു നിൽക്കുന്നത്. ദേവിയുടെ ആ പാട്ടിൽ കവയിത്രി സ്വയം മറക്കുന്നു. പാട്ടും നൃത്തവും കഴിഞ്ഞപ്പോൾ വീണ്ടും മനസ്സ് ഉണർന്ന് ദേവിയോട് പ്രാർത്ഥിക്കുകയാണ് കവയിത്രി.

*എങ്കിലും ദേവി ഞാൻ നിൽക്കുന്നു പിന്നെയും*
*നിൻ തിരുക്ഷേത്രത്തിൻ ഗോപുരത്തിൽ*
*എൻ കരളിങ്കലാഗ്ഗാനം നിറയുന്നു*
*എന്നിലേക്കൂറുന്നു നിൻ ചൈതന്യം*
*രാധാരമണനെ പ്രേമിച്ച മീരയെ*
*യാരാധിച്ചെന്നെന്നു മെന്റെയാക്കാൻ*
*ആ രാഗപിയൂഷ വർഷത്തിലാറാടി*
*തോരാത്ത രോമാഞ്ചമിങ്ങുകൊൾവാൻ*
*ഹാ വരം തന്നാലു മാശിർവദിച്ചാലും*
*ദേവി നീ സ്വീകരിച്ചാലുമെന്നെ*

(2010:122)

രാധാമാധവപ്രണയത്തെ ഭക്തിപൂർവ്വം നോക്കി കാണുകയാണ് കവയിത്രി. പ്രണയവും ഭക്തിയും ഇവിടെ ഒന്നാകുന്നതായി ചിത്രീകരിക്കുന്നു. മീരാബായിയെപ്പോലെയാകാൻ കവയിത്രി ആഗ്രഹിക്കുന്നു.

'വെളിച്ചത്തെതേടി' എന്ന കവിതയിൽ തന്റെ ഭക്തി ഇല്ലാതായ് പോകുന്നുവോ എന്ന് ശങ്കിക്കുന്ന കവയിത്രിയെക്കാണാം. ക്ഷേത്രത്തിൽ പോകാൻ ഒരുങ്ങിയിറങ്ങുമ്പോഴേക്കും സന്ധ്യാദീപമണഞ്ഞു. ദീപാരാധനയും കഴിഞ്ഞു. അതോടെ പൊയ്പോയ ആ മംഗലവെളിച്ചത്തെ തേടി ഉഴറുകയാണ് കവയിത്രി.

'സരസ്വതിദേവിക്ക്'എന്ന കവിത സരസ്വതീദേവിക്ക് അർപ്പിക്കുന്ന പൂജാപുഷ്പമായിട്ടാണ് കവയിത്രി അവതരിപ്പിച്ചിരിക്കുന്നത്. തന്റെ ഭാവനയാണ് ആ പൂജാപുഷ്പം.

*അർപ്പിച്ചിടുന്നു സമസ്തകർമ്മങ്ങളു–*

*മദ്ഭുത ജ്യോതിസ്സേ തൃപ്പദത്തിൽ*
*അർപ്പണം ചെയ്യുവാനില്ലെനിക്കെന്നൊരു*
*ഗദ്ഗദ ഭാവനയൊന്നല്ലാതെ*

(2010 : 329)

തന്റെ മനസ്സിലുള്ള ഭക്തി അതുപോലെതന്നെ ആവിഷ്കരിക്കുക മാത്രമാണ് ഈ ഭക്തിപരമായ കവിതകളിലെല്ലാം ലളിതാംബിക അന്തർജ്ജനം ചെയ്തിട്ടുള്ളത്.

### 3.2.3 ഇന്ദിരാദേവി.കെ.

ഭക്തിപ്രധാനമായ പതിനേഴ് കവിതകളടങ്ങിയ താമരപ്പൂക്കൾ എന്ന സമാഹാരമാണ് ഇന്ദിരാദേവിയുടെ പ്രധാന കൃതി ശ്രീകൃഷ്ണഭക്തിയാണ് 'താമരപ്പൂക്കളിൽ' കാണുന്നത്. *''ആത്മാലാപപരമായ രീതിയാണ് കവിതകളിലെല്ലാം. ആയിരമായിരം കവിതാകുസുമങ്ങളാൽ ആ കോമളസ്വരൂപന് അർച്ചന നടത്താൻ ഞാനാഗ്രഹിച്ചു. എന്റെ മനസ്സിന്റെ ദാഹശമനത്തിനു വേണ്ടി, സമാധാനത്തിനു വേണ്ടി ഞാൻ കൃഷ്ണനെ കീർത്തിച്ച് കവിതകളെഴുതി. ഓരോ കവിത രചിക്കുമ്പോഴും ഞാൻ അവാച്യമായ എന്തോ ആനന്ദം അനുഭവിച്ചു. ആ ലബ്ധിക്കു ഞാൻ വീണ്ടും വീണ്ടും എഴുതി''* (1988:4) എന്ന് കവയിത്രി തന്നെ കൃതിയുടെ മുഖവുരയിൽ രേഖപ്പെടുത്തുന്നുണ്ട്.

'താമരപ്പൂക്കൾ' ആണ് ഈ സമാഹാരത്തിലെ ഒന്നാമത്തെ കവിത. ഗോപീരമണനർപ്പിക്കാൻ പൂക്കൾ തേടി സമയം തെറ്റിയെത്തിയ ഭക്ത നടയടഞ്ഞുകിടക്കുന്നത് കണ്ട് സങ്കടപ്പെട്ട് നട തുറക്കാൻ പ്രാർത്ഥിക്കുന്നു. ഭഗവത്പാദങ്ങളിൽ തുളസിക്കതിരായി പതിക്കാൻ ഭാഗ്യമുണ്ടായ ഭക്തയെപ്പറ്റിയാണ് 'തുളസി' എന്ന കവിതയിൽ പറയുന്നത്.

*എന്നെക്കാണുവാൻ കനി*
*വില്ലയോ കൃഷ്ണ നിന*
*ക്കെന്നെ നോക്കുവാൻ തെല്ലു*
*മില്ലയോ സമയവും*

*(1988:30)*

എന്നു തുടങ്ങുന്ന 'കനിവില്ലയോകൃഷ്ണാ' എന്ന കവിതയിൽ കൃഷ്ണനോട് അഗാധമായ പ്രേമം പുലർത്തുന്ന ഭക്തയെ ഒന്നു നോക്കാനെങ്കിലും കനിയണേ എന്ന നിവേദനമാണ് കവയിത്രി അർപ്പിക്കുന്നത്.

*പറഞ്ഞില്ലേ സഖീ, പറഞ്ഞില്ലേ സഖീ*
*മുരഹരൻ തന്നോടഖിലവും*
*വിഫലരാഗത്താൽ വിവശയാമെന്റെ*

*വിരഹദുഃഖത്തിനു വിവരങ്ങൾ*

*(1988:66)*

എന്നു തുടങ്ങുന്ന 'സഖിയോട്' എന്ന കവിതയിലും നിറഞ്ഞു തുളുമ്പുന്ന കൃഷ്ണഭക്തി തന്നെയാണ് വിഷയം. 'കുരുക്ഷേത്രത്തിൽ' എന്ന കവിതയിൽ കുതികാൽ വെട്ടും ചതിയും കാപട്യങ്ങളും നിറഞ്ഞ ലോകത്തിൽ ജീവിക്കാൻ വഴി കാണുന്നില്ലല്ലോ എന്നുള്ള വിഷമമാണ്. ഈശ്വരനർപ്പിക്കാൻ വാടിയ തുളസിക്കതിരുകൾ മാത്രമാണ് തന്റെ കയ്യിലുള്ളതെന്നും കവയിത്രി പറയുന്നു. ആ തുളസിക്കതിരുകൾ വാടാനുള്ള കാരണവും പറയുന്നുണ്ട്.

*ആദിത്യകിരണമേ*
*റ്റല്ലിവ വാടിപ്പോയ*
*താർത്തയാമെന്റെ ചുടു*
*നിശ്വാസമേറ്റിട്ടത്രേ.*

*(1978:80)*

എഴുത്തച്ഛന്റെയും ചെറുശ്ശേരിയുടെയും പൂന്താനത്തിന്റെയും കവിതകളിലെന്ന പോലെയുള്ള കൃഷ്ണവർണ്ണനകൾ ഇന്ദിരാദേവിയുടെ കവിതകളിൽ കാണുന്നുണ്ട്.

*പീലികൾ വിളങ്ങുന്ന*
*വാർമുടികെട്ടുണ്ടവ-*
*നാലോകനീയമായ*
*മുല്ലമാലയുമുണ്ട്*
*രത്നങ്ങൾ ജ്വലിക്കുന്ന*
*കേയൂരങ്ങളുമുണ്ട്*
*മഞ്ഞപ്പട്ടുണ്ടുമണി*
*മാലയുമുണ്ടുമൃദു*
*മർമ്മരം പൊഴിക്കുന്ന*
*വലയങ്ങളുമുണ്ട്.*

*(1988:82)*

'ചൊല്ലുവിൻ സഖികളെ' എന്ന കവിതയിലെ ദീർഘമായ വർണ്ണനയിൽ ശ്രീകൃഷ്ണനെ ആപാദചൂഡം വർണ്ണിക്കുന്നുണ്ട്. ഇത്തരത്തിൽ ശ്രീകൃഷ്ണഭക്തകവിതകളിലൂടെ കവിതാസാഹിത്യത്തിൽ ഇടം പിടിച്ച കവയിത്രിയാണ് ഇന്ദിരാദേവി.

### 3.2.4 റോസാക്കുട്ടി കാപ്പൻ

അദ്ധ്യാത്മികതയും ഭക്തിയുമാണ് റോസാക്കുട്ടി കാപ്പന്റെ കൃതികളിൽ നിറ

ഞ്ഞുനിൽക്കുന്നത്. മുത്തുമണികൾ, വാനമ്പാടി, റാണി, ദീപശിഖ, തീർത്ഥം, നിവേദിത തുടങ്ങിയ കൃതികളിലെല്ലാം അദ്ധ്യാത്മികതയും ഭക്തിപ്രകർഷവും നിറഞ്ഞുനിൽക്കുന്നു. ബൈബിളിൽ നിന്ന് സന്ദർഭങ്ങൾ എടുത്തുകൊണ്ടാണ് മിക്ക കവിതകളും റോസാക്കുട്ടി കാപ്പൻ എഴുതിയിട്ടുള്ളത്. ദീപശിഖ, തീർത്ഥം എന്നീ സമാഹാരങ്ങളിലെ കവിതകളെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. റാണി എന്നത് ഒരു ഖണ്ഡകാവ്യമാണ്. നിവേദിത എന്ന സമാഹാരത്തിലെ 'നിവേദിത' എന്ന കവിതയും മറ്റു ചില കവിതകളും ഭക്തിയുടെ പശ്ചാത്തലത്തിലുള്ള രചനകൾ തന്നെയാണ്.

നിവേദിത എന്ന പുണ്യശാലിനി തന്റെ ജീവിതം കാരുണ്യപ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു. അവസാനം രോഗിണിയായ അവൾക്ക് കർമ്മം കൊണ്ടുള്ള ഈശ്വരസേവനത്തിന് കഴിയാതായി. തന്റെ അവയവങ്ങൾ ഓരോന്നായി അവൾ നൈവേദ്യമായിഅർപ്പിക്കുന്നു.*"തിരികെത്തരാനെനിക്കീക്കണ്ണുകൾ മാത്രം പ്രഭോ"(1988:58)* എന്നമന്ത്രത്തോടെയാണ് വെളിച്ചം നഷ്ടപ്പെട്ട് ഇരുളിലേക്കെത്തിയ നിമിഷങ്ങളിൽ അവൾ പ്രാർത്ഥിക്കുന്നത്.

*"ഓർമ്മകൾ കെടും മുമ്പേ, യൂഴികൈവിടും മുമ്പേ*
*ഓർമ്മയിൽ മാത്രം തങ്ങും നാളുവന്നെത്തും മുമ്പേ*
*സത്യമേ ! നിനക്കുറ്റ ദാസിയാമെന്നെത്തന്നെ*
*സത്യമായ് നേരുന്നിതാപൂജയായ് നൈവേദ്യമായ്"*

*(1988:59)*

ഈശ്വരന്റെ കണ്ണുകളിലൂടെ കാണാമെന്നും അവിടുത്തെ പ്രകാശം ജീവിതപ്രഭയായി സ്വീകരിക്കാമെന്നുള്ള പ്രതീക്ഷയോടെയാണ് ഈശ്വരസമർപ്പണത്തിൽ അവൾ ആനന്ദം കണ്ടെത്തുന്നത്.

റോസാക്കുട്ടിക്കാപ്പനെ സംബന്ധിച്ചിടത്തോളം ലോകജീവിതം തന്നെ ദിവ്യമണവാളനായ ക്രിസ്തുവിനോടൊരുമിച്ച് നടത്തുന്ന ഒരു തീർത്ഥാടനമാണ്.

*മൃത്യുവന്നു വിളിക്കുന്ന നാൾ വരെ*
*രക്ഷണീയ പതാക പറത്തിയെൻ*
*നാഥനൊത്തൊരു തീർത്ഥാടനത്തിനായ്*
*മാത്രമാണെന്റെ ജീവിതമൂഴിയിൽ*

*(1971:69)*

റോസാക്കുട്ടി കാപ്പന്റെ കവിതകളിൽ ബൈബിളിൽ നിന്നെടുത്ത് സ്വാഭാവികമെന്നപോലെ ഇണക്കിച്ചേർത്ത ബിംബങ്ങൾ ധാരാളമുണ്ട്. ബൈബിളിൽ നിന്നുള്ള ഇതിവൃത്തങ്ങൾ ചാരുതയോടെ പുനരാഖ്യാനം ചെയ്യാൻ റോസാക്കുട്ടി കാപ്പന് കഴിഞ്ഞിരിക്കുന്നു. 'റിസ്ഫാ', 'ഒരു കാത്തിരിപ്പിന്റെ കഥ', 'പൂങ്കരൾ സമ്മാനം', 'ഇതാ

നിന്റെ അമ്മ', 'മഴത്തുള്ളി', 'തീക്കനൽ വിഴുങ്ങിയ മനുഷ്യൻ', സ്വർഗദൂതരെ തുടങ്ങിയ കവിതകൾ ഉദാഹരണമാണ്.

### 3.2.5 പൊന്നറ സരസ്വതി

പൊന്നറ സരസ്വതിയുടെ ഭക്തിസാന്ദ്രമായ കവിതയാണ് 'അഞ്ജലി'. ദേവിയുടെ നടയിൽ ദർശനം കാത്ത് നിൽക്കുന്ന ഒരു ഭക്തയേയാണ് ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്.

*കർപ്പൂര ദീപപ്രഭയിൽ*
*ദീപ്തമാം പുണ്യവിഗ്രഹം*
*ദർശിക്കാൻ കാത്തു നിൽക്കുന്നൂ*
*ഭക്തരേകാഗ്ര ചിത്തരായ്*
*(1979:11)*

അമ്പലനടയിൽ നിൽക്കുന്ന അനുഭവമാണ് ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

ജീവിതത്തിന്റെ തിരക്കിനിടയിൽ ആ ശാന്തസുന്ദരമായ അമ്പലവും ചുറ്റുപാടും കവയിത്രിയെ ധ്യാനനിമഗ്നയാക്കുന്നു. പുറത്ത് നഗരത്തിൽ നിന്ന് തിരിയാനിടമില്ലാതെ ചുറ്റിത്തിരയുന്ന പുരുഷാരവവും ഉച്ചഭാഷിണിയിൽ നിന്ന് വരുന്ന ശബ്ദകോലാഹലങ്ങളും വാഹനങ്ങളുടെ ശബ്ദവും പുകയുമെല്ലാം ശ്വാസം മുട്ടിക്കുന്നു. ഈ അന്തരീക്ഷത്തിൽ മനസ്സിൽ നിറഞ്ഞ ഭക്തിയോടെ ദേവീ വിഗ്രഹത്തിന് മുൻപിൽ അഞ്ജലി കൈകൂപ്പി നിൽക്കുമ്പോഴുണ്ടാകുന്ന മാനസികോന്മേഷമാണ് ഈ കവിതയിൽ വിവരിക്കുന്നത്.

### 3.2.6 സുഗതകുമാരി

സുഗതകുമാരിക്കവിതകളിൽ ആവിഷ്കരിക്കുന്ന ഭക്തി കൂടുതലും ശ്രീകൃഷ്ണഭക്തിയാണ്. ശ്രീകൃഷ്ണനോടുള്ള ഭക്തിയും പ്രണയവും അവർ നിരവധി കവിതകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഈ കവിതകളെല്ലാം 1996-ൽ കൃഷ്ണകവിതകൾ എന്ന പേരിൽ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'കാളിയമർദ്ദനം' എന്ന കവിതയിൽ കാളിയന്റെ നെറുകയിൽ നർത്തനമാടുന്ന കൃഷ്ണനെയാണ് വർണ്ണിക്കുന്നത്. കവയിത്രിയുടെ ഹൃദയം തന്നെയാണ് ഇവിടെ കാളിയന്റെ പത്തി. ആ ഹൃദയമാകുന്ന പത്തിയിൽ നർത്തനമാടി പാപവും ദുഃഖവും ഇല്ലാതാക്കണം.

*ഝണൽ ഝണൽ ഝണ നാദമുതിർക്കും*
*മണിച്ചിലങ്കകൾ തുള്ളട്ടെ!*
*അത്താളത്തിലുടഞ്ഞു തകർന്നെൻ*

*ദുഷ്കൃതമെല്ലാമകലട്ടെ*
*അച്ചേവടികൾ മുകർന്നു മുകർന്നെൻ*
*ദുഃഖവുമെല്ലാം മറയട്ടെ*
*കുനിഞ്ഞതില്ലീപ്പത്തികൾ, കണ്ണാ*
*തളർന്നതില്ലിക്കരളിന്നും*

(2006 : 743)

എത്രയോ നർത്തനമാടിയിട്ടും തന്റെ ശിരസ്സ്കുനിഞ്ഞില്ല. ചെയ്ത ദുഷ്പ്രവർത്തികൾക്കെല്ലാം എത്ര തിരിച്ചടി ലഭിച്ചാലും അതിൽ നിന്നൊന്നും ഒരു പാഠവും പഠിക്കാത്ത മനുഷ്യനെ ഈ കവിതയിൽ സൂചിപ്പിക്കുന്നുണ്ട്.

'ഗജേന്ദ്രമോക്ഷം' എന്ന കവിതയിൽ വെള്ളത്തിന്റെ ആഴത്തിലേക്ക് മുങ്ങിക്കൊണ്ടിരിക്കുന്ന ഗജേന്ദ്രൻ കൃഷ്ണനെ വിളിച്ചു കരയുന്നതായി ചിത്രീകരിച്ചിരിക്കുന്നു. പൊയ്കയിൽ താമരകളിറുത്തും തുമ്പിക്കയ്യാൽ വെള്ളം പൂക്കുറ്റികൾ പോലെച്ചീറ്റിച്ചും കളിച്ചുകൊണ്ടിരുന്ന ആനയുടെ കാലിൽ മുതല പിടിമുറുക്കുന്നു. രക്ഷപ്പെടാൻ പല രീതിയിൽ ശ്രമിച്ചപ്പോഴൊന്നും കൃഷ്ണനെ ഓർക്കാതിരുന്ന അവൻ പിന്നീട് വെള്ളത്തിന്റെ ആഴത്തിലേക്ക് പോകുമ്പോൾ പെട്ടെന്ന് കൃഷ്ണനെ വിളിച്ച് നീയേതുണയെന്നു പറഞ്ഞു കേഴുകയാണ്.

*ചുടുകണ്ണീരൊടു പാർവതിയൊന്നു*
*വിളിക്കെ ചുഴറ്റൊടണഞ്ഞോനേ, നീ*
*യെവിടെ ? വിളിച്ചു വിളിച്ചു തളർന്നേ*
*നെവിടെപ്പോയ് നീയെന്നുടയോനേ ?*

(2006:758)

തന്റെ ഉള്ളിൽ നിറയുന്ന കൃഷ്ണഭക്തിയാണ് 'ഒരു ദർശനം'. 'ഒരു നിമിഷം', 'എന്റെ മനസ്സിന്റെ പൊന്നമ്പലത്തിലും', 'ഉള്ളഴിഞ്ഞാറമ്മുളേശൻ' തുടങ്ങിയ കവിതകളിലെല്ലാം നിറയുന്നത്.

പാതിരാപ്പൂക്കൾ എന്ന സമാഹാരത്തിലെ 'ഇന്ദ്രജാലം' എന്ന കവിതയിൽ ദൈവത്തിന്റെ സൃഷ്ടി വൈഭവത്തിൽ ആശ്ചര്യം കൊള്ളുന്ന കവയിത്രിയെയാണ് കാണുന്നത്.

*എന്തെൻ വിനോദത്തിനെന്നോ ? ഭവാന്റെയീ–*
*യിന്ദ്രജാലം കണ്ടു കണ്ടു തളരവേ*
*ഇത്തിരിനേരം കരങ്ങളാൽ കണ്ണുകൾ*

*പൊത്തിയിച്ഛായപ്പകിട്ടൊന്നണയ്ക്കവേ*
*അന്തി മങ്ങുന്നു, മുഴങ്ങുന്നു ദൂരെനി*
*ന്നമ്പലത്തിൻ താന്തസാന്ധ്യശംഖാരവം*
*(2006:217)*

ഭൂമിയിലെ പ്രകൃതി ഭംഗികളെല്ലാം മനുഷ്യന് ആസ്വദിക്കാനുള്ള ദൈവത്തിന്റെ സൃഷ്ടിയാണ്. ആ ഇന്ദ്രജാലം കവയിത്രിയിൽ ഭക്തി നിറക്കുന്നുണ്ട്.

'ആവാഹനം' എന്ന കവിതയിൽ ഈ വിശ്വവ്യാപിയായ ചൈതന്യത്തെത്തന്നെയാണ് ആരാധിക്കുന്നത്. ആ അത്ഭുതശക്തി സാക്ഷാത്കരിക്കാൻ വെമ്പുന്ന ഒരാത്മാവിനെയാണ് ഈ കവിതയിൽ കാണാൻ കഴിയുന്നത്.[24]

വിശ്വത്തിലെല്ലാം വ്യാപിച്ചു കിടക്കുന്ന ചൈതന്യത്തോടുള്ള ഭക്തിയും ആരാധനയുമാണ് ഈ കവിതയിൽ കാണാൻ കഴിയുന്നത്.

ഒരു ശാക്തേയസ്തവത്തിന്റെ സ്വതന്ത്രാനുവാദം എന്ന് കവയിത്രി തന്നെ സൂചിപ്പിച്ചിട്ടുള്ള 'ശക്തിപൂജ' എന്ന കവിതയിൽ ദുർഗ്ഗാദേവിയെയാണ് സ്മരിക്കുന്നത്. ശ്മശാനത്തിൽ നിന്നു നൃത്തം ചവിട്ടാൻ കൊതിയുള്ള ദേവി നീ എന്റെ ഹൃദയത്തിൽ വന്നു നൃത്തം തുടങ്ങിക്കൊള്ളൂ. ഇതാ ഞാൻ എന്റെ ഹൃദയത്തെ വൻചിതയെരിയുന്ന ചുടുകാടായി മാറ്റിയിരിക്കുന്നു. എന്നാണ് ദേവിയോട് കവയിത്രി പറയുന്നത്. തന്റെ ഉള്ളിലുള്ള ഭക്തിയും വികാരവും എല്ലാം ഇവിടെ തുറന്നു കാണിക്കുന്നു.

കൃഷ്ണനോടുള്ള ഭക്തി പ്രണയമായി മാറുന്ന കവിതകളും സുഗതകുമാരിയുടേതായിട്ടുണ്ട്. രാധയും ഗോപികയുമൊക്കെയാണ് കവയിത്രി സ്വയം സങ്കല്പിക്കുന്നു. 'കൃഷ്ണാനീയെന്നെയറിയില്ല' എന്ന കവിതയിൽ അമ്പാടിയിൽ ആരുമറിയാത്ത ഒരു പാവം ഗോപികയായി കവയിത്രി മാറുന്നു. കൃഷ്ണനോടുള്ള ഭക്തിയും പ്രണയവും ഇവിടെ ഒന്നാകുന്നു. മറ്റു ഗോപികമാരെ പോലെ കവയത്രി ഒരിക്കലും കൃഷ്ണന്റെ വേണുഗാനം കേട്ട് എല്ലാം മറന്ന് കുടിൽ വിട്ടിറങ്ങിയില്ല. കൃഷ്ണന്റെ കൂടെ നർത്തനമാടിയിട്ടില്ല. ഒരുനാളുമാ നീലവിരിമാറിൽ തലചായ്ച്ചു നിന്നിട്ടുമില്ല. അതുകൊണ്ട് കൃഷ്ണൻ തന്നെ അറിയില്ലെന്ന് കവയിത്രി വിചാരിക്കുന്നു.

*നിന്റെ കുഴൽ "പോരൂ"*
*വസന്തമായ് എന്നെന്റെ*
*യന്തരംഗത്തിലലചേർക്കേ*

*ഞാനെന്റെ പാഴ്ക്കുടി*
*ലടച്ചു തഴുതിട്ടിരു*
*ന്നാനന്ദബാഷ്പംപൊഴിച്ചു*
*ആരോരുമറിയാതെ*
*നിന്നെയെന്നുള്ളിൽവ*
*ച്ചാത്മാവിൽ കുടിയർപ്പിച്ചൂ*
*കൃഷ്ണ നീയെന്നെയറിയില്ല.............*

(2006 : 747)

തന്റെ ആത്മാവിൽ കൃഷ്ണനെ കുടിയർപ്പിച്ച ഈ ഗോപിക കൃഷ്ണനുമുന്നിൽ പ്രത്യക്ഷപ്പെട്ടിട്ടേയില്ല. എങ്കിലും മധുരയ്ക്കു പോകുമ്പോൾ കൃഷ്ണൻ ആ ഗോപിക യുടെ കുടിലിനു മുൻപിൽ രഥം നിർത്തി അവൾക്ക് നേരെ പുഞ്ചിരി പൊഴി ച്ചു.കൃഷ്ണൻ തന്നെ തിരിച്ചറിയുന്നുവെന്നവൾ മനസ്സിലാക്കുന്നു. മുഗ്ദ്ധവും സൗ മ്യവും മൂകവും സമർപ്പണാത്മകവും നിസ്വാർത്ഥവുമായ ആരാധന ഭാവമാണ് ഈ കവിതയിൽ നിറയുന്നത്. (2006 : 406)

### 3.2.7 കമലസുരയ്യ

കമലാസുരയ്യയുടെ ഭക്തിയുടെ ആവിഷ്ക്കാരമാണ് 'യാ അല്ലാഹ്' എന്ന കവിതാസമാഹാരത്തിലെ എല്ലാ കവിതകളിലും കാണുന്നത്. 'സീമയില്ലാത്തവനേ', 'യാ മുഹമ്മദ്', സുജൂദ് എന്നിങ്ങനെ മുപ്പത്തിയെട്ട് കവിതകളടങ്ങിയ സമാഹാര ത്തിലെ കവിതകളെല്ലാം അല്ലാഹുവിനെ സംബോധന ചെയ്തും പ്രകീർത്തിച്ചു കൊണ്ടും രചിച്ചിട്ടുള്ളതാണ്. അല്ലാഹുവിനെ മാത്രം സ്നേഹഭാജനമായികണ്ട് അവന് പൂർണ്ണമായും ആത്മസമർപ്പണം നടത്തുന്ന രീതിയിലാണ് ഈ കവിതകളുടെ രചന.

'മലമുകളിലേക്കുള്ള പാത' എന്ന കവിതയിൽ തന്റെ ഭക്തിയിൽ വന്ന മാറ്റം കവയിത്രി വിലയിരുത്തുന്നു.

യാ അല്ലാഹ്
ഭക്തിയുടെ ബാലപാഠങ്ങൾ
ഞാൻ പഠിക്കുന്നു- മെല്ലെ മെല്ലെ
ശരീരമില്ലാത്ത നിന്നെ സ്നേഹിക്കാൻ
നിരന്തരം ഞാൻ ശ്രമിക്കുന്നു

(2002:70)

സഹയാത്രികൻ എന്ന കവിതയിൽ താൻ അല്ലാഹുവിന്റെ കൂടെ സഞ്ചരിക്കുന്ന തായി കവയിത്രി സങ്കല്പിക്കുന്നു. അല്ലാഹുവിനുവേണ്ടി വീടും കുടുംബവും മിത്രവും ബന്ധവും എല്ലാം ത്യജിച്ച പാമരയായ പെണ്ണായാണ് കവയിത്രി തന്നെ ഈ കവിതയിൽ അവതരിപ്പിക്കുന്നത്. ഇന്ന് അല്ലാഹുവാണ് തന്റെയെല്ലാം എന്നാണ് കവയിത്രി പറയുന്നത്.

നീയാണെന്റെ കുടുംബം
നീയാണെന്റെ ബന്ധു
ഇന്നെന്റെ നാലു കെട്ടിൽ
ഒഴിഞ്ഞ നെല്ലറകളില്ല
വിളക്കുകത്താത്ത മച്ചുകളില്ല
നീ പ്രവേശിക്കാത്ത
കവാടങ്ങളില്ല

(2002:24)

തന്റെ വീട്ടിൽ ദൈവസാന്നിധ്യം നിറഞ്ഞുനിൽക്കുന്നതായി കവയിത്രി പറയുന്നു. മനസ്സിലും ജീവിത്തിലും നിറഞ്ഞുനിൽക്കുന്ന ഭക്തിയാണ് ഈ കവിതകളെല്ലാം ആവിഷ്ക്കരിച്ചിരിക്കുന്നത്.

നീർമാതളപ്പൂവിന്റെ
സുഗന്ധമെന്നപോലെ
എന്നെ നീ തഴുകുന്നു

(2002:24)

എന്നാണ് ദൈവസ്നേഹത്തെക്കുറിച്ച് കവയിത്രി എഴുതുന്നത്.

നിലാവിന്റെ മറ്റൊരിഴ എന്ന സമാഹാരത്തിലും അല്ലാഹുവിനെ സംബോധനചെ യ്തുകൊണ്ടുള്ള ഭക്തിനിർഭരമായ കവിതകൾ ആണുള്ളത്.

**3.2.8 സ്വപ്ന.കെ.കെ.**

'ഒരു സ്വപ്നത്തിന്റെ തണൽ' എന്ന കവിതയിൽ ശ്രീകൃഷ്ണനോടുള്ള ഭക്തിയാണ് ആവിഷ്കരിക്കുന്നത്. പാവപ്പെട്ടവരോടും യാതനകൾ അനുഭവിക്കുന്നവ രോടും കൃഷ്ണൻ കരുണ കാണിക്കുന്നുണ്ടെന്നും അവരെ രക്ഷിക്കുമെന്നുമുള്ള പ്രത്യാശയാണ് ഈ കവിതയിൽ കാണുന്നത്. നാല്പത് വയസ്സായിട്ടും ബുദ്ധിയുറ യ്ക്കാത്ത തന്റെ മകനെ കൃഷ്ണൻ രക്ഷിക്കുമെന്ന് അമ്മ സ്വപ്നം കാണുന്നു. ആ

സ്വപ്നത്തിന്റെ തണലിൽ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നു.[25] ഈ സ്വപ്നമാണ് ആ അമ്മയെ സമാധാനത്തോടെ ജീവിക്കാൻ സഹായിക്കുന്നത്. തന്റെ മകന്റെ അസുഖം ഉണ്ണികൃഷ്ണൻ മാറ്റികൊടുക്കുമെന്ന് അവർ കരുതുന്നു. അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 3.2.9 ശാലിനി ദേവാനന്ദ്

'മൂകാംബികയിൽ' എന്ന കവിതയിൽ ശാലിനി മൂകാംബികയിൽ പോയ അനുഭവവും ദേവിയോടുള്ള ഭക്തി വർദ്ധിക്കാനിടയാക്കിയ സംഭവവും വിവരിക്കുന്നുണ്ട്. ഒരു കഥ പറയുന്ന പോലെയാണ് ഈ കവിതയുടെ രചന. മൂകാംബികയിൽ പോയി ദേവിയെ തൊഴുതു. പുലർച്ചെ ദേവിയെ കാണാൻ കഴിയാത്തതിൽ വിഷമിച്ച് കാട്ടിലൂടെ തിരിച്ചുള്ള യാത്രയിൽ കവയിത്രി മനസ്സിൽ വിചാരിക്കുകയാണ് ഈ കാട്ടിൽ ദേവീസാന്നിദ്ധ്യം ഉണ്ടാകും ഏതെങ്കിലും മൃഗത്തിന്റെ രൂപത്തിൽ. താനതിനെ തൊഴുത് ദേവീസാന്നിദ്ധ്യം അറിയും. കവയിത്രി വിചാരിച്ചത് പോലെതന്നെ സംഭവിച്ചു. യാത്രതടസ്സപ്പെടുത്താനെന്ന വിധം നീളൻ വാലുള്ള ഒരു ചെമ്പൻകീരി അവരുടെ വാഹനത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. എത്ര ശ്രമിച്ചിട്ടും അത് മാറിയില്ല. ഒടുക്കം കവയിത്രി താൻ വിചാരിച്ചത് പോലെ വാഹനത്തിൽ നിന്നിറങ്ങി കാളീദേവിയെ പ്രാർത്ഥിച്ചു. കീരി പോവുകയും അവർ യാത്ര തുടരുകയും ചെയ്തു.

*എല്ലാ തളർച്ചകളിലും*
*എന്നെ താങ്ങുന്ന*
*ദേവീ സ്പർശം അടുത്തറിഞ്ഞ നിമിഷം*
*ഒരിക്കലും ഞാൻ മറക്കില്ല*
*എന്ത് നിമിത്തമായാലും*
*യാദൃച്ഛികതയായാലും*
*തോന്നലായാലും*

(2014 : 34)

മൂകാംബികാ ദേവിയോടുള്ള ഭക്തിയാണ് ഈ കവിതയിൽ നിറഞ്ഞ് നിൽക്കുന്നത്. ഭക്തിയുടെ പ്രഹർഷത്താൽ കവയിത്രിയുടെ മനസ്സ് നിറയുന്നത് കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു.

### 3.2.10 ഇന്ദിരാ അശോക്

'വാരനാട്ടമ്മ' എന്ന കവിത വാരനാട്ടമ്മയോടുള്ള ഭക്തിയുടെ ആവിഷ്കാരമാണ്. അമ്മയുടെ കഴിവുകളും നേട്ടങ്ങളും കവിതയിൽ വർണ്ണിക്കുന്നു. ഭക്തവത്സലയായ അമ്മയുടെ കരുണയെ കവയിത്രി വാഴ്ത്തുകയാണ്.

*ഏതുഗൃഹമേതുദിശ ഏറെ ഘനമാർന്ന*
*തമസ്സാകെ നിറയുന്ന പലരാവുകളിൽ പകലുകളിൽ*
*പാദമിറുകിപ്പുണരുമേകയവലംബമിതു*
*ദേഹമറിയാ ദഹന പാവനത പൂർണ്ണയിതാഴിയുഴിയുന്ന*
*ശിരസ്സാകെയുലയുന്ന*
*വപുസ്സാടി നിറയുന്നിവളിൽ ദേവിയഭയം*

(2013 : 66)

എന്നിങ്ങനെ പോകുന്ന ദേവീവർണ്ണന ഒരു ഭക്തയുടെ അന്തരംഗത്തിൽ നിന്നുണരുന്ന പ്രാർത്ഥനകളായിട്ടാണ് പരിണമിച്ചിരിക്കുന്നത്.

'ക്ഷേത്രം' എന്ന കവിതയും ഭക്തി പ്രധാനമാണ്. ക്ഷേത്രത്തെയാണ് ഈ കവിതയിൽ വർണ്ണിക്കുന്നത്. ക്ഷേത്രത്തിൽ ചെല്ലുന്ന ഭക്തയുടെ മനസ്സിലെ വികാരങ്ങൾ ഇവിടെ ആവിഷ്കരിക്കുന്നു.

*ചിരിപ്പൊൻവിളക്കിൻ വെളിച്ചം തെളിച്ചും*
*മിഴിപ്പൂവടഞ്ഞും കഴൽപ്പൂവിരിഞ്ഞും*
*ഉടൽപ്പൂകനം വിട്ടുയർന്നും പടർന്നും*
*വിരിയ്ക്കും വിതാനം*

(2013 : 49)

എന്നാണ് ക്ഷേത്രത്തെ വർണ്ണിക്കുന്നത്. ഇവിടെ ക്ഷേത്രം മനുഷ്യമനസ്സായി മാറുന്നു. മനുഷ്യന്റെ മനസ്സ് തന്നെ ഒരു ക്ഷേത്രമാകണം എന്ന സങ്കല്പം കൂടി ഈ കവിതയിൽ കടന്നു വരുന്നുണ്ട്.

'ഭക്തി' എന്ന കവിതയിൽ ഭക്തിയുടെ പ്രാധാന്യം എടുത്തുകാണിക്കുന്നു. ഭക്തിയുള്ളിലുള്ളവർക്ക് പ്രയാസങ്ങളെ അതിജീവിക്കാൻ കഴിയുമെന്ന് കവയിത്രി വിശ്വസിക്കുന്നു.

*ഉള്ളുതൊട്ടതാം*
*തലോടുന്നതാം നോട്ടം*
*മുനതെല്ലുമേ നോവിക്കാതെ*
*തൂവലിൻ മുളപോലെ*
*വന്നുഴിയുമ്പോളോരോ*
*വാതിലും തുറക്കുന്നു കഴുകിയിറക്കുവാൻ*
*ഭാരങ്ങളൊഴിക്കുവാൻ*

(2013 : 132)

മനസ്സിലെ ഭാരങ്ങളൊഴിക്കുവാൻ ഭക്തി കൊണ്ട് കഴിയുന്നു. ഭക്തിയോടെ കൈകൂപ്പി മനസ്സിലെ ദുഃഖങ്ങൾ ഇറക്കിവെച്ചാൽ ലഭിക്കുന്ന ആശ്വാസം കവിതയിൽ വിവരിക്കുന്നുണ്ട്.

### 3.2.11 അമൃത

'കൃഷ്ണായനം' എന്ന കവിതയിൽ അമൃതയുടെ കൃഷ്ണഭക്തിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. സ്വയം ദ്രൗപദിയായി സങ്കല്പിച്ചു കൊണ്ടാണ് ഈ കവിത രചിച്ചിരിക്കുന്നത്.

പാണ്ഡവപത്നിയാണെങ്കിലും കൃഷ്ണനെ പ്രണയിച്ചിരുന്ന ഗോപികമാരിലൊരാളായിരുന്നു ദ്രൗപദിയുമെന്ന് കവിത വ്യാഖ്യാനിക്കുന്നു. കൃഷ്ണഭക്തിയാണ് കവിതയിലുടനീളം നിറയുന്നത്. ദ്രൗപദി തന്റെ അനുരാഗം ആരുമറിയാതെ ഒളിപ്പിച്ചു വച്ചിരുന്നു. കൃഷ്ണന്റെ തിരുനടയിൽ അമ്പലമണി മുട്ടിവിളിച്ച് അവളത് അറിയിക്കുകയാണ്. തന്നെ അനുഗ്രഹിക്കണമെന്നവൾ പ്രാർത്ഥിക്കുകയാണ്.[26] അമൃതയുടെ കൃഷ്ണഭക്തി തന്നെയാണ് ഈ കവിതയിൽ കാണുന്നത്. കൃഷ്ണനോടുള്ള അനുരാഗം മനസ്സിൽ സൂക്ഷിക്കുന്ന ഗോപികയായി കവയിത്രി മാറിയിരിക്കുന്നു.

'ശിവഗംഗ' എന്ന കവിതയിൽ ശിവഭക്തിയാണ് ആവിഷ്കരിക്കുന്നത്. ഗംഗയെ മുടിയിൽ ചൂടുന്ന,താണ്ഡവമാടുന്ന ശിവന്റെ പാദത്തിൽ വീണടിയുവാൻ ആഗ്രഹിക്കുന്ന കവയിത്രിയെയാണ് ഇവിടെ കാണുന്നത്. ശിവന്റെ താണ്ഡവം ഈ കവിതയിൽ വർണ്ണിക്കുന്നുണ്ട്. ശിവന്റെ ആകാരവും താണ്ഡവ നടനത്തിന്റെ ഭംഗിയുമെല്ലാം വർണ്ണിക്കുന്നു. ഒടുക്കം ശിവഭക്തയായ തന്നെ തിരുജടയിലണിയിക്കാൻ കവയിത്രി പ്രാർത്ഥിക്കുകയാണ്.

*യുഗാന്തര പ്രിയ സഫല സംഗമ*
*മോക്ഷമായ് നീ നിൽക്കവേ,*
*നിന്നാത്മഭാവ പരാഗമേറ്റു*
*തളിർക്കുവാൻ, ജനിതേടു മുർവ്വരതീരമായ്*
*ശിവഗംഗയായ്, നിൻ ജ്വലനതാണ്ഡവ-*
*താളമായ് തിരുജടയിലണയുകയാണു ഞാൻ*

(2008 : 71)

### 3.2.12 ലോപ

'കൃഷ്ണാർപ്പണം' എന്ന ലോപയുടെ കവിത കൃഷ്ണനോടുള്ള ഭക്തിയാണ് വിവരിക്കുന്നത്. പ്രകൃതിയിലെ ഓരോ വസ്തുക്കളെയും കൃഷ്ണനുമായി ഈ കവിതയിൽ ഉപമിക്കുന്നു. സ്നേഹം തുളുമ്പുന്ന കണ്ണിലെല്ലാം കൃഷ്ണന്റെ പീലിക്കണ്ണ് കവയിത്രി കാണുന്നു. വെയിൽ കൃഷ്ണന്റെ പട്ടുചേലയും വനങ്ങൾ തിരുമാലയും സന്ധ്യ തിരുനെറ്റിയിലെ കുങ്കുമവുമായിട്ടാണ് ഈ കവിതയിൽ വർണ്ണിക്കുന്നത്. ഇത്തരത്തിൽ പ്രകൃതിയിൽ മുഴുവൻ അലിഞ്ഞു ചേരുന്ന സാന്നിദ്ധ്യമാണ് കൃഷ്ണൻ. അങ്ങനെയുള്ള കൃഷ്ണനെ എങ്ങനെയാണ് താൻ വേറിട്ടെടുക്കുക എന്ന് കവയിത്രി ശങ്കിക്കുന്നു.

*മനസ്സിന്നുളിയാലേതു*
*ഘനീഭൂതത്തിൽ നിന്നു ഞാൻ*
*തുരുമ്പിൻ തൂണിലാളീടും*
*നിന്നെ വേറിട്ടെടുത്തീടും ?*

(2011 : 57)

'നമ്മൾ രണ്ടാണെങ്കിലും' എന്ന കവിതയിലും കൃഷ്ണഭക്തിയാണ് കാണുന്നത്. കവയിത്രി സ്വയം കുചേലനായി സങ്കല്പിക്കുന്നു. ദരിദ്രകുചേലനായ താൻ കൃഷ്ണന്റെ കരുണാകടാക്ഷത്തിന് വേണ്ടി പ്രാർത്ഥിക്കുകയാണ്.

*തറ്റുടുത്തതാം കീറത്തുണിയിൽ ദൈവത്തിന്റെ*
*തെറ്റുപോൽ മിടിക്കുന്നൊരുടലും വിയർപ്പിന്റെ*
*യൊട്ടലുമണക്കുന്ന മാറാപ്പിൽ ജന്മംപോലെ*
*കല്ലുകൾ നിറഞ്ഞതാമവിലും, സ്നേഹം ഭിക്ഷ*
*യാചിക്കും മിഴികൾ ദൈന്യവും നിൻ വാതിൽക്ക*
*ലെത്തുവാൻ വീണ്ടും വീണ്ടും വരുന്നു കുചേലൻ ഞാൻ*

*(2011 : 41)*

തന്റെ ദൈന്യതയും ജീവിതത്തിലെ താഴ്ചകളുമാണ് കൃഷ്ണന്റെ ഉയർച്ചയും ജീവിതവിജയവുമെന്ന് കവയിത്രി വിചാരിക്കുന്നു.

## 3.3 ആത്മീയത

ആത്മീയപരമായ പ്രമേയങ്ങൾ സ്വീകരിച്ചുകൊണ്ട് കവിതകൾ എഴുതിയിട്ടുള്ള കവയിത്രികളുടെ രചനകളാണ് ഈ ഖണ്ഡത്തിൽ പരിശോധിക്കുന്നത്.

### 3.3.1 മേരി ജോൺ തോട്ടം (സിസ്റ്റർ മേരി ബനീഞ്ഞ)

സന്യാസിനിയായ കവയിത്രിയാണ് സിസ്റ്റർ മേരി ബനീഞ്ഞ. സന്യാസം സ്വീകരിക്കുന്നതിന് മുമ്പുള്ള അവരുടെ പേരാണ് മേരി ജോൺ തോട്ടം. സന്യാസജീവിതത്തിന്റെതായ ഏകാഗ്രത സാഹിത്യജീവിതത്തിൽ ഇവർക്ക് തുണയായിട്ടുണ്ട്. മറ്റു സ്ത്രീകൾ അനുഭവിച്ചിരുന്ന കുടുംബജീവിതവും സാഹിത്യജീവിതവും തമ്മിലുള്ള സംഘർഷം ഇവർക്ക് അനുഭവിക്കേണ്ടി വന്നില്ല. സിസ്റ്റർ മേരി ബനീഞ്ഞ രചിച്ച ആദ്യകാലകവിതകളുടെ സമാഹാരമാണ് ഗീതാഞ്ജലി, കവിതാരാമം എന്നിവ. മധുമഞ്ജരി, കവനമേള, കരയുന്ന കവിതകൾ എന്നിവയാണ് മറ്റ് സമാഹാരങ്ങൾ, ഗാന്ധിജയന്തി, മാർത്തോമാ വിജയം എന്നീ മഹാകാവ്യങ്ങൾ ആത്മാവിന്റെ സ്നേഹഗീത, ഈശ്വര പ്രസാദം, വിധി വൈഭവം, ഭാരതമഹാലക്ഷ്മി, അമൃതധാര, ആദ്യത്തെകല്ല് ആരെറിയും, സത്യദർശനം, തീർത്ഥയാത്ര തുടങ്ങിയ ഖണ്ഡകാവ്യങ്ങൾ, സമാഹരിക്കപ്പെടാത്ത ഇരുനൂറ്റമ്പതോളം കവിതകൾ എന്നിങ്ങനെ ഏറെ സമ്പന്നമാണ് മേരി ബനീഞ്ഞയുടെ കാവ്യ ജീവിതം.

മേരി ബനീഞ്ഞയുടെ 'മാർത്തോമാവിജയം' മഹാകാവ്യമാണ് ഒരു സ്ത്രീ രചിച്ച ആദ്യത്തെ മഹാകാവ്യം. ക്രിസ്തു ദേവന്റെ ശിഷ്യപ്രധാനിയായ മാർത്തോമയാണ് ഈ കാവ്യത്തിലെ പ്രധാന കഥാപാത്രം. 19 സർഗങ്ങളിലായി 1662 പദ്യങ്ങളടങ്ങിയ മാർത്തോമാ വിജയം 1970ലാണ് പ്രസിദ്ധീകരിച്ചത്. 1977-ൽ ഗാന്ധിജയന്തി ദിനത്തിലാണ് രണ്ടാമത്തെ മഹാകാവ്യമായ 'ഗാന്ധിജയന്തി' പ്രസിദ്ധീകരിക്കുന്നത്. രണ്ടായിരത്തോളം ഈരടികളാണ് 14 സർഗത്തിൽ പൂർത്തിയാക്കുന്ന ഈ മഹാകാവ്യത്തിൽ ഉള്ളത്.

ആത്മീയത, മനുഷ്യസ്നേഹം ഇവ രണ്ടുമാണ് മേരി ബനീഞ്ഞയുടെ കവിതകളുടെ സവിസേഷതകൾ. പ്രേമം ദിവ്യമായ ഒരു അനുഭൂതിയായി അവർ കാണുന്നു. അവരുടെ കവിതാലോകത്ത് വിശുദ്ധിയാണ് നിറഞ്ഞുനിൽക്കുന്നത്. അവർ കന്യാമഠത്തിൽ പ്രവേശിക്കുന്നതിന് മുൻപ് എഴുതിയ രചനയാണ് ലോകമേ യാത്ര.

*ജനിച്ചനാൾ തുടങ്ങിയെന്നെയോമനിച്ചു തുഷ്ടിയോ*
*ടെനിക്ക് വേണ്ടതൊക്കെ നൽകിയാദരിച്ച ലോകമേ*
*നിനക്കു വന്ദനം പിരിഞ്ഞു പോയിടട്ടേ ഞാനിനി*
*ശ്ശനിക്കുഴപ്പ മേശിടാത്ത ഭാവിയെ വരിക്കുവാൻ*
*(1997:81)*

ലോകത്തോടാണ് യാത്ര പറയുന്നതെങ്കിലും കവയിത്രിയെ സംബന്ധിച്ചിടത്തോളം

അത് ജീവിതത്തിലെ ഒരു ഘട്ടത്തോടുള്ള യാത്രപറച്ചിലാണ്. ഗൃഹജീവിതത്തോടാണ് അവർ വിട പറഞ്ഞത്. കന്യാമഠത്തിൽ പ്രവേശിക്കുന്നതിന് മുൻപ് ലൗകിക ജീവിതത്തെ ഒരു ഗദകാലസ്മൃതിയായി നോക്കി കാണുകയാണ് ഈ കവിതയിൽ. 1928 ജൂലായ് 16നാണ് മേരി ജോൺ തോട്ടം കർമ്മലീത്ത സഭയിൽ ചേരുന്നത്. അന്നത്തെ ദീപികയിലാണ് ഈ കവിത പ്രസിദ്ധീകരിച്ചത്. അതിലെ വരികൾ എത്രയോ പേർക്ക് ഇപ്പോഴും ഹൃദിസ്ഥമാണ്.

*സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും*
*സമത്വമറ്റസോളമൻ തുടങ്ങിയുള്ള വിജ്ഞരും*
*അമർന്നു പോയി കാലചക്രവിഭ്രമത്തിലെങ്കിലീ*
*നമുക്ക് പിന്നെയെന്തു ശങ്ക, മാറ്റമൊന്നുമില്ലതിൽ*
*ഒരിക്കലീ ജനത്തെയും ജഢത്തെയും പിരിഞ്ഞു നാം.*
*തിരിക്കണം വിസമ്മതങ്ങളൊന്നുമേ ഫലപ്പെടാ*
*തിരിച്ചു പിന്നെ വന്നിടാത്ത യാത്രയാണതാകയാൽ*
*കരത്തിലുള്ളതൊക്കെ നാമതിർത്തിയിൽ ത്യജിക്കണം*
*(1997:82)*

ഈ ആർഭാടരഹിതമായ വരികളിൽ നിറഞ്ഞു നിൽക്കുന്ന തത്വചിന്ത പ്രസക്തമാണ്. മരണത്തിന്റെ അനിവാര്യത ഈ വരികൾ ബോധ്യപ്പെടുത്തുന്നു.

ലോകമേ യാത്രയെന്ന തത്വചിന്താപരമായ രചനയ്ക്ക് ശേഷം അദ്ധ്യാത്മിക ചിന്തയ്ക്കും ഭക്തിക്കും പ്രാധാന്യം കൊടുത്തുകൊണ്ട് ധാരാളം കൃതികൾ അവർ രചിച്ചു. 'ആത്മാവിന്റെ സ്നേഹഗീതം' എന്ന കവിത ഒരു മിസ്റ്റിക് കാവ്യമാണ്. ഈ കാവ്യത്തിന്റെ രചനയോടെ സിസ്റ്റർ ബനീഞ്ഞ മലയാളത്തിലെ ആദ്യത്തെ മിസ്റ്റിക് കവയിത്രി എന്ന ബഹുമതി സ്വന്തമാക്കുന്നു. ക്രൈസ്തവ മിസ്റ്റിസത്തിന്റെ ലക്ഷണങ്ങളെല്ലാം ഈ കാവ്യത്തിൽ ഒത്തിണങ്ങിയിരിക്കുന്നു. ഈശ്വരനെ തന്റെ മണവാളനായി സ്വയം വരിച്ച ഒരു സന്യാസിനിക്ക് മിസ്റ്റിസിസത്തിലേക്ക് കടന്നുവരാൻ എളുപ്പമാണ്. അനിർവചനീയമായ ഒരു ദിവ്യാനുഭൂതിയുടെ ലഹരിയിൽ മയങ്ങി

താൻ ആത്മനാഥനായി സ്വയം വരിച്ചിരിക്കുന്ന പരമസത്തയെ വാരിപ്പുണരാൻ കുതികൊള്ളുന്ന ജീവാത്മാവാണ് ഈ കവിതയിൽ ഉള്ളത്. ആ ജീവാത്മാവ് എല്ലാവിധ ബാഹ്യാനുഭവങ്ങളിൽ നിന്നും വിമുക്തയായി സ്വർഗോത്മുകമായ പ്രയാണത്തിലാണിക്കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. സ്വപ്നത്തിലും സുഷുപ്തിയിലും ജാഗ്രത്തിലും ഒന്നുപോലെ ആത്മവിസ്മൃതിയിലായിപ്പോകുന്ന അനുഭവമാണീക്കവിതയിൽ ആവിഷ്കരിക്കുന്നത്. ആത്മാവിന്റെ സ്നേഹഗീതയെപോലെ ഗുണപുഷ്കല

മായ ഒരു മിസ്റ്റിക് കാവ്യം മലയാളത്തിൽ വേറെയില്ലെന്ന് ടി.എം.ചുമ്മാർ രേഖപ്പെടുത്തുന്നുണ്ട്.

തനിക്ക് പേര് പറയാനോ തിരിച്ചറിയാനോ കഴിയാത്ത ഒരു പ്രദേശത്ത് ഒറ്റക്കെത്തിചേർന്ന അന്വേഷകയുടെ അവതരണത്തോടെയാണ് ആത്മാവിന്റെ സ്നേഹഗീത എന്ന കാവ്യമാരംഭിക്കുന്നത്. അവിടെ ഏതോ ഒരു ചൈതന്യം തന്നെ ആകർഷിച്ചു നിർത്തുന്നു.

*പ്രിയനെന്തുവരാത്ത, തീമഹാ*
*വിപനത്തിൽ ചിരകാലമായി ഞാൻ*
*തനിയെ വസിച്ചുരാത്രിയും*
*പകലും മാത്രകളെണ്ണിയീവിധം*
*(1997:181)*

പ്രിയനെ അന്വേഷിച്ചലഞ്ഞ് സ്വയം രചിച്ച ഗാനങ്ങൾ അറിയാതെ ആലപിച്ചു പോകുന്നു.[27] പ്രിയന്റെ പേരു ചേർത്ത ഗാനമാലപിക്കുക, പാടിപ്പറക്കുന്ന പക്ഷിയായി തീരുക, പ്രിയനെപ്പറ്റിയുള്ള ഗാനം എവിടെ നിന്നോ കേട്ട് ആനന്ദം കൊള്ളുക, ആ ഗാനത്തിന് ശ്രുതി ചേർക്കുന്ന വീണയായിത്തീരുക, ഇത്തരം കല്പനകൾ മിസ്റ്റിക് കവിതകളിലെല്ലാം പൊതുവെ പ്രത്യക്ഷപ്പെടാറുണ്ട്.

'ആത്മാവിന്റെ സ്നേഹഗീതയ്ക്ക്' നാല് ഖണ്ഡങ്ങളാണുള്ളത്. ആകെ 324 പദ്യങ്ങളുണ്ട്. ഒന്നാം ഖണ്ഡത്തിൽ തന്റെ സങ്കല്പത്തിലുള്ള പറുദീസയോ എന്ന് സംശയിക്കാവുന്ന ഒരു ദിവ്യസ്ഥലത്ത് കവയിത്രി ചെന്നെത്തിയിരുന്നു. പ്രാണനാഥൻ ഇനിയും എത്താത്തതെന്തേ എന്ന് പരിഭ്രാന്തിയാകുന്ന പ്രണയിനിയാണ് രണ്ടാം ഖണ്ഡത്തിൽ. 'ഇനിമതി സുഖനിദ്രയോമനേ നീ ഉണരുക' എന്ന് വിവരിക്കുന്ന പ്രിയതമന്റെ വാക്കുകേട്ടു കണ്ണു തുറക്കുന്ന നായികയെ അവതരിപ്പിച്ചു കൊണ്ടാണ് മൂന്നാം ഖണ്ഡം ആരംഭിക്കുന്നത്. കടൽക്കരയിലെത്തിയ അവർ തിരയോടൊപ്പം കടലിലേക്ക് ഇറങ്ങുന്നു. പെട്ടെന്ന് പ്രാണനാഥൻ അപ്രത്യക്ഷനാകുന്നു. പ്രിയനെ സഹായത്തിന് വിളിച്ച് അവൾ അലകടലിലേക്ക് താണുപോയി. ഒരു തിര അവളെ കരയ്ക്കെത്തിക്കുന്നതോടെ നാലാം ഖണ്ഡം ആരംഭിക്കുന്നു. 'അവയവമഖിലം തളർന്നു ജീവിച്ചുവളരുന്നതുപോലെ' അവൾ മണലിൽ തളർന്നുകിടക്കുന്നു. പ്രിയൻ പ്രത്യക്ഷപ്പെട്ട് അവളെ ആശ്ലേഷിച്ച് ആശ്വസിപ്പിക്കുന്നു.

*---------വല്ലഭേ നീ*
*ക്ഷമവെടിയാതിഹ നിന്നീടേണമല്പം*

*ഒരു നിമിഷമണഞ്ഞിടും നിനക്കായ്*
*പുതിയ കവാടമിങ്ങുദൃശ്യമാകും*
*(1997:201)*

അതുവരെ നമുക്ക് ഈ ഉദ്യാനത്തിൽ വിശ്രമിക്കാം. ഇനി വിരഹമുണ്ടാകില്ല എന്നി ങ്ങനെ സ്നേഹഗീതം അവസാനിക്കുമ്പോൾ കവയിത്രി ഒരു പ്രതിജ്ഞയെടുക്കുന്നു.

*സായാഹ്നം വരെയാത്മനാഥനൊരുമിച്ചീ നല്ല പൂവാടിയിൽ*
*വാഴും ഞാനഥ നിത്യമായ് വരഗൃഹം പ്രാപിച്ചു മോദിച്ചീടു*
*കാവ്യം ഞാൻ പലതാ സ്ഥലത്തു വരച്ചീടും തർക്കം വിനാ*
*ദിവ്യപ്രേമസുധാബ്ധിയിൽ മനുജരേ മുക്കിക്കുഴക്കും വിധം*
*(1997:205)*

വരഗൃഹത്തിലേക്കു പ്രവേശനം ലഭിക്കും വരെ തന്റെ കാവ്യസപര്യ തുടരുമെന്നാണ് കവയിത്രി പറയുന്നത്.

ദൈവീക പ്രചോദനമാണ് തന്നെ കവിതയെഴുതാൻ പ്രേരിപ്പിക്കുന്നതെന്ന് മേരി ബനീഞ്ഞ പറയുന്നണ്ട്. പൈങ്കിളി എന്ന കവിതയിൽ

*ഞാനൊരു ഗുരുവിന്റെ പാദസേവകൊണ്ടല്ലി*
*ഗാനമഭ്യസിച്ചതെന്നറിയാമെല്ലാവർക്കും*
*മുട്ടയിൽ നിന്നു ചുണ്ട് വെളിയിൽ വന്നപ്പോഴേ*
*പാട്ടു ഞാനാരംഭിച്ചു കേട്ടവരാനന്ദിച്ചു*
*(1997:706)*

എന്നു കവയിത്രി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈശ പ്രസാദം, മാഗി, വിധിവൈഭവം, ഭാരതമഹാലക്ഷ്മി, ചെറുപു ഷ്പത്തിന്റെ ബാല്യകാലസ്മരണകൾ, ആത്മാവിന്റെ സ്നേഹഗീത, അമൃതധാര, ആദ്യത്തെകല്ല് ആരെറിയും, സത്യദർശനം, തീർത്ഥയാത്ര എന്നി പത്തുഖണ്ഡകാവ്യങ്ങളിലും ആത്മീയതയും ഭക്തിയും നിറഞ്ഞുനിൽക്കുന്നു. ബൈബിളിൽ നിന്നുള്ള കഥകളും ബിംബങ്ങളും സ്വീകരിച്ചുകൊണ്ടാണ് ഈ കൃതികളിൽ മിക്കതിന്റെയും രചന നിർവ്വഹിച്ചിരിക്കുന്നത്.

പിതാവായ അബ്രഹാം ഇസഹാക്കിനെ ബലിയർപ്പിക്കാൻ കൊണ്ടുപോകുന്ന കഥയാണ് 'ഈശപ്രസാദം'. കോർത്തോണയിലെ വിശുദ്ധ മാർഗരറ്റിന്റെ ജീവിതകഥ

യാണ് 'മാഗി'. യാക്കോബിന്റെ ഇളയപുത്രൻ യൗസേപ്പ് ഈജിപ്തിലെ മന്ത്രി യായിത്തീരുന്നതും പിതാവിനെയും സഹോദരങ്ങളെയുംഈജിപ്തിൽ കൊണ്ടുവന്ന് പാർപ്പിക്കുന്നതുമാണ് 'വിധിവൈഭവ'ത്തിന്റെഇതിവൃത്തം. ഝാൻസി റാണിയുടെ സാഹസിക ജീവിതകഥ പറയുന്നതാണ് 'ഭാരതമഹാലക്ഷമി'. ഒരിക്കൽ മഹാത്മാഗാ ന്ധി നീണ്ട ഒരു പ്രസംഗത്തിന് പകരം ബൈബിളിലെ ഗിരിപ്രഭാഷണ ഭാഗം വായിച്ചു കേൾപ്പിച്ചിരുന്നു. ആ പ്രഭാഷണ ഭാഗം കാവ്യമാക്കിയതാണ് 'അമൃതധാ ര'. യേശുവിനെ പരീക്ഷിക്കാൻ വേണ്ടി യഹൂദപ്രമാണികൾ വേശ്യയെ കല്ലെറിഞ്ഞു കൊല്ലാൻ അനുവാദം ചോദിച്ച് ചെന്നപ്പോൾ ഇളിഭ്യരായി മടങ്ങേണ്ടി വന്നു. ആ കഥ യാണ് 'ആദ്യത്തെ കല്ല് ആരെറിയും'.

ഭക്തിയും ആത്മീയതയും കലർന്ന ആവിഷ്കാരങ്ങളാണ് സിസ്റ്റർ ബെനീഞ്ഞ യുടെ കവിതകൾ.

### 3.3.2 കൂത്താട്ടുകുളം മേരി ജോൺ

പന്ത്രണ്ടാമത്തെ വയസ്സുമുതൽ കവിതയെഴുതിതുടങ്ങിയ മേരി ജോണിന്റെ കവിതകളിൽ ആത്മീയതയുടെ അംശം കടന്നു വരുന്നു. തരംഗിണി, പ്രഭാപുഷ്പം, അമ്മയും മകളും, തെരഞ്ഞെടുത്ത കവിതകൾ, കബീറിന്റെ നൂറു ഗാനങ്ങളുടെ വിവർത്തനമായ കബീർഗാനങ്ങൾ, ബാഷ്പമണികൾ, അന്ത്യനക്ഷത്രം, പൂജാ പുഷ്പം എന്നിവയാണ് അവരുടെ കൃതികൾ

ജീവിതവൈഷമ്യങ്ങളെയും പരാജയങ്ങളെയും ആത്മീയതയുടെ പരിവേഷം നൽകി മേരി ജോൺ തന്റെ കവിതകളിൽ അവതരിപ്പിക്കുന്നു. ആരും പാടാത്ത ഗാന ങ്ങൾ പാടാൻ ആത്മീയതയുടെ ചിറകുകൾകൊണ്ട് പറന്ന് ഭൂമി വിട്ട് ആകാശത്തെ ത്താനാണ് കവയിത്രി ആഗ്രഹിക്കുന്നത്. ശാന്തിയന്വേഷിച്ചലയുന്ന നീലാകാശം പോലെയാണവരുടെ മനസ്സ്.

'ഞാൻ കണ്ട ഈശ്വരൻ' എന്ന കവിതയിൽ നീലാകാശത്തേക്ക് കണ്ണുംനട്ട് പച്ചപ്പുൽത്തട്ടിൽ ഇരിക്കുമ്പോൾ അവിടെ വിടർന്നുവരുന്ന ചെറിയ മുല്ലപ്പൂവിലും കവയിത്രിക്ക് ഈശ്വരനെ കാണാൻ കഴിയുന്നു. ഈശ്വരൻ പ്രകൃതിയിൽ നിറഞ്ഞു നിൽക്കുന്ന സാന്നിധ്യമായി ഈ കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. കാടിനെ ഭൂമിയിലെ സ്വർഗ്ഗമായിട്ടാണ് 'പ്രഭാതപുഷ്പം' എന്ന കവിതയിൽ ചിത്രീകരിച്ചിരിക്കു ന്നത്, ആരുംകാണാതെ ആരുമറിയാതെ കാട്ടിൽ വളരുന്ന പൂവിന് ഈശ്വരൻ നൽകിയ ദൗത്യം മറ്റൊന്നാണ്. നാട്ടിലാണ് വിരിഞ്ഞതെങ്കിൽ ഏതെങ്കിലും സുന്ദരി

യുടെ മുടികെട്ടിൽ ഇരുന്ന വാടിപ്പോകും. അങ്ങനെ സംഭവിക്കാതെ അതിന്റെ ജീവിതധർമ്മം നിറവേറ്റാനാണ് അതിനെ കാട്ടിൽ വിരിയിച്ചത് എന്ന് കവയിത്രി പറയുന്നു. കാട്ടിലെ പൂവിന്റെ സുഗന്ധം ആകാശദേശങ്ങളിലെത്തുന്നു.

എന്തിനിക്കാന്താരത്തിലാരുമറിയാതി
ചന്തവും മരന്ദവും ഗന്ധവും പൊഴിക്കുന്നു
ഈ വിധം ധാതാവു തന്നാശയംനിറവേറ്റാൻ
ഈ വനം പൂവേ നിന്റെ ജന്മഭൂവാക്കിതന്നു

(1980:165)

പ്രകൃതിയാണ് ഭൂമിയിലെ സ്വർഗ്ഗം. അവിടെയാണ് ഈശ്വരൻ നിലകൊള്ളുന്നത്. സ്വതന്ത്രവും വിശാലവും ശാന്തവുമായ നീലവിണ്ണാണ് കാട്. അവിടെ ദൈവസാന്നിധ്യമുണ്ട്. അവിടെവെച്ച് ദൈവത്തെയറിയാൻ കഴിയും എന്നാണ് കവയിത്രി പറയുന്നത്. ദൈവത്തെയറിയുക  എന്നാൽ സ്വയം അറിയൽ തന്നെയാണെന്നും അതിലൂടെ മോക്ഷം സാധ്യമാകുന്നുവെന്നും കവയിത്രി പറയുന്നു.

### 3.3.3 റോസി തമ്പി

മലയാളകവിതയിൽ സ്ത്രൈണ ആത്മീയത എന്നു പേരിട്ടുവിളിക്കുന്ന ഒരു പുതിയഭാവുകത്വം സൃഷ്ടിച്ച കവയിത്രിയാണ് റോസി തമ്പി. നിലനിൽക്കുന്ന ദുഷിച്ച വ്യവ്സ്ഥിതിയോടുള്ള സ്ത്രീയുടെ കലാപം എന്ന നിലയിലാണ് ആത്മീയത റോസിതമ്പി തന്റെ കവിതകളിൽ അവതരിപ്പിക്കുന്നത്.

'പാൽഞരമ്പ്' എന്ന കവിതയിലെ പിറവിചിത്രം ആയ്തമീയതയുടെ പരിവേഷം നൽകിയാണ് അവതരിപ്പിക്കുന്നത്. ഒലീവിലകൾ, മുളക്കാനായി പിളർന്നു പിടയുന്ന വിത്തുകളുടെ നിലവിളി,  ഇടയഗാനം, സാന്ത്വനത്തിന്റെ ഈരടി എന്നിവയെല്ലാം ചേർന്ന് ഒരേ സമയം ഒരു മരണപ്പിടച്ചിലിനേയും പിറവിത്തുടിപ്പിനേയും ഈ കവിത അനുഭവപ്പെടുത്തുന്നു.

ഒലീവിലകളുടെ ശീൽക്കാരത്തിൽ
പാതിമയങ്ങിയ മൺതരികൾ
മുളകിളിർക്കുന്ന വിത്തുകളുടെ
ഉടൽ പിളരുന്ന നിലവിളികൾ
ഞെട്ടിയുണർന്നു പാടിയ
സാന്ത്വനത്തിന്റെ ഈരടികൾ
ഇടയഗാനമായ് കാറ്റിൽപ്പടർന്ന് നേർത്ത കുളിരായ്

ഗർഭസ്ഥമാം ഉടലിനെ പ്രണയാർദ്രവിരലുകൾകൊണ്ട്
തലോടിയുണർത്തി.
(2017:25)

പ്രസവത്തെ ഒരു പൂവിരിയുന്ന പ്രവർത്തിയോടാണ് ഈ കവിതയിൽ ഉപമിച്ചിരിക്കുന്നത്. ബൈബിൾ വചനങ്ങൾ ഉൽക്കൊള്ളുന്ന വർണ്ണനയാണ് 'മുളകിളർക്കുന്ന വിത്തുകളുടെ ഉടൽപിളർക്കുന്ന നിലവിളി' എന്ന വരിയിൽ ഉള്ളത്.

അപരാജിത എന്ന കവിത മിസ്റ്റിസിസത്തിന്റെ ആശയങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ദൈവത്തോടുള്ള പ്രണയവും അന്വേഷണവും ഈ കവിതയിൽ കാണാം

കണ്ണുനീരിന്റെ വേഗതകൊണ്ട്
ഹൃദയത്തിന്റെ ആഴമളക്കുന്നവനേ
നിന്റെ തിരമാലകൾ
എന്നെ കടന്നുപോകുന്നു
(2017:37)

തുടങ്ങയ വരികൾ ആത്മീയതയുടെ അംശം ഉൾക്കൊള്ളുന്നു

'ദൈവം അവളുടെ കുഞ്ഞായിരുന്നു', 'ഇനിയും വെളിപ്പെടാത്ത വചനം' എന്നീ കവിതകളിലെല്ലാം ബൈബിൾ വചനങ്ങൾ ഉദ്ദരിച്ച് കൊണ്ട് പ്രണയത്തെയും ജീവിതത്തെയും ആത്മീയതയുടെ പരിവേശം നൽകി അവതരിപ്പിച്ചിരിക്കുന്നു.

ഹാഗർ, വെറോനിക്ക എന്നീ കവിതകളും ബൈബിളിൽ നിന്നുള്ള ബിംബങ്ങൾ സ്വീകരിച്ചുകൊണ്ടെഴുതിയതാണ്. വെറോനിക്കയെന്ന കവിതയിൽ ക്രിസ്തുവിനെ പ്രണയിച്ച വെറോനിക്കയുടെ ചിത്രം വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു. യേശുവിന്റെ സഹനത്തിന്റെ പലഘട്ടങ്ങളും അദ്ദേഹത്തിന്റെ വചനങ്ങളും സ്വീകരിച്ച്കൊണ്ടെഴുതിയാണ് റോസിതമ്പിയുടെ പലകവിതകളും. 'പ്രണയത്തിന്റെ ഏഴുദിനരാത്രങ്ങൾ', 'സാക്ഷാൽ സ്രഷ്ടാവും സോർബയും ബുദ്ധനും' തുടങ്ങിയ കവിതകളെല്ലാം ഉദാഹരണമാണ്.

മിത്തോളജിയിലെ ബിംബകല്പനകൾ, ബൈബിളിലെ കഥാപാത്രങ്ങൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവയെല്ലാം സ്വീകരിച്ച് കൊണ്ടാണ് റോസിതമ്പി കവിതകൾ രചിച്ചിരിക്കുന്നത്.

## 3.4 പുരാണപുനരാഖ്യാനം

പുരണപരാമർശങ്ങൾ ഉൾകൊള്ളുന്ന സ്ത്രീകവിതകളാണ് ഇവിടെ പഠനവിധേയമാക്കുന്നത്

### 3.4.1 ബാലാമണിയമ്മ

പുരാണസന്ദർഭങ്ങളുടെ പുനരാഖ്യാനങ്ങളായി പ്രധാനമായും എടുത്തുകാണിക്കാവുന്ന ബാലാമണിയമ്മയുടെ കൃതികളാണ് മഴുവിന്റെ കഥ, വിഭീഷണൻ, വിശ്വാമിത്രൻ എന്നിവ.

ഹിംസവാസനയുടെ രൂപാന്തരത്തെകുറിച്ചാണ് മൂന്ന് നീണ്ട കവിതകളിലൂടെ ബാലാമണിയമ്മ പറയുന്നത്. കേരളഭൂമിയുടെ സ്രഷ്ടാവ് എന്ന് വിശ്വസിക്കുന്ന പരശുരാമന്റെ ആത്മഭാഷണമാണ് 'മഴുവിന്റെ കഥ' എന്ന കവിത. ഹിംസവാസനയുടെ കഥയാണിത്. പരശുരാമകഥയിലെ ഹിംസ പരമ്പര തുടങ്ങുന്നത് മാതൃഹത്യയിൽ നിന്നാണ്. ജമദഗ്നി മഹർഷി തന്റെ ഭാര്യ രേണുക മനസ്സാൽ ചെയ്യപ്പെട്ട പാപത്തിനു ശിക്ഷ വിധിക്കുകയാണ്. കുയിലുകൾ കൂകുന്ന മധുമാസത്തിൽ കാടുകൾ പൂത്തു നിൽക്കുന്ന അനുരാഗാർദ്രമായ അന്തരീക്ഷത്തിൽ അവിടെ ആറ്റുവക്കത്ത് പ്രേമലോലരായി നീന്തിക്കളിക്കുന്ന ഗന്ധർവ്വന്മാരുടെ ജീവിതോത്സവം നോക്കി നെടുവീർപ്പിട്ടു എന്നതാണ് ആ പാപം. ക്രാന്തദർശിയായ ജമദഗ്നി മഹർഷി തന്റെ പത്നിയുടെ കോൾമയിരണിമെയ്യും തിളങ്ങും കവിൾക്കൂമ്പും കണ്ടു മനസ്സിൽ ചെയ്യപ്പെട്ട പാപം ഗുരുതരമായതുകൊണ്ട് മഹർഷി തന്റെ പുത്രന്മാരോട് പറയുകയാണ് 'കുലത്തിൻ വിശുദ്ധിക്കായ് കൊല്ലുകീ പതിതയെ'- സോദരന്മാർ ഒന്നൊന്നായി പിന്മാറിയപ്പോൾ പിതൃപ്രിയനായ പരശുരാമൻ മുന്നോട്ടുവന്നു.

*ദൈവദത്തമാമന്റെ വെൺമഴു പൊങ്ങിവീണു*
*ഭൂവിലമ്മതൻ ശിരസ്സാമുഖം സൗമ്യോദാരം*
*(2005:197)*

പരശുരാമൻ പിന്നീട് ആ മഴു ഉപയോഗിച്ച് അനേകം നരഹത്യ നടത്തുന്നുണ്ട്. അവസാനം ചെയ്ത തെറ്റുകൾക്ക് പ്രായശ്ചിത്തം അന്വേഷിച്ചപ്പോൾ വെന്ന നാടെല്ലാം ദാനം ചെയ്യൂ എന്നാണ് മറുപടി കിട്ടിയത്.

*പാരിന്റെ നന്മയ്ക്കത്രേ, പാഴ്വൻപുകാട്ടാനല്ലീ*

*യാരണ്യപിതാക്കൾ തന്നാത്മീയധനം കുഞ്ഞേ*

*(2005:200)*

എന്ന അച്ഛന്റെ ഉപദേശം സ്വീകരിച്ച് തന്റെ പാപങ്ങളെല്ലാം ഇല്ലാതാക്കാൻ ഹിംസയില്ലാത്ത ഒരു നാട് സൃഷ്ടിക്കാൻ തോളിൽ നിന്ന് മഴുവെടുത്ത് അകലേയ്ക്കെറിയുകയാണ്. അങ്ങനെ 'നീലവാനിനുതാഴെ പച്ചനാക്കില വെച്ച പോലുള്ള കേരളം' (2005:190) സൃഷ്ടിക്കപ്പെട്ടു. എന്നാൽ പിന്നീട് കേരളത്തിലെ ജനങ്ങളും ഹിംസ ചെയ്യുമ്പോൾ പരശുരാമൻ ദുഃഖിക്കുന്നു. അദ്ദേഹം ആശ്വാസം കണ്ടെത്തുന്നത് മഹാബലിയിലാണ്. ത്യാഗത്തെ ബലമാക്കിയ ആ മഹാനാണല്ലോ കേരളീയരുടെ ആരാധ്യപുരുഷൻ എന്നോർത്ത് അദ്ദേഹം ആശ്വസിക്കുന്നു.

ധർമ്മാധർമ്മങ്ങളെ വിചാരണ ചെയ്യുന്നതാണ് 'വിഭീഷണൻ' എന്ന കവിത. രാക്ഷസവംശത്തിൽ പിറന്നെങ്കിലും അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവം കൊണ്ട നിമിഷം മുതൽ അവരുടെ മനോഭാവത്തിൽ മുന്തിനിന്ന മഹനീയതകളെ സ്വാംശീകരിച്ച വ്യക്തിയാണ് വിഭീഷണൻ. അതുകൊണ്ടുതന്നെ അനീതി പ്രവർത്തിക്കുന്ന ജ്യേഷ്ഠന്റെ പക്ഷത്തുനിന്നും ധർമ്മിഷ്ഠനെന്ന് അയാൾ കരുതുന്ന രാമന്റെ പക്ഷത്തേക്ക് നിൽക്കാൻ അയാൾ പ്രേരിതനായത്. ആദർശനിഷ്ഠയെക്കുറിച്ചും സ്നേഹകാരുണ്യങ്ങളെക്കുറിച്ചുമൊക്കെ ഓർത്ത് ആകുലപ്പെടുകയും ധർമ്മാധർമ്മങ്ങളുടെ നേർത്ത അതിർവരമ്പിനെക്കുറിച്ച് സംഘർഷമനുഭവിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ബാലാമണിയമ്മയുടെ വിഭീഷണൻ. (2012 : 89)

രാവണന്റെ മുന്നിൽ നിന്ന് ധർമജ്ഞന്റെ അധികാരസ്വരത്തോടെ വിഭീഷണൻ ഉപദേശിക്കുന്നുണ്ട്.

*മാനവന്നർധാംശം പോൽ വേട്ടപെണ്ണവളെയി*
*ങ്ങാനയിച്ചതേതെറ്റ് തിരിയെക്കൊടുത്താലും*
*തൻ പിഴയറിയുന്നൂ വൈകിയും മനീഷികൾ*
*വൻപുവിട്ടുടൻതന്നെ നീതിമാൻ തിരുത്തുന്നു.*

(2010 : 184)

രാവണൻ ആ ഉപദേശം ബാലിശമെന്നു തള്ളിക്കളഞ്ഞു. ആ നിമിഷത്തിൽ ശത്രുപക്ഷം ചേരാൻ വിഭീഷണൻ തീരുമാനിക്കുന്നു. യുദ്ധം കഴിഞ്ഞ് ലങ്കാധിപനായിത്തീർന്ന വിഭീഷണൻ കഴിഞ്ഞ കാലങ്ങൾ ഓർത്തെടുക്കുന്നതിലൂടെ ധർമ്മാധർമ്മ വിചിന്തനം കവയിത്രി നടത്തുകയാണ്.

പൂർണ്ണമായ ആത്മസമർപ്പണത്തിലൂടെ മാത്രമേ മനുഷ്യജന്മത്തിന് സാഫല്യവും പൂർണ്ണതയും കൈവരിക്കാനാകൂ എന്ന നിലപാടിനെയാണ് 'വിശ്വാമിത്രൻ' എന്ന കവിത ആവിഷ്കരിക്കുന്നത്. നിസ്വാർത്ഥസ്നേഹം കൊണ്ട് ഹിംസയെ ചെറുത്തു തോൽപിക്കാനാകും എന്ന് ഈ കവിത കാണിച്ചുതരുന്നു. 'വാൽമീകി', 'മഹാവീരൻ', 'ശരശയ്യ', 'യയാതി', 'മഹാബലി', 'ചെങ്കോൽ', മാധവി എന്നിങ്ങനെയുള്ള കവിതകളെല്ലാം പുരാണത്തിന്റെ പുനരാഖ്യാനങ്ങളാണ്.

### 3.4.2 സുഗതകുമാരി

സുഗതകുമാരിയുടെ കൃഷ്ണകവിതകളെല്ലാം പുരാണേതിഹാസങ്ങളുടെ പുനരാഖ്യാനമാണ്. 'രാധയെവിടെ' എന്ന കവിതയിലെ രാധയെക്കുറിച്ചുള്ള അന്വേഷണം ശ്രദ്ധേയമാണ്. കൃഷ്ണൻ മഥുരയിലേക്ക് പോയതിനുശേഷം രാധയ്ക്കെന്തുപറ്റി എന്ന അന്വേഷണമാണ് ഈ കവിത. 'എവിടെപ്പോയി കൃഷ്ണന്റെ രാധ ദേഹി വെടിഞ്ഞ ദേഹം പോലെ അവൾ എവിടെ വീണു നിശ്ചല യായി കിടക്കുന്നു? കരഞ്ഞുതളർന്നു മയങ്ങി കിടക്കുന്ന യശോദയുടെ അരികിലില്ല. കണ്ണന്റെ വികൃതി കഥകൾ പറഞ്ഞു കരയുകയും കരച്ചിലിനേക്കാൾ ദീനമായി ചിരി ക്കുകയും ചെയ്യുന്ന ഗോപികമാരുടെ അരികിലില്ല. രാധയുടെ കുടിലില്ല. രാധ എവി ടെപ്പോയി' (2006:713) അങ്ങനെയാണ് രാധയെക്കുറിച്ചുള്ള അന്വേഷണം ഈ കവിത യിൽ തുടങ്ങുന്നത്. രണ്ടാം രംഗത്തിൽ വിരഹിണിയായ രാധയുടെ കൃഷ്ണനെക്കുറി ച്ചുള്ള ഓർമ്മകളാണ് വിവരിക്കുന്നത്. വീണ്ടും രാധയെക്കുറിച്ചുള്ള അന്വേഷണം കട ന്നുവരുന്നു. രാധ എവിടെ ആയിരിക്കാം എന്ന ചിന്ത കവയിത്രിയെ അലട്ടുന്നു. വിര ഹിണിയായ രാധയുടെ നവാവതാരങ്ങളെ കുറിച്ചാണ് പിന്നീട് കവയിത്രി വിവരിക്കു ന്നത്. മീരാ ദേവി, ചൈതന്യൻ, ആണ്ടാൾ, തുടങ്ങിയവരുടെ ജീവിതരംഗങ്ങൾ രാധ യുടെ നവാവതാരകല്പനകളുമായി കവിതയിൽ ചേർത്തു വയ്ക്കുന്നു. തേടിയലയു ന്നതിന്റെ വേദനയും സാക്ഷാത്കാരത്തിന്റെ ആനന്ദവും അനുഭവിച്ചിരുന്ന ഈ കൃഷ്ണഭക്തർ രാധയുടെ അവതാരങ്ങളായി കവയിത്രി വിഭാവനം ചെയ്യുന്നു.

ഗായകരും കവികളും ഐതീഹ്യപ്രശസ്തരായ ഭക്തരും മാത്രമല്ല രാധയുടെ പുനരാവതാരങ്ങളായി കല്പിക്കപ്പെട്ടിരിക്കുന്നത്. ഓരോ ഭാരതീയനാരിയിലും രാധ യുടെ അംശമുണ്ട്. തേടിയലഞ്ഞ് നടന്ന രാധ ഒരു ഘട്ടത്തിൽ 'ഇനി വയ്യ' എന്ന് കരുതിനിന്നപ്പോൾ അവളുടെ ചിത്തം നൂറുനൂറായി നുറുങ്ങി ചിതറിയെന്നും ഓരോ നുറുങ്ങും തെറിച്ചു വീണിടത്ത് അത് പുകഞ്ഞ് ഉയർന്നുവെന്നും വീണ്ടും വീണ്ടും

മുളപൊട്ടി കോടി കോടി ജന്മങ്ങളിലൂടെ ആ വിളി ഇവിടെ അലയുന്നു എന്നും വിഭാവനം ചെയ്തിരിക്കുന്നു. പാടത്തു കറ്റമെതിക്കുന്ന പാവങ്ങളായ പെണ്ണുങ്ങൾ, ആടു മേയ്ക്കുന്ന നാട്ടിൻപുറപെൺകിടാങ്ങൾ, വെള്ളം കുടം ചുമന്ന് കാതങ്ങൾ താണ്ടുന്ന അമ്മമാർ, റാട്ടു കറക്കി തിരിതെറുക്കുമ്പോൾ പഴമ്പാട്ട് പാടി ഇരിക്കുന്നവർ, തേയില കൊളുത്തു നുള്ളുന്നവർ, കരിങ്കല്ല് ഉടയ്ക്കുന്നവർ, കണ്ണീരടക്കുന്നവർ, തെരുവിൽ എന്തോ പുലമ്പി അലയുന്ന ഉന്മാദിനികൾ എവിടെ നോക്കിയാലും അവിടെയൊക്കെ രാധയുടെ മുഖം. എല്ലാരും തേടുന്നവർ, കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തവർ (2006:709) ഓരോ ഭാരതീയനാരിയിലും കവയിത്രി രാധയെ കാണുന്നു. തേടിയലയുന്നവളാണെങ്കിലും രാധ തല കുനിക്കുന്ന അടിമയല്ല. തേടി അലയുമ്പോഴും കണ്ണനോടവൾ പറയുന്നതിങ്ങനെയാണ്.

ഇവളഭിമാനിനി, ഹേ കണ്ണ! നിൻമുന്നി
ലിനിയിവൾ കൈ നീട്ടി നിൽക്കയില്ല
തനിയേ നടക്കുമ്പോൾ, പാൽക്കുടം പോലെയീ
ക്കഠിനമാം ദുഃഖം ചുമന്നീടേണ്ടോൾ
അറിയില്ല നിന്നനുരാഗമെന്നാകിൽ നിൻ
കരുണയും വേണ്ടെന്നു പിന്തിരിഞ്ഞോൾ

(2006:731)

ഏതു പ്രതിസന്ധിയിലും അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്ന ഭാരത സ്ത്രീയുടെ സ്വത്വം രാധയിലൂടെ സുഗതകുമാരി ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു.

കൃഷ്ണകവിതകൾ എന്ന സമാഹാരത്തിലെ എല്ലാ കവിതകളും ശ്രീകൃഷ്ണനുമായി ബന്ധപ്പെട്ട പുരാണത്തിന്റെ പുനരാഖ്യാനമാണ്. ‘കാളിയ മർദ്ദനം’ എന്ന കവിതയിൽ ദുരഭിമാനവും ഗർവ്വും ദുഷ്കൃതങ്ങളുമായി നടക്കുന്ന ആധുനിക മനുഷ്യനാകുന്ന കാളിയന്റെ തലയിൽ നൃത്തമാടി അതെല്ലാം ശമിപ്പിക്കാൻ കവയിത്രി ആവശ്യപ്പെടുകയാണ്. കാളിന്ദിയിലെ വിഷസർപ്പമായ കാളിയന്റെ വിഷം ഇല്ലാതാക്കി ഗർവ്വ് ശമിപ്പിച്ച കഥ ഇവിടെ പുനരാഖ്യാനം ചെയ്തിരിക്കുന്നു.

രാധാമാധവപ്രണയം പുനരാഖ്യാനം ചെയ്യുന്ന നിരവധി കവിതകൾ സുഗതകുമാരി എഴുതിയിട്ടുണ്ട്. അനശ്വരമായ ആ പ്രണയസങ്കല്പം കവയിത്രിയുടെ മനസ്സിനെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. സ്വയം രാധയായി സങ്കല്പിച്ചെഴുതിയ

കവിതകളും ഇക്കൂട്ടത്തിൽപെടുന്നു. 'ശ്യാമരാധ', 'കൃഷ്ണാ നീയെന്നെയറിയില്ല', 'മറ്റൊരു രാധിക', കണ്ണനെത്തേടി എന്നീ കവിതകളെല്ലാം അത്തരത്തിലുള്ളവയാണ്.

'ഇതുമഹാഭാരതം' എന്ന കവിതയിൽ പുരാണപരാമർശം കടന്നുവരുന്നുണ്ട്. ഭാരതത്തിന്റെ ഇന്നത്തെ അവസ്ഥയും രാജ്യത്തിന്റെ നേട്ടങ്ങളുമെല്ലാം കവിതയിൽ വിവരിക്കുന്നു.

പൗരസ്ത്യമായ കാവ്യവീക്ഷണമാണ് സുഗതകുമാരിയിലുള്ളത്. അതുകൊണ്ടുതന്നെ എല്ലാവർക്കും പരിചിതമായ പൗരാണിക ആശയങ്ങളും ബിംബങ്ങളും അവരുടെ കവിതകളിൽ നിറഞ്ഞു നിൽക്കുന്നു.

### 3.4.3 വിജയലക്ഷ്മി

പുരാണേതിഹാസകഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും പുതിയൊരു രീതിയിൽ ആവിഷ്കരിക്കുക എന്നത് വിജയലക്ഷ്മിയുടെ ആഖ്യാനത്തിൽ കാണുന്ന ഒരു പ്രത്യേകതയാണ്. 'കൗസല്യ', 'ഏകലവ്യൻ', 'സീതാദർശനം', 'അശ്വത്ഥാമാവ്', 'ശ്രീരാവണൻ' തുടങ്ങിയ കവിതകൾ ഉദാഹരണം.

പുരാണകഥാപാത്രത്തെക്കൊണ്ട് വ്യവസ്ഥിതിക്കനുസരിച്ച് ചിന്തിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടിവരുന്ന പെൺമനസ്സിനെ ചിത്രീകരിക്കുന്ന കവിതയാണ് 'കൗസല്യ'. കൗസല്യയുടെ മനസ്സിന്റെയും ശരീരത്തിന്റെയും സ്ത്രീനീതികൾ ദശരഥന്റെ പുരുഷനീതിയുമായി ഒത്തുപോകുന്നതല്ല.

*"പിന്നേയും നിശീഥത്തിലങ്ങു ചൊല്ലുന്നു ചില്ലി*
*വില്ലുകൾ കുലയ്ക്കുന്ന കാമപത്നിയെപ്പറ്റി"*

( 2010:15)

എന്നു തുടങ്ങുന്ന കവിത ബഹുഭാര്യാത്വസമ്പ്രദായത്തിലെ സ്ത്രീകളുടെ മാനസികാവസ്ഥയെ കാണിക്കുന്നു. ദശരഥന്റെ ഭാര്യ എന്ന നിലയിൽ കൈകേയിക്കൊപ്പം സ്ഥാനം നേടാൻ കഴിയാത്തവളാണ് കൗസല്യ. അതേസമയം രാമന്റെ മാതാവെന്ന സ്ഥാനം നേടിയവളും. ഭർത്താവിന്റെ സ്നേഹം നിഷേധിക്കപ്പെട്ടതിൽ കൗസല്യയ്ക്ക് അസംതൃപ്തിയും ദുഃഖവും ഉണ്ടായിരുന്നു. എങ്കിലും രാമന്റെ മാതാവെന്ന നിലയിൽ അവർ മോക്ഷവും സാഫല്യവും അനുഭവിച്ചറിഞ്ഞു. വിജയലക്ഷ്മി

കൗസല്യയ്ക്ക് പകരം മാതൃത്വം കൊണ്ട് സംതൃപ്തിയടയേണ്ടിവന്ന ഒരു ആധുനിക സ്ത്രീയെയാണിവിടെ പ്രതിഷ്ഠിക്കുന്നത്. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിന്റെ അധികാരഘടനയിലും ഭർത്താവിനാൽ അവഗണിക്കപ്പെട്ട് മാതാവാണെന്ന ഒറ്റ അഭിമാനത്താൽ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്ന എത്രയോ സ്ത്രീകളുണ്ട്. കൗസല്യയിലൂടെ ഇത്തരമൊരു സ്ത്രീയുടെ ഛായാചിത്രമാണ് വിജയലക്ഷ്മി അവതരിപ്പിക്കുന്നത്. ഭർത്താവിന്റെ സ്നേഹം സ്വന്തമാക്കുന്നതിൽ ഒരു പരസ്ത്രീയാൽ തോല്പിക്കപ്പെട്ടവളാണ് കൗസല്യ. 'മന്നവ മറന്നാലുമിത്തണൽ' എന്നു മനസ്സാ പ്രതികരിക്കുന്നുണ്ടെങ്കിലും നിലനിൽക്കുന്ന സാമ്പ്രദായികവ്യവസ്ഥ തന്നിലേൽപ്പിച്ച ധർമ്മഭാരത്തെ ഓർത്ത് അവൾ വിഷമിക്കുന്നു. ഭർത്താവിന്റെ കുഞ്ഞിന് അമ്മയാകയാൽ അത് തന്റെ ജീവിതദൗത്യമായി അവൾ ഏറ്റെടുക്കുകയും ചെയ്യുന്നു.

*രാമന്നമ്മയാകുവാനല്ലോ വന്നു ഞാൻ*
*മറ്റെന്തുണ്ടീ മഹിഷിക്കധികാരം*

(2012 :16)

എന്ന ചോദ്യത്തിൽ തന്റെ മറ്റെല്ലാ അധികാരങ്ങളും അറിഞ്ഞുകൊണ്ടു പരിത്യജിക്കുന്നതിന്റെ നഷ്ടബോധമുണ്ട്. വ്യവസ്ഥയും പുരുഷനീതിയും ഏൽപിച്ച ധർമ്മഭാരത്തിന് രാമന്നമ്മയാകയാൽ അവൾ മുതുകുനിച്ച് കൊടുക്കുന്നു.

ആദികാവ്യത്തിന് വിജയല്ക്ഷമി നൽകുന്ന സ്ത്രീപക്ഷഭാഷ്യമാണ് 'സീതാദർശനം' എന്ന കവിത. സഹനതയുടെയും ദുഃഖത്തിന്റെയും പര്യായമായി നാളിതുവരെ സീതയെ കണ്ടെത്തിയവർക്കുള്ള ശക്തമായ മറുപടിയാണ് സീതാദർശനം. ആദികാവ്യത്തിലുടനീളം മുഴങ്ങുന്നത് സീതയുടെ വിലാപമല്ല. മറിച്ച് സ്വന്തമായ വഴി കണ്ടെത്തുന്നതിന്റെ ദാർശനിക സമസ്യകളാണ്. ആ അർത്ഥത്തിൽ സീത പരിത്യജിക്കപ്പെട്ടവളല്ല, സ്വയം കണ്ടെത്തിയവളാണ്.

*'ഇല്ല പറഞ്ഞയച്ചില്ലെന്നെരാഘവൻ*
*ഇന്നു പോകുന്നെന്നു ഞാനേ പറഞ്ഞൊരാൾ'*

എന്നു പ്രഖ്യാപിക്കുന്ന സീത ധീരയും അചഞ്ചലയുമാണ്.

ജ്ഞാനിയും ഋഷിയും രാജാവുമായ ജനകന്റെയടുത്ത് ബാല്യവും ദീർഘനാൾ കാടിന്റെ നടുവിൽ യൗവ്വനവും കഴിച്ചുകൂട്ടിയ കാടിന്റെ മകളായ സീത തന്റെ ഉണ്മതിരിച്ചറിയുകയാണ്. തനിയ്ക്ക് പ്രിയപ്പെട്ടതെല്ലാം ഉപേക്ഷിച്ചാണ് സീത ഇറ

ങ്ങിത്തിരിക്കുന്നത്. സീതയെ സംബന്ധിച്ചിടത്തോളം കാട്ടിലേക്കുള്ള തിരിച്ച് പോക്ക് തനിയ്ക്കേറെ സ്വാതന്ത്ര്യവും സ്നേഹവും ലഭിക്കുന്ന മാതൃസവിധത്തിലേക്കുള്ള യാത്രയായേ അനുഭവപ്പെടുന്നുള്ളൂ. മാത്രമല്ല ഇത്തരമൊരു യാത്രക്കുപോകുന്ന തിന്റെ പിന്നിൽ ശ്രീരാമന്റെ ആജ്ഞയുണ്ടെങ്കിലും സീതയ്ക്കത് ശിക്ഷയായിട്ടല്ല തോന്നുന്നത്. മറിച്ച് അനുഗ്രഹമായിട്ടാണ്. യഥാർത്ഥത്തിൽ സഹനതയുടെയും ദുഃഖത്തിന്റെയും യാതനകളിൽ നിന്നുള്ള മോചനമാണ് സീതയ്ക്ക് ഈ വിടവാ ങ്ങൽ. നൂറ്റാണ്ടുകളായി സീതാദേവിയ്ക്കുമേൽ പതിഞ്ഞുകിടക്കുന്ന ദുഃഖപുത്രി യുടെ പ്രതിഛായയ്ക്ക് മോചനം നൽകി ഈ ഇതിഹാസകഥാപാത്രത്തെ തന്റേടത്തിന്റെയും സ്വയം കണ്ടെത്തലിന്റെയും വഴിയിലൂടെ പുതുജന്മം നൽകി അവതരിപ്പിച്ചിരിക്കുകയാണ് കവയിത്രി.

വ്യവസ്ഥയെ തിരിച്ചറിഞ്ഞ് അത് മറികടക്കൻ ശ്രമിക്കുന്ന സ്ത്രീകളുടെ കഥ കളും വിജയലക്ഷ്മി തന്റെ കവിതകൾക്ക് വിഷയമാക്കിയിട്ടുണ്ട്. ലിംഗവർണ്ണവിവേച നത്തിനും കുടുംബനീതികൾക്കും അതീതമായി തന്റെ പ്രണയത്തിന്റെ പ്രപഞ്ച സത്യം പ്രഖ്യാപിക്കുന്ന സ്ത്രീകർതൃത്വമാണ് 'യയാതിക്ക്' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഹസ്തിനപുരിയിലെ ദാസീപുത്രിയുടെ മനസ്സ് യയാതി മഹാരാജാവിലെത്തിപ്പെടുന്നു.

*നഗരമിതു ഹസ്തിനപുരം, ഞാൻ യയാതിതൻ*
*പ്രജയന്നു, ദാസിതൻപുത്രി*
*കലകളറുപത്തിനാലറിയുവോൾ, നിന്ദ്യമെൻ*
*കുലമെങ്കിലും സച്ചരിത്ര*

(2010 : 72)

അങ്ങനെയുള്ള അവൾ രാജകീയ പ്രൗഢിയോ അധികാരമോ ഒന്നുമാശിക്കാതെ യയാതിയുടെ സ്നേഹം കൊണ്ടുമാത്രം തൃപ്തിപ്പെടുന്നു. ഭൗമദുഃഖങ്ങളിൽ നിന്നും നിരാശതകളിൽ നിന്നും വിഫലമായ അന്വേഷണങ്ങളിൽ നിന്നും ആ പ്രണയത്തി ലൂടെ അവൾ സ്വതന്ത്രയാകുന്നു.

'ഏകലവ്യൻ' എന്ന കവിതയും പുരാണത്തിന്റെ പുനരാഖ്യാനമാണ്. പെരുവി രൽ നൽകിയ ശിഷ്യനോട് ശിരസ്സ് തന്നെ അറുത്ത് കൊടുക്കാൻ ആവശ്യപ്പെടുന്ന ഗുരുവിനെയാണ് ഈ കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്.

'അശ്വത്ഥാമാവ്' എന്ന കവിത അശ്വത്ഥാമാവ് എന്ന ഇതിഹാസ കഥാപാത്രത്തിന്റെ മനസ്സിലൂടെയുള്ള സഞ്ചാരമാണ്. കുരുക്ഷേത്രയുദ്ധത്തിൽ പാണ്ഡവർക്കെതിരെയായിരുന്നുവെങ്കിലും മനസ്സിൽ കുറ്റബോധം പേറുന്നവനാണ് അശ്വത്ഥാമാവ്. കാട്ടിലേക്ക് പാലായനം ചെയ്യുകയാണ് ഒടുക്കം അയാൾ

*ഒന്നല്ല, രണ്ടല്ലല്ലോ*
*കൊല്ലമായിരങ്ങളീ*
*കൈവിരൽത്തുമ്പാലെണ്ണി*
*ക്കടന്നൂ കാടും മേടും*
*ജനമദ്ധ്യത്തിൽ സ്ഥാനം*
*പോയവൻ, ഇരിപ്പെടം*
*ദയപൂണ്ടാരും നൽകീ*
*ടാത്തവൻ, ശാപഗ്രസ്തൻ*

(2010 : 70)

അശ്വത്ഥാമാവ് എന്ന കഥാപാത്രത്തെ വിജയലക്ഷ്മി അവതരിപ്പിച്ചിരിക്കുന്നത് അയാൾ സ്വയം വിലയിരുത്തുന്ന രീതിയിലാണ്.

### 3.4.4 ഗീതാ ഹിരണ്യൻ

അർദ്ധനാരീശ്വരൻ, സ്വർഗാരോഹണം, കഥയിൽ തോറ്റവൾ തുടങ്ങിയ ഗീതാഹിരണ്യന്റെ കവിതകൾ ഇതിഹാസത്തിന്റെ പുനർവായനകളാണ്. പുരാണ കഥകളിലൂടെ സമകാലീന സാമൂഹ്യവ്യവസ്ഥയുടെ ആവിഷ്കരണമാണ് 'അർദ്ധനാരീശ്വരൻ' എന്ന കവിതയിൽ അർദ്ധനാരീശ്വര സങ്കല്പത്തെ ആരാധിക്കുന്ന സമൂഹത്തിൽ സ്ത്രീ പുരുഷ വിവേചനം നിലനിൽക്കുന്നതിലെ നിരർത്ഥകത ചൂണ്ടികാണിക്കുന്നു.

'സ്വർഗാരോഹണം' എന്ന കവിതയിൽ സരയുവിൽ നടന്നത് സ്വർഗാരോഹണമല്ല എന്നാണ് കവയിത്രി സമർത്ഥിക്കുന്നത്. രാമൻ വരിച്ച ജലോപവേശമായിരുന്നു സരയുവിലെ സ്വർഗാരോഹണമെന്ന് അവൾ ആരോപിക്കുന്നു. പശ്ചാത്താപ വിവശനായ രാജാവിന്റെയും പ്രജകളുടെയും കൂട്ട ആത്മഹത്യയാണ് സരയുവിൽ നടന്നതെന്നാണ് ഗീതാഹിരണ്യൻ വെളിവാക്കുന്നത്. ഇങ്ങനെ പുരാണങ്ങളിൽ ആരും പറയാത്ത മൗനങ്ങൾ വേറെയും ഒരുപാടുണ്ടെന്ന് കവയിത്രി ഓർമ്മിക്കുന്നു. സ്വർഗാരോഹണം എന്ന കവിത അർദ്ധനാരീശ്വരൻ എന്ന കവിതയുടെ ഒരു വികസിച്ച രൂപമാണെന്ന് അതിന്റെ വായനയിൽ ബോദ്ധ്യമാകും.

ഈ രണ്ട് കവിതയുടേതിന് സമാനമായ പ്രമേയമാണ് 'കഥയിൽ തോറ്റവൾ' എന്ന കവിതയിലും കാണാൻ കഴിയുന്നത്. യുദ്ധം ജയിച്ചെത്തിയ രാമനു നേരെയു ള്ള ഒരു പരിഹാസമാണീ കവിത.

*ഏതു ദേവാസുരയുദ്ധത്തിനും*
*ഒടുവിലുണ്ട്*
*വെന്നവന് പാരിതോഷികം*
*ചിലപ്പോൾ ഇന്ദ്രസിംഹാസനത്തിൽ പാതി*
*ചിലപ്പോൾ ദേവരഥമേറി ഒരു സവാരി*
*എന്നിട്ടുമിവിടെ*
*മുത്തുമാല കുരങ്ങൻ കൊണ്ടുപോയ്*
*(2014:102)*

രാമൻ ജയിച്ചു എന്നേയുള്ളൂ എന്നും അതൊരു ജയമേ അല്ലായിരുന്നു എന്നും സീത യുടെ വാക്കുകളിലൂടെ കവയിത്രി പറയുന്നു. സീതയെ ഒരു സാധാരണ സ്ത്രീയായി ട്ടാണ് കവയിത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

*ഉഴവുചാലിൽ ഉയിരെടുത്ത്*
*ഉഴവുഭൂമിയിൽ ഉടൽമറഞ്ഞ*
*ശോകശ്ലോകവാഹിനി*
*വാൽമീകിക്കു സീത*
*എനിക്കു സ്ത്രീ*
*(2014:102,103)*

എന്ന് കവയിത്രി പറയുന്നു. ഇവിടെ സീതയിൽ നിന്ന് നമ്മുടെ സമൂഹത്തിലെ സ്ത്രീയിലേക്ക് ഒരു അക്ഷരത്തിന്റെ വ്യത്യാസം മാത്രമേ ഉള്ളൂവെന്ന് കവയിത്രി സൂചിപ്പിക്കുന്നു.

### 3.4.5 സരു ധന്വന്ദരി

പുരാണകഥാപരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സരു ധന്വന്ദരിയുടെ കവിതയാണ് 'ലക്ഷ്മണൻ'. മാതൃതുല്യയായ ജ്യേഷ്ഠത്തിയെ കാട്ടിൽ ഉപേക്ഷി ക്കാൻ ജ്യേഷ്ഠൻ തന്നെ നിയോഗിച്ചപ്പോൾ ആ നിയോഗം അദ്ദേഹത്തിൽ ഉണ്ടാ ക്കിയ മാനസിക വ്യഥയും നടുക്കവുമാണ് ഈ കവിത.

*"സീതയെ കളയുക വയ്യെനിക്കിനി പ്രജാ*
*രോപണ, മപമാനം, തെല്ലിടസഹിക്കുവാൻ*
*സകേതപതിയുടെ കല്പന നിറവേറ്റാ-*
*താവില്ല ; സൗമിത്രേ നീ തേരൊരുക്കുക വേഗം."*

*കേട്ടു ഞാനിടിയൊലി പോലെ ഹാ ! വിറച്ചുപോയ്*
*ക്ഷാത്രവീര്യത്തിൻ ക്രൂരജല്പന ; മുണർന്നെന്നിൽ*
*പോർക്കലികൊള്ളും വന്യമാവേശമൊരു മാത്ര*
*ചീർക്കയായ് പ്രതിഷേധജ്വാലയെൻ സിരകളിൽ*

*(2003:26)*

ക്ഷാത്രവീര്യത്തിന്റെ ക്രൂരജല്പനമായിട്ടാണ് ലക്ഷ്മണൻ സീതാപരിത്യാഗത്തെ കണ്ടത്. അത് കേട്ട മാത്രയിൽ പ്രതിഷേധജ്വാല സിരകളിൽ ഉയർന്നെങ്കിലും ലക്ഷ്മ ണന് പ്രതികരിക്കാനായില്ല. ലക്ഷ്മണന്റെ മനോവ്യാപാരമാണ് ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

'ഊർമ്മിള', 'അശ്വത്ഥാമാവ്' തുടങ്ങിയ കവിതകളും പുരാണങ്ങളിൽ നിന്ന് പ്രമേയം സ്വീകരിച്ച് കൊണ്ട് എഴുതിയതാണ്.

### 3.4.6 ഇന്ദിരാ അശോക്

അഹല്യയുടെ ശാപമോക്ഷവുമായി ബന്ധപ്പെട്ട കഥയുടെ പുനരാഖ്യാനം എന്ന നിലയിൽ രചിക്കപ്പെട്ട കവിതയാണ് 'അഹല്യ'. ശിലയായ് മാറിയ അഹല്യക്ക് ശാപമോക്ഷം കിട്ടണമെങ്കിൽ രാമന്റെ പാദസ്പർശമേൽക്കണം. അതിനായി കാത്തിരിക്കുകയാണ് അഹല്യ. ഇവിടെ അഹല്യയുടെ കാത്തിരിപ്പ് യുഗ ങ്ങളോളം നീളുകയാണ്. തന്റെ യൗവനമോഹങ്ങൾ അവളിൽ ഉണരുകയാണ്. 'ഇശ്ശിലയ്ക്കും വികാരമോ' എന്നവൾതന്നെ ചിന്തിച്ചുപോകുന്നു. രാമസ്പർശമേറ്റ് മനുഷ്യാകാരം വീണ്ടെടുത്ത് തന്റെ പതിയോടൊപ്പം ജീവിക്കാൻ അവൾ കൊതിക്കു കയാണ്. പക്ഷേ രാമൻ എത്തുന്നില്ല. അപ്പോഴേക്കും അവൾ വൃദ്ധയാവുകയാണ്.

*കല്ലുണർത്തുവാൻ*
*അംഗനയാക്കുവാൻ*
*എത്തിടാം ദേവൻ*
*മൂന്നു യുഗങ്ങളുമൊത്തു ചേരുന്ന സന്ധിയിൽ*
*അന്നീശിലയിലെ*
*ദാഹവും മോഹവും*
*നിശ്ചയം ജഡം*
*നിർമ മത്വത്തിൻ*
*വല്മീകാവൃതം*

(2013 : 17)

മൂന്നുയുഗങ്ങളുമൊത്തു ചേരുന്ന ദിവസമാണ് രാമൻ ഇവിടെ എത്തുകയുള്ളൂ.

അപ്പോഴേക്കും അഹല്യ വൃദ്ധയാകുന്നു. എത്രയോ കാലം ശിലയായി ജീവിച്ച അവൾക്ക് പിന്നീട് മോഹങ്ങളും സ്വപ്നങ്ങളും ഇല്ലാതെയാകുന്നു. ദുഃഖപൂർണ്ണമായ ഈ ലോകത്ത് മനുഷ്യനായി ജീവിക്കുന്നതിനേക്കാൾ ഭേദം ശിലയാകുന്നത് തന്നെ യാണെന്ന് അവൾ കരുതുന്നു. പിന്നെ അവളുടെ പ്രാർത്ഥന ഇതാണ്.

*ഇന്നിതു മമ പ്രാർത്ഥന രാമ,*
*വന്നിടൊല്ലേ നീയിക്കൽ പ്രതിമയ്ക്ക്*
*ജീവനേകുവാൻ*
*രാഗാദിസങ്കുലമാകിയ*
*മർത്ത്യചേതന നൽകുവാൻ*

(2013 : 18)

അഹല്യയുടെ കഥയ്ക്ക് പുതിയൊരു വ്യാഖ്യാനം ചമയ്ക്കുകയാണ് ഈ കവിത. അഹല്യയുടെ മനസ്സിലൂടെ സഞ്ചരിച്ച് കൊണ്ടാണ് ഈ കവിത എഴുതിയിരിക്കുന്നത്. യൗവനത്തിൽ കല്ലാക്കപ്പെടേണ്ടിവന്ന ഒരു സ്ത്രീയുടെ മാനസികവിക്ഷോഭങ്ങൾ ഈ കവിതയിലെ വരികളിൽ തെളിയുന്നുണ്ട്.

'അശ്വത്ഥാമാവ്' എന്ന കവിത ആധുനിക മനുഷ്യന്റെ പ്രതിനിധിയായി അശ്വത്ഥാമാവിനെ അവരോധിച്ച് കൊണ്ട് എഴുതിയതാണ്. കവിതയുടെ അടിക്കുറിപ്പായി കവയിത്രി തന്നെ പറയുന്നുണ്ട്. "*ശിരസ്സിലെ ഉണങ്ങാത്ത മുറിവും തൊടുത്ത ബ്രഹ്മാസ്ത്രം തിരിച്ചെടുക്കാനറിയാതെ തന്നിലേക്കുതന്നെ ആഴ്ന്നതിന്റെ ആണവപ്രസരണത്താൽ ഉടലാകെ വ്രണങ്ങളുമായി കാടുകയറിയ അശ്വത്ഥാമാവ് ഇന്ന് മരുക്കാടാണ് തനിക്കു ചുറ്റും എന്ന് തിരിച്ചറിയുന്നു. സ്വന്തം കർമ്മത്തിന്റെ തിരിച്ചടിയിൽ മഹാരോഗങ്ങൾക്ക് അടിമപ്പെട്ട് കോൺക്രീറ്റ് കാടുകളിലും ശീതീകരണ യന്ത്രങ്ങളിലും അഭയം തേടുന്ന ആധുനിക മനുഷ്യനെ അശ്വത്ഥാമാവ് പ്രതിനിധീകരിക്കുന്നു.*" (2013 : 120)

*കാടുകേറുന്നെൻ വിധി*
*ചോരയിൽ ചൂഡാമണി*
*ജീവനോടറുത്തതും*
*ജീവിതം ദാനം തന്ന*
*രാജനാമരാതിയെ, അവന്റെ ഔദാര്യത്തെ*
*പാടെയുമെരിച്ചെന്റെ പകയും വിദ്വേഷവും*
*കനലായിന്നും നീറി*
*ശിഖയിൽ ശാപം പേറി*

(2013 : 122)

എന്നിങ്ങനെ സ്വന്തം പ്രവർത്തിയെക്കുറിച്ചോർത്ത് ഖേദിച്ചും പരിതപിച്ചും കാട്ടിലല യുന്ന അശ്വത്ഥാമാവിനെയാണ് ഈ കവിതയിൽ വർണ്ണിക്കുന്നത്. ആധുനിക മനുഷ്യന്റെ പ്രകൃതിനശീകരണവും മറ്റ് കുത്സിതപ്രവർത്തികളും അവരുടെ ജീവിതം തന്നെ ദുസ്സഹമാക്കിയിരിക്കുന്നു. ഇപ്പോൾ അതിന്റെ പ്രയാസങ്ങൾ അവർ തന്നെ അനുഭവിക്കുകയും ചെയ്യുന്നു. ഇതാണ് ഈ കവിതയിലെ പുരാണപുനരാഖ്യാനത്തി ലൂടെ കവയിത്രി പറഞ്ഞുവെക്കുന്നത്.

'സീതാഹൃദയം' എന്ന കവിതയിൽ സീതയുടെ വനവാസജീവിതവും പിന്നീ ടുണ്ടായ സംഭവങ്ങളും ആവിഷ്കരിക്കുന്നു. ആളുകളുടെ പറച്ചിൽ കേട്ടാണ് രാമൻ തന്നെ ഉപേക്ഷിച്ചത് എങ്കിലും രാമന് തന്നോട് വളരെയധികം സ്നേഹമാണെന്ന് അവൾ തിരിച്ചറിയുന്നുണ്ട്.[28]

### 3.4.7 ലളിത ലെനിൻ

'കരിങ്കിളി' 'കർക്കിടകവാവ്' എന്നീ കവിതാസമാഹാരങ്ങളിലൂടെ കാവ്യ രംഗത്ത് ഇടം നേടിയ കവയിത്രിയാണ് ലളിത ലെനിൻ. പതിവ്രതമാരെ പുകഴ്ത്തി ക്കൊണ്ട് സമൂഹത്തിൽ സ്ത്രീസങ്കൽപങ്ങൾക്ക് അലൗകിക പരിവേഷം നൽകി നില വിലുള്ള സ്ത്രീസങ്കൽപം ആ രീതിയിൽ ആക്കിതീർക്കുകയും യഥാർത്ഥ സ്ത്രീ അവസ്ഥ അറിയാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ലളിത ലെനിൻ ചിത്രീകരിക്കു ന്നു. ഇങ്ങനെ സ്ത്രീയെ ദേവിയും പൂജാവിഗ്രഹവുമൊക്കെയായി അവളുടെ യാഥാർത്ഥ്യത്തെ തിരിച്ചറിയാതിരിക്കാൻ അവർ കൂട്ടുപിടിക്കുന്നത് പുരാണങ്ങ ളേയും ഇതിഹാസങ്ങളേയുമൊക്കെയാണ്. ഇക്കാര്യമാണ് 'ദ്രൗപദി' എന്ന കവിത യിൽ പരിശോധിക്കുന്നത്. അമ്മയാണ്, ശക്തിയാണ്, അമൃതമാണ്, ഉണ്മയാണ്, ഭൂമിയെപ്പോലെ ക്ഷമാശീലയാണ്, ഇരുട്ടിലെ തിരിയാണ് തുടങ്ങിയ നല്ല വാക്കുകൾ കൊണ്ട് അവളെ സങ്കല്പപൂജാ പീഠത്തിലിരുത്തുമ്പോൾ തന്നെ അനുഭവത്തിന്റെ തീക്കനലുകൾ അവൾക്കെതിരെ സമൂഹം എടുത്തെറിയുന്നു.

*ശക്തിയാണിവളത്രേ*
*ധരയെപ്പോലെ ക്ഷമാ-*
*ശീലയാണവളത്രേ*
*അമ്മയാണമൃതമാ-*
*ണുൺമയാണിരുട്ടിലെ*
*ത്തിരിയാണുടയോനു-*
*രമയാണുയിരാണ്*
*എങ്കിലും നിരാലംബ*
*യെവിടെച്ചൂതാടിലും*

*പണയം പോകാനുള്ള*
*ധർമ്മ ഭീതയാമുരു*
*(1995:25,26)*

ഇങ്ങനെയൊക്കെയാണെങ്കിലും പുരുഷനെ സംബന്ധിച്ചിടത്തോളം അവന് ആവശ്യം വരുമ്പോൾ പണയപ്പെടുത്താൻ പറ്റുന്ന ഒരു സാധനം മാത്രമായി അവൾ മാറുന്നു.

*അതികായരഞ്ചു പേർക്ക, രുമയാം*
*പെൺമണി വിലപിക്കേ*
*ഒരു കയ്യുയർന്നീല, നാവുണർന്നീല,*
*സൂക്ഷ്മധർമത്തിനതിഗൂഢരഥ്യകളറിയാത്ത*
*മന്ദരായ് വിജ്ഞർ പോലും*
*മരവിച്ചിരുന്നുപോയ്*
*(1995:24)*

ഏതവസ്ഥയിൽ കഴിയുന്ന സ്ത്രീയാണെങ്കിലും അവളനുഭവിക്കുന്ന പീഡനങ്ങൾ ഒരുപോലെയാണെന്ന കാഴ്ച കവയിത്രിയിൽ ഭീതിയുണർത്തുന്നു. അതികായന്മാരായ അഞ്ചുപേരുടെ ഭാര്യയാകാൻ ഒരു പെൺകുട്ടി വിധിക്കപ്പെട്ടപ്പോൾ ആരും കൈയുയർത്തി തടയാൻ മുന്നോട്ട് വന്നില്ല. രക്ഷിക്കാൻ ബാദ്ധ്യസ്ഥരായവരെല്ലാം ക്രൂരത ആസ്വദിച്ച് നോക്കി കഴിയുമ്പോൾ സ്ത്രീകൾക്ക് എവിടെയാണ് പ്രതീക്ഷയ്ക്ക് വകയുള്ളത് എന്ന ചോദ്യം കവയിത്രി ഉന്നയിക്കുന്നു. സ്ത്രീയെന്ന വ്യവസ്ഥാപിത സങ്കല്പവും വ്യക്തിപരമായ യാഥാർത്ഥ്യവും തമ്മിലുള്ള പൊരുത്തക്കേടുകൾ ഈ കവിത അന്വേഷിക്കുന്നു. ഇന്നും ഇവിടെ കൃഷ്ണമാർ കേണിരക്കുന്നു എന്ന് സമകാലീന സ്ത്രീ അവസ്ഥയിലേക്ക് കൂടി കവിത കടന്നെത്തുന്നു. ഇന്നത്തെ കൃഷ്ണമാർ തങ്ങളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള ഒരു അവതാരത്തെ കാത്തിരിക്കുകയാണ്.

*വിരിമാറുലച്ചുകൊ-*
*ണ്ടുഗ്രസാഗരം പോലെ*
*ഉതിരം കൊതിച്ചുകൊണ്ടഗ്നിസായകം പോലെ*
*ഇനിയും വരാനിത്രമടിയെ*
*ന്തവതാരമെവിടെ? ഇന്നും*
*കൃഷ്ണകേണിരക്കുകയാണല്ലോ?*
*(1995:27)*

ഇങ്ങനെ കേണിരക്കുന്ന ഇന്നത്തെ കൃഷ്ണയെ അവതരിപ്പിച്ച് കൊണ്ട് കവിത അവസാനിക്കുന്നു.

എതിരാളികളുടെ ദയനീയാവസ്ഥയിൽ വിഷമിക്കുന്ന സ്ത്രീമനസ്സിന്റെ ആർദ്രത ചിത്രീകരിക്കുന്ന കവിതയാണ് 'മണ്ഡോദരി'

*മതിമതിതോഴി മൽപ്രാണൻ*
*മതിവിട്ടുഴറിപ്പിടയുന്നു*
*മൈഥിലി വാർത്തൊരു മിഴിനീരിൽ*
*മയപുത്രിക്കൊരു ചിതകൂട്ടൂ*

*(1995:45,46)*

എന്ന് വിലപിക്കുന്ന മണ്ഡോദരിയെ ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു. മാത്രമല്ല സ്വന്തം ഭർത്താവ് മറ്റൊരു സ്ത്രീയെ ആഗ്രഹിക്കുന്നു എന്ന് അറിഞ്ഞ് വിഷമിക്കുന്ന സ്ത്രീയേയും മണ്ഡോദരിയിലൂടെ കവയിത്രി കാട്ടിതരുന്നു. വിശ്വവിജയിയായ രാവണന്റെ ഭാര്യയെന്നഭിമാനിക്കുന്ന മണ്ഡോദരിയെയല്ല ഇവിടെ കാണുന്നത്. ഭർത്താവ് മറ്റൊരാളുടെ പിന്നലെ പോകുമ്പോൾ ഉണ്ടാകുന്ന അന്യതാബോധത്തിന്റെയും ആത്മനിന്ദയുടെയും അപകർഷബോധത്തിന്റെയുമൊക്കെ പ്രതീകമാവുകയാണ് മണ്ഡോദരി. സഹനത്തിന്റെ നിശ്ശബ്ദത പേറുന്ന സ്ത്രീയെയാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.

*പുത്തൻ പട്ടുടയാടകളൊക്കെ*
*കൂട്ടിയെനിക്കൊരു ചിതവേണം*
*ചന്ദനതൈലമൊഴുക്കീട്ടതിലെ*
*നാത്വിൽ തീ വെയ്ക്കേണം*

*(1995:45)*

സ്വന്തമായ എല്ലാ സൗഭാഗ്യങ്ങളും അവളെ ദഹിപ്പിക്കുന്നതായിട്ടാണ് സ്വയം തോന്നുന്നത്. മണ്ഡോദരിയുടെ മനസ്സിന്റെ വ്യാകുലതകളാണ് കവയിത്രി ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

### 3.4.8 പ്രമീളാദേവി

നിഷാദം, രാമേശ്വരം കടൽ, വാടക വീട്ടിലെ സന്ധ്യ തുടങ്ങിയ സമാഹാരങ്ങളിലൂടെ കവിതാ രംഗത്ത് ഇടംപിടിച്ച പ്രമീളാദേവിയുടെ 'നിഷാദം' എന്ന കവിതയിൽ ഇതിഹാസകഥ പുനരാഖ്യാനം ചെയ്യുന്നതായി കാണാം. വാല്മീകിയാൽ ശപിക്കപ്പെട്ട നിഷാദന്റെ മനോവ്യാപാരങ്ങളാണ് ഈ കവിതയിൽ ആവിഷ്കരിക്കുന്നത്. വേട്ടയാടുക എന്നത് തന്റെ തൊഴിലാണ്. തന്റെ തൊഴിലാണ് ചെയ്തത്. അതിന് മുനിയെന്തിനാണ് തന്നെ ശപിച്ചതെന്ന് ആ കാട്ടാളൻ ആലോചിക്കുന്നു.

*പിന്തിരിഞ്ഞു ഞാൻ ശോകവും കാവ്യവു-*

*മെന്തിനെന്നറിയാതെ, കനൽവിട്ടു*
*പൊന്തിടുന്നു പുകച്ചുരുൾ, സംയമി–*
*ച്ചെന്തിനായരുതെന്നുയർത്തീകരം.*

*(1995:19)*

എന്തിനാണെന്ന് മനസ്സിലായില്ലെങ്കിലും പിന്നെ അയാൾ അമ്പെയ്തില്ല.

'മാനിഷാദ' എന്ന വാക്യവും ഈ കഥയും ഇപ്പോഴും ആവർത്തിക്കപ്പെടുന്നതായിട്ടാണ് കവയിത്രി സൂചിപ്പിക്കുന്നത്. ആധുനിക ജീവിതത്തിൽ ഈ ശാപകഥയ്ക്ക് പ്രസക്തിയുണ്ട്. ധർമ്മസംസ്ഥാപനത്തിന്റെ ചുമതല കുത്തകയായി ഏറ്റെടുത്തെന്ന് നടിക്കുന്നവർ അക്ഷരാഭ്യാസമില്ലാത്ത നിസ്വവർഗ്ഗത്തിന്റെയും ബുദ്ധി ഉറക്കാത്ത കൗമാരക്കാരുടെയും പ്രവർത്തികളിൽ തെറ്റു കണ്ടെത്തി അവർ വഴി പിഴച്ചെന്ന് പറഞ്ഞ് അവരെ ശിക്ഷിക്കുന്നു. കവിതയുടെ അവസാനം കാട്ടാളൻ ചോദിക്കുന്നതിങ്ങനെയാണ്

*- നാഥ, സൗമ്യനാമങ്ങുപൊറുക്കുക*
*വേറെയെന്തീ നിഷാദന്നു കൈത്തൊഴിൽ?*

*(1995:20)*

നിങ്ങൾ വേറെ എന്തു നല്ല വഴിയാണ്, ജീവിക്കാൻ എന്ത് മാർഗ്ഗമാണ് ഞങ്ങൾക്ക് കാട്ടിത്തന്നത്? ഈ ചോദ്യം അധസ്ഥിത വർഗ്ഗത്തിന്റെ അധികാരികളോടുള്ള ചോദ്യം കൂടിയാണ്.

കവിതയിൽ ഈ ചോദ്യമുന്നയിക്കുന്ന നിഷാദൻ പാവമാണ്. അയാൾ ഈ ചോദ്യം സൗമ്യമായിട്ടാണ് ഉന്നയിക്കുന്നത്. ശപിച്ച ഋഷിയുടെ മഹത്വത്തെയോ അർഹതയെയോ അയാൾ ചോദ്യം ചെയ്യുന്നില്ല. അതിനയാൾക്ക് കരുത്തില്ല. ചരടു വലിച്ച് ആടിക്കുന്ന പാവപോലെ വിധേയനാണയാൾ

*മൂടൽമഞ്ഞാർന്നൊരീ വഴിയിലൂടെ ഞാൻ*
*നൂലുകെട്ടി വലിച്ചിടും പാവപോൽ*
*പോകെ മുമ്പിൽ നടുക്കമായ്, നീറ്റലായ്...........*

*(1995:19)*

ഈ ശാപം അങ്ങനെയാണയാൾക്കനുഭവപ്പെടുന്നത്.

കാലാകാലങ്ങളായി ഭാരതത്തിൽ പ്രചരിച്ച് പോന്ന ഈ ശാപകഥയിൽ എല്ലാവരുടെയും സഹതാപം അമ്പുകൊണ്ട കിളിയുടെ നേർക്കാവുമ്പോൾ ഈ കവിതയിലൂടെ കാട്ടാളന്റെ ദൈന്യത കവയിത്രി ചൂണ്ടിക്കാട്ടുന്നു. അതോടൊപ്പം തന്നെ ഇതിന്റെ സമകാലീനപ്രസക്തിയും കാണിച്ച് തരുന്നു.

'അറിവു ഞാൻ രാമ' എന്ന കവിതയിൽ രാമനെ വിധിയാൽ തോല്പിക്കപ്പെട്ട

ഒരു പച്ചമനുഷ്യനായി ചിത്രീകരിച്ചിരിക്കുന്നു. ആരാധിക്കപ്പെടുന്ന ദൈവത്തിൽ നിന്ന് പരാജിത മനുഷ്യനിലേക്കുള്ള ദൂരം ചെറുതല്ല എന്നാണ് ഈ കവിത കാണിച്ചു തരുന്നത്.

'സീത' എന്ന കവിതയിൽ പുരുഷ മേധാവിത്വത്തിന്റെ കല്പനകൾക്ക് ഇരയാകേണ്ടി വരുന്ന ഒരു പെണ്ണായി സീതയെ അവതരിപ്പിച്ചിരിക്കുന്നു. ഇതിഹാസനായിക മാത്രമല്ല ഇവിടുത്തെ സീത. കാലാകാലങ്ങളായി സ്നേഹം നിഷേധിക്കപ്പെടുന്ന എല്ലാ പെണ്ണിലേക്കും ഈ സീതയുടെ വ്യഥ നീളുന്നു

*എവിടെ നീയെന്നെയുപേക്ഷിച്ചു*
*കാട്ടിൽ, പണികൾ തീരാത്തൊ-*
*രടുക്കളയ്ക്കുള്ളിൽ?*
*പെരുവഴിപ്പെരും തിരക്കിൽ? അന്യോന്യം*
*പിരിഞ്ഞു നാമെത്തും ഗുഹാന്തരങ്ങളിൽ*
*വിഴുപ്പു ചേലകളലക്കി, തങ്ങളിൽ*
*വെറുക്കാൻ ശീലിച്ച കിടപ്പറയ്ക്കുള്ളിൽ?*
*(2003:24)*

ഈ വരികൾ സീതയുടെ ദുഃഖത്തിന്റെ സമകാലിക സന്ദർഭം കാണിച്ചു തരുന്നു. എല്ലാകാലത്തും സ്ത്രീ അനുഭവിക്കുന്ന ദുരിതങ്ങളും വേദനകളും ഒരുപോലെയാണെന്ന് കവയിത്രി ബോധ്യപ്പെടുത്തുന്നു. ഇങ്ങനെ പുരുണേതിഹാസകഥകൾക്ക് സ്വന്തമായി ഒരു വ്യാഖ്യാനം നല്കുന്നു പ്രമീളാദേവി.

### 3.4.9 ആര്യാംബിക

'എന്റെ ഉണ്ണി ഉറങ്ങണമെങ്കിൽ' എന്ന കവിതയിൽ ആര്യാംബിക പുരാണ കഥ പറയുന്നു. കൃഷ്ണന്റെ കഥ കേട്ടാലേ തന്റെ ഉണ്ണി ഉറങ്ങാറുള്ളൂ. അതിനാൽ കൃഷ്ണന്റെ കഥ പറഞ്ഞു കൊടുക്കുന്നതായാണ് കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്.

*ഉമ്പയുമായിക്കാട്ടിൽ പോയപ്പോൾ*
*പാമ്പിൻ വായ പിളർന്നതും*
*ആളിക്കത്തിയ കാട്ടുതീ കുളിർ*
*പ്പാലുപോലെ കുടിച്ചതും*
*കുഞ്ഞിനെക്കുടയാക്കിയിന്ദ്രന്റെ*
*കുന്നായ്മക്കൊമ്പൊടിച്ചതും*
(2017 : 31)

എല്ലാം അമ്മ കുഞ്ഞിന് പറഞ്ഞു കൊടുക്കുന്നു. പിന്നെ കൃഷ്ണനോടുള്ള പ്രാർത്ഥ നയാണ്. തന്റെ കുഞ്ഞിനെ ഉറക്കത്തിലും ഉണർവിലും കാത്തുകൊള്ളണേ കൃഷ്ണാ എന്ന് അമ്മ പ്രാർത്ഥിക്കുന്നു.

### 3.4.10 ലോപ

പുരാണത്തിന്റെ പുനരാഖ്യാനങ്ങളായി ലോപ എഴുതിയ കവിതകളാണ് 'കർണ്ണപർവ്വം', 'കൈകേയിതുടങ്ങിയവ. കർണ്ണപർവ്വം എന്ന കവിതയിൽ അമ്മയോടും കാമുകിയോടും ഉള്ള പ്രണയത്തെ നിരാകരിക്കാനാവാതെ നിൽക്കുന്ന ഒരു കാമുകന്റെ മാനസികാവസ്ഥയാണ് ചിത്രീകരിച്ചിരിക്കുന്നത്. അത് കർണ്ണന്റെ ജീവിതത്തിലെ സംഭവങ്ങളുമായി ചേർത്തുവെച്ചിരിക്കുന്നു.

*പിരിയാതെ ചൂഴ്ന്നുനിൽക്കുന്ന*
*സ്നേഹത്തിന്റെ ജന്മകവചമാണ്*
*അമ്മ*
*ഉള്ളുറപ്പും മുഖകാന്തിയുമേകുന്ന*
*പ്രണയകുണ്ഡലമാണ് - നീ*
*മനസ്സ് രഥചക്രംപോലെ*
*മണ്ണിലേക്ക്വരുന്നതിനു മുൻപ്*
*എനിക്കീ കവചകുണ്ഡലങ്ങൾ*
*അറുത്തുമാറ്റണം*

(2011 : 25)

മരിക്കുന്നതിനു മുൻപ് തന്നോട് ചേർന്നുനിൽക്കുന്ന ഈ കവചകുണ്ഡലങ്ങൾ അറുത്തു മാറ്റണമെന്നയാൾ ആഗ്രഹിക്കുന്നു. കർണ്ണന്റെ ജീവിതത്തിൽ സംഭവിച്ചതു പോലെ തന്റെ ജീവിതത്തിൽ അതൊന്നും ഇനി ആവർത്തിക്കരുത്. അതായത്

*ഇനി ആരും ദൈന്യത്തിന്റെ*
*ദ്വിജരൂപമായി*
*എന്റെ മുന്നിൽ ഭിക്ഷപാത്രം*
*നീട്ടരുത്.....*
*സൗഹൃദത്തിന്റെ അംഗരാജ്യങ്ങൾ*
*തലയിൽ കെട്ടിവയ്ക്കരുത്*

(2010 : 25)

കവചകുണ്ഡലങ്ങൾ ഇരന്നുവാങ്ങാൻ ഇന്ദ്രൻ ദ്വിജന്റെ വേഷത്തിൽ കർണ്ണന്റെ

അരികിലെത്തിയതും ദുര്യോധനൻ അംഗരാജ്യത്തെ രാജാവാക്കി കർണ്ണനെ അഭിഷേകം ചെയ്ത് സൗഹൃദം ഉറപ്പിച്ചതും ഇവിടെ സൂചിപ്പിക്കുന്നു. ഇതിഹാസ ത്തിലെ ഈ സംഭവം പുതിയൊരു സന്ദർഭത്തിൽ പുനർ നിർമ്മിച്ചിരിക്കുകയാണ് ഈ കവിതയിൽ

'കൈകേയി' എന്ന കവിതയിൽ സാപ്തന്യദുഃഖം ആവിഷ്കരിച്ചിരിക്കുന്നു.

*പെയ്തൊഴിയാതെ സാപ്തന്യദുഃഖമാം*
*മൗനമേഘമലയുന്നവായുവിൽ*
*ഓർമതൻ മുറിപ്പാടിലോരോന്നിലു*
*മാരുകാകോളമിറ്റിച്ചു നിൽക്കുന്നു......?*

(2011 : 58)

മകനുവേണ്ടി എന്തെല്ലാം ചെയ്തിട്ടും അവനത് സ്വീകാര്യമല്ലെന്നറിഞ്ഞതിലും അവൻ രാമന്റെ വഴി സ്വീകരിക്കുകയാണെന്നറിഞ്ഞതിലും ഒരുപാട് ദുഃഖിക്കുന്നുണ്ട് കൈകേയി. നിരാശമാത്രമാണവൾക്ക് കിട്ടിയത്.

*അങ്കമെല്ലാം കഴിഞ്ഞു വിരലിനാൽ*
*തേരുകാക്കുവാൻ വയ്യിനി തൃപ്തിയായ്*

(2011 : 59)

ഇനി തനിക്കൊന്നിനും കഴിയില്ലെന്ന് കൈകേയി നിരാശപ്പെടുന്നു.

'കവിത ഇന്ന്' എന്ന കവിതയിൽ തന്റെ കവിത എന്തായിരുന്നുവെന്നും എന്താണെന്നും പറയാൻ കവയിത്രി ഉപയോഗിച്ചിരിക്കുന്നത് പുരാണേതിഹാസ ത്തിലെ കഥാപാത്രങ്ങളെയാണ്. ആദ്യകാലത്ത് തന്റെ കവിത ചൂഡാരത്നങ്ങൾ വഴി യിൽ ഉപേക്ഷിച്ച് നിരാഭരണയായി അശോകവനിയിലിരുന്ന സീതയായിരുന്നു. പക്ഷെ തന്റെ രാക്ഷസ കാമനകൾക്ക് അവളെ പ്രാപിക്കാനായില്ല. പിന്നെ അവൾ രജസ്വലയും പരിത്യക്തയും അപമാനിതയുമായ ദ്രൗപദിയായിത്തീർന്നു. എന്നിട്ടും തന്റെ നിസ്സഹായതയ്ക്ക് അവളെ രക്ഷിക്കാനായില്ല എന്ന് കവയിത്രി പറയുന്നു. എന്നാൽ ഇന്ന് തന്റെ കവിത ഉറ്റവർ തന്നെ ചുട്ടുകരിച്ച ജോൺ ഓഫ് ആർക്കാണ്.

പെണ്ണെഴുതുമ്പോൾ അനുഭവിക്കുന്ന പ്രയാസങ്ങളാണ് കവയിത്രി ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. പല കാരണങ്ങൾ എഴുത്ത് തന്നെ വേണ്ടെന്ന് വയ്ക്കേണ്ടി വരുന്ന പെണ്ണിന്റെ അവസ്ഥയും ഇവിടെ സൂചിപ്പിക്കുന്നു. എഴുതുന്ന പെണ്ണ് അനുഭ വിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ സൂചിപ്പിക്കാൻ ആംഗ്സ്യാൻ സൂചിയെയും തസ്ലിമ നസ്രിനെയും ഈ കവിതയിൽ ചൂണ്ടികാണിക്കുന്നുണ്ട്.

*ആംഗ്സ്യാൻസ്യൂചി*

*നരാധമർ നോവിപ്പിക്കും*
*തസ്ലീമ നസ്രിൻ......*
*അവൾ ഇന്ന്..........ചങ്ങലയിൽ*
*നാളെ അവൾ*
*വിശുദ്ധയായ് വാഴ്ത്തപ്പെട്ടേക്കാം*

(2011 : 25)

ഇന്ന് തന്റെ കവിത ചങ്ങലയിലാണെങ്കിലും നാളെ അവൾ വാഴ്ത്തപ്പെട്ടേക്കാം എന്നാണിവിടെ സൂചിപ്പിക്കുന്നത്. തന്റെ എഴുത്തിന്റെ അവസ്ഥയെ സൂചിപ്പിക്കാനാണ് കവയിത്രി ഇവിടെ സീതയേയും ദ്രൗപദിയേയും ഉദാഹരണമാക്കിയിരിക്കുന്നത്.

'വലുതാവേണ്ട' എന്ന കവിതയിലും ശ്രീകൃഷ്ണന്റെ കഥ വിവരിക്കുന്നു. കണ്ണൻ വലുതാവേണ്ടെന്ന് അമ്മ ആഗ്രഹിക്കുന്നു. അവൻ കാട്ടികൂട്ടിയ കുസൃതികൾ ഓരോന്നും ഓർത്തുകൊണ്ട് അമ്മ പറയുന്നു 'കണ്ണ നീ വലുതാകേണ്ട'

. *അകിടൂറ്റിക്കുടിക്കുന്ന*
*കൊതിയോലും ചെറുക്കനായ്*
*കണ്ണൊന്നുരുട്ടിയാൽ പോലും*
*പിണങ്ങിപോം കുറുമ്പനായ്*
*കരയിൽ പിള്ളരോടൊത്തു*
*കളിക്കുന്ന മിടുക്കനായ്*
*വലുതാവാതെനീയെന്റെ*
*യരികിൽ നില്ക്ക മാധവ*

(2015 : 37)

**3.4.11 കണിമോൾ**

'പേറ്റുകാരി' എന്ന കവിത പുരാണകഥയുടെ പുനരാഖ്യാനമാണ്. പന്തിരുകുലത്തിന്റെ അമ്മയായ പറയിപ്പെണ്ണിനെയാണ് ഇവിടെ ആഖ്യാനം ചെയ്യുന്നത്. വരരുചിയുടെ ജീവപര്യന്തദേശാടനങ്ങളിൽ തുണയായി അവൾ കൂടെ നടക്കുകയാണ് നിറവയറും താങ്ങിപിടിച്ച്.

*.....ദൂരത്തേ നടകൊള്ളുകയാം*
*നിഴലിൽ കാലുതൊടാതെയു, മങ്ങേ*
*വെയിലാട്ടം കണ്ണിമയിടറാതെ*
*ചിരപത്നീവ്രതമേറ്റു കുനിഞ്ഞ്*
*നിറവയർ തൊട്ടിലണച്ചുപിടിച്ച്*
*പതിയേ, വയ്യെന്നൊരു വാക്കിൻ*

*കടുരണനം പോലുമുണർത്താതിങ്ങനെ*
*നടകൊള്ളുന്നു കാലമിതേറെ*
*ക്കടലായ്, പിമ്പേ പടമഴിയുന്നു*

(2010 : 23)

കാട്ടിലൂടെയും മേട്ടിലൂടെയുമുള്ള യാത്രയിൽ വരരുചിയെ അക്ഷരം പ്രതിയനുസരിച്ച് സഞ്ചരിക്കുന്ന പറയിപ്പെണ്ണ് പുരുഷന്റെ ആജ്ഞകൾക്കനുസരിച്ച് സ്വാഭിപ്രായം പ്രകടിപ്പിക്കാനാകാതെ ജീവിക്കുന്ന പെണ്ണിന്റെ പ്രതിനിധിയാണ്. 'പെണ്ണിനെയന്തിച്ചൂടിനും വംശത്തുടരിനും' മാത്രം തേടുന്ന പുരുഷകാമനയെയാണ് ഈ കവിത വിമർശിക്കുന്നത്. നൊന്തുപെറ്റമക്കളെയെല്ലാം ഉപേക്ഷിക്കുമ്പോഴും പ്രതികരിക്കാനാകാത്ത പെണ്ണിന്റെ വേദന ഇവിടെ പ്രകടമാകുന്നു.

*വായില്ലാത്തവനെങ്കിലുമുണ്ണി*
*നാവില്ലാത്തൊരെനിക്കുചുമക്കാൻ*
*നീയുണ്ടാവണമരികെ, സൂര്യൻ*
*പാതമറഞ്ഞോ, വരവായോ നീ ?*

(2010 : 24)

നാവില്ലാത്തവളാണ് താനെന്ന് അവൾ സ്വയം മനസ്സിലാക്കുന്നു. തനിക്ക് ഭർത്താവിനോടൊന്നും പറയാൻ ആവുന്നില്ലല്ലോ. നാവില്ലാത്ത തനിക്ക് വായില്ലാത്ത കുഞ്ഞിനെയെങ്കിലും വളർത്താൻ കിട്ടിയതിൽ അവൾ ആശ്വസിക്കുകയാണ്.

'വാമനം' എന്ന കവിതയിൽ മണ്ണ്തിന്നുന്ന ശ്രീകൃഷ്ണനെ ഓർമ്മിപ്പിച്ചുകൊണ്ട് അമ്മ മകനോട് പറയുന്നു മണ്ണ് തിന്നല്ലേയെന്ന്.

*മണ്ണും കുഴച്ചു വിഴുങ്ങി, മരക്കൊമ്പി*
*ലന്തമില്ലാത്ത കിളിത്തഴമ്പാറ്റിനീ*
*കുന്നും ചവച്ചുചിണുങ്ങി*
*അമ്മിഞ്ഞയായ്തൊണ്ണും പിളർത്തി*
*നിവർന്നു നിൽക്കുമ്പോഴോ*
*കുഞ്ഞായ്ച്ചുരുങ്ങി നലപ്പനപ്പച്ചയായ്*
*മണ്ണോടമർന്നു ഞാൻ*
*വാ പിളർത്തല്ലേ നി*

(2010 : 32)

അശ്വത്ഥാമാവിന്റെ വികാരവിചാരങ്ങൾ ആവിഷ്കരിക്കുന്ന കവിതയാണ് അശ്വത്ഥാമാവ്. കാടും മലയും താണ്ടി മഞ്ഞും മഴയും കൊണ്ട് അലയുന്ന അശ്വത്ഥാമാവിനെയാണിവിടെ കവയിത്രി കാണിച്ചുതരുന്നത്.

### 3.4.12 അമൃത

'പരിത്യാഗകാണ്ഡം' എന്ന കവിതയിൽ രാമന്റെ വനവാസവുമായി ബന്ധപ്പെട്ട കഥ പുനരാഖ്യാനം ചെയ്യുകയാണ് അമൃത. മന്ഥരയെ അഭിസംബോധന ചെയ്തുകൊണ്ടാണ് കവിതയെഴുതിയിരിക്കുന്നത്. മന്ഥരയുടെ വാക്കുകളാണ് രാമന്റെ വനവാസത്തിനെല്ലാം കാരണമായത്. ആ മന്ഥരയെ വന്ദിക്കുകയാണ് രാമൻ

*മന്ഥരേ! ഭവതിക്കു വന്ദനം, പരിത്യാഗ-*
*ധന്യത നീയേ തന്നൂ ; മാറ്റുരയ്ക്കുമ്പോൾ, രഘു*
*നന്ദനൻ മനുവംശ സിന്ദൂരമെന്നേ-*
*കാലം ചൊല്ലുവാനിടയുള്ളൂ*

*(2008 : 58)*

മന്ഥരയാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചതെങ്കിലും അത് തനിക്ക് ഗുണമാകുകയാണ് ചെയ്തതെന്ന് രാമൻ കരുതുന്നു. കാലംചെല്ലുമ്പോൾ ഇതിന്റെ പേരിൽ തന്നെയെല്ലാവരും വാഴ്ത്തുമെന്നും രാമൻ പറയുന്നു. ഒടുവിൽ എല്ലാവരോടും യാത്ര പറഞ്ഞ് രാമൻ പടിയിറങ്ങുകയാണ്.[29]

മന്ഥരയെ വന്ദിച്ച് കൊണ്ടാണ് രാമൻ പടിയിറങ്ങുന്നത്. പുരാണത്തിൽ എല്ലാവരാലും വെറുക്കപ്പെട്ട മന്ഥരയെയാണ് കവയിത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

'വിചാരണ' എന്ന കവിതിയിൽ കുന്തിദേവിയുടെ ആത്മസംഘർഷങ്ങൾ ആവിഷ്കരിക്കുന്നു. കുന്തീദേവിയെ സർവ്വംസഹയെന്നും ത്യാഗിനിയെന്നും വ്യഥകളും ദുരിതങ്ങളും സ്വയം ഏറ്റെടുക്കുന്നവളെന്നും ഇതിഹാസങ്ങൾ വാഴ്ത്തുന്നു. എങ്കിലും ആ സഹനത്തിൽ നിന്നും ത്യാഗത്തിൽ നിന്നുമാണെല്ലാം ഉണ്ടായതെന്ന് കവയിത്രി പറയുന്നു.

*നിന്റെ നെഞ്ചിലെത്തീയിലല്ലോ*
*ഇവിടെ കലാപങ്ങൾ കൊളുത്തപ്പെടുന്നതും*
*നിന്റെ സഹനത്തിന്റെ തണലിൻ*
*നരേതിഹാസങ്ങൾ രചിക്കപ്പെടുന്നു.*
*വിശ്വമാതൃത്വമെന്ന് വാഴ്ത്തപ്പെടുന്നതും നീ തന്നെ*

(2008 : 45)

കുന്തീദേവിയെ സർവ്വംസഹയായ സ്ത്രീയുടെ പ്രതിനിധിയായിട്ടാണ് ഈ കവിതയിൽ അവതരിപ്പിച്ചിട്ടുള്ളത്. എല്ലാം സഹിക്കാൻ വിധിക്കപ്പെട്ട മാതൃത്വത്തിന്റെ ഉദാഹരണം കൂടിയായി കുന്തിയെ ഇവിടെ വാഴ്ത്തുന്നു. സൂര്യാഗ്നിയിൽ നിന്ന് ഏറ്റുവാങ്ങിയ കുഞ്ഞിനെ നൊന്തുപ്രസവിച്ച് മരണത്തിന്റെ തണുത്ത ചതുപ്പിലേക്ക് എറിയുമ്പോൾ എത്രമാത്രം അവൾ വേദനിച്ചിരുന്നുവെന്ന് കവയിത്രി ഓർമ്മിപ്പിക്കുന്നു. ഇന്നും അത്തരം വേദനകൾ അനുഭവിക്കുന്ന സ്ത്രീകളെക്കൂടി കാട്ടിത്തരുകയാണ് കവയിത്രി.

*ഇതുനിന്റെ വിധി*
*നിന്നിലെ ശാപം*
*തലമുറകളിലൂടെ സ്ത്രീജനങ്ങളുടെ*
*കുരിശായ്മാറുന്ന പാപം*

(2008:44)

## 3.5. സാമൂഹികവിമർശനം

കവയിത്രികൾ സ്വീകരിച്ചിട്ടുള്ള സാമൂഹിക തലത്തിലുള്ള പ്രമേയങ്ങളാണ് ഇവിടെ പഠനവിധേയമാക്കുന്നത്. സ്വന്തം അനുഭവങ്ങളും വികാരങ്ങളുമാണ് കവിതയിൽ ആവിഷ്കരിക്കുന്നതെങ്കിലും അതെല്ലാം സാമൂഹവുമായി ബന്ധപ്പെട്ട് കിടക്കുന്നു. തങ്ങൾ ജീവിക്കുന്ന കാലത്തെ സാമൂഹിക സ്ഥാപനങ്ങളെയും മൂല്യസങ്കല്പങ്ങളെയും ആശയലോകങ്ങളെയും അവർ കവിതയിൽ ആവിഷ്കരിക്കുന്നു. കവിതയിൽ ആവിഷ്കാരം നേടുന്ന ഇത്തരം സാമൂഹികപരമായ പ്രമേയങ്ങൾ പലതരത്തിലുള്ളതാവാം. എളുപ്പത്തിൽ തിരിച്ചറിയുന്ന സാമൂഹിക വൈരുദ്ധ്യങ്ങളോ സാമൂഹികാവശ്യങ്ങളോ മാത്രമായിരിക്കണമെന്നില്ല ഇത്തരം പ്രമേയങ്ങൾ.

തനിക്കുചുറ്റും സമൂഹത്തിൽ നടക്കുന്ന എല്ലാ സംഭവങ്ങൾക്ക് നേരെയും കണ്ണ് തുറന്നുവെച്ചുകൊണ്ട് അവയോട് പ്രതികരിക്കുന്ന തരത്തിലുള്ള കവിതകൾ ഈ കവയിത്രികളുടെ രചനകളിൽ കണ്ടെത്താൻ കഴിയുന്നുണ്ട്. ഇത്തരത്തിൽ സാമൂഹിക വിമർശനം ഉൾക്കൊള്ളുന്ന കവിതകളാണ് ഈ ഖണ്ഡത്തിൽ പരിശോധിക്കുന്നത്.

### 3.5.1 ബാലാമണിയമ്മ

ഗൃഹാന്തരീക്ഷമാണ് കൂടുതലും ബാലാമണിയമ്മയുടെ കവിതകളിൽ കാണുന്നതെങ്കിലും ചുറ്റുമുള്ള സമൂഹത്തിൽ നടക്കുന്ന സംഭവങ്ങളും അവർ കവിതയ്ക്ക് വിഷയമാക്കിയിട്ടുണ്ട്. 'കൽക്കത്തയിലെ ഇരുട്ടറ' എന്ന ആദ്യകാല കവിത തന്നെ ഉദാഹരണം. ഇരുളിൽ മുങ്ങിപ്പോയ കറുത്തിരുണ്ട കുടിലുകളിലെ ദൈന്യജീവിതമാണ് ഈ കവിതയിൽ ആവിഷ്കരിക്കുന്നത്. സാമ്പത്തികവും സാമൂഹികവുമായ അസമത്വങ്ങൾ ഭൂമിയിലെ ജീവിതത്തെ ദുഷ്കരമാക്കുന്നതായി അവർ പല കവിതകളിലും പറയുന്നുണ്ട്. സമത്വസ്വാതന്ത്ര്യങ്ങൾ വിളഞ്ഞാലേ സ്വാർത്ഥം നശിക്കുകയുളളൂവെന്നും അന്ധവിശ്വാസം ഇല്ലാതായാലേ സത്യബോധം നിലനിൽക്കൂയെന്നും ബാലാമണിയമ്മ വിശ്വസിച്ചിരുന്നു.

'പാവങ്ങളുടെ പാട്ട്' എന്ന കവിതയിൽ എല്ലാവരും തുല്യരാണെങ്കിലും ഇപ്പോഴും അരിക്ക് വേണ്ടി ഇരക്കുന്ന പാവങ്ങളുണ്ടെന്ന് കാണിച്ച് തരുന്നു.

*സമത്വയാഥാർത്ഥ്യമറിഞ്ഞിട്ടും ഞങ്ങൾ*
*സമൃദ്ധ ലോകത്തിലിരക്കണം*

(2012 : 60)

'തെണ്ടികൾ' എന്ന കവിതയിലും ഇതേ ദുഃഖം പങ്കുവയ്ക്കുന്നു. അരിക്കായി കടകളും വീടുകളും തെണ്ടുന്ന നിസ്വവർഗ്ഗത്തെയാണ് ഈ കവിതയിൽ കാണിച്ചു തരുന്നത്.

സ്വാതന്ത്ര്യപ്രാപ്തി സാമൂഹിക സാമ്പത്തിക അസമത്വങ്ങൾക്ക് അറുതി വരുത്തുമെന്ന പ്രതീക്ഷ ബാലാമണിയമ്മ വച്ചു പുലർത്തിയിരുന്നു. എന്നാൽ സ്വാതന്ത്ര്യാനന്തര ലോകം ആശാവഹമായ ഒരു അവസ്ഥയിലേക്കല്ല രാജ്യത്തെ നയിക്കുന്നതെന്ന് അവർക്ക് ക്രമേണ ബോദ്ധ്യപ്പെടുന്നു. അതിന്റെ പ്രതിഫലനം അവരുടെ കവിതകളിൽ കാണാം. 'ദരിദ്രകേരളം', 'ആദർശ ലോകം', 'നവവത്സരം' തുടങ്ങിയ കവിതകൾ ഉദാഹരണമാണ്.

*ആദ്യമേ പ്രതീക്ഷകളിക്കല്ലുറപ്പിച്ചോ*
*രാക്ഷേമ രാഷ്ട്രം മുറയ്ക്കുയർന്നു വന്നീലല്ലോ*
*മുൾച്ചൂടുമപരാധബോധമെന്നു താനിങ്ങു*
*മുറ്റിനിൽക്കുന്നു, ഹൃത്തിലാഹ്ലാദത്തളിർപ്പല്ല*

(2012 : 62)

എന്ന തിരിച്ചറിവാണ് കവയിത്രി പ്രകടിപ്പിക്കുന്നത്. സാമ്പത്തികമായ അസമത്വം സമൂഹത്തിൽ ചേരിതിരിവുകൾ ഉണ്ടാക്കുന്നതിനെ 'സത്യം' എന്ന കവിതയിൽ പരാമർശിച്ചിരിക്കുന്നു.

'കിളവി' എന്ന കവിതയിൽ വൃദ്ധരാകുമ്പോൾ മക്കൾപോലും തിരിഞ്ഞ് നോക്കാനില്ലാതെ കഷ്ടപ്പെടുന്ന അമ്മമാരെയാണ് കാണിച്ചിരിക്കുന്നത്. കുഞ്ഞായിരുന്നപ്പോൾ തന്നരികിൽ വന്നിരുന്ന് അരുമ വാക്കോതിയ കിഴവിയെ വളർന്നപ്പോൾ ഉപദ്രവമായി കാണുന്ന മകനാണ് ഈ കവിതയിലെ നായകൻ. മകന്റെ ഇത്തരം പെരുമാറ്റങ്ങൾക്ക് മുന്നിൽ അമ്മ പകച്ചു നിൽക്കുകയാണ്.

സമൂഹത്തിൽ എല്ലാവരും തുല്യരാണെന്ന് പറയപ്പെടുമ്പോഴും ആരും തുല്യരല്ലെന്ന് കാണിച്ചുതരുന്നുണ്ട് ബാലാമണിയമ്മ.

*പാഠാലയത്തിലെ പ്രമാണ്യമുള്ളവർ*
*പാവങ്ങളോടൊത്തിണങ്ങലുള്ളൂ*
*പഞ്ചാമൃതങ്ങളും ഞാവൽപ്പഴങ്ങളും*
*പങ്കിട്ടെടുത്തു കഴിക്കലുള്ളൂ*

(2012 : 65)

'സഹപാഠികൾ' എന്ന കവിതയിൽ സാമൂഹികമായ ഉച്ചനീചത്വം പ്രതിഫലിക്കുന്നു. 'വേലക്കാരി' എന്ന കവിതയിൽ സാമ്പത്തിക സ്ഥിതിയിലെ വ്യത്യാസം, സ്നേഹം, വാത്സല്യം തുടങ്ങിയ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിനെകൂടി സ്വാധീനിക്കുന്നു എന്ന് കാണിച്ച് തരുന്നു..

ജോലി ചെയ്യാൻ ഒരു കൂട്ടർ, ജോലി ചെയ്യിക്കാൻ മറ്റൊരു കൂട്ടർ എന്നവ്യത്യാസത്തെ കുറിച്ചുള്ള വേദന തന്റെ കവിതകളിൽ ബാലാമണിയമ്മ ആവിഷ്കരിക്കുന്നുണ്ട്. ഈ രണ്ടു കൂട്ടർക്കിടയിലെ സംഘർഷം അവരുടെ കവിതകളിൽ കാണാം. കുളക്കടവിൽ, ഒരു പഴത്തിന്റെ കഥ എന്നീ കവിതകളെല്ലാം ഉദാഹരണങ്ങളാണ്.

സ്വപ്നം കാണാൻ പോലും അവകാശം നിഷേധിക്കപ്പെട്ട നിസ്വവർഗ്ഗത്തിന്റെ ദൈന്യം 'സ്വപ്നം' എന്ന കവിതയിൽ ആവിഷ്കരിക്കുന്നു.

'ഞങ്ങളുടെ നേതാവ്', 'കൈക്കൊൾവിനഹിംസയെ', 'ദുർഗതി നീക്കുവിൻ', 'ഇനിമേലിൽ', 'പാദശൃംഖല', 'യാത്രാനുവാദം', 'ക്ഷേത്രവീഥിയിൽ', 'ചർക്കാഗീതം', 'സാങ്കല്പികചിത്രം' തുടങ്ങിയ കവിതകളിലെല്ലാം സാമൂഹികജീവിതത്തിന്റെ ആവിഷ്കരണം കാണാം.

### 3.5.2 കടത്തനാട്ട് മാധവിയമ്മ (1909–1999)

വടക്കൻപാട്ടുകളുടെ സംസ്കാരം ഉൾക്കൊള്ളുന്ന കടത്തനാടൻ മണ്ണിന്റെ വീര്യം മാധവിയമ്മയുടെ കവിതകളിൽ കാണാം. കടത്തനാടൻ മണ്ണിൽ നിന്നു വടക്കൻപാട്ടിന്റെ മാധുര്യവും ഈണവും അവർ ആവാഹിച്ചിരിന്നു. മാനവികതയും തത്വചിന്തയും പാരിസ്ഥിതിക ചിന്തയും അവരുടെ രചനകളിൽ സമ്മേളിക്കുന്നുണ്ട്. നവോത്ഥാന പ്രസ്ഥാനത്തിന്റെയും ദേശിയ പ്രസ്ഥാനത്തിന്റേയും ആശയങ്ങൾ ഉൾക്കൊണ്ടിരുന്ന കവയിത്രിയാണ് മാധവിയമ്മ.

കടത്തനാട്ട് മാധവിയമ്മയുടെ ആദ്യകവിതകൾ കവനകൗമുദി മാസികയിലാണ് പ്രസിദ്ധീകരിച്ചിരുന്നത്. അന്നവർക്ക് പതിനാല് വയസ്സേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ഈ കവിതകൾ 'കാല്യോപഹാരം' എന്ന പേരിൽ 1936 ൽ സമാഹാരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ഗ്രാമശ്രീകൾ', 'കണിക്കൊന്ന', 'മുത്തച്ഛന്റെ കണ്ണുനീര്' ,'ഒരുപിടിഅവില', 'കടത്തനാട്ടുമാധവിയമ്മയുടെ കവിതകൾ' എന്നിവയാണ് മറ്റ് കൃതികൾ . ഗ്രാമവിശുദ്ധി തുളുമ്പുന്നവയാണ് മാധവിയമ്മയുടെ കൃതികൾ. മാതൃത്വത്തിന്റെ ഉദാത്തഭാവവും അവരുടെ രചനകളിൽ കാണാം.

മാധവിയമ്മയുടെ ആദ്യ സമാഹാരമായ കാല്യോപഹാരത്തിലെ ആദ്യ കവിത മാതൃഭാഷയെ വന്ദിച്ചു കൊണ്ടുള്ളതാണ്. 'പറവപൈതൽ', 'പിച്ച പിച്ച', 'കാല്യോപഹാരം', 'വിപ്ലവാങ്കുരം', 'മധുരസ്മരണ' എന്നിങ്ങനെ പന്ത്രണ്ട് കവിതകളാണ് ആ സമാഹാരത്തിലുള്ളത്.

മനുഷ്യരേക്കാളും ശുദ്ധരും യാഥാർത്ഥ സ്വാതന്ത്ര്യമനുഭവിക്കുന്നവരും പക്ഷികളാണെന്ന ആശയം ആവിഷ്കരിക്കുന്ന കവിതയാണ് 'പറവപൈതൽ'. മനുഷ്യലോകം മാലിന്യം നിറഞ്ഞതാണ് എന്നാൽ പക്ഷികളാകട്ടെ മാലിന്യം ഇല്ലാത്ത മാനത്ത് ഇഷ്ടത്തിനനുസരിച്ച് പാറിപ്പറന്നു കളിക്കുന്നു. അയിത്തവും തൊട്ടുകൂടായ്മയുമൊന്നും അവിടെയില്ല. വയറുനിറക്കാൻ പക്ഷികൾക്ക് കായ്കനികൾ മാത്രം മതി. അവയ്ക്ക് നികുതി കൊടുക്കുകയോ നിയമത്തെ പേടിക്കുകയോ ചെയ്യേണ്ടതില്ല. മനുഷ്യനല്ലാ പക്ഷികളാണ് യഥാർത്ഥ സ്വതന്ത്രർ. അതുകൊണ്ട് കവയിത്രിയും ആഗ്രഹിക്കുന്നത് ഒരു പക്ഷിയാകാനാണ്.

*ഓമനേ നിന്നെപ്പോലെ ഞാനൊരു പക്ഷിക്കുഞ്ഞായ്*
*കോമള ഗാനത്തിനാലാശകൾ കുളിർപ്പിച്ചു*

*മാനുഷ ദൗഷ്ട്യത്തിന്റെ  മാലിന്യം പകരാത്ത*
*മാനത്തിൻ പാറിപ്പറന്നതിങ്ങു കളിപ്പാനോ*

*(1969:42)*

പലകാരണങ്ങൾകൊണ്ട് മലിനമായ ഈ ഭൂമിയിലേക്ക് വരരുത് എന്നാണ് കവിയത്രി പക്ഷിക്കുഞ്ഞിനോട് പറയുന്നത്.

*പറന്ന് പറന്നുയർന്നുയർന്നു പോക കീഴിൽ*
*തിരിഞ്ഞു നോക്കേണ്ട നീ, നരകമാണീസ്ഥലം*

*(1969:44)*

മാധവിയമ്മ കവിതയ്ക്ക് വിഷയമാക്കിയ മറ്റൊന്ന് ഓണമാണ്. ഓണത്തെക്കുറിച്ച് ധാരാളം കവിതകൾ അവർ എഴുതിയിട്ടുണ്ട്. 'മാവേലിത്തമ്പുരാൻ', 'ഓണത്തപ്പൻ', 'മലനാട്ടിന്റെ പൊന്നോണം',' ഓണം ഒരു പഴഞ്ചൊല്ല്', 'ഓണപ്പാട്ട്', 'ഓണപ്പുലരി', 'പൂപ്പാട്ട്', 'ഒരു നൊടി നിൽക്കണെ' എന്നിവയെല്ലാം ഓണത്തെപ്പറ്റിയുള്ള കവിതകളാണ്. തന്റെ സമൂഹത്തിലെ ജീവിതദുരിതങ്ങളുടെ ഓണവും മനസ്സിലുള്ള മധുരസ്വപ്നങ്ങളുടെ ഓണവും  തമ്മിലുള്ള പൊരുത്തക്കേടിലേക്കു വിരൽ ചൂണ്ടുന്നു മിക്ക കവിതകളും. അതോടൊപ്പം തന്നെ ഐശ്വര്യപൂർണ്ണമായൊരു സമൂഹത്തെക്കുറിച്ച് സ്വപ്നം കാണുകയും ചെയ്യുന്നു. ഒരു അടിയാത്തിയുടെ  കുടിലിൽ മഹാബലിത്തമ്പുരാൻ എഴുന്നള്ളുമ്പോൾ അവൾക്ക് ഇല്ലായ്മയാണ് തമ്പുരാനോട് ഉണർത്തിക്കാനുണ്ടായിരുന്നത്.

*അടിമലർക്കാദരാലർച്ചിയ്ക്കുവാൻ*
*പിടിയരിപോലുമിങ്ങില്ലയല്ലോ*
*ഉടയോനേ കായും കിഴങ്ങുമാണീയ്യിടയടിയങ്ങൾക്കാഹാരങ്ങൾ*
*ഒരുകുറിമാനത്തിൽ ചേർത്തുകിട്ടു*
*മരിയതു തീർന്നുപോമന്നുതന്നെ*

*(1969:101)*

അന്ന് ഓണക്കാലത്തും വറുതിയും ഇല്ലായ്മയുമാണ്. ഒരു'നൊടിനിൽക്കണെ' എന്ന കവിതയിലും ഇതു തന്നെയാണ് പ്രമേയം. മഹാബലി വരാൻ സമയമായിട്ടും ആരും ഒരുങ്ങിയിട്ടില്ല.ദാരിദ്ര്യം തന്നെയാണ് കാരണം. അതുകൊണ്ട് കവയിത്രി  മഹാബലിയോട് അപേക്ഷിക്കുകയാണ് കുറച്ചു സമയം കാത്തുനിൽക്കണേയെന്ന്

മാനവികതയിലും മനുഷ്യ പുരോഗതിയിലുമുള്ള വിശ്വാസം 'മലനാടിന്റെ പൊന്നോണം' എന്ന കവിതയിൽ കാണാം

*കള്ളമില്ലാത്ത കാവലില്ലാത്ത*
*നല്ല നാളെയെ തീർക്കട്ടെ*
*മേലാളില്ലാത്ത കീഴാളില്ലാത്ത*
*നാളെതൻ കൊടിയേറട്ടെ*

*(1990:49)*

ഈ വരികളിൽ തെളിയുന്നത് ഒരു നല്ല ഭാവിയെക്കുറിച്ചുള്ള കവയിത്രിയുടെ സ്വപ്നമാണ്.സ്നേഹം സാഹോദര്യം, സമാധാനം, മതേതരത്വം, എന്നീ ആശയങ്ങ ളാണ് ഓണക്കവിതകളിലെല്ലാം നിറഞ്ഞുനിൽക്കുന്നത്. കേരളത്തിന്റെ ദേശീയോത്സ വമായ ഓണത്തെപ്പറ്റി പി. കുഞ്ഞിരാമൻ നായർ കഴിഞ്ഞാൽ ഏറ്റവുമധികം എഴു തിയ കവയിത്രി മാധവിയമ്മയായിരിക്കുമെന്ന് തോന്നുന്നു എന്നാണ്. എ.പി.പി. നമ്പൂതിരി വിലയിരുത്തുന്നത്.(അവതാരിക-കടത്തനാട്ട് മാധവിയമ്മയുടെ കവിത കൾ)

കവയിത്രി എപ്പോഴും സ്വപ്നം കാണുന്നത് മഹാബലിയുടെ കാലത്തേതു പോലുള്ള ഒരു സമൂഹത്തെയാണ് . ഈ സ്വപ്നം എന്നെങ്കിലും സാക്ഷാത്കരിക്കു മെന്ന് അവർ വിശ്വസിക്കുന്നു.

കുട്ടികളോടുള്ള വാത്സല്യം, അധ്വാനിക്കുന്നവരോടുള്ള ആദരവ്, നല്ല നാളെ യെക്കുറിച്ച് പ്രതീക്ഷ, ശുഭാപ്തിവിശ്വാസം എന്നിവയെല്ലാം മാധവിയമ്മയുടെ കവിത കൾക്ക് ജീവൻ നൽകുന്നു.

കവയിത്രിയുടെ യശസ്സുയർത്തിയ മറ്റൊരു കവിതയാണ് 'ഗ്രാമശ്രീകൾ' ഇതി നോട് ചേർത്തുവെക്കാവുന്ന മറ്റൊരു രചനയാണ് 'ഗ്രാമലക്ഷ്മി' പാവങ്ങളോടുള്ള സഹാനുഭൂതിയും അധ്വനിക്കുന്നവരോടുള്ള ആദരവും നിറഞ്ഞു നിൽക്കുന്ന കവിത കളാണിവ. 'ഗ്രാമശ്രീകൾ' എന്ന കവിതയിൽ ഓലക്കുടയുടെ തണലിൽ ജന്മിയും കവയിത്രിയുമായ താൻ നിൽക്കുമ്പോൾ തന്നെപ്പോലെയുള്ള സ്ത്രീകൾ പൊരിവെ യിലത്ത് വടക്കൻപാട്ടു പാടിക്കൊണ്ട് ഞാറുനടുന്നത് കവയിത്രി കാണുന്നു.

*" നാണിച്ചു പോകുന്നു നീളൻ കുട ചൂടി*
*ഞാനീ വരമ്പിൻ കൊതുമ്പിൽ നിൽക്കെ*

*ഏതൊരു വിശ്വവിദ്യാലയത്തിങ്കലെൻ*

*സോദരിമാരെ പഠിച്ചു നിങ്ങൾ"*

*(1984 :15)*

അധ്വാനശീലരായ കർഷക തൊഴിലാളി സ്ത്രീകളെ ഈ കവിതയിൽ വർണ്ണിക്കുന്നു.

തീ പാറുന്ന വെയിലിൽ കൃഷിപ്പണിചെയ്യുന്ന തൊഴിലാളിസ്ത്രീകൾക്ക് താൻ കാവലാണെന്നതിലുള്ള ലജ്ജ 'ഗ്രാമലക്ഷമി' എന്ന കവിതയിലും കവയിത്രി ആവർത്തിക്കുന്നു.[30]

ആ വരും കാലത്ത് കള്ളമെന്നൊന്നുണ്ടാവില്ല. അടിമയും ഉടമയുമില്ല. എല്ലാവരും ഒരേ കുടുംബമായിരിക്കും എന്ന് കവയിത്രി പ്രത്യാശിക്കുന്നു. ജാതി സമ്പ്രദായത്തിനെതിരായ ഒരു മനോഭാവം കവയിത്രിയ്ക്കുണ്ടായിരുന്നു.

സ്ത്രീകൾക്ക് എഴുത്തും വായനയുമെല്ലാം ഏറെക്കുറേ അന്യമായ ഒരുകാലത്ത് കവിതകളെഴുതി എന്നതും വളരെയധികം ഏകാഗ്രതയും സമർപ്പണവും വേണ്ട സാഹിത്യരംഗത്ത് നിന്നുപിന്മാറാതെ ഉറച്ചുനിന്നു എന്നതും മാധവിയമ്മയുടെ പ്രത്യേകതയാണ്.

### 3.5.3 ലളിതാംബിക അന്തർജ്ജനം

ലളിതാംബിക അന്തർജ്ജനത്തിന്റെ സാമൂഹികവിമർശനം കടന്നുവരുന്ന കവിതകൾ കൂടുതലും സ്വസമുദായത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടുകൊണ്ട് തന്നെയാണ്. സ്വസമുദായത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന നരകയാതനകൾ തുറന്നു കാട്ടുക എന്ന ലക്ഷ്യത്തോടെയാണവർ എഴുതുന്നത്. സാമുദായിക പരിഷ്കരണമാണവർ ലക്ഷ്യമിടുന്നത്. പ്രത്യേകിച്ച് തന്റെ സമുദായത്തിലെ സ്ത്രീവർഗ്ഗത്തിന്റെ ഉന്നമനം. അതിനു വേണ്ടിയാണ് താൻ തൂലികയെടുത്തതെന്ന് അവർ തന്നെ പറയുന്നു.

*പ്രണയഗാനം കുറിപ്പാൻ വേണ്ടി-*

*യല്ലമലതൂലികേ, നിന്നെത്തിരഞ്ഞുഞാൻ*

(2010 : 39)

തന്റെ ലക്ഷ്യം തന്റെ സമുദായത്തിലെ സ്ത്രീജീവിതം തുറന്നു കാണിക്കലാണ്. അത്തരത്തിലുള്ള കുറേയേറെ കവിതകൾ അന്തർജ്ജനത്തിന്റേതായിട്ടുണ്ട്.

പലതരം ആചാരങ്ങളിലൂടെയും വിശ്വാസങ്ങളിലൂടെയും ജീവിതം ദുരിതപൂർണ്ണമാക്കപ്പെട്ട അന്തർജ്ജനങ്ങളുടെ അവസ്ഥയാണ് ഈ കവിതകളിലെല്ലാം നിറയുന്നത്. 'ആയിരത്തിരി 'എന്ന കവിതയിൽ നമ്പൂതിരി വിഭാഗത്തിൽ നിലനിൽക്കുന്ന വിവാഹാചാരങ്ങളാണ് വിവരിക്കുന്നത്. വധു വിവാഹമുഹൂർത്തത്തിനു മുൻപ് മൈലാഞ്ചിയും വെള്ളി മോതിരവുമിട്ട കൈകൾ കൊണ്ട് ഒരു കോടിയലക്കിയ പുടവ വാൽക്കണ്ണാടിയുടെ അറ്റം കൊണ്ട് കീറിയെടുക്കുന്നു. വധുവും മറ്റു സുമംഗലികളും കൂടി ആ പുടവ മുഴുവൻ തിരികളാക്കി തെറുത്ത് ഒരു പന്തുപോലെയാക്കി ആയിരത്തിരിത്തട്ടം എടുത്ത് ഒരു പരിചാരിക മുമ്പേയും വധു പിറകെയുമായിട്ടാണ് വിവാഹവേദിയിലേക്ക് പോവേണ്ടത്. വധു സ്വയം തെറുത്ത ആയിരത്തിരികൊണ്ട് വരനെ ഉഴിഞ്ഞ് ആ വെളിച്ചത്തിൽ അവർ പരസ്പരം കാണും. (2010:134) ഇങ്ങനെയുള്ള നമ്പൂതിരി സമുദായത്തിലെ വിവാഹചടങ്ങിനായി കാത്തിരിക്കുന്ന യുവതിയേയാണ് 'ആയിരത്തിരി ' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

ഇത്തരം ചടങ്ങുകളിലൂടെയെല്ലാം കടന്ന് വിവാഹിതകളാകുന്ന നമ്പൂതിരി സ്ത്രീകൾ അനുഭവിക്കേണ്ടി വരുന്ന ദുരിതങ്ങളും കവയിത്രി ചിത്രീകരിക്കുന്നുണ്ട്. മാത്രമല്ല വിവാഹം കഴിയാത്ത യുവതികളുടെ ദൈന്യവും ഇഷ്ടമില്ലാത്ത വൃദ്ധവിവാഹങ്ങൾക്ക് സമ്മതിക്കേണ്ടിവരുന്ന യുവതികളുടെ വേദനകളുമെല്ലാം അന്തർജ്ജനം തന്റെ കവിതകളിലൂടെ തുറന്നു കാണിക്കുന്നു.

### 3.5.4 സുഗതകുമാരി

ഉറച്ച സാമൂഹിക പ്രതിബദ്ധത സുഗതകുമാരിക്കവിതകളിൽ ആദ്യകാലം മുതൽക്കുതന്നെ പ്രകടമാണ്. അഴിമതിയെയും അനീതിയെയും അധികാരസ്ഥാനത്തിന്റെ ധാർഷ്ട്യത്തെയും ചോദ്യം ചെയ്യുന്ന കവിതകൾ അവർ രചിച്ചിട്ടുണ്ട്.

സമൂഹത്തിൽ കാണുന്ന കാഴ്ചകൾ സുഗതകുമാരി തന്റെ കവിതയിലൂടെ അവതരിപ്പിക്കുന്നു. 'പുതിയ പാതാളം', 'സ്വാതന്ത്ര്യം 1976', 'ധർമ്മം എന്ന പശു', 'ഹാ രാമ' തുടങ്ങിയ കവിതകളെല്ലാം ഇതിനുദാഹരണമാണ്. സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ധർമ്മച്യുതിയെ ഈ കവിതകളിലെല്ലാം തുറന്നു കാണിക്കുന്നു. ഇതെല്ലാം കാല്പനിക വ്യഥയായിട്ടല്ല അവതരിപ്പിച്ചിരിക്കുന്നത്. തികഞ്ഞ യാഥാർത്ഥ്യചിത്രീകരണങ്ങളായിട്ടാണ്.

'പുതിയ പാതാളം' എന്ന കവിതയിൽ ഓണം വരുമ്പോൾ കേരളമാകെ മാറിയ കാഴ്ച മാവേലിയോട് വിവരിച്ച് കൊടുക്കുകയാണ്. മഹാബലിക്കു മടങ്ങി

പോകാതിരിക്കാൻ വേണ്ടി ''ഞങ്ങൾ ചമച്ചൂ മറ്റൊരു പുതുപാതാളം'' എന്നു പറയുന്നിടത്ത് കേരളത്തിന്റെ മാറിയ പരിതസ്ഥിതിയാണ് കവയിത്രി ചൂണ്ടികാണിക്കുന്നത്.

'അഭയാർത്ഥി' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്ന ഭിക്ഷക്കാരിയുടെ കഥ സമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവരുടെ നേർകാഴ്ചയാണ്. ഭിക്ഷയ്ക്ക് നടക്കുന്ന സ്ത്രീയും അവളുടെ മാറാപ്പിൽ നിന്ന് നോക്കുന്ന കുഞ്ഞിന്റെ വിശന്ന് വലഞ്ഞുള്ള മുഖവും ദയനീയമാണ്. ബംഗാളിലുണ്ടായ കൊള്ളയും കൊലയും സംഘട്ടനങ്ങളും കണ്ട് അവിടെ നിന്നും രക്ഷപ്പെട്ടുവന്നവളാണ് ആ അഭയാർത്ഥിനി. അവളെ കാണുമ്പോൾ തനിക്ക് തന്റെ മനുഷ്യത്വത്തെ ഓർത്ത് ലജ്ജ തോന്നുന്നു എന്നാണ് കവയിത്രി പറയുന്നത്. പ്രകൃതിയോടും മിണ്ടാപ്രാണികളോടും സ്ത്രീയോടും മനുഷ്യൻ കാണിക്കുന്ന ക്രൂരതയുടെ ഉത്തരവാദിത്വം നമ്മുടെ സംസ്കാരത്തിന്റെ അപചയത്തിന്മേലാണ് കവയിത്രി ആരോപിക്കുന്നത്. മൂല്യങ്ങൾക്ക് ഇടിച്ചിൽ സംഭവിച്ചിരിക്കുന്നു. 'തലശ്ശേരികൾ' എന്ന കവിതയിൽ രാഷ്ട്രീയ കൊലപാതകങ്ങളെയും നിലനിൽക്കുന്ന അക്രമങ്ങളെയും വരച്ചുകാട്ടുന്നു.

*ആരെനിക്കോതിത്തരും*
*കാരണമിതിന്നാരാ*
*ണാരുവാൻ കൊലയാളി*
*ആരുവാൻ ഹതൻ*
*വീണതാരിന്ന് ? കോൺഗ്രസ്സ്*
*മാർക്സിസ്റ്റ്; ആറെസ്സെസ്സാ*
*രായാലും*
*ചോരയിൽ കിടപ്പോനെ*
*മകനെന്നല്ലോ നിന്റെ*
*പേര് ! നിന്റെ രാജ്യം നിന്നെ*
*ക്കുറിച്ചു കരയുന്നു.*

*(2006:517)*

കള്ളപ്പണം, നീലസിനിമ, കരിഞ്ചന്ത മതാന്ധത തുടങ്ങിയ വിഷയങ്ങളെല്ലാം പരാമർശിക്കുന്ന, ഇതിനോടെല്ലാം പ്രതികരിക്കുന്ന ധാരാളം കവിതകൾ സുഗതകുമാരി എഴുതിയിട്ടുണ്ട്.

'വിധിദിനത്തിൽ' എന്ന കവിതയിൽ വിഷമേറ്റു നീലിച്ച വദനമുള്ളവരെയും കുരിശിൽ പിടഞ്ഞുതകർന്നുവീണവരെയും എരിതീയിൽ കരിഞ്ഞവരെയും മാറിടം വെടിയുണ്ടയേറ്റു പിളർന്നുപോയവരെയും പറ്റിയാണ് വിലപിക്കുന്നത്. യുദ്ധത്തിന്റെ കെടുതികളും അതുമൂലം മനുഷ്യൻ അനുഭവിക്കുന്ന ദുരിതങ്ങളും ഈ കവിതയിൽ വരച്ച് കാട്ടുന്നു.

ഒരു ദരിദ്രബാലികയുടെ ദൈന്യം ചിത്രീകരിക്കുന്ന 'ഒറ്റവള' എന്ന കവിത സമൂഹത്തിൽ ചെറിയ കുട്ടികളോടുപോലും ക്രൂരത കാണിക്കുന്ന സമൂഹത്തിലെ ചില നരാധമന്മാരെ പഴിക്കുന്നു. കാരണം ആ ബാലിക ഒരമ്മയാണ്. അവൾ ആ കൈക്കുഞ്ഞിനെയും എടുത്തുകൊണ്ട് തെരുവിൽ അലയുന്നു.

'നിന്നെ വിട്ടെങ്ങുപോകാൻ' എന്ന കവിത സമൂഹത്തിൽ നിലനിൽക്കുന്ന കൊള്ളരുതായ്മകളുടെ നേർകാഴ്ചയാണ്. റോഡ് മലിനമാക്കുന്നവരിൽ തുടങ്ങി ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിക്കുന്നവർ, സർട്ടിഫിക്കറ്റുകളും കയ്യിലേന്തി ജോലി കിട്ടാതെ അലഞ്ഞുനടക്കുന്നവർ, മക്കളെ കണ്ണീരോടെ പെറ്റുകൂട്ടുന്ന അമ്മമാർ, ചിരിച്ചുകൊണ്ട് വോട്ട് നേടുന്ന നേതാക്കൾ, കരിഞ്ചന്തയും കളളപ്പണവും ശീലമാക്കിയവർ, അഴിമതിക്കാർ, കൈക്കൂലിക്കാർ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർ എന്നിങ്ങനെ സമൂഹത്തിലെ എല്ലാ തുറയിലുള്ളവരെയും ഈ കവിത വിമർശിക്കുന്നു. തനിക്കിവരെയെല്ലാം വെറുപ്പാണെന്ന് കവയിത്രി തുറന്നു പറയുന്നു.

*എനിക്കു വെറുപ്പാണീ*
*രാജ്യത്തെ, സ്നേഹിക്കുവാൻ*
*മരിക്കാൻ മറ്റെങ്ങാനും*
*പറന്നു പോകാൻ വെമ്പും*
*പാവമാം ദേശാടന*
*ക്കാരനാം കിളിയെപ്പോ*
*ലാണു ഞാൻ ചിറകടി*
*ച്ചകലാൻ കൊതിക്കുന്നു*
*(2006:475)*

രാജ്യത്തിന്റെ നിലവിലുള്ള അവസ്ഥയിൽ പരിതപിക്കുകയാണ് കവയിത്രിയുടെമനസ്സ്. ഈ രാജ്യം വിടുപോകാൻ കൊതിക്കുന്നുണ്ടെങ്കിലും തനിക്കതിന് കഴിയില്ലെന്നും അവർ പറയുന്നുണ്ട്. എന്റെ നൊന്തുവിങ്ങുമീയുള്ളം നിൻ പാദം തഴുകുന്നു. അതിനാൽ ഈ രാജ്യം വിട്ട് പോകാൻ തനിക്ക് കഴിയില്ലെന്ന് കവയിത്രി തിരിച്ചറിയുന്നു.

'ആഗസ്റ്റ് 15 1981 എന്ന കവിതയിൽ അഴിമതി നിറഞ്ഞ അന്തരീക്ഷത്തിൽ ഭാരതാംബയുടെ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ കരയാനാണ് കവയിത്രി ഭൂമിദേവിയോട് പറയുന്നത്.

*മലിനമായ്, ശോകകലുഷമായ്, ജ്വാലാ*
*മുഖിയായ്, കണ്ണുകൾ കരതാറാൽ പൊത്തി*
*കുനിഞ്ഞു നിൽക്കുന്നു ജനനി രോഷത്താൽ*

*പുകഞ്ഞു നിൽക്കുന്നു ജനനി, നോക്കുകി*
*ലെരിഞ്ഞുപോകുന്ന കരുണയോ ദേവീ*
*കരയുക മോശം ചിരിക്കട്ടെ ഞങ്ങൾ*

*(2006:515)*

'ഇനിയെന്റെ മനസ്സിൽ കവിതയില്ല' എന്ന കവിതയിൽ നിരാശയാണ് കാണുന്നത്. ചിലപ്പോൾ അവർ രോഷം പ്രകടിപ്പിക്കുന്നു. അതാണ് 'നിങ്ങളെന്റെ ലോകത്തെ എന്തു ചെയ്തു' എന്ന കവിതയിൽ കാണുന്നത്.

ഇങ്ങനെ നിലവിലുള്ള സാമൂഹികാവസ്ഥകളോട് ശക്തമായ പ്രതികരണത്തിലൂടെ തന്റെ സാമൂഹിക പ്രതിബദ്ധത സുഗതകുമാരി കവിതകളിൽ ആവിഷ്കരിക്കുന്നു.

### 3.5.5 രാജല്ക്ഷമി

സാമൂഹ്യവിമർശനം ഉൾക്കൊള്ളുന്ന കവിതകളാണ് രാജലക്ഷ്മിയുടേത്. 'പറഞ്ഞില്ല നിന്നോട്' എന്ന കവിതാസമാഹാരത്തിലെ മുപ്പത്തിനാല് കവിതകളിലും വർത്തമാനകാലത്തിന്റെ ആകുലതകളും വരും കാലത്തിലുണ്ടാകാവുന്ന അനിശ്ചിതത്വങ്ങളും ഈ കവയിത്രി ആവിഷ്കരിച്ചിരിക്കുന്നത് തികച്ചും യാഥാർത്ഥ്യബോധത്തോടെയാണ്. ജീവിതം വളരെ സത്യസന്ധമായി വിശകലനം ചെയ്യുകയാണ് രാജലക്ഷ്മി തന്റെ കവിതകളിലൂടെ ചെയ്യുന്നത്.

ആധുനികതയുടെ ഫലമായുണ്ടായ അണുകുടുംബങ്ങളിലെ അവസ്ഥകൾ കാണിച്ചു തരുന്നു 'ദാമ്പത്യമുന്നണി' എന്ന കവിത. കുടുംബബഡ്ജറ്റാണിവിടെ ദാമ്പത്യത്തിലെ ജയപരാജയങ്ങൾ വിലയിരുത്തുന്നത്.

*വിവാഹവും ശമ്പളവും തമ്മിലുള്ള*
*തെരഞ്ഞെടുപ്പു സഖ്യം*
*ഒന്നുലഞ്ഞത് ഒരു ഒന്നാംതിയ്യതിയായിരുന്നു.*

*(2000:56)*

ശമ്പളം കിട്ടിയപ്പോൾ എല്ലാ ബാധ്യതകളെയും കടങ്ങളെയുംപ്പറ്റി പരസ്പരം പഴിചാരിക്കൊണ്ട് ഭാര്യാഭർത്താക്കന്മാർ കലഹിക്കുന്നു. കുടുംബബഡ്ജറ്റ് തകരുന്നത് നിന്റെ ധൂർത്തുകൊണ്ടാണെന്ന് അവർ പരസ്പരം കുറ്റപ്പെടുത്തുന്നു. എങ്കിലും

*കാര്യങ്ങൾ ഇങ്ങനെയൊക്കെ*
*ആണെങ്കിലും*
*കുഞ്ഞുങ്ങൾ എന്ന*
*പ്രഖ്യാപിത ലക്ഷ്യത്തെ*

*മുറുകെപ്പിടിച്ച്*
*മുന്നോട്ടുപോകുന്ന*
*ഈ മുന്നണിയെ*
*അഭിനന്ദിക്കാതെ വയ്യല്ലോ*
*(2000:58)*

എന്നിങ്ങനെ അവസാനിക്കുന്ന കവിതയിൽ നിലനിൽക്കുന്ന സാമൂഹികാവസ്ഥയുടെ പ്രതിഫലനം കാണാം.

'ഏകലവ്യൻ' എന്ന കവിതയും ശ്രദ്ധേയമാണ്. ചൂഷിതവർഗ്ഗത്തിന്റെ തിരിച്ചറിവുകളും ചൂഷണത്തിന് വീണ്ടും ഇരയാവാതിരിക്കാൻ അവർ കാണിക്കുന്ന തന്റേടവും കവിതയിൽ കാണുന്നു.

'ക്ഷമിക്കണം ഗുരോ തരില്ല ഞാൻ വിരൽ' തുടങ്ങുന്ന ഈ കവിത എല്ലാ ചൂഷിത വർഗ്ഗങ്ങളും അതിനെതിരെയുള്ള ചെറുത്ത് നിൽപ്പ് നടത്തേണ്ടത് അനിവാര്യമാണെന്ന് കാണിച്ചുതരുന്നു.

*പൊരുതി നേടട്ടേ; വിജയമർജ്ജുനൻ*
*ചതിക്കുവാൻ ഭവാൻ അരികുനിൽക്കുകിൽ*
*ചതിക്കുമേ ഇവരൊരിക്കലങ്ങെയും*
*കടമൊഴിഞ്ഞൊരു സമയമാർക്കുള്ളൂ.*
*(2000:38)*

കഷ്ടപ്പെട്ട് വിജയലക്ഷ്യമിട്ട് പൊരുതുന്നവർ വിജയിക്കുക തന്നെ ചെയ്യും. അവരെ ആർക്കും തടയാനാകില്ല എന്ന് കവയിത്രി സൂചിപ്പിക്കുന്നു. അധീശവർഗ്ഗത്തിനെതിരെയുള്ള ശക്തമായ താക്കീതായ ഈ കവിത സാമൂഹികവിമർശനം ലക്ഷ്യമാക്കിയുള്ളതാണ്.

ഇത്തരത്തിൽ സമൂഹത്തിൽ കാണുന്ന പരുക്കൻ യാഥാർത്ഥ്യങ്ങൾ രാജലക്ഷ്മി കവിതയ്ക്ക് വിഷയമാക്കിയിരിക്കുന്നു. ഇറുകുന്ന ഷൂവിനുള്ളിൽ വിയർത്തുവിങ്ങുന്ന കാലടികളും കഴുത്തിലിറുക്കിക്കെട്ടിയ ടൈയുമായി മുലകുടി മാറാത്ത കുരുന്നുകൾ നിരന്നിരുന്ന് ആംഗലം മൊഴിയുന്നതിനെ വിമർശിക്കുന്ന കവിതയാണ് 'നീലത്താളിലെ നീലാംബരി'

*ചിലർക്കു കുഞ്ഞെന്നാൽ കരിക്കുലമാകെ*
*തിരുകിയേറ്റേണ്ട ബ്രയിൻമാത്രമേ*
*അവർക്കു മാനസം സഭകളിലെങ്ങോ*
*സമർപ്പിതമായ പഴയസാധനം*
*(2000:13)*

ഇങ്ങനെ ഇംഗ്ലീഷ് മീഡിയങ്ങളിലൂടെ കുഞ്ഞിനെ പീഡിപ്പിക്കുന്ന മാതാപിതാക്കളെ കവിത വിമർശിക്കുന്നു.

### 3.5.6 സരസ്വതി പൊന്നറ

'തിരക്കിനിടയിൽ', 'അനർഘനിമിഷങ്ങൾ', 'ആത്മാവിന്റെ ഗദ്ഗദങ്ങൾ', 'പൊയ്മുഖങ്ങൾ', 'അശാന്തിപർവ്വം' എന്നിവയാണ് പൊന്നറസരസ്വതിയുടെ കൃതികൾ. അധ്യാപികയായിരുന്ന സരസ്വതി വിദ്യാർത്ഥികളായ ഇളംതലമുറയിൽ കാണുന്ന മൂല്യച്യുതിയിൽ വളരെയധികം മനപ്രയാസം അനുഭവിച്ചിരുന്നു. അത് അവരുടെ കൃതികളിൽ കാണാം. സ്വന്തം അനുഭവങ്ങൾ തന്നെയാണ് സരസ്വതി പൊന്നറ തന്റെ കവിതകൾക്ക് വിഷയമാക്കിയിരിക്കുന്നത്.

'തിരക്കിനിടയിൽ' ആണ് പൊന്നറസരസ്വതിയുടെ ആദ്യസമാഹാരം. 'തിരക്കിനിടയിൽ', 'ജിജ്ഞാസ', 'വ്യർത്ഥമോഹങ്ങൾ' തുടങ്ങി 'നാൽക്കവലയിൽ ശാപമോക്ഷം' എന്നിങ്ങനെ ഇരുപത്തിയൊന്ന് കവിതകളാണ് ഈ സമാഹാരത്തിലുള്ളത്. ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾ തന്നെയാണ് ഈ കവിതകളിലെല്ലാം വിഷയം. മാതൃത്വത്തിന്റെ വാത്സല്യവും ഉല്കണ്ഠയും നിർവൃതിയും വേദനയുമെല്ലാം ഇവരുടെ കവിതകളിൽ കാണാൻ കഴിയും. 'വ്യർത്ഥമോഹങ്ങൾ' എന്ന കവിതയിൽ ഉദ്യോഗസ്ഥരായ അമ്മമാരും അവരുടെ കുഞ്ഞുങ്ങളും അനുഭവിക്കുന്ന വേദനകൾ ആവിഷ്കരിച്ചിരിക്കുന്നു.

*ആയിരം മയിലുകൾക്കകലേ പഴകിയ*
*നാലുടകെട്ടൊന്നികത്തിരുളാണ്ടൊരു, കോണിൽ*
*ഒരു കുഞ്ഞറുപതുനാൾ തികച്ചതിഞ്ഞപ്പാൽ*
*നുണയാൻ കഴിയാത്ത നിർഭാഗ്യജന്മം ! തേങ്ങി*
*കരയുന്നെന്നാത്മാവിലാദീന വിലാപത്തി*
*ന്നലകളൊരു വേലിയേറ്റമായുയരുന്നു.*
*(1979:08)*

വളരെകുറച്ചു ദിവസങ്ങൾ മാത്രം പ്രസവാവധി ലഭിക്കുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ദയനീയവസ്ഥയാണ് കവയിത്രി ചിത്രീകരിച്ചിരിക്കുന്നത്. വേറൊരു ഉപജീവനമാർഗ്ഗവുമില്ലാത്ത ആ സ്ത്രീകൾ പിറന്നിട്ടിരുമാസം തികയും മുൻപേ 'അരുമയെപ്പിരിഞ്ഞ് ഫയലുന്താൻ'പോകേണ്ടി വരുന്നു. അതും ദൂരെയൊരിടത്ത്. അപ്പോൾ ആ മാതാവിനുണ്ടാകുന്ന ദു:ഖമാണ് ഈ വരികളിൽ തെളിയുന്നത്.[31]

പതിനേഴുകവിതകൾ അടങ്ങിയ 'അനർഘനിമിഷം'എന്ന സമാഹാരത്തിലെ കവിതകളിലും കുടുംബിനികളായ ഉദ്യോഗസ്ഥകളുടെ ജീവിതദുരിതങ്ങൾ ആവിഷ്കരിക്കുന്നുണ്ട്. അധ്യാപികയും കുടുംബിനിയുമായ കവയിത്രിക്ക് സ്വന്തം ജീവിതത്തിലുണ്ടായ അനുഭവങ്ങൾ തന്നെയാണ് കവിതയ്ക്ക് വിഷയമാകുന്നത്. സാമൂഹികജീവിതത്തിലും സാംസ്കാരികജീവിതത്തിലും ഫ്യൂഡൽ വ്യവസ്ഥിതി വരുത്തിയ മാറ്റങ്ങൾ ആദർശങ്ങളുടെ തകർച്ചയ്ക്ക് കാരണമായതായി കവയിത്രി കണ്ടെത്തുന്നു. അധ്യാപികയെന്ന നിലയിൽ സമൂഹത്തിൽ വിശേഷിച്ചും വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥികളിൽ പ്രകടമാകുന്ന മൂല്യത്തകർച്ച കവയിത്രിയെ വേദനിപ്പിക്കുന്നു. മുൻപുസൂചിപ്പിച്ച പോലെ അമ്മയും ഗൃഹിണിയും ഒക്കെയായ ഉദ്യോഗസ്ഥയുടെ സ്വകാര്യദുഃഖങ്ങൾ ആവിഷ്കരിക്കുന്ന കവിതകളും ഈ സമാഹാരത്തിലുണ്ട്. 'പടയണി', 'അപരാധികൾ' തുടങ്ങിയ കവിതകളിലും സാമൂഹിക ജീവിതത്തിൽ സംഭവിക്കുന്ന മൂല്യത്തകർച്ച ചിത്രീകരിക്കുന്നു.

*കാപട്യമെങ്ങും കൊടികുത്തി വാഴുമീ*
*കാലഘട്ടത്തിനിണങ്ങാത്ത നീതികൾ*
*ശിഷ്യരെയഭ്യസിപ്പിക്കുമാചാര്യനെ*
*ശിക്ഷാർഹനെന്നു മനസ്സാക്ഷി മന്ത്രിക്കെ*

*(1984:34)*

നിസ്സഹായനായ ഒരധ്യാപകനെയാണ് അപരാധികളിൽ ചിത്രീകരിച്ചിരിക്കുന്നത്.

'അശാന്തിപർവ്വ'ത്തിലും സാമൂഹികവിമർശനം ഉൾക്കൊള്ളുന്ന കവിതകളുണ്ട്. 'അവകാശികൾ' എന്ന കവിതയിൽ അമ്മത്തൊട്ടിൽ എന്ന പുതിയതായി വന്ന കുഞ്ഞുങ്ങളുടെ സംരക്ഷണത്തൊട്ടിലിനെപ്പറ്റിയാണ് വിവരിക്കുന്നത്. അമ്മത്തൊട്ടിൽ വന്നതോടെ

*കുപ്പത്തൊട്ടിയിൽ*
*ഉച്ഛിഷ്ടത്തിനായ് കലഹിക്കും*
*ക്ഷുദ്ര ജീവികൾക്കൊപ്പം*
*കഴിഞ്ഞ നാളിൽ നിന്നെ*
*തിരിഞ്ഞു നോക്കാത്തവർ*
*വാത്സല്യം ചുരത്തിക്കൊ*
*ണ്ടൊരുങ്ങി വരുന്നല്ലോ*
*സ്വന്തമാക്കുവാനിപ്പോൾ*

(2007:22)

അതാണ് അമ്മത്തൊട്ടിൽ വന്നതിന്റെ ഗുണമെന്ന് കവയിത്രി വിലയിരുത്തുന്നു.

സ്ത്രീധനം എന്ന സാമൂഹിക വിപത്തിനെതിരെയുള്ള ശക്തമായ താക്കീ താണ് 'വൈവാഹികം' എന്ന കവിത. എന്നെന്നേക്കുമായി സ്ത്രീധന സമ്പ്രദായം നിറുത്തലാക്കേണ്ടതിന്റെ ആവശ്യകതയും കൂടി ഈ കവിത മുന്നോട്ട് വെക്കുന്നു.

ഇങ്ങനെ തനിക്കു ചുറ്റും കാണുന്ന ജീവിതങ്ങളെയും സംഭവങ്ങളെയുമാണ് പൊന്നറ സരസ്വതി തന്റെ കവിതയിലൂടെ ആവിഷ്കരിക്കുന്നത്. സമകാലീന സംഭവ ങ്ങൾ അവർ കവിതയ്ക്ക് വിഷയമാക്കുന്നു. സുനാമി, ഹർത്താൽ, തീവണ്ടിയിലെ തീപിടുത്തം ഇതെല്ലാം അവരുടെ കവിതയ്ക്ക് വിഷയങ്ങളാണ്. *"ഉള്ളിലേക്ക് നോക്കി ആന്തരിക വ്യഥകളെയും മോഹങ്ങളെയും പറ്റി എഴുതുകയല്ല ചുറ്റും നോക്കി നാടിനും നാട്ടാർക്കും എന്തു സംഭവിക്കുന്നു എന്നു കണ്ടറിയുകയാണ് ഈ കവി ചെയ്യുന്നത്".* (അവതാരിക:അശാന്തിപർവ്വം,സുഗതകുമാരി )

സമൂഹത്തിൽ രൂക്ഷമായി നിലനിന്നിരുന്ന തോഴിലില്ലായ്മയെ ചിത്രീകരി ക്കുന്ന കവിതയാണ് 'അഭിമുഖം'. ബി.എ.ഫസ്റ്റ് ക്ലാസ്സിൽ പാസ്സായിട്ടും എല്ലാ അഭിമുഖങ്ങളിലും മുൻപരിചയമില്ല എന്ന പേരിൽ തഴയപ്പെടുന്ന ഉദ്യോഗാർത്ഥി ഒടു വിൽ ഇന്റർവ്യൂ ചെയ്തവരോട് ചോദിച്ചു പോകുകയാണ്.

*ആരുമൊരവസരം*
*നല്കാതെ പരിചയം*
*നേടുമെങ്ങനെ എന്നു*
*ദയവായ് പറയാമോ.....?*

(1995:22)

'മരീചിക' എന്ന കവിതയിൽ പരസ്യങ്ങൾ കുട്ടികളെ സ്വാധീനിക്കുന്നതാണ് പ്രമേയം. പഠിക്കാനിരിക്കുമ്പോഴും ടി.വി. പരസ്യത്തിലെ മാധുര്യമൂറുന്ന പലഹാരങ്ങ ളുടെ കാഴ്ച കുട്ടിയുടെ നാവിൽ വെള്ളമൂറിക്കുന്നു.

'അരുവിപ്പുറത്തിന്റെ സന്ദേശം' എന്ന കവിതയിൽ ശ്രീനാരായണഗുരുവിന്റെ നവോത്ഥാന പ്രവർത്തനങ്ങളെ പ്രശംസിക്കുന്നു.

*ഒരു നൂറുവർഷം*
*ഈ നാടിൻ മുഖം*
*തിരിച്ചറിയാത്ത മട്ടിൽ*
*അതിൻ രൂപഭാവങ്ങൾ*
*ഒരുപോലെ മാറി*

(1995:26)

എന്നാണ് കവയിത്രി പറയുന്നത്. ശ്രീനാരായണഗുരുവിന്റെ പ്രവർത്തനങ്ങൾ നാടിന്റെ സാംസ്കാരിക ജീവിതത്തിൽ ഒരുപാട് പരിവർത്തനങ്ങൾ സൃഷ്ടിച്ചു എന്ന് കവയിത്രി സൂചിപ്പിക്കുന്നു.

### 3.5.7 പറവൂർ.ബി.ലതികാനായർ

വളരെ ചെറുപ്പം മുതൽക്കുതന്നെ കവിതകളെഴുതി ശ്രദ്ധേയമായ സ്ഥാനമുറപ്പിച്ച കവയിത്രിയാണ് ലതികാനായർ. ജീവിതാനുഭവത്തിന്റെ തീക്ഷ്ണതകളുടെ സൂക്ഷ്മമായ ആവിഷ്കാരമാണ് ലതികാനായരുടെ കവിതകൾ.

സമൂഹത്തിന് നഷ്ടപ്പെട്ടുപോകുന്ന സംസ്കാരത്തെച്ചൊല്ലിയുള്ള വേദനയാണ് 'ഓണത്തുടിപ്പുകൾ' എന്ന കവിതയിൽ പ്രകടമാക്കുന്നത്.

*പൂക്കളമൊരുക്കിയും*
*പൂവിളിമുഴക്കിയും*
*പുരുഷാന്തരങ്ങളായ്*
*കാത്ത സൽസമഭാവം*
*പോയ്മറഞ്ഞീലേ നമു*
*ക്കെവിടെസ്സാഹോദര്യം*
*നാം മറന്നില്ലേ നാടിൻ*
*നിസ്തുല സൗഭാഗ്യങ്ങൾ*

*(2007:22)*

പൂക്കളവും പൂവിളിയുമില്ലാത്ത ഓണത്തെക്കുറിച്ചു ചിന്തിക്കാൻ പോലും കവയിത്രിക്ക് കഴിയുന്നില്ല. കവയിത്രിയുടെ ചെറുപ്പത്തിൽ കുട്ടികൾ പൂവട്ടികളുമായി പൂവിറുത്തും പാട്ടുപാടിയും ഉത്സാഹത്തിമിർപ്പോടെ ഓണം ആഘോഷിക്കുമായിരുന്നു. ഇപ്പോൾ നഗരത്തിൽ ഫ്ളാറ്റിൽ തുമ്പയും മുക്കുറ്റിയും ഒന്നുമില്ല. മാത്രമല്ല ഇന്നത്തെ കുട്ടികൾ

മോടിയിൽ ഫ്ളാറ്റിൽ ക്രിക്കറ്റ്
നിലയിൽ ഭ്രമിക്കുന്നു.
*ഓണമോ വാട്ടീസ് എന്തി*
*നോണമുണ്ണണം പുത്തൻ*
*ന്യൂഡിൽസും ഐസ്ക്രീം പുഡ്ഡിംഗ്*
*ബർഫിയുമൊത്തീടുമ്പോൾ*
*ഓണമുണ്ണുവതെന്തി–*

*നഞ്ചു കോഴ്സ് ഡിന്നർ നിത്യം*

*(2007:23)*

പരസ്പരസ്നേഹവും ബന്ധവുമില്ലാത്ത പുതിയതലമുറയ്ക്ക് ഓണം പഴഞ്ച നായി തോന്നുന്നു. മലയാളി മലയാളത്തനിമ മറന്നു പോകുന്നതിനെ കവയിത്രി വിഷമത്തോടെ വിവരിക്കുന്നു. ഇതേ ആശയം തന്നെയാണ് 'ഓണസ്മൃതി' എന്ന കവിതയിലും കാണുന്നത്.

'ആചാരമര്യാദകൾ' എന്ന കവിതയിൽ സമൂഹത്തിൽ നിലനിൽക്കുന്ന ആചാരങ്ങളെയും മര്യാദകളെയും പുച്ഛിക്കുകയാണ് കവയിത്രി. മരണാനന്തരചടങ്ങു കളെയും സ്ത്രീധന സമ്പ്രദായത്തെയുമൊക്കെ കളിയാക്കിക്കൊണ്ടുള്ള അവതരണ മാണിക്കവിത

'കൂട്'എന്ന കവിതയിൽ വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടു പോകുന്ന ഒരച്ഛന്റെ വേദ നയാണ് ആവിഷ്കരിച്ചിരിക്കുന്നത്. വലിയ ഫ്ളാറ്റിൽ അച്ഛന് എല്ലാ സൗകര്യങ്ങളും മകൻ ഒരുക്കിയിട്ടുണ്ട്. പക്ഷേ മകനും ഭാര്യയും മക്കളും ജോലിക്ക് പോയിക്കഴി ഞ്ഞാൽ ആളനക്കം തീരെയില്ലാത്ത ആ ഫ്ളാറ്റിൽ അയാളും മകന്റെ വളർത്തുനാ യയും മാത്രം. അണുകുടുംബത്തിലേക്കും ഫ്ളാറ്റ് ജീവിതത്തിലേക്കും മാറിക്കൊണ്ടി രിക്കുന്ന പുതിയ സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്ന പഴയ തലമുറയുടെ പരിച്ഛേദ മാണ് ഈ കവിതയിലെ അച്ഛൻ.

'അമ്മികൊത്താനുണ്ടോ'എന്ന കവിതയിൽ ദാരിദ്ര്യം മനുഷ്യരെ എത്രമാത്രം വലയ്ക്കുന്നു എന്നു കാണിച്ചുതരുന്നു. പ്രത്യേകിച്ച് സ്ത്രീകളും കുട്ടികളും അനുഭ വിക്കുന്ന ദാരിദ്ര്യത്തിന്റെ തീവ്രതയാണ് ഈ കവിത. മിക്സിയും മറ്റ് ആധുനിക സൗകര്യങ്ങളുമുള്ള വീട്ടിൽ ചെന്ന് ദരിദ്രയായ സ്ത്രീ കുഞ്ഞിനെയുമെടുത്ത് പട്ടി ണിമാറ്റാനുള്ള പൈസയ്ക്ക് വേണ്ടി അമ്മികൊത്തട്ടെ എന്നു ചോദിക്കുമ്പോൾ കല്ല ലിയിക്കും ചോദ്യത്തിനു മുമ്പിൽ മൊഴി മുട്ടുന്ന വീട്ടമ്മയുടെ തലയ്ക്കുള്ളിൽ മോഡേൺ മിക്സി മൂളിപ്പാട്ടുമായ് കറങ്ങുകയാണ്. ഒരു വിഭാഗം സാമ്പത്തികമായി മുന്നേറി എല്ലാ സുഖസൗകര്യങ്ങളോടും കൂടി ജീവിക്കുമ്പോൾ അവരുടെ ദയയ്ക്ക് വേണ്ടി കാത്തു നിൽക്കുന്ന ദരിദ്രവിഭാഗത്തിന്റെ ദൈന്യതയാണ് ഈ കവിതയിൽ വിഷയമാകുന്നത്.

### 3.5.8 വിജയലക്ഷ്മി

സമൂഹത്തിൽ സംഭവിച്ച് കൊണ്ടിരിക്കുന്ന മൂല്യച്യുതിയും മാറ്റങ്ങളും വിജയ ലക്ഷ്മി തന്റെ കവിതകൾക്ക് പ്രമേയമായി സ്വീകരിച്ചിട്ടുണ്ട്. 'പുതുവർഷം' എന്ന

കവിതയിൽ കേരളസമൂഹത്തിന്റെ ജീവിതരീതിയിൽ വന്ന മാറ്റം സൂചിപ്പിക്കുന്നുണ്ട്. പരസ്പരം പകയുംവിദ്വേഷവും കൊല്ലുംകൊലയുമായി നടക്കുന്ന യുവാക്കളുള്ള നാടായി കേരളം മാറിയിരിക്കുന്നു. ഓണവും ഓണപ്പൂക്കളും മലയാളി മറന്നുപോയി രിക്കുന്നു. പാവപ്പെട്ടവർ എന്നും പാവപ്പെട്ടവരായി തന്നെ ജീവിച്ച് മരിക്കുന്നു,

*ഓണവും പൂവും മറന്ന മലയാള-*
*നാടിങ്ങുഖിന്ന ഞാൻ നോക്കിനിൽപ്പൂ.*
*ഇത്തിരിമണ്ണില്ലാതെത്രപേർ കൂടുപോൽ*
*കൊച്ചുവീടെത്ര, പൂവെങ്ങു പിന്നെ*
*ഫ്ളാറ്റിലെ ബാൽക്കണിത്തുഞ്ചത്തുകർക്കട-*
*ക്കാറ്റും മഴയും കൊടിചുരുക്കി*

(2010 : 118)

ഓണത്തിന്റെ ഓർമ്മകളിലൂടെ സമൂഹത്തിനു വന്ന മാറ്റം ചിത്രീകരിക്കുന്ന മറ്റൊരു കവിതയാണ് 'തുമ്പിപ്പാട്ട്'. പട്ടണത്തിലെത്തിയ തുമ്പി അവിടെ ഓണവും ആഘോ ഷവുമൊന്നും കാണുന്നില്ല. കാണുന്നത് നിറഞ്ഞു കവിയുന്ന കച്ചവടക്കാരും ടൂറി സം വാരാഘോഷങ്ങളും ഒക്കെയാണ്. നാടുംനാട്ടുകാരുമൊക്കെ മാറിക്കഴിഞ്ഞിരിക്കു ന്നു.

*മാവേലിത്തമ്പുരാനിന്നില്ല*
*മാനുഷരെല്ലാരുമൊന്നല്ല*
*ദാനം കൊടുത്തു മുടിഞ്ഞരാജാവിന്നു*
*പാതാളമെന്നു കഥയില്ല.*

(2010:106)

മാവേലിയേയും പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തിയ കഥയുമെല്ലാം എല്ലാവരും മറന്നു പോയിരിക്കുന്നു. ഇപ്പോൾ പരസ്പരം വിദ്വേഷം പുലർത്തുന്ന മനുഷ്യർ മാത്രമേ എവിടെയുമുള്ളൂ എന്നാണ് കവയിത്രി ചൂണ്ടികാട്ടുന്നത്.

'ഓണത്തിന് ഒരുപാട്ട്' എന്ന കവിതയിലും ഓണം മറന്ന സമൂഹത്തെ കാണിച്ചു തരുന്നു.

*മാവേലിയില്ല നിലാവില്ല*
*പാടവരമ്പിൽ തിരക്കില്ല*
*ഓണമിന്നാരുടേതാണെന്ന്*
*വീണയും പുള്ളോനും ചോദിച്ചു.*

*വ്യാപരമേളയിലാളുണ്ട്*
*വാടാത്തപ്ലാസ്റ്റിക്ക് പൂവുണ്ട്*
*നാടും നഗരവുമങ്ങുണ്ട്*

*കോരനോ കുമ്പിളു കൂട്ടുണ്ട്*

(2010 : 294)

ഗ്രാമത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യവും നഗരത്തിലെ ജനങ്ങളുടെ ജീവിതവും താരതമ്യം ചെയ്യുന്നു. വ്യാപാരമേളയും മറ്റും നടക്കുന്ന നഗരത്തിൽ എല്ലാം കൃത്രിമമാണ്. ഓണപ്പൂക്കൾ പ്ലാസ്റ്റിക്കാണ്. എന്നാൽ ഗ്രാമത്തിൽ ദാരിദ്ര്യം ഇന്നും വിടാതെ പിന്തുടരുന്ന ജീവിതങ്ങൾ ഇപ്പോഴുമുണ്ട്. ഇവരിൽ ആരുടേതാണ് യഥാർത്ഥ ഓണമെന്ന് കവയിത്രി സംശയിക്കുന്നു.

'കടച്ചിൽ' എന്ന കവിതയിൽ കഴിഞ്ഞുപോയ ദാരിദ്ര്യവും കഷ്ടപ്പാടും ഓർത്തിരിക്കുന്ന കോരനെയാണ് ചിത്രീകരിച്ചിരിക്കുന്നത്. ഇന്നയാൾക്ക് ദാരിദ്ര്യമില്ല. മകൻ പഠിച്ചുയർന്ന് പട്ടണത്തിൽ ജോലി ചെയ്യുന്നു. പക്ഷേ ഇന്നയാളെ അലട്ടുന്ന ദു:ഖം ഏകാന്തതയാണ്. മാത്രമല്ല പണ്ട് താൻ ചോര നീരാക്കി വിയർപ്പൊഴുക്കി പണിതിരുന്ന പാടം ഇന്ന് വിതയ്ക്കാതെ കൊയ്യാതെ കാണുമ്പോൾ അയാളുടെ നെഞ്ച് പിടക്കുന്നു. ആ വരമ്പത്ത് നിന്നയാൾ സങ്കടപ്പെടുന്നു. ഇന്നയാൾക്ക്

*തല്ലുകൊള്ളേണ്ട, 'പടിക്കൽ' വായിൽ*
*ക്കയ്യും പിടിച്ചു കുനിഞ്ഞിടേണ്ടാ*
*തന്റെ വിയർപ്പുകൊയ്തേറ്റുവാനായ്-*
*ത്തമ്പുരാനില്ല, താനേഴയല്ല.*

*മുണ്ടുമുടുപ്പും ശരിക്കുമാവാം*
*മുള്ളുകൊള്ളാതെ ചെരിപ്പുമാവാം*
*മൂവന്തിനേരത്തു കാറ്റുകൊള്ളാൻ*
*നാലാളു കാൺകെ നടക്കലാവാം*

(2010:160)

കേരളത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയും അവർണ്ണർ അനുഭവിച്ചിരുന്ന മാറ്റിനിർത്തലുകളും ഇപ്പോൾ അവയ്ക്കെല്ലാം വന്ന മാറ്റവും ഇവിടെ കവയിത്രി സൂചിപ്പിക്കുന്നു. മാറ്റം വന്നെങ്കിലും ഇന്നും ജാതിയുടെയും മതത്തിന്റേയും പേരിലുള്ള കൊലപാതകങ്ങളും ആക്രമണങ്ങളും നടന്നുകൊണ്ടിരിക്കുന്നുവെന്ന് 'വിനോദം' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു. മാത്രമല്ല ചാനലുകൾ പെരുകുന്നതും അവരുടെ വിവിധ പരിപാടികളുടെ സംപ്രേഷണത്തിലെ പരിഹാസ്യതയും ഈ കവിതയിൽ കാണാം. അതേ വിഷയം തന്നെയാണ് 'ജ്വരം' എന്ന കവിതയും പങ്കുവെക്കുന്നത്. മരണദൃശ്യങ്ങൾ പകർത്താൻ എത്തുന്ന ചാനൽ ക്യാമറകൾ പരസ്പരം മത്സരിക്കുന്നു. വിശ്വാസങ്ങളെയും ഉത്സവാഘോഷങ്ങളെയും എല്ലാം തന്നെ മുതലെടുക്കുകയാണ് ചാനലുകാർ. എവിടെയെങ്കിലും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാവാൻ അവർ ആഗ്രഹിക്കുന്നു.

*ശത്രുക്കളാവട്ടെ കൂടെപ്പിറപ്പുകൾ*
*വെട്ടിമരിക്കട്ടെ തൊട്ടയൽവീട്ടുകാർ*
*ഇറ്റുവീഴും ചോരനക്കിതുടയ്ക്കുവാൻ*
*കുത്തിയിരിപ്പൂകുറുനരി, രാപകൽ*

*(2010:315)*

ഇവിടെ കുറുനരി ചാനലുകാർ ആണ്. സമൂഹത്തിൽ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടണമെന്നും അത് തങ്ങൾക്ക് വാർത്തയാക്കി ചാനലുകാർ തമ്മിലുള്ള മത്സരത്തിൽ പിടിച്ച് നിൽക്കണമെന്നുമാണ് അവർ ആഗ്രഹിക്കുന്നത്. ഇത് ഇന്നത്തെ സമൂഹത്തിന്റെ നേർകാഴ്ച്ചയാണ്.

### 3.5.9 വി.എം.ഗിരിജ

'പഴയ ഒരു കൂട്ടുകാരി നബീസ', എന്ന കവിതയിൽ സമൂഹത്തിലെ ഒരു വിഭാഗത്തിൽ നിലനിൽക്കുന്ന വിശ്വാസത്തെ വി.എം.ഗിരിജ ചൂണ്ടിക്കാട്ടുന്നു. പഴയ കൂട്ടുകാരിയായ നബീസ പറയാറുണ്ട്.

*"മാനം, നക്ഷത്രം, സൂര്യൻ*
*പിറ, പതിനാലാംരാവ്,*
*ജിന്നുകൾ.......ഒന്നും*
*പെണ്ണിൻ മുടിയിങ്ങനെ*
*കാണാമ്പാടില്ല."*

(2011 : 15)

ഇത് നബീസയുടെ വിശ്വാസം. അത് എന്തുകൊണ്ടാവാം എന്ന് കവയിത്രി ചിന്തിക്കുന്നു. മരത്തിന് ഇല പോലെയല്ലേ മനുഷ്യന് മുടി പിന്നെയെന്താണ് കാണാൻ പാടില്ലാത്തത്. അതിനുത്തരം കണ്ടെത്താൻ കവയിത്രിക്ക് കഴിയുന്നില്ല.

ഇന്നലെ രാത്രി, പൊളിച്ച വീട് എന്നീ കവിതകളിൽ മൂലമ്പിള്ളിയിലും മറ്റും നടന്ന വികസനത്തിന്റെ പേരിലുള്ള ഒഴിപ്പിക്കലും കുടിയിറക്കലും വിഷയമാക്കിയിരുന്നു. അതിന്റെ ഭാഗമായി വീട് നഷ്ടപ്പെട്ടവരുടെ വേദനയാണ് ഈ രണ്ട് കവിതയിലും ആവിഷ്കരിച്ചിരിക്കുന്നത്.

ഇന്നലെ രാത്രി ഇരുട്ടൊപ്പം
ചിന്നിപ്പെയ്തു കുംഭമഴ
വീടുപൊളിച്ചിട്ടു സ്കൂളിൽ
രാവുന്തുന്നവർ പാവങ്ങൾ
അവരേ കൊതുകിനെ-

യാട്ടി ഉറക്കിക്കോട്ടേ

(2011 : 49)

വീട് നഷ്ടപ്പെട്ട് സ്കൂളിലും മറ്റും അഭയാർത്ഥികളായി കഴിഞ്ഞുകൂടുന്ന സമൂഹത്തിന്റെ ദുരിതമാണ് ഈ കവിതയിൽ നിറയുന്നത്.

സമൂഹത്തിൽ ഒറ്റയ്ക്കാവുന്ന സ്ത്രീയുടെ ജീവിതമാണ് 'ഒറ്റയ്ക്കായ കളിക്കൂട്ടു കാരിയോട്' എന്ന കവിത. ഭർത്താവ് നഷ്ടപ്പെട്ട് മക്കളെയും കൊണ്ട് ഒറ്റയ്ക്കു ജീവിക്കുന്ന പെണ്ണിന് എന്തെല്ലാം കാര്യങ്ങൾ നോക്കാനുണ്ടെന്ന് ഈ കവിതയിൽ വിവരിക്കുന്നു. തന്റെ ഇരട്ടക്കുഞ്ഞുങ്ങളെ ഇരുകൈകളാൽ അവൾ ചേർത്തു നടത്തു ന്നു. പാർക്കിൽ കുട്ടികളെയും കൊണ്ട് ചുറ്റുമ്പോൾ തനിക്ക് യാതൊരു പേടിയുമി ല്ലെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ അവൾശ്രമിക്കുകയാണ്.

*നീയൊരു നെടുംതൂണായ് നിവർത്തൂ നിനക്കില്ലാ പേടി*
*നിൻ ഞരമ്പിലോ തോലിലോ രക്തത്തിലോ*
*പേടിയൊന്നുണരുകിൽ അറിയുമവരെന്ന്*
*നീയമ്മ ചമയുന്നു ചിരിച്ചും ചിരിപ്പിച്ചും*

(2011 : 17)

ഒറ്റയ്ക്കു ജീവിക്കുന്ന പെണ്ണ് എപ്പോഴും പേടിക്കേണ്ടവളാണ്. ഇവിടെ പേടിയില്ലെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്ന പെണ്ണിനെയാണ് വി.എം.ഗിരിജ കാണിച്ചുതരുന്നത്.

**3.5.10 സാവിത്രി രാജീവൻ**

തനിക്കു ചുറ്റുമുള്ള സമൂഹത്തിലെ പലതരത്തിലുള്ള ജീവിതങ്ങൾ കവി തയ്ക്ക് പ്രമേയമാക്കുന്നുണ്ട് സാവിത്രി രാജീവൻ. 'സ്ത്രീകളും വികലാംഗരും' എന്ന കവിതയിൽ വികലാംഗരുടെ ജീവിതം ആവിഷ്കരിക്കുന്നു. എല്ലാസ്ഥലത്തും വികലാംഗന് സംവരണമുണ്ട്.

*ഞാൻ*
*വികലാംഗൻ*
*യാത്രവടക്കുദിക്കിലേക്കായാലും*
*പടിഞ്ഞാറൻ തീരത്തിലേക്കായാലും*
*കിഴക്കൻ പർവ്വതത്തിലേക്കായാലും*
*അല്ലെങ്കിൽ*
*തെക്കോട്ടുതന്നെയായാലും*

*ബസ്സിൽ എനിക്കിരിപ്പിടം*

(2009 : 104)

എന്നു പറയുമ്പോൾ വികലാംഗനെ സമൂഹം പരിഗണിക്കുന്നതെങ്ങനെയെന്ന് കാണിച്ചുതരുന്നു. പക്ഷേ പൊതുവെ വികലാംഗരുടെ സ്ഥാനം സ്ത്രീകൾക്കിട യിലും അവർക്കൊപ്പവുമാണ്. അങ്ങനെയാണ് സമൂഹം കണക്കാക്കുന്നത്. ഏതെ ങ്കിലും വിഷയത്തെക്കുറിച്ച് പറയുമ്പോൾ സ്ത്രീകളും വികലാംഗരും എന്നാണ് എല്ലായിടത്തും പരാമർശിച്ച് കാണാറുള്ളത്. അതെന്തുകൊണ്ടാണെന്ന് കവയിത്രി ചിന്തിക്കുന്നു.

*എനിക്കറിഞ്ഞുകൂടാ*
*സ്ത്രീകളും വികലാംഗരാണോ ?*

(2009 : 104)

സ്ത്രീകൾ അബലകളും സ്വന്തമായി ഒന്നും ചെയ്യാൻ കഴിവില്ലാത്തവരുമാണെന്ന പുരുഷസമൂഹത്തിന്റെ പൊതുബോധമാണ് സ്ത്രീകളെയും വികലാംഗരുടെ ഒപ്പം കൂട്ടാൻ അവരെ പ്രേരിപ്പിച്ചത്. ഇതിനെയാണ് കവയിത്രി ചോദ്യം ചെയ്യുന്നത്.

'വല്ല്യേട്ടൻ', 'വല്ല്യേട്ടത്തി' എന്നിങ്ങനെ രണ്ട് കവിതകളിലും രണ്ട് ജീവിത ങ്ങൾ ആവിഷ്കരിക്കുന്നു. കുട്ടിയായിരുന്നപ്പോൾ വിശന്നാൽ കരഞ്ഞാൽ മതി ഭക്ഷണം വായിൽ വെച്ചുകൊടുക്കാൻ ആളുണ്ടാവും. അയാൾ മുതിർന്നപ്പോൾ തറ വാട്ടിലെ വിലപിടിപ്പുള്ളതെല്ലാം വിറ്റാണ് ഭക്ഷണം കഴിച്ചത്. എന്നാൽ വയസ്സായ പ്പോൾ

*മീശയും തലയും വെളുത്ത വല്ല്യേട്ടൻ*
*വിശന്നപ്പോൾ മാനം നോക്കി*
*പിന്നെ ആകാശം നോക്കി*
*ഇനി..................?*

(2009 : 31)

ഭക്ഷണത്തിനെന്തുചെയ്യുമെന്നറിയാതെ ആകാശം നോക്കി സങ്കടപ്പെടുന്നു. ഇതാണ് വല്ല്യേട്ടൻ എന്ന കവിത. കുട്ടിയായിരുന്നപ്പോൾ മാതാപിതാക്കൾ സംരക്ഷിക്കും. യുവാവാകുമ്പോൾ സ്വയം സംരക്ഷകനാകും. എന്നാൽ വൃദ്ധരായിക്കഴിഞ്ഞാൽ ആരും നോക്കാനില്ലാത്ത അവസ്ഥയാണ്. പുതിയ തലമുറ വൃദ്ധരെ അവഗണിക്കുന്ന തിനെക്കുറിച്ചാണ് ഈ കവിതയിൽ കവയിത്രി സൂചിപ്പിക്കുന്നത്.

'വല്ല്യേട്ടത്തി' എന്ന കവിത വിവാഹസ്വപ്നങ്ങൾ തകർന്നു പോകുന്ന ഒരു പെണ്ണിന്റെ ജീവിതം ആവിഷ്കരിക്കുന്നു. സുന്ദരിയായ വല്ല്യേട്ടത്തി ചെറുപ്പത്തിൽ തന്റെ വേളിയെകുറിച്ചും വേളിച്ചെറുക്കനെക്കുറിച്ചും സ്വപ്നം കണ്ടിരുന്നു. പക്ഷേ

സമൂഹത്തിൽ നിലനിൽക്കുന്ന പലതരം അന്ധവിശ്വാസങ്ങൾ കൊണ്ടും നാട്ടുനടപ്പുകൾ കൊണ്ടും വല്ല്യേട്ടത്തിയുടെ വിവാഹം നീണ്ടുപോയി.

*കാവിലെ മുരടിച്ച*
*കാഞ്ഞിരപ്പൊത്തിൽ നിന്നും*
*ഏതോ പല്ലുകൊഴിഞ്ഞ നാഗം*
*ഇഴഞ്ഞുവന്നു*
*പിന്നെ*
*വിധവയായ വല്ല്യേട്ടത്തി*
*കാഞ്ഞിരപ്പൊത്തിലെ ഇരുട്ടിൽ*
*കാത്തിരുന്നു*
*കാത്തിരുന്നു*

(2009 : 32)

വയസ്സായ ഒരാളാണ് വല്ല്യേട്ടത്തിയെ വിവാഹം കഴിക്കാനെത്തിയത്. വിവാഹം കഴിഞ്ഞ് അധികം താമസിയാതെ അയാൾ മരണപ്പെട്ടു. ഇരുൾമൂടിയ വീട്ടിൽ അവൾ തനിച്ചായി. സ്ത്രീധനത്തിന്റെ പേരിലും ജാതകദോഷത്തിന്റെ പേരിലുമൊക്കെ വിവാഹസ്വപ്നം തകർക്കപ്പെടുന്ന പെൺകുട്ടികൾ ഇപ്പോഴും സമൂഹത്തിൽ ജീവി ക്കുന്നുണ്ടെന്ന് ഈ കവിത ചൂണ്ടിക്കാട്ടുന്നു.

'ശിഖണ്ഡി' എന്ന കവിതയിൽ മൂന്നാംലിംഗ വർഗ്ഗത്തെയാണ് പ്രതിനിധീക രിക്കുന്നത്. തീവണ്ടി യാത്രക്കിടയിൽ കണ്ടുമുട്ടിയ ശിഖണ്ഡിയോട് കവയിത്രി ക്ക് പ്രണയം തോന്നുന്നു. ശിഖണ്ഡിയുടെ ജീവിതത്തിന്റെ നേർചിത്രം ഈ കവിത പകർത്തിവെക്കുന്നണ്ട്.[32]

ഇത്തരത്തിലുള്ള മൂന്നാംലിംഗ വിഭാഗത്തിൽപ്പെട്ടവരും സമൂഹത്തിലുണ്ട് എന്നും അവരുടെ ജീവിതം ഇങ്ങനെയൊക്കെയാണ് മുന്നോട്ട് പോകുന്നതെന്നും ഈ കവിത കാണിച്ചുതരുന്നു.

### 3.5.11 റോസ്മേരി

'സങ്കടത്തിന്റെ ആൽമരം' എന്ന കവിതയിൽ ഒരാൾ തന്റെ ഉള്ളിൽ ഉറഞ്ഞു കൂടുന്ന സങ്കടം ഇല്ലാതാക്കാൻ പലപലരൂപങ്ങളിൽ വേഷങ്ങളിൽ ലോകം മുഴുവൻ സഞ്ചരിക്കുന്നു. എവിടെയെല്ലാം സഞ്ചരിച്ചാലും ദുഃഖങ്ങൾ മാത്രമാണയാൾക്ക് കൂട്ടുകിട്ടുന്നത്. ഇതാണ് ഈ കവിതയിലെ പ്രമേയം. ഈ പ്രമേയത്തിന്റെ ആവിഷ്ക

രണത്തിലൂടെ സമൂഹത്തിന്റെ വിവിധതുറയിലുള്ള ജീവിതങ്ങൾ കവയിത്രി കാണിച്ചുതരുന്നുണ്ട്.

പാറമടകളിൽ അന്തിയാവോളം കഠിനജോലി ചെയ്യുന്നവരെയും പലതരം ലഹരിക്കടിമപ്പെട്ട് ജീവിതം നഷ്ടപ്പെടുത്തുന്നവരെയും, ചൂതുക്കളിക്കാരെയും ശരീരം വിറ്റ് ജീവിക്കുന്നവരെയും എല്ലാം ഇവിടെ കാണിച്ചുതരുന്നു. സങ്കടമില്ലാതാക്കാൻ ഇത്തരം ആളുകളുടെ കൂടെയെല്ലാം അയാൾ ജീവിക്കുന്നു. മണലാരണ്യത്തിലും ശവക്കല്ലറയിലുമെല്ലാം അയാൾ കഴിയുന്നു. എന്നിട്ടും സങ്കടം അയാളെ വിട്ടൊഴിഞ്ഞില്ല. ഇന്നത്തെ കാലഘട്ടത്തിൽ ഈ സമൂഹത്തിൽ ജീവിക്കുന്നത് സങ്കടകരം തന്നെയെന്നാണ് ഈ കവിത ചൂണ്ടിക്കാണിക്കുന്നത്. ഒടുക്കം മരണത്തിലാണ് സങ്കടം അയാളെ വിട്ട് പോകുന്നത്.[33]

'പറിച്ചുനട്ട ചെടി' എന്ന കവിതയിൽ വിവാഹത്തിന് ശേഷം വീടുപേക്ഷിച്ച് പോകേണ്ടിവരുന്ന സ്ത്രീകളുടെ അവസ്ഥ ചിത്രീകരിച്ചിരിക്കുന്നു.

*വധു നേർത്തൊരു*
*വനശാഖിയായിരുന്നു*
*പുതിയ മണ്ണിന്റെ ഊഷരതയിലേയ്ക്കു*
*വേരോടിക്കാനാവാതെ*
*വിളർത്തു തുടങ്ങിയ*
*പേലവമായൊരു വനലത*

(2002 : 42)

എന്നു പറയുന്നിടത്ത് വിവാഹം കഴിഞ്ഞ് സ്വന്തം മാതാപിതാക്കളുടെ അരികിൽ നിന്ന് അപരിചിതരായ ആളുകളുടെ ഇടയിലേക്ക് പോകേണ്ടി വരുന്ന പെണ്ണിന്റെ ദൈന്യമാണ് കാണുന്നത്. ഇത് നാം നിരന്തരം കാണുന്ന ഒരു കാഴ്ചയാണ്.

കാർണിവൽ സംഘത്തിലെ നർത്തകിയുടെ ജീവിതവും അവളുടെ ചെറിയ കുട്ടിയുടെ ദൈന്യവും ചിത്രീകരിക്കുന്ന കവിതയാണ് 'വസിലീസയായ് മാറിയ മഴവില്ല്'. അമ്മമാരുടെ ഇത്തരം ജോലിക്കിടയിൽ അനാഥമായി പോകുന്ന ബാല്യങ്ങളുടെ മനസ്സിന്റെ വേദന ഈ കവിതയിൽ കാണാം.

*അമ്മ*
*ചൂതാട്ടക്കാരോടൊപ്പമായിരുന്നു.*
*അരണ്ടപ്രകാശത്തിലാമുഖം*
*തീജ്വാലപോലെ തിളങ്ങി*
*അവൾ കുങ്കുമവർണ്ണത്തിലുള്ള*

*തിളങ്ങുന്ന മേലങ്കിയും*
*ജിപ്സികളുടെ കറുത്ത പാവാടയു*
*മണിഞ്ഞിരുന്നു*

(2002 : 52)

അമ്മയെ കാണാൻ ഓടിയെത്തിയ മകൻ കാണുന്നത് ഇങ്ങനെയാണ്. ജീവിക്കാൻ വേണ്ടി ഇത്തരം വേഷങ്ങൾ കെട്ടുന്ന അമ്മമാരും അവരുടെ നിരാലംബരായ കുഞ്ഞുങ്ങളും വേദനിക്കുന്ന ഒരു കാഴ്ചയാണ്. അതാണ് കവയിത്രി ഈ കവിതയിലൂടെ കാണിച്ചുതരുന്നത്.

**3.5.12 സന്ധ്യ.എൻ.പി.**

ചുറ്റും എന്തു സംഭവിച്ചാലും ഒന്നിലും ഇടപെടാതെ ഒന്നിനോടും പ്രതികരിക്കാതെ ഇരിക്കുന്നവരെക്കുറിച്ചുള്ള കവിതയാണ് സന്ധ്യ എൻ.പി.യുടെ 'ഒച്ചല്ലാത്തവയുടെ ഇരിപ്പിനെക്കുറിച്ച്'. അങ്ങനെ സ്വസ്ഥമായിരിക്കുമ്പോൾ പെട്ടെന്നാവും പ്രശ്നങ്ങൾ കടന്നുവരുന്നത്. അതോടെ സഹായിക്കാനാളില്ലാതെ അതിൽപ്പെട്ട് അവരുടെ ജീവിതം അവസാനിക്കും. ഇതാണ് ഈ കവിത ഒച്ചിനെ പ്രതീകമായി എടുത്തു കൊണ്ട് വിവരിക്കുന്നത്.

സ്വസ്ഥമായി വാഴയിലയിലും മറ്റും തൂങ്ങിക്കിടക്കുകയാണ് ശംഖുപോലെ ഭംഗിയുള്ള തോടിനുള്ളിലെ ഒച്ച്.

*ഓർക്കാപ്പുറത്ത്*
*നരകം പോലെ*
*ഉപ്പ് ദേഹത്തുവന്ന്*
*വീഴുമെന്നും*
*പിടിവിട്ട്*
*താഴേക്ക്*
*പതിക്കുമെന്നും*
*ആ കിടപ്പിൽ*
*അവ*
*ഓർക്കുകയേയില്ല.*

(2012 : 22)

ഇതുപോലെയാണ് ചില മനുഷ്യർ എന്നും കവയിത്രി പറയുന്നു.

*ഒരിടത്തു തന്നെ*
*ഒട്ടിപ്പിടിച്ചിരുന്ന്*

*അപ്പിയിട്ടുനിറച്ച്*
*അവിടെത്തന്നെ*
*തൂങ്ങിപ്പിടിച്ചിരിക്കും*
*നമ്മൾ*

(2012 : 23)

### 3.5.13 ഇന്ദിരാ അശോക്

'സ്വാർത്ഥം' എന്ന കവിതയിൽ സ്വാർത്ഥരായ മനുഷ്യർ ചെയ്തുകൂട്ടുന്ന അക്രമങ്ങളും അനീതികളും വിവരിക്കുന്നു. മാത്രമല്ല ധാർമ്മികാധപ്പതനം സംഭവിച്ച സമൂഹത്തെയും കവിതയിൽ കാണിച്ചു തരുന്നുണ്ട്. പലതരം അശ്ലീലങ്ങളും വേശ്യ കളുടെ തെരുവുനൃത്തങ്ങളുമെല്ലാം ഇന്ന് അധികമായിരിക്കുന്നു. എല്ലാതരം സുഖ സൗഭാഗ്യങ്ങളും പോരാപോരായെന്നാർത്ഥിപൂണ്ട് കൊള്ളയും കൊലയും പീഡ നവും ശീലമാക്കുകയാണ് ഇന്നത്തെ സമൂഹം.

*ഭോഗതൃഷ്ണയൊടുങ്ങാതെ നാം*
*പിഞ്ചു ചോരയൂറ്റി ,*
*ബലി കൊടുത്തു, സുഖം*
*പോര, പോരയധീശത്വമീ*
ഭൂമി കീഴടക്കണം.

(2013 : 38)

ഇങ്ങനെ വിചാരിക്കുന്ന ജനതയെ ഈ കവിതയിൽ വിമർശിക്കുന്നു.

'കാഞ്ചനമാല' എന്ന കവിത കവയിത്രി കാളിദാസനും കാഞ്ചനമാലയും കണ്ടുമുട്ടിയതായി സങ്കല്പിച്ചുകൊണ്ടെഴുതിയതാണ്. അവർ കണ്ടുമുട്ടുന്നത് ഇക്കാ ലത്താണ്. സമൂഹത്തിലുണ്ടായ മൂല്യച്യുതികളും പ്രകൃതിമൂല്യങ്ങളുടെ ദൗർഭാഗ്യക രമായ വ്യതിയാനങ്ങളും കണ്ട് കവയിത്രി വേദനിക്കുകയാണ്. ഇന്നത്തെ സമൂ ഹത്തിന് സ്വാർത്ഥത മാത്രമേയുള്ളൂ. അച്ഛനുമമ്മയും നഷ്ടപ്പെട്ട കാഞ്ചനമാലയെ കാട്ടിലേക്ക് തള്ളിവിട്ടതവരാണ്. അവിടെവെച്ചാണ് കാളിദാസൻ അവളെ കാണുന്ന ത്. അവളുടെ കഥകേട്ട് കവി ദുഃഖിക്കുകയാണ്. സമൂഹത്തിനും പ്രകൃതിക്കും വന്ന മാറ്റത്തിൽ കവി അതിലേറെ ദുഃഖിക്കുന്നു.[34]

### 3.5.14 ശാലിനി ദേവാനന്ദ്

ചുറ്റും നടക്കുന്ന കാഴ്ചകൾ വളച്ചുകെട്ടില്ലാത്ത ഭാഷയിൽ ആവിഷ്കരിക്കുന്ന ശാലിനി ദേവാനന്ദ് സമൂഹത്തിൽ കാണുന്ന എല്ലാ പ്രശ്നങ്ങളും തന്റെ കവിതയ്ക്ക്

വിഷയമാക്കിയിട്ടുണ്ട്. 'മുഖമില്ലാത്ത പെൺകുട്ടി' എന്ന കവിതയിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളെ വിമർശിക്കുന്നു. ഡൽഹിയിൽ നടന്ന കൂട്ടബലാൽസംഗത്തെ നിശിതമായി വിമർശിക്കുന്ന കവിതയിൽ ഇത്തരം സംഭവങ്ങൾ ഇനി നടക്കാതിരിക്കേണ്ടതിന്റെ ആവശ്യകതയും ബോധ്യമാക്കുന്നുണ്ട്. സ്ത്രീകളോട് ക്രൂരമായി പെരുമാറുന്നവരോട് കവയിത്രി ചോദിക്കുന്നതിതാണ്.

*നിങ്ങളെന്താണ്*
*പെണ്ണിൽ നിന്നാഗ്രഹിക്കുന്നത്*
*ഇത്രമാത്രം വലിച്ചുകീറി*
*രക്തം കുടിച്ച്*
*നിങ്ങളെന്ത് നേടാനാണ്*
*ആഗ്രഹിക്കുന്നത്*

(2014 : 50)

പെൺവാണിഭം, കൂട്ടബലാൽസംഗം തുടങ്ങിയ വാക്കുകൾ ഇനിയെങ്കിലും ആവർത്തിക്കാതിരിക്കട്ടെ എന്ന് കവയിത്രി പ്രത്യാശിക്കുന്നു.

**3.5.15 അമൃത**

'യജ്ഞം' എന്ന കവിതയിൽ കുട്ടികൾക്ക് നേരെയുണ്ടായ ആക്രമണങ്ങളാണ് പ്രമേയമാക്കിയിരിക്കുന്നത്. ജയിലറക്കുള്ളിൽ വെന്തുമരിച്ച പിഞ്ചുകുട്ടികളെ ഈ കവിതയിൽ സ്മരിക്കുന്നു. സ്വാർത്ഥതാൽപര്യങ്ങൾക്ക് വേണ്ടിയാണ് ഇത് ചെയ്യുന്നത്.

*ലാഭക്കൊതിയുടെ*
*കൊടിയ സ്വാർത്ഥതയുടെ*
*ബലിക്കല്ലിൽ ഉയിരർപ്പിച്ച*
*നിങ്ങൾക്കായ്,*
*ദേശീയ പതാക പാതി താഴ്ത്തി*
*കെട്ടിയില്ല*
*ദുഃഖസൂചകമായി*
*അവധി പ്രഖ്യാപനമുണ്ടായില്ല.*
*നിങ്ങളാരും*
*പ്രമുഖ രാഷ്ട്രീയ നേതാക്കളല്ലല്ലോ*
*മുഖ്യമന്ത്രിയോ പ്രധനമന്ത്രിയോ*
*അല്ലല്ലോ*

(2008 : 32)

തൊണ്ണൂറുകുട്ടികളാണ് അവിടെ അന്നത്തെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ആ നഷ്ടം അവരുടെ വീട്ടുകാർക്ക് മാത്രം. രാജ്യം ആ നഷ്ടം ഏറ്റെടുക്കുന്നില്ല. ദുഃഖസൂചകമായി അവരൊന്നും ചെയ്യുന്നില്ല. കാരണം മരിച്ചവർ പിഞ്ചുകുട്ടികളാണ്. ആരാരുമറിയാത്തവരാണ്. പ്രമുഖരല്ല. ശക്തമായ സാമൂഹിക വിമർശനം ഉൾക്കൊളളുന്ന കവിതയാണിത്.

'വഴിയോരക്കാഴ്ചകൾ' എന്ന കവിതയിൽ യാത്ര ചെയ്യുമ്പോൾ കണ്ടുമുട്ടുന്ന കാഴ്ചകളാണ് വർണ്ണിക്കുന്നത്. സമൂഹത്തിലെ പലതരം മനുഷ്യരും ജീവിതവും യാത്രയിലുടനീളം കാണാനാവുന്നു.[35]
ഇത്തരം കാഴ്ചകളുടെ വർണ്ണന ചുറ്റും കാണുന്ന സമൂഹത്തിന്റെ ഒരു നേർചിത്രം തന്നെയാണ്.

'പൂജ്യത്തിനും താഴെ' എന്ന കവിത സ്കൂൾ മതിൽ തകർന്നുവീണു മരണമടഞ്ഞ അഖിൽ, ശ്യാമിലി എന്നീ രണ്ട് കുട്ടികൾക്ക് സമർപ്പിച്ചിരിക്കുന്നു. മരണത്തിലൂടെ മറ്റൊരു ലോകത്തെത്തിയ ഈ കുട്ടികൾക്കിനി ഈ ലോകത്തിന്റെ കാപട്യം കാണേണ്ടിവരില്ലല്ലോ എന്ന് കവയിത്രി ആശ്വസിക്കുന്നു. അവർ ഇനി പുതിയൊരുലോകം സൃഷ്ടിക്കും. അവിടെ സ്വതന്ത്രരായി പാറിപ്പറന്നു നടക്കും. അവധിക്കാലം കാത്തുവച്ച മായാലോകത്തിന്റെ വാതിലുകൾ തുറക്കുന്നതിനു മുമ്പ്, സ്കൂൾ അടക്കുന്നതിന് മുൻപ് ആ കുട്ടികൾ അപകടപ്പെടാൻ കാരണമെന്തെന്ന് കവയിത്രി ചിന്തിക്കുന്നു.

*ആരുടെ കൈകളാണ് നിങ്ങളെ*
*ഞെരിച്ചെറിഞ്ഞത്?*
*വിധിയുടെ?*
*ഈശ്വരന്റെ?*
*ലാഭം കൊയ്യുന്നകൊള്ളക്കാരുടെ?*
*സ്വാർത്ഥത പെരുകിയ കാപാലികരുടെ?*
*ഉറവകൾ വറ്റിയ ശിലാഹൃദയങ്ങളുടെ?*
*ഏതു കണക്കെടുപ്പിലാണ് നിങ്ങൾ?*
*പൂജ്യത്തിലും താഴെയായ്പോയത്?*

(2008 : 80)

സ്കൂൾ കെട്ടിടം പണിയുന്നതിൽ പോലും കളളത്തരങ്ങൾ കാണിച്ച് പണം തട്ടി ഉറപ്പില്ലാതെ കെട്ടിപ്പടുത്ത് അപകടങ്ങൾ ഉണ്ടാക്കുന്ന ശിലാഹൃദയരെ കവിത വിമർശിക്കുന്നു.

**3.5.16 ലോപ**

സമൂഹത്തിന്റെ നേർകാഴ്ച്ചകൾ ലോപയുടെ കവിതകളിൽ കാണാം. 'വൃദ്ധ ഡോട്ട്കോം' എന്ന കവിതയിൽ പ്രായമാകുമ്പോൾ മാതാപിതാക്കൾ ഭാരമാകുന്ന പുതുതലമുറയെ ആവിഷ്ക്കരിച്ചിരിക്കുന്നു. വൃദ്ധരായ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ തള്ളി സ്വന്തം കാര്യങ്ങൾക്കായി പോകുന്ന മക്കളെ വിമർശിച്ചിരിക്കുകയാണ് കവയിത്രി. വൃദ്ധസദനത്തിൽ മക്കളാൽ ഉപേക്ഷിക്കപ്പെട്ട എല്ലാവരും കൂടി ഒരുമിച്ച് കൂടുന്നു.

*പതറും സ്വരത്തോടെ*
*വേദപുസ്തകം വായിക്കാൻ*
*നിസ്കരിക്കുവാൻ, രാമ-*
*യണത്തിൻ ശീലിലാഴ്ന്നാഴ്ന്നു*
*പുത്രശോകം മറക്കുവാൻ*

(2011:31)

പുത്രശോകം അനുഭവിക്കുന്ന മാതാപിതാക്കളുടെ കൂടി കഥ ഉൾക്കൊള്ളുന്ന രാമായണശീലുകളിലൂടെ പുത്രശോകം മറക്കാൻ ശ്രമിക്കുന്ന വൃദ്ധജനങ്ങളെയാണ് ഈ കവിതയിൽ ആവിഷ്ക്കരിക്കുന്നത്.

'ഉദ്യോഗസ്ഥ' എന്ന കവിതയിൽ ജോലിക്കാരായ സ്ത്രീകൾ അനുഭവിക്കുന്ന കഷ്ടപ്പാട് ചിത്രീകരിച്ചിരിക്കുന്നു. രാവിലെ ഉണർന്ന് വീട്ടിലെ ജോലികളെല്ലാം കഴിഞ്ഞ് മക്കളെ സ്ക്കൂളിൽ വിട്ട് സ്വയം ഭക്ഷണം കഴിച്ചുവെന്നു വരുത്തി സ്വകാര്യ ബസ്സിൽ സർക്കസ് പരിശീലിച്ച് ജോലിക്ക് പോകുന്ന അവൾ തിരിച്ചെത്തുമ്പോഴോ

*പിണങ്ങാനും ചിണുങ്ങാനും*
*കാത്തിരിക്കും പകുതിയെ*
*പ്രിയങ്ങൾ തെറ്റുകിൽ തെല്ലും*
*കനിയാത്ത പ(കു)തിയെ*
*വിഴുങ്ങുവാൻ വാപിളർത്തു-*
*മടുക്കളപ്പിശാചിനെ*

(2011:40)

ഇതൊക്കയാണ് അവൾക്ക് നേരിടേണ്ടത്. ഇവയെ തടുക്കാൻ തന്റെ ചിരിമാത്രമാണ് പരിചയായി അവൾക്കുള്ളത്. തന്റെ ഇഷ്ടങ്ങൾക്ക് ഭംഗം വരുത്തിയാൽ കോപിക്കുന്ന ഭർത്താവും തീരാത്ത അടുക്കളജോലികളും ഉദ്യാഗസ്ഥയായ വീട്ടമ്മയ്ക്ക് ഒരു ബാധ്യതയാകുന്നു എന്ന് കവിത കാണിച്ചു തരുന്നു.

പരീക്ഷ എന്ന കവിതയിൽ സ്ക്കൂൾ ഫൈനൽ പരീക്ഷയുടെ ആവിഷ്ക്കരണ മാണ്.പുറത്തെ ഉച്ചക്കാറ്റും നെഞ്ചിലെ ഉഷ്ണക്കാറ്റും വലയ്ക്കുന്ന പരീക്ഷയുടെ ആവിഷ്ക്കരണം ശ്രദ്ധേയമാണ്.

*വരിതെറ്റാതെയെഴുതി*
*വരികൾക്കിടയിലൂടെ വായിച്ച്*
*പ്രതികൾ നമ്പർ ക്രമത്തിൽ*
*തൂക്കുകയറിലേക്ക്*

(2011:36)

എല്ലാം എഴുതികഴിഞ്ഞ് പേപ്പറുകൾ കൂട്ടികെട്ടുന്നതിനെ തൂക്കുകയറിലേക്ക് പോകുന്ന പ്രതികളോടുപമിച്ചിരിക്കുന്നു.പരീക്ഷകൾ സമൂഹത്തിൽ ഒഴിച്ച് കൂടാനാ കാത്ത ഒന്നാണ്. അതിന്റെ രീതിയും നടത്തിപ്പും രസകരമായി ഈ കവിതയിൽ വിവ രിക്കുന്നു.

'മടങ്ങും മുൻപ്' എന്ന കവിത കേരളം കാണാനെത്തിയ മാവേലി ഇവി ടുത്തെ ഇപ്പോഴത്തെ അവസ്ഥകണ്ട് ദു:ഖിതനായി തന്റെ പഴയകാല സുഖദസ്വപ്ന ത്തിന്റെ ഓലക്കുട കീറിക്കളഞ്ഞ് മടങ്ങുന്നതായി പറയുന്നു. പൂക്കളവും ഓണവു മെല്ലാം മറന്ന് പരസ്പരം കൊള്ളയുംകൊലയുമായി നടക്കുന്ന സമൂഹത്തെ നോക്കി കാണുകയാണ് മാവേലി.

*അടഞ്ഞവാതിലിനകത്തുചാനലിൽ*
*പെരുമഴ വീണു നിറയും ടീവികൾ*
*ഇലപോലും വിലകൊടുത്തു വാങ്ങുമ്പോൾ*
*വിളമ്പും സദ്യതൻ വിരോധാഭാസങ്ങൾ*

*(2011:64)*

ഇതെല്ലാമാണ് കേരളസമൂഹത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്നറിഞ്ഞ് വിഷമിക്കു കയാണ് മാവേലി.

*ഒരിക്കൽ സ്വർഗ്ഗമായിരുന്ന കേരളം*
*തികച്ചു കാണുവാൻ കൊതിച്ചു വന്നുഞാൻ*
*ഇവിടെയോരോരോ മനസ്സും പാതാളം*
*പുതിയതെന്തു ഞാനിവിടെക്കാണുവാൻ*

(2011:64)

ഇവിടെ മനസ്സുകൾ പാതാളത്തോളം താഴ്ന്നു പോയിരിക്കുന്നു. നല്ല ചിന്തകളും പ്രവർത്തികളും എവിടേയും കാണുവാനുകുന്നില്ല. ഇന്നത്തെ സമൂഹത്തിന്റെ അവ സ്ഥയാണ് ഈ കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്.

'ശുഭയാത്ര' എന്ന കവിതയിലും സ്നേഹവും ആത്മാർത്ഥതയും എല്ലാം നഷ്ടപ്പെട്ട സമൂഹത്തെയാണ് കവയിത്രി കാണിച്ചു തരുന്നത്. അമ്മയ്ക്ക് മക്കളോടും മക്കൾക്കമ്മയോടുമുള്ള സ്നേഹം ഇക്കാലത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അമ്മത്തൊട്ടിലും വൃദ്ധസദനവും അതിനുദാഹരണങ്ങളായി കവയിത്രി ചൂണ്ടിക്കാട്ടുന്നു. പ്രണയവും വിശ്വാസവും ഇന്നില്ല. രാഷ്ട്രീയത്തിൽ പരസ്പരം കാലുവാരിയും ചതികളും മാത്രമേയുള്ളൂ. നിസ്വാർത്ഥമായ രാഷ്ട്രസേവനം ആർക്കുമില്ല എന്നിങ്ങനെ നിലവിലുള്ള സാമൂഹികാവസ്ഥകൾ ആ കവിതകളിലൂടെ തുറന്നുകാട്ടുകയാണ് ലോപ.

### 3.5.17 കണിമോൾ

'വൃത്താന്തം' എന്ന കവിതയിൽ സാമൂഹിക ജീവിതത്തിലുണ്ടായ മാറ്റങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നു. നാട്ടിൻപുറത്തുനിന്ന് നഗരത്തിൽ പോയി ജോലി ചെയ്യുന്ന പെൺകുട്ടിയുടെ ചിന്തകളിലൂടെയാണ് നഗരത്തിലെയും നാട്ടിൻ പുറത്തെയും ജീവിതാവസ്ഥകൾ കവയിത്രി ചിത്രീകരിച്ചിരിക്കുന്നത്. നഗരവും നാടുമെല്ലാം മനുഷ്യത്വരഹിതമായ വാർത്തകൾ കൊണ്ടും കാഴ്ച്ചകൾകൊണ്ടും നിറഞ്ഞതായി അവൾക്ക് തോന്നുന്നു.

*നാടുപിഴച്ചു, നഗരം, പിഴ,ച്ചിനി*
*കാടുകൾ എങ്ങാനുമുണ്ടോ പിഴയ്ക്കുവാൻ?*

(2010:31)

എന്ന ചോദ്യത്തിൽ നാടും നഗരവുമുപേക്ഷിച്ച് പോകാൻ അവൾ ആഗ്രഹിക്കുന്നുവെന്നാണർത്ഥം. പോകേണ്ടത് കാട്ടിലേക്കാണ്. എന്നാൽ നശിക്കാത്ത കാടുകൾ എവിടെയാണുള്ളത് എന്ന് അവൾ ചോദിക്കുന്നു.

'അസുരവിത്തുകൾ' എന്ന കവിതയിൽ പുതിയവിദ്യാഭ്യാസരീതിയെ വിമർശിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിക്കൊണ്ട് കുഞ്ഞുങ്ങളെ ഇംഗ്ലീഷ്മീഡിയത്തിൽ ചേർക്കുമ്പോൾ അവർ മലയാളത്തനിമ മറന്നുപോകുന്നതായി ഈ കവിതയിൽ കാണാം.

*മൂന്നിതൾ വിടരാത്തൊരോമനക്കിടാവിന്ന്*
*മാനത്തുനോക്കി കൊഞ്ചലൂറുന്നു 'ഫുൾമൂൺ!ഫുൾമൂൺ!'*
*"അമ്പിളിയമ്മാവന്റെ വെണ്ണിലാക്കുടം ചോരും*
*തിങ്കളാണത് കുഞ്ഞേ, മാൻകുരുന്നിനെക്കാണൂ...*

*അങ്ങനെയല്ലേയല്ല! മമ്മിയും ഗ്രാൻമമ്മിയും*

*ചൊല്ലിയ പാഠം പാറപ്പുറമാണല്ലോ ഫുൾമൂൺ"*

(2010:55)

മലയാളഭാഷയും വിശ്വാസങ്ങളുമെല്ലാം നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള വിദ്യാഭ്യാസവും കുട്ടികളെ വളർത്തുന്ന രീതിയുമെല്ലാം ഇവിടെ കവയിത്രി കാണിച്ചു തരുന്നു.

സമൂഹത്തിൽ ഒറ്റയ്ക്ക് നടക്കാനും താമസിക്കാനും കഴിയാത്ത പെണ്ണിന്റെ അവസ്ഥ 'നടപ്പ്'എന്ന കവിതയിൽ ആവിഷ്ക്കരിക്കുന്നു. ഒറ്റയ്ക്ക് നടക്കുന്ന പെണ്ണിന് നേരെയുള്ള സമൂഹത്തിന്റെ കാഴ്ച്ചപ്പാട് ഈ കവിതയിൽ ആവിഷ്ക്കരിക്കുന്നു.

## 3.6 പ്രകൃതി ചിത്രണം

കവിതയുടെ ഏതു കാലത്തെ ചരിത്രം പരിശോധിച്ചാലും പ്രകൃതിയോടുള്ള ആഭിമുഖ്യം കവികൾ വെച്ചുപുലർത്തിയിരുന്നു എന്നു കാണാം. കാല്പനികഘട്ടത്തിലാണ് പ്രകൃതിയോടുള്ള സമീപനത്തിന് പ്രാധാന്യവും വ്യത്യസ്തയും കൈവരുന്നത്. പ്രകൃതിയെ ആരാധിക്കുകയും മനുഷ്യാവസ്ഥകളോട് ഉപമിക്കുകയും ചെയ്തിരുന്ന കാല്പനികരീതിയിൽ നിന്ന് വ്യത്യസ്തമായ ഒരു സമീപനമാണ് പിന്നീട് കവിതകളിൽ അവതരിപ്പിക്കപ്പെട്ടത്. നഗരവത്കരണവും വ്യവസായവത്കരണവും പ്രകൃതിയുടെ മാറ്റത്തിന് കാരണമായി. പ്രകൃതിസൗന്ദര്യം എന്ന സങ്കൽപം വിട്ട് അതിന്റെ നാശം സംഭവിക്കുന്നു എന്ന തോന്നൽ ശക്തമായതോടെ പ്രകൃതിചൂഷണത്തെക്കുറിച്ചും അതിന്റെ നാശത്തെക്കുറിച്ചും കവിതകൾ എഴുതിത്തുടങ്ങി. ഈ പശ്ചാത്തലത്തിൽ സ്ത്രീകവിതകളിൽ കാണുന്ന പ്രകൃതി ചിത്രണം അന്വേഷിക്കുകയാണ് തുടർന്നുവരുന്ന ഖണ്ഡങ്ങളിലൂടെ ചെയ്യുന്നത്.

### 3.6.1 പ്രകൃതി സ്നേഹം/ വർണ്ണന

പ്രകൃതിയോടും പരിസ്ഥിതിയോടുമുള്ള സ്നേഹവും ആരാധനയും ആവിഷ്കരിച്ച കവിതകളും പ്രകൃതിവർണ്ണന ഉൾക്കൊള്ളുന്ന കവിതകളുമാണ് ഈ ഖണ്ഡത്തിൽ വിശകലനം ചെയ്യുന്നത്.

**3.6.1.1 ബാലാമണിയമ്മ**

എല്ലാറ്റിലും ഈശ്വരസാന്നിദ്ധ്യം ദർശിക്കുന്ന ബാലാമണിയമ്മയുടെ പ്രകൃതിവർണ്ണനയിലും ഈശ്വരസാന്നിദ്ധ്യം കാണാം. പുല്ലിലും കതിരോനിലും പൂന്തിങ്കളിലും വല്ലിയിലും പുഷ്പത്തിലും കടൽത്തിരകളിലും എല്ലാം മംഗളാത്മാവായ ലോകനാഥന്റെ ശില്പവിലാസവും കാരുണ്യവും ദർശിക്കുന്ന ഹൃദയമാണ് 'പ്രാർത്ഥനാ പുഷ്പം' എന്ന കവിതയിൽ കാണുന്നത്. പ്രകൃതിയെ ഈശ്വരന്റെ വരദാനമായി ഈ കവിതയിൽ വർണ്ണിക്കുന്നു.

പ്രകൃതീശ്വരിയുടെ പവിത്രമാം കൈത്തളിരിൽ ചാഞ്ഞുകിടക്കുമ്പോൾ അനുഭവിക്കുന്ന ദിവ്യരസത്തെക്കുറിച്ച് സ്മരിക്കുമ്പോൾ വിസ്മയം കൊള്ളുകയാണ് കവയിത്രി. 'അമൃതാലയം' എന്ന കവിതയിൽ തന്റെ മനസ്സാകുന്ന കിളി ഒളിചിന്നുന്ന വാനിൽ കൗതുകത്താൽ പറക്കുന്നതിനെക്കുറിച്ചാണ് വിവരിക്കുന്നത്.

അതിവെണ്മകലർന്നനന്തമാം
*പ്രകൃതിപ്പാൽക്കടലിൽ കരയ്ക്കുതന്നെ*
*തൃഷിതൻ മനുജൻ തിരഞ്ഞിടുന്നു.*
*തൃണബിന്ദുക്കളെയന്ധതാ വിശേഷാൽ*
*(2005:430)*

'വിട്ടയക്കുക' എന്ന കവിതയിൽ തന്റെ മൂർദ്ധനി മുകർന്നോമനിച്ചീടുവാൻ കാത്തുനിൽക്കുന്ന വാനിടവും മറ്റ് പ്രകൃതിദൃശ്യങ്ങളും തന്നെ ആകർഷിക്കുന്നതായി ചിത്രീകരിക്കുന്നു. കുഞ്ഞുങ്ങളെ ധാർമ്മികജീവിതത്തിന്റെ പക്വഫലങ്ങളായി ചിത്രീകരിക്കുന്ന ബാലാമണിയമ്മ കുഞ്ഞിന്റെ പുഞ്ചിരിയെ പ്രകൃതിയോടുപമിക്കുന്നു. കുഞ്ഞിന്റെ മൃദുസ്മിതം തട്ടി പ്രപഞ്ചം പെട്ടെന്ന് പ്രേമഭാസുരമായൊരു ജീവിതകടലായി മാറുന്നു എന്നാണ് കവയിത്രി പറയുന്നത്. 'ആശിർവാദം' എന്ന കവിതയിൽ മംഗല്യചരടിന്റെ കെട്ടുമുറുക്കാൻ കെല്പുള്ള കുഞ്ഞിനെ ഭർത്താവിന്റെ അരികിൽ കൊണ്ടുചെല്ലുമ്പോൾ പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കവയിത്രി വിവരിക്കുന്നു.

*മന്ദഹസിച്ചു മലരണിവല്ലികൾ*
*മംഗളാശംസ മുഴക്കീപറവകൾ*
*മണ്ണിന്റെ പുൽത്തളിർക്കംബളത്തിന്നുമേൽ*
*ചിന്നിത്തിളങ്ങീ പനിനീർക്കണികകൾ*
*മുന്നിൽപ്പുലർവെളിച്ചത്തിൽ തെരുതെരെ*
*മിന്നിപ്പറന്നൂ ചേലുറ്റവെൺപാറ്റകൾ*
*ആശിർവദിച്ചു കൊണ്ടംബര ധാവിൽനി-*

*ന്നാരോ ചൊരിഞ്ഞ മന്ദാരമലരുകൾ*

(2005:86)

എന്നിങ്ങനെ മാതൃത്വത്തിന്റെ ധർമ്മം പ്രപഞ്ചത്തെ തന്നെ കൊൾമയിർ കൊള്ളിക്കുന്നു. വാനിൽ പറക്കുന്ന കൊച്ചുകിളിയും മന്ദം വിരിയുന്ന ചെമ്പനീർപ്പൂവും മണൽത്തരികളും കുഞ്ഞിനെ ഓരോരോ സന്ദേശങ്ങൾ നൽകി ഊഴിയുടെ സൗന്ദര്യക്കൂമ്പുകൾ ആസ്വദിക്കാൻ ക്ഷണിക്കുന്നതായി കവയിത്രി ചിത്രീകരിക്കുന്നു. 'നിർവൃതി' എന്ന കവിതയിൽ കുഞ്ഞിനെ പരിചരിക്കുന്നതിലാണ് കൈവല്യമെന്നു കരുതുന്ന അമ്മയെ നോക്കി പ്രകൃതിമാതാവുപോലും പുഞ്ചിരിക്കുന്നതായി കവയിത്രി ചിത്രീകരിക്കുന്നു. അതോടെ തന്റെ ഉണ്ണിയിൽ മംഗളമായ സർവ്വഭൂതാത്മക ദർശനം സാദ്ധ്യമാകുന്നു.

പുഴുവിനോടും പാറ്റയോടും പുല്ലിനോടും എന്ന് വേണ്ട പ്രപഞ്ചത്തിലെ ഏതൊരു വസ്തുവിനോടും കുഞ്ഞിനോട് തോന്നുന്ന അതേ വൈകാരിക ബന്ധം തന്നെ കവയിത്രിക്കനുഭവപ്പെടുന്നു. അപ്പോൾ ലോകം തന്നെ തന്റെ മുന്നിൽ പിച്ച വെച്ചു കളിക്കുന്ന ഓമൽകിടാവായി മാറുകയാണ്. 'ഏതിനെ' എന്ന കവിതയിൽ ഇത് വ്യക്തമാകുന്നു.

*ഏതിനെപ്പുൽകുവാനേതിനെച്ചുംബിക്കാൻ*
*മാതൃഹൃദയമേ വെമ്പുന്നു നീ?*
*നിൻമുന്നിലോമൽക്കിടാങ്ങളായല്ലയോ*
*നിൽക്കുന്നു സർവ്വചരാചരങ്ങൾ*

(2012 : 78)

ഇത്തരത്തിൽ പ്രകൃതിയും മനുഷ്യനും ഒന്നാകുന്ന രീതിയിലുള്ള പ്രകൃതിവർണ്ണനകളാണ് ബാലാമണിയമ്മയുടെ കവിതകളിൽ കാണുന്നത്.

### 3.6.1.2 കനകശ്രീ.

പ്രകൃതിവർണ്ണനകളും ഭംഗിയുള്ള വാങ്മയചിത്രങ്ങളും തെളിഞ്ഞ് നിൽക്കുന്ന കവിതകൾ 'കനകശ്രീ കവിതകൾ' എന്ന സമാഹാരത്തിലുണ്ട്. 'മഹാനദി' എന്ന കവിതയിൽ തൻെറ ആത്മാവിനെ തീർത്ഥജലവും പൂജാപുഷ്പവും അർച്ചനാദ്രവ്യങ്ങളും ഒഴുകിവരുന്ന ഗംഗയാറിനോട് ഉപമിക്കുന്നു. ആ ഗംഗയാറിൽ തന്നെ ചീഞ്ഞ ശവങ്ങളും മറ്റ് അവശിഷ്ടങ്ങളും ഒഴുകി വരുന്നുണ്ടെന്നും കവയിത്രി സൂചിപ്പിക്കുന്നു.

'വയനാട്' എന്ന കവിതയിൽ വയനാടിൻെറ പ്രകൃതിഭംഗിയാണ് ആവിഷ്ക്കരിക്കുന്നത്.

*പച്ചപ്പട്ടു വിരിച്ച കണക്കിനു*
*മെച്ചപ്പെട്ടൊരു താഴ്വരയും*
*പറ്റം ചേർന്നതു മേഞ്ഞു നടക്കും*
*പല പല നാൽക്കാലികളും*

എന്ന് തുടങ്ങുന്ന വർണ്ണനയിൽ വയനാടിൻെറ പ്രകൃതിസൗന്ദര്യത്തോടുള്ള കവയിത്രിയുടെ ആരാധന തെളിഞ്ഞു കാണുന്നു.

**3.6.1.3 ടി. എസ്. പൊന്നമ്മ**

പ്രകൃതിഭംഗി ഉൾക്കൊണ്ടുകൊണ്ട് കവിതകൾ രചിച്ചിരുന്ന കവയിത്രി യാണ് ടി.എസ്.പൊന്നമ്മ. പ്രകൃതിവർണ്ണനകൾ അവരുടെ കവിതകളിൽ ധാരാളമുണ്ട്.

പ്രകൃതി ഭംഗിയും പച്ചപ്പും അവയോട് കവയിത്രിക്കുള്ള സ്നേഹവുമെല്ലാം ആ കവിതകളിൽ കാണുന്നു.

'പിച്ചിപ്പൂക്കൾ' എന്ന കവിതയിൽ പിച്ചിപൂക്കളുടെ മനോഹാരിത വർണ്ണിച്ചിരിക്കുന്നു. ശൈത്യം മാറി വസന്തം വന്നു ചേരുന്നതിനെ മനോഹരമായി വർണ്ണിക്കുന്ന ഒരു കവിതയാണ് 'യുഗസംക്രമം' പ്രകൃതിഭംഗി വർണ്ണിക്കുന്നതിനോടൊപ്പം മനുഷ്യൻെറ പ്രവൃത്തിമൂലം പ്രകൃതിക്ക് വന്ന് ചേരുന്ന നാശത്തെക്കുറിച്ചുള്ള വേദനയും കവയിത്രി പങ്കുവെക്കുന്നുണ്ട്. 'ദാഹം' എന്ന കവിത ഉദാഹരണം. ഒരു കാലത്ത് ഹരിതാഭയിൽ മുങ്ങിനിന്ന പ്രകൃതി ഇന്ന് ശോഷിച്ച് പോയിരിക്കുന്നു. ദാഹജലം പോലും കിട്ടാൻ പ്രയാസമായിരിക്കുന്നു.

*എവിടെയുൻമത്ത ഹരിത ലാവണ്യം*
*എവിടെ സൗഭാത്ര ജനിത സൗഭാഗ്യം*

*(1986:53)*

എന്ന് കവയിത്രി ചോദിക്കുന്നു.

നഗരജീവിതം ആധുനിക മനുഷ്യനെ പല രീതിയിൽ പ്രകൃതി ഭംഗിയെ ബാധിക്കുന്നുണ്ടെന്ന് കവയിത്രി സൂചിപ്പിക്കുന്നു. 'ജീർണ്ണതയുടെമുഖം', 'ആഗ്നേയം' തുടങ്ങിയ കവിതകൾ ഇത് സൂചിപ്പിക്കുന്നു.

### 3.6.1.4 വി.എം.ഗിരിജ

വി.എം.ഗിരിജയുടെ ഒട്ടുമിക്ക കവിതകളിലും പ്രകൃതിയുടെ സജീവസാന്നിധ്യമുണ്ട്. ഇവിടെ പ്രകൃതിയോട് അടുത്ത് നിന്ന് അതിന്റെ സ്വരം തിരിച്ചറിയാൻ ആണിനേക്കാൾ സൂക്ഷ്മത പെണ്ണിനുണ്ട് എന്ന് വി.എം.ഗിരിജയുടെ കവിതകൾ തെളിയിക്കുന്നുണ്ട്. വി.എം.ഗിരിജയുടെ കവിതകളിൽ പെണ്ണ് പ്രകൃതിയുമായി ലയിച്ചു നിൽക്കുകയും പെണ്ണനുഭവങ്ങളും പെൺഭാവങ്ങളും പ്രകൃതിവിഭവങ്ങളായി മാറുകയും ചെയ്യുന്നു. 'യോഗേശ്വരി' എന്ന കവിതയിലെയും 'പഴയ ഒരു കൂട്ടുകാരി നബീസ' എന്ന കവിതയിലെയും വരികൾ ഇതിനുദാഹരണമാണ്.

*അരികിൽ നീ പലപൊഴുതും രൂപങ്ങൾ*
*അഴിച്ചുവെക്കുന്നു പുനർജനിക്കുന്നു*
*നമ്മിൽ ഉറങ്ങുന്നുണ്ടെന്നോ സകലതു*
*പൂവും ശലഭവും മീനും നിലാവും*
*സർപ്പവും - അതിന്റെ വിത്തുകൾ*
*അറിയാതെ പൊട്ടിമുളയ്ക്കുമ്പോൾ*
*നാമും പ്രപഞ്ചമാവുമോ*

(2011 : 14)

*മാനനക്ഷത്രം, സൂര്യൻ*
*പിറ, പതിനാലാംരാവ്*
*ജിന്നുകൾ............ഒന്നും*
*പെണ്ണിൻ മുടിയിങ്ങനെ*
*കാണാമ്പാടില്ല*
*അത് എന്ത് കൊണ്ടാവാം*
*ഇല പോലല്ലേ ഈ മുടി ?*

(2011 : 13)

ഈ വരികളിലെല്ലാം പ്രകൃതിയും പെണ്ണും ഒന്നാണെന്ന വ്യാഖ്യാനം കാണാം.

മണ്ണും പെണ്ണും പ്രണയവും വിശ്വാസവും പരസ്പരം ഇടകലരുന്ന ജീവിതത്തെ തിരിച്ചറിയുന്ന അനുഭവത്തിന്റെ ആവിഷ്കാരം വി.എം.ഗിരിജയുടെ കവിതകളുടെ സവിശേഷതയാണ്. ആകാശത്തിലേക്ക് തുറക്കുന്നതും ചുവരുകളും അതിരുകളും ഇല്ലാത്തതുമായ പ്രകൃതിയുടെ വിശാലമായ ഇടങ്ങളിൽ പ്രണയത്തിന്റെ സ്വാതന്ത്ര്യത്തെ തിരിച്ചറിയുന്ന ആവിഷ്കാരങ്ങൾ ഈ കവിതകളിലുണ്ട്.

'പാഠശാല' എന്ന കവിതയിൽ പ്രകൃതിയിലെ മനോഹരമായ ഓരോ ദൃശ്യങ്ങളും വിവരിക്കുന്നുണ്ട്.

*നിരന്നിരിക്കുന്നു നെൽവയലുകൾ*

*വള്ളികൾ കുറ്റിക്കാടും*
*മരങ്ങൾ പൂത്തവ പൂക്കാത്തവ*
*ചെറുകാടുകൾ പുൽമേടുകളും*
*പച്ചക്കുടയൻ പനകൾ*

(2011 : 36)

എന്നിങ്ങനെ പോകുന്ന വർണ്ണനയിൽ ഉള്ളിൽ പ്രണയം നിറയ്ക്കുന്ന പ്രകൃതിയിലെ ഓരോ വിസ്മയങ്ങളും വർണ്ണിക്കുന്നു. ഇങ്ങനെ പ്രകൃതി ഒരു പാഠശാലയാകുന്നു വെന്നും കവയിത്രി പറയുന്നു. പ്രകൃതിയുടെ തുറസ്സായ ഇടങ്ങളും അതിരുകളി ല്ലാത്ത യാത്രകളും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നതിന്റെ അടയാളങ്ങളായി 'അവൻ അവൾ രാത്രി' എന്ന കവിതയിൽ പ്രത്യക്ഷപ്പെടുന്നു. കാട് വി.എം.ഗിരിജയുടെ കവി തകളിൽ പലവിധത്തിൽ നിറഞ്ഞ് നിൽക്കുന്നുണ്ട്. 'വനം വിളിക്കുന്നു വര'ു എന്ന കവിതയിലെ ഈ ക്ഷണം ഗൗരവമായ ഒരു യാഥാർത്ഥ്യത്തിലേക്കുള്ള വഴി കൂടിയാ ണ്. കാടിന്റെ മടിയിൽ എല്ലാം മറന്നുറങ്ങുന്ന അനുഭവം ഈ കവിതയിൽ കാണാം. കാടും സ്ത്രീമനസ്സും ഒന്നാണെന്ന പ്രതീതി ഈ കവിത ഉളവാക്കുന്നു.

*കാടിന്നകത്തൊരുത്സവം*
*ഉടലിന്നുത്സവം*
*കാട്ടിലലിയുന്നു*
*ഞാനും മഴയുമൊന്നായ്*

'മഴ' എന്ന കവിതയിലും ഈ അനുഭവമുണ്ട്. പ്രകൃതിയിലെ പെണ്ണിടങ്ങളും പെണ്ണിടങ്ങളിലെ പ്രകൃതിയുമാണ് വി.എം.ഗിരിജയുടെ കവിതകൾക്ക് പ്രമേയമാകു ന്നത്. മറ്റൊരു കവിയിലും കാണാത്തവിധം പെണ്ണും പ്രകൃതിയും ഇവിടെ ഒന്നാകു ന്നു. 'നിശ്ശബ്ദഹരിതവനം' എന്ന കവിത ഇതിന്റെ മികച്ച ഉദാഹരണമാ ണ്.പ്രകൃതിയും ശരീരവും ഇവിടെ ലയിച്ചു ചേരുന്നു. ആർദ്രമായ പ്രകൃതിഭാവങ്ങളി ലേക്കു ചേർന്നു നിന്നുകൊണ്ടുള്ള ആവിഷ്കാരമാണിത്.

ഇത്തരത്തിൽ മരവും കാടും പ്രകൃതിയുമെല്ലാം സ്ത്രീത്വത്തിന്റെ ആവിഷ്കാ രങ്ങളായി വി.എം.ഗിരിജയുടെ കവിതകളിൽ നിറയുന്നു. 'കുന്തി' എന്ന കവിത യിലും പ്രകൃതിയുടെ ദൃശ്യവിന്യാസങ്ങൾ കാണാം. അതുപോലെതന്നെയുള്ള മറ്റൊരു കവിതയാണ് 'ചിത്ര'. ഇവയിലെ പ്രകൃതിസമൃദ്ധമായി കാണാം. മറ്റൊരു ശ്രദ്ധേയമായ രചനയാണ് ശൂർപ്പണഖ. ഹരിതവനത്തിന്റെ കനിയായിട്ടാണവളെ

ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സ്ത്രീ സ്വത്വത്തിന്റെ തനിമയിലൂന്നുന്ന ഈ കവിത ഹരിതകവിതയായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്.

‘ഹരിതം അഥവാ പച്ചപ്പ്’’ എന്നത് വി.എം.ഗിരിജയുടെ കവിതകളിൽ ശക്തമായി കടന്നുവരുന്നു. ‘മണ്ണിന്റെ പച്ചസിരകൾ’, ‘വയൽപച്ചവിരിപ്പുകൾ’, ‘ചെടിത്തഴപ്പ്’,‘പച്ചക്കുമ്പിൾ’,‘ഇളംപച്ചയിലകൾ’,‘പച്ചത്തുരുത്തുകൾ’,‘പച്ചമരത്തണലുകൾ’, ‘പച്ചക്കാറ്റുകൾ’ എന്നിങ്ങനെ ഹരിതസമൃദ്ധമാണ് ഈ കവിതകൾ. മണ്ണ്, നീർച്ചാലുകൾ, നദി, വെയിൽ, നിലാവ് എന്നിവ കവിതകളിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ ഇവയൊന്നും കാല്പനികമായ അനുഭൂതികൾ സൃഷ്ടിക്കുകയല്ല ചെയ്യുന്നത്. മറിച്ച് മണ്ണും പ്രകൃതിയും ചേർന്ന് പ്രതിരോധത്തിന്റെ പുതുവഴികൾ തേടുകയാണ്.

കാടിനെപ്പോലെ കടലിനെയും മറ്റൊരു പ്രകൃത്യനുഭവമായി കവയിത്രി ചിത്രീകരിക്കുന്നു. ‘കടലിനോട്’,‘കടൽകടക്കുമ്പോൾ’, ‘കടലിൽജ്ഞാനസ്നാനം’ തുടങ്ങിയ കവിതകളിൽ കടൽ ഒരു പ്രമേയമായിത്തന്നെ കടന്നുവരുന്നണ്ട്. മനസ്സിൽ ഇരമ്പിയാർക്കുന്ന ഭാവങ്ങളെ സമുദ്രസൂചനകളിലൂടെ ഇവിടെ അവതരിപ്പിക്കുകയാണ്.

ഇത്തരത്തിൽ സ്ത്രീയുടെ ജീവിതം പ്രകൃതിയുമായി ലയിപ്പിച്ച് ആവിഷ്കരിക്കുന്ന വി.എം.ഗിരിജയുടെ കവിതകൾ സ്ത്രീജീവിതത്തിന്റെ സത്യസന്ധമായ ആവിഷ്കാരങ്ങൾ തന്നെയാണ്.

**3.6.1.5 റോസ്മേരി**

പ്രകൃതിയെ വർണ്ണിക്കുന്ന റോസ്മേരിയുടെ കവിതയാണ് ‘ഒരു ശരത്കാലസ്മൃതിഗീതം’. മനുഷ്യജീവിതവുമായി പ്രത്യേകിച്ചും സ്ത്രീ അവസ്ഥകളുമായി പ്രകൃതിയെ റോസ്മേരി ബന്ധിപ്പിക്കുന്നു. കവയിത്രിയുടെ ദുഃഖം പ്രകൃതിയുമായി പങ്കുവെക്കുന്നു. ഇലകൊഴിഞ്ഞ റബ്ബർമരങ്ങളെ കൈകൾ കോർത്ത് നിൽക്കുന്ന അനാഥാത്മാക്കളായിട്ടാണ് കവയിത്രി കാണുന്നത്. മനസ്സിലെ ദുഃഖം പ്രകൃതിയും ഏറ്റുവാങ്ങിയതായി കവയിത്രി മനസ്സിലാക്കുന്നു.[36] നിറം മങ്ങിയ നീലാകാശം, മങ്ങിക്കത്തുന്ന കുഞ്ഞുനക്ഷത്രങ്ങൾ, സാധുവായ കാറ്റ്, വിമൂകമായ മരക്കൊമ്പുകൾ, വിളർത്ത ചന്ദ്രൻ കിളിയൊച്ചകൾ നിലച്ച വനാന്തരം ഇതെല്ലാം കവയിത്രിയുടെ മനസ്സിലെ ദുഃഖത്തിനൊപ്പം നിൽക്കുന്നതായി അനുഭവപ്പെടുന്നു.

‘വെയിൽപക്ഷിയുടെ കൂട്’’ എന്ന കവിതയിൽ ആകാശവും ചന്ദ്രനും മണ്ണും എല്ലാം വർണ്ണിക്കുന്നു.

*നോക്കൂ മണ്ണിനേക്കാൾ*
*വിണ്ണിനെനോക്കുന്ന*
*താണെനിക്കിഷ്ടം*
*മനുഷ്യരേക്കാൾ മമത*
*നക്ഷത്രങ്ങളോടാണ്*
*ചന്ദ്രനുമായി ഞാൻ*
*ഗാഢാനുരാഗത്തിലാണ്.*

(1998 : 92)

എന്ന് കവയിത്രി തുറന്നുപറയുന്നു. സ്വന്തം അനുഭവങ്ങളും പ്രകൃതിയും ഈ കവിതയിൽ ഇഴുകിച്ചേരുന്നു. മനുഷ്യസ്പർശമേൽക്കാത്ത പ്രകൃതിസൗന്ദര്യത്തിന്റെ മടിത്തട്ടിലേക്ക് മടങ്ങാൻ കവയിത്രി ആഗ്രഹിക്കുകയാണ്.

കാറ്റ്, ആകാശം, നാരക മരക്കൊമ്പുകൾ, ശലഭം, കരിവണ്ട്, പരൽമീനുകൾ, നീർപ്പൂക്കൾ, നക്ഷത്രങ്ങൾ, മിന്നാമിനുങ്ങുകൾ, നിറചന്ദ്രൻ, പുഴുക്കൾ, പ്രാണികൾ പുൽച്ചാടികൾ എന്നിങ്ങനെ ഭൂമിയിലെ സർവ്വജീവജാലങ്ങളും പ്രകൃതിദൃശ്യങ്ങളും ഈ കവിതയിൽ കടന്നുവരുന്നു. എല്ലാം സ്ത്രീഅനുഭവങ്ങളുടെ ആവിഷ്കാരങ്ങളായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്.

അതുപോലെതന്നെ സ്ത്രീജീവിതത്തെ പ്രകൃതിയോടുപമിച്ച് വർണ്ണിക്കുന്ന മറ്റൊരു കവിതയാണ് 'മുൾപ്പൂവ്'. ജീവിതത്തിലെ ഓരോ അവസ്ഥകളെ പ്രകൃതിയിലെ ഓരോവസ്തുക്കളുമായിട്ട് ഈ കവിതയിൽ ഉപമിച്ചിരിക്കുന്നു. ജീവിതത്തിൽ അനുഭവിക്കാനാവാത്ത ആഹ്ലാദത്തെ ഒരിക്കലും പിടിതരാത്ത വരാൽ മത്സ്യത്തോടും സ്നേഹത്തെ പുൽച്ചാടിയോടും സ്വസ്ഥതയെ മഞ്ഞുകട്ടയോടും അനുരാഗത്തെ മുൾപ്പടർപ്പിൽ വിരിയുന്നൊരു കാട്ടുപൂങ്കുലയോടും ഉപമിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്.

### 3.6.1.6 അനിത തമ്പി

'ഒരു ആൽമരത്തെപ്പറ്റി' എന്ന കവിതയിൽ അനിത തമ്പി ആൽമരത്തിന്റെ പ്രത്യേകതകൾ വർണ്ണിക്കുകയാണ്. ഉത്സവം കൊടിയേറുന്ന ആ ആൽമരത്തിന്റെ ചുവട്ടിൽ എത്രയോ വാദ്യഘോഷങ്ങൾ നടന്നു. കാലം കഴിഞ്ഞിട്ടും ആ മണ്ണിന്റെ നീര് കുടിച്ച് ആ കാണുന്ന സൂര്യനെയുണ്ട് ആ ആൽമരം അവിടെത്തന്നെ നിന്നു. നാട് നഗരമായപ്പോഴും ആ മരം നിന്നിടത്ത് തന്നെ നിന്നു. ധാരാളം കിളികൾ ആ മരത്തിൽ കൂട് വച്ചു.

*കുളം തൂർന്ന കാലത്ത്*

*കുട്ടികളെ തോളിലേറ്റി*
*ചുറ്റും നഗരമായപ്പോൾ*
*തെരുവുകളിൽ രസത്തോടെ ഇലപൊഴിച്ചു*
*പെരുമഴകളുടെ ഓരോ തുള്ളിയും*
*വേറെ വേറെ നനഞ്ഞ്*
*അടിമുടി*
*അർത്ഥം വച്ച് ചിരിച്ചുകൊണ്ടിരുന്നു.*

(2010 : 16)

കവി അയ്യപ്പപ്പണിക്കരെ ഓർമ്മിച്ച് കൊണ്ടാണ് ഈ കവിതയെഴുതിയതെന്ന് അടിക്കുറിപ്പിൽ സൂചിപ്പിക്കുന്നുണ്ട്.

'മരങ്ങളുടെ നാടകം' എന്ന കവിതയിലും മരത്തിനെ വർണ്ണിക്കുകയാണ്.

*വിട്ടുപോരാനാവാത്ത വെയിലിന്റെ കൊളുത്തുകളിൽ*
*ഞാന്ന് കിടന്ന്*
*മരങ്ങൾ ഭൂമിയിലൂന്നിയെന്നപോലെ*
*ഇനിയും വളരും*

(2010 : 19)

മനുഷ്യജീവിതം പോലെതന്നെയാണ് മരങ്ങളുടെ ജീവിതവും. അവ കായ്ക്കുന്നു, പൂക്കുന്നു. ജീവിതമാകുന്ന നാടകത്തിൽ അഭിനയിക്കുകയാണ് മരങ്ങളും. പക്ഷേ അവ സ്വന്തമായി നാടകം രചിക്കുകയും അതിൽ അഭിനയിക്കുകയുമാണ് ചെയ്യുന്നത്. മനുഷ്യൻ അതിൽ കൈകടത്തരുത് എന്നാണ് കവയിത്രി പറയുന്നത്.

*വെയിലിന്റെ കൊളുത്തുകൾ*
*ഒന്നൊന്നായി വിടർത്തി*
*മരങ്ങളെ*
*അവയുടെ നാടകത്തിലേക്കുതന്നെ*
*ജീവിക്കാനയക്കണം നമുക്ക്*

(2010 : 19)

'കാടുപേക്ഷിച്ച കാറ്റ്' എന്ന കവിതയിലും പ്രകൃതിഭംഗിയുടെ വർണന കാണാം. കാറ്റിന്റെ പ്രത്യേകതകളാണ് ഇവിടെ വിവരിക്കുന്നത്. കാടുപേക്ഷിച്ച കാറ്റിനെ താൻ ഏറ്റെടുക്കും എന്നിട്ട് അതിനെ നാട്ടിലൂടെ കൊണ്ടുനടന്ന് ഇവിടുത്തെ കാഴ്ചകൾ കാട്ടിക്കൊടുക്കും എന്നാണ് കവയിത്രി പറയുന്നത്.

*ഇലകൾ തോറും*
*മൂക്കുമുട്ടി മണക്കും മഴകളിൽ*

*അവനോടിക്കളിക്കട്ടെ*
*ഓരോരോ മണങ്ങളെ*
*ഉരുട്ടിക്കൊണ്ടോടട്ടേ*
*തിണ്ണയിൽ*
*നിലത്തെല്ലാം വരയ്ക്കട്ടെ*
*കാട്ടിൽക്കാണാത്ത പടങ്ങളെ*

(2010 : 20)

'തുലാത്തിൽ' എന്ന കവിത തുലാം മാസത്തിൽ പ്രകൃതിക്കുണ്ടാകുന്ന മാറ്റങ്ങളും ജീവജാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളും വിവരിക്കുന്നുണ്ട്. തുലാമാസത്തിലെ ഇടിയും മിന്നലും മഴയും ഭൂമിയിൽ വന്നു പതിക്കുമ്പോൾ ഭൂതങ്ങൾ പോലും പേടിച്ച് പോകുമെന്ന് കവയിത്രി പറയുന്നു.

**3.6.1.7 റോസി തമ്പി**

'വെളിച്ചം' എന്ന കവിതയിൽ പ്രണയാനുഭവം വിവരിക്കാൻ റോസി തമ്പി പ്രകൃതിദൃശ്യങ്ങളെ കൂട്ടുപിടിക്കുന്നു.

*അനിവാര്യമായ പ്രളയം പോലെ*
*പ്രണയം എന്നെ പിന്തുടരുന്നു*
*സൂര്യൻ ഭൂമിയെ പ്രകാശിപ്പിക്കുന്നു*
*മന്ദമാരുതൻ ഇലകളെ ആശ്വസിപ്പിക്കുന്നു.*
*കിളികൾ തൊടികളിൽ ഇണചേരുന്നു*
*പൂക്കൾ പൂമ്പാറ്റകളോട്*
*തൊട്ട് തൊട്ട് നടക്കുന്നു.*

മരങ്ങളും പൂക്കളും കിളികളും പൂമ്പാറ്റകളും ഉള്ളിലുള്ള പ്രണയത്തെ പ്രളയം പോലെ തീവ്രമാക്കുന്നതായിട്ടാണ് വിവരിക്കുന്നത്.

'മഞ്ഞുകാലം' എന്ന കവിതയിൽ മഞ്ഞുകാലത്തിന്റെ വർണ്ണന ഹൃദ്യമാണ്. ആകാശം മഴവാതിൽ അടച്ചപ്പോഴാണ് മഞ്ഞുകാലം വരുന്നത്. മഞ്ഞുകാലത്തെ പൂക്കളും തടാകങ്ങളും അവയിലെ മീനുകളും എല്ലാം കവിതയിൽ വർണ്ണിക്കപ്പെടുന്നു.

'മരച്ചുവട്' എന്ന കവിത ജീവിതത്തിൽ മരത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു. വൃക്ഷശിഖരങ്ങളിൽ നിന്നാണ് കരുണ കണ്ണീരായ് മണ്ണിലേക്ക് അടർന്നു വീണതെന്നാണ് കവയിത്രി പറയുന്നത്. അത് പോലെ

*മരത്തണലിലെ*
*സ്വസ്ഥമായ ഈ ഇരിപ്പാണ്*

*എന്റെ വേഗങ്ങളെ മുഴുവൻ*
*നക്കി തുവർത്തി ഉണക്കാനിട്ടത്.*

(2017 : 73)

ഇങ്ങനെ തന്റെ ജീവിതത്തിന്റെ വിവിധഘട്ടങ്ങളിൽ മരത്തിനുണ്ടായ പ്രാധാന്യം കവിത വരച്ച് കാട്ടുന്നു.

പ്രണയവും പ്രകൃതിയും ലയിച്ചുചേരുന്നമറ്റൊരു കവിതയാണ് 'ഘടാകാശം'.

*പ്രകൃതി അധികം പറയാറില്ല*
*നിന്റെ വാക്കും അതുപോലെ*
*കൊടുങ്കാറ്റ് അധികം വീശുന്നതെന്തിന്*
*കൊഴിഞ്ഞുപോയ കാറ്റാണുപ്രണയം*
*ആരതിനെ പിടിച്ചുകെട്ടും*

(2019 : 169)

ഇത്തരം വർണ്ണനകൾ പ്രണയത്തിന്റെ അർത്ഥം പ്രകൃതിയിൽ നിന്ന് കണ്ടെത്താൻ ശ്രമിക്കുന്നതിന്റെ ഉദാഹരണങ്ങളാണ്.

### 3.6.1.8 അമൃത

പ്രകൃതിയെ വർണ്ണിച്ച് കൊണ്ടുള്ള കവിതകളിലൂടെ സ്വന്തം വികാരങ്ങളും ആഗ്രഹങ്ങളും ആവിഷ്കരിക്കുന്നുണ്ട് അമൃത. 'തോറ്റം' എന്ന കവിതയിൽ ഉള്ളിലെ വിഷാദവും പ്രണയവുമെല്ലാം പ്രകൃതിബിംബങ്ങളുടെ വിന്യാസത്തിലൂടെ ആവിഷ്കരിച്ചിരിക്കുന്നു.

*പൊൻചെമ്പകം പൂത്തസന്ധ്യകൾ*
*വഴിമരപ്പച്ചകൾ, സാഗരതീരങ്ങൾ*
*അമ്പലപ്രാവുകൾ കുറുകുന്ന വചകനങ്ങൾ*
*വർഷരാത്രികൾ, നിനവിന്റെ*
*ഏകാന്തശൂന്യതയിൽ നിറയുന്നസംഗീതം*

(2008 : 16)

ഇതെല്ലാം കവയിത്രിയെ വേദനിപ്പിക്കുകയാണ്. വിഷാദം കവി മനസ്സിനെ അലട്ടുന്നു. അത് ഒറ്റക്കിളിയെപ്പോലെ കരളിന്റെ ചില്ലയിലിരിക്കുന്നു. വിഷാദം പ്രകൃതിയുടെ തന്നെ ഭാവമായി മാറുന്നതായാണ് കവിതയിൽ ചിത്രീകരിക്കുന്നത്.'മേഘസന്ദേശം', 'വർഷം' എന്നീ കവിതകളിൽ മഴയെയാണ് വർണ്ണിക്കുന്നത്.

*മഴയെന്റെ മനസ്സിന്റെ വേനലിൽ പൂക്കുന്നൊ-*
*രാദ്യാനുഭൂതിതൻ നീലക്കടമ്പ്*

(2008 : 27)

മഴ മനസ്സിൽ നിറക്കുന്ന പ്രണയവും ഉന്മാദവും വിഷാദവുമെല്ലാം ഈ കവിതയിൽ ചിത്രീകരിക്കുന്നു. സുഗതകുമാരിയുടെ രാത്രിമഴയെ ഓർമ്മിപ്പിക്കുന്ന രീതിയിലുള്ള വർണ്ണനകളും ഇവിടെയുണ്ട്.[33]

തന്റെ ഉള്ളിൽ പെയ്ത് നിറഞ്ഞ്, ഹൃദയമാകുന്ന വേനൽപ്പാടം തണ്ണീർക്കുടം പാർന്ന് ശ്യാമളമാക്കുക എന്നാണ് 'വർഷം' എന്ന കവിതയിൽ മേഘത്തേ കവയിത്രി ആവശ്യപ്പെടുന്നത്.

'താഴ്വാര'യെന്നകവിതയിൽ മരങ്ങൾപ്പൂക്കുന്ന കുന്നുകൾ നിറഞ്ഞ താഴ്വരയുടെ ഭംഗി വർണ്ണിക്കുന്നു. മോഹിപ്പിക്കുന്ന ആ കാഴ്ച പ്രകൃതിയുടെ വശീകരണ വൈഭവമാണെന്ന് കവയിത്രി പറയുന്നു.

*സന്ധ്യകളുടെ തുടിപ്പും*
*കുളിർക്കാറ്റിന്റെ തണുപ്പും*
*ഇലകളുടെ മർമ്മരവും*
*പൂക്കളുടെ സുരഭില സ്വർഗ്ഗവും*

(2008 : 51)

എല്ലാം നിറഞ്ഞ ആ താഴ്വര തന്റെ ദുഃഖത്തിന്റെ ആഴം കുറക്കുന്നു എന്നാണ് കവയിത്രിക്ക് തോന്നുന്നത്. (2017 : 30)

**3.6.1.9 കണിമോൾ**

പ്രണയത്തെക്കുറിച്ച് പറയുമ്പോൾ പ്രകൃതിയുടെ മനോഹരചിത്രങ്ങൾ ഉദാഹരണമായെടുക്കുന്നുണ്ട് കണിമോൾ. 'മൃൺമയം' എന്ന കവിതയിൽ പ്രണയിക്കുമ്പോഴുള്ള കാമുകീകാമുകന്മാരെപ്പറ്റി വിവരിക്കുമ്പോൾ പ്രകൃതിയുമായാണ് താരതമ്യപ്പെടുത്തുന്നത്. പണ്ട് തങ്ങൾ നീലക്കൊടുവേലിപോലെയായിരുന്നുവെന്ന് അവർ ഓർക്കുന്നു. ആ കൊടുവേലി ഈറനിറ്റുന്ന നിലത്ത് മുളങ്കാട് പൂവിട്ട ചന്ദ്രമാസത്തിൻ നിലാവത്ത് ഏതോ പുരാതന ഭൂമി സഞ്ചാരിയുടെ പേടകത്തിൽ ചുറ്റിപ്പടർന്നിരുന്നുവെന്നും കവയിത്രി ഓർക്കുന്നു. നീലക്കൊടുവേലിയുടെ പ്രകൃതിഭംഗി വർണ്ണന ശ്രദ്ധേയമാണ്.

'ഭിക്ഷ' എന്ന കവിതയിലെ കുളത്തിന്റെ വർണ്ണന ശ്രദ്ധേയമാണ്.

*ചെറുമീനുകൾ, നീലച്ചേലുമായ് നീന്തിപ്പോകും*
*കുളവാഴകൾ, ചോപ്പും നീലയുമാമ്പൽപ്പൂക്കൾ*
*പടവിൽ മിടിക്കുന്ന ജലധൂളികൾ, പായൽ*
*ത്തഴയിൽ ഞാലും കളിത്തൊട്ടിലിൽ വാൽമാക്രികൾ*

(2010 : 16)

**3.6.1.10 ലോപ**

പ്രകൃതിയും മരങ്ങളും പുഴകളുമൊക്കെ ലോപയുടെ കവിതകളിലും കടന്നുവരുന്നുണ്ട്. 'അതിരിലെ മരങ്ങൾ','തൊട്ടാവാടി', 'വരമാംരുചി', 'ഭൂമി എന്ന പ്രണയം' തുടങ്ങിയ കവിതകളെല്ലാം ഉദാഹരണമാണ്.

അതിരിലെ മരങ്ങളെക്കുറിച്ചുള്ള വർണ്ണനശ്രദ്ധേയമാണ്. എപ്പോഴും അപ്പുറത്തെ ആകാശം തൊടാനും അപ്പുറത്തേക്ക് ഇലപൊഴിക്കാനും അവിടേയ്ക്കു

തണലേകാനും മാത്രമേ അവ ശ്രമിക്കൂ. എങ്കിലും മരത്തിന്റെ ഇലപൊഴിക്കലും തണൽപകരലും തന്നെയാണ് പ്രധാനം. തൊട്ടാവാടിയെ വർണ്ണിച്ചിരിക്കുന്നത് ഒരു പെൺകുട്ടിയുടെ ജീവിതം പോലെയാണ്. എല്ലാം സഹിക്കാൻ വിധിക്കപ്പെട്ട പെണ്ണിനെപോലെ ഏതു നീരറ്റമണ്ണിലും കാലുറച്ചീടുന്ന കരുത്തിന്റെ ചിരിയാണ് തൊട്ടാൽവാടി.

*കാൽതൊടുന്നിട*
*ത്തൊക്കെയും നേർത്തൊരു*
*നീല മുള്ളിന്റെ*
*നീരസം കോറിയും*
*നോക്കിയാലുടൻ*
*രോമാഞ്ചമാർന്നിടും*
*പൂക്കളിൽ എന്റെ*
*യുള്ളം പകർത്തിയും*
*തൊട്ടുനോക്കിയാൽ*
*കൂമ്പിച്ചുരുങ്ങിയും*
*വിട്ടുപോയാലുയിർത്തും*

(2015 : 18)

ഇങ്ങനെ പോകുന്ന വർണ്ണന പ്രകൃതിയിലെ മനോഹരങ്ങളായ ചില ചെടികളും പൂക്കളും മനുഷ്യപ്രകൃതിയെക്കൂടി ഉദാഹരിക്കുന്നു എന്ന് ഈ കവിത സൂചിപ്പിക്കുന്നു.

വരമാം രുചി എന്ന കവിതയിൽ പ്രണയമാണ് വിവരിക്കുന്നതെങ്കിലും കുനുകുനെയൊഴുകുന്ന പുഴയുടെയും പച്ചപുതച്ചൊരു പൊന്തയുടെയും വർണ്ണന കാണുന്നു.

ഭൂമി എന്ന പ്രണയം എന്ന കവിതയിൽ ഭൂമിയിലെ സകലതിനെയും ആരാധിക്കുന്ന, പ്രണയിക്കുന്ന കവിമനസ്സിനെയാണ് കാണാൻ കഴിയുന്നത്.

*ചിതറിചിതറിച്ചുറ്റു-*
*മുദിപ്പൂതാരകങ്ങളായ്*
*ചെളിയായ് തരിശായ്, പാറ*
*ക്കെട്ടായ് നീരുവാർന്നതായ്*

(2015 : 56)

എന്നിങ്ങനെ ഭൂമിയിലെ വിഭവങ്ങളെയെല്ലാം താൻ ഗാഢമായി പ്രണയിക്കുന്നതായി കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്.

### 3.6.1.11 സന്ധ്യ. എൻ.പി

തന്റെ അരികിലെത്തിയ കുഞ്ഞുപുഴുവിനെ തിരികെ കൊണ്ടുവിടുന്നതിന് കാടും പുഴയും താണ്ടുന്നതായി വിവരിച്ചിട്ടുള്ള കവിതയാണ് സന്ധ്യ എൻ.പിയുടെ 'തിരികെകൊണ്ടു വിടുന്നതിനായി.' അതിൽ ആ പുഴുവിനെ കാട്ടിൽ കൊണ്ടുവിടുന്നതിനായി പോകുന്ന വഴിയിൽ കാണുന്ന പ്രകൃതിയെ കവയിത്രി വർണ്ണിക്കുന്നു. മരക്കൂട്ടങ്ങളും ഊടുവഴികളും വെള്ളച്ചാട്ടങ്ങളും കറുത്തിരണ്ട പാറകളും നിറഞ്ഞ വഴിയെക്കുറിച്ചാണ് കവയിത്രി പറയുന്നത്.

'കാറ്റ് പണിമുടക്കുമ്പോൾ' എന്ന കവിതയിൽ പ്രകൃതിയിലെ ഓരോ വസ്തുക്കളും പ്രവർത്തിക്കുന്നത് നിയതിയുടെ കരചലനങ്ങൾക്കനുസരിച്ചാണെന്ന് സൂചിപ്പിക്കുന്നു. വഴിയിൽ ചെടികൾ പൂക്കൾ വീഴ്ത്തിക്കൊണ്ടിരിക്കുമ്പോൾ അതെല്ലാം അവൾ പൂക്കൂടയിലാക്കി വഴി വൃത്തിയാക്കികൊണ്ടേയിരുന്നു. പക്ഷേ പെരുവഴിയിൽ അവൾക്കത് അസാധ്യമായിരുന്നു താനും.[38] പ്രകൃതിയിൽ ഓരോ ചരാചരങ്ങൾക്കും ദൈവം അവരുടേതായ കർത്തവ്യങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്നാണ് ഇതിലൂടെ കവയിത്രി സൂചിപ്പിക്കുന്നത്.

### 3.6.1.12 ആര്യാംബിക

'ആവിഷ്കാരം'എന്ന കവിതയിൽ പെണ്ണിന്റെ ആവിഷ്കാരത്തെ പ്രകൃതിപ്രതിഭാസങ്ങളോട് ഉപമിക്കുന്നു.[39] പ്രകൃതിയിലെ ഓരോന്നിന്റെയും ഭാവങ്ങൾക്കനുസരിച്ച് തനിക്ക് എഴുതണമെന്നും ജീവിക്കണമെന്നും പെണ്ണ് ആഗ്രഹിക്കുന്നു. പ്രകൃതിയും സ്ത്രീയുടെ ഭാവങ്ങളും ഒരു പോലെയാണെന്ന് കവിതയിലൂടെ സമർപ്പിക്കുന്നു.

'ഗന്ധരാജൻ' എന്ന കവിതയിൽ ഗന്ധരാജൻ എന്ന പൂവിനെ വർണ്ണിക്കുന്നു. അന്ധമായ വിശുദ്ധപ്രണയത്തിന്റെ ഗന്ധപൂർണ്ണിമയാൽ രാത്രിയെ പുതപ്പിക്കുന്ന പാരിജാതം എന്നുകൂടി പേരിട്ടിരിക്കുന്ന ഗന്ധരാജൻ എന്ന പൂവിന്റെ ഗുണങ്ങളാണ് ഈ കവിതയിൽ വർണ്ണിച്ചിരിക്കുന്നത്.

'മഴമുത്തുകൾ' എന്ന കവിതയിലും പ്രകൃതിവർണ്ണനയാണുള്ളത്. മഴയിൽ പ്രകൃതിയ്ക്കും മനസ്സിനുമുണ്ടാകുന്ന മാറ്റങ്ങൾ ഈ കവിതയിൽ വിവരിക്കുന്നു.

*മേളമെങ്ങുമൊലിച്ചിറങ്ങിമ-*
*ഹോത്സവപ്പെരുമാരിയിൽ*
*താളമിട്ടു വിരൽത്തലപ്പുകൾ*
*നീട്ടിനിന്നുതരുക്കളും*
*ആളിടും തുടുനാളമൊക്കെയുമാടിയാടിയുലഞ്ഞുവോ*
*കാളിടും കൊടുവേനലിന്നു*
*കുളിർത്തുപോയി കരൾക്കകം*
*(2017:73)*

**3.6.1.13 സ്വപ്ന.കെ.കെ**

'ജാലകത്തിനപ്പുറം നിലാവ്' എന്ന കവിതയിൽ പ്രകൃതി നിറഞ്ഞുനിൽക്കുന്നു. തന്റെ ജാലകത്തിലൂടെ കാണുന്ന പ്രകൃതിയുടെ കാഴ്ചയാണ് ഇവിടെ വർണ്ണിക്കുന്നത്. പക്ഷേ കവയിത്രിയുടെ ജാലകം എപ്പോഴും അടഞ്ഞു കിടക്കുന്നു. പ്രണയ നൈരാശ്യമാണ് ജാലകം അടച്ചിടാൻ കവയിത്രിയെ പ്രേരിപ്പിക്കുന്നത്. എങ്കിലും ജാലകത്തിനപ്പുറത്തുള്ള നിലാവും പൂവിതളുകളും ഇലകളും മുല്ലമണമലിഞ്ഞ കാറ്റും കവയിത്രി അറിയുന്നു.

'ഒരു പഴങ്കഥ' എന്ന കവിതയും പ്രകൃതിയുടെ മനോഹാരിതയിൽ നിറയുന്ന മനസ്സിനെയാണ് ആവിഷ്കരിച്ചിരിക്കുന്നത്. നിലാവ് തന്റെ സ്നേഹം പാഴ്ഭൂമിയിലേക്ക് വർഷിക്കുന്നുവെന്നും അതിനെപാതിരാക്കാറ്റ് തടഞ്ഞ് ഭൂമിയിലെ മനോഹരമായ മറ്റിടങ്ങളിലേക്ക് തിരിച്ചുവിട്ടു എന്നും കവയിത്രി സങ്കൽപിക്കുന്നു.

'നീലശംഖുപുഷ്പങ്ങളുടെ താഴ്വര' എന്ന കവിതയിൽ മനോഹരമായ ശംഖുപുഷ്പങ്ങളെയാണ് പ്രണയത്തിന്റെ പശ്ചാത്തലമായി എടുത്തിരിക്കുന്നത്. ശംഖുപുഷ്പങ്ങളുടെ താഴ്വരയിലാണ് അവളുടെ പ്രണയം പൂവിടുന്നതും കൊഴിഞ്ഞില്ലാതെയാവുന്നതും. കാറ്റിൽ പൊഴിഞ്ഞു വീഴുന്ന ശംഖുപുഷ്പങ്ങളെ പ്രണയനഷ്ടത്തിന്റെ അടയാളമായി ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു.

## 3.6.2 പ്രകൃതിചൂഷണം

പ്രകൃതിചൂഷണത്തെ സംബന്ധിച്ച ആശങ്കകൾ കടന്നുവരുന്ന കവിതകളാണ് ഈ ഖണ്ഡത്തിൽ പരിശോധിക്കുന്നത്.

### 3.6.2.1 സുഗതകുമാരി

1980 മുതൽ ധാരാളം പ്രകൃതിചൂഷണത്തെ സംബന്ധിച്ചുള്ള കവിതകൾ സുഗതകുമാരി എഴുതിയിട്ടുണ്ട്. അവരുടെ കവിതകളിൽ പ്രകൃതിസ്നേഹം ക്രമേണ പരിസ്ഥിതി ബോധമായി വളരുന്നു. ശക്തമായ പരിസ്ഥിതി ബോധമുള്ള കവിതകളിലേക്ക് എത്തിച്ചേരുന്നു. 'മരത്തിന്സ്തുതി', 'തെംസ്നദിയോട്', 'സൈലൻറ്വാലി','കുറിഞ്ഞിപ്പൂക്കൾ','വനരോദനം','തൈവെക്കൽ','നിങ്ങളെൻെറ ലോകത്തെ എന്ത് ചെയ്തു', 'പച്ച', 'വിദ്യ', 'മതം', 'തുലാവർഷ പച്ച', 'കാലിഫോർണിയൻ കാടുകൾ', 'ആന' തുടങ്ങിയവയാണ് സുഗതകുമാരി

എഴുതിയ പരിസ്ഥിതി കവിതകൾ. വൃക്ഷാരാധന തൊട്ട് മൃഗങ്ങളോടുള്ള കാരുണ്യം വരെ ഇവിടെ കവിതക്ക് വിഷയമാകുന്നു. പ്രകൃതിയുടെ ഒരിക്കലും വറ്റാത്ത നൈസർഗികമായ സമ്പന്നതകളും മനുഷ്യപ്രവർത്തനങ്ങളാൽ അവ നശിച്ച് പോകുന്ന ഇന്നത്തെ അവസ്ഥയുമാണ് സുഗതകുമാരിയുടെ ഈ കവിതകളിലെല്ലാം കാണുന്നത്.

'മരത്തിന് സ്തുതി' എന്ന കവിത വൃക്ഷങ്ങളെ ആരാധിക്കുന്ന ആർഷഭാരതത്തിൻെറ സങ്കൽപ്പം ആവിഷ്ക്കരിക്കുന്നു. ഈ ഭക്തിക്കു പിന്നിലും പരിസ്ഥിതി ബോധമാണ് കാണാനാകുന്നത്. തെംസ് നദിയോട്, സൈലൻറ് വാലി എന്നീ കവിതകൾ മനുഷ്യരിൽ നഷ്ടപ്പെടാത്ത മാനുഷികതയും വിവേകവും ചൂണ്ടിക്കാണിക്കുന്നു.

വ്യവസായവൽക്കരണത്തിൻെറ ഫലമായി മലിനീകരണവും പെരുകിയതിനാൽ ലണ്ടനിലെ തെംസ് നദി നശിക്കാൻ തുടങ്ങി. അതിലെ ജീവജാലങ്ങളെല്ലാം അപ്രത്യക്ഷമായി നദീതടവാസികൾ രോഗത്താൽ കഷ്ടപ്പെട്ടു. അന്നേരം ബ്രിട്ടീഷുകാർ ഉണർന്ന് പ്രർത്തിച്ചു. അവർ മാലിന്യം നീക്കി വിശുദ്ധി വീണ്ടെടുത്തു. അപ്രത്യക്ഷമായ ജീവജാലങ്ങൾ നദിയിൽ വീണ്ടും പ്രത്യക്ഷപ്പെട്ടു. ഈ വൻ നേട്ടത്തെ കവയിത്രി വാഴ്ത്തുമ്പോൾ സ്വന്തം നാട്ടിലെ നദികളുടെ അവസ്ഥ അവരുടെ മനസ്സിൽ ദു:ഖം നിറക്കുന്നു.

*കണ്ണൻെറയോമൽ യമുന വീണ്ടും വിഷ*

*ഖിന്നയാം കാളിന്ദിയായുഴലുന്നിതേ*
*പുണ്യ നിളാനദി കേഴുന്നിതേ സഹ്യ*
*കന്യകൾ വൻവിഷം തീണ്ടി മരിപ്പിതേ*
*മക്കളെ ദൈവത്തെയമ്മയെക്കൂടിയും*
*വിറ്റു കാശാക്കി ജീവിക്കുന്നവരുടെ  നാട്ടിൽ ഇതു*
*സംഭവിക്കുന്നതിലെന്താണത്ഭുതം?*

*(2006:504)*

സൈലൻറ്വാലിയിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ ശ്യാമയാം നിശബ്ദ കാനനത്തിന് അതിൻെറ ഒരാരാധിക സമർപ്പിക്കുന്നതാണ് സൈലൻറ് വാലി എന്ന കവിത.

എത്ര ദു:ഖ സ്വപ്നങ്ങൾ കണ്ടു ഞെട്ടി, ചുട്ടു
കത്തുന്ന നിൻ തിരുമാർത്തടം, ആർത്തല
ച്ചുറ്റു വീഴും മഹാവൃക്ഷങ്ങൾ മിണ്ടാതെ
വറ്റുന്ന കുന്തിപുഴ തൻ നിലവിളി

(2006:531)

മാനുഷികതയുടേയും കാരണ്യത്തിൻെറയും പരിസ്ഥിതി ബോധത്തിൻേറയും പുതുമഴയിൽ മൊട്ടക്കുന്നുകൾ പോലും മരതകപച്ചയണിയുമെന്ന ശുഭപ്രതീക്ഷയുടെ ഗീതകമാണ് 'തുലാവർഷപ്പച്ച' എന്ന കവിത. അമൃത വർഷമായി പ്രത്യക്ഷപ്പെട്ട ഈ പച്ചപ്പ് പോലും നാളെ ഇല്ലാതാവുമോ എന്ന പേടിയും കവയിത്രി ഇവിടെ പങ്ക് വെക്കുന്നു.

*നാളെ*
*വെയിലും പൊടിക്കാറു*
*മെത്തിടും ചൂടിൽ*
*കരിമ്പാറയിൽ മുഖം ചേർത്തു*
*തളർന്നു വീഴും ശുഷ്കം*
*മലർന്നു കിടന്നീടു*
*മിവളാം തീരാദു:ഖം*

*(26:616)*

ഇതല്ലേ ഇന്നു പച്ചയണിഞ്ഞു നിൽക്കുന്ന എല്ലാ പ്രകൃതി ദൃശ്യങ്ങളുടേയും ഗതി എന്ന് കവയിത്രി ആശങ്കപ്പെടുന്നു.

കൂടും കൂടുനിന്ന മരവും കാണാതെ കരഞ്ഞു പറക്കുന്ന ഒരു കാട്ടു കിളിയുടെ വേദനയാണ് 'നിങ്ങളെൻെറ ലോകത്തെ എന്ത് ചെയ്തു' എന്ന കവിതയിൽ അവതരിപ്പിക്കുന്നത്. പ്രകൃതിയെ സംരക്ഷിക്കേണ്ടത് മനുഷ്യർക്ക് വേണ്ടി തന്നെയാണ്. കാടു നശിപ്പിക്കാതിരിക്കേണ്ടത് സിംഹവാലൻമാർക്ക് വേണ്ടി മാത്രമല്ല. പരിസ്ഥിതി സന്തുലിതത്വം നിലനിർത്തുന്നതിലൂടെ മഴ കിട്ടാനും മണ്ണൊലിപ്പ് തടയാനും മനുഷ്യജീവിതം സുരക്ഷിതമാക്കാനും വേണ്ടിയാണ്. ഈ ശാസ്ത്രീയ സത്യമാണ് മരത്തിൻെറ സ്തുതിഗീതങ്ങളിലൂടെ സുഗതകുമാരി അവതരിപ്പിക്കുന്നത്. കുറിഞ്ഞിപ്പൂക്കളെന്ന സമാഹാരത്തിൽ ഇത്തരത്തിലുള്ള ധാരാളം കവിതകളുണ്ട്.

### 3.6.2.2. റോസാക്കുട്ടിക്കാപ്പൻ

അദ്ധ്യാത്മികതയാണ് റോസാക്കുട്ടിക്കാപ്പൻെറ കൃതികളിൽ നിറഞ്ഞു നിൽക്കുന്നത്. മുത്തുമണികൾ, വാനമ്പാടി, റാണി, ദീപശിഖ, തീർത്ഥം, നിവേദിത, മുതലായ കൃതികളിലെല്ലാം അദ്ധ്യാത്മികതയും ഭക്തി പ്രഹർഷവും നിറഞ്ഞ് നിൽക്കുന്നു. ബൈബിളിൽ നിന്ന് സന്ദർഭങ്ങൾ എടുത്തുകൊണ്ടാണ് മിക്ക കവിതകളും റോസാക്കുട്ടിക്കാപ്പൻ എഴുതിയിട്ടുള്ളത്. ദീപശിഖ, തീർത്ഥം, എന്നീ സമാഹാരങ്ങളെല്ലാം ഇതിനുദാഹരണങ്ങളാണ്. റാണി എന്നത് ഒരു ഖണ്ഡകാവ്യമാണ്. നിവേദിത എന്ന സമാഹാരത്തിലെ 'നിവേദിത' എന്ന കവിതയും അദ്ധ്യാത്മിക പശ്ചാത്തലത്തിലുള്ള രചനയാണ്.

എന്നാൽ അദ്ധ്യാത്മിക ചിന്തകൾ കൂടാതെ ചുറ്റും കാണുന്ന ജീവിതത്തിലെ ദുരിതങ്ങളും പ്രകൃതി ചൂഷണങ്ങളുമൊക്കെ ആവിഷ്ക്കരിക്കുന്ന ഏതാനും കവിതകളും റോസാക്കുട്ടിക്കാപ്പൻ എഴുതിയിട്ടുണ്ട്. പ്രകൃതിയോടും അയൽക്കാരനോടും മനുഷ്യൻ കാണിക്കുന്ന ക്രൂരതകളിലൂടെ അമർഷവും കഷ്ടപ്പാടുകളിൽ തളരുന്നതുവരെ സമാശ്വസിപ്പിക്കാനും മനുഷ്യത്വത്തിൻെറ മഹത്വം കാത്ത്സൂക്ഷിക്കാനുമുള്ള ആഹ്വാനവും അവരുടെ കവിതകളിലുണ്ട്. സമകാലിക പ്രശ്നങ്ങളും കഠിനരോഗങ്ങളും ദാരുണ മരണവും വേർപാടുമെല്ലാം ലളിതമായ ഭാഷയിൽ റോസാക്കുട്ടി കവിതകളിൽ ചിത്രീകരിക്കപ്പെടുന്നു.

പ്രകൃതിയുടെ മേൽ മനുഷ്യൻ നടത്തുന്ന കയ്യേറ്റങ്ങളും പക്ഷിമൃഗാദികളുടെ ജീവന് ഒരു വിലയും കൽപ്പിക്കാതെ അവയുടെ വാസസ്ഥാനങ്ങൾ വെട്ടി

നശിപ്പിക്കുന്നതും അവർ കവിതയാക്കിയിട്ടുണ്ട്. ‘അമ്മക്കിളി’ എന്ന കവിതയിൽ വിനോദത്തിനും മറ്റാവശ്യങ്ങൾക്കും വേണ്ടി നിരുപദ്രവകാരികളായ പക്ഷികളെ മനുഷ്യൻ എയ്ത് വീഴ്ത്തുന്ന ക്രൂരതയാണ് പ്രമേയം. അമ്പേറ്റ് വീണ പക്ഷിയുടെ ഇണക്കിളി വിലപിക്കുന്നു. ഓമനക്കുഞ്ഞിനെ പോറ്റാനായി തേൻപഴം തേടിയിറങ്ങിയ ഇണക്കിളി നഷ്ടപ്പെട്ടത് ഓർക്കാൻ വയ്യ. അവളുടെ മനസ്സിൽ മുഴങ്ങുന്നത് ഇണക്കിളിയുടെ അവസാനത്തെ വാക്കുകളാണ്.

*ഓമനകുഞ്ഞിനെ പൊന്നുപോൽ സൂക്ഷിക്കുക*
*നാളെയാതങ്കക്കുടം കൂട്ടുപക്ഷിയായ് തീരും.*

*(1988:02)*

ആ പ്രാണപ്രിയൻ ഇന്നലെ മനുഷ്യൻെറ ആഹാരമായ് തീർന്നിരിക്കുന്നു. ഇപ്പോൾ കാട്ടാള മനുഷ്യർ ഒന്നോടെ ഈ കാട് ഒന്നാകെ ഇങ്ങനെ കയ്യേറുന്നതിൻെറ ഫലമായി സ്വസ്ഥമായി ജീവിക്കാൻ വയ്യാതെയായിരിക്കുന്നു. അവർ പക്ഷികളെ പിടിക്കാനായി അമ്പെയ്യുക മാത്രമല്ല വൃക്ഷങ്ങൾക്ക് തീ കൊളുത്തുകയും ചെയ്യുന്നു. ഈ ചിന്തകൾ കിളിയെ കരയിക്കുന്നു. ആ കണ്ണീർ വീണ് കുഞ്ഞിക്കിളി ഉണരുന്നു.

*അമ്മ തൻ കണ്ണിൽ നിന്നുമുരുകിത്തിളക്കുന്ന*
*ലാവ തൻ ചൂടേൽക്കയാൽ നിദ്രവിട്ടുണ്ണിക്കിളി*

*(1988:04)*

വളരെ ഹൃദയസ്പർശിയായിട്ടാണ് കവയിത്രി ഈ ഭാഗം ചിത്രീകരിക്കുന്നത്. അധികം താമസിയാതെ അമ്മക്കിളിയും അമ്പേറ്റ് വീഴുകയാണ്. ഉറങ്ങുകായിരുന്ന കുഞ്ഞ്  ഉണർന്ന് കുളിരിൽ വിറച്ച് കൊണ്ട് അമ്മയെ തിരക്കുന്നു. അതിൻെറ കരച്ചിൽ കാട്ടിലെങ്ങും മുഴങ്ങുന്നു.

*“കണ്ണുനീർ തൂകി തൂകി കാട്ടുപക്ഷികൾ പാടി*
*ഇനിയാക്കിളിക്കുഞ്ഞിനീശ്വരനമ്മക്കിളി”*

*(1988:05)*

മനുഷ്യൻ പ്രകൃതിക്ക് ഭീഷണിയാണ്. ഈശ്വരൻ മാത്രമാണ് ഇനി പ്രകൃതിയെ രക്ഷിക്കാനുള്ളത്. ‘അമ്മക്കിളിയിൽ’ പ്രകൃതി സംരക്ഷണം എന്ന ആധുനിക പ്രശ്നത്തിലേക്കാണ് കവയിത്രി വിരൽ ചൂണ്ടുന്നത്.

'തായ്വേര്' എന്ന കവിതയിലും ഈ പ്രശ്നം തന്നെയാണ് അവതരിപ്പിക്കുന്നത്. ആത്മാവിഷ്ക്കാര ശൈലിയിലാണ് ഈ കവിതയുടെ രചന. ചോലവൃക്ഷത്തിൻെറ തായ്വേര് അറുത്തിട്ടിരിക്കുന്നു. അനേകം കിളികൾക്ക് കൂടുകൂട്ടിയ മരമാണത്. വേനലിൽ തണലും പഴങ്ങളും അത് നൽകിയിരുന്നു. അനേകം പേര് അതിൻെറ തണലിൽ വിശ്രമിച്ചിരുന്നു. ചുമടിറക്കി വെച്ച് സ്വസ്ഥമായുറങ്ങാൻ എത്രയോ ആളുകൾ ഈ മരത്തണലിൽ എത്തുന്നു. ഇങ്ങനെ ഒരു പാട് സേവനം ചെയ്തിരുന്ന ആ വൃക്ഷത്തിൻെറ പതനം കവയിത്രിയുടെ ഹൃദയത്തിൽ വേദനയുണ്ടാക്കുന്നു.

*ഈ മഹാദ്രുമത്തിൻെറ തായ്വേരറയ്ക്കൊപ്പം*
*ഈ തപോവനത്തിലെൻ ജീവിനും ക്ഷയിക്കുക*

*(1988:06)*

എന്നാണ് കവയിത്രി ആഗ്രഹിക്കുന്നത്

മരങ്ങൾ വെട്ടി നശിപ്പിക്കുന്നതും പക്ഷിമൃഗാദികളെ കൊല്ലുന്നതും വേദനയോടെ റോസാക്കുട്ടിക്കാപ്പൻ അവതരിപ്പിക്കുന്നു.

**3.6.2.3. പൊന്നറ സരസ്വതി**

പൊന്നറ സരസ്വതിയുടെ ചില കവിതകളിൽ പ്രകൃതിചൂഷണം പ്രമേയമാകുന്നുണ്ട്. പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്ത് ഭൂമിയിൽ പുത്തൻ സ്വർഗം പണിയാൻ ശ്രമിക്കുന്നവർ ഭൂമിയെ നശിപ്പിക്കുകയാണെന്ന് കവയിത്രി ചൂണ്ടിക്കാട്ടുന്നു.

*കാടു നാടാക്കി പരിവർത്തനത്തിൻെറ*
*കാഹളമൂതി യുഗ വിധാതാക്കളായ്*
*നേടുന്ന സിദ്ധികളൊക്കെ ഋതുചക്ര*
*താളം പിഴപ്പിച്ച് അനാഥമാക്കീടുന്നു.*

*(2007:14)*

അശാന്തി പർവ്വം എന്ന സമാഹാരത്തിലെ 'പൈതൃകം വിൽക്കുന്നവർ' എന്ന കവിതയിൽ നാട്ടിലെ പ്രകൃതിചൂഷണത്തിൽ ഉള്ളുനോവുന്ന ഒരു പ്രവാസിയെ കാണിച്ചു തരുന്നു.

### 3.6.2.4. ഇന്ദിരാദേവി .കെ

കൂടുതലും ഭക്തിപ്രധാനമായ കവിതകളാണ് ഇന്ദിരാദേവി എഴുതിയിട്ടുള്ളത്. 'കാറ്റ് കുളിര്' എന്ന കവിതയിൽ മനുഷ്യൻ നടത്തുന്ന പ്രകൃതി ചൂഷണങ്ങളെ പരോക്ഷമായി ആവിഷ്ക്കരിക്കുന്നു. അമ്മയും അച്ഛനും മകനും കൂടി സംഭാഷണത്തിലേർപ്പെടുന്നതായി ചിത്രീകരിക്കുന്ന ഈ കവിതയിൽ മനുഷ്യജീവിതം മതിയാക്കി ഭൂമിയിലെ മറ്റെന്തങ്കിലുമാകാം എന്ന് അമ്മ മകനോട് പറയുന്നു. പാറയാകാമെന്ന് അമ്മ പറഞ്ഞപ്പോൾ മനുഷ്യർ നമ്മെ ഉടച്ചു മതിലുകെട്ടുമെന്ന് മകൻ ഭയപ്പെടുത്തുന്നു. വെള്ളമാകാം എന്ന് പറഞ്ഞപ്പോൾ അവർ തങ്ങളെ കക്കൂസിലൊഴിക്കുമെന്നാണ് മകൻെറ മറുപടി. അങ്ങനെ അവർ കാറ്റാകാൻ തീരുമാനമെടുക്കുന്നു. തങ്ങളെ മനുഷ്യർ മലിനീകരിക്കാൻ വന്നാൽ കൊടുങ്കാറ്റോ ചുഴലിക്കാറ്റോ ആയി അവരെ എതിർക്കാമെന്ന മകൻെറ വാദം അമ്മ അംഗീകരിക്കുന്നു. പ്രകൃതിചൂഷണത്തിനെതിരെ പ്രകൃതി തന്നെ സ്വയം പ്രതിരോധിക്കേണ്ടിവരുമെന്നാണ് കവയിത്രി ഇവിടെ സൂചിപ്പിക്കുന്നത്. മകൻ കാറ്റായി പുറത്തേക്ക് പോകുമ്പോൾ പക്ഷേ അമ്മക്ക് പോകാനായില്ല.

*എനിക്കതിന് കഴിഞ്ഞില്ല*
*എൻെറ വസ്ത്രാഞ്ചലം*
*ഭർത്താവിൻെറ ബലിഷ്ഠമായ കൈകളിൽ*
*മുറുകിയിരിക്കുകയായിരുന്നു.*

*(1988:32)*

പ്ര്യകൃതിയെപ്പോലെ തന്നെ പുരുഷൻെറ അടിമയായി പോകുന്ന സ്ത്രീയുടെ അവസ്ഥയും ഈ കവിതയിൽ ചിത്രീകരിക്കുന്നു.

### 3.6.2.5 വിജയലക്ഷ്മി

പ്രകൃതിചൂഷണത്തിൽ വേദനിക്കുന്ന ഹൃദയത്തിന്റെ ആവിഷ്കാരമാണ് 'നഗരത്തിലെ നാട്ടുമാവ്' എന്ന കവിത. നഗരത്തിന്റെ തിരക്കിൽ നിൽക്കുന്ന നാട്ടുമാവിപ്പോൾ ആർക്കും വേണ്ട. ഒരു കാലത്ത് ആളുകൾ ആ തണലിൽ വിശ്രമിച്ചിരുന്നു. ആ മാമ്പഴം കഴിച്ച് വിശപ്പടക്കിയിരുന്നു. എന്നാൽ ഇന്ന് ആ മാമ്പഴം ഗുണമില്ലാതായി. കപ്പലിൽ കയറ്റി ദൂരദേശത്തേക്ക് അയക്കാൻ പറ്റിയ മാമ്പഴങ്ങൾ മാത്രമെ നഗരത്തിലെ ജനങ്ങൾക്ക് ആവശ്യമുള്ളു. അവർ ആ മാവിൻ ചുവട്ടിലിരുന്ന് പറഞ്ഞു.

*നാട്ടുമാവിൻ കാലം കഴിഞ്ഞു.*
*നാളെയെത്തും മഴുക്കാർ പതുക്കെ*
*മോടിയേറ്റുന്നു പട്ടണം, വെട്ടാ*

*നീയൊരെണ്ണമേ ബാക്കിനിൽക്കുന്നു*
*പഞ്ചനക്ഷത്രസത്രമുണ്ടാക്കാ*
*നെന്തുകൊണ്ടും മികച്ചതീസ്ഥാനം*
*പട്ടണത്തിൽത്തറച്ച തായ്‌വേരിൽ*
*പ്പെട്ടൊടുങ്ങുകയായിതാ ജന്മം.*

(2010 : 122)

നഗരങ്ങളിലാണ് മരങ്ങൾ കൂടുതൽ നശിപ്പിക്കപ്പെടുന്നത്. പ്രകൃതിചൂഷണം കൂടുതലും സംഭവിക്കുന്നതും അവിടെയാണ്. നഗരത്തിലെ കുന്നിടിക്കലിനെപ്പറ്റിയും ജലമലിനീകരണത്തെപ്പറ്റിയും ഈ കവിതയിൽ പരാമർശമുണ്ട്.

'കാക്ക' എന്ന കവിത പ്രകൃതി ചൂഷണത്തിനെതിരെയുള്ള പ്രതിഷേധം സൂചിപ്പിക്കുന്നു.കവിതയുടെ അടിക്കുറിപ്പിൽ കവയിത്രി തന്നെ പറയുന്നു *"മണ്ണും മരവും വെള്ളവും കച്ചവടമാകുമ്പോൾ ഇനി അവശേഷിക്കുന്നത് എന്ത്? ആഗോള വ്യാപാര നിക്ഷേപ മേഖലകളിൽ നമ്മുടെ ആകാശവും നക്ഷത്രങ്ങളും പറവകളും നഷ്ടപ്പെടുകയാണോ"* (2010:218)

ബലിച്ചോറു തിന്നുവാൻ കാക്കയില്ല. കാക്കയെ പോലും പൈസ കൊടുത്തു വാങ്ങേണ്ട സ്ഥിതിയാണിപ്പോൾ. കൂട്ടിലടച്ച കാക്കയെ വാങ്ങുമ്പോൾ കാ കാ സ്വരവും കറുപ്പും കരച്ചിലും കൂടെ പായ്ക്കറ്റിലാക്കി കിട്ടും. അയാൾ വാങ്ങിക്കാൻ തീരുമാനിച്ചു.

*ചോദിച്ചു നോക്കിടാം*
*കാക്കയോടൊപ്പമായ്*
*ഫ്രീയായ് ബലിച്ചോറേകുമോ*

(2010 : 218)

എല്ലാം പായ്ക്കറ്റായി കിട്ടുന്ന ഇക്കാലത്ത് പ്രകൃതിവിഭവങ്ങളും പായ്ക്കറ്റിലാക്കി കിട്ടുന്നു. നാട്ടിൻപുറത്ത് കാണുന്ന കാക്കകൾക്ക് പോലും വംശനാശം സംഭവിക്കുന്ന കാഴ്ചയാണിവിടെ കാണാൻ കഴിയുന്നത്. അതുകൊണ്ട് തന്നെ അതും പൈസ കൊടുത്തു കടയിൽ നിന്ന് വാങ്ങേണ്ടുന്ന അവസ്ഥയാണുള്ളത്. പ്രകൃതി ചൂഷണം പക്ഷിമൃഗാദികളെയും ബാധിക്കുമെന്ന് കവയിത്രി ചൂണ്ടിക്കാട്ടുകയാണ്.

'ഇനിയെന്തു വിൽക്കും' എന്ന കവിതയിൽ പ്രകൃതിചൂഷണം തന്നെയാണ് പ്രമേയമായി കടന്നുവരുന്നത്.

*പുഴയെ, കാറ്റിനെ, വെയിലിനെ, വിൽക്കാൻ*
*മഴയെ, മണ്ണിന്റെ തരികളെ വിൽക്കാൻ*
*മലകൾ നിങ്ങൾക്ക് കുഴിച്ചെടുക്കുവാൻ*

*ഹരിത വൃക്ഷങ്ങൾ പിഴുതെടുക്കുവാൻ*
*അലക്കിത്തേച്ചവെൺചിരിയുമായ് നാടു*
*മുറിച്ചുവിൽക്കുവാൻ ക്കൊതിച്ചുനിൽപ്പവർ*

(2010 : 221)

നാടിനെയും പ്രകൃതിയെയും നശിപ്പിക്കുന്ന, മുറിച്ച് വിൽക്കുന്ന സമൂഹത്തെയാണ് കവയിത്രി ഇവിടെ വരച്ചു കാട്ടുന്നത്.

'ഒരു നിശ്ചല ദൃശ്യം' എന്ന കവിതയിലും മുറിച്ച് വിൽക്കപ്പെടുന്ന മരങ്ങളും അതിലൂടെ നശിപ്പിക്കപ്പെടുന്ന പ്രകൃതിയും ജീവജാലങ്ങളും പ്രമേയമാകുന്നു.

കൊച്ചിയിലെ പട്ടണപ്പാതയിൽ നടപ്പാതയിൽ നിൽക്കുന്ന ഒരു മരം അതിന്റെ മുകളിലുള്ള കാക്കക്കൂട് ആ കാക്കയുടെ ഉപജീവനം ആ മരത്തെ ആശ്രയിച്ചിരിക്കുന്നത്. എന്നാൽ ആ മരത്തിനു താഴെ ഒരു നിശ്ചലദൃശ്യമുണ്ട്.

*നാളെയീ മരംവെട്ടാൻ*
*നഗരാധിപർവെച്ച*
*താവണം മരച്ചോട്ടിൽ*
*മഴു 'നിശ്ചലദൃശ്യം'*

(2010 : 279)

എപ്പോൾ വേണമെങ്കിലും വെട്ടിനശിപ്പിക്കപ്പെടാവുന്ന ആ മരത്തെ ആശ്രയിച്ച് ജീവിക്കുന്ന പക്ഷികളുടെ വിലാപവും ഈ കവിതയിൽ ഉണ്ട്.

### 3.6.2.6 സാവിത്രി രാജീവൻ

'എനിക്ക് മോഹമുണ്ട്' എന്ന കവിതയിൽ പ്രകൃതിനശീകരണത്തിന്റെ ഭവിഷത്തുകളെ കുറിച്ച് സാവിത്രി രാജീവൻ ഓർമ്മിപ്പിക്കുന്നു. പ്രേമഗീതങ്ങൾ പാടാൻ മോഹമുണ്ട് കവിയത്രിയ്ക്ക്. പക്ഷെ പ്രകൃതിയിൽ സൗന്ദര്യമുള്ളതെല്ലാം നശിപ്പിച്ച് കഴിഞ്ഞതുകൊണ്ട് തനിക്ക് പാടാൻ കഴിയുന്നില്ലെന്ന് കവയിത്രി ദുഃഖിക്കുന്നു.

*താഴ്വരകളിലും കുന്നുകളിലും*
*ഇപ്പോൾ*
*പൂത്ത നിലക്കടമ്പുകളില്ല*
*മേയുന്ന പൈക്കളില്ല*
*വേണുനാദവും ഇടയനുമില്ല*

(2009 : 59)

പ്രകൃതി ചൂഷണം പക്ഷി മൃഗാദികളെയും കാലാവസ്ഥയെയും മാത്രമല്ല കവി മനസ്സിനെയും ബാധിച്ചിട്ടുണ്ട് എന്നാണ് കവയിത്രി സൂചിപ്പിക്കുന്നത്.

### 3.6.2.7 റോസ്മേരി

വാക്കുകൾ ചേക്കേറുന്നിടം എന്ന സമാഹാരത്തിലെ 'ഒരു ശരത്കാല സ്മൃതി ഗീതം' എന്ന കവിതയിൽ റോസ്മേരി പ്രകൃതിനശീകരണത്തിന്റെ വേദന പങ്കുവ യ്ക്കുന്നു.

*വഴിമാറിയൊഴുകുന്ന ചോലകളും*
*വറ്റുന്ന തടാകങ്ങളും*
*അകന്നകന്നു പോകുന്ന*
*കാലടിയൊച്ചകളും*
*ഒടിവിലവശേഷിക്കുന്ന*
*ഈ ജീവിതവും*

(1996 : 16)

മനുഷ്യൻ ചോലകളെ വഴിമാറ്റിയൊഴുക്കുന്നതും അവന്റെ പ്രവൃത്തികൾകൊണ്ട് തടാകങ്ങൾ വറ്റിപ്പോകുന്നതും ഇവിടെ സൂചിപ്പിക്കുന്നു.

'ഒരു പഴയ എണ്ണഛായ ചിത്രം' എന്ന കവിതയിൽ പഴയകാല പ്രകൃതിഭംഗി ഇക്കാലത്ത് ചൂഷണത്തിന്റെ ഫലമായി നഷ്ടപ്പെടുന്നത് ആവിഷ്കരിച്ചിരിക്കുന്നു. ഡിസംബറിൽ പ്രകൃതിയിലെ മരങ്ങളും പൂക്കളും പൂമ്പാറ്റകളും ക്രിസ്തുമസിനെ വരവേൽക്കുന്ന ഒരു കാലത്തെ കവയിത്രി ഓർമ്മിക്കുന്നു. എന്നാൽ ഇന്ന് അതെല്ലാം നഷ്ടസ്വപ്നങ്ങളായിരിക്കുന്നു.[40]

പ്രകൃതിക്കും ജീവജാലങ്ങൾക്കും വന്ന മാറ്റമാണ് ഇവിടെ കവയിത്രി സൂചിപ്പി ക്കുന്നത്. 'ശ്മശാനത്തിലെ പൂക്കൾ' എന്ന കവിതയിൽ മലയും കുന്നും ഇടിച്ചു നിര ത്തുകയും മണ്ണ് കുഴിച്ചെടുക്കുകയും ചെയ്യുന്ന മനുഷ്യപ്രവർത്തികളെക്കുറിച്ച് പരാ മർശിക്കുന്നുണ്ട്. (2002:28)

### 3.6.2.8 വി.എം.ഗിരിജ

വി.എം.ഗിരിജയുടെ കവിതകളിൽ പരിസ്ഥിതി ലയിച്ചു ചേരുന്നു. പുരുഷനും പുരുഷാധിപത്യപരമായ ലോകവും സ്ത്രീയേയും പ്രകൃതിയേയും അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയും ചെയ്താൽ ചൂഷണ വിധേയമാകുന്ന സകലതിനും ഒരുമിച്ചാണ് മോചനം വേണ്ടത് എന്ന ബോധ്യപ്പെടലാണ് പാരിസ്ഥി തിക സ്ത്രീവാദത്തിന് അടിസ്ഥാനം. വി.എം.ഗിരിജയുടെ കവിതകളിൽ പാരിസ്ഥി തിക സ്ത്രീവാദം കടന്നുവരുന്നുണ്ട്. പ്രകൃതിയും പെണ്ണും ആ കവിതകളിൽ ഐ ക്യപ്പെടുന്നുണ്ട്. പുരുഷാധിപത്യ വ്യവസ്ഥിതി സ്ത്രീയേയും പ്രകൃതിയേയും അടിച്ച

മർത്തുകയും ചൂഷണം ചെയ്യുകയും ചെയ്താൽ ചൂഷണ വിധേയമാകുന്ന സകല തും ഒരുമിച്ചു മോചിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു എന്ന പാരിസ്ഥിതിക സ്ത്രീവാദ ത്തിന്റെ അടിസ്ഥാന തത്വം ഈ കവിതകളിൽ ആവിഷ്കരിക്കുന്നു.

വികസനത്തിന്റെ പേരിലുള്ള പ്രകൃതിചൂഷണത്തെ വിമർശിക്കുന്ന കവിതക ളാണ് 'ഇല്ലാതായ ഇടങ്ങൾ', 'വാഴാനിയിൽ എന്ന പോലല്ലിത്' തുടങ്ങിയവ. വൈലോപ്പിള്ളിയുടെ വാഴാനിയിൽ എന്ന കവിതയോട് ചേർത്ത് വായിക്കേണ്ട കവി തയാണ് 'വാഴാനിയിൽ എന്ന പോലല്ലിത്'. അതിരപ്പിള്ളി പദ്ധതിയാണ് ഈ കവിത യിലെ പരാമർശം. അതിരപ്പിള്ളി പദ്ധതി വരുന്നതോടു കൂടി അവിടത്തെ പ്രകൃതിയും ജീവജാലങ്ങളും നശിക്കുമെന്ന് കവയിത്രി ഭയപ്പെടുന്നു.

*മനുഷ്യനിർമ്മിതമഹാജ്വരം*
*വറ്റിച്ചൊരിറ്റു വൈദ്യുതി തിരയുമ്പോൾ*
*ഇനിയുണ്ടാകുമോ സടചിന്നി*
*ക്കടൽത്തിരയെത്തോൽപിക്കും*
*അലർച്ചയുള്ളോരു തനി വെള്ളച്ചാട്ടം*

(2011 : 45)

ഈ പദ്ധതി വരുന്നതോടു കൂടി സകലജീവജാലങ്ങളും മുങ്ങി മരിക്കും അല്ലെങ്കിൽ വരണ്ടുപൊട്ടും എന്ന് കവയിത്രി ദീർഘദർശനം ചെയ്യുന്നു. മാത്രമല്ല ഇനി വരുന്ന തലമുറ ഈ ഭാഗത്തെ 'പുഴയിരുന്നിടം' എന്നു വിളിക്കുമായിരിക്കും എന്നും കവ യിത്രി പറഞ്ഞു വെയ്ക്കുന്നു.

വികസനത്തിന്റെ പേരിൽ മരങ്ങൾ വെട്ടി നശിപ്പിക്കുന്നതും മനുഷ്യരെ കുടി യൊഴിപ്പിക്കുന്നതും വിഷയമാക്കിയ കവിതയാണ് പൊളിച്ചവീട്.

*ഒരു മരമരിയരുതതിലൊരു*
*കിളിയുടെ കൂടുണ്ടെങ്കിൽ*
*അതു പൂവിട്ടോ കായ്ചോ നിൽക്കും*
*കാലവുമാണെങ്കിൽ, ചൂടോടെ*
*നാം പിഴുതുകളഞ്ഞില്ലേ?*
*ഒരു വിശ്വാസം, നീതി ഒരാളുടെ*
*വിലയൊക്കാവീടും*

(2011 : 24)

കിളികൾക്ക് അവയുടെ വാസസ്ഥലങ്ങൾ നഷ്ടപ്പെടുത്തുന്നത് പോലെ തന്നെ പാവ

പ്പെട്ടമനുഷ്യർക്ക് അവരുടെ വീടും നഷ്ടപ്പെടുന്നതിനെക്കുറിച്ച് കവയിത്രി സൂചിപ്പിക്കുന്നു. 'ഇല്ലാതായ ഇടങ്ങൾ' എന്ന കവിതയിലും പ്രകൃതി നശീകരണത്തെപ്പറ്റിയുള്ള പരാമർശം കാണാം. (2011 : 23)

### 3.6.2.9 അമൃത

പ്രകൃതിയെ വർണ്ണിച്ചുകൊണ്ടും തന്റെ വിഷാദങ്ങളുടെ ഭാവവുമായി പ്രകൃതിയിലെ ഭാവമാറ്റങ്ങൾ താരതമ്യപ്പെടുത്തിക്കൊണ്ടും ധാരാളം കവിതകൾ എഴുതിയിട്ടുള്ള അമൃതയുടെ പ്രകൃതിചൂഷണത്തെ സംബന്ധിച്ച് എഴുതിയ കവിതയാണ് 'ഉത്ഥാനം'. പ്രകൃതിയിലെ വിഭവങ്ങൾ നശിപ്പിക്കപ്പെട്ടതിന്റെ വേദന കവയിത്രി പങ്കുവെയ്ക്കുന്നു. തർപ്പണം ചെയ്യാൻപോലും വെള്ളമുള്ള നദി ഇവിടെ ഇല്ലെന്ന് സഞ്ചാരിയോട് പറയുകയാണ്. വൃക്ഷങ്ങളെല്ലാം വെട്ടി നശിപ്പിച്ച് കഴിഞ്ഞിരിക്കുന്നു. ഇനിയിവിടെ പുതിയ പൂമരങ്ങൾ വച്ചു പിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയും കവയിത്രി ചൂണ്ടിക്കാട്ടുന്നു.

*ആർത്തിയും സ്വാർത്ഥവും കടമുറിച്ച*
*കല്പകങ്ങളുടെ കുറ്റികൾ തീയിട്ട്*
*സ്നേഹത്തിന്റെ പൂമരങ്ങൾ നട്ടുവളർത്തുമെന്നോ ?*

(2008 : 74)

അങ്ങിനെ പ്രകൃതിസംരക്ഷിക്കപ്പെടുമെന്ന പ്രതീക്ഷയിലാണ് കവിത അവസാനിക്കുന്നത്.

### 3.6.2.10 റോസി തമ്പി

'യമുനയിൽ മഴ പെയ്യുന്നു' എന്ന കവിതയിൽ മലിനീകരിക്കപ്പെടുന്ന പുഴയുടെ ചിത്രം വ്യക്തമാകുന്നു. യമുനയിൽ മാലിന്യങ്ങൾ നിറച്ച് അതിനെ മലിനമാക്കുന്നവരെ കവിതയിൽ വിമർശിക്കുന്നുണ്ട്. പ്രണയം പങ്കിടാൻ യമുനാതീരത്തെത്തുന്ന സഞ്ചാരികളുടെ ചെറുകൂട്ടങ്ങളെപ്പറ്റി കവയിത്രി സൂചിപ്പിക്കുന്നു. യമുനയിൽ മഴപെയ്യുമ്പോൾ അതിന്റെ ശുഷ്കിച്ച പാൽകുംഭങ്ങൾ നിറയ്ക്കണമെന്ന് കവയിത്രി ആഗ്രഹിക്കുകയാണ്. യമുനാതീരത്തെ വെണ്ണക്കല്ലിൽ തീർത്ത പ്രണയകുടീരം കാണാനും പ്രണയം പങ്കുവെക്കാനും എത്തുന്ന സഞ്ചാരികളും മഴയിൽ കുതിരുകയാണ്.

*പ്രണയത്തിന്റെ മറുപുറംപോലെ*
*അഴുക്കുചാലായ് തീർന്ന യമുനയിൽ*
*ഇപ്പോഴും മഴപെയ്യുകയാണ്*

*(2017:151)*

എന്തിന്റെ പേരിലാണെങ്കിലും പ്രകൃതിയും പുഴകളും നശിപ്പിക്കപ്പെടുന്നതിന്റെ വേദനകൂടി ഈ കവിത പങ്കുവെക്കുന്നുണ്ട്. എന്നെങ്കിലും പുഴ ശുദ്ധീകരിക്കപ്പെടുന്ന പ്രതീക്ഷയാണ് മഴ ഇപ്പോഴും തുടരുകയാണെന്നതു കൊണ്ട് അർത്ഥമാക്കുന്നത്.

**3.6.2.11 കണിമോൾ**

പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനെ പറ്റിയും പ്രകൃതി നശീകരണത്തിനെ പറ്റിയും സൂചിപ്പിക്കുന്ന വരികൾ കണിമോളുടെ കവിതകളിൽ കാണാം. ഉദാഹരണത്തിന് 'വാസ്തുബലി' എന്ന കവിതയിൽ വീടു നിർമ്മിക്കുന്നതിനെക്കുറിച്ചാണ് പറയുന്നതെങ്കിലും അതിന് വേണ്ട സാമഗ്രികൾ എത്തുന്നത് പ്രകൃതിയെ ചൂഷണം ചെയ്തു കൊണ്ടാണല്ലോ. വലിയൊരു വീടുണ്ടാക്കണമെന്നാണ് കവയിത്രി ആഗ്രഹിക്കുന്നത്. മക്കളും വരാനുള്ള മരുമക്കളും പിന്നെയെത്രയോ ബന്ധുക്കളും ആ വീട്ടിൽ കഴിയേണ്ടതുണ്ട്. പക്ഷേ ആ വീട് നിർമ്മിക്കുമ്പോൾ അതിന് വേണ്ട വസ്തുക്കളെല്ലാം ലഭിക്കുന്നതിന് എത്രമാത്രം പ്രകൃതിയിലെ വിഭവങ്ങൾ ആവശ്യമാണെന്ന് കവയിത്രി സൂചിപ്പിക്കുന്നുണ്ട്.

*കൊച്ചു മോഹത്തിൻ പിമ്പേ വന്നു നാടകംവാരി*
*പുറ്റുകുട്ടകൾ തട്ടിച്ചേറിയ കൂറ്റൻ ലോറി*
*നീരൊഴുക്കുകൾ നീന്തിക്കേറിയ മണൽവന്നു*
*മഴുവേറ്റെങ്ങോ വീണ മാമരം വേരിന്റെ കൈ*
*പ്പിടിയിൽ നിന്നും തെന്നിവീണൊരോർമ്മപോൽ വന്നു.*

(2010 : 50)

മണ്ണെടുക്കലും മണൽവാരലും മരം വെട്ടിനശിപ്പിക്കലും എല്ലാം ഇവിടെ കവയിത്രി സൂചിപ്പിക്കുന്നു.

'അറവ്' എന്ന കവിതയിലും പ്രകൃതി ചൂഷണം വിഷയമാകുന്നുണ്ട്. നഗരവൽക്കരണത്തിന്റെ ഭാഗമായി കുന്നും വയലും പുഴയുമെല്ലാം നഷ്ടപ്പെടുന്നതിന്റെ വേദന ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു. ഇടുക്കിയിലെ മലനിരകളെയും തോട്ടങ്ങളെയുമെല്ലാം ഈ കവിതയിൽ വർണ്ണിക്കുന്നുണ്ട്. ഇന്ന് ഇതെല്ലാം സംരക്ഷിക്കാൻ മനുഷ്യന് കഴിയുന്നില്ല. എല്ലാം നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നു. പഴമയെല്ലാം മാഞ്ഞു പോയ്ക്കൊണ്ടിരിക്കുന്നു.

*ഉറിയും കഞ്ഞിക്കലവും പോയി*
*മുതിര മുളയ്ക്കും വയലുകൾ പോയി*
*ഊരും പേരുമൊഴിഞ്ഞേപോയി*
*കാടുകടന്നു മലദൈവങ്ങൾ*

(2010 :4)

## അടിക്കുറിപ്പുകൾ

1. *.............വെറും പാവമൊരു*
*പെണ്ണിനെ, സൂര്യ*
*ചന്ദ്രതാരകൾ പോലും നിന്നു*
*പോംമട്ടിൽ*
*അത്രമേൽ വിശുദ്ധമായത്രമേ*
*ലഗാധമാ-*
*യത്രമേൽ സ്വയം സമർപ്പിതനായ്*
*സ്നേഹിക്കയാൽ*
*സ്വീകരിക്കുക, നിത്യകല്പക*
*സുമങ്ങളാ*
*ലരചിച്ചൊരീയനശ്വരമാം*
*കിരീടം നീ*
*(സുഗതകുമാരി, 2006:161)*

3. *നിന്നാദ്യ ചുംബത്തിനു മുമ്പ്, രാവിന്റെ*
*കണ്ണുനീർച്ചൂടിൽ കരിഞ്ഞതാണീ മുഖം*
*അത്രക്കു  സുന്ദരം എങ്കിലെൻ ജീവനേ*
*സ്പർശത്തിലാത്മാവിലലിഞ്ഞ നിൻചുംബനം*
*തൂവെളിച്ചത്താൽ നിലാവാൽ തലോടിയെൻ*
*നോവിനെ ലാവണ്യമാക്കിയ വിസ്മയം*
*(വിജയലക്ഷ്മി, 2010-295)*

4. *തൊലി ഉടുപ്പായി*
*അതിൽ വിരൽ കൊണ്ടു തിരഞ്ഞാൽ*
*ചുണ്ടുകൾ ഉരുമ്മിയാൽ*
*തീപൊരിയോ*
*പുല്ലിന്റെ നനഞ്ഞ മണ്ണിന്റെ മണമോ*
*പൊന്തില്ല*
*തൊലിക്കും താഴെ*
*ഒരു മറുതൊലി*
*ഉയിർക്കുമോ*
*അതിൻ തൊടുന്നതിൻ പേര്*
*പ്രണയമെന്നാണോ*
*(വി.എം.ഗിരിജ, 2011-19)*

4 *ഹാ, നുരഞ്ഞു പൊന്തുന്ന വീഞ്ഞു പോൽ*
*നമ്മുടെ പ്രണയം*
*ലോകത്തിലൊരു സ്ത്രീയുമിന്നേവരെ*
*സ്നേഹിച്ചിട്ടില്ലാത്തത്ര തീവ്രതയോടെ*

*നിന്നെ സ്നേഹിക്കുന്നുവെന്നു ഞാനും*

*ആർക്കും തുറന്നു കൊടുക്കാത്ത*

*വനനിഗൂഢതയുടെ*

*കവാടമെനിക്കു*

*തുറന്നു തരുന്നതെന്നു നീയും*

*( റോസ് മേരി, 2002-60)*

5 *നിന്നെക്കുറിച്ചല്ലാതെ*

*എന്തു ഞാൻ പാടും*

*നിന്നെക്കുറിച്ചല്ലാതെ*

*എന്തു ഞാനോർക്കും*

*എന്റെ ജീവനായ്*

*നീ പകർന്നാടവേ*

*നിന്നെക്കുറിച്ചല്ലാതെ*

*ഇനിയെന്തു ഞാൻ*

*പാടുമെന്നോമനേ*

*(റോസി തമ്പി, 2017:101)*

6 *വെറുതേ, പ്രിയ, പ്രിയ*
*തര, നിൻമുന്നിൽ താനേ*
*വരളും ചിരരോഗ-*
*ബാധിതമാമെൻ പ്രേമ*
*സ്മൃതിയും നീട്ടിക്കൊണ്ടു*
*നിൽക്കുമ്പോൾ, ലജ്ജാഹീന-*
*മൊരു ലാളനയ്ക്കായി*
*വെമ്പുമ്പോൾ, സസംഭ്രമം*
*ചിറകിട്ടടിച്ചെങ്ങോ*
*മറയാൻ വെമ്പും കാട്ടു*
*പറവക്കുഞ്ഞായ് മാറു*
*ന്നെന്റെയീ മൂഢപ്രേമം*
*(സുഗതകുമാരി, 2006:362)*

7 *നീയുറങ്ങൂ എന്റെ*
*രാജകുമാരിയുറങ്ങുമന്നോമലേ*
*ഈ മിഴി, യാഴികൾ വീണുമയങ്ങുന്നൊ*
*രീമിഴിക്കുള്ളിൽ ഞാൻ താണുമറയുന്നു*

*ഈ മൊഴി പ്രേമം നിറഞ്ഞു വിരിഞ്ഞുള്ളൊരീ*
*മൊഴിത്തുമ്പിൽ തുടിച്ചു നിൽക്കുന്നുഞാൻ*
*( ദേവി, 1995:65)*

8 *നീ കണ്ടു കൊണ്ടിരിക്കെ*
*പ്രേമിച്ചു മോഹിച്ചു കൊണ്ടിരിക്കെ*
*അവൻ*
*നിന്നോട് മന്ത്രിക്കുന്നത്*
*നിന്നോടെനിക്കു സ്നേഹമില്ല എന്നാണെങ്കിൽ*
*അപ്പോൾ മാത്രം*
*അപ്പോൾ മാത്രം*
*കടലുകൾക്ക് മാത്രമറിയാവുന്ന ആഴങ്ങളിൽ നിന്ന്*
*ഒരു തിര, വീണ്ടും ഒരു തിര പൊങ്ങിവന്ന്*
*ശ്വാസത്തിനോടൊപ്പം*
*അലയുന്നതു പോലെ*
*പെട്ടെന്നൂതിയ വൻ കാറ്റിൽ*
*ചെറുദീപം കെട്ടുപോകുന്നതു പോലെ*
*നിന്റെ കെട്ടു പോകുന്ന*
*മന്ദഹാസത്തിൽ*
*നീ*
*സ്വന്തം മരണസുഖമറിയും*
*(സാവിത്രീ രാജീവൻ, 2009:82)*

9 *പകലിന്റെ*
*നിർജ്ജനതയിലും*
*രാവിന്റെ നിശ്ചലതയിലും*
*ജാഗ്രതയോടെ*
*കാതോർത്തിരിക്കുന്നു*
*അകലെ നിന്ന*
*കലെനിന്ന്*
*വീണ്ടും*
*കുളമ്പടിയൊച്ചകൾ*
*മുഴങ്ങുന്നുവോ?*

*കാടിന്റെ നെഞ്ചകം*

*വീണ്ടും*

*(റോസ്മേരി, 2002 : 17)*

10 *ഇനി എന്നെ സ്നേഹിക്കുവാനായ്*

*നിന്റെ സമയം നീക്കിവയ്ക്കരുത്*

*നിന്റെ പ്രേമപാശത്താലെന്നെ*

*ബന്ധിതയാക്കിയെന്നഭിമാനിക്കയുമരുത്*

*നിന്നെയാഹ്ലാദിപ്പിക്കാൻ വിധിക്കപ്പെട്ട*

*ക്രീഡാദാസിയെന്നവണ്ണം എന്നെ നിന്റെ*

*കരാശ്ലേഷത്തിലമർത്തി നിർത്താൻ തുനിയരുത്*

*നിന്റെയധരങ്ങളാൽ എന്റെയധരങ്ങളെ*

*മൗനമുദ്രിതമാക്കാനൊരുമ്പെടുകയുമരുത്*

*അങ്ങനെയെങ്കിൽ*

*എന്നെക്കുമായ് ഞാൻ നിന്നെ വിട്ടു പോകും*

*നമുക്കിടയിലെ ഉല്ലാസകരമായിരുന്നതൊക്കെയും*

*സ്മരണകളിലവശേഷിപ്പിച്ച്*

*ഞാൻ നിന്നെ കടന്നു പോകും*

*(റോസ്മേരി, 1996 :44)*

11 *എങ്കിലും സ്നേഹിക്കുന്നു വെറുതെ നിന്നെ കാണുമ്പോ-*

*ളെത്രയും കുനുത്തൊരീയക്ഷരങ്ങളിൽ നമ്മൾ*

*വിട്ടു പോന്നതാം ദൂരസ്വപ്നതാരകൾ, കാക്ക*

*പ്പൊന്നലുക്കുകളവയെങ്കിലും തനിപ്പൊന്നായ്*

*തങ്കമായ്, മന്ത്രം കൊണ്ടു നിന്നെ വീണ്ടെടുക്കുവാൻ*

*എന്റെ മോഹങ്ങൾക്കെന്നുമർത്ഥ്യവ്യാമോഹം മാത്രം*

*( കണിമോൾ, 2010:52)*

12 *ഒരു സ്നേഹത്തിനും*

*ഉപ്പോളം ഉറയില്ല*

*ഒരുവാക്കിനും*

*നിലാവിന്റെ തണുപ്പില്ല*

*ഒരു സ്വർഗത്തിനും*

*ഇളം കാറ്റിന്റെ ചൂടില്ല.*

*ഒരു ഓർമ്മയ്ക്കും*

*നീലക്കരിമ്പിന്റെ മധുരമില്ല*

*പ്രേമം*

*ചിലമ്പുന്ന കൈത്താളമോ*

*കാറ്റിലാടുന്ന ഞാങ്ങണയോ*

*പോലെ അനാഥ*

*(റോസി തമ്പി, 2017: 98)*

13 *ആകെത്തളർന്നു ഞാനിന്നലെ കൂട്ടിലെ*

*നിന്നെത്തിരഞ്ഞേയലഞ്ഞ കാലങ്ങളിൽ*

*നീഹാരവും നീലമേഘവും നിദ്രയും*

*കാഴ്ചയ്ക്ക് കൂട്ടായി വന്നൊരു കണ്ണും തിരിച്ചു പോയ്*

*ഏറ്റം മൃദുവായമൗനം പുതപ്പിച്ച്*

*അർത്ഥമോരാത്തൊരു ഭാവത്തിനാഴത്തി*

*ലെൻ ബോധമാകെ നീയൂറ്റിയെടുത്തു*

*(രാജലക്ഷ്മി, 1994:12)*

14 *വെനലിലെ ചെമ്പരുത്തികൾ*

*സൂര്യനിൽ നിന്നെന്നപോലെ*

*നിന്റെ നിലയ്ക്കാത്ത ഉമ്മകൾക്കു വേണ്ടി*

*ഞാൻ കൊതിച്ചിട്ടുണ്ട്.*

*മഴ മണ്ണിലേക്കെന്നപോലെ*

*മൃദുവായും*

*അത്രമേൽ ഉറപ്പോടെയും*

*നീ എന്നിലേക്ക് വന്ന് വീഴണമെന്ന്*

*ദാഹിച്ചിട്ടുണ്ട്.*

*(അനിത തമ്പി 2010 : 42)*

15 *ഓട്ടപ്പാത്രത്തിലേക്കു പകരുന്ന*

*തീർത്ഥജലമെന്നപ്പോൽ*

*മൃതന്റെ മേൽ ചാർത്തുന്ന*

*പട്ടുകംബളമെന്നപോൽ*

*നിതാന്ത നിഷ്ഫലതയാണ്*

*തന്നെ കാത്തിരിക്കുന്നതെന്നറിഞ്ഞിട്ടും*

*അവൾ അയാളെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു*

*തന്റെ പ്രണയം*

*ബധിര കർണ്ണത്തിൽപ്പതിക്കുന്ന*

*ഗാനമെന്നറിഞ്ഞിട്ടും*

*അവളുടെ അന്തരാത്മാവ്*

*അയാളെയോർത്തു കേണുകൊണ്ടേയിരിക്കുന്നു*

*(റോസ്മേരി 1998:33,34)*

16 *നിനക്കു പ്രണയമെന്നു*

*പേരിടല്ലേ*

*ഞാൻ പ്രണയിക്കും വരെ*

*നിന്നെ കിടത്തിയുറക്കല്ലേ*

*ഞാൻ തളരും വരെ*

*നിന്റെ ശരീരത്തിലെ*

*തീയണക്കല്ലേ*

*ഞാൻ ചാരമാവും വരെ*

*നീന്നെ കൈവിടല്ലേ*

*ഞാൻ കാത്തു നിന്നു മടുക്കും വരെ*

(സഹീറ തങ്ങൾ 2011 :50 )

17 *തെറ്റിയടർന്നു പതിച്ചു മുകിലിൻ*

*കെട്ടുകളെല്ലാം തെളിമഴമിന്നി*

*പ്പൊട്ടിതകരുകയായീ മന്ദ്ര*

*സുഘോഷം പാറി പെയ്യുകയായി.*

*ആ മഴയേറ്റു വിറച്ചു വിരിഞ്ഞു*

*പൂവുകളെല്ലാം പുലരികളെല്ലാ*

*മായിരമായിരമോമൽമിഴിയിതളെല്ലാ*

*മനുരാഗത്തിൻ നോവുകളെല്ലാം.*

*(സുഗതകുമാരി 2006:202)*

*18.* *ഹരി, പതിറ്റാണ്ടു പണിതു നീ വന്നു*

*കയറും വെണ്ണ കട്ടെടുക്കാനെന്നോർത്തു*

*കരുതി വെച്ചൊരു മമ നവനീതം*

*എവിടെയെന്നും ഞാനറിയുന്നില്ലല്ലോ*

*തിരയുക താനേ നിനക്കു വേണ്ടതു*

*കരവിരുതിനാൽ കവർന്നെടുക്കുക*
*പല വിഭവങ്ങൾക്കിടയിൽ നിന്നു നീ*
*തവ നവനീതം കടഞ്ഞെടുക്കുക*

*(ദേവി,1995:15)*

19 *നീലമേലാപ്പും കടന്നുപോം നിൻ ഭാവ*
*ഗോപുരത്തിൻ സൂര്യകോടി തേജസ്സിനെ*
*തേടുന്നു തീർത്തും പൊഴിഞ്ഞു തീരും വരെ*
*വേറെയെന്തിനായ് പൊഴിഞ്ഞതീ മൺതരി*

(വിജയലക്ഷ്മി 2010.263)

20 *ഹാ*
*ഞാനൊരിക്കലും കാണാത്ത യുവാവേ*
*മൃതിയുടെ നേർത്ത*
*തിരശ്ശീലക്കപ്പുറും നിന്നും നീയറിയുക*
*ഞാൻ തീവ്രമായി നിന്നെ സ്നേഹിക്കുന്നുവെന്ന്*
*പക്ഷേ*
*നിന്റെ മേൽ വർഷിക്കപ്പെടുന്ന സ്നേഹം*
*നിലാവിനെയാവാഹിക്കാൻ ശ്രമിക്കും പോലെ*
*കാറ്റിനെ കരാശ്ലേഷത്തിലമർത്താൻ*
*തുനിയുമ്പോലെ*
*മധുരമായ ഒരു നിഷ്ഫലതാണെന്ന്*
*എനിക്കു നന്നായറിയാം*
*എങ്കിലും മൈത്രേയാ*
*നിന്നെ ഞാൻ സ്നേഹിക്കുന്നു.*

(റോസ് മേരി 2011:38)

21 വിരസദിവസങ്ങളിൽ, ദുർവഹജീവിത
ച്ചുവടുമായ് വേനൽ കരിച്ച വഴികളി
ലൂടവെ താന്തയായേകാകിനിയായി
തളർന്നു ഞാൻ നീങ്ങവേ
വഴിമരപ്പച്ചയായ് തണലായുദാരമാം
വാത്സല്യമായ് നീയൊരാകാശമായെന്റെ
മരുഭൂമിയാകെ തളിർപ്പിച്ചു നിൽക്കുന്നു.

(അമൃത 2008.35)

22 കോട്ടയിലെ കല്ലുപാകിയ
ഇടുങ്ങിയ ചന്ത വഴികളിലൂടെ
പടയാളികളാൽ വലിച്ചിഴക്കപ്പെട്ട
നിഷ്കളങ്കമായ പ്രണയത്തെ
രാജശാസനയെ ഭയക്കാതെ
തൂവാലകൊണ്ട് ഒപ്പിയെടുത്തവൾ
വെള്ള തൂവാലയിൽ പടർന്ന
തുപ്പലിൻെറ വിളർത്ത മഞ്ഞയും
വിയർപ്പിൻെറ മുഷിഞ്ഞ മഞ്ഞയും
രക്തത്തിൻെറ കടും ചുവപ്പും ചാലിച്ച്
അഴകോ ഐശ്വര്യമോ ഇല്ലാതെ
നിത്യ പ്രണയത്തിൻെറ മുഖം വരച്ചവൾ

(റോസിതമ്പി, 2017:48, 49)

23 *അല്ല നീ മായാ രൂപ*
*നല്ലൊരു വാക്കും നിൻെറ*
*പര്യായമാവാൻ വെമ്പി*
*കവിയെത്തിരഞ്ഞില്ല*
*നീ വൃക്ഷരൂപൻ എൻെറ*
*മണ്ണിലെയിളം ചൂടിൽ*
*ചോടുറച്ചവൻ നിത്യം*
*വളർന്നേയിരിപ്പവൻ*

(ലോപ,2015 : 15)

24 *നീയുണർന്നാലും വിശ്വ*
*വ്യാപിയാം ചൈതന്യമേ*
*നീയുണർന്നാലും മർത്ത്യ*
*ചിത്തത്തിൻ തീക്കുണ്ഡത്തിൽ,*
*ആരുടെ വിദ്യുത്ഖഡ്ഗ-*
*ത്തിന്റെ മുന്നിലായ് ഞെട്ടി*
*മാറുന്നു മേഘം, ഛിന്ന-*
*ഭിന്നമാകുന്ന വാനം*
*മാരിപെയ്യുന്നു; സൂര്യൻ*
*പേടിച്ചു തന്നുൾച്ചൂടിൽ*

*ധാരയേകുന്നൂ കാല-*
*രൂപ നീയുണർന്നാലും*
*( സുഗതകുമാരി 2006:196)*

25 *എങ്കിലും*
*യാതനകളുടെ*
*ഈ സമുദ്രത്തിലും*
*നീലിമയിൽപ്പീലിചൂടിയ*
*കാൽവിരലുണ്ണുന്ന*
*ഒരുണ്ണിയെ*
*ഞങ്ങൾ സ്വപ്നം കാണുന്നു.*
*അവൻ*
*നെറുകയിലെ*
*നീലിമയിൽ പീലിത്തണ്ടെടുത്ത്*
*എന്റെ കുട്ടിയുടെ*
*ശിരസ്സിൽ തഴുകുമെന്നും*
*കനിവാർന്നൊരു*
*തലോടലാൽ*
*വേദനകളൊക്കെയും*
*മായ്ച്ചുകളയുമെന്നും...........*
(സ്വപ്ന.കെ.കെ2011 : 54)

26 *നിന്നമ്പലനടയിൽ, നിർജനമീ*
*ശ്രീകോവിലിനരികിൽ,*
*അശ്രുവിൽ മുങ്ങിയൊരീ കർപ്പൂര*
*ത്തുളസിയുമായ് ജഡമോഹവിമുക്തയായ്,*
*നിൽപ്പൂ - നീ കൺകോണുകളാലെ*
*കടാക്ഷം ചൊരിയൂ; കോലക്കുഴലിൽ നിന്നൊരു*
*ഭൂപാളശ്രുതി പകരൂ വരമേകൂ കരളിൽ*
*ചിറവിങ്ങി വിതുമ്പും വ്യഥകൾ നിൻപദ*
*മലരുകളിൽ വീണൊഴുകീടാൻ*
(അമൃത,2008 : 38)

27 *തനിയെ പല ഗാനവും*
*വിരചിച്ചമ്പൊടും പാടി ഞാൻ മുദാ*
*മരുഭൂമിയിലും വനത്തിലും*
*കടലോരങ്ങളിലും നടന്നിടും*
*കളനാദമുയർത്തിവീണ്ടുമാ*
*ചെവിയിൽ തേൻ ചൊരിയും വിധത്തിൽ ഞാൻ*
*ഗഗനത്തു മുഴക്കി വിട്ടിടും*
*സരസം പ്രേമവിശിഷ്ട ഗീതികൾ*
*(സിസ്റ്റർ മേരി ബെനീഞ്ഞ 1997:185)*

28 അവൻ തൻ സ്നേഹഗരിമയിൽ
ഗർവ്വുമാകെ ശമിക്കുന്നു.
കടുകുമണിപോൽ
തുലോം ചെറുതാകുന്നു സ്വത്വവും
ഖേദം വേണ്ട നിനക്കുഞാൻ
പതിയും പുത്രീസ്നേഹവിവശം
പിതൃഭാവവുമൊന്നു ചേരുന്ന സൗമിത്ര
നമിക്കുന്നു പാദം വീണ്ടും
ദേവമാർഗ്ഗേന ജാനകി
തപിക്കുന്നു, സ്നേഹത്തിൻ
സാരസർവമറിയുന്നു

(ഇന്ദിരാ അശോക് 2013 : 52)

29 ഊരിവയ്ക്കട്ടെ സ്വർണഭൂഷകൾ, പട്ടാംബരം
ലൗകിക സുഖാസക്ത ചിന്തകൾ, വ്യാമോഹങ്ങൾ
ചേരുന്നതീച്ചീവരമെന്നല്ലോ ചൊല്ലുന്നമ്മ
കൈകേയി, ഇറങ്ങാമി പിംഗള സായന്തന
ത്തൂവലോരോന്നും കൊഴിഞ്ഞിരവിൻ തിരശ്ശീല
വീഴുന്നനേരം സ്നേഹബന്ധുരംജനാവലി
നിദ്രയിലാഴുന്നേരം കോസലം വെടിഞ്ഞിനി
ദീർഘമാം സംവൽസരം വിപ്രവാസത്തിൻ ത്യാഗ
ധന്യമാം പഥങ്ങളിൽ ജീവിതം തപസ്സാക്കാം.

(അമൃത, 2008 : 59)

30 വേദനകൊണ്ടു വിങ്ങുകയാണെൻ
ചേതനയൊന്നു ഞാനറിയാതെ
ഗ്രാമലക്ഷ്മിയ്ക്കു പൊന്നണിചാർത്താൻ
ഗ്രാമത്തിൻ നിലനിൽപ്പു പുലർത്താൻ
സാഹസപ്പെടും സോദരിമാരെ
യാഹാ നിങ്ങൾക്കു കാവലാളോ ഞാൻ
തോളിൽ തോൾ ചേർന്നു കയ്യോടു കൈചേ
ർത്താളിമാർ പോലെ നമ്മൊളൊന്നിയ്ക്കും.

*(കടത്തനാട്ടു മാധവി അമ്മ1984:27)*

31 പാതിയും 'തിമിര'ത്താ
ലടഞ്ഞ മിഴികളിൽ
പാതിരാവിലും നിദ്രയെത്താതെ
വിറകൊള്ളും മാറിലാ
ശിശുവിനെയണയ്ക്കും

*മുത്തശ്ശിതൻ പാരവശ്യവും*
*തൊണ്ട വരുണ്ടു ചുണ്ടും കോട്ടി*
*വാപിളർന്നുച്ചം വച്ചു വിളിക്കും*
*ചോരക്കുഞ്ഞിൻ ദൈന്യവും*
*പെറ്റമ്മഞാനെങ്ങനെ ചിന്തിക്കേണ്ടൂ.*
*(പൊന്നറ സരസ്വതി, 1979:08)*

32 *ഭംഗിയാർന്ന*
*നീൾ മിഴികളുയർത്തി*
*അവൻ / അവൾ*
*പ്രണയാർത്ഥിയെന്നപോലെ*
*എനിക്കു നേരെ കൈനീട്ടി*
*ആലിംഗനങ്ങളിൽ*
*പുഞ്ചിരികളിൽ*
*പനിനീരുപെയ്തു*
*അവന്റെ*
*വിടർന്ന മന്ദഹാസത്തിൽ*
*നിമിഷങ്ങൾക്കകം*
*ഞാൻ പ്രണയിയായി*
(സാവിത്രി രാജീവൻ 2009 : 112)

33 *സമസ്ത വ്യാകുലതകൾക്കും*
*അറുതി വരുത്തിക്കൊണ്ട് ,*
*മൃത്യു വന്നെത്തി*
*ആ തളർന്ന പോരാളിയുടെ*
*പരിക്ഷീണമായഗാത്രം*
*പച്ചവിറകുകൾക്കുമേൽ ശയിക്കേ*
*പ്രകമ്പനമുണർത്തുന്നൊരു*
*പൊട്ടിത്തെറിയോടെ*
*ഹൃത്തടം ഭേദിച്ച്*
*സങ്കടം പുറത്തേക്ക് ചാടി*
(റോസ് മേരി 2002 : 41)

34 *കണ്ടറിയുന്നു ഞാൻ*
*കാറ്റിലും വീശുന്ന കല്മഷം*
*ശ്വാസനിശ്വാസത്തിലും വിഷം*
*ആകാശമാസുരദീപ്തം*
*ശമിക്കാത്ത ദാഹം*
*വരണ്ടൊഴുകുന്ന പുഴകളും*
*പ്രാർത്ഥനയിൽ നിറയുന്ന നിഷേധവും.*
*സ്വാർത്ഥമരങ്ങു തകർക്കുന്ന നൃത്തവും*

ഭ്രാന്തമോഹത്തിൽ
കിതയ്ക്കുന്നു കാനനം

( ഇന്ദിര അശോക്, 2013 : 42)

35 ബോധവാതായനം തള്ളിത്തുറന്നുള്ളിൽ
കല്ലെറിയുന്ന സംഭാഷണശകലങ്ങൾ
വേണ്ടിയും വേണ്ടാതെയും തൊട്ടറിയുന്ന
അന്യദുഃഖത്തിന്റെ തീസ്പന്ദനങ്ങൾ
കുരുന്നുകളുടെ കിളിക്കൊഞ്ചലുകൾ
മധുരമവ്യക്തം മൊഴിപ്പൂക്കൾ
നിരാലംബ വാർദ്ധക്യം
ജീവിതം സർവ്വത്ര സുന്ദരമായ്കാണും
യൗവ്വനത്തിന്റെ ചടുലപ്രവാഹങ്ങൾ
നൈരാശ്യവും നഷ്ടബോധവും നീറ്റും
അനാഥജനങ്ങളുടെ പട്ടിണിപ്പാട്ടുകൾ
ജീവിതത്തിന്റെ യിരുൾ വഴിവക്കുകളിൽ
മനസ്സിന്റെ താളം തകർന്നവരുടെ ജീവ
നില്ലാത്ത കണ്ണുകളിലെ ദൈന്യം

(അമൃത 2008 : 39)

36 നേർത്തമരച്ചില്ലകൾക്കിടയിലൂടെ
തലനീട്ടുകയാണൊരു
നിറം മങ്ങിയ നീലാകാശം
മങ്ങി മങ്ങി കത്തുന്ന
എന്റെ കുഞ്ഞു നക്ഷത്രങ്ങളേ
നിങ്ങളെന്തിനിങ്ങനെ
സങ്കടപ്പെട്ടുനിൽക്കുന്നു.
എന്റെ സാധുവായ കാറ്റേ
നീയെന്തിനിങ്ങനെ
കരഞ്ഞും കൊണ്ടുഴറിനടക്കുന്നു
വിമൂകമായ മരക്കൊമ്പുകളും
വിളർത്ത ചന്ദ്രനും
കിളിയൊച്ചകൾ നിലച്ച
ഒരു വനാന്തരവും

(റോസ്മേരി, 1996:15)

37 അത്യുഷ്ണമെരിയും കിനാവിന്റെ മരുവിലും
മഴയെനിക്കേകുന്ന വർഷം
സുതാര്യമെൻ ജാലകച്ചില്ലിന്നുമപ്പുറം
നീലിച്ചരാത്രിയും മഴയും

*നേരിയ നൂലിഴ കോർത്തൊരുക്കും വള്ളി*
*യൂഞ്ഞാലിടുന്ന നീ ധാത്രീ*
*മഴ, കുളിർ വിരൽ നീട്ടി മന്ത്രവാദത്തിന്റെ*
*മായാ പ്രപഞ്ചം തുറക്കേ*
*ഇരുളിൽ ഘനശ്യാമ മൗനങ്ങളിൽ തേങ്ങി*
*യലയുന്നതേതോ വിഷാദം*

(അമൃത,2008 : 27)

38 *ദൈവം പ്രത്യക്ഷപ്പെട്ടു*
*നോക്കുമ്പോഴോ*
*വഴി മുഴുവൻ*
*കരിഞ്ഞ പൂക്കൾ വീണ്*
*വൃത്തികേടായി കിടക്കുന്നു*
*ദേഷ്യം വന്ന ദൈവം*
*എന്നെ പിരിച്ചുവിട്ടു*
*ജോലി*
*കാറ്റിനെ*
*ഏൽപിച്ചു*
*കാറ്റ്*
*മിന്നൽ വേഗത്തിൽ*
*പറന്നുവന്ന്*
*പൂക്കളെയെല്ലാം ചുരുട്ടിയെറിഞ്ഞ്*
*ഏതൊക്കെയോ ദേശങ്ങളിൽ*
*കൊണ്ടിട്ടു*
*വഴി വൃത്തിയായി*

(സന്ധ്യ.എൻ.പി, 2012 : 97)

39 *നിന്നെപ്പോൽ ചെയ്യണമെന്നമോഹം*
*പിന്നെയുമുള്ളിലുരുണ്ടുകൂടി*
*നാരുനാരായിപ്പിരിഞ്ഞ്, വിണ്ണി–*
*ന്നോരോ കിനാവും മെനഞ്ഞ്, കാറ്റിൻ*
*താരാട്ടിനേക്കാൾ പതിഞ്ഞ്, പൂവിൻ*
*നേർമയേക്കാൾ നനുത്ത്, ഭൂവിൻ*
*ഓർമ്മകളേക്കാൾ കനത്ത്, പക്ഷേ*
*നോവുമോ എന്ന് കനിഞ്ഞ്, മങ്ങും*
*പച്ചകളൊക്കെത്തുടച്ച്, കാട്ടു*
*കല്ലിലേക്കാകെത്തകർന്ന്, മണ്ണിൻ*
*മാറിലേക്കേറെത്തറഞ്ഞ്, പാവം*
*പുല്ലുകൾ തോറും കുളിർന്ന്*

(ആര്യാംബിക, 2010 : 34)

*വീണ്ടുമിതാ ഡിസംബർ പടികയറി വരികയാണ്.*
*എതിരേൽക്കുവാനിന്ന് മാമരങ്ങളില്ല*
*കണ്ണാടിജാലകങ്ങളുള്ള ഗേഹമില്ല*
*കുന്നിൻ പുറത്തു ചാഞ്ഞു തുടങ്ങിയ*
*ഞങ്ങണപ്പുല്ലുകളിറുക്കുവാൻ*
*ബാലകരെത്താറുമില്ല*
-------------------------------
-------------------------------
------------------------------
*ഡിസംബറിനുമേൽ നിശ്ചലത*
*വെളുത്ത വിരസമായൊരു*
*ശവക്കച്ച വിരിച്ചുകഴിഞ്ഞു*
*ഇനിയെങ്ങും*
*അതിശൈത്യമാർന്നൊരു*
*ഹിമശൂന്യതമാത്രം*

(റോസ് മേരി, 2011 : 58)

# 4 സ്ത്രീ കർതൃത്വനിർമ്മിതി

സംസ്കൃതത്തിലെ പ്രമുഖകൃതികളിലും അതിന്റെ ചുവടു പിടിച്ചു വന്ന നമ്മുടെ ക്ലാസിക് കൃതികളിലും വർണ്യവസ്തുവും വർണനാവിഷയവും മാത്രമായിരുന്നു സ്ത്രീത്വം. സ്ത്രീ എന്നതൊരു വ്യക്തിയാണെന്ന ചിന്ത ആ കൃതികളിലൊന്നും കാണാൻ കഴിയുന്നില്ല. നവോത്ഥാനകാലഘട്ടത്തിൽ തന്റേടവും സ്വയം പര്യാപ്തതയുമുള്ള നായികമാർ സൃഷ്ടിക്കപ്പെട്ടിരുന്നുവെങ്കിലും കവികർതൃസ്ഥാനത്തേക്ക് കടന്നു വരുന്ന സ്ത്രീകൾക്ക് വലിയ പ്രാധാന്യമൊന്നും ലഭിച്ചിരുന്നില്ല.

സ്ത്രീകളെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും അനുഭവങ്ങളെക്കുറിച്ചും കവിതകൾ എഴുതിക്കൊണ്ട് സ്ത്രീകളുടേതായ ഒരിടം സാഹിത്യത്തിൽ കണ്ടെത്തിയ കവയിത്രികളെയും അവരുടെ അത്തരം കവിതകളേമാണ് ഈ ഭാഗത്ത് പഠനവിധേയമാക്കുന്നത്.

## 4.1 സ്വത്വബോധത്തിന്റെ വികാസം

സ്ത്രീക്ക് സമൂഹം കല്പിക്കുന്ന അടക്കമൊതുക്കങ്ങൾക്കപ്പുറം മാനസികമായ ചില ചോദനകളുമുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന രീതിയിൽ കവയിത്രികൾ രചനകൾ നിർവ്വഹിക്കുകയുണ്ടായി. സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളും അമ്മയും കുടുംബിനിയും ഉദ്യോഗസ്ഥയും ഒക്കെയായ സ്ത്രീയുടെ മാനസികലോകവും ഈ കവിതകളിലെല്ലാം അനാവരണം ചെയ്യുന്നു

### 4.1.1 ബാലാമണിയമ്മ

മലയാള കവിതാസാഹിത്യചരിത്രത്തിൽ ഏതാണ്ട് ഏഴ് ദശകത്തിലേറെക്കാലം സജീവസാന്നിദ്ധ്യമായിരുന്ന കവയിത്രിയാണ് ബാലാമണിയമ്മ. സ്വാതന്ത്ര്യല

ബ്ധിക്കു മുൻപും അതിന് ശേഷവും അവർ കവിതകളെഴുതിയിരുന്നു. ബാലാമണിയമ്മ കാവ്യരചനയിൽ ഏർപ്പെട്ട ആദ്യ ദശകങ്ങൾ നിരവധി രാഷ്ട്രീയസാമൂഹ്യസാംസ്കാരിക പരിവർത്തനങ്ങൾക്ക് ഭാരതീയ സമൂഹം വിധേയമായിക്കൊണ്ടിരുന്ന കാലമായിരുന്നു. രാഷ്ട്രനിർമ്മിതിയും നവോത്ഥാന പ്രസ്ഥാനങ്ങളും സാമൂഹ്യരാഷ്ട്രീയ മണ്ഡലത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധി, ഐക്യകേരള രൂപീകരണം, ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ രൂപീകരണം, ക്ഷേത്രപ്രവേശനം തുടങ്ങിയ രാഷ്ട്രീയസാമൂഹ്യ മാറ്റങ്ങളും പ്രക്ഷുബ്ധമായ അറുപതുകളും എഴുപതുകളുമൊക്കെ ബാലാമണിയമ്മ കടന്നുപോയി. ഇവയെല്ലാം അവരുടെ കവി മനസ്സിനെ വളരെയധികം സ്വാധീനിച്ചിരുന്നു. അന്ന് നിലനിന്നിരുന്ന കവിതാസാഹിത്യത്തിന്റെ പുരുഷാധിപത്യരീതിയിൽ നിന്നും ഭിന്നമായി വിഷയസ്വീകരണത്തിലും അവതരണത്തിലും സ്ത്രീയുടേതായ സംഭാവന നൽകാൻ ബാലാമണിയമ്മയ്ക്ക് കഴിഞ്ഞു. മിസ്റ്റിക് കവിയായ ജി.ശങ്കരകുറുപ്പിനെയും പ്രപഞ്ചസൗന്ദര്യത്തെ പാടി പുകഴ്ത്തുന്ന കുഞ്ഞിരാമൻ നായരേയും വൈയക്തിക ദുഃഖത്തിന്റെ കാവൽക്കാരായ ഇടപ്പള്ളി കവികളെയും ഒന്നും തന്നെ മാതൃകയാക്കാനോ അവരുടെ ആരുടെയും രീതി പിൻതുടരാനോ ഉള്ള ശ്രമം ബാലാമണിയമ്മ നടത്തിയിട്ടില്ല. ആ പുരുഷകവികളുടെ കൈയിൽ നിന്നുള്ള ആനുകൂല്യങ്ങളോ സംരക്ഷണമോ കിട്ടിയാലേ സ്ത്രീകൾക്ക് മുന്നേറാൻ കഴിയൂ എന്ന ആദ്യകാല കവയിത്രികൾക്ക് ഉണ്ടായിരുന്ന ചിന്തയൊന്നും ബാലാമണി യമ്മയെ അലട്ടിയിരുന്നില്ല.

ആദ്യകാലം മുതൽക്കുതന്നെ വിമർശകരെല്ലാം മാതൃത്വത്തിന്റെ കവയിത്രി യായിട്ടാണ് ബാലാമണിയമ്മയെ വിലയിരുത്തിയത്. കുറേ കവിതകൾ മാതൃഭാവം ആവിഷ്കരിക്കുന്നവയാണെങ്കിലും മറ്റനേകം വിഷയങ്ങൾ കവിതയ്ക്ക് പ്രമേയമാക്കിയ അവരുടെ മറ്റു രചനകളെ മാതൃത്വലേബൽ കാരണം അവഗണിക്കപ്പെടുകയാണ് ഉണ്ടായത്. കൂപ്പുകൈ (1930), അമ്മ (1934), ധർമ്മമാർഗത്തിൽ (1938), സ്ത്രീഹൃദയം (1939), കുടുംബിനി (1936), പ്രഭാങ്കുരം (1942), ഭാവനയിൽ (1942), ഊഞ്ഞാലിൽ (1946), കളിക്കൊട്ട (1949), വെളിച്ചത്തിൽ (1951), അവർ പാടുന്നു (1952), പ്രണാമം (1954), ലോകാന്തരങ്ങളിൽ (1955), സോപാനം (1959), മുത്തശ്ശി (1962), മഴുവിന്റെ കഥ (1966), അമ്പലത്തിൽ (1967), നഗരത്തിൽ (1968), വെയിലാറുമ്പോൾ (1971), അമൃതം ഗമയ (1978), സന്ധ്യ (1982), നിവേദ്യം (1987), എന്നീ കാവ്യസമാഹാരങ്ങളിലെ കവിതകളിലൂടെയെല്ലാം ആവിഷ്കരിക്കുന്നത് വ്യത്യസ്ത പ്രമേയങ്ങളാണ്.

സ്ത്രീസ്വത്വത്തിന്റെ വികാസവും അതിന്റെ വിവിധഘട്ടങ്ങളും ആവിഷ്കരി

ക്കുന്ന നിരവധി കവിതകൾ ബാലാമണിയമ്മ എഴുതിയിട്ടുണ്ട്. മകൾ, 'സ്നേഹിത', 'പണയിനി, ഭാര്യ, അമ്മ, മുത്തശ്ശി എന്നിങ്ങനെ ഒട്ടേറെ സ്ത്രീഭാവങ്ങൾ തന്റെ നാനൂറോളം വരുന്ന കവിതകളിൽ ബാലാമണിയമ്മ ആവിഷ്കരിച്ചിട്ടുണ്ട്. അവരുടെ ഒരു സമാഹാരത്തിന്റെ ശീർഷകം തന്നെ 'സ്ത്രീഹൃദയം' എന്നാണ്. സ്ത്രീത്വ ത്തിന്റെയും സ്ത്രീ ജീവിതത്തിന്റെയും വ്യത്യസ്തമായ ഭാവങ്ങൾ സ്ത്രീയുടെ കാഴ്ചപ്പാടിൽ നിന്നു കൊണ്ട് സത്യസന്ധമായി അവർ ആവിഷ്കരിക്കുന്നു. അങ്ങനെ ആവിഷ്കരിക്കാൻ പറ്റിയ ഒരു കലമായിരുന്നില്ല അത്. അത്തരം ആവിഷ്കരണങ്ങളെ അന്നത്തെ പുരുഷസമൂഹം അംഗീകരിക്കുന്നുമില്ല. താരാട്ടുക ളിലും കൈകൊട്ടിക്കളിപ്പാട്ടുകളിലും ഒതുങ്ങുന്നതായിരുന്നു അന്നത്തെ സ്ത്രീരചന കൾ. പുരുഷാധിപത്യത്തെ ചോദ്യം ചെയ്യുന്ന സ്വരം ബാലാമണിയമ്മയിലില്ലെങ്കിലും അക്കാലത്തെ പെൺമനസ്സും പെണ്ണവസ്ഥകളും പ്രതീക്ഷകളും നിഴലിക്കുന്ന കുറേ കവിതകൾ അവർ എഴുതിയിട്ടുണ്ട്.

'വിട്ടയയ്ക്കുക' എന്ന ആദ്യകാല കവിതയിലെ സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന കൊച്ചുപക്ഷി തറാവടിന്റെ അകത്തളങ്ങളിൽ പലതരം അച്ചടക്കങ്ങൾക്ക് വിധേയ മായി കഴിയേണ്ടി വരുന്ന ഒരു കൊച്ചുപെൺകുട്ടിയുടെ സ്വാതന്ത്ര്യമോഹം കൂടി യാണ് ഉൾക്കൊള്ളുന്നത്. പുലരിയിലും പഞ്ജരത്തിന്റെ തമസ്സിൽ കഴിയേണ്ടിവരുന്ന കൊച്ചുപക്ഷി, മർത്യലാളനയിൽ അതിന്റെ അസംതൃപ്തി, ജന്മഭൂവായ മോഹന കാനനത്തിന്റെയും അവിടുത്തെ തടാകങ്ങളുടെ പുൽത്തളിരുകളുടെയും പുഷ്പരാ ജികളുടെയും തന്നെ കാത്തിരിക്കുന്ന നീലവാനിടത്തിന്റെയും സൗന്ദര്യ വിശാലത കൾ ഇതിലെല്ലാം പ്രതിഫലിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ മോഹങ്ങളാണ് അകത്തള ങ്ങളിൽ അടച്ചിടപ്പെട്ട ഒരു ബാലികയുടെ മനസ്സിന്റെ പുറം ലോകത്തേക്ക് പോകാനു ള്ള തീവ്രമായ ആഗ്രഹമാണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്.

സ്ത്രീസ്വത്വത്തിന്റെ എല്ലാ തലങ്ങളും ബാലാമണിയമ്മയുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. കാമുകിയായും, വധുവായും, ഭാര്യയായും, വീട്ടുകാരയായും അമ്മയും അമ്മൂമ്മയുമായും വേലക്കാരിയും ഉദ്യോഗസ്ഥയുമായും ദേവതയുമായു മൊക്കെ സ്ത്രീ സമൂഹത്തിൽ അറിയപ്പെടുന്ന എല്ലാ അവസ്ഥകളിലും ഈ കവിത കളിൽ നിറയുന്നു.

'അടുക്കളയിൽ' എന്ന കവിതയിൽ (സോപാനം 1934) വീട്ടുജോലികൾ സംതൃപ്തിയോടെയും അഭിമാനത്തോടെയും ചെയ്യുന്ന കുടുംബിനിയെയാണു ചിത്രീകരിക്കുന്നത്.

*എന്നടുപ്പിങ്കൽ ഞാനൂതി വളർത്തും തീ*
*മിന്നുന്നുബാലാർക്ക രശ്മി പോലെ*

*ഇക്കൊച്ചടുക്കളയാമെന്നുലകിനെ*
*ച്ചിക്കെന്നതുദ്ദീപ്തമാക്കിയല്ലേ*
*(2005:60)*

ഒരു സാധാരണ സ്ത്രീയെ സംബന്ധിച്ചിടത്തോളം അവരുടെ ലോകം കൊച്ച ടുക്കളയാണ്. ആലോകത്തിൽ അവൾ സംതൃപ്തയാണ് അവൾ ഊതിക്കത്തിക്കുന്ന അടുപ്പിലെ തീ അവളുടെ ലോകം പ്രകാശമാനമാക്കുന്നു. തീകത്താതാകുമ്പോൾ കണ്ണിൽ പുക കയറുമ്പോൾ അവൾ വിഷമിക്കുന്നത് നാഥന് ഭക്ഷണം നന്നായി കൊടുക്കാൻ കഴിയില്ലേ എന്നോർത്താണ്. അവൾക്ക് തന്റെ കാര്യത്തിലല്ല ഭർത്താ വിന്റെ കാര്യത്തിലാണ് ആകുലത. സദാസമയവും മനസ്സിൽ ഈ പേടിയും കൊണ്ടു നടക്കുന്ന കുടുംബിനി അക്കാലത്തെ പെണ്ണവസ്ഥയുടെ ചിത്രീകരണം തന്നെയാണ്. നിവേദ്യം എന്ന സമാഹാരത്തിലെ സ്ത്രീ എന്ന പേരിൽ എഴുതിയ കൊച്ചു കവിത സ്ത്രീത്വത്തിന്റെ കാലാനുസരണമായ മാറ്റത്തെ പ്രതിപാദിക്കുന്ന ഒരു കൃതിയാണ്.

*വന്നലയ്ക്കുന്നു പുതു വെളിച്ചം ഗൃഹങ്ങളി*
*ലിന്നിടവഴികളിൽ പ്പണിയാലകളിലും*
*ഉന്നത ശ്ശിരസ്സായ് നീയൻപുറ്റുനീട്ടുംകൈക*
*ളിന്നുരശ്മികൾ പോലെയുൾകുളിർപരത്തുന്നു*
*(2005:168)*

പരിചിതരായ സ്ത്രീഭാവങ്ങളെ കവിതയിലേക്കു കൊണ്ട് വന്ന് തന്റേതായ നിലപാട് അവതരിപ്പിക്കാൻ ബാലാമണിയമ്മ ആദ്യകാലം മുതൽ തന്നെ ശ്രമിച്ചു. അവരുടെ ആദ്യകാല കവിതകളിൽ നിഷേധത്തിന്റെ സ്വരം ഉയരുന്നില്ല അന്നത്തെ അവസ്ഥ യുടെ ചിത്രീകരണം മാത്രമാണ് കാണുന്നത്. പാരമ്പര്യ വിശ്വാസങ്ങളും അവയുടെ മൂല്യങ്ങളും കാവ്യഭാഷയിൽ അവതരിപ്പിക്കുകയാണവർ ചെയ്തത്. സ്ഥാപനവൽക്ക രിക്കപ്പെട്ട സ്ത്രീത്വത്തെയാണ് അവർ അവതരിപ്പിക്കുന്നത്. പാരമ്പര്യ സ്ത്രീ സങ്കൽപ്പത്തിൽ നിന്നും വ്യത്യസ്തമല്ലാത്ത പരിഷ്കാരം ഉൾക്കൊള്ളാത്ത മനോ ഭാവം പ്രകടിപ്പിക്കുന്ന കവിതകളും അവരുടേതായുണ്ട്. 'വഴിയിൽ വെച്ച്' എന്ന കവിതയിൽ പരിഷ്കാരശ്രമങ്ങൾ സ്ത്രീത്വത്തെ നശിപ്പിക്കുന്നുവെന്നും അത് ലക്ഷ്യ സ്ഥാനത്ത് എത്താത്തതാണെന്നുമുള്ള അഭിപ്രായങ്ങളെ അംഗീകരിക്കുന്ന വിധത്തി ലുള്ള ആശയവത്കരണമാണുള്ളത്. അറിവ് നേടുന്നത് സ്ത്രീയെ അപകടത്തിൽ ചെന്നെത്തിക്കുമെന്നു പോലും ഈ കവിത സൂചന നൽകുന്നു.

*"മാനസ ശാരീരിക മാധുര്യം മുടിച്ചു വി*
*ജ്ഞാനമാം മധുമോന്തി ഞങ്ങളും ദാഹം കൂട്ടാൻ"*
(2005:147)

ഈ വരികൾ ഉദാഹരണം

എന്നാൽ പിന്നീടങ്ങോട്ടുള്ള രചനകളിൽ നിലവിലിരിക്കുന്ന സമൂഹചിന്തയെ പൂർണ്ണമായി നിഷേധിക്കാനുള്ള മടിയും പുതിയ പ്രവണതകളോടുള്ള താൽപര്യവും ഒരു പോലെ പ്രകടിപ്പിക്കുന്ന രചനകളും ബാലാമണിയമ്മ എഴുതിയിട്ടുണ്ട്.

*ഹാവെറും വിവാഹപ്പൂമേടയിലൊളിയ്ക്കെന്നോ*
*ഭാവി സാമ്രാജ്യം സർവോൽകൃഷ്ടമാക്കേണ്ടും നമ്മൾ*

*(2005:166)*

ഈ വരികളിൽ സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അവബോധമുണ്ട്. 'ഗൃഹിണി' എന്ന കവിതയിൽ സ്ത്രീയെ വർണ്ണിച്ചിരിക്കുന്നത് ഇങ്ങനെയാണ്.

*വിവിധ വേലകൾ മുഴുമിച്ചാമര*
*ച്ചുവട്ടിൽ നിൽക്കയാം ക്ഷണം കുടുംബിനി*
*വിരലോടന്നന്തിയ്ക്കവളെരിയിച്ച*
*വിളക്കിനേക്കാളും പ്രകാശമാലിനി*
*മുടിയിൽ ചൂടിയ നറും കറുകപ്പുൽ*
*ക്കൊടികളേക്കാളും വിനയശാലിനി*
*അടുക്കളപ്പുകച്ചുരുളിനേക്കാളു-*
*മനശ്വരമാർഗ്ഗോന്മുഖപ്രവർത്തിനി*

*(2005:141)*

സമൂഹം സ്ത്രീയെ കാണാൻ ആഗ്രഹിക്കുന്നത് ഈ മട്ടിലാണ്. ഇത്തരം പ്രവർത്തിയിലൂടെയാണ് സ്ത്രീ അവളാകുന്നത് എന്ന പാരമ്പര്യ വിശ്വാസം ഈ കവിതയിൽ കാണാം. അതിനെ എതിർക്കാനുള്ള ശ്രമമൊന്നും ബാലാമണിയമ്മ നടത്തിയിട്ടില്ലെങ്കിലും ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു പർവ്വം അവൾക്കുണ്ട് എന്ന തോന്നൽ ഈ വരികളിൽ കാണാൻ കഴിയും.

സ്ത്രീ നാല് ചുമരുകൾക്കുള്ളിൽ കഴിയേണ്ടവളാണ് എന്ന ധാരണ ബാലാമണിയമ്മയക്ക് ഉണ്ടായിരുന്നില്ല. സ്ത്രീ എന്ന കവിതയിൽ അവർ പറയുന്നുണ്ട് *"വീട്ടിലുള്ളവർക്കിരുളകറ്റാൻ കുലദേവതവാഴും കോവിലിലും അടുക്കളയിലും പൂമച്ചിലും നെയ്ത്തിരി വെയ്ക്കുന്ന കുടുംബിനി പുറം തിണ്ണമേൽ അയൽക്കാർക്കായ് വിദ്യുദ്ദീപം തെളിയിക്കുന്ന, പണിയാലകളിലും ഇടവഴികളിലും പുതുവെളിച്ചം പായിക്കുന്ന മനസ്വിനിയായി തീർന്നെങ്കിലേ ഉൾക്കുളിർ പരത്തി ഉന്നത ശീർഷയാകൂ"* (2012 : 48) വീട്ടിനകത്തു മാത്രമല്ല സമൂഹത്തിലും വെളിച്ചം നൽകേണ്ടവളാണ് സ്ത്രീ എന്നവർ വിശ്വസിക്കുന്നു.

തന്റെ അനുഭവങ്ങളിൽ നിന്നാണ് തന്റെ സ്ത്രീ സ്വത്വാവിഷ്കാരം ബാലാമണിയമ്മ നടത്തിയിട്ടുള്ളത്. അതിന് ഫെമിനിസം എന്ന സിദ്ധാന്തത്തിന്റെ അടിത്തറയൊന്നുമില്ല. അന്തപുരങ്ങളിൽ അടച്ചിടപ്പെട്ട് അജ്ഞതയിലും അവശതയിലും കഴിഞ്ഞു കൂടിയിരുന്ന സ്ത്രീകൾ സ്വന്തം സ്വത്വം തിരിച്ചറിയുന്നതായി 'ഇനിമേലിൽ' എന്ന കവിതയിൽ കാണാം

*പടുതമമിബുദ്ധിയോ, കടൽ മദ്ധ്യേതുഴപോയി*
*ക്കിടക്കും തോണിയല്ലങ്ങിങ്ങുലഞ്ഞുചുറ്റാൻ*
*കമനിമാരഴകുറ്റകണിപ്പൂന്തൊത്തുകളെന്നു*
*കഥയെന്യേ വിജല്പിക്കും കവിസമാജം*
*കനത്തദുർന്നയങ്ങളെക്കളിച്ചു കീഴ്മറിക്കാനും*
*കരുത്തുള്ളോരിവരെന്നും പുകഴ്ത്തും മേലിൽ*

(2005:330)

ധാർമ്മികതയിലൂന്നിക്കൊണ്ടുള്ള സ്ത്രീസ്വത്വ വികാസമാണ് ബാലാമണി അമ്മ വിഭാവനം ചെയ്യുന്നത്.

സമകാലീന ജീവിതത്തിൽ സ്ത്രീ നേരിടുന്ന സങ്കീർണ്ണ പ്രശ്നങ്ങൾ ആവിഷ്കരിക്കുന്ന കവിതയാണ് 'മാധവി'. ത്യാഗത്തിന്റെ ധീരത പുരുഷന്റെ മാത്രം കുത്തകയല്ലെന്നും മഹോന്നതിയിലേക്ക് മുന്നേറാനുള്ള അവകാശവും അവസരവും പുരുഷാധിപത്യസമൂഹത്തിൽ കഴിയേണ്ടി വരുന്ന സ്ത്രീക്കും സാധ്യമാണെന്നുമുള്ള സന്ദേശമാണ് 'മാധവി' എന്ന നീണ്ട കവിത.

### 4.1.1 ലളിതാംബിക അന്തർജ്ജനം

സ്വാതന്ത്ര്യപൂർവ്വകാലഘട്ടത്തിന്റെയും സ്വാതന്ത്ര്യാനന്തരഘട്ടത്തിലെയും ഭാരതത്തിൽ പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും താൻ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ സംസ്കാരവും ജീവിതവും കൃതികളിലൂടെ വായനക്കാരിലേക്ക് എത്തിച്ചുതന്ന കവയിത്രിയാണ് ലളിതാംബിക അന്തർജ്ജനം. സ്വാതന്ത്ര്യലബ്ധിയുടെ കാലത്ത് ജീവിതത്തിലെ ഒരു ഘട്ടം പിന്നിട്ട് കഴിഞ്ഞിരുന്നു ഈ കവയിത്രി. അതുകൊണ്ടുതന്നെ ആ കാലഘട്ടത്തിൽ മനുഷ്യൻ അനുഭവിച്ചിരുന്ന ദുരിതങ്ങൾ ഇവർ കൃതികളിലൂടെ ആവിഷ്കരിച്ചു.

കവിയും കഥാകരിയുമൊക്കെയായ ലളിതാംബിക അന്തർജ്ജനത്തിന്റെ രചനകളെല്ലാം തന്റെ കാലത്തെ സമൂഹത്തിന്റെ നേർപകർപ്പുകളാണ്. ലളിതാഞ്ജലി, ഒരു പൊട്ടിചിരി, ഭാവദീപ്തി, നിശ്ശബ്ദ സംഗീതം, ആയിരത്തിരി, ശരണമഞ്ജരി,

മാതൃദർശനം എന്നീ കാവ്യസമാഹാരങ്ങളാണ് ഇവരുടെ ആദ്യകാല രചനകൾ. സംഭവബഹുലമായ സാമൂഹ്യാവസ്ഥകളോ അനുഭവത്തിന്റെ കുത്തൊഴുക്കുകളോ ആവിഷ്കരിക്കാൻ കവിതയിൽ പരിമിതികളുണ്ട്. പറയാനുള്ളതു മുഴുവൻ അതിലൊതുങ്ങില്ല എന്നതിലാണ് താനൊരു കഥാകാരി ആയതെന്ന് അവർ അഭിപ്രായപ്പെട്ടിട്ടുണ്ട്.(ആത്മകഥയ്ക്ക് ഒരാമുഖം, 1979)

1930-ന് ശേഷമാണ് സ്ത്രീസാഹിത്യത്തിൽ വിമോചനാശയങ്ങൾ കാണപ്പെടാൻ തുടങ്ങുന്നത്. കേരളീയ സമൂഹത്തിന്റെ സ്ത്രീവിമോചന പാരമ്പര്യത്തെ ഉൾക്കൊള്ളുവാനും സ്ത്രീവിമോചന സ്വപ്നങ്ങളും മോഹഭംഗങ്ങളും ജീവിത യാഥാർത്ഥ്യങ്ങളും ആവിഷ്കരിച്ചുകൊണ്ട് പുരുഷാധിപത്യത്തിനെതിരെ പ്രതിഷേധം ഉയർത്താനും സ്ത്രീകൾ സാഹിത്യം മാധ്യമമാക്കുന്നത് മുപ്പതുകളിലാണ്. സമൂഹം വില കല്പിക്കാതിരുന്ന സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ അവർ സാഹിത്യത്തിലൂടെ അവതരിപ്പിക്കുകയും സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു. ഈ ചരിത്രദൗത്യം ഏറ്റെടുക്കുന്ന എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം.

വി.ടി.ഭട്ടതിരിപ്പാട്, എം.ആർ.ബി, എം.പി.ഭട്ടതിരിപ്പാട് തുടങ്ങിയ സാമൂദായിക പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങളും അവരുടെ കൃതികളും അക്കാലത്ത് നമ്പൂതിരി സ്ത്രീകളുടെ ജീവിതവും അവരുടെ ദുരിതങ്ങളും ഇല്ലാതാക്കാനുള്ള ശ്രമങ്ങളായിരുന്നു. 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്', 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' തുടങ്ങിയ കൃതികളുടെ ലക്ഷ്യം നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ ഉന്നമനം തന്നെയായിരുന്നു. ഇവർ സൃഷ്ടിച്ച ഈ പൊതുബോധം ഉൾക്കൊണ്ട് അതിന് വേണ്ടി പോരാടാൻ ഉറച്ച മനസ്സോടെ ഇറങ്ങിത്തിരിച്ച ആളാണ് അന്തർജ്ജനം.

വി.ടി.യും മറ്റു പരിഷ്കർത്താക്കളും എഴുതിയ ആ സ്ത്രീ അവസ്ഥ തന്നെയാണ് ലളിതാംബികാ അന്തർജ്ജനത്തിന്റെയും രചനകളിലൂടെ വികസിച്ചത്. യഥാർത്ഥ ജീവിതം തന്നെയായിരുന്നു അവർ കഥയിലും കവിതയിലും നോവലിലുമെല്ലാം ആവിഷ്കരിച്ചത്. തന്റെ ഉള്ളിൽ തട്ടിയ അനുഭവങ്ങളാണ് താൻ ആവിഷ്കരിക്കുന്നതെന്ന് അവർ പറയുന്നുണ്ട്. അന്നത്തെ സ്ത്രീ അവസ്ഥ തന്നെയായിരുന്നു അവർക്ക് ഏറ്റവും ഉള്ളിൽ തട്ടിയ അനുഭവം.

ആദ്യകാല കവിതാസമാഹാരമായ ലളിതാഞ്ജലിയിലെ ഏതാണ്ടെല്ലാ കവിതയിലും അന്നത്തെ കാലഘട്ടത്തിന്റെ നേർചിത്രം കാണാം. പല്ലവാംഗി, അബല എന്നൊക്കെ പുരുഷന്മാർ വിശേഷിപ്പിച്ചിരുന്ന 'സ്ത്രീയുടെ ശക്തിയാണ് പുരുഷന്റെ ബലം' എന്ന കവിതയിൽ ആവിഷ്കരിച്ചിട്ടുള്ളത്.

*ഞങ്ങൾ തൻ ഹർഷകോപഭേദങ്ങ*

*ളിങ്ങു സ്വർഗ്ഗം നരകവും*
*അങ്ങിനെയുള്ള മാനിനിമാരോ*
*നിങ്ങളോതുമബലമാർ*
*മംഗല സ്നേഹവർഷണം ചെയ്യും*
*ഞങ്ങളോ, ഹാ ചപലമാർ*

*(2010:14)*

ഈ ലോകം ഇങ്ങനെയൊക്കെ മുന്നോട്ട് പോകുന്നത് തങ്ങൾകൂടിയുള്ളത് കൊണ്ടാണെന്നുള്ള തിരിച്ചറിവ് ഈ കവിതയിലൂടെ പ്രകാശിപ്പിക്കുന്നു. ആ തിരിച്ച റിവ് അന്നോളമുള്ള സ്ത്രീകൾക്കുണ്ടായിരുന്നില്ല. വിദ്യാഭ്യാസം ഇല്ലാതിരുന്ന സ്ത്രീസമൂഹത്തിന് അറിയില്ലായിരുന്നു താൻ കൂടി വേണം ഈ സമൂഹത്തിന്റെ നിലനിൽപ്പിനെന്ന്. അതുകൊണ്ടുതന്നെ സ്വന്തം അസ്തിത്വമോ വ്യക്തിത്വമോ അവകാശപ്പെടാൻ ഇവർ മുന്നോട്ട് വന്നില്ല. നമ്പൂതിരിപുരുഷൻമാരായിരുന്നു അന്ന് സാഹിത്യത്തിന്റെ അമരത്ത് ഉണ്ടായിരുന്നത്. സംസ്കൃതവും കഥകളിയും വിജ്ഞാന പരീക്ഷകളും അവരുടെ വ്യവഹാരങ്ങളുടെ ഭാഗമായിരുന്നു. എന്നിട്ടും അവരുടെ സ്ത്രീകൾ അന്തർജ്ജനങ്ങളായി മറക്കുടക്കുള്ളിലും മൂടുപടത്തിനുള ളിലും കഴിഞ്ഞു കൂടേണ്ടി വന്നു എന്നതിൽ കവയിത്രി അദ്ഭുതം പ്രകടിപ്പിക്കുന്നു.

'സ്വാതന്ത്ര്യക്കൊടി' എന്ന കവിതയിൽ സ്ത്രീയുടെ അസ്വാതന്ത്ര്യത്തെപ്പറ്റി കവയിത്രി വിവരിക്കുന്നു. വിദ്യാഭ്യാസം ലഭിക്കാതെ അടുക്കളക്കുള്ളിൽ കഴിയുന്ന സ്ത്രീകളോട് സ്വാതന്ത്ര്യത്തിന്റെ കൊടി പറത്താൻ മുന്നോട്ട് വരാൻ കവയിത്രി ആഹ്വാനം ചെയ്യുകയാണ്.

'കൂട്ടിലെ പൈങ്കിളിയോട്' എന്ന കവിതയിൽ കൂട്ടിലടച്ചകിളിയുടെ കഥ പറ യുന്നു. അതിലൂടെ പുറത്തിറങ്ങാനാവാതെ വീടിന്റെ നാലുചുവരുകൾക്കിടയിൽ കഴിഞ്ഞു കൂടുന്ന യുവതികളുടെ സ്വാതന്ത്ര്യമോഹങ്ങളാണ് ആവിഷ്കരിച്ചിരിക്കുന്ന ത്. കൂട്ടിലടച്ച കിളിയുടെ അവസ്ഥ കവയിത്രി വിവരിക്കുന്നതിങ്ങനെയാണ്.

*ജനിച്ചതും പഞ്ജരബദ്ധയായ് താൻ*
*സ്വാതന്ത്ര്യമെന്തെന്നറിഞ്ഞീടാത്തോൾ*
*പ്രഭാതമോ, പാതിരയോ വരട്ടെ*
*അവൾക്കു പാർത്താലതു രണ്ടുമൊപ്പം*

(2010 : 18)

സ്വന്തം സ്വത്വം തിരിച്ചറിയാൻ പോലും കഴിയാത്ത സ്ത്രീകളെയാണിവിടെ കാണിച്ചു തരുന്നത്.

'പെൺപൈതലിനോട്' എന്ന കവിതയിൽ സ്ത്രീകളുടെ ഉത്തരവാദിത്തങ്ങൾ എത്രത്തോളമുണ്ടെന്ന് കവയിത്രി കാണിച്ചുതരുന്നു.

*ഇക്കരം രണ്ടിനും വേറെ-വേറെ*
*കൃത്യങ്ങളുണ്ടല്ലോ ചെയ്വാൻ*
*ഭർതൃപുത്രാദികൾക്കായിട്ടൊന്നു;*
*മറ്റതീലോകത്തിനായും*

(2010 : 46)

കുടുംബത്തിൽ മാത്രമല്ല ലോകത്തിന്റെ നന്മയ്ക്കായും സ്ത്രീകൾ ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ കവിതയിൽ വിവരിക്കുന്നത്. 'സഹചാരിണി' എന്ന കവിതയിലും ഈ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ആഗ്രഹിക്കുന്ന പെണ്ണിനെയാണ് ചിത്രീകരിക്കുന്നത്. പുരുഷനോടൊപ്പം ചേർന്നു നിന്നുകൊണ്ട് അവന്റെ പ്രവർത്തികളിലെല്ലാം പങ്കാളിയാകാൻ തനിക്ക് കഴിയുമെന്ന് ഈ കവിതയിലെ സ്ത്രീ  പ്രഖ്യാപിക്കുന്നു.

*നമുക്കു ലക്ഷ്യം സുദൃഢമനേകം*
*നമുക്കു പന്ഥാവും*
*നിനയ്ക്കിലൊന്നേ പിന്നെയിതെന്തി-*
*ന്നനർന്ഥ  വൈജാത്യം*

(2010 : 130)

എന്നവൾ ചോദിക്കുന്നു. സമൂഹത്തിൽ ഒരേ ലക്ഷ്യത്തോടെ മുന്നേറേണ്ടവരാണ് സ്ത്രീയും പുരുഷനും. പിന്നെയെന്തിനാണ് സ്ത്രീയെ താഴ്ത്തിക്കെട്ടുന്നത്.

*അനുഗ്രഹിക്കൂ ; ജീവിതവിജയം*
*സ്വകീയമായ് നേടാൻ*
*സമത്വമേകൂ, സാദ്ധ്യം പിന്നെ സ്ഥിര*
*പ്രയത്നത്താൽ*

(2010 : 132)

പുരുഷാധിപത്യപരമായ സമൂഹത്തോട് കവയിത്രി ആവശ്യപ്പെടുകയാണ്. സ്ത്രീകൾക്ക് സമത്വം നൽകണം. സ്വയം പ്രവർത്തിക്കാൻ അവൾക്ക് അനുവാദം നൽകണം. സ്വന്തം സ്വത്വം സ്ഥാപിക്കാൻ ശ്രമിക്കുന്ന പെണ്ണിനെയാണ് കവയിത്രി ഇവിടെ ആവിഷ്കരിക്കുന്നത്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ മുന്നോട്ടിറങ്ങിവന്ന സ്ത്രീകളേയും അന്തർജ്ജനത്തിന്റെ കവിതയിൽ കാണാം. 'പ്രതിജ്ഞ', 'സ്വാതന്ത്ര്യ കാഹളം' തുടങ്ങിയ കവിതകൾ ഉദാഹരണം.

*ചെഞ്ചോര തിളയ്ക്കട്ടേ*
*ചുടുവീർപ്പുയരട്ടെ*
*നിൻകലൊന്നുത്തേജിക്കൂ*

*നിസ്തുല സ്ത്രീവീര്യമേ*

(2010 : 232)

എന്ന് കവയിത്രി തന്നെ സ്ത്രീകളെ പ്രചോദിപ്പിക്കുന്നതായിട്ടും കാണാം.

നാളുകളായി നിർദ്ദയത്വത്തിന്റെ മൂക്ക്പൊത്തലിൽ വീർപ്പുമുട്ടിയും നിഷ്ഠൂരാചാരത്തിന്റെ മുഷ്ക്ക് കാട്ടലിൽ നട്ടം തിരിഞ്ഞും കഴിയുന്ന സ്ത്രീകളുടെ സ്വാതന്ത്ര്യ പ്രഖ്യാപനമാണ് 'സ്വാതന്ത്ര്യ കാഹളം' എന്ന കവിത. എല്ലാറ്റിനേയും ചെറുത്തുതോല്പിക്കാനും എതിരിടാനുമുള്ള കഴിവ് സത്രീകൾക്കുണ്ടെന്ന് കവയിത്രി പറയുന്നു.

'മുഹൂർത്തം തെറ്റില്ല' എന്ന കവിതയിൽ ഇഷ്ടമില്ലാത്ത വിവാഹത്തിന്റെ മുഹൂർത്തത്തിന് തൊട്ടുമുമ്പ് അവിടെ നിന്നും പോകുന്ന പെൺകുട്ടിയെയാണ് കാണിച്ചുതരുന്നത്. തോഴിയോട് യാത്ര പറഞ്ഞാണ് അവൾ പോകുന്നത്. നമ്മൾ സ്ത്രീകൾ ഇങ്ങനെ ഓടിപ്പോകാമോ അത് പുരുഷൻമാർക്ക് മാത്രമല്ലേ പറ്റൂ എന്ന് തോഴി പറയുമ്പോൾ അതിന് അവൾ നൽകുന്ന മറുപടി അന്ന് സമൂഹത്തിൽ ഉയർന്നു വരുന്ന സ്ത്രീവിമോചന ആശയങ്ങളും പുരുഷാധിപത്യത്തിനെതിരെയുള്ള മനോഭാവവും ഉൾകൊണ്ടിട്ടുള്ളതാണ്.

*വരുവതെങ്ങനെ ? വെളിവുനിൻതല*
*യ്ക്കിരുപതാം ശതാബ്ദത്തിൽ*
*അടിമയല്ലിവിളബലയല്ല സ്ത്രീ*
*അപരഭോജ്യവുമല്ല*
*അടുക്കളയിലും അടർക്കളത്തിലും*
*മടക്കമില്ലാത്ത മട്ടിൽ*
*അടങ്ങിനിൽക്കാത്തോരഭിനവോൽക്കർഷ*
*കൊടുങ്കാറ്റാണവളിപ്പോൾ*

(2010 : 104)

യാഥാസ്ഥിതികത്വത്തിന്റെ സന്താനമായ തോഴിയോട് പിരിയുന്നു എന്നതിനർത്ഥം ആ വ്യവസ്ഥയോട് തന്നെ വിടപറയുന്നു എന്നതാണ്. സ്വന്തം കാര്യങ്ങളിൽ തീരുമാനമെടുക്കാനും സ്വന്തം സ്വത്വം സ്ഥാപിച്ചെടുക്കാനും കരുത്ത് നേടിയ സ്ത്രീയെയാണ് ലളിതാംബിക അന്തർജ്ജനം ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

### 4..1.3 സുഗതകുമാരി

സ്ത്രീസഹജമെന്നു സമൂഹം കരുതിയിരുന്ന എല്ലാ വികാരങ്ങളും ഭാവങ്ങളും കവിതകളിലൂടെ ആവിഷ്കരിച്ച് കവികർതൃത്വസ്ഥാനം മലയാള കവിതയിൽ ഉറപ്പിച്ച കവയിത്രിയാണ് സുഗതകുമാരി.

സ്ത്രീപുരുഷസങ്കൽപ്പത്തിൽ കുടിവെച്ചിരിക്കുന്ന തെറ്റായ ധാരണകൾ ഏതൊക്കെയെന്ന അന്വേഷണം എൺപതുകൾ മുതൽക്കിങ്ങോട്ടുള്ള സുഗതക്കുമാരി ക്കവിതകളിൽ കാണാം. മാതാവ്, സഹോദരി,മകൾ, തുടങ്ങിയ സ്ത്രീയുടെ വ്യത്യ സ്തമുഖങ്ങൾക്ക് എന്തെല്ലാം മാറ്റങ്ങളാണ് സമൂഹത്തിൽ സംഭവിച്ചിരിക്കു ന്നതെന്നത് സുഗതകുമാരിയുടെ രചനകളിൽ നിന്ന് മനസിലാക്കാം. സ്ത്രീകൾ അനുഭവിക്കുന്ന അടിമത്തം അവർ കവിതകളിലൂടെ ആവിഷ്കരിക്കുന്നു.

തൊണ്ണൂറുകൾക്കു ശേഷമുള്ള സുഗതകുമാരിക്കവിതകളിലാണ് സ്ത്രീസ്വത്വബോധത്തിന്റെ വികാസം പ്രകടമായിക്കാണുന്നത്.

'കുപ്പിവള' എന്ന കവിതയിൽ സ്വത്വബോധത്തിന്റെ അടിച്ചമർത്തൽ പരോക്ഷ മായി ആവിഷ്കരിക്കുന്നു ബാല്യത്തിലും യൗവ്വനത്തിലും ചുവന്ന കുപ്പിവളയണിയാ നുള്ള കവയിത്രിയുടെ ആഗ്രഹവും അത് നടക്കാതെ പോകുന്നതിനുള്ള വേദനയും ആണ് ഈ കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്. ഈ കുപ്പിവള സ്ത്രീസ്വാതന്ത്ര്യ ത്തിന്റെ പ്രതീകം തന്നെയാണ്.

'പ്രിയദർശിനി നിന്നെ സ്നേഹിച്ചു' ഞങ്ങൾ എന്ന കവിതയിൽ ഭാരതീയ സ്ത്രീസമൂഹത്തിന്റെ മനസ്സിൽ പ്രതിഷ്ഠനേടിയ, സ്ത്രീസ്വത്വബോധം ഉണർത്തിയ ഇന്ധിരാഗാന്ധിയെ സ്മരിക്കുന്നു 'നീയൊരു പ്രതീകമായിരുന്നു ഞങ്ങൾക്കെന്നും' എന്ന് പറയുന്നതിലൂടെ ഉയർന്നു വരേണ്ട സ്ത്രീത്വത്തിന്റെ മാതൃകയായി സുഗത കുമാരി ഇന്ദിരാഗാന്ധിയെ അവതരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്.

'സ്ത്രീപർവ്വം' എന്ന കാവ്യനാടകം അടുക്കളയിൽ തളച്ചിടപ്പെടുന്ന സ്ത്രീ യുടെ ദൈന്യതയും അതിൽ നിന്ന് രക്ഷ നേടാൻ ആഗ്രഹിക്കുന്ന അവളുടെ സ്വത്വ ബോധത്തിന്റെ സംഘർഷവും ആവിഷ്കരിച്ചരിക്കുന്നു. തന്റെ യൗവനം എങ്ങനൊ ക്കെയാണ് കഴിഞ്ഞു പോയതെന്ന് വൃദ്ധയായ സ്ത്രീ ഓർമ്മിപ്പിക്കുകയാണ്.

*------- അർത്ഥ*
*ശൂന്യമായ് പ്രാർത്ഥനയായ്*
*ഒരു നൂറുനൂറു പണികൾ ചെയ്തു*
*ഉണരുക പാചകം ചെയ്യുക,തിന്നുക*
*പണിയുക വീണ്ടുമുറങ്ങി വിഴുക*
*അവിടുത്തെ മക്കളെ പ്രസവിച്ചു പോറ്റുക*

*അവിടത്തെ പൂജയിൽ ധന്യയാക*

*(2006:489)*

ഇതൊക്കെയാണ് പൊതുവേയുള്ള സ്ത്രീജീവിതം. ഇതിൽ നിന്നും വ്യത്യസ്തയായി സമൂഹത്തിൽ ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത കവയിത്രി ഈ കവിതയിലൂടെ ചൂണ്ടിക്കാണിക്കുന്നു.

ഇരുപത്‌വർഷം കൊണ്ട് താൻ ഒന്നും നേടിയില്ലെന്ന അവരുടെ ദു:ഖം സ്വത്വബോധത്തിലേക്കുള്ള അവളുടെ വികാസമായി കണക്കാക്കാം. നാളെയെക്കുറിച്ച് ചിന്തിക്കാൻ പോലും മടിക്കുന്ന അവൾ അന്നത്തെ സ്ത്രീസമൂഹത്തിന്റെ പ്രതീകമാണ്.

നമ്മുടെ കാലഘട്ടത്തിലെ ഭാരതസ്ത്രീയുടെ ദൈന്യം ചിത്രീകരിക്കുന്ന ചെറിയ ആഖ്യാന കവിതയാണ് 'ജെസ്സി'. ഒരു കാലഘട്ടത്തിന്റെ മുഴുവൻ ധാർമ്മികമായ പതനത്തെ രൂക്ഷമായി വിമർശിക്കുന്ന ഈ കൃതി സാധാരണക്കാരിയുടെ ദു:ഖകഥയിട്ടാണ് ഈ കവിത അവതരിപ്പിച്ചിരിക്കുന്നത്. സ്ത്രീയുടെ ഭാവശുദ്ധികളും മാതൃത്വശക്തിയുടെ ഉൾവിളികളും കർത്തവ്യബോധത്തിന്റെ മുന്നിൽ സ്വയം ബലിയർപ്പിക്കുന്ന അവരുടെ ജീവിതവും ആണ് സ്ത്രീപർവ്വം എന്ന കാവ്യാത്മക നാടകത്തിലെ പ്രമേയം. കാടും പുഴയും മണ്ണും സ്ത്രീയും ബലാൽകാരത്തിന് വിധേയമാകുമ്പോൾ അതിനെതിരെ ശക്തമായ വാക്കുകൾ കൊണ്ട് സുഗതകുമാരി പ്രതികരിക്കുന്നു.

സ്ത്രീയുടെ സമസ്തദുഖവും ആവിഷ്കരിക്കുന്ന കവിതയാണ ''പെൺകുഞ്ഞ് 90' പാരമ്പര്യ സ്ത്രീസങ്കൽപ്പവും സമാകാലീനസത്യവും തമ്മിലുള്ള പൊരുത്തക്കേടുകളാണ് ഈ കവിതയിൽ പറയുന്നത്.

*ഇവളാം ചണ്ടി നഗര-*

*കാനയിൽ ചീർത്തു പൊന്തുമോ*

*ഇവൾതൻ മേനിയാസ്പത്രി*

*വരാന്തയിൽ ചീഞ്ഞു നാറുമോ?*

*(2006:674)*

*ഇന്നീച്ചന്തപ്പണത്തിരക്കി*

*ലാർക്കും വേണ്ടാതെ തള്ളിവിടും*

*കുഞ്ഞിനെപ്പറ്റിയും സ്വപ്നം*

*കാണുവാനർഹയാണു ഞാൻ*

*(2006:675)*

പെൺകുട്ടി അനാവശ്യച്ചെലവിന്റെയും അസ്വാതന്ത്ര്യത്തിന്റെയും പേരിൽ ഭീഷണി യായിക്കരുതുന്ന സമൂഹത്തിന്റെ മനുഷ്യത്വഹീനമായ സമീപനത്തെയാണ് ഈ കവിതയിൽ വിമർശിക്കുന്നത്. പിറന്നയുടനെ പരിത്യജിക്കപ്പെടുന്ന ഈ പെൺക്കുട്ടി യുടെ നാളെ എങ്ങനെയായിരിക്കുമെന്നോർത്ത് കവയിത്രി ദുഖിക്കുന്നു. വേല ചെയ്തുപുലരാൻ കഴിവുള്ളവളായി മാറുന്ന സ്ത്രീമുന്നേറ്റത്തിന്റെ സൂചനകൂടി ഈ കവിത നൽകുന്നു.

അധികാരത്തെ ശക്തമായി വിനിയോഗിച്ച സ്ത്രീയുടെ പ്രതീകമായ ഇന്ദിരാ ഗാന്ധിയെക്കുറിച്ചെഴുതിയ വിലാപഗീതമാണ് 'പ്രിയദർശ്ശിനി നിനക്കുറങ്ങാമിനി'. എല്ലാ കാലത്തും ദേശത്തുമുള്ള സ്ത്രീയുടെ സ്വാതന്ത്ര്യബോധത്തിന്റെയും അവ കാശനേട്ടത്തിന്റെയും പ്രതീകമായി അവിടെ ഇന്ദിരാഗാന്ധിയെ അവതരിപ്പിച്ചിരി ക്കുന്നു.

ആഗോളീകരണ പ്രവർത്തനങ്ങൾ പ്രബലമാവുകയും ലോകം മുഴുവനും കമ്പോളമായി ചുരുക്കുകയും ചെയ്ത ഇക്കാലത്ത് പ്രകൃതിവസ്തുക്കളും ഭൂമിയും സ്ത്രീയും എല്ലാം കമ്പോളത്തിലെ വെറും ചരക്കായി മാത്രം കണക്കാക്കപ്പെടുന്ന അവസ്ഥയാണുള്ളത്. ഈ അവസ്ഥയാണ് തന്റെ കവിതകളിലൂടെ സുഗതകുമാരി ആവിഷ്ക്കരിക്കുന്നത്. തന്റെ സ്ത്രീസ്വത്വത്തിൽ നിന്ന് വ്യതിരിക്തമല്ല പ്രകൃതിയുടേ തെന്ന തിരിച്ചറിവ് ഈ കവിതയുടെ അടിസ്ഥാന സങ്കൽപ്പങ്ങളിലൊന്നാണ്.

നവോത്ഥാനാനന്തരകാലം നൽകിയ കരുത്തുകളാർജ്ജിച്ച് കൊണ്ട് സ്ത്രീ കൂടുതൽ ശക്തയും കാര്യപ്രാപ്തിയും ഉള്ളവളായിത്തീരുമ്പോൾ തന്നെ മറുവശത്ത് അവൾ അതീവ ദുർബലയും അത്യന്തം പീഡിതയുമായിത്തീരുന്ന വിപര്യയമാണ് സംഭവിക്കുന്നത്. ഈ അവസ്ഥയുടെ വിവിധഭാവങ്ങൾ വ്യത്യസ്തതലങ്ങളിൽ സുഗ തകുമാരിക്കവിതകളിൽ ആവിഷ്കൃതമാകുന്നു.

സ്ത്രീയും പ്രകൃതിയും ഒരു പോലെ അനുഭവിക്കുന്ന ചൂഷണത്തിന്റെ ഐക്യരൂപവും താദാത്മ്യഭാവവും പ്രകടമാക്കുന്ന സമീപനങ്ങൾ സുഗതകുമാരി യുടെ കവിതകളിൽ കാണാം. ഉദാഹരണത്തിന് രാത്രിമഴയിൽ[1] പ്രകൃതിയും സ്ത്രീയും തമ്മിലുള്ള വൈകാരികമായ ഏകഭാവമാണ് ഈ വരികൾ തെളിയിക്കു ന്നത്. കഴിഞ്ഞ കാൽ നൂറ്റാണ്ടിലധികം കാലത്തെ സുഗതകുമാരിയുടെ പ്രവർത്തന ങ്ങൾ ചൂഷണങ്ങളിൽ നിന്ന് മണ്ണിനെയും പ്രകൃതിയെയും സ്ത്രീയെയും വിമോചിപ്പി ക്കുന്നതിനുള്ള യത്നങ്ങളായിരുന്നു.

### 4.1.4 ലക്ഷ്മീദേവി

'ഇരുൾചിന്തുകൾ' എന്ന പേരിൽ 25 കവിതകളടങ്ങിയ സമാഹാരമാണ് ലക്ഷ്മിദേവിയുടെ ആദ്യകൃതി. തന്റെ കവിതകൾ പുറത്തു കാണിക്കാതെ സൂക്ഷിച്ചിരിക്കുകയായിരുന്നു ലക്ഷ്മിദേവി. പിന്നീട് ചില കവിതകൾ ആനുകാലികങ്ങളിലൂടെ പ്രത്യക്ഷപ്പെട്ടപ്പോഴാണ് ഈ കവയിത്രിയെ വായനക്കാരറിയുന്നത്. മാറിക്കൊണ്ടിരിക്കുന്ന ഭാവുകത്വത്തെക്കുറിച്ചൊന്നും ചിന്തിക്കാതെ ആത്മാർത്ഥമായി തന്റെ സ്വത്വം കവിതയിൽ ആവിഷ്കരിക്കാനാണ് ഈ കവയിത്രി ശ്രമിക്കുന്നത്. കാല്പനികതയോ ആധുനികതയോ ആധുനികാനന്തര കവിതയോ ഒന്നും തന്നെ കവയിത്രി പിന്തുടരുന്നില്ല. വായനക്കാരന്റെ മനസ്സിൽ കടന്നിരിക്കത്തക്ക രീതിയിൽ എഴുതിപ്പോകുകയാണ് ചെയ്യുന്നത് ഈ കവിത ഹൃദയാലുവായ ഏതാസ്വാദകന്റെയും കൂട്ടുകാരിയാരിക്കും. അൻപും കനിവുമെന്ന രണ്ടുഭാവങ്ങൾ അത്യന്തികമായ അവ ഒന്നുതന്നെ. ഈ കവിതകളിൽ തുളളാതെ തുളുമ്പാതെ നിറവാർന്നു നിൽക്കുന്നു. നേർത്ത വിഷാദം മുതൽ കടുത്ത വ്യഥയും വിഹ്വലതയും വരെ ഇടയ്ക്കിടെ ഈ കവിതകളിൽ മൂടിക്കെട്ടിയ അന്തരീക്ഷം സൃഷ്ടിക്കുന്നു. വല്ലാത്ത ഹൃദയഭാരമനുഭവപ്പെടുത്തുന്ന ഒരു മുഴക്കം വരികൾക്കിടയിൽ നിന്നു പലപ്പോഴും ഉയർന്നു വരുന്നു. കാര്യകാരണബന്ധങ്ങൾ ഇഴ പേർത്തെടുക്കനാവാത്ത- യുക്തിയെയും തത്വാവബോധത്തെയും പിൻതള്ളുന്ന കേവലാനുഭവമായിത്തീരുന്നു ഈ കവിത.(1977-9) 'ശ്മശാനം' എന്ന കവിതയിൽ തന്റെ മനസ്സു തന്നെ ഒരു ശ്മശാനമാണെന്നു കവയിത്രി പറയുന്നു. ശ്മശാനത്തെക്കുറിച്ചുള്ള വർണ്ണനയിൽ ലക്ഷ്മി ദേവിയുടെ രചനാശൈലിയിലെ സംഗീതഭംഗി വായിച്ചെടുക്കാം.

*ഇവിടെ സൂര്യനെ പ്രചണ്ഡ രശ്മിയായ്*
*ചുടലത്തീയിനു തിരികൊളുത്തുന്നു*
*ഇവിടെശ്ശീതാംശവുരുകി വീഴുന്നു*
*ഇവിടെത്താരകളിരുൾപ്പൊഴിക്കുന്നു*

*(1997:18)*

ഇങ്ങനെയുള്ള ശ്മശാനം തന്റെ മനസ്സു പോലെയാണ്

ഇരുൾ കുടിച്ചൊരിക്കറുത്ത പ്രേതങ്ങൾ
ഇവിടെയന്ധരായ് കരഞ്ഞു ചുറ്റുന്നു
ഇതോ ശ്മശാനമല്ലിതെന്റെ മാനസം

ഇവിടെ മൃത്യുതൻ നടതുറക്കുന്നു

(1997:18)

അക്കാലത്തെ പുരുഷകവികളോട് കിടപടിക്കത്തക്ക രീതിയിലുള്ള ഈ വരികൾ ലക്ഷ്മിദേവിയുടെ കർതൃസ്ഥാനം മലയാള കവിതയിൽ ഉറപ്പിക്കത്തക്കരീതിയിലുള്ള താണ്.

**4.1.5 ദേവി ( സുജാതാ ദേവി)**

സ്ത്രീകർതൃത്വനിർമ്മിതിക്ക് വേണ്ടി പ്രത്യക്ഷമായിത്തന്നെ തന്റെ കവിതയിലൂടെ ശബ്ദമുയർത്തിയ കവയിത്രിയാണ് ദേവി. ഇവർ തീവ്രമായ അനുഭൂതികൾ കവിതയിൽ ആവിഷ്കരിക്കുന്നു. ''മൃൺമയി' എന്ന കവിതാസമാഹാരമാണ് പ്രധാന കൃതി. തന്റെ ലോകത്തിന് അതിരുകളില്ലെന്ന് അവർ തന്നെ പറയുന്നുണ്ട്. സ്ത്രീക്കു സമൂഹം കല്പിച്ചിട്ടുള്ള വിലക്കുകൾ അംഗീകരിക്കാൻ കൂട്ടാക്കത്തതിനാലാവാം എനിക്ക് അതിരുകളിൽ താല്പര്യമില്ലാത്തത്. ഒരു ജിപ്സിയുടെ ലോകംപോലെ ആർദ്രമായ തടങ്ങൾ തേടി, അവ കണ്ടെത്തിയാലും കുടിയിരിക്കാതെ മുന്നോട്ടൊഴുകുന്ന ഒരു വെയിൽത്താര, സ്ത്രീയുടേതായ പ്രത്യേക അനുഭവ മണ്ഡലം എന്റെ ലോകത്തിനു മുതൽക്കൂട്ടാവുകയല്ലാതെ അടുക്കളയും പടിപ്പുരയും എനിക്ക് അതിർത്തി കല്പിക്കുന്നില്ല. അതു കൊണ്ടു തന്നെ സ്ത്രീ കവിതയുടെ സംവരണാനുകൂല്യങ്ങളിൽ നിന്ന് എന്നെ ഒഴിവാക്കുക. ( മൃൺമയി : ആമുഖം- എന്റെ കവിത, 1995:12)

തന്റെ കവിതകളുടെ അന്തർധാര സ്ത്രീസത്തയുടെ ആവിഷ്കാരം തന്നെയാണെങ്കിലും തനിക്ക് സാഹിത്യരംഗത്ത് കയറിയിരിക്കാൻ ഒരു സംവരണത്തിന്റെയും ആവശ്യമില്ലെന്ന് തുറന്നു പറയുകയാണ് ദേവി. ഇവിടെ ചെയ്തിരിക്കുന്നത്.

'എന്റെ കൺമണി' എന്ന കവിതയിൽ വളരെ വൈകിയാണെങ്കിലും തന്റെ ഉള്ളിലെ നോവുകൾ കവിതയിലൂടെ അവതരിപ്പിച്ച ദേവി തന്റെ കവിത പിറന്നതിനെക്കുറിച്ചാണ് പറയുന്നത്.

*എന്റെ കടശ്ശിക്കനി , എന്റെ കൺമണി*
*എന്റെ കവിത എനിക്കു തുണയിവൾ*
*നൊന്തു പിടഞ്ഞുരുളുമ്പോൾ പതുക്കെയെൻ*
*അന്തികേ വന്നു പതുത്ത കുഞ്ഞിക്കരം*
*നെഞ്ചിൽ തണുത്തൊരു പൂവിതൾ പോൽ വച്ചു*

*കൊഞ്ചിടുന്നു നോവു ഞാനെടുക്കട്ടെയോ.*

*(1975:71)*

ഇങ്ങനെയാണ് താൻ കവിതാരംഗത്തേക്ക് കടന്നു വന്നതെന്ന് ദേവി സൂചിപ്പിക്കുന്നു . കുടുംബിനിയായ സ്ത്രീയനുഭവിക്കുന്ന കഷ്ടതകളാണ് ' തനിച്ച്' എന്ന കവിതയിലെ പ്രമേയം. വീട്ടിൽ തനിച്ചാകുന്ന സ്ത്രീ നാലു ചുവരുകൾക്കുള്ളിലെ ഏകാന്തതയിൽ വീട്ടു ജോലികൾ ചെയ്തു തീർക്കുന്നു.[2]

പുറം ലോകവുമായി ബന്ധപ്പെടാനനുവാദമില്ലാതെ അടുക്കളയിലും വീട്ടിലും ഏകാന്തതയിൽ തളച്ചിടുന്ന ഈ വീട്ടമ്മ കഠിനമായ ഏകാന്തതയെ തോൽപ്പിക്കുന്നത് വീട്ടുജോലികൾ ചെയതു കൊണ്ടാണ്. ഭക്ഷണം പാകം ചെയ്യലും വീട് വൃത്തിയാക്കലും ഒരു വീട്ടമ്മയുടെ തീരാത്ത ജോലിയാണല്ലോ.

ദേവിയുടെ മറ്റൊരു വ്യത്യസ്തമായ കവിതയാണ് ' കണക്കുതീർക്കൽ' മനുഷ്യരെ സൃഷ്ടിച്ച് കഷ്ടതകളും കയ്പുനീരും അനുഭവിപ്പിക്കുന്ന ദൈവത്തോട് കണക്കു തീർക്കാനുണ്ടെന്നാണ് കവയിത്രി പറയുന്നത് ശക്തമായ ഭാഷയിൽ ദൈവത്തെപ്പഴിക്കുകയാണിവിടെ.

*ഒരുത്തനോടല്ലോ കണക്കു തീർക്കേണ്ടൂ*
*പടച്ചവൻ എന്നെ പടച്ചവൻ വെറും*
*പിഴച്ചവൻ ഒക്കെത്തുലച്ചവൻ ഓന്റെ*
*കണക്കൊരു ദിനം പിഴക്കുമന്നെന്റെ*
*കണക്കു തീർക്കും ഞാൻ നിനച്ചിരിക്കുന്നു*

*(1995:94)*

വിതച്ച് കൊയ്യാനും വരണ്ടപാറ തുരന്ന് കിണർ കുഴിച്ച് വെള്ളമുണ്ടാക്കാനും എല്ലാം അവൻ തന്നെയാണ് പഠിപ്പിച്ചതെങ്കിലും എല്ലാം അവന്റെ കളികളാണ്. എല്ലാറ്റിനും കാരണക്കാരനും അവൻ തന്നെയാണ്. അവനോടൊരിക്കൽ ഇതിനെല്ലാം പകരം ചോദിക്കുമെന്നാണ് കവയിത്രി പറയുന്നത്.

*സകലതിലും നീയൊരുവൻ കാരണം*
*സകലതും പടച്ചൊരുക്കിയെന്തിനോ*
*തറയിലാഞ്ഞെറിഞ്ഞുടച്ചു പിന്നതു*

*ചവിട്ടിത്തേച്ചരച്ചെടുക്കുവാൻ ഞങ്ങൾ*
*കുഴച്ച മണ്ണെന്നോ , മനുഷ്യരല്ലെയോ?*
*(1995:95)*

എന്ന ചോദ്യമുന്നയിച്ചു കൊണ്ടാണ് കവിത അവസാനിക്കുന്നത്. നിലവിലുള്ള സാമൂഹ്യവസ്ഥകളോടുള്ള പ്രതിഷേധം കൂടിയാണീക്കവിത.

**4.1.6 സരസ്വതി പൊന്നറ**

ദൈനംദിനജീവിതത്തിലെ പ്രശ്നങ്ങൾ കവിതയിലാവിഷ്കരിക്കുന്ന സര സ്വതി പൊന്നറ സ്ത്രീത്വം നേരിടുന്ന പല വെല്ലുവിളികളും പ്രമേയമാക്കികവിത കൾ രചിച്ചിട്ടുണ്ട്. കൂടുതലും മാതൃത്വത്തിന്റെ വേദനകളാണ് അവർ ആവിഷ്കരിക്കു ന്നത്. 'വ്യർത്ഥമോഹങ്ങൾ' എന്ന കവിതയിൽ ഉദ്യോഗസ്ഥരായ അമ്മമാരും അവ രുടെ കുഞ്ഞുങ്ങളും അനുഭവിക്കുന്ന വേദനകൾ ചിത്രീകരിക്കുന്നു. വളരെ കുറച്ചു ദിവസങ്ങൾ മാത്രം പ്രസവാവധി ലഭിച്ചിരുന്ന കാലത്ത് പിഞ്ചുകുഞ്ഞിനെ ഉപേക്ഷിച്ച് ജോലിക്കു പോകേണ്ടി വരുന്ന അമ്മമാരുടെ വേദന അക്കാലത്ത് സ്ത്രീകൾ അനുഭ വിക്കുന്ന പ്രധാന പ്രശ്നമായി കവയിത്രി ചൂണ്ടിക്കാട്ടുന്നു. അമ്മയും ഗൃഹിണിയു മൊക്കെയായ ഉദ്യാഗസ്ഥരുടെ സ്വകാര്യ ദു:ഖങ്ങൾ ആവിഷ്കരിക്കുന്ന ഒട്ടേറെ കവി തകൾ സരസ്വതിപൊന്നറയുടേതായിട്ടുണ്ട്. പിറന്നാൾ സമ്മാനം, ദിനക്കുറിപ്പുകൾ, മുത്തശ്ശിയുടെ ദുഖം, എന്നിവയെല്ലാം ഉദാഹരണങ്ങളാണ്.

'പിറന്നാൾ സമ്മാനം' എന്ന കവിത ജീവിതഭാരം പേറി മരുഭൂമിയിൽ ജോലിക്കു പോയ ഒരു സ്ത്രീയുടെ മകളുടെ ദു:ഖമാണ്. കുഞ്ഞിന്റെ പിറന്നാളിന് സമ്മാനം പാർസൽ അയച്ച അമ്മക്ക് മകളയച്ച കത്ത് വായിച്ച് നിസ്സഹയായി നിൽക്കുന്ന അമ്മയുടെ ദു:ഖം തന്മയത്വത്തോടെ ഈ കവിതയിൽ ചിത്രീകരിക്കുന്നു.

*സമ്മാനമൊന്നുമേ വേണ്ട, പിറന്നാളി*
*ന്നമ്മ വന്നെന്നൊപ്പമിരിക്കണം,സദ്യയിൽ*
*അമ്മതൻ കയ്യിാലുരുട്ടിത്തരുന്ന ചോ*
*റുണ്ണുവാനെന്നേ കൊതിക്കുന്നു കുഞ്ഞുമോൾ*
*(1984:23)*

ജോലിക്കു വേണ്ടി പുറത്തു പോകുന്ന അമ്മമാരുടെ മക്കൾ അനുഭവിക്കുന്ന ദു:ഖം ഹൃദയസ്പർശകമായി ഈ കവിതയിൽ എഴുതിയിരിക്കുന്നു.

സരസ്വതി പൊന്നറയുടെ 'വൈവാഹികം' എന്ന കവിത സ്ത്രീയിൽ ഉയർന്ന സ്വത്വബോധത്തിൻെറ ആവിഷ്ക്കാരമാണ്. സ്ത്രീധനത്തിൻെറ പേരിൽ വിവാഹം മുടങ്ങുമ്പോൾ അതിനെതിരെ ശക്തമായി പ്രതികരിക്കുന്ന പെൺകുട്ടിയെയാണ് 'വൈവാഹികം' എന്ന കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. സ്ത്രീധനം ചോദിച്ചെത്തിയ ചെറുക്കൻെറ കൂട്ടരോട് എനിക്കീ വിവാഹം വേണ്ടെന്ന് തുറന്നു പറയുവാൻ ധൈര്യം കാണിക്കുകയാണ് അവൾ.[3]

എന്നു പറയുന്ന പെൺകുട്ടി സ്ത്രീകൾ വിദ്യാഭ്യാസം നേടുന്നതിൻെറ പ്രാധാന്യവും എടുത്തുകാട്ടുന്നു. സ്ത്രീധനമെന്ന വിപത്ത് പെൺകുട്ടികളുടെ ജീവിതത്തെ എത്രത്തോളം ബാധിക്കുന്നുണ്ടെന്ന് മനസ്സിലാക്കി അത് നിർത്താൻ ശക്തമായി ആവശ്യപ്പെടുകയാണ് അവൾ ചെയ്യുന്നത്. സരസ്വതി പൊന്നറ അവതരിപ്പിച്ച ഈ പെൺകുട്ടി പ്രതികരിക്കാൻ ശേഷി നേടി ത്തുടങ്ങുന്ന സ്ത്രീ സമൂഹത്തിൻെറ പ്രതീകമാണ്.

### 4.1.7 ലതികാ നായർ (പറവൂർ ബി. ലതികാനായർ)

ആദിതാളം, കറുകമഴ,അംബിക അനുരഞ്ജനം, വിഷുക്കണി, ബാലകൈരളി പഞ്ചതന്ത്രം (നാലുഭാഗം) രാഷ്ട്രശില്പി (ലഘു ജീവചരിത്രം) എന്നിവയാണ് ലതികാ നായരുടെ കൃതികൾ. ജീവിതത്തിന്റെ വിവിധ വശങ്ങളെ മനോഹരമായി ആവിഷ്കരിക്കാൻ ലതികാ നായർ തന്റെ കവിതകളിലൂടെ ശ്രമിക്കുന്നു. തന്റെ ജീവി താഭിലാഷം വ്യക്തമാക്കുന്നതിങ്ങനെയാണ്.

*താന്തമാമീ രംഗഭൂമിയിൽ ജീവന്റെ*
*സാന്ത്വനമാകാൻ കഴിഞ്ഞുവെങ്കിൽ*
*പാറിപ്പറക്കും പറവയെപ്പോലൊരു*
*പാട്ടൊന്നു പാടാൻ കഴിഞ്ഞുവെങ്കിൽ*
*നീരറ്റു വാടും വയലിന്നു വറ്റാത്ത*
*നീർത്തുള്ളിയാകാൻ കഴിഞ്ഞുവെങ്കിൽ*

*(1983:14)*

ഈ കവിതയിൽ നിന്ന് നൈതിക മൂല്യബോധമുള്ള ഒരു കവയിത്രിയെ നമുക്ക് കാണാൻ കഴിയും

'കറുകമഴ' എന്ന സമാഹാരത്തിൽ ഇരുപത് കവിതകളാണുള്ളത്. അതിലെ 'തുലാഭാരം' എന്ന കവിതയിൽ സർവ്വം സഹയായ സ്ത്രീയെയാണ് കാണിച്ച് തരുന്നത്.

സ്ത്രീക്ക് പുരുഷാധിപത്യസമൂഹം കല്പിച്ചു കൊടുത്ത ജോലികൾ അവൾ തന്നെ ചെയ്യേണ്ടതാണെന്നും അതവളുടെ കടമയാണെന്നും തോന്നുന്നവിധത്തിലാണ് ഈ കവിത രചിച്ചിട്ടുള്ളത്. സ്നേഹസമ്പന്നയായ സ്ത്രീ ഭാര്യയും അമ്മയും ഒക്കെയായി വളരെയധികം ചുമതലകൾ വഹിക്കേണ്ടവളാണ്. സ്ത്രീ തന്റെ എല്ലാകഴിവും പുരുഷന് നൽകി അവനെ കേമനാക്കുന്നു. പക്ഷേ അവൻ തന്റെ അധർമ്മങ്ങൾ മറയ്ക്കുവാൻ വേണ്ടി അവളെ ഉപയോഗിക്കുന്നു

*നിന്നിന്ദ്രിയശ്വങ്ങൾക്ക്*
*സഞ്ചാര വീഥിയായ്*
*ധർമ്മ ഭംഗത്തിൻ*
*കഥകൾ മറയ്ക്കുവാൻ*
*കർമ്മ ബന്ധത്തിൽ*
*നുണകൾ മെനഞ്ഞു നീ*

*(2007:20)*

സ്ത്രീകൾ അനുഭവിച്ചു പോരുന്ന അടിച്ചമർത്തലുകൾ ആദികാലം മുതൽക്കു തന്നെയുള്ളതാണെന്ന് കവയിത്രി സൂചിപ്പിക്കുന്നു. അഹല്യക്ക് മോക്ഷപ്രാപ്തി ലഭിച്ചെങ്കിലും സ്ത്രീയുടെ ദു:ഖം അന്നു മുതൽ തുടങ്ങിയിരിക്കുന്നു. പതിവ്രതയായ സീതയെപ്പോലും ചാരിത്ര്യശുദ്ധി തെളിയിക്കാനുള്ള പരീക്ഷണത്തിനു വിധേയമാക്കിയില്ലേ? സ്നേഹത്തിന്റെ പേരിൽ, രാധ, സാവിത്രി, ലീലാവതി, ദമയന്തി അങ്ങനെയെത്രയെത്ര പേർക്ക് ദു:ഖം അനുഭവിക്കേണ്ടി വന്നു. ഇതൊക്ക പൊയ്മുഖം അണിഞ്ഞ പുരുഷന്റെ ചെയ്തികളല്ലായിരുന്നോ? പുരാണകഥാപാത്രങ്ങളെ നിരത്തിനിർത്തി പുരുഷാധിപത്യത്തിനെതിരെ ശക്തമായ ചോദ്യങ്ങൾ ഉന്നയിക്കുന്നു കവയിത്രി.

ഭൂമിയെപ്പോലെ സർവ്വം സഹയായി വർത്തിക്കുന്ന സ്ത്രീയുടെ ക്ഷമയാണ് എല്ലാം സഹിക്കാൻ അവളെ പ്രാപ്തയാക്കിയത്. അവൾ സ്വയം മാറിക്കൊടുക്കുകയായിരുന്നു എന്ന് കവയിത്രി സൂചിപ്പിക്കുന്നു.

*മേൽ വരിപ്പല്ലായി*
*നീ വിളങ്ങീടുവാൻ*

*കീഴ് വരിപ്പല്ലായ്*

*ഒതുങ്ങിയതാണു ഞാൻ*

*എങ്കിലുമെന്നും*

*നിനക്കു ശോഭിക്കുവാൻ*

*എന്ന മറച്ചു*

*പിടിക്കേണ്ടിവന്നുവോ?*

*(2007:21)*

എന്നാണ് കവയിത്രി ചോദിക്കുന്നത്.

സ്ത്രീകളനുഭവിക്കുന്ന അടിച്ചമർത്തലുകളെ പരാമർശിക്കുന്ന മറ്റൊരു കവിതയാണ് 'ഭഗവതിത്തെയ്യം' ചരിത്രത്തിന്റെ പലഘട്ടങ്ങളിൽ സ്ത്രീക്ക് കല്പിച്ചു കൊടുത്തിട്ടുള്ള പല മുഖങ്ങളും ഈ കവിതയിൽ ചിത്രീകരിക്കുന്നു. ഈ ജീവിതയാത്രയിൽ പുരുഷന്റെ സഹായിയും സഹവർത്തിയുമൊക്കെയായി സ്ത്രീയുണ്ട്. സ്ത്രീകളെ ദേവതകളെപ്പോലെ പൂജിക്കുന്ന കാലം വരണമെന്നാണ് കവയിത്രി ആഗ്രഹിക്കുന്നത്

മനോഹരമായ സന്ധ്യാവർണ്ണനയുള്ള കവിതയാണ് ' ഒരു ദ്വാപരസന്ധ്യയിൽ' ഓട്ടുകുടമണികുലുക്കിക്കൊണ്ടന്തിയണയുന്നു എന്നാണ് സന്ധ്യയുടെ വരവിനെ കവയിത്രി വർണ്ണിച്ചിരിക്കുന്നത്

ജീവിതത്തിന്റെ തീക്ഷ്ണാനുഭവങ്ങൾ കവിതയിലാവിഷ്കരിക്കാൻ ലതികാ നായർ ശ്രദ്ധിച്ചിരുന്നു. ചെറുപ്പത്തിൽ തന്നെ കവിതകളെഴുതിയിരുന്ന ലതികാ നായർ അധ്യാപികയും ജേർണലിസ്റ്റുമായിരുന്നു. അതുകൊണ്ടു തന്നെ വളരെ പക്വമായ ഒരു സമീപനം അവരുടെ കവിതകളിൽ കാണാം.'പിള്ളേരടച്ചൻ' എന്ന കവിതയിലെ സ്ത്രീ സമൂഹത്തിൻെറ മുന്നിൽ നിരാശ്രയയും അവഗണിക്കപ്പെട്ടവളുമായി എന്നും നിലനിൽക്കുന്നു. 'എന്നാലിനി പക്ഷേ കാലത്തേ കാണാം' എന്ന് കൂട്ടുകാരിയോട് പറയുന്ന ആ സ്ത്രീയുടെ വാക്കിൽ എന്നും മദ്യപിച്ചു വരുന്ന തൻെറ ഭർത്താവിൻെറ മർദ്ദനത്തെ താൻ അതിജീവിക്കുമോ എന്ന സംശയമാണ് നിഴലിക്കുന്നത്.

'തുലാഭാരം' എന്ന കവിതയിൽ അടിച്ചമർത്തപ്പെട്ട സ്ത്രീത്വത്തെ തുറന്ന് കാട്ടുന്നു.

പുരുഷന്റെ പാതിയാണ് സ്ത്രീ എന്ന സങ്കൽപ്പത്തെ കവയിത്രി വിമർശിക്കുന്നു. എക്കാലത്തും ഇത്തരം സങ്കൽപ്പങ്ങളാൽ സ്ത്രീയെ അടിമയാക്കിവെക്കുന്ന സമൂഹത്തിന് നേരെയുള്ള വിമർശനമാണീ കവിത.

*സീതയെന്നോതി പരീക്ഷണശാലയിൽ*
*പാതിവ്രത്യത്തിന്നിഴ വേർതിരിച്ചതും*
*രാധയെന്നെന്നെ വിളിച്ചുലാളിച്ചൊരാ*
*കോലക്കുഴൽ വിളി താനേയകന്നതും*
*സാവിത്രിയായ് ദമയന്തിയായ് സുസ്നേഹ*
*ശീലാവതിയായ് പ്രകീർത്തിച്ചതും*
*ഭൂതകാലത്തിൻെറ പൊയ്മുഖമൂടികൾ*
*രാജഭോഗത്തിൻെറ കൈനഖപ്പാടുകൾ*

(1995 : 21)

ഇത്തരം നഖപ്പാടുകളിൽ നിന്ന് മുക്തി നേടേണ്ട സ്ത്രീയേയാണ് ഈ കവിതയിൽ കവയിത്രി അവതരിപ്പിക്കുന്നത്. ആരു വലിയവൻ, ആരു ചെറിയവൻ എന്നു തൻെറ സ്ഥാനം ഉറപ്പിക്കാൻ വേണ്ടി ശ്രമിക്കുന്ന ഭർത്താവിന് മുമ്പിൽ സർവ്വം സഹയാകുകയാണ് ഈ കവിതയിലെ സ്ത്രീ. എങ്കിലും സ്ത്രീ സ്വത്വബോധത്തിൻെറ ഉണർവ്വ് അവളിലും ഉണ്ടാകുന്നുണ്ട്.

### 4.1.8 നളിനകുമാരി

മഴവില്ല്, വനമാല, രാപ്പാടികൾ, തുടങ്ങിയ കാവ്യസമാഹാരങ്ങളിലൂടെ വ്യക്തിജീവിതത്തിലെ വിഷാദം വളരെ ഹൃദയസ്പർശകമായി അവതരിപ്പിച്ച കവയിത്രിയാണ് നളിനകുമാരി. ആശയഗൗരവം ഇവരുടെ കവിതകളുടെ പ്രത്യേകതയാണ്. അന്തർധാരയായി ശോകം എല്ലാ കവിതകളിലും കാണുന്നു. 'രാപ്പാടികൾ' എന്ന കവിതാസമാഹാരത്തിലെ പുരാണകഥാപാത്രങ്ങളെ അവലംബമാക്കിയിട്ടുള്ള മൂന്ന് കവിതകളാണ് 'വാൽമീകത്തിൽ', 'രാമ ഭൃഗുരാമ' , 'ഊർമ്മിളേനിന്നെയോർത്ത്' എന്നിവ. ഈ മൂന്നു കവിതകളിലും സ്ത്രീത്വം നേരിടുന്ന വെല്ലുവിളികൾ നളിനകുമാരി ആവിഷ്കരിച്ചിരിക്കുന്നു.

യുവതിയായ ഊർമ്മിളയെ ഉപേക്ഷിച്ച് ധർമ്മപരിപാലനത്തിനായി ജ്യേഷ്ഠനോടൊപ്പം പോയ ലക്ഷ്മണൻ സ്വന്തം കാര്യത്തിൽ താൻ ചെയ്യുന്നത് ധർമ്മമാണോ അധർമ്മമാണോ എന്ന് ചിന്തിച്ചതേയില്ല. യുവത്വത്തിന്റെ മോഹങ്ങളും

മോഹഭംഗങ്ങളും പ്രതീക്ഷകളും സ്വപ്നങ്ങളുമെല്ലാം ഊർമ്മിള അടക്കി വച്ചു. ഭർത്താവിനാൽ അവൾ പാടെ അവഗണിക്കപ്പെട്ടു. ലക്ഷ്മണനെ സംബന്ധച്ചിട ത്തോളം ഭാര്യക്ക് ഒരസ്തിത്വമുണ്ടെന്ന ചിന്ത പോലുമുണ്ടായിരുന്നില്ല.വിജയം ലക്ഷ്യ മാക്കിക്കൊണ്ട് പറന്നു മുന്നേറിനിന്ന പുരുഷനാൽ അവഗണിക്കപ്പെടുന്ന സ്ത്രീത്വം ധാരാളമുണ്ട്. അത്തരത്തിലുള്ള പുരുഷന്റെ പ്രവൃത്തിയെയാണ് ഇവിടെ ചോദ്യംചെ യ്യുന്നത്.

'രാമഭൃഗുരാമ' എന്ന കവിതയിൽ മാതാവാണ് പുരുഷനീതിയെ ചോദ്യം ചെയ്യുന്നത്.സ്ത്രീക്കും പുരുഷനും വെവ്വേറെ നീതിയും നിയമവും കൊണ്ടു വന്നത് പുരുഷാധിപത്യസമൂഹം തന്നെയാണ്. തന്നിൽ തെറ്റായ മോഹമുണർന്നു എന്ന പേരിലാണ് തന്റെ ഭർത്താവ് തന്റെ മകനോട് അമ്മയുടെ ജീവനെടുക്കാൻ ആവ ശ്യപ്പെട്ടത്. എന്നാൽ ഒരു പാട് മുനിശ്രേഷ്ഠന്മാർ സ്ത്രീകളിൽ കാമമോഹമാർന്നിരു ന്നതായി നാം കാണുന്നു. പക്ഷേ അതിനു പരിഹാരമായി മകനോട് അച്ഛനെ വധി ക്കാൻ ഒരമ്മയും കല്പിച്ചതായിക്കാണുന്നില്ല എന്ന രേണുകയുടെ ആരോപണം പുരുഷാധിപത്യ സമൂഹത്തിനുനേർക്കുള്ളതാണ്. അഹല്യയെ പതിതയായി വിധിച്ച തിനെയും രേണുക ചോദ്യം ചെയ്യുന്നു. അന്നത്തെ പുരുഷനീതി അവളെ പതിത യായ് വിധിച്ചെങ്കിലും പിന്നീട് പഞ്ചകന്യകമാരിലെ ഒന്നാമതായി ലോകം വാഴ്ത്തുക യാണ് ചെയ്യുന്നത് എന്നും കവയിത്രി ഓർമ്മപ്പെടുത്തുന്നു. പുരുഷാധിപത്യവ്യവസ്ഥ യിലെ പക്ഷപാതപരമായ ശിക്ഷാരീതിയെ കവയിത്രി പരിഹസിക്കുന്നു. ഇന്നും സ്ഥിതി മറിച്ചല്ല. തെറ്റു ചെയ്യുന്ന സ്ത്രീയെ ലോകം പഴിക്കുന്നു. അവൾ വലിയ ശിക്ഷ ഏറ്റു വാങ്ങേണ്ടി വരുന്നു. എന്നാൽ പുരുഷനെ അതൊന്നും ബാധിക്കില്ല. താൻ ഓമനിച്ച് വളർത്തിയ മകനാണ് തന്റെ കഴുത്തറുക്കാൻ വരുന്നത്. അവനെ വിചാരണ ചെയ്യുകയാണ് അമ്മ.

*കുഞ്ഞുമേനി ചെറിയപോറൽ പോലു മേറ്റിടാതെഞാൻ*
*നെഞ്ഞിലേറ്റിയമൃത മൂട്ടിഹാ, വളർത്ത പൈതലേ*
*എന്റെ ജീവരക്ത മുണ്ടുമിയന്ന കൈയിനാ-*
*ലെൻ കഴുത്തുഞെരിക്കുവാൻ തുനിഞ്ഞതേയിമട്ടചന്റ*

*(2014:117)*

എന്നിങ്ങനെ അതിന്റെ പിന്നിലെ നീതിയെ കവയിത്രി ചോദ്യം ചെയ്യുന്നു. എല്ലാറ്റി ന്റെയും അധികാരി പുരുഷന്മാർ മാത്രമാകുന്നത് തിരിച്ചറിയുന്ന സ്ത്രീയെയാണ് ഇവിടെ കാണുന്നത്.

*പരിത്യജിച്ചതെന്തവളെ നീ പുണ്യ*

*ചരിത്രയാണെന്നറിഞ്ഞ ശേഷവും*

*ഇതിഹാസം ചമച്ചമരത്വമാളാൻ*

*സതിയുടെ കണ്ണീരൊഴുക്കണമെന്നോ*

*നൃപന്റെ നീതിയെ പരിപാലിക്കുവാൻ*

*നരധർമ്മം പോലും ത്യജിക്കണമെന്നോ?*

*(2014:117)*

'വാത്മീകത്തിൽ' എന്ന കവിതയിലെ ഈ വരികൾ സീതയെ ഉപേക്ഷിച്ച രാമനോടുള്ള വിമർശനമാണ്. ആശാന്റെ 'ചിന്താവിഷ്ടയായ സീത' യുടെ ചോദ്യങ്ങളെ അനുസ്മരിപ്പിക്കുന്ന ഈ വരികൾ എക്കാലത്തും പ്രസക്തമാണ്. രാജാവിന്റെ നീതി നടപ്പിലാക്കാൻ നരധർമ്മം മറയ്ക്കുകയാണ് രാമൻ ചെയ്തത് എന്നത് ആരും സമ്മതിച്ചു പോകും.

ഇത്തരത്തിൽ പുരാണസന്ദർഭങ്ങളിൽ നിന്നും കാണുന്ന ജീവിതങ്ങളിൽ നിന്നുമെല്ലാം കവിതക്ക് വിഷയങ്ങൾ കണ്ടെത്തുന്നുണ്ട് നളിനകുമാരി.

'ആശയഗൗരവവും ആവിഷ്കരണ ചാതുരിയും ഭാവദീപ്തിയും ഇണങ്ങിച്ചേർന്ന കവിത' എന്നാണ് ഡോ.എം ലീലാവതി 'സ്ത്രീസ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ' എന്ന കൃതിയിൽ ഈ കവിതകളെ വിശേഷിപ്പിക്കുന്നത് ( 2008:229)

### 4.1.9 മാധവിക്കുട്ടി.കെ.വാര്യർ

പ്രതിഷ്ഠ എന്ന പേരിൽ കാവ്യസമാഹാരം പ്രസിദ്ധീകരിച്ച് കവിതാ സാഹിത്യത്തിൽ ഇടം കണ്ടെത്തിയ കവയിത്രിയാണ് മാധവിക്കുട്ടി.കെ.വാര്യർ. സാഹിത്യത്തിലെന്ന പോലെ സംഗീതത്തിലും നൈസർഗ്ഗികമായ കഴിവുണ്ടായിരുന്ന എഴുത്തുകാരിയാണ് അവർ സമൂഹത്തിലെ വൈകല്യങ്ങൾ ആവിഷ്കരിച്ച് കൊണ്ടല്ല മാധവിക്കുട്ടി തന്റെ കർതൃത്വം കവിതയിൽ കൊണ്ടു വന്നത്. പ്രപഞ്ചത്തിലെ നന്മകളെ മാത്രം തെരഞ്ഞെടുത്ത് തന്റെ കവിതകളിലൂടെ അവർ അവതരിപ്പിക്കുന്നു. അതു കൊണ്ടു തന്നെ നിഷേധ ഭാവങ്ങളോ അസ്തിത്വ ദു:ഖമോ ഒന്നും തന്നെ അവരുടെ കവിതകളിൽ കണ്ടെത്താൻ കഴിയുന്നില്ല. കവിത അവർക്ക് 'വൻമണൽകാടൊരു പച്ചപ്പുൽ കൂമ്പുപോലെ നന്മ ചൂടിയസൗഭഗ'മാണ് എന്നവർ തന്നെ

പറയുന്നുണ്ട്.(1981:6)സമൂഹത്തിൽ കാണുന്ന തിന്മകളെയെല്ലാം മാറ്റി അവയിലെല്ലാം നന്മകൾ ദർശിക്കാനാണ് കവയിത്രി ഇഷ്ടപ്പെടുന്നത്.

*കരഞ്ഞു കലങ്ങിയ കൺകളും പ്രപഞ്ചത്തിൽ*

*ചിര സൗഹൃദം കരുത്തേകിയ കരളുമായ്*

*കവിതപ്പൂമാല കോർക്കുമ്പോൾ*

*(1981:22)*

ആ പ്രവർത്തി വളരെ ശ്രേഷ്ഠവും ദിവ്യവുമാണെന്ന് കവയിത്രി കരുതുന്നു.

ഉൽകൃഷ്ടഭാവങ്ങളെ മാത്രം കവിതയിലാവിഷ്കരിക്കുക എന്നത് മാധവിക്കുട്ടി .കെ വാര്യരുടെ സവിശേഷതയാണ്, ജ്ഞാനം ,പ്രതിഷ്ഠ,ക്ഷണിക ദർശനം തുടങ്ങി ഈ സമാഹാരത്തിലെ ഏത് കവിതയെടുത്ത് പരിശോധിച്ചാലും ഇത് ബോധ്യമാകും.

**4.1.10 രാജലക്ഷ്മി**

സ്ത്രീയെന്ന നിലയിലുള്ള തന്റെ നിലനിൽപ് സമൂഹത്തിൽ എങ്ങനെയാണെന്ന് സ്വയം വിലയിരുത്തിക്കൊണ്ടാണ് രാജലക്ഷ്മി കവിതകൾ എഴുതുന്നത്. ജീവിതം വളരെ സത്യസന്ധമായി വിശകലനം ചെയ്യുകയാണ് കവയിത്രി. സ്ത്രൈണം എന്ന കവിതയിൽ പുരുഷാധിപത്യ വ്യവസ്ഥയോടുള്ള എതിർപ്പ് പ്രകടമാകുന്നു.

*പഴുതുകളെല്ലാം*

*അടച്ച് പടുത്തുയർത്തിയ*

*ദാമ്പത്യ ദ്വീപിൽ*

*തക്ഷകനെത്തുന്നത്*

*ഭർത്താവായി രൂപാന്തരപ്പെട്ടു തന്നെ*

*(2000:12)*

ഭർത്താവിന്റെ പ്രതീകമായി രക്ഷകനെയാണ് ഈ കവിതയിൽ കൊണ്ടു വന്നിരുക്കുന്നത്. ഭർത്താവ് വരുന്നതോടെ സ്ത്രീയുടെ സകല സ്വാതന്ത്ര്യവും നഷ്ടപ്പെടുന്നു. വാക്കുകൾക്കും പ്രവർത്തികൾക്കും എന്തിന് ഉറക്കത്തിൽ പോലും അതിരുകൾ കല്പ്പിക്കപ്പെടുന്നു. എല്ലാവരും കയ്യൊഴിഞ്ഞപ്പോഴും സീതയെ തന്റെ മാറോടു ചേർത്തണക്കാൻ സർവ്വംസഹയായ അമ്മ ഭൂമിദേവിയുണ്ടായിരുന്നു. ഭർതൃരൂപം ധരിച്ച തക്ഷകരിൽ നിന്നും അഗ്നിപരീക്ഷകളിൽ നിന്നും മകളെ തിരിച്ചു വിളിക്കാൻ

ഇന്നത്തെ അമ്മമാർക്കൊന്നും കഴിവില്ല എന്ന പൊള്ളിക്കുന്ന യാഥാർത്ഥ്യമാണ് 'സ്ത്രൈണം' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

'ദാമ്പത്യമുന്നണി' എന്ന കവിതയിലും കുടുംബത്തിനുവേണ്ടി എല്ലാ പ്രയാസ ങ്ങളും സഹിക്കുന്ന സ്ത്രീയെയാണ് കാണിച്ചു തരുന്നത്.

**4.1.11 കനകശ്രീ**

സ്ത്രീത്വത്തിന്റെ ആവിഷ്കാരമായി എടുത്തുകാണിക്കാവുന്ന കനകശ്രീയുടെ രചനയാണ് 'കളത്രദ്രോഹി' നമ്മുടെ പുരാണത്തിലെ പുരുഷന്മാരെ നിശിതമായി കുറ്റവിചാരണ നടത്തുന്ന രീതിയാലാണ് ഇതിന്റെ രചന. സ്ത്രീകൾ അനുഭവി ക്കുന്ന യാതനകളും നീതിക്കും ധർമ്മത്തിനും വേണ്ടി ആഗ്രഹിക്കുന്ന സ്ത്രീ മന സ്സിന്റെ തേങ്ങലുകളും ആവിഷ്കരിക്കുന്ന മറ്റ് കവിതകളാണ്, 'പൂക്കുന്നമാവ്','മാ ംസപ്പൊതി' തുടങ്ങിയവ സ്നേഹവും ധർമ്മവും മറന്ന് ഭാര്യമാരെ കയ്യൊഴിഞ്ഞ നളൻ, ഹരിശ്ചന്ദ്രൻ, ധർമ്മപുത്രർ തുടങ്ങിയവരുടെ നേരെയുള്ള കവിയുടെ അമർഷമാണ്

*പെണ്ണിനെ വിശേഷിച്ചു ഭാര്യയെ ദ്രോഹിച്ചൊരു*
*പൊണ്ണന്മാരീവരെന്നും പുരാണപ്രമാണികൾ*
*സ്വാർത്ഥതാല്പര്യത്തിനായ് സ്വന്തമർദ്ധാംഗിമാരെ*
*സ്വാതന്ത്ര്യ പൂർവ്വം കരുവാക്കിയോരാരാദ്ധ്യന്മാർ*
*ധാരളമിക്കാലത്തും നമ്മൾക്കിവിടെക്കാണാം*
*ശ്രീരാമ ഹരിശ്ചന്ദ്ര നളധർമ്മജന്മാരെ.*

*(1990:190)*

എന്നിങ്ങനെയാണ് കവിതയുടെ അവസാനം സ്വന്തം പേരിനും പ്രശസ്തിക്കും വേണ്ടി ഭാര്യമാരെ ബലിയാടാക്കുന്ന എത്രയോ പുരുഷ്ന്മാർ ഇന്നും സമൂഹത്തിൽ ഉണ്ട് എന്ന് കവയിത്രി ചൂണ്ടിക്കാണിക്കുന്നു.

'പൂക്കുന്നമാവ്' എന്ന കവിതയിൽ വിവാഹിതരും അമ്മമാരുമായ സ്ത്രീകളെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. പൂക്കാത്ത മാവിന് യാതൊരു പ്രയാസവും അനുഭവി ക്കേണ്ടെന്നും പൂക്കുന്ന മാവ് മറ്റുള്ളവരുടെ കല്ലേറു കൊണ്ടും ഭർത്സനം കൊണ്ടും ക്ഷീണിതയാകുന്നു എന്നും കവയിത്രി പറയുന്നു. എങ്കിലും എത്ര കഷ്ടപ്പെട്ടാലും തേന്മാവ് പൂക്കുകയും കായ്ക്കുകയും ചെയ്യാതിരിക്കില്ല.

*അന്നുമീ തേന്മാവു പൂക്കുന്നു കായ്ക്കുന്നു*

*ധന്യതക്കു നമസ്കാരം*

*(1990:193)*

എന്നാണ് കവയിത്രി പറഞ്ഞവസാനിപ്പിക്കുന്നത്.

ലോക ശ്രദ്ധയാകർഷിക്കാനോ പ്രസിദ്ധി നേടാനോ അല്ല കനകശ്രീ കവിതയെഴുതിയത്. അവരുടെ മനസ്സിൽ തോന്നുന്ന ആശയങ്ങളും സങ്കൽപ്പങ്ങളും വെറുതെ കടലാസിൽ കുറിച്ചിടുന്നു എന്നുമാത്രം. ഈ ആശയങ്ങളെയും വികാരങ്ങളെയും ചമത്കരിക്കാനോ കവിതക്ക് ഭംഗികൂട്ടുവാനോ ഒന്നും അവർ ശ്രമിച്ചിരുന്നില്ല. അയത്ന ലളിതമായി തനിക്കു പറയാനുള്ള കാര്യങ്ങൾ തന്റെ സംസാര ഭാഷയിൽ തന്നെ കുറിച്ചിടുകയായിരുന്നു കനകശ്രീ.

## 4.2 സ്ത്രീസ്വത്വാവിഷ്കാരം

സ്ത്രീവാദം, ദളിത്‌വാദം പാരിസ്ഥിതികാവബോധം ഇവയിലൂടെയൊക്കെ രൂപപ്പെട്ടു വന്ന പുതിയ ഭാവുകത്വപരിസരം ജന്മം നൽകിയ കവിതകളാണ് തൊണ്ണൂറുകളുടെ ആരംഭം തൊട്ടിങ്ങോട്ട് മലയാള കവിതയിൽ വ്യത്യസ്താനുഭവങ്ങൾ സൃഷ്ടിച്ചത്. സ്ത്രീക്കുമാത്രം സാദ്ധ്യമാവുന്ന ചില കാഴ്ചകളിലൂടെയും ശരീരത്തിലും സ്ത്രൈണാനുഭവ തലത്തിലും ഉള്ള വ്യത്യസ്തതകൾ സൂക്ഷ്മതയോടെ അടയാളപ്പെടുത്തുന്നതിലൂടെയുമൊക്കെയാണ് പുതിയ സ്ത്രീ കവിത അതിന്റെ സാന്നിദ്ധ്യം ഉറപ്പിച്ചത്.

ഇന്നുവരെ സ്ത്രീ സ്വയം കണ്ടിട്ടില്ല. അവൾ പുരുഷന്റെ കണ്ണിലൂടെയാണ് തന്നെ കണ്ടത്. അവന്റെ അഭിലാഷങ്ങൾകൊത്ത് വർണ്ണിക്കപ്പെടുകയാണ് ചെയ്തത്. സ്ത്രീ അവളെത്തന്നെ കാണാൻ തുടങ്ങുന്നതോടെ സ്വന്തം സ്വത്വത്തെ പ്രതിനിധീകരിക്കാൻ അവൾ നവീന രൂപങ്ങൾ കണ്ടെത്തുന്നു. അപ്പോൾ തന്നെപ്പറ്റി പറഞ്ഞതിലധികം പറയാത്തതാണെന്ന് അവൾ തിരിച്ചറിയുന്നു. അതോടെ തങ്ങളുടെ അനുഭവങ്ങൾ വളച്ചു കെട്ടില്ലാതെ അവർ ആവിഷ്കരിക്കുന്നു

കാലം നൽകിയ കരുത്താർജ്ജിച്ച് കൊണ്ട് സ്ത്രീകൾ കൂടുതൽ ശക്തയും കാര്യപ്രാപ്തിയുമുള്ളവളായിത്തീരുമ്പോൾ തന്നെ മറുവശത്ത് അവൾ അതീവ ദുർബലയും അത്യന്തം പീഡിസ്ഥിതയുമായിത്തീരുന്ന ഒരു സാഹചര്യമാണ് ഇന്ന് കാണാൻ കഴിയുന്നത് .ഇങ്ങനെയൊരു വിരുദ്ധാവസ്ഥയിൽപ്പെട്ടുഴലുകയും ആ

വൈരുദ്ധ്യത്തിന്റെ പ്രായോഗികവും ദാർശനികവുമായ വ്യഥകൾ അവയുടെ വിവിധ ഭാവങ്ങളിൽ അനുഭവിക്കേണ്ടി വരികയും അത് സ്വരചനകളിലൂടെ ആവിഷ്കരിക്കു കയും ചെയ്യുന്ന സ്ത്രീയാണ് ഇന്ന് നമ്മുടെ കവിതാ രംഗത്തുള്ളത്. അത്തരം സ്ത്രീ രചനകൾ പരിശോധിച്ച് അവയിലെ സ്ത്രീത്വത്തിന്റെ ആവിഷ്കാരം അപഗ്രഥിക്കുക യാണ് ഇവിടെ ചെയ്യുന്നത്.

### 4.2.1 വിജയലക്ഷ്മി

ബാലാമണിയമ്മയും സുഗതകുമാരിയും സഞ്ചരിച്ച വഴികളിലൂടെ സഞ്ചരിച്ച് സ്ത്രീസ്വത്വാവബോധത്തിന്റെ ചരിത്രപരമായ വികാസം പ്രഖ്യാപിക്കുന്ന കവിതക ളാണ് വിജയലക്ഷ്മി എഴുതിയിട്ടുള്ളത്. മൃഗശിക്ഷകൻ,തച്ചന്റെ മകൾ എന്നീ രണ്ടു കവിതാ സമാഹാരങ്ങൾ കൊണ്ട് തന്നെ വിജയലക്ഷ്മി സ്ത്രീയവസ്ഥയുടെ തിരിച്ച റിവിന്റെയും മിറകടക്കലിന്റെയും വൈകാരികതലം സ്വന്തം കവിതകളിലൂടെ ശക്ത മായി ആവിഷ്കരിക്കുന്നു, സ്ത്രൈണകർതൃത്വത്തിന്റെ ഉദാഹരണങ്ങളായ വിജയലക്ഷ്മിയുടെ കവിതകൾ പ്രമേയത്തിലും ആഖ്യാനത്തിലും വൈവിധ്യവും വൈചിത്ര്യവും പുലർത്തുന്നവയായിരുന്നു. മഴതൻ മറ്റേതോ മുഖം ഒറ്റമണൽത്തരി,മ ഴയ്ക്കപ്പുറം, അന്ത്യപ്രലോഭനം, അന്ധകന്യക, ഹിമസമാധി, വിജയലക്ഷ്മിയുടെ കവിതകൽ തുടങ്ങിയവയാണ് മറ്റു കാവ്യ സമാഹാരങ്ങൾ, വ്യവസ്ഥിതിക്ക് കീഴട ങ്ങുന്നവരും വ്യവസ്ഥിതിയുടെ ചട്ടക്കൂടിൽ നിന്ന് പുറത്തേക്ക് രക്ഷപ്പെടുന്നവരുമായ സ്ത്രീ കഥാപാത്രങ്ങളെ കവയിത്രി ചിത്രീകരിച്ചിട്ടുണ്ട്. പെൺ മനസ്സിന്റെ ഉദാത്ത മായ ഭാവങ്ങളെയാണ് വിജയലക്ഷ്മി കവിതകളിൽ അവതിരിപ്പിച്ചിരിക്കുന്നത്.

നിലവിലുള്ള അവസ്ഥ തടവറയാണെന്നറിയുമ്പോഴും അതിൽ നിന്ന് രക്ഷ നേടാൻ കരുത്തു നേടാത്ത സ്ത്രീകളെ ആവിഷ്കരിക്കുന്ന വിജയലക്ഷ്മിയുടെ കവിതകളാണ് 'മൃഗശിക്ഷകൻ', 'കൗസല്യ', 'പ്രാർത്ഥന' എന്നിവ.

അഭയമായിത്തീരേണ്ടവൻ ഭയമായിത്തീരുകയെന്ന വിപര്യയത്തിന്റെ പ്രതീ കാത്മകവും തീവ്രവുമായ സ്ത്രീപക്ഷാനുഭവമാണ് വിജയലക്ഷ്മിയുടെ മൃഗശിക്ഷ കൻ.കവിതയുടെ ബാഹ്യഘടന ശിക്ഷകനും മൃഗവുമാണ്. എന്നാൽ ആന്തരിക ഘടനയിൽ അസ്വതന്ത്രയായ മൃഗം സ്ത്രീയും അതിനെ തന്റെ താൽപ്പര്യങ്ങൾക്കനു സരിച്ച് ശിക്ഷാമുറകളിലൂടെ പരിശീലിപ്പിച്ചെടുക്കുന്ന ശിക്ഷകൻ പുരുഷനുമാകുന്നു.

കവിതയിൽ താൻ തടവിലാണെന്ന മൃഗത്തിന്റെ തിരിച്ചറിവ് സ്വാതന്ത്ര്യബോധ മായി വികസിക്കുന്നു.

*വനത്തിലേക്കെന്റെ വപുസ്സു പായു-*

*വാൻ വിറയ്ക്കുന്നു*

*(2012:13)*

*ഇടക്കെന്റെ തൃഷ്ണകൾ കുതറിച്ചാടുന്നു*
*ഞാൻ മൃഗമാണെങ്കിലുമരുതിനിക്കൂട്ടിൽ*
*കുടുങ്ങിക്കൂടുവാൻ*

*(2010:14)*

*പറയൂ പാവയോ മൃഗം*

*(2010:14)*

തടവിലായ മൃഗത്തിന്റെ സ്വാതന്ത്ര്യ സ്വപ്നമാണ് വനം, പാവ, കൂട് എന്നീ തടവു ചിഹ്നങ്ങൾ. അടിമത്തം തിരിച്ചറിഞ്ഞതിന്റെ തെളിവാണത്. ഇവയെ മറികട ക്കാനുള്ള ശ്രമങ്ങളോരോന്നും മിഴികൊണ്ടും വിരൽത്തുമ്പു കൊണ്ടും ശിക്ഷകൻ നേരിടുന്നു. ശിക്ഷകന്റെ വിരൽ മുനകളിലെ ശിക്ഷാമുറകൾ ഉയർന്നു താഴുന്ന ചാട്ട യായി. നോട്ടവും ചിരിയും ചാട്ടയും മാത്രമല്ല തീചക്രപലകയും മൃഗത്തിന്റെ സ്വാത ന്ത്ര്യതൃഷ്ണയെ നിയന്ത്രിക്കുന്നു.

*നിറകൺ മുന്നിലീ*
*ച്ചുവന്ന തീച്ച്രക്രം,വലയത്തിന്നക*
*ത്തിടം വലം നോക്കാതെടുത്തു ചാടണം*
*ഇതെത്ര കാലമായ് പഠിച്ചു ഞാൻ*

*(2010:13)*

നൂറ്റാണ്ടുകളായി പുരുഷനിർമ്മിത വലയമാകുന്ന വ്യവസ്ഥക്കകത്ത് ഇടം വലം നോക്കാതെ അവന്റെ താൽപര്യങ്ങൾക്കും ആജ്ഞകൾക്കും അനുസരിച്ച് എടുത്തു ചാടുകയായിരുന്നു സ്ത്രീ. അതുകൊണ്ടാണ് നാട്, കുടുംബം എന്നീ വ്യവസ്ഥകൾക്കപ്പുറമുള്ള കാട് കവിതയിൽ സ്വാതന്ത്ര്യചിഹ്നമായി മാറുന്നത്.[4] മൃഗം സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. എന്നാൽ ശിക്ഷകന് കീഴ്പ്പെട്ട് അസ്വതന്ത്രനായിതുട രുന്നതിനാൽ സമാധാനം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. സുരക്ഷിതത്വത്തെക്കുറി ച്ചുള്ള ഉത്കണ്ഠയാണ് ശിക്ഷകനോടുള്ള ഭയവും വിധേയത്വവുമായി മാറുന്നത്. 'തോളിലിടിഞ്ഞു താഴുന്നെന്നഭിമാനം','കുനിയുന്നു കൺകളവന്റെ നോട്ടത്തിൽ', 'തളരുന്നു ദേഹമവന്റെ ഹാസത്തിൽ', 'ഭയം അടിമ ഞാൻ തോറ്റു കുനിഞ്ഞിരി ക്കുന്നു' എന്നിങ്ങനെ കവിതയിൽ ആ വിധേയത്വത്തിന്റെ വികാസം ക്രമമായി ക്കാണാം.

അടിമത്തം തിരിച്ചറിഞ്ഞ് സ്വാതന്ത്ര്യം ആഗ്രഹിക്കുമ്പോഴും വ്യവസ്ഥയോടും അധികാരകേന്ദ്രമായ പുരുഷനോടും വിധേയത്വം പ്രഖ്യാപിക്കുന്ന സ്ത്രീയുടെ അവസ്ഥയെ സത്യസന്ധമായി മൃഗശിക്ഷകൻ എന്ന കവിതയിൽ ആവിഷ്ക്കരിക്കുന്നു. വിധേയത്വത്തിന്റെ ഭാരം കൊണ്ട് പുളയുകയും അതിൽ നിന്ന് കുതറിച്ചാടാൻ തീവ്രമായി ആഗ്രഹിക്കുകയും ചെയ്യുമ്പോഴും ഭയം നിമിത്തം പ്രധിരോധമൊന്നുമില്ലാതെ അധീശത്വത്തിന് വഴങ്ങിക്കൊടുക്കുന്ന സ്ത്രീവർഗ്ഗത്തിന്റെ അവസ്ഥയുടെ ആവിഷ്കാരമാണിത്.

*മുതുകിൽ നിൻ ചാട്ടയുലച്ചു കൊള്ളുക*
*വലയത്തിൽ ചാടാനുണർന്നിരിപ്പൂ ഞാൻ*

*(2010:14)*

'ഭയമാണങ്ങയെ' എന്ന വരിയാവർത്തിച്ചു വരുന്നു. ഭയത്തിന്റെ നിഴലിൽ തന്നെയാണ് പലപ്പോഴും അധികാരം സ്ഥാപിക്കപ്പെടുന്നത്. പീഢനമുറകൾ അധികാരകേന്ദ്രങ്ങളുടെ പൊതുസ്വഭാവമാണ്.ഭീതിയുടെ ഇരുട്ടും മോചനത്തിന്റെ വെളിച്ചവും കവിതയിൽ മാറിമാറി വരുന്നുണ്ട്. സ്ത്രീസ്വത്വബോധത്തിന്റെ ശക്തമായ ആവിഷ്കരണമായി 'മൃഗശിക്ഷകൻ' എന്ന കവിതയെ അടയാളപ്പെടുത്താം.

വ്യവസ്ഥയെ തിരിച്ചറിഞ്ഞ് അത് മറികടക്കാൻ ശ്രമിക്കുന്ന സ്ത്രികളുടെ കഥകളും വിജയലക്ഷ്മി തന്റെ കവിതക്ക് പ്രമേയമായി സ്വീകരിച്ചിട്ടുണ്ട്.

സ്ത്രീത്വത്തിനു മാത്രം പ്രാപ്യമായ സവിശേഷാനുഭവങ്ങൾ ആവിഷികരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധപുലർത്തിയിരുന്നു വിജയലക്ഷ്മി.

'വരവ്' എന്ന കവിത പിറവിയുടെ പിന്നിലുള്ള ആശങ്കകളെയാണ് അവതരിപ്പിക്കുന്നത്. പിറക്കാനിരിക്കുന്ന കുഞ്ഞ് പോരാളിയാകുമോ വ്യാധിബാധിതനാകുമോ എന്നെല്ലാമുള്ള ഗർഭിണിയുടെ ചിന്തകളാണ് കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.[5] കുടുംബിനി, ഭാര്യ എന്നീ നിലകളിലുള്ള ആത്മസംഘർഷങ്ങൾ വിജയലക്ഷ്മി ആവിഷ്കരിച്ചിട്ടുണ്ട്. ബാലചന്ദ്രനെ അഭിസംബോധന ചെയ്യുന്ന 'ദേവാസുരം' എന്ന കവിതയിൽ ഇത് വ്യക്തമാണ്.

*മണ്ണിൽ കുഴിച്ചിട്ട ഹിംസയായ് നിഷ്പന്ദ*
*മുണ്ടു നമുക്കുള്ളിൽ മാരക സ്ഫോടകം*
*സ്പർശിച്ചിടാതെ, വിരൽത്തുമ്പു പിന്നോട്ടൊ*

*രല്പമൊതുക്കട്ടെ നിന്നോടടുത്തെത്തുവാൻ*

*(2012:101)*

തന്റെ ക്ഷോഭത്തെ മുഴുവൻ ഉള്ളിലൊതുക്കുകയാണിവിടെ കുടുംബിനി.

ഗാർഹികമണ്ഡലത്തിന്റെ പരിമിതലോകത്ത് നിലകൊള്ളുവാൻ നിർബന്ധിതയാകുന്ന സ്ത്രീ അതുമൂലം അവളുടെ സർഗ്ഗാത്മകത ഒരുപാട് പ്രതിസന്ധികൾ നേരിടുന്നുണ്ട്. സമൂഹം കല്പിക്കുന്ന ഉത്തരവാദിത്വങ്ങളുടേയും അടിച്ചേൽപ്പിക്കലുകളുടേയും സദാചാര കല്പനകളുടേയും അലിഖിത നിയമങ്ങൾ പെൺജീവിതത്തെ പിന്തുടരുന്നുണ്ട്. അത് കൊണ്ട് തന്നെ ഗാർഹികജീവിത പരിസരത്തു നിന്നും അടുക്കളയിൽ നിന്നും സ്വീകരിക്കുന്ന ബിംബകല്പനകൾ സ്ത്രീ കവിതകളിൽ ഇടം പിടിക്കുക സ്വാഭാവികമാണ്.

ഒളപ്പമണ്ണയുടെ 'നങ്ങേമക്കുട്ടി' എന്ന കാവ്യത്തിന് സമർപ്പിച്ചിട്ടുള്ള 'പറന്നിട്ടും' എന്ന കവിതയിൽ ജീവിക്കാൻ ബദ്ധപ്പെടുന്ന ഒരു പെണ്ണിന്റെ ജീവിതമാണ് വിജയ ലക്ഷ്മി ആവിഷ്കരിച്ചിരിക്കുന്നത്.

*അലക്കു തീരുകില്ലെന്നായ്*

*കല്ലിൻ ചാരത്തു കൈയുമായ്*

*അന്തിയാവോളമാവോളം*

*പിഞ്ഞിപ്പോം ഞായറാഴ്ചയിൽ*

*(2010:346)*

ആകെയുള്ള ഒരൊഴിവു ദിവസം വീട്ടു ജോലികൾ സ്ത്രീയെ വല്ലാതെ കഷ്ടപ്പെടുത്തുന്നു.

'ഭാഗവതം' എന്ന കവിതയിലും ഗാർഹിക ജോലിയോടുള്ള സമൂഹത്തിന്റെ സമീപനമാണ് പ്രമേയം. സന്ധ്യക്ക് കുളിച്ചൊരുങ്ങി സ്വസ്ഥനായി ഭാഗവതം വായിക്കുന്ന ഭർത്താവ് തന്റെ ഭാഗവത വായന കേൾക്കാനായി ഭാര്യയെ വിളിക്കുകയാണ് കഴുകിത്തീരാത്ത പാത്രങ്ങൾക്കും തീയിന്നരികിലെ വെപ്പുവേലകൾക്കുമിടയിൽ നിന്നുള്ള ആ ഭാര്യയുടെ വാക്കുകൾ

*കരിപറ്റിയ കയ്യാൽ*

*മരണം വരെത്തീരാ*

*മഹാഭാഗവതം ഞാൻ*

*മറിച്ചു വായിക്കുന്നു*

*മടിയിതെന്നും; അങ്ങു*

*കേൾക്കുവാൻ വരുന്നില്ല*

*(2010:32)*

സ്വന്തമായി ഒന്നിനും സമയമില്ലാതെ ജീവിതം കഴിഞ്ഞു പോകുന്ന സ്ത്രീയുടെതന്നെ വാക്കുകളാണിവ.

'അലക്ക്' എന്ന കവിത തീരാപ്പണിത്തിരിക്കിൽ ചെളിയും കറയും പിടിച്ച വസ്ത്രങ്ങൾ അലക്കി വെയിൽ ചായുമ്പോഴേക്കും തിരിച്ചെടുക്കേണ്ട ഒരു കുടുംബി നിയുടെ ആത്മഭാഷണം തന്നെയാണ്. തന്റെ തത്രപ്പാടുകളെല്ലാം അവർക്കു പറയാ നുളള മുഷിഞ്ഞ വസ്ത്രങ്ങളോടുതന്നെയാണ്.

*വസ്ത്രങ്ങളോടു സംസാരിപ്പൂ ഞാൻ*

*വെയിലുച്ചാറായെന്ന് കഴുകിയുണങ്ങുവാൻ*

*ഇത്തിരി നേരമേയുള്ളെന്ന് കാറ്റിന്റെ*

*കൊച്ചു വിരൽത്തുമ്പു യാത്രയാവുന്നെന്ന്*

*മുറ്റത്തു വീഴുന്നിതാ നിഴൽപ്പാടെന്ന്*

*(2010:351)*

പണിത്തിരക്കുകൾ കൊണ്ട് അലക്കാൻ വൈകിപ്പോയ കുടുംബിനി വസ്ത്രങ്ങളോട് തന്റെ ആകുലതകൾ പങ്കുവെക്കുകയാണിവിടെ. സ്വന്തം കുഞ്ഞുങ്ങളെ സ്നേഹ വാത്സല്യങ്ങളോടെ കുളിപ്പിച്ചു തോർത്തുന്ന അമ്മയുടെ മനോനില തന്നെയാണ് ഇവിടെ കാണുന്നത്.

പുരുഷാധിപത്യത്തിന്റെ സംരക്ഷണയിൽ കഴിയുന്ന പാരമ്പര്യ സംസ്കാ രത്തെ എതിർത്ത് തോൽപ്പിച്ച് പുറത്താക്കാനുള്ള ശ്രമങ്ങളൊന്നും വിജയലക്ഷ്മി കവിതകളിലൂടെ നടത്തുന്നില്ല. വ്യക്തിയനുഭവങ്ങളുടെ നേരായ ആവിഷ്കരണങ്ങളി ലൂടെ സ്ത്രീയുടെ സാന്നിദ്ധ്യത്തിന്റെ കരുത്തും സൗന്ദര്യവും ബോദ്ധ്യപ്പെടുത്താ നാണ് അവർ ശ്രമിക്കുന്നത്. മദ്ധ്യവർഗ്ഗ ഉപരിവർഗ്ഗ സ്ത്രീ ജീവിതം നമ്മുടെ കാലഘ ട്ടത്തിൽ എത്രമേൽ ആത്മസംഘർഷപൂർണ്ണവും ഏകാന്തവുമാണെന്ന് ഇവരുടെ കവിതകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇതുവരെയുണ്ടായതിനപ്പുറം സ്ത്രീ എന്ന

നിലക്ക് ആവിഷ്കരിക്കപ്പെടാൻ പലതും ബാക്കി കിടക്കുന്നുവെന്ന് ഈ കവിതകൾ ബോദ്ധ്യപ്പെടുത്തുന്നു. വിജയലക്ഷ്മിയുടെ കവിതകൾ സ്ത്രീസ്വത്വാവിഷ്കരണ ത്തിന്റെ പുതിയ തലങ്ങൾ വെളിപ്പെടുത്തുന്നു.

**4.2.2 സാവിത്രി രാജീവൻ**

സമകാലീക യാഥാർത്ഥ്യങ്ങളോട് ശക്തിയായിപ്രതികരിച്ച് കൊണ്ട് മലയാള കവിതാ സാഹിത്യചരിത്രത്തിൽ സ്വന്തമായ ഇടം കണ്ടെത്തിയ കവയിത്രിയാണ് സാവിത്രിരാജീവൻ. നിത്യജീവിതത്തിലെ സാധാരണസംഭവങ്ങളാണ് ഇവർ തന്റെ കവിതക്ക് വിഷയമാക്കിയിരിക്കുന്നത്. സ്വന്തം മുറിയുടെ ജനൽക്കൽ നിന്നും അടുക്ക ളയിൽ നിന്നും ഉണ്ണിയുടെ കിടക്കയിൽ നിന്നുമെല്ലാം അവർ കവിതക്ക് വിഷയം കണ്ടെത്തി. പാരമ്പര്യ രീതിയിൽ നിന്നും വ്യത്യസ്തമായ ഒരു ശൈലിയാണ് ചിന്ത യിലും എഴുത്തിലും സാവിത്രി രാജീവൻ സ്വീകരിച്ചത്. പെണ്ണിനെ രണ്ടാംകിടയായി മാറ്റി നിർത്തുന്ന സമൂഹത്തെ ശക്തമായി അവർ വിമർശിക്കുന്നു. താനുൾക്കൊള്ളു ന്നപെണ്ണവസ്ഥയോർത്ത് കരയുകയോ രോഷം കൊള്ളുകയോ അല്ല അവർ ചെയ്യു ന്നത്. ഇതാണെന്റെ അവസ്ഥ എന്ന പരമാർത്ഥം ബോദ്ധ്യപ്പെടുത്തി പെണ്ണിനു കിട്ടേണ്ട ഇടം കണ്ടെത്തുകയും അതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തിത്തരുക യുമാണ് ചെയ്യുന്നത്.

1977 മുതൽ 1992 വരെയുള്ള സാവിത്രിരാജീവന്റെ കവിതകളുടെ സമാഹാര മാണ് 'ചരിവ്' എല്ലാം ചരിഞ്ഞിരിക്കുന്ന അവസ്ഥയിൽ നേരെയിരിക്കുന്നവളുടെ മാനസികാവസ്ഥ ഈ സമാഹാരത്തിലെ കവിതകൾ പങ്കുവെക്കുന്നു. 'ചരിവ്' എന്ന കവിതയിൽ എല്ലാം ചരിഞ്ഞിരിക്കുന്നതായി കവയിത്രി കാണുന്നു. കാക്കയും കാക്ക യുടെ നിഴലും ജനൽകമ്പിയും അപരിചിതന്റെ കാലൊച്ചയുമെല്ലാം ചരിഞ്ഞിരിക്കു ന്നു. വയുടെ ചരിവ് മനസിലാവുന്നത് നോക്കുന്നയാൾ നേരെയിരിക്കുമ്പോഴാണ്. അപ്പോൾ അവൾ കണ്ടെത്തുന്നു. ഭൂമിപോലും അതിന്റെ അച്ചുതണ്ടിൽ ചരിഞ്ഞാണി രിക്കുന്നത്. അങ്ങനെയുള്ള അവസ്ഥയിൽ താൻ മാത്രം നേരെയിരുന്നിട്ടെന്ത് കാര്യം.

*ഈ ചരിഞ്ഞ ഭൂമിയിൽ*
*എല്ലാം ചരിഞ്ഞിരിക്കുമ്പോൾ എന്തിനാണ്*
*ഞാൻ മാത്രം നേരെയിരിക്കുന്നത്*

*(2009:23)*

പുരുഷാധിപത്യവ്യവസ്ഥ സൃഷ്ടിച്ചിരിക്കുന്ന അവസ്ഥയാണ് ചരിഞ്ഞ കാഴ്ചപ്പാട്. അവളെ നേരെയാക്കാനാണ് സമൂഹത്തിലെ നിയമങ്ങൾ എന്ന് കവിത സൂചിപ്പിക്കു ന്നു.

നഗരത്തിലെ തടവറ സൂക്ഷിപ്പുകാരി എന്ന പ്രതീകത്തിലൂടെ നഗര സംസ്കാരത്തിലെ ചങ്ങലയിൽ കിടക്കുന്ന സ്ത്രീയെ അവതരിപ്പിക്കുകയാണ് 'നിയമനം' എന്ന കവിത. തടവറ എന്നത് സ്ത്രീ കവിതയിലെ ശക്തമായ ഒരു പ്രതീകം തന്നെയാണ്. ഈ കവിതയിൽ തടവറയുടെ സൂക്ഷിപ്പുകാരിയായി നിയമിക്കപ്പെട്ട സ്ത്രീ മറ്റു പലതും സൂക്ഷിക്കേണ്ടതായി വരുന്നു.

*കുന്നിൻ മുകളിൽ ഒരു വീട്*
*അസൂയപ്പെടാൻ ഒരയൽവാസി*
*ഓമനിക്കാൻ ഒരു നായ്ക്കുട്ടി*
*ഷോക്കേസിൽ*
*ഹൃദയത്തിന്റെ ഏറ്റവും പുതിയ മാതൃക*
*കുഞ്ഞിന്റെ ഇളം കാലുകളും*
*ഭർത്താവിന്റെ ചിറകും വയ്ക്കാൻ*
*പുതുതായി വാങ്ങിയ റഫ്രിജറേറ്റർ*

*(2009:30)*

ഇതെല്ലാമാണ് അവൾക്കിപ്പോൾ സൂക്ഷിക്കാനുള്ളത്. അതിനായി അവൾ ഏഴറയുള്ള ഒരു പെട്ടിപണിയിക്കുന്നു. അതിന്റെ താക്കോലും സൂക്ഷിക്കണം അങ്ങനെ സൂക്ഷിപ്പുകാരിയായ ഒരു വീട്ടമ്മയുടെ ഉത്തരവാദിത്വങ്ങൾ ഏറുകയാണ്. പക്ഷേ അവൾക്ക് കുറേ കാര്യങ്ങൾ നഷ്ടപ്പെടുന്നു. പുതുതായി ഒന്നും ചെയ്യാനില്ലാതെ അധികാരമെല്ലാം തീറെഴുതിക്കൊടുത്ത് കുന്നിൻമുകളിലെ വീടിന്റെ കാവൽക്കാരിയായി ചടഞ്ഞുകൂടുകയാണ് ഇവിടെ സ്ത്രീ.

'സമയം എന്നെ വിളിക്കുന്നു' എന്നെ കവിതയിലും തടവറയുടെ പ്രതീകമുണ്ട്. പക്ഷേ ഇവിടുത്തെ തടവറയുടെ അതിരുകൾ വിശാലമാണ് തന്റെ മുറിയുടെ ജനാലയിൽകൂടി നോക്കിയാൽ ലോകം കാണാം.

*അതൊരു തടവറയായിരുന്നില്ല*
*അതിൽ വാതിലിലൂടെയും ജനലിലൂടെയും*
*കാറ്റു വന്നു*
*വെളിച്ചവും ഇരുട്ടും മഴയും വന്നു*

*(2009:42)*

തടവറ ഇല്ലാതിരുന്ന ആ മുറിയിൽ നിന്നു പോലും മോചനം ആഗ്രഹിക്കുന്ന ഒരു മനസ്സിന്റെ സ്വപ്നം ഈ കവിതയിലുണ്ട്.

സ്ത്രീവാദചിന്തകൾ ഏറ്റവും നന്നായി പ്രതിഫലിക്കുന്ന സാവിത്രി രാജീവന്റെ കവിതയാണ് 'പ്രതിഷ്ഠ'. നൂറ്റാണ്ടുകളായി സമൂഹം വച്ചു പുലർത്തുന്ന സ്ത്രീബിംബത്തിന്റെ ആവിഷ്കരണമാണീ കവിത. അടുക്കളയിലെ തേഞ്ഞുതീരുന്ന വീട്ടുപകരണം മാത്രമല്ല കുട്ടികൾക്ക് എണ്ണമറ്റ പലഹാരങ്ങൾ നിർമ്മിക്കുന്ന യന്ത്രവും കടിക്കാൻ മറന്നു കുരക്കുന്ന പട്ടിയും കൂടിയാണ് അവൾ. രോഷമെല്ലാം പറഞ്ഞ് തീർത്ത് ഒന്നും പ്രവർത്തിക്കാതെ ഇരിക്കുന്നതിന്റെ പ്രതീകമാണ് കുരക്കുന്ന പട്ടി.[6] ഇങ്ങനെ ബലികഴിപ്പിക്കപ്പെടുന്ന സ്ത്രീയവസ്ഥയെയാണ് കവയിത്രി വിവരിക്കുന്നത്. അടുക്കളയിൽ നിന്ന് അരങ്ങത്തേക്കു വന്ന ഒരു വീട്ടുപകരണമാണു ഞാൻ എന്നു പറയുമ്പോൾ സ്ത്രീ എന്നും ഒരു വീട്ടുപകരണമായിരുന്നുവെന്നും അരങ്ങത്തേക്കു വരാൻ തുടങ്ങിയപ്പോഴും അടുക്കളയിൽ നിന്ന് അരങ്ങത്തേക്കു വന്ന വീട്ടുപകരണമായി എന്നല്ലാതെ വ്യത്യാസമൊന്നുമുണ്ടായില്ല എന്നുമാണ് കവയിത്രി സൂചിപ്പിക്കുന്നത്.

*സമാഹരിക്കാത്ത പത്തിലേറെ കല്പനകൾ*  
*തലക്കുമുകളിൽ തൂങ്ങുന്നത്*  
*ഞാൻ നിത്യവും കാണാറുണ്ട്*

*(2009:64)*

ഈ കൽപനകൾ സദാചാരത്തിന്റേതായി സമൂഹത്തിൽ നിലനില്ക്കുന്ന അലിഖിതനിയമങ്ങളാണ്. ഹൈന്ദവസങ്കൽപ്പപ്രകാരം സ്ത്രീ ദേവതയാണ്. ദൈവപുത്രന്റെ അമ്മയെന്ന നിലയിൽ അവൾ വിശുദ്ധയുമാണ്. ദാരികശ്ശിരസ്സേന്തിയ രക്തചാമുണ്ടിയാണ്

*പക്ഷേ എനിക്കറിയാം*  
*കോവിലും പ്രതിഷ്ഠയുമായിത്തീർന്ന*  
*ഒരു വീട്ടുപകരണമാണു ഞാൻ*  
*അടുക്കളയിലെ തേഞ്ഞു തീരുന്ന*  
*ഒരു വീട്ടുപകരണം*

*(2009:65)*

ഇങ്ങനെ കോവിലും പ്രതിഷ്ഠയുമായി അവളെ മാറ്റി നിർത്തിയതിലുള്ള പരിഹാസ്യത ഇവിടെ വ്യക്തമാവുന്നു പ്രതിഷ്ഠയാക്കപ്പെടുന്ന സ്ത്രീയുടെ മറ്റൊരു അവസ്ഥയാണ് വീട്ടുപകരണമായ സ്ത്രീ. സ്ത്രീ ആദർശവൽക്കരിക്കപ്പെട്ട് അവതരിപ്പിക്കപ്പെടുമ്പോഴും അവളുടെ യഥാർത്ഥ ജീവിതത്തിന്റെ അവസ്ഥയാണ് സാവിത്രി രാജീവൻ ഈ കവിതയിലൂടെ വിശദീകരിക്കുന്നത്.

കാലാനുസൃതമായ മാറ്റങ്ങളൊന്നും സംഭവിക്കാത്ത ഏകമായ മുഖഭാവം കണ്ണാടിയിൽ ദർശിക്കുന്ന സ്ത്രീയെയാണ് 'കണ്ണാടി' എന്ന കവിതയിൽ അവതരിപ്പിക്കുന്നത്.[7] സ്ത്രീയുടെ ചെറിയ മാറ്റം പോലും ശ്രദ്ധിക്കപ്പെടുകയും സംശയാസ്പദമായി വിലയിരുത്തുകയും ചെയ്യാറുണ്ട്. അത് വലിയ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുന്നത്. അത്തരം മാറ്റങ്ങളുടെ ഒരു അടയാളവും തന്റെ മുഖത്തില്ല.അതു കൊണ്ടു തന്നെ വെറുക്കപ്പെടേണ്ടതായി ഒന്നുമില്ല. തന്റെ കഴിവുകൾ തിരിച്ചറിഞ്ഞുകൊണ്ടുതന്നെ ഒഴുക്കിനോടൊത്തു നീങ്ങുകയാണിവിടെ സ്ത്രീ. അവൾക്ക് ഏതെങ്കിലും അഭിപ്രായം പറയാനോ എന്തിനോടെങ്കിലും പ്രതികരിക്കാനോ ഇല്ല.

ഇത്തരത്തിൽ അനുഭവത്തിന്റെ സ്ത്രീവാദപശ്ചാതലത്തിലുള്ള കവിതകളാണ് സാവിത്രീ രാജീവന്റേത്. യാഥാർത്ഥ്യത്തോടുള്ള ധൈഷണികമായ പ്രതികരണമാണവയെല്ലാം. പുരുഷാധിപത്യത്തിന്റെ ഫലമായി സംഭവിച്ചു കൊണ്ടിരിക്കുന്നതെല്ലാം കാണുകയും അടയാളപ്പെടുത്തുകയും ചെയ്യുന്നുണ്ട് കവയിത്രി. പക്ഷേ അപ്പോഴൊന്നും അവർ ശക്തമായ പുരുഷവിദ്വേഷമോ പകയോ കവിതകളിൽ കൊണ്ടു വരുന്നില്ല. ആ കവിതകളെല്ലാം സമകാലീന സമൂഹത്തോട് ശക്തമായി പ്രതികരിക്കുന്നവയാണ്.

**4.2.4 വി.എം ഗിരിജ**

സ്വത്വബോധത്തെക്കുറിച്ചുള്ള പുതിയ കണ്ടെത്തലുകൾ ഉള്ള കവിതകളാണ് വി.എം ഗിരിജയുടേ്: സ്ത്രീ മനസ്സിന്റെ ആകുലതകൾ ഈ കവിതകളിൽ നിറഞ്ഞു നിൽക്കുന്നു. പ്രണയം ഒരാൽബം, ജീവജലം, പാവയൂണ്,പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരം തുടങ്ങിയവയാണ് വി.എം ഗിരിജയുടെ കവിതാ സമാഹാരങ്ങൾ.

സ്ത്രീ അനുഭവങ്ങളുടെ ആവിഷ്കരണത്തിലൂടെ സ്ത്രീയുടെ സ്വത്വം വെളിപ്പെടുത്താൻ വി.എം ഗിരിജ ശ്രമിക്കുന്നു. സ്ത്രീ ഉടലിന്റെ അനുഭവങ്ങൾ അവളുടെ തന്നെ സമത്വത്തിന്റെ ഭാഗമാണ്. അത് തിരിച്ചറിയുന്ന കവിതകളാണ് 'ജലം കല്ലാവും വിധം','വേദന', 'പലയിടങ്ങൾ' തുടങ്ങിയവ.

ദാമ്പത്യത്തിന്റെ അനുഭവവും കരിപുരണ്ട ലോകത്തിൽ അടയ്ക്കപ്പെട്ട സ്ത്രീയുടെ സ്വപ്നവും പങ്കുവെക്കുന്ന കവിതയാണ് 'ചെറിയ കരിപുരണ്ടലോക

ത്തിലെ സ്ത്രീയുടെ സ്വപ്നം' ഇടുങ്ങിയ കിടപ്പറയുടെ വാതിൽ തുറന്ന് സ്വപ്ന ത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് ഉയരുന്ന സ്ത്രീയെയാണ് ഇവിടെ ചിത്രീകരിക്കുന്നത് .തന്റെ ദൈനംദിനപ്രവർത്തികൾ തനിയെ നടക്കുന്നതായി അവൾ സ്വപ്നം കാണുന്നു. സമൂഹം സ്ത്രീയുടേതെന്ന് വിധിച്ചിട്ടുള്ള തൊഴിലുകളിൽ നിന്നുള്ള മോചനം അവൾ ആഗ്രഹിക്കുന്നു. ഇത് പാരമ്പര്യ സ്ത്രീസങ്കൽപ്പത്തിൽ നിന്നുള്ള മോചനത്തെക്കുറിച്ചുള്ള പ്രതീക്ഷകൂടിയാണ്.

*സ്വപ്നത്തിൽ കരിപുരണ്ട വസ്ത്രങ്ങൾ*

*താനേ കഴുകിയുണങ്ങുന്നു.*

*കരിപിടിച്ച പാത്രങ്ങൾ*

*താനേ മോറിനിരക്കുന്നു*

*എച്ചിലും അടിക്കാട്ടും*

*മന്ത്രവാദം കൊണ്ടെന്ന പോലെ*

*കുപ്പയിലേക്ക് പറക്കുന്നു.*

*(2003:21)*

ഒരു കുടുംബിനിയുടെ ജീവിതത്തിലെ വിശ്രമമില്ലാത്ത വീട്ടുജോലിയെയാണ് സ്വപ്നത്തിലൂടെ മറികടക്കാൻ തോന്നുന്നത്. അതൊരു കുടുംബിനിയുടെ യാഥാ സ്ഥിതിക നിർവ്വചനത്തിന്റെ മുഖം കൂടിയാണ്. എന്നാൽ ഏതൊക്കെ സാഹചര്യ ത്തിൽ എത്തിപ്പെട്ടാലും എത്ര പുരോഗതി നേടിയാലും ഈ വർത്തമാനകാല സമൂ ഹത്തിലും ആ പാരമ്പര്യ സ്ത്രീബിംബത്തിന് മുക്തിയില്ല എന്ന് വ്യക്തമാക്കിക്കൊ ണ്ടാണ് കവിത അവസാനിക്കുന്നത്.

*പക്ഷേ-*
*സ്വപ്നമവസാനിക്കുമ്പോൾ*
*പടികടന്നു വരുന്നത്*
*പാലും പത്രവും*
*ചായക്കു മുരളുന്ന*
*ബീഡിക്കറയുള്ള ചുണ്ടിന്റെ*
*തണുത്ത ചുംബനവും*
*(2003:21)*

ഇതാണ് ഒരു ഒരു സ്ത്രീയുടെ ജീവിതം

'മുലകൾ' എന്ന കവിത നിരത്തിന്മേൽ നടക്കാനും നിലാവത്തു കിടക്കാനും പുഴത്തെളിനീറ്റിൽ മുഴുകാനും വെയിൽ തോർത്തിയുണങ്ങാനും ഇളം വെയിൽ പുരട്ടാനും ഇളം പച്ചിലയുടുക്കാനുമുള്ള പെണ്ണിന്റെ പുറപ്പാടിനെയാണ് ആവിഷ്കരിച്ചിരിക്കുന്നത്.

'മരമായിരുന്നു ഞാൻ' എന്ന കവിതയിലെ പെണ്ണനുഭവം ശ്രദ്ധേയമാണ്. ചിറകും പറക്കലും സഞ്ചാരവുമൊന്നുമില്ലാതെ മണ്ണിലുറച്ചു നിൽക്കുന്ന മരത്തോടാണ് സ്ത്രീയ ഉപമിച്ചിരിക്കുന്നത്. ഈ അവസ്ഥ പെണ്ണിന്റെ അടുക്കളലോകമോ പുരുഷൻ അവൾക്കായി നിശ്ചയിച്ചിട്ടുള്ള അതിർത്തിക്കുള്ളിലെ ഇടമോ ആണ്.

*മരമായിരുന്നു ഞാൻ പുഴകാണുവാനച്ഛൻ*
*ചുമലിലെടുത്തെന്നെ കൊണ്ടുപോയിട്ടേയില്ല*
*നീന്തിത്തുഴയാൻ മീനാകാനുമായില്ല*

.........................................

*മീനസൂര്യനും പൂരംതിറപൂതനും*

*(2003:14)*

*തുള്ളിയാർക്കുന്നൊരാര്യകാവിൽ തരമായില്ല പോവാൻ*
*എങ്കിലും മിഴി പാർത്ത് ചെവിയോർത്തലച്ചാർ-*
*ത്തുതുള്ളുന്നു മരമായി*

*(2003:14)*

സ്ത്രീയുടെ അടിച്ചമർത്തപ്പെടുന്ന വേദനകളാണ് 'മരമായിരുന്നു ഞാൻ' എന്ന കവിത പങ്കുവെക്കുന്നത്. സ്ത്രീയുടെ അടിമത്തവും ഭയവും വിഹ്വലതയും അതിനെ തിരെയുള്ള പ്രതിഷേധവും പ്രതികരണവുമെല്ലാം ഒരുപോലെ കവയിത്രി ആവിഷ്കരിക്കുന്നുണ്ട്.

പക്വമതിയും സ്വയം തീരുമാനങ്ങളെടുക്കാൻ പ്രാപ്തയുമായ സ്ത്രീയെ വ്യക്തിയായി കാണാതെ ഉപകരണമായിക്കാണുകയാണിന്നും സമൂഹം. അവളുടെ സാമൂഹികവും സാംസ്കാരികവും സർഗ്ഗാത്മകവുമായ ഇടങ്ങളെ ഗാർഹികാന്തരീക്ഷത്തിലേക്ക് മാത്രമാക്കി ചുരുക്കിത്തീർക്കുന്ന പുരുഷ പ്രത്യായശാസ്ത്രവും സ്ത്രീയുടെ അടിമത്തവുമാണിവിടെ ചിത്രീകരിച്ചിരിക്കുന്നത്. പ്രകൃതിദൃശ്യങ്ങൾ ആസ്വദിക്കാനും സ്വതന്ത്ര്യത്തോടെ സഞ്ചരിക്കാനും കഴിഞ്ഞില്ലെങ്കിലും മിഴി പാർത്ത് ചെവിയോർത്ത് അവൾ എല്ലാം അറിയുന്നുണ്ട്. മണ്ണിന്റെ പരിമിതിക്കുള്ളിൽ നിൽക്കുമ്പോഴും എല്ലാതരം സംവേദനത്തേയും തിരിച്ചറിയുന്ന ,എല്ലാത്തിനോടും നിശ്ശബ്ദമായി പ്രതികരിക്കുന്ന, ചില നേരങ്ങളിൽ എല്ലാം ഏറ്റു വാങ്ങാൻ

വിധിക്കപ്പെടുന്നതും പരിമിതമായ ഇടങ്ങളിൽ ജീവിക്കാൻ പ്രേരിതയാവുന്നതുമായ പെണ്ണിന്റെ ദയനീയ സ്ഥിതിക്കപ്പുറം ഇതിന് മറ്റൊരു തലം കൂടി കണ്ടെത്താൻ സാധിക്കും. ഈ ലോകത്ത് എന്ത് തന്നെ നടന്നാലും അതൊന്നും സ്ത്രീ അറിയേണ്ടതല്ലെന്നും അതിലൊന്നും അവൾ യാതൊരു പങ്കാളിത്തവും വേണ്ടെന്നുമുള്ള നിഷേധാത്മകമായ നിലപാടിനോടുള്ള പ്രതിഷേധം കൂടിയാണ് ഈ കവിത. സ്ത്രീക്ക് തന്റേതായ ഇടം നേടിയെടുക്കാനുള്ള ഒരു പ്രതിരോധതന്ത്രത്തിന്റെ ആവശ്യകതയും ഈ കവിത ചൂണ്ടിക്കാട്ടുന്നു.

മരവുംകാടും പ്രകൃതിയുമെല്ലാം സ്ത്രീസ്വത്വത്തിന്റെ ആവിഷ്കാരങ്ങളായി വി.എം ഗിരിജയുടെ കവിതകളിൽ നിറയുന്നു.

'പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ' എന്ന കവിതയിൽ സ്ത്രീകളുടെ അസ്വാതന്ത്ര്യത്തിന്റെ മറ്റൊരു മുഖം കാണിച്ചു തരുന്നു. പാതിരനേരത്ത് ഇറങ്ങി നടക്കുക എന്നുള്ളത് പെണ്ണിനെ സംബന്ധിച്ചിടത്തോളം ഒരു സ്വപ്നം മാത്രമാണ് അത് കൊണ്ട് തന്നെ അവർ ചിന്തിക്കുന്നു.

*എല്ലാ വിളക്കുമണഞ്ഞാലിപ്പാതിര*
*എങ്ങനെയാവുമീ നാട്ടിൽ?*

*(2011:48)*

എത്ര പുരോഗമിച്ചാലും പാതിരനേരം സ്ത്രീയെ സംബന്ധിച്ചിടത്തോളം ഭീതി നൽകുന്ന ഒന്നാണ്. ആ നേരത്തെ കാഴ്ചകൾ അവൾക്ക് മനസ്സിൽ കാണാനേ കഴിയൂ എന്ന് പറയുന്നിടത്ത് നിലനിൽക്കുന്ന സാമൂഹികാവസ്ഥയാണ് കവയിത്രി കാണിച്ചു തരുന്നത്.

**4.2.4 റോസ്മേരി**

സ്ത്രീസ്വത്വാവിഷ്കരണത്തിന്റെ പ്രകടമായ ഉദാഹരണങ്ങളാണ് റോസ്മേരിയുടെ കവിതകൾ. സ്വത്വത്തെക്കുറിച്ചുള്ള തിരിച്ചറിവുകളാണവ. തികച്ചും പരിചിതങ്ങളായ പരിസരങ്ങൾക്കിടയിൽ തന്റെ സ്വത്വത്തിന് ഒരിടം കണ്ടെത്താൻ റോസ്മേരി ശ്രമിക്കുന്നു. യാഥാർത്ഥ്യത്തിലേക്കെത്തിച്ചേരുന്ന റോസ്മേരിയുടെ സ്വപ്നങ്ങളാണ് കവിതയിലെ സ്വത്വകാഴ്ചകൾ. ഇതിലെല്ലാം സ്ത്രീത്വത്തിന്റെ തനിമ കാണുന്നു. വാക്കുകൾ ചേക്കേറുന്നിടം, ചാഞ്ഞുപെയ്യുന്ന മഴ, വേനലിൽ ഒരു പുഴ എന്നീ കാവ്യ സമാഹാരങ്ങളിലൂടെ സ്വന്തം വ്യക്തി ദ:ുഖങ്ങളും ചുറ്റും കാണുന്ന യാഥാർത്ഥ്യങ്ങളും കൂട്ടിച്ചേർത്ത് അവർ അവതരിപ്പിക്കുന്നു. പ്രതീക്ഷകളും മോഹങ്ങളും നിറഞ്ഞ സ്വപ്നങ്ങളാണ് ആ കവിതകൾ.

വീടിനകത്ത് തളച്ചിടുന്ന സ്ത്രീത്വത്തിന്റെ വെളിമ്പുറങ്ങളിലേക്ക് പറന്നുയരാനുള്ള ആഗ്രഹം ആവിഷ്കരിച്ച് കൊണ്ടാണ് റോസ്മേരി സ്വത്വത്തെ നിർവ്വചിക്കുന്നത്.

*ഇനി ഞാനൊന്നാടിത്തിമിർക്കട്ടെ*
*സദാ തെക്കൻകാറ്റുറഞ്ഞു തുള്ളുന്ന*
*വണ്ടന്മേടിന്റെ ചരിവുകളിലൂടെ*
*ഹുങ്കാരത്തോടെ യാർത്തു വിളിച്ച്*
*കാറ്റിനെതിരെ*
*അലറുന്ന തിരയായ്*
*ഞാൻപാറട്ടെ*

*(1996:19)*

ഉപചാരങ്ങളുടെ വിഡ്ഢിത്തവും പതിവുചടങ്ങുകളും വസ്ത്രങ്ങളുടെ തടവറയും മടുത്തു കഴിഞ്ഞുവെന്ന് അവൾ പറയുന്നു. ഇവയൊക്കെ തുലാമഴയിൽ എറിഞ്ഞു കളയണമെന്ന് അവൾ ആഗ്രഹിക്കുന്നു. വീടിനകത്ത് അടക്കപ്പെടുന്ന സ്ത്രീകളുടെ മടുപ്പാണ് ഈ കവിതയിൽ അവതരിപ്പിക്കുന്നത്. എല്ലാം ഉപേക്ഷിച്ചു പോകാൻ അവൾ ആഗ്രഹിക്കുന്നു. സ്വാതന്ത്ര്യത്തോടെ പാറിനടക്കുമ്പോൾ കാറ്റ് അസ്വാതന്ത്ര്യത്തിന്റെ അവസാനത്തെ കണികയും വറ്റിച്ചിട്ടില്ലാതെയാക്കട്ടെ എന്ന മോഹം അവളുടെ സ്വതന്ത്ര്യ മോഹത്തിന്റെ സാഫല്യത്തിലേക്കുള്ള കുതിപ്പാണ്. സഹനത്തിന്റെ നെല്ലിപ്പലകയിൽ നിന്നിട്ടാണ് ഈ മടുപ്പിനെ അവൾ വിളംബരം ചെയ്യുന്നത്. അവസാനം അനാമികയാകാൻ അവൾ ആഗ്രഹിക്കുന്നു. അതിന്റെ അർത്ഥം തന്റെ സ്വത്വത്തിൽ ചാർത്തിയിട്ടുള്ള പുരുഷാധിപത്യത്തിന്റെയും പാരമ്പര്യത്തിന്റെയും അമിതഭാരങ്ങളോടു വിട പറയുവാനുള്ള വ്യഗ്രത കൂടിയാണ്.

സ്ത്രീപക്ഷരചനകളുടെ പ്രകടമായ സ്വഭാവം റോസ്മേരിയുടെ കവിതകളിലുണ്ട്. പുരുഷാധിപത്യമൂല്യങ്ങളെ പ്രതിഷേധിക്കാനുള്ള ആഗ്രഹം കവിതയിലുടനീളം കാണാം. 'വളരെ ചെറിയ ചില മോഹങ്ങൾ' എന്ന കവിതയിൽ ഈ പ്രതിരോധം വ്യക്തമായിത്തന്നെ കടന്നു വരുന്നു . പുരുഷനു മാത്രമേ പാടു എന്ന സമൂഹം വിധിച്ചിട്ടുള്ള ചില കാര്യങ്ങൾ ചെയ്യാനുള്ള മോഹം. ചെറിയ മോഹമാണെങ്കിലും പാരമ്പര്യസ്ത്രീ സങ്കൽപ്പത്തിൽ വിള്ളൽ വീഴ്ത്താൻ ഈ മോഹത്തിനു കഴിയുന്നു.[8]

ഇത്തരം മോഹങ്ങൾ വെറും സ്വപ്നങ്ങളാണ്. എങ്കിലും ഈസ്വപ്ന സദൃശ മായ മോഹങ്ങളിൽ പ്രതിരോധത്തിന്റെ സൂചനകളുണ്ട് . അതോടൊപ്പം അസ്വാതന്ത്ര്യം അനുഭവിക്കുന്ന ജീവിതങ്ങളുടെ അസ്വസ്ഥതകളുമുണ്ട്. സ്ത്രീ തന്റെ സ്വപ്നങ്ങളുടെ കിളികളെ തുറന്നുവിടുമ്പോൾ പുരുഷന്റെ മുഖം ചുളിയുന്നു.അവന്റെ പുരികങ്ങൾ വില്ലു പോലെ വളയുന്നു. അധരങ്ങളിൽ അതൃപ്തി പ്രകടമാക്കുന്നു. അങ്ങനെ വരുമ്പോൾ വാക്കുകളിലൂടെ അവൻ അവളെ മെരുക്കാൻ ശ്രമിക്കുന്നു.

*എന്റെ സാധുവായ ഓമനേ , ഭയപ്പെടരുത്*
*കുലസ്ത്രീകളൊരിക്കലും*
*തുറന്നയാകാശത്തിനു കീഴേ*
*തനിയെ വിഹരിക്കാറില്ലെന്നും*
*സന്ധ്യ മരച്ചില്ലകളിൽ ചേക്കേറിക്കഴിഞ്ഞാൽ*
*അവൾ പടിവാതിലുകൾ ബന്ധിച്ച്*
*അകത്തളങ്ങളിലെ ഇരുട്ടിലലിയുമെന്നും*
*ആർക്കാണറിഞ്ഞു കൂടാത്തത്*

*(1996:25)*

ഇങ്ങനെ യാഥാർത്ഥ്യത്തിന്റെ തിരിച്ചറിവ് അവർ ഈ വരികളിലൂടെ പകരുന്നു. ഇത് സ്ത്രീയുടെ പരാജയമാണെന്ന തോന്നൽ കവയിത്രി ഉണ്ടാക്കുന്നുണ്ടെങ്കിലും അത് അവളുടെ മാത്രമല്ല അത് സാമൂഹ്യബോധത്തിനും മൂല്യത്തിനും സംഭവിച്ച അപചയമാണെന്ന് കവിതയിലൂടെ സമർത്ഥിക്കുകയാണ് അങ്ങനെ നാമറിയുന്ന ഗൗരവമേറിയ ഒരു പ്രശ്നം ഇവിടെ അവതരിപ്പിക്കുന്നു .

'പറിച്ചുനട്ട ചെടി' എന്ന കവിതയിൽ സ്വന്തം വീടുപേക്ഷിച്ച് വീട്ടിലെത്തിയ നവവധുവിനെയാണ് റോസ്മേരി അവതരിപ്പിക്കുന്നത്. വീട്ടിൽ നിന്ന് പോരുമ്പോൾ അവൾ കൊണ്ടു വന്ന ശതാവരി പടർന്നു പന്തലിച്ചു. അത് ജനാലയിലൂടെ നോക്കിയാൽ കാണാം. പക്ഷേ അവളുടെ അവസ്ഥ നേരെ മറിച്ചായിരുന്നു.[9] സ്വന്തം പരിസരിത്തു നിന്നും ജീവിതത്തിൽ നിന്നും പറിച്ചെറിയപ്പെടുന്ന സ്ത്രീ ജനങ്ങളെയാണ് റോസ് മേരി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. താൻ ജീവിച്ച ചുറ്റുപാടിൽ നിന്നും തികച്ചും വ്യത്യസ്തമായ അന്തരീക്ഷത്തിൽ പിടിച്ചു നിൽക്കാനാവാതെ തളർന്നു പോകുന്ന സ്ത്രീയുടെ വേദനയാണിത്. ആ ശതാവരി അവളുടെ ഗ്രാമത്തിന്റെ സാക്ഷ്യവും ഗന്ധവുമൊക്കെയായിരുന്നു. അത് അവൾക്ക് മാനസികമായ ഒരു ബലം

തന്നെയാകുന്നു. പക്ഷേ ഓർക്കിഡുകൾക്കും പെറ്റ്യൂണിയകൾക്കുമിടക്കു നിരതെറ്റി യാർക്കുന്ന ആ പടുമുളപ്പടർപ്പ് ഒരു ദിവസം ആ വീട്ടുകാർ പിഴുതെറിഞ്ഞു. അവൾക്കു മുന്നിൽ ആകെയുണ്ടായിരുന്ന ആ പ്രകാശത്തിലേക്കു തുറക്കുന്ന ജാലകം കൊട്ടിയടക്കപ്പെടുന്നതോടെ.

*ആർക്കും കാണാനാവാത്ത വിധം*
*ഒരു യജമാനർക്കും*
*പിഴുതെറിയാനാവാത്ത വിധം*
*അവളുടെ ആത്മാവിൽ*
*വേരുകളാഴ്ത്തിക്കൊണ്ട്*
*ഒരു ശതാവരിച്ചെടി വളരുകയായിരുന്നു*
*അതിന്റെ കരുത്തുറ്റ*
*നാമ്പുകൾ അവളുടെ*
*പ്രതിജ്ഞയിലുലയുകയായിരുന്നു*
*അതിവേഗം ആർത്തു പടർന്ന്*
*അതാകാശത്ത് പുൽകാൻ വെമ്പുകയായിരുന്നു.*

*(2002:42)*

എന്നു വച്ചാൽ അവളിൽ സ്വാതന്ത്ര്യബോധം വളർന്നു. ആത്മാവിൽ വേരു പിടിച്ച ആ ശതാവരി സ്വയം തിരിച്ചറിവിന്റെയും പ്രതിരോധത്തിന്റെയും അടയാള മാണ്.

മറ്റ് കവിതകളിൽ നിന്നും അൽപ്പം വ്യത്യാസം തോന്നുന്ന റോസ്മേരിയുടെ ഒരു കവിതയാണ് 'യശോധരയെന്നവൾ'. യശോധരയെന്നു പേരുള്ള ഒരു ഹോസ്റ്റൽ ജീവനക്കാരിയുടെ കഥയാണിത്. അവളുടെ ദൈന്യതയാണ് കവിതയിൽ പ്രമേയം. വേനലവധിക്ക് ഹോസ്റ്റലിലെ താമസക്കാരെല്ലാം പോകുമ്പേൾ അവിടെ അവർ തനി ച്ചാകുന്നു. സദനത്തിന്റെ ഇടനാഴിയിൽ ഒറ്റക്കാവുന്ന അവളുടെ ഏകാന്തതയാണ് കവിതയിൽ നിറഞ്ഞു നിൽക്കുന്നത്. ഏകാന്തതയും തുടർന്നുണ്ടാകുന്ന ചാറ്റൽ മഴയും അവളിലെ നനുത്ത ഭാവങ്ങൾ ഉണർത്തുന്നു. ചുറ്റുമുള്ള ചെടിപ്പടർപ്പുകൾ ചാറ്റൽ മഴയിൽ കുതിർന്ന് മഴയുടെ കയ്യും പിടിച്ച് ഹർഷനർത്തനം ചെയ്യുന്ന കാഴ്ച അവൾ കാണുന്നു. യശോധരയുടെ ഹൃദയത്തിൽ വ്യഥ നിറയുന്നു. അപ്പോഴാണ് സദനത്തിലെ പൂച്ച അവളുടെ മടിയിൽ കയറിയിരിക്കുന്നത്. അവൾ പൂച്ചയോട് സംസാരിക്കുന്നു.

*എല്ലാവരും പോയിലോന്റെ പൂച്ചക്കുറുഞ്ഞ്യാരെ*

*എനിക്കിനി നീ മാത്രമേയുള്ളൂലോ*

*ന്റെ തങ്കക്കുറുഞ്ഞ്യാരെ.*

*കരിപ്പാത്രം മോറിമോറിത്തേഞ്ഞുരുകിയ*

*വിരലുകളാൽ അവളവനെത്തഴുകി*

*വാത്സല്യച്ചൂടേറ്റൊരു ശിശുവായ് മാറിയ*

*കുറിഞ്ഞ്യാരു പൂച്ച കിണുങ്ങി*

*കുങ് ഹുറു കുറു കുങ് ഹുറു കുറു*

*(1996:49)*

മഴ നനഞ്ഞപ്പോൾ ഇരുട്ടു പരന്നപ്പോൾ അവളവനെ നെഞ്ചോടമർത്തി. അവളുടെ മാറു ചുരന്നു. അന്നേരം പൂച്ച ഇരുട്ടിന്റെ വിടവിലേക്ക് ഇടറിക്കടന്നു പോയി. പിന്നീട് യശോധര ഒന്നും അറിഞ്ഞില്ല. മനമുരുകി അവൾ ഇരുന്നു. മഴപെയ്തു കൊണ്ടിരുന്നു. രാവേറെച്ചെന്നിട്ടും അവൾ അതേ ഇരുപ്പിരുന്നു.

*കാണെക്കാണെ*

*യശോധര ഒരു ശിലയായ്*

*കദനം സ്ത്രീ രൂപം പൂണ്ടൊരു*

*ശില!*

*(1996:50)*

സ്ത്രീ സ്വത്വത്തിലൂന്നുന്ന കവിതതന്നെയാണിതും. ദൈന്യതയുടെ പര്യായമായ യശോധരയുടെ ഹൃദയ വേദനകൾ, അവളുടെ വികാര വിക്ഷോഭങ്ങൾ, പ്രക്ഷുബ്ധ മായ മനസ്സ് ഇതെല്ലാം അധികമാകുന്ന അന്തരീക്ഷം എല്ലാം ചേർന്ന് കവിത വല്ലാത്തൊരുനഭവമായി മാറുന്നു. ഒരു വശത്ത് അധ്വാനഭാരം കൊണ്ടുണ്ടായ പോറലുകളും വിള്ളലുകളും ഏറ്റു വാങ്ങുന്നൊരു ജീവിതം. മറുവശത്ത് വിചാരങ്ങളും വികാരങ്ങളും. ഒന്നും പുറത്തു കാണിക്കാതെയുള്ള മനസ്സിന്റെ ഭാരംപുറം ലോകത്തിന്റെ കാറ്റോ വെയിലോ കൊള്ളാനാകാതെ കലവറമുറികളിലും അടുക്കളയിലും തേഞ്ഞുതേഞ്ഞില്ലാതാകുന്ന ജീവിതം മറ്റൊരു വശത്ത്. ഇതെല്ലാമാണ് യശോധരയെന്ന സ്ത്രീ. ഇവളുടെ പ്രതിരോധമോ അതിനുള്ള ശ്രമമോ ഒന്നും കവിതയിൽ ആവിഷ്കരിക്കുന്നില്ലെങ്കിലും ഇങ്ങനെയും ജീവിക്കുന്ന സ്ത്രീകളെ കാണിച്ചു തരികയാണ് റോസ്മേരി കവിതയിലൂടെ ഉദ്ദേശിക്കുന്നത്.

ഇത്തരത്തിൽ ജീവിത യാഥാർത്ഥ്യങ്ങളുടെ സൂക്ഷ്മമായ തിരിച്ചറിവുകളിൽ നിന്നുള്ള ആവിഷ്കരണങ്ങളാണ് റോസ്മേരിയുടെ കവിതകൾ. അവിടെ സ്ത്രിയുടെ സ്വത്വം അടയാളപ്പെടുത്തുകയും ചെയ്യുന്നു ഈ കവയിത്രി.

### 4.2.5 ഗീതാ ഹിരണ്യൻ

കഥാകാരിയെന്ന നിലയിൽ പ്രശസ്തിനേടിയ ഗീതാഹിരണ്യന്റെ കവിതകളിൽ അവരുടെ കഥകളിൽ നിന്നും വ്യത്യസ്തമായി വൈയക്തികമായ ആവിഷ്കാരങ്ങളാണ് കാണുന്നത്. 1994 മുതൽ 2002 വരെയെഴുതിയ പന്ത്രണ്ട് കവിതകളാണ് ഗീതാഹിരണ്യന്റേതായിട്ടുള്ളത്. പുരുഷാധിപത്യസമൂഹവും ആ സമൂഹത്തിൽ ജീവിക്കുന്ന സ്ത്രീയുടെ അനുഭവങ്ങളും ഗീതാഹിരണ്യൻ കവിതകളിൽ ആവിഷ്കരിച്ചിരിക്കുന്നു. പുരുഷമേൽക്കോയ്മക്കു കീഴിൽ ജീവിക്കുന്ന സ്ത്രീയുടെ സ്വത്വബോധം ഈ കവിതകളിൽ കാണാം. മാത്രമല്ല സ്ത്രീയുടെ ജീവിതത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ പുരുഷാധിപത്യമൂല്യങ്ങളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും ഗീതാഹിരണ്യൻ തന്റെ കവിതകളിലൂടെ സൂചിപ്പിക്കുന്നു.

'അർദ്ധനാരീശ്വരൻ', 'സ്വർഗാരോഹണം', 'കഥയിൽ തോറ്റവൾ' തുടങ്ങിയ ഗീതഹിരണ്യന്റെ കവിതകൾ ഇതിഹാസത്തിന്റെ പുനർവായനകളാണ്. പുരാണകഥകളിലൂടെ സമകാലീന സാമൂഹ്യാവസ്ഥയെയും അവിടെയുള്ള കഠിന യാഥാർത്ഥ്യങ്ങളെയും ആവിഷ്കരിക്കുന്നു. ' അർദ്ധനാരീശ്വരൻ' എന്ന കവിത വായിക്കുമ്പോൾ സ്ത്രീ മനസ്സിന്റെ വിഹ്വലതകളാണ് തെളിയുന്നത്. കവിതയിലെ അമ്മ താലിച്ചരടിനാൽ ബന്ധിക്കപ്പെട്ടവളാണ്. ആ താലിയിൽ നിന്നാണ് കവിത തുടങ്ങുന്നത്.

*അമ്മയുടെ ചെറുതാലിച്ചരടിൽ കോർത്തതാണ്*
*മുഷിഞ്ഞൊരു ചരട്*
*കണ്ണീരും*
*അടക്കളക്കരിയും ചേർന്ന്*
*ഇഴയിണക്കിയത്*
*അതിന്റെ മധ്യേ കൺമണിത്തിളക്കം പോലെ*
*ചെറുതാലിയും മണികളും*
*(2014:101)*

കണ്ണീരും അടുക്കളക്കറയുമാണ് താലിച്ചരടിന്റെ ഇഴയിണക്കിയത്.വടക്കുംനാഥന്റെ മുന്നിൽ നിൽക്കുമ്പോൾ അമ്മയുടെ വിരലുകൾ ചെറുതാലിയിൽ തടയുന്നു.

താലിയെ അവർ അഭിമാന ചിഹ്നമായിട്ടു തന്നെയാണ് കാണുന്നത്. ഒരു ജീവിതത്തിന്റെ സാദ്ധ്യതകളെ മുഴുവൻ ഒരു ചരടിലേക്കു ബന്ധിക്കുന്ന ആ ചിഹ്നം സമൂഹത്തിന്റെ ആധിപത്യത്തിന്റെ ചിഹ്നം കൂടിയാണ്. മംഗല്യ സൗഖ്യത്തിന്റെ കൊതികളാണ് താലിച്ചരടിൽ സ്പർശിക്കുമ്പോൾ ആ അമ്മയുടെമനസ്സിൽ. അത് ഒരു കറുത്ത ദു:ഖമായി അവരുടെ തൊണ്ടയിൽ കുരുങ്ങിക്കിടക്കുന്നു. ബാഹ്യസുഖങ്ങൾക്കപ്പുറം സ്ത്രീമനസ്സിനെ സന്തോഷിപ്പിക്കാൻ ആ താലിച്ചരടിനാവുന്നില്ല . സുഖാനുഭവങ്ങളുടെ വിപുലമായ ഏതോ ചില വിളനിലങ്ങളിൽ പുരുഷാധികാരത്തിന്റെ ആലസ്യങ്ങളിൽ ജീവിക്കുന്ന ഭർത്താവിനെക്കുറിച്ചാണ് ആ അമ്മ ചിന്തിക്കുന്നത്. അവരൊരുമിച്ച് പങ്കിട്ട സുഖങ്ങൾ വീണ്ടു കൈവരിക്കാനമ്മ കാണുന്ന ഏക മാർഗ്ഗം വടക്കുംനാഥന്റെ തിരുമുറ്റമാണ്. അതാണ് സ്ത്രീയുടെ ഒരു വീഴ്ച. എല്ലാം ഈശ്വരനിൽ സമർപ്പിക്കുന്നു. അതോടെ പ്രതിരോധത്തിന്റെ മുനകൾ ഒടിഞ്ഞില്ലാതാവുന്നു. വിധിയിലും വിശ്വാസത്തിലും എല്ലാം മറയ്ക്കപ്പെടുകയാണ് ചെയ്യുന്നത്. ഈയൊരു വിരോധാഭാസം ഗീതഹിരണ്യൻ ഈ കവിതയിൽ ചൂണ്ടിക്കാട്ടുന്നു. കവിതയിലെ മകൾ ഇത് ചോദ്യം ചെയ്യുന്നു. ഒരു പ്രതിരോധത്തിനും മുതിരാത്ത അമ്മയെപ്പോലെയല്ല ഇവിടുത്തെ മകൾ

*വടക്കിനിത്തേവരോ*
*ഇടംതുടയിൽ പരസ്യമായി ഭഗവതിയെപ്പേറി*
*ജടയിൽ ഒളിസേവക്കു ഗംഗയെപ്പേറി*
*ഏകപത്നീവ്രതം ദേവലോകത്തിനുമില്ലല്ലോ എന്ന്*
*സാക്ഷ്യപ്പെടുത്തുന്ന*
*അർദ്ധനാരീശ്വരനാണ് മുന്നിലെന്ന്*
*എണ്ണ വിളക്കുകളുടെ വിളിച്ചു പറയൽ*

*(2014:101)*

സ്ത്രീയെ താലികെട്ടി അസ്വതന്ത്രയാക്കി വീടിനുള്ളിൽ കുടിയിരുത്തുന്ന പുരുഷനെ വിചാരണ ചെയ്യുന്നവയാണീ വരികൾ. പുരാണങ്ങളിൽ പോലും പെണ്ണിനു മാത്രമേ സദാചാരനിഷ്ടകൾ ഉള്ളൂ. ആണിന് അത് ബാധകമാവുന്നില്ല. പ്രാർത്ഥിക്കുന്ന ദൈവങ്ങൾ പോലും അതിൽ നിന്ന് വ്യത്യസ്തരല്ല. പുരുഷനും സ്ത്രീക്കും തുല്യ പ്രാധാന്യം കല്പിക്കുന്ന വിശുദ്ധിയുടെ പൊരുൾ എന്ന നിലയിലാണ് അർദ്ധനാരീശ്വരനെ എല്ലാവരും അറിയുന്നത്. എന്നാൽ ഇവിടെ അർദ്ധനാരീശ്വരനല്ല ഒന്നരനാരീശ്വരനാണ് എന്നാണ് കവയിത്രി പറയുന്നത്. പൗരാണിക നൈതികതയുടെ ഉൾബലത്തെ അവർ ചോദ്യം ചെയ്യുന്നു.

അമ്മയുടെ പ്രതിരോധിക്കാത്ത സ്വഭാവത്തെ അമർഷം കലർന്ന വിഷമത്തോടെയാണ് മകൾ ചോദ്യം ചെയ്യുന്നത്.

*എന്നാൽ*

*അമ്മയോ*

*കണ്ടിട്ടും കാണാതെ*

*കേട്ടിട്ടും കേൾക്കാതെ*

*(2014:102)*

ഇവിടെ സ്ത്രീസ്വത്വബോധം കവിതയിൽ വെളിപ്പെടുത്തുന്നു അമ്മയുടെ ഭൂതകാലത്തിന്റെ പഴമയിൽ നിന്ന് മകൾ മാറി നിൽക്കുന്നു. അവൾ താലി പോലുള്ള ചിഹ്നങ്ങളെ നിരസിക്കുന്നു. അവൾക്ക് സ്വന്തമായ സ്വപ്നങ്ങളുണ്ടായിരുന്നു. അവളുടെ സ്വത്വം അവൾ സംരക്ഷിച്ചിരുന്നു. പക്ഷേ കാലം ചെന്നപ്പോൾ അമ്മയുടേതു പോലെത്തന്നെയായി മകളുടെയും അവസ്ഥ. പുരുഷൻ ഏതു കാലത്തും ഒരു പോലെത്തന്നെ. സ്നേഹത്തിന്റെ ചുവപ്പ് നഷ്ടപ്പെട്ടുപോയ പരിഹാസപാത്രമായിത്തീർന്ന മകൾക്ക് ഇവിടെ ഉത്തരങ്ങളില്ലാതാകുന്നു. ദാസിയോടത്തിലോ ചതുരംഗപ്പലകയിലോ മുഴുകിയ പുരുഷസുഖങ്ങൾ ഇപ്പോൾ മറ്റിടങ്ങൾ തേടിയെന്നു മാത്രം

*ഇപ്പോൾ എവിടെയാവാം*

*എന്റെ സ്നേഹത്തിന്റെ കതിരവൻ*

*പ്രലോഭനങ്ങളുടെ നിശാസത്രത്തിലോ*

*പ്രദർശന യന്ത്രവർണമേളത്തിലോ*

*മൃഗീയ വാസനയിലോ മൃഗതൃഷ്ണയിലോ*

*(2014:103)*

ഇങ്ങനെ സ്ത്രീയുടെ ജീവിതം എല്ലാക്കാലത്തും പുരുഷനാൽ വഞ്ചിക്കപ്പെടുന്നു എന്ന് ഗീതാ ഹിരണ്യൻ വ്യക്തമാക്കുന്നു.

ആ ചിഹ്നവൽക്കരിക്കപ്പെട്ട ജീവിതവൃത്തത്തിൽ നിന്നു കൊണ്ട് മകൾ വടക്കിനിത്തേവരുടെ മുന്നിൽ നിന്ന് ശ്രീ പാർവ്വതിയോട് ചോദിക്കുന്നു.

*ഇന്ന് വടക്കിനിയിൽ മുപ്പത്തിയാറു നമസ്കരിക്കുമ്പോൾ*

*ഞാൻ ചോദിച്ചു-*

*ശ്രീ പാർവ്വതിയമ്മേ*

*ഗംഗ ഇപ്പോഴും വടക്കുംനാഥന്റെ*

*നെറുകയിൽത്തന്നെയാണോ ?*

*(2014:103)*

ഇവിടുത്തെ ഈ ചോദ്യം പ്രസക്തമാണ്. സ്ത്രീപുരുഷബന്ധത്തിൽ ഏത് മൂല്യമാണ് പ്രസക്തമായിട്ടുള്ളത്. സുതാര്യതക്കാണോ, ഭോഗസംസ്കാരത്തിനാണോ പ്രസക്തി എന്നാണ് ഈ ചോദ്യം അർത്ഥമാക്കുന്നത്. അർദ്ധനാരീശ്വരനിൽ നിന്ന് പാർവ്വതിയെ മാറ്റിയെടുത്ത് ശിവനെ ഒന്നോ രണ്ടോ നാരികളുമായി ചേർത്തു വെക്കുന്ന തരത്തിലുള്ള പുരാണങ്ങളിലെ സങ്കൽപ്പങ്ങൾ ഗീതാ ഹിരണ്യൻ ഈ കവിതയിലൂടെ അവതരിപ്പിക്കുന്നു. പ്രതിരോധിക്കുന്ന ഒരു സ്ത്രീയെ കവയിത്രി ഈ കവിതയിലൂടെ കാണിച്ചു തരുന്നു.

വീടിനുള്ളിൽ കാഴ്ച വസ്തുവാക്കപ്പെടുന്ന പെൺമനസ്സിനെ ചിത്രീകരിക്കുന്ന ഗീതാഹിരണ്യന്റെ മറ്റൊരു കവിതയാണ് 'ഇന്റീരിയർ ഡെക്കറേഷൻ'

*എന്റെ സ്നേഹം*
*സ്വാഭാവിക വളർച്ച മുരടിപ്പിച്ച*
*കുള്ളൻ അരയാൽ പോൽ*
*ആഴ്ചയും*
*പടർച്ചയും ക്രമപ്പെടുത്തിയത്*
*(2014:103)*

വീടിനുള്ളിൽ വച്ചിട്ടുള്ള അലങ്കാരവൃക്ഷങ്ങൾ ദിനം തോറും കൊമ്പുകൾ വെട്ടി പാകപ്പെടുത്തുന്നതുപോലെ സദാചാരത്തിന്റെ കത്തികൊണ്ട് സ്ത്രീയെ ഇടക്കിടെ മുറിച്ചിടുന്നു. ആ വൃക്ഷങ്ങൾക്ക് ഋതുക്കൾ അന്യമാകുന്നതു പോലെ അവൾക്കു പുറം ലോകമെല്ലാം അന്യമാകുന്നു. വൃക്ഷം പോലെ ഉൾക്കാമ്പുറച്ച സ്നേഹവുമായി മറ്റു മോഹങ്ങളൊന്നുമില്ലാതെ ജീവിക്കുന്നതാണ് 'സദാചാരി മരം' എന്നാണ് അവൾ സ്വയം വിശേഷിക്കുന്നത്. ഇത്തരത്തിൽ അടിച്ചമർത്തപ്പെടുന്ന സ്ത്രീത്വത്തെയാണ് ഗീതാഹിരണ്യൻ തന്റെ കവിതകളിലൂടെ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. അവരുടെ കഥകളിൽ നിന്ന് വ്യത്യസ്തമായി ഞാൻ എന്ന പെൺബോധം കവിതകളിൽ കാണാം. അവരുടെ പന്ത്രണ്ടിൽ പതിനൊന്നു കവിതകളും ഞാൻ എന്ന ഉത്തമ പുരുഷ സർവ്വനാമം പ്രയോഗിച്ച് കൊണ്ടാണ് രചിച്ചിരിക്കുന്നത്. ഒരുതരത്തിൽ പറഞ്ഞാൽ ആത്മപ്രകാശനങ്ങളാണ് ഗീതാ ഹിരണ്യന്റെ കവിതകൾ.

**4.2.6 അനിത തമ്പി**

വർത്തമാനകാല മലയാള കവിതയിലെ ശക്തമായ പെൺസാന്നിദ്ധ്യമാണ് അനിത തമ്പി. സ്ത്രൈണകർതൃത്വത്തിന്റെ പ്രകാശനങ്ങളാകുന്ന അനിത തമ്പിയുടെ കവിതകൾ പ്രമേയത്തിലും ആഖ്യാനത്തിലും സ്ത്രീത്വത്തിന്റെ ഉള്ളറകളി

ലേക്ക് കടന്നു ചെല്ലുന്നു. സ്ത്രീയുടെ ഗാർഹിക ജീവിതത്തിലെ കഷ്ടതകളും അവളുടെ സുരക്ഷിതത്വമില്ലായ്മയും സമകാലിക പ്രശ്നങ്ങളുമെല്ലാം അവർ സ്വന്തം കവിതകളിലൂടെ തുറന്നു കാട്ടുന്നു.

അനിത തമ്പിയുടെ ആദ്യ കവിതാ സമാഹാരമായ 'മുറ്റമടിക്കുമ്പോൾ' എന്ന സമാഹാരത്തിലെ അതേ പേരിലുള്ള കവിത സ്ത്രീയുടെ നിഷേധവും പ്രതിഷേധവുമെല്ലാം ആവിഷ്കരിക്കുന്നു. പ്രസിദ്ധീകരിച്ച് പതിമൂന്ന് വർഷങ്ങൾ പിന്നിട്ടിട്ടും മുറ്റമടിക്കുമ്പോൾ അവതരിപ്പിക്കുന്ന പെൺപക്ഷ ചിന്തകൾക്ക് കേരളീയ സാമൂഹികാന്തരീക്ഷത്തിൽ പ്രസക്തി വർദ്ധിച്ചു വരികയാണ് ചെയ്യുന്നത് . സ്ത്രീ സ്വന്തം വീടും അതിനോടനുബന്ധമായ ഭൗതിക ഇടങ്ങളും വൃത്തിയാക്കേണ്ടവളാണെന്നുമാണ് സാമൂഹികബോധം. മുറ്റമടിക്കുമ്പോൾ എന്ന കവിത തുടങ്ങുന്നതു തന്നെ ഒരു പരിതേവനത്തോടെയാണ്

*കണ്ണു പൂട്ടിയുറങ്ങുന്ന വീടിൻ*
*മൺകുരിപ്പുകൾ പൊങ്ങിയ മുറ്റം*
*ചൂലുകൊണ്ടടിച്ചോർമ്മയാക്കുമ്പോൾ*
*രാവിലെ നടുവേദനിക്കുന്നു.*

*(2004:13)*

നേരം പുലരുന്നതിനു മുമ്പുതന്നെ തന്റെ മുറ്റത്തെ വൃത്തികേടുകളെല്ലാം തൂത്ത് വൃത്തിയാക്കുന്ന വീട്ടമ്മക്ക് ബാക്കിയാവുന്ന പ്രതിഫലം നടുവേദനയാണ് .

*തൂത്തു നേരംപുലർന്നു വെളിച്ചവും*
*വീണു വീട്ടിൻ മിഴിതുറക്കുമ്പോൾ*
*കാൽച്ചുവടും കരിയില പോലും*
*നീങ്ങി എന്തൊരു വൃത്തിയിൽ മുറ്റം*

*(2004:13)*

എല്ലാവരും ഉണരുമ്പോൾ കാണുന്നത് എല്ലാ വൃത്തികേടും നീങ്ങിക്കഴിഞ്ഞ മുറ്റമാണ്. വൃത്തികടോ അതു നീക്കുന്ന പ്രവർത്തിയോ ആരു കാണുന്നില്ല. പുരുഷസമൂഹത്തിന്റെ അഴുക്കുകളെല്ലാം ഏറ്റെടുത്ത് വൃത്തിയാക്കേണ്ടവളാണ് സ്ത്രീയെന്ന ധാരണയെയാണ് ഇവിടെ അടയാളപ്പെടുത്തുന്നത്. മൺകുരിപ്പുകൾ പോലെയാണ് എന്റെ ജീവിതം എന്നവൾ സൂചിപ്പിക്കുന്നു.

*മണ്ണിരകളുറങ്ങാതെയാവാം*

*കൊച്ചു മൺ വീടുകൾ വച്ചു രാവിൽ*

*(2004:14)*

എന്നു പറയുന്നിടത്ത് സ്ത്രീയുടെ ജീവിതവും മണ്ണിരയെപ്പോലെയാണെന്ന് ധ്വനിപ്പിക്കുന്നു കവയിത്രി. മണ്ണിരകൾ സ്വന്തം അധ്വാനത്തിന്റെ മുഴുവൻ ഭാഗവും വീടു നിർമ്മിക്കാൻ ചിലവഴിക്കുന്നു. എന്നാൽ അത് ഒറ്റനിമിഷം കൊണ്ട് തട്ടിത്തകർക്കുകയാണിവിടെ. സ്ത്രീയുടെ അധ്വാനവും അതു പോലെത്തന്നെയാണ്. അവൾ സ്വന്തം അധ്വാനത്തിന്റെ മുഴുനീളഭാഗവും തന്റെ കുടുംബത്തിനായി നീക്കിവെക്കുന്നു. എന്നിട്ടും അംഗീകരിക്കപ്പെടുകയോ പരിഗണിക്കപ്പെടുകയോ ചെയ്യാതെ മണ്ണിരയുടെ വീടുപോലെ തകർക്കപ്പെടാൻ മാത്രം  വിധിക്കപ്പെടുന്ന അധ്വാനത്തിനുടമയാണവൾ.

*രാവരിച്ചു വന്നെത്തുന്ന പത്രം*

*വാതിലിൽ വന്നു മുട്ടി വീഴുമ്പോൾ*

*ചപ്പുവാരി നിവർന്നവൾക്കിത്തിരി*

*കാപ്പിമട്ടു കുടിക്കുവാൻ മോഹം*

*(2004:14)*

എന്നു പറഞ്ഞു കൊണ്ടാണ് അനിതാ  തമ്പി ഈ കവിത അവസാനിപ്പിക്കുന്നത്. പത്രമൊന്നും കാണാൻ  അവൾക്കു നേരമില്ല . ലോകത്ത് നടക്കുന്ന സംഭവ വികാസങ്ങളുടെയും വിജ്ഞാനത്തിന്റെയും പ്രതീകമായ പത്രത്തിന് നേരെത്തിരിഞ്ഞ് നിൽക്കാൻ മാത്രമേ അവൾക്കു സാധിക്കുന്നുള്ളൂ. എല്ലാ വൃത്തികേടുകളും തൂത്തു വൃത്തിയാക്കി നടുനിവർത്തുന്ന അവൾക്കൽപ്പം കാപ്പി, അതും എല്ലാവരും കുടിച്ചതിനു ശേഷമുള്ള കാപ്പിമട്ടു മാത്രം കുടിക്കാനാണ് അവൾക്കാഗ്രഹം. സ്ത്രീയുടെ ലോകം എത്രമാത്രം ചെറുതായി മാറുന്നുവെന്നും  അവളെത്ര മാത്രം അവളിലേക്ക് ഒതുക്കപ്പെടുന്നുവെന്നും ഈ വരികളിലൂടെ കവയിത്രി പറഞ്ഞു വെയ്ക്കുന്നു.

അനിതാ തമ്പിയുടെ രണ്ടാമത്തെ കവിതാ സമാഹാരമാണ് ' അഴകില്ലാത്തവയെല്ലാം' സമാഹാരത്തിലെ 'അഞ്ചുപരിശ്രമങ്ങൾ' എന്ന കവിതയിലും അടുക്കളയും ഗാർഹികജീവിതവും കടന്നു വരുന്നു.  അടുക്കളയോടിഴുകിച്ചേർന്ന ഒരു പെണ്ണിനെയാണ് ഈ കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്.

*ഇരിപ്പു മുറി*
*കിടപ്പു മുറി*
*ഊൺ മുറി*
*കുളി മുറി*
*അടുക്കള മാത്രം*

*മുറിയല്ലാത്ത (മുറികൂടാനാവാത്ത)*
*ഒരു മുറിവ്*
*(2010:48)*

ഇരിപ്പുമുറിയും കിടപ്പുമുറിയുമാക്കെ മുറിയാകുമ്പോൾ അടുക്കള മാത്രം മുറികൂടാനാവാത്ത മുറിവ്. അടുക്കളക്ക് പുതിയൊരു വ്യാഖ്യാനം നല്കുകയാണ് കവയിത്രി. ഉണങ്ങാത്ത മുറിവായി ഒടുങ്ങാത്ത വേദനയുമായി അടുക്കളയെ തിരിച്ചറിയുകയാണിവിടെ.

*നാവുന്തിയ ചിരവത്തടി*
*കീറപ്പായ്*
*കീറത്തുണി*
*എച്ചിൽ പാത്രങ്ങൾ*
*(2010:27)*

തുടങ്ങി വീട്ടിലെ അഴകില്ലാത്ത വസ്തുക്കളെയെല്ലാം സ്ത്രീയുമായി ബന്ധപ്പെടുത്തുന്നു എന്ന യാഥാർത്ഥ്യം ആവിഷ്കരിക്കുന്ന കവിതയാണ്.' അഴകില്ലാത്തവയെല്ലാം'

അടുക്കളയിലെ പാചകസമയത്ത് സംഭവിക്കുന്ന തിളച്ചുമറിയലുകളും വേവലുകളും എല്ലാം പെൺമനസ്സിന്റെ ഉരുകിയൊലിക്കലും വേവലുകളുമാണെന്ന് 'അന്നം' എന്ന കവിതയിലൂടെ പറയുന്നു

*അടപലകകൊണ്ടു വാർത്തു*
*കമഴ്ത്തിയവൾ*
*മടിയിലേക്കിറങ്ങിപ്പോയി*
*എന്നേക്കും ആറിക്കിടക്കുമോ*
*ഈ വീടിന്റെ വിശപ്പ്*
*(2004:23)*

എന്നു ചോദിക്കുമ്പോൾ വീട്ടകങ്ങളിലെ വേവലുകളിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്ന സ്ത്രീമനസ്സിനെ ആവിഷ്കരിക്കുകയാണ് അനിത തമ്പി.

സ്ത്രീയുടെ സ്വത്വാന്വേഷണം കടന്നുവരുന്ന കവിതയാണ് 'വൃത്തി' ഈ കവിതയിൽ അസ്തിത്വപ്രതിസന്ധി വളരെ വ്യക്തമായിത്തന്നെ ആവിഷ്കരിക്കുന്നു

*വിരൽത്തട്ടി മറിഞ്ഞിട്ടും*

*പരന്നൊഴുകാൻ വിടാതെ*

*പഴന്തുണി നനച്ചാരോ*

*തുടച്ചെടുക്കുകയാണെന്നെ*

*(2004:16)*

എന്ന വരികൾ ഉദാഹരണം.

'വണ്ടി' എന്ന കവിതയിൽ സ്ത്രീയുടെ ഇച്ഛാശക്തി എല്ലാ പ്രതിബന്ധങ്ങളെയും തകർത്തു മുന്നേറുന്നതിനെ അടയാളപ്പെടുത്തുന്നു.

*ഏതു വണ്ടിയേറിദൂരം*

*നീയുറങ്ങിയകന്നാലും*

*പാഞ്ഞു പോകുമെതിർ വണ്ടി*

*ച്ചൂളമായ് വന്നുണർത്തും ഞാൻ*

*(2004:31)*

സുഷുപ്തിയിലുള്ളവരെ കുലുക്കിയുണർത്താൻ പര്യാപ്തമാണീ വരികൾ.

*നഗരത്തിൽ വണ്ടി കാത്തു കാത്ത്*

*കുഴഞ്ഞപ്പോൾ*

*കൈകാലുകൾ വിടർത്തി വീശി*

*ഞാൻ പെട്ടെന്നൊരു വൃക്ഷമായി മാറി*

*(2004:28)*

എന്നു 'തെരുവിലെ വൃക്ഷ'ത്തിലും കവയിത്രി പറയുന്നു. ചില്ലകൾവീശി പടർന്നു പന്തലിക്കുന്ന വൃക്ഷം സ്വാതന്ത്ര്യത്തെയാണ് കുറിക്കുന്നത്.

സ്ത്രീസ്വത്വം എന്നും നിഷേധിക്കപ്പെട്ടിട്ടിട്ടേയുള്ളൂ. ചരിത്രം അവഗണിക്കപ്പെട്ട പെണ്ണിനെയാണ് 'വരവ്' എന്ന കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്. മൂത്തശ്ശന്റെയും അച്ഛന്റെയും എല്ലാം ചരിത്രം നമുക്കറിയാം. എന്നാൽ അമ്മ, മുത്തശ്ശി അവരെയൊന്നും അറിയില്ല. അവരെല്ലാം പെണ്ണുങ്ങളായതുകൊണ്ട് അവർക്ക് ചരിത്രമില്ല. ചരിത്രത്തിലും പാട്ടിലും ഒന്നും അവരില്ല. അവരെ ആരും രേഖപ്പെടുത്താറില്ല.

*കേൾക്കട്ടെ ഒരു പെൺകവി*

*ഓ വരില്ലത്*

*തെരണ്ടിരിപ്പാണ്*

*(2009:36)*

എന്ന വരികളിൽ സ്ത്രീത്വത്തിന് നേരെയുള്ള അവഗണന ശക്തമായി അടയാളപ്പെടുത്തുന്നു അനിതാ തമ്പി.

ഇത്തരത്തിൽ ചരിത്രപരവും സാമൂഹികവുമായ ഒരു പാട് തലങ്ങളെ കവിതയിൽ ആവിഷ്കരിക്കുന്ന കവയിത്രിയാണ് അനിത തമ്പി. സ്ത്രീയുടെ അടിമത്തവും,ഭയവും വിഹ്വലതയും അതിനെതിരെയുള്ള പ്രതിഷേധവും പ്രതികരണവുമെല്ലാം ഒരു പോലെ ആവിഷ്കരിക്കാൻ ഈ കവയിത്രിക്ക് സാധിച്ചിട്ടുണ്ട്.

**4.2.7 മ്യൂസ് മേരി**

വർത്തമാനകാല ജീവിതാവസ്ഥകൾ കവിതയിൽ ശക്തമായി ആവിഷികരിക്കുന്ന കവയിത്രിയാണ് മ്യൂസ് മേരി. സ്ത്രീ ജന്മത്തിന്റെ എല്ലാ ആകുലതകളും അവർ കവിതക്ക് വിഷയമാക്കുന്നു. പെണ്ണകത്തിന്റെ വേവുകളെ സൂക്ഷ്മമായി ആവിഷ്കരിക്കുന്ന കവിതകളാണ് മ്യൂസ് മേരിയുടേത്. അടുക്കളയിലെ ജോലികളും മറ്റ് വീട്ടു ജോലികളും നിറഞ്ഞ ഗാർഹിക ഉത്തരവാദിത്തങ്ങൾ സ്ത്രീയെ എങ്ങനെയൊക്കെയാണ് ബാധിക്കുന്നത് എന്ന് മ്യൂസ് മേരി കാണിച്ചു തരുന്നു.

ഗാർഹികമായ ഉത്തരവാദിത്തങ്ങൾക്കിടയിൽ ഒരു ചർച്ചക്കും സമയം കിട്ടാത്തസ്ത്രീയനുഭവമാണ് 'കൊറിപുരാണം' എന്ന കവിതയിൽ മ്യൂസ്മേരി ആവിഷ്കരിച്ചിരിക്കുന്നത്.

*അരാഷ്ട്രീയക്കാരായ*

*സ്ത്രീകളെക്കുറിച്ചായിരുന്നു*

*വർത്തമാനം.*

*സ്വീകരണ മുറിയിലെ*

*സ്ഫടികപ്പാത്രത്തിനിരുവശമിരുന്ന്*

*കൂടെക്കൊറിക്കാനൊന്നുമില്ല*

*പറഞ്ഞു തീരുംമുമ്പ്*

*അവനുണർന്നു*

*(2008:23)*

തങ്ങളുടെ സംഭാഷണം മുഴുമിപ്പിക്കാൻ പോലും നേരമില്ലാത്ത സ്ത്രീകൾ അരാഷ്ട്രീയവാദികളാകുന്നതെങ്ങനെയെന്നും ഈ കവിത വ്യംഗ്യമായി സൂചിപ്പിക്കുന്നുണ്ട്.

വീട്ടിലും പുറത്തും സുരക്ഷിതരല്ലാത്ത സ്ത്രീകളെക്കുറിച്ചുള്ള ആശങ്ക ആവിഷ്കരിക്കുന്ന കവിതയാണ് 'വെള്ളരി മുറിക്കുമ്പോൾ'. ഗാർഹികജീവിതവും അടുക്കളയും പെണ്ണിനെ സ്വാധീനിക്കുന്നതെങ്ങനെയെന്നും ഈ കവിതയിൽ ചിത്രീകരിക്കുന്നു.

*ഉടുപുടവയിൽ തീ പടരവേ*
*ഒരു പെൺകിടാവ് പുടവ*
*കളൊന്നൊന്നായുരിയുമ്പോഴും*
*തുടയിലും മുലയിലും ചൊടിയിലും*
*കണ്ണുടക്കിയൊരാട്ടു കൊറ്റൻ*
*ചിനച്ചുണരുന്നെങ്കിലും*
*വെള്ളരി മുറിക്കുമ്പോൾ*
*വെള്ളം കിനിയുന്നൊരു*
*ഉടലിനെ വിചാരിക്ക*

*(2008:18)*

വസ്ത്രത്തിൽ തീ പടർന്ന് മരണത്തെ മുഖാമുഖം കാണുന്ന പെൺകുട്ടിയുടെ ശരീരഭംഗി ആസ്വദിക്കുന്ന സമൂഹത്തിന്റെ മനസ്സിനെയാണ് കവിത ചൂണ്ടിക്കാട്ടുന്നത്. സമൂഹത്തിലെ ഈ അമ്പരപ്പിക്കുന്ന യാഥാർത്ഥ്യം വെള്ളരി മുറിക്കുക എന്ന പെണ്ണിന്റെ പ്രവൃത്തിയിലൂടെ പ്രതീകാത്മകമായി കവയിത്രി അവതരിപ്പിക്കുന്നു. പെണ്ണിന്റെ ഉടലനുഭവം കവിതയിൽ ആവിഷ്കരിക്കുന്നത് വർത്തമാന കാലകവിതകളുടെ പ്രത്യേകതയാണ്. വെള്ളരി മുറിക്കുമ്പോൾ വെള്ളം കിനിയുന്ന ഉടലിനെയണ് ഓർമ്മിക്കേണ്ടത് എന്ന് പറയുമ്പോൾ കായ്കറികളുടെ ഒരുക്കലിൽ നിന്ന് പെണ്ണുടലിലേക്കുള്ള അവസ്ഥാമാറ്റം സ്വാഭാവികമായി സംഭവിക്കുന്നു. വെള്ളരി മുറിക്കുന്ന ലാഘവത്തോടെയാണ് സ്ത്രീയുടെ ഉടലുകൾ മുറിവേൽപ്പിക്കപ്പെടുന്നത്. അത് കൊണ്ടാണ് സമൂഹത്തിൽ സ്ത്രീയെ സംബന്ധിക്കുന്ന ഏതു പ്രശ്നവും കവിതയിൽ വെള്ളരിമുറിക്കുക എന്ന പ്രതീകത്തെ മുൻ നിർത്തി ആവിഷ്കരിക്കുന്നത്.

*തെരുവു വിളക്കുകളൊന്നും*

*തെളിയാത്ത രാത്രിയെങ്കിലും*

*ഞങ്ങളൊന്നു മുരിയാടുന്നില്ല-*

*യെങ്കിലും രാത്രി നീളുന്നുവെങ്കിലും*

*വെള്ളരി മുറിക്കുമ്പോൾ*

*വെള്ളം കിനിയുന്നൊരാ*

*ഉടലിനെ വിചാരിക്ക*

*(2008:19)*

സ്ത്രീയെസംബന്ധിച്ചിടത്തോളം ഭയപ്പെടുത്തുന്നതാണ് തെരുവുവിളക്കുകളൊന്നും തെളിയാത്തതും നിശബ്ദമായതും നീണ്ടുപോകുന്നതുമായ രാത്രി. അതൊരു ദുരന്ത ത്തെയാണ് ധ്വനിപ്പിക്കുന്നത്. അപ്പോഴും വിചാരിക്കേണ്ടത് വെള്ളരി മുറിക്കുന്ന ലാഘവത്തോടെ മുറിയുന്ന ഉടലിനെയാണ്.

പെൺജീവിതത്തിന്റെ അവസ്ഥകൾ പ്രതീകാത്മകമായി ചിത്രീകരിക്കുന്ന കവിതയാണ് 'കൊടിച്ചി'. സ്ത്രീജീവിതത്തിലെ ഓരോ ഘടകങ്ങളെയും കൊടിച്ചി പകർത്തിക്കാണിക്കുന്നു.

*വിരൽ ഞൊടിക്കുമ്പോൾ*

*വാലാട്ടി*

*കാലുവിറച്ച് കാലൂന്നി*

*നിവർന്ന്*

*കിടക്കയിൽ മലർന്ന്*

*കിതപ്പുകൾ മണത്ത് കൊടിച്ചി*

*(2008:33)*

എന്ന വരികൾ പെൺശരീരത്തെക്കുറിച്ചുള്ള തിരിച്ചറിയലുകൾ ആവിഷ്കരിക്കുന്നു. സ്ത്രീജീവിതത്തിന്റെ എല്ലാ മേഖലകളെയും മ്യൂസ് മേരിയുടെ കവിത സൂക്ഷ്മമായി ആവിഷ്കരിക്കുന്നു.

**4.2.8 ഗിരിജ പി. പാതേക്കര**

പുതിയ കവിതയിൽ സ്ത്രീഅനുഭവങ്ങൾ വളരെ വ്യത്യസ്തമായി പുതി330

യൊരു  പെൺഭാഷയിലൂടെ അവതരിപ്പിക്കുന്ന കവയിത്രിയാണ് ഗിരിജ. പി. പാതേക്കര. 'ടച്ച്മി നോട്ട്', 'കൊണ്ടാട്ടം', 'രണ്ടുലോകങ്ങൾ', 'അവൾ', 'ദിനചര്യകൾ', 'ഓണമെന്നാൽ അവൾക്ക്' തുടങ്ങിയ ഗിരിജയുടെ കവിതകൾ പുതിയൊരു പെൺകാഴ്ചയുടെയും പെൺഭാഷയുടെയയും ആഖ്യാനരൂപങ്ങളാണ്.

ഏതു സാഹചര്യത്തോടും  പടപൊരുതി നിൽക്കാൻ തയ്യാറുള്ള പെൺകരുത്തിന്റെ വീര്യവും ആത്മധൈര്യവുമാണ് ടച്ച് മി നോട്ട് എന്ന കവിതയിലെ തൊട്ടാവാടിയിൽ കാണുന്നത്. തൊടുമ്പോഴേക്കും ലജ്ജയിൽ കൂമ്പുന്നവളല്ല ഈ തൊട്ടാവാടി. തന്റെ നേരെ ഉയരുന്ന  കൈകൾക്കും കാമം നിറഞ്ഞ  കണ്ണുകൾക്കുമെതിരെ ആയിരം മുള്ളുകളാകുന്ന പടച്ചട്ടയുമായാണ് വളരേണ്ടതെന്ന് തൊട്ടാവാടി കാണിച്ചു തരുന്നു. തൊട്ടാവാടിയെ ലജ്ജാവതിയെന്നും ടച്ച് മി നോട്ട് എന്നുമൊക്കെ പറയുമ്പോൾ അതിന്റെ യഥാർത്ഥ സ്വാഭാവം മറക്കുകയാണ്. പെണ്ണെഴുത്തിന്റെ പ്രതിരോധവീര്യം കാണിക്കുന്ന കവിതയാണ് 'കൊണ്ടാട്ടം'

*തിളയ്ക്കുന്ന  എണ്ണയിലേക്ക്*
*എന്നെയൊന്നറിഞ്ഞു നോക്കു*
*അപ്പോൾ കാണാം*
*ആത്മവീര്യത്തോടെ*
*തലയുയർത്തി*
*ഞാൻ പൊങ്ങിപ്പൊങ്ങി വരുന്നത്*
*കടിച്ചാൽ പൊട്ടാത്ത വണ്ണം*
*മൊരിയുന്നത്.*

*(2012:15)*

എല്ലാം സഹിച്ച് സങ്കടങ്ങൾ കടിച്ചമർത്തി ജീവിക്കുന്നവളല്ല ഗിരിജയുടെ സ്ത്രീ. അവൾ ആവശ്യം വരുമ്പോൾ പ്രതികരിക്കാനും പ്രതിഷേധിക്കാനും കരുത്താർജ്ജിച്ചവളാണ്.

പുരുഷാധിപത്യസമൂഹം എക്കാലത്തും സ്ത്രീകളെ ചരിത്രത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും മറ്റെല്ലാജീവിത വ്യവഹാരങ്ങളിൽ നിന്നും  ബോധപൂർവ്വം മാറ്റി നിർത്തിയിരുന്നു. അത് ഇന്നും പുതിയ രീതിയിൽ തുടരുന്നു എന്നു കാണിക്കുന്ന കവിതയാണ് അവൾ. വീട്ടിലേക്ക് അലക്കുയന്ത്രവും വാക്വം ക്ലീനറും കൊണ്ടുവന്നപ്പോൾ അവൾക്ക് അലക്കു പണിയും തൂപ്പുപണിയും നഷ്ടപ്പെട്ടു. തൊട്ടടുത്ത്

നക്ഷത്ര ഹോട്ടലുകളുയർന്നപ്പോൾ വെപ്പുപണിയും അവൾക്കില്ലാതായി. പുതിയ രുചിയും അവസ്ഥകളും മക്കൾ ഏറ്റെടുത്തതോടെ വായിലൂടെ അവരുടെ ഹൃദയത്തിനകത്തേക്കെത്താനുള്ള വഴി അവൾക്കു മുമ്പിലില്ലാതായി. അവളുടെ ചോറും പലഹാരങ്ങളും ആർക്കും വേണ്ടാതായി

*കുട്ടികൾ നെറ്റിൽ കുടുങ്ങിക്കിടക്കുന്നത്*

*അവൾ നിസ്സഹായയായ്*

*നോക്കി നിന്നു*

*അയാൾ സൈബർത്തിയുടെ*

*ആഴങ്ങൾ തേടവേ*

*കിടക്കയിൽ നിന്നുമവൾ*

*മാഞ്ഞു പോയി*

*അവൾ വീടിനു പുറത്തായി.*

*(2012:60)*

ഇങ്ങനെ ജീവിതത്തിൽ നിന്നും പുറത്താക്കപ്പെട്ട ഈ സ്ത്രീയുടെ വിവരണം ചരിത്രത്തിൽ നിന്നും ഇക്കാലം വരെയുള്ള സാംസ്കാരിക പാരമ്പര്യത്തിൽ നിന്നും പുറത്താക്കപ്പെട്ട സ്ത്രീയെയാണ് കാണിക്കുന്നത്.

പുരുഷന്റെയും സ്ത്രീയുടേയും ദിനചര്യയാണ്' ദിനചര്യകൾ' എന്ന കവിത. പ്രഭാതത്തിലേക്ക് സാവധാനം കൺതുറന്ന് കിടക്കിയിലേറെ നേരം അലസമായിക്കിടന്ന് ചായക്കപ്പിലുണർന്ന് പത്രങ്ങൾ വായിച്ച് പ്രാതൽ കഴിച്ച് ക്ലോക്കിനെ വേഗത്തിൽ ഓടിയതിനെ പഴി പറഞ്ഞ് വീടുവിട്ടിറങ്ങുന്നവനാണ് പുരുഷൻ. പിന്നെ

*സല്ലാപങ്ങളിൽ മുങ്ങി നിവർന്ന്*

*വൈകി വീടണയുക*

*വിജയശ്രീലാളിതനായുറങ്ങുക*

*(2012:49)*

എന്നാൽ സ്ത്രീയുടെ ഒരു ദിവസത്തെ ചര്യ തികച്ചും അയാളിൽ നിന്ന് വ്യത്യസ്തമാകുന്നു.

*പിടഞ്ഞുണരുക*

*തറകൾക്ക് തിളക്കമാവുക*

*വസ്ത്രങ്ങൾക്ക് വർണമാവുക*

*അടുപ്പിൽ തിളച്ചു വേവുക*

*പാത്രങ്ങളിൽ നിറയുക*

*നിന്റെ പരിക്കുകളിൽ*

*കുഴമ്പായ് പരക്കുക*

*(2012:49)*

രാവിലത്തെ ഈ ചര്യകൾ കഴിഞ്ഞാൽ

*വൈകീട്ടു വീണ്ടും*

*അടുക്കളയിൽ തിളക്കുക*

*മക്കൾക്ക് അറിവാകുക*

*വീടിന് വെളിച്ചമാകുക*

*മെത്തയിൽ മുറിവാകുക*

*മൊബൈലിന്റെ ഉണർത്തു പാട്ടിന്*

*കാതോർത്തു കിടക്കുക*

*(2012:50)*

ഓരോ പെണ്ണിന്റെയും ജീവിതാനുഭവമാണ് ദിനചര്യകളിൽ ഗിരിജ ആവിഷ്കരിച്ചിരിക്കുന്നത്. അതാകട്ടെ പുരുഷന്റെ കാഴ്ചകളിൽ നിന്ന് തികച്ചും വ്യത്യസ്തമാണുതാനും. 'ഓണമെന്നാൽ അവൾക്ക്' എന്ന കവിതയിലും ഇതു പോലെ വ്യത്യസ്ത

മായ സ്ത്രീയനുഭവമാണ് ആവിഷ്കരിച്ചിരിക്കുന്നത്. മറ്റുള്ളവർക്ക് ഓണം മധുരമാക്കാൻ സ്വന്തം ജീവിതം ഹോമിക്കുന്ന അമ്മമാരുടെ ഓണമെന്ന ഒർമ്മയാണ് ഈ കവിതയിൽ കണുന്നത്.

*തിരുവോണത്തിന്*

*കാളനായും ഓലനായും*

*നാക്കിലകളിൽ നിരക്കലാണ്*

*കുമിഞ്ഞു കൂടുന്ന പാത്രങ്ങൾ*

*തേച്ചു വെളുപ്പിക്കലാണ്*

*അഥിതികളിറങ്ങിപ്പോയ അകങ്ങൾ*

*അടുക്കിപ്പെറുക്കലാണ്*

*(2012:43,44)*

ഇതാണ് സ്ത്രീയെ സംബന്ധിച്ചിടത്തോളം ഓണം.

സമൂഹം കൽപ്പിച്ചു വച്ച ഒരു ഘടനയുണ്ട്. ആ വ്യവസ്ഥാപിത സാമൂഹ്യഘടനക്കെതിരെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്ത്രീകളെ സമൂഹത്തിൽ നിന്ന് അധിക്ഷേപിച്ച് പുറത്താക്കുന്നു. അത്തരക്കാരെ വിളിക്കുന്ന പേരാണ് ഒരുമ്പെട്ടോൾ. പുരുഷാധിപത്യസമൂഹം കല്പിക്കുന്ന വഴികളിൽ നിന്ന് വേറിട്ടുനടക്കുമ്പോൾ അവളെ പിഴച്ചവളായും ഒരുമ്പെട്ടോളായും മുദ്രകുത്തുന്നു. സ്ത്രീയെ അടിച്ചമർത്തി ചരിത്രത്തിൽ നിന്നും അപ്രത്യക്ഷരാക്കാൻ നിരവധി വില ക്കുകൾ സമൂഹം കല്പിച്ചിട്ടുണ്ട്. പുരുഷാധിപത്യസമൂഹത്തിന്റെ ഭാഷയിൽപോലും സ്ത്രീയെ അവഹേളിക്കുന്ന പദങ്ങൾ ധാരാളമുണ്ട്. അവക്കൊന്നും എതിർ ലിംഗങ്ങ ളില്ല എന്നതും ശ്രദ്ധേയമാണ്. തേവിടിശ്ശി, വേശ്യ, അബല, കന്യക, പതിവ്രത, ഒരു മ്പെട്ടോൾ തുടങ്ങിയ പദങ്ങളെല്ലാം ഇത്തരം നിർമ്മിതികളാണ് . ഇത്തരം പുരുഷ കേന്ദ്രിത പ്രത്യയശാസ്ത്രങ്ങൾ കൊണ്ടുനിർമ്മിക്കപ്പെട്ട വരേണ്യതയെ ഉടച്ചുവാർക്കുന്ന കവിതയാണ് ഗിരിജയുടെ 'ഒരുമ്പെട്ടോൾ'.

*കുളിമുറിയിൽ*
*മൂളിപ്പാട്ടു പാടിയതിന്*
*കണ്ണാടിയിലേറെ നേരം*
*നോക്കി നിന്നതിന്*
*കൃത്യനേരം തെറ്റി*
*വീടണഞ്ഞതിന്*
*ഉറക്കെച്ചിരിച്ചതിന്*
*ആ വാക്കെറിഞ്ഞ്*
വീഴ്ത്താറുണ്ടായിരുന്നു അവളെ
അമ്മ, അച്ഛൻ, ആങ്ങളമാർ

(2012:75,76)

സ്ത്രീയെ വെറും വീട്ടുപകരണമായി മാത്രം കാണുന്ന പുരുഷാധിപത്യസമൂഹത്തി നെതിരെയുള്ള പൊട്ടിത്തെറിയാണ് ഒരുമ്പെട്ടോൾ എന്ന കവിത.

**4.2.9 ആശാലത**

പുതിയ കവിതയിൽ വ്യക്തിത്വമുറപ്പിച്ച ആശാലതയുടെ കവിതകളിലും വ്യത്യസ്ത സ്ത്രീ ബിംബങ്ങൾ കാണാം. ഗോപികമാരെക്കുറിച്ച് ഒന്നിലധികം കവിതകൾ അവർ രചിച്ചിട്ടുണ്ട്. അവരെല്ലാം പ്രണയത്തിന്റെ പേരിൽ കബളിപ്പിക്കപ്പെടുന്ന പെണ്ണിന്റെ പകർപ്പുകളാണ് 'അവസാനത്തെ ഗോപിക' എന്ന കവിതയിൽ കൃഷ്ണൻ വരുമെന്ന് കരുതി അടഞ്ഞ വാതിലിനു മുന്നിൽ ഏറെ നേരം കാത്തു നിൽക്കുന്ന ഗോപികയ്ക്കുണ്ടായ അവസ്ഥയാണ് ചിത്രീകരിച്ചിരിക്കുന്നത്. ഗോപികമാരോടൊത്ത് നൃത്തമാടുകയാണ് കൃഷ്ണൻ പിന്നീട് നിരവധി കൃഷ്ണന്മാർ പ്രത്യക്ഷപ്പെടുന്നു.[10]

പ്രണയത്തിന്റെ പേരിൽ പലതും സഹിക്കേണ്ടി വരുന്ന പെൺകുട്ടികളെയാണ് ആശാലത ഇവിടെ കാണിച്ചു തരുന്നത്. പ്രണയിക്കുന്നവരെ പൂർണ്ണമായി വിശ്വസിച്ച് കബളിപ്പിക്കപ്പെടുന്ന പെണ്ണിനുള്ള ഒരു ഉപദേശം കൂടിയാണീ കവിത. 'ഗോപിക' എന്ന പേരിൽ എഴുതിയ കവിതയിൽ കൃഷ്ണനെ അന്വേഷിച്ച് വീട്ടിൽ എത്തിയ ഗോപികയ്ക്ക് വീടുപൂട്ടിയതായി കണ്ട് വീട്ടിലേക്കുള്ള വഴി തെറ്റി അലയേണ്ടി വരുന്ന അവസ്ഥയാണ് കാണിച്ചിരിക്കുന്നത്.

ആശാലതയുടെ 'ഉടൽ' എന്ന കവിതയിൽ സ്ത്രീയെ ഉടൽ മാത്രമായി ക്കാണുന്ന സമൂഹത്തോടുള്ള വെറുപ്പ് രേഖപ്പെടുത്തുന്നു.

*എനിക്ക്*
*എന്റെയീശരീരം*
*പനിക്കോളിലേക്ക്*
*ചർദ്ദിക്കാൻ തോന്നുന്നു*

*(2001:45)*

എന്നാണ് കവയിത്രി പറയുന്നത്. ഉടലിന്റെ പലതരത്തിലുള്ള കിടപ്പും രീതികളും ഒക്കെ കവിതയിൽ ആവിഷ്കരിക്കുന്നുണ്ട് ആശാലത. 'മദനൻ' എന്ന കവിതയിൽ 'രമണൻ' എന്ന കാവ്യത്തിന്റെ പശ്ചാതലത്തിൽ പ്രണയത്തിന്റെ നിരർത്ഥകതയാണ് ആവിഷ്കരിച്ചിരിക്കുന്നത്.

ഇത്തരത്തിൽ സ്ത്രീസ്വത്വാവിഷ്കാരത്തിന്റെ വ്യത്യസ്ത മാതൃകകൾ കവിതയിൽ കൊണ്ടു വന്ന ധാരാളം കവയിത്രികൾ വർത്തമാന കവിതാ ലോകത്തുണ്ട്. ആര്യാഗോപി, ഇ.സന്ധ്യ, ഇന്ദുലേഖ, സുജ, ശ്രീരമ, ശുഭാമണി,

പത്മാജീവൻ, കെ.പി.സുധീര തുടങ്ങി അംബിക, ധന്യ, എം.ഡി.നബീസത്ത് ബീവി, ജയലക്ഷ്മി, കെ.എം.സുമ, ശകുന്തള ഡി, സുരജ.ഇ.എം, ശബ്ന.എസ്, ഗീതാരാജൻ, ധന്യകുമാർ, ഹരിതാ ചന്ദ്രൻ, ശ്രീദേവി.കെ.പി, ബി.ഇന്ദിര, ജയശ്രീ, ഷൈനി.എം.ജോൺ, എം.ഗംഗാദേവി, ജയശ്രീകിഷോർ, പി.ജി.രമാദേവി, ഗിരിജ വെമ്മങ്ങാട്ട്, മീര.യു.മേനോൻ, പ്രീതാശശിധരൻ, ബിന്ദു രാധാകൃഷ്ണൻ, ജ്യോതി ഇ.കെ, അപർണ ചിത്രകം, പി.റഫീന, സുഷമ ബിന്ദു എന്നിങ്ങനെ ധാരാളം കവയിത്രികൾ മലയാള കവിതാരംഗത്ത് സ്ത്രീ സ്വത്വാവിഷ്കാരത്തിന്റെയും കർതൃത്വനിർമിതിയുടെയും തലങ്ങളെ സജീവമാക്കിക്കൊണ്ടിരിക്കുന്നു.

**4.2.10 ബിന്ദു കൃഷ്ണൻ**

'വളരാതെ' എന്ന കവിതയിൽ ബിന്ദു കൃഷ്ണൻ പെൺകുട്ടികളുടെ വളർച്ചയിൽ ആകുലതപ്പെടുകയും ഭയക്കുകയും ചെയ്യുന്ന അമ്മമാരെ കാണിച്ചു തരുന്നു. വളരുന്ന പെൺകുട്ടി അമ്മയുടെ മനസ്സിൽ ആധി നിറക്കുന്നു.

*അവളിൽ നിന്നോരോ മാസവും തെറ്റാതെ*

*രക്തമൊഴുക്കിത്തുടങ്ങാതിരിക്കാൻ*

*കാമമവളെ കശക്കാതിരിക്കാൻ*

*പ്രണയമവളെ പിളർത്താതിരിക്കാൻ*

*(2008:53)*

അവൾ ഒരിക്കലും വളരരുതേ എന്നാണ് അമ്മ പ്രാർത്ഥിക്കുന്നത്. ഇത്തരത്തിൽ ഒരു സാഹചര്യത്തിലും സുരക്ഷിതരല്ലാത്ത പെൺകുട്ടികൾ അമ്മ മാർക്ക് മാനസികപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. പെൺകുട്ടികളുള്ള അമ്മമാരനുഭവിക്കുന്ന ഏറ്റവും വലിയ മാനസികപ്രശ്നം മക്കളുടെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള വേവലാതിയാണെന്ന് ഈ കവിത കാണിച്ചു തരുന്നു.

ബിന്ദു കൃഷ്ണന്റെ 'തൊട്ടാൽ വാടരുത്' എന്ന കവിതയും ശ്രദ്ധേയമാണ്. തൊട്ടാൽവാടിയുടെ സംഭാഷണത്തിന്റെ രൂപത്തിലെഴുതിയ ഈ കവിതയിൽ പെൺകുട്ടികൾ പ്രതികരിക്കേണ്ടതെങ്ങനെയെന്ന് പറഞ്ഞുതരുന്നു.

*സ്വപ്നം കാണുന്ന*

*പെൺകുട്ടി*

*വേണ്ടപ്പോൾ*

*ഉൾവലിയാൻ*

*നീയും പഠിക്കണം*

*അത്യാവശ്യം മുള്ളുകൾ*

*എപ്പോഴും കരുതിവെക്കണം.*

*(2008:24)*

സ്വപ്നലോകത്ത് ഒന്നുമറിയാത്തവളെപ്പോലെ ജീവിച്ചാൽ പോര, മറിച്ച് എല്ലാം മനസ്സിലാക്കി ചെറുക്കാൻ പഠിക്കണം. മനക്കരുത്താർജ്ജിക്കണം. എന്നതാണ് തൊട്ടാൽ വാടരുത് എന്ന കവിത മുന്നോട്ട് വെയ്ക്കുന്ന ദർശനം.

**4.2.11 അമൃത**

അഗ്നിച്ചിലമ്പ്, നദികൾ, രാത്രിയോട് പറഞ്ഞത്, നിന്നെക്കുറിച്ചെഴുതുമ്പോൾ, ജന്മം തീരുവോളം തുടങ്ങിയവയാണ് അമൃതയുടെ കവിതാസമാഹാരങ്ങൾ. തന്റെ ചുറ്റും കാണുന്ന ജീവിതങ്ങൾ അമൃത തന്റെ കവിതകളിൽ ആവിഷ്കരിക്കുന്നു. ബാഹ്യലോകവുമായിട്ടുള്ള ഒരു സംവാദമായിട്ടാണ് അമൃതയുടെ കവിതകളെ കാണേണ്ടത്. പലപ്പോഴും കവയിത്രിയുടെ ആത്മാലാപനങ്ങളാകുന്നു ഈ കവിത കൾ. അത് സ്വത്വത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും സുരക്ഷയെക്കുറിച്ചുമുള്ള ആധികളും അവ തേടിയുള്ള യാത്രകളുമായിട്ടാണ് പരിണമിക്കുന്നത്. മനസ്സിൽ ഇവയെക്കുറിച്ചുള്ള ചിന്തകളുടെ സമ്മർദ്ദം അവരുടെ കവിതകളിലെ പദാവലിയും ബിംബങ്ങളും അവയൊരുക്കുന്ന അന്തരീക്ഷവുമെല്ലാം വെളിപ്പെടുത്തുന്നുണ്ട്. 'നിശ'യെന്ന കവിതയിൽ

*നിശയിന്നൊരഭയം*

*ചുടുനാളമുരുകും വെയിൽക്കാടുകൾ*

*വിഫല ജന്മങ്ങൾകേഴുന്ന പകലുകൾ*

*പൊരിയുന്ന കരളിന്റെ ചിമിഴിലൊരു നെയ്ത്തിരി*

*(2008:62)*

ചുടുനാളമുരുകുന്ന വെയിൽ കാടുകളിലാണ് അമൃത. തന്റെ സ്വത്വത്തിന്റെ അഭയ ത്തിന് ആഗ്രഹിക്കുന്നത്.

സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചും സ്ത്രീസ്വത്വത്തെക്കുറിച്ചുള്ള അവബോധം അമൃതയുടെ കവിതകളിലുണ്ട്. 'മകൾ', 'പുത്രീചരിതം', 'പൊയ്മുഖം', 'ജ്ഞാനവൃ ക്ഷം', 'വിചാരണ', 'സാഗരം' തുടങ്ങിയ കവിതകളെല്ലാം ഉദാഹരണങ്ങളാണ്.

സ്ത്രീ അണിയേണ്ടി വരുന്ന പൊയ്മുഖങ്ങളെ ആവിഷ്കരിക്കുന്ന കവിത യാണ് 'പൊയ്മുഖം'.[11]

തന്റെ യഥാർത്ഥ മാനസികാവസ്ഥ പലകാരണങ്ങളാൽ സ്ത്രീകൾക്ക് മറച്ചുപിടിക്കേണ്ടിവരുന്നു. കുടുംബത്തിന്റെ മുമ്പിൽ പൊയ്മുഖം വെച്ച് അഭിനയി ക്കേണ്ടി വരുന്ന ഈയവസ്ഥ ആരുണ്ടാക്കിയതാണെന്ന കവയിത്രിയുടെ ചോദ്യം അർത്ഥവത്താണ്.

' ജ്ഞാനവൃക്ഷം' എന്ന കവിതയിൽ തലമുറകളിലൂടെ സ്ത്രീ ജന്മങ്ങളുടെ കുരിശായ് മാറുന്ന പാപത്തെക്കുറിച്ചാണ് പറയുന്നത്. ആദിമസ്ത്രീയായ ഹവ്വ ജ്ഞാനവൃക്ഷത്തിന്റെ കനി തിന്നു. അതോടെ സ്ത്രീ ഹതഭാഗ്യയായി മുദ്രകുത്തപ്പെ ടുകയായിരുന്നു.

*അവൾക്ക് പറുദീസ നഷ്ടമായ്*

*ഹർഷങ്ങൾ ഓർമ്മയായ്*

*ഏദന്റെ പച്ചപ്പു നിന്നെ ബഹിഷ്കരിച്ചു*

*ദൈവശാപത്തിന്റെയാണി നാളുകൾ നിന്നിൽ*

*യാതനയും ജൈവവേദനയും പാകി*

*(2008:44)*

അന്നു തുടങ്ങിയതാണത്രെ സ്ത്രീകൾ അനുഭവിക്കുന്ന ഈ ദുരിതങ്ങൾ എന്ന് കവയിത്രി ഓർമ്മപ്പെടുത്തുന്നു.

സ്ത്രീയുടെ ജീവിതത്തിലെ മറ്റൊരു പ്രതിസന്ധിയാണ് 'മാറ്റം' എന്ന കവിത യിൽ ചിത്രീകരിക്കുന്നത് ശരീരത്തിൽ സംഭവിക്കുന്ന പ്രായത്തിന്റെ മാറ്റം സ്വന്തം ജീവിതത്തെക്കൂടി മാറ്റിത്തീർക്കും എന്ന ആശങ്ക ശരീരത്തിന് അമിത പ്രാധാന്യം നൽകുന്ന ഈ സമൂഹത്തിൽ ജീവിക്കുന്ന സ്ത്രീയിലുണ്ടാവുക സ്വാഭാവികം മാത്രം. സൗന്ദര്യവർദ്ധകവസ്തുക്കൾ തനിക്ക് വന്ന മാറ്റത്തെ മറച്ചെങ്കിലും സ്ത്രീയുടെ ജീവിതദുരിതങ്ങൾക്ക് മാറ്റമില്ല എന്നു കൂടി കവിത സൂചിപ്പിക്കുന്നു.

*പക്ഷേ*

*മസ്കാരക്കും ഐലൈനറിനുമിടയിൽ*

*ഇപ്പോഴും*

*തിരയടങ്ങാത്ത കടലിനു മാത്രം*

*മാറ്റമില്ലാത്തതെന്തേ ?*

*(2008:21)*

'വിചാരണ' എന്ന കവിതയിൽ സ്ത്രീകളനുഭവിക്കുന്ന മറ്റൊരു ദുഖം ഹൃദയസ്പർശകമായി ആവിഷ്കരിച്ചിരിക്കുന്നു. നൊന്തു പെറ്റകുഞ്ഞിനെ അത് പിഴച്ചുണ്ടായതാണെന്നു സമൂഹം മുദ്രകുത്തും എന്ന പേടികൊണ്ട് വഴിയിലുപേക്ഷിക്കേണ്ടി വരുന്ന സ്ത്രീത്വത്തെ ഈ കവിതയിലാവിഷ്കരിക്കുന്നു. സ്ത്രീയെ ഇതിഹാസങ്ങളും പുരാണങ്ങളുമെല്ലാം ഉന്നതസ്ഥിതിയിൽ കയറ്റിവെക്കുമെങ്കിലും അവളുടെ ജീവിതം യഥാർത്ഥത്തിൽ അങ്ങിനെയല്ലെന്ന് ഈ കവിതയിലൂടെ കാണിച്ചു തരുന്നു.[12]

### 4.2.12 ഇന്ദിരാ അശോക്

സമകാലീന ജീവിതത്തിന്റെ വ്യഥയും വിഭ്രാന്തിയും നോവുകളും സ്വപ്നങ്ങളും മൂല്യത്തകർച്ചയും സ്നേഹനിരാസങ്ങളുമെല്ലാം ഇന്ദിരാഅശോക് തന്റെ കവിതകളിലൂടെ ആവിഷ്കരിക്കുന്നു. താൻ ജീവിക്കുകയും ഇടപെടുകയും ചെയ്യുന്ന ചുറ്റുപാടുകളിൽ നിന്ന് ഓടിപ്പോകാതെ കനിവില്ലാത്ത ആ ലോകത്തെ നോക്കി സങ്കടപ്പെടുകയും അതെല്ലാം സഹിക്കാൻ താനും വിധിക്കപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവ് നേടുകയും ചെയ്യുന്ന സ്ത്രീകൾ ഇന്ദിരാ അശോകന്റെ കവിതകളിലെല്ലാം നിറഞ്ഞു നിൽക്കുന്നു. തന്റെ വ്യക്തിപരമായ ദുഃഖങ്ങളും വർത്തമാനകാല സമൂഹത്തിൽ നിറയുന്ന അസ്വസ്ഥകളും ഒരുമിച്ച് കൂട്ടിയാണ് കവിതയിൽ അവർ പ്രമേയങ്ങളൊരുക്കുന്നത്.

സ്ത്രീ ജീവിതത്തിലെ സൂക്ഷ്മതലങ്ങൾ ആവിഷ്കരിക്കുന്ന കവിതകളും ഇന്ദിരാ അശോകന്റെ രചനയിലുണ്ട്. സ്ത്രീകൾ അനുഭവിക്കുന്ന അസ്വാതന്ത്ര്യങ്ങളും ഗാർഹികജീവിതത്തിലെ പ്രയാസങ്ങളും കവയിത്രി തന്റെ കവിതകൾക്ക് വിഷയമാകുന്നു

*വേണ്ട അപകടമീ സ്വാതന്ത്ര്യം*
*ഒതുക്കൂ നിൻ ചിറകുകൾ*
*സ്വസ്ഥമിരിക്കുക നിനക്കായ്*
*പണിത പഞ്ജരത്തിലായ്*

*(2014:133)*

'ദാമ്പത്യം' എന്ന കവിതയിലെ ഈ വരികൾ അസ്തിത്വമൊന്നുമില്ലാത്ത വസ്തുവത്കരിക്കപ്പെട്ട പെണ്ണിനെയാണ് ചിത്രീകരിക്കുന്നത്. പെണ്ണിന് സ്വാതന്ത്ര്യം വേണ്ടെന്ന് തീരുമാനിക്കുന്നത് അവളല്ല ബാഹ്യശക്തികളാണ്. അവർ അവൾക്കായ് മനേഹരമായ പഞ്ജരം തീർത്തുവെയ്ക്കുന്നു. പെണ്ണിന്റെ മനസ്സ്

അവർ മനസിലാക്കുന്നേയില്ല. അവൾക്കാ പഞ്ജരം തന്നെ സ്വർഗ്ഗമാണെന്ന് അവർ കരുതുകയാണ്.

'ജലമാണു ഞാൻ' എന്ന കവിത സ്ത്രീ ജീവിതത്തിന്റെ ഒരു നേർച്ചിത്ര മാണ്.

*ജലമാണു ഞാൻ*
*വിങ്ങിപ്പരക്കാനിടമില്ലാത്തൊരു ചാൽ*
*ഒരു നൂലായ് നെടുവീർപ്പിടുന്നവൾ*

*(2013:16)*

പരന്നൊഴുകാൻ കഴിയാതെ ചുമരുകൾക്കിടയിൽ അടയ്ക്കപ്പെട്ടു നെടുവീർപ്പിടുന്ന സ്ത്രീയെത്തന്നെയാണ് ഇവിടെ ജലമായി അവതരിപ്പിച്ചിരിക്കുന്നത്.

*ജലമാണു ഞാൻ*
*നെഞ്ചിനിടകൾ പൊട്ടിപ്പൊട്ടി*
*തകരുമ്പോഴും രൗദ്രമറിയാതൊഴുകുന്നു*
*ശാന്തസംയമത്തിന്റെ പാഠങ്ങൾ പഠിപ്പിച്ച*
*ഹിമസ്രോതസ്സെ നിത്യം*
*മനസ്സാൽ വലം വച്ചും*

*(2013:116)*

ഉള്ളിൽ പ്രതിഷേധത്തിന്റെ അഗ്നിനാളം പൊട്ടിച്ചിതറുമ്പോൾ പലകാരണങ്ങളാൽ പ്രതികരിക്കാതെ ശാന്തമായി മാത്രം ജീവിച്ച് മരിക്കുന്ന സ്ത്രീജന്മങ്ങൾക്ക് ഉദാഹര ണമാണ് ഈ കവിതയിലെ ജലം. സഹനം സ്വഭാവമാക്കിയ സ്ത്രീത്വത്തെ ഇവിടെ അവതരിപ്പിക്കുന്നു .

'ഒറ്റജന്മത്തിലൊതുങ്ങാത്തവൾ' എന്ന കവിതയിൽ ഒരു സ്ത്രീജന്മത്തിന്റെ ഉത്തരവാദിത്വങ്ങൾ എത്രയോ വലുതാണെന്ന് ബോദ്ധ്യപ്പെടുത്തുന്നു. മരണം അവളെ കൊണ്ടു പോകാനെത്തുമ്പോൾ

*മുട്ടിയ വാതിൽ തുറക്കാതെ മൃത്യുവേ*
*പോയ് വരൂ നാളെ പറയുവാനൊത്തിരി*
*ഒത്തിരി കാര്യങ്ങൾ ചെയ്തു തീർക്കാൻ*
*മടിവിട്ടൊഴിയാത്ത മണിക്കിടാങ്ങൾ*

*കൂടെയിപ്പോഴെ വന്നാൽ തനിച്ചവൻ*

*വല്ലാതെയൊറ്റയായ് പോവില്ലെയെന്നും*

*(2013:61)*

ഗീതാ ഹിരണ്യന്റെ ഓർമ്മക്കായി എഴുതി ഈ കവിതയിൽ ഒറ്റജന്മം കൊണ്ട് തീരാത്ത പെണ്ണിനു ചെയ്തു തീർക്കാനുള്ള കാര്യങ്ങളെ ഓർമ്മപ്പെടുത്തുന്നു. പെണ്ണിന്റെ മരണം ആണിന്റേതിനേക്കാൾ കുടുംബത്തെ ബാധിക്കുന്നു എന്ന തിരിച്ചറിവ് പകരുന്നു ഈ കവിത.

'ചൂല്' എന്ന കവിതയിൽ പെണ്ണിന്റെ ആയുധമായി മാത്രം സമൂഹം കാണുന്ന ചൂലിന്റെ മഹത്വം വെളിപ്പെടുത്തുന്നു. കണികാണാൻപോലും പാടില്ലാത്ത അശ്രീകരത്തെ അടുക്കളപ്പിന്നിൽ മറച്ചുകൊള്ളണമെന്നാണ് ആണിന്റെ കൽപന. അത് സ്ത്രീകളുടെ മാത്രം ഉപകരണമാണെന്നും അവൾക്ക് ഏതു നേരത്തും ഏത് കാലത്തും അത് അശ്രീകരമാവില്ലെന്നും ആ കല്പന സൂചിപ്പിക്കുന്നു. എന്നാൽ ഈ ചൂലാണ് കല്പിച്ചയാളുകളുടെ വഴിയിലെ മുള്ളുകളും തടസ്സങ്ങളും നീക്കുന്നതെന്ന് അവരോർക്കുന്നില്ല.[13]

തന്റെ ജീവിതം സുന്ദരമാക്കാൻ വിശ്രമമില്ലാതെ പണിയെടുക്കുന്ന പെണ്ണിന്റെ മഹത്വം അറിയാതെ പോകുന്ന പുരുഷനുള്ള ഓർമ്മപ്പെടുത്തലുകൾ കൂടിയാണ് ചൂലിന്റെ മഹത്വം വിവരിക്കുന്ന ഈ കവിത.'പുതിയതാകുന്നവൾ' എന്ന കവിതയിലും വീട് വൃത്തിയാക്കലും ജീവിതം വൃത്തിയാക്കലും ജീവിതചര്യയായിത്തീർന്ന സ്ത്രീയെത്തന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്.

**4.2.13 കണിമോൾ**

സ്ത്രീസ്വത്വത്തിന്റെ ഉത്കണ്ഠകളും പ്രതിരോധശ്രമങ്ങളും വളരെ സ്വാഭാവികമായി അതിഭാവുകത്വത്തിന്റെ കൂട്ടുപിടിക്കാതെ കണിമോൾ തന്റെ കവിതകളിൽ ആവിഷ്കരിച്ചിരിക്കുന്നു. സ്ത്രീയുടെ അസ്വാതന്ത്ര്യവും അരക്ഷിതാവസ്ഥയും അവൾക്കുള്ളിൽ നിറഞ്ഞുനിൽക്കുന്ന ഭീതിയുമെല്ലാം കണിമോൾ കവിതകളിൽ കാണാം.

'വ്യാകുലകന്യക' എന്ന കവിതയിൽ വലുതായിക്കൊണ്ടിരിക്കുന്ന മകളെക്കുറിച്ചുള്ള അമ്മയുടെ ആധിയാണ് ചിത്രീകരിച്ചിരിക്കുന്നത്.

*തുടുകൗമാരത്തിന്റെ*

*മിനുപ്പിൽ നീ മിന്നുമ്പോൾ*

*ചുരമാന്തുന്നു ഭയം*

*അമ്മയ്ക്ക്*

*ചൂടും വേവും*

*(2013:22)*

പിറന്ന വീട്ടിൽ പോലും അന്യയാകുന്ന പെണ്ണിനെക്കുറിച്ചുള്ള ഭയമാണ് ഈ കവിതയിലെ അമ്മ പങ്കുവെക്കുന്നത്.[14] ഗുരുനാഥനും അച്ഛനുമുൾപ്പെടെ എല്ലാ പുരുഷന്മാരും സ്ത്രീയെ നോക്കി ക്കാണുന്നത് ഒരേ കണ്ണിലൂടെയാണെന്നതിന് ധാരാളം ഉദാഹരണങ്ങൾ സമൂഹത്തിൽ കാണുന്നുണ്ട്. ഇത്തരം മനോഭാവങ്ങൾ വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ഇവിടുത്തെ ഓരോ അമ്മയുടെയും ആകുലതയാണ് ഈ കവിതയിൽ ഉൾക്കൊള്ളിച്ചിരുന്നത്.

പെണ്ണായി ജനിച്ചാലും പെൺകുഞ്ഞിന്റെ അമ്മയായാലും പേടിക്കണം എന്നതാണ് ഇന്നത്തെ അവസ്ഥ. അവർ ഒരുപാട് സഹിക്കേണ്ടതായും വരും. ഈ ആശയം ഉൾകൊള്ളുന്ന കണിമോളുടെ മറ്റൊരു കവിതയാണ് 'പ്രകൃതി ചികിത്സ'. വളരെ ചെറിയ ഈ കവിത ഒരു പാട് അർത്ഥതലങ്ങൾ പങ്കുവെക്കുന്നുണ്ട്.

*"വെള്ളം കുടിക്കൂ മോളെ*

*ദാഹിക്കുന്നില്ലമ്മേ'*

*"പക്ഷെ കുടിക്കണം*

*നിയൊരു പെൺകുഞ്ഞാണ്"*

*"ദാഹിക്കുന്നമ്മേ"*

*"സഹിക്കൂ മോളെ"*

*"എനിക്ക് വെള്ളം വേണം"*

*"കുടിക്കാതിരുന്നേ പറ്റൂ"*

*നീയൊരു പെൺകുഞ്ഞിന്റെ*

*അമ്മ കൂടിയാണ്...."*

*(2013:61)*

പെണ്ണായി പിറന്നാലും പെൺകുഞ്ഞിന്റെ അമ്മയായിരുന്നാലും ജീവിതത്തിൽ പരിധികളും പരിമിതികളും ഉണ്ടായി വരുന്നു എന്ന് കവയിത്രി സൂചിപ്പിക്കുന്നു.

സുരക്ഷിതമല്ലാത്ത സ്ത്രീജീവിതം ആവിഷ്കരിക്കുന്ന മറ്റൊരു കവിതയാണ് 'നടപ്പ്'.

*ഇത്തിരി ദൂരം മാത്രം വീട്ടിലെ*

*യെക്കെന്നാലെന്ത്*

*ഇത്രയും പോരേ?*

*വേട്ടപ്പട്ടികൾ കുരയ്ക്കുന്നു.*

*(2013:20)*

സന്ധ്യയാകുന്ന നേരത്ത് ജോലികഴിഞ്ഞ് ബസ്സിറങ്ങി വളരെ കുറഞ്ഞ ദൂരമേ വീട്ടിലേക്കുള്ളുവെങ്കിലും ഒറ്റയ്ക്കുള്ള ആ നടത്തം പെണ്ണിനെ ഭയപ്പെടുത്തുന്നു. പിന്നിൽ ഭയപ്പെടുത്തുന്ന ഒരാളുടെ സാന്നിധ്യം അവൾ മണക്കുന്നു. ഏതു നിമിഷവും ആക്രമിക്കപ്പെടാം എന്നവൾ പേടിക്കുന്നു. ഒരുപാട് പുരോഗമിച്ചു എന്നു പറയുന്ന ഈ കാലത്തും സ്ത്രീകളുടെ അവസ്ഥ ഇതാണെന്ന് കവയിത്രി ചൂണ്ടിക്കാട്ടുന്നു.[15] ഒറ്റയ്ക്കാവുന്ന പെണ്ണിന്റെ ഭയം മുതലെടുക്കാനാണ് ആളുകൾ ശ്രമിക്കുന്നത് എന്നതാണ് സത്യം.

'മന്ദാക്രാന്ത' എന്ന കവിതയിൽ സമൂഹം കല്പിച്ചുവച്ച സ്ത്രീ സങ്കല്പം എങ്ങനെയാണെന്ന് കവയിത്രി കാട്ടിത്തരുന്നു. പുരുഷാധിപത്യസമൂഹം സ്ത്രീയെ കുലസ്ത്രീയും സതീരത്നവുമൊക്കെയായി ഒരേ അച്ചിൽ വാർത്തു വച്ചിരിക്കുകയാണ്. പരാമ്പരാഗതമായി സ്ത്രീപോലും അറിയാതെ അംഗീകരിച്ച് പോകുന്ന ആ സ്ത്രീ സങ്കല്പത്തെ പരിഹസിക്കുകയാണ് ഈ കവിതയിലൂടെ ചെയ്തിരിക്കുന്നത്.[16]

ഇത്രയുമാണ് ഒരു സ്ത്രീയുടെ ജീവിതം. ഇങ്ങനെ മതി അവരുടെ ജീവിതം. ഇതിനപ്പുറത്തുള്ള ഒരു ലോകമോ അറിവോ അവൾക്കാവശ്യമില്ല എന്നതാണ് സമൂഹം വിധിക്കുന്നത്. ആ നിലയ്ക്കാണ് പെൺകുട്ടികളെ വളർത്തിക്കൊണ്ടു വരേണ്ടത്. അതും കവയിത്രി സൂചിപ്പിക്കുന്നു.

*കെട്ടിക്കാൻ വളർത്തുന്ന*

*പെൺമക്കളിത്*

*നോക്കി പഠിക്കണം*

*കന്യക*

*കുലവധു*

*വയറ്റുകണ്ണി*

*പേറ്റുകാരി*

*(2013:26)*

പെൺകുട്ടികളെ വളർത്തുന്നത് തന്നെ കെട്ടിച്ചുവിടാനാണ്. ആരുടെയെങ്കിലും ഭാര്യയായിരിക്കുക എന്നതാണവരുടെ കടമ. അവരുടെ ജീവിതത്തിലെ ആകെയുള്ള ഘട്ടങ്ങൾ കന്യക, കുലവധു, വയറ്റുകണ്ണി, പേറ്റുകാരി ഇതു മാത്രമാണ്. ഇതിലൂടെ ശക്തമായ സാമൂഹികവിമർശനമാണ് കവയിത്രി നടത്തുന്നത്.

അടുക്കളയിടത്തിൽ മാത്രം തളച്ചിടപ്പെടുന്ന പെണ്ണിന്റെ സ്വാതന്ത്ര്യമോഹം ആവിഷ്കരിക്കുന്ന കവിതയാണ് 'തുറവി'. പുറത്തിറങ്ങാനും മഴയിൽ തനിച്ചു നടക്കാനും അവളാഗ്രഹിക്കുന്നു, പക്ഷേ ആളുകൾ കണ്ടാൽ പെൺഭ്രാന്തിനോളം പെരുമയില്ലല്ലോ എന്ന് പറയുന്നത് പേടിച്ച് അവൾ ഉള്ള് തുറക്കുന്നില്ല. ഭ്രാന്തായിട്ടാണ് പെണ്ണിന്റെ സ്വാതന്ത്ര്യത്തെ പലപ്പോഴും മുദ്രകുത്തുന്നത്. അത് കൊണ്ട് തന്നെ അടുക്കളയിലാണ് അവൾ തന്റെ ഉള്ളം തുറക്കുന്നത്.

*അടുക്കളയിൽ*

*ഉള്ളിയരിഞ്ഞ്*

*ഉള്ളു തുറക്കാം*

*ആരുകണ്ടാലെന്ത്*

*ആരും ചോദിക്കില്ല*

*എന്ത് പറ്റി നിനക്ക് ?*

*(2013:55)*

അടുക്കളയിൽ ഒതുങ്ങിപ്പോകുന്ന പെണ്ണിന്റെ സ്വപ്നങ്ങളാണ് ഈ കവിതയിൽ ആവിഷ്കരിക്കുന്നത്.

'ഉരലും മദ്ദളവും' എന്ന കവിതയിൽ ഉരൽ മദ്ദളത്തോട് പറയുന്നത് ഒരു സ്ത്രീയുടെ അവസ്ഥ തന്നെയാണ്.

*പൂമുഖം കണ്ടിട്ടില്ലിന്നേവരെ*

*(ഒച്ചതാഴ്ത്തി)*

*അതൊക്കെ അറിവും ലോകവിവരോള്ള*

*ആണുങ്ങടെ ഇടപാടല്ലേ*

*(2010:33)*

ഇന്നും പൂമുഖത്തേക്ക് വരാനോ ചർച്ചകളിൽ ഇടപെടാനോ അവകാശമില്ലാത്ത എത്രയോ സ്ത്രീകൾ അകത്തളങ്ങളിൽ ഒതുങ്ങി ജീവിക്കുന്നുണ്ട് എന്നാണ് കവയിത്രിയുടെ സൂചന.

'മഴുസ്മൃതി' എന്ന കവിത മനുസ്മൃതിയ്ക്ക് ഇന്നത്തെ സാഹചര്യവുമായി ബന്ധപ്പെടുത്തി നൽകുന്ന രസകരമായ ഒരു വ്യാഖ്യാനമാണ്.[17] യഥാർത്ഥത്തിൽ ഒരു ജയിൽ ജീവിതമാണ് സ്ത്രീയുടേതെന്ന് കവയിത്രി ചൂണ്ടിക്കാട്ടുന്നു.

**4.2.14 എം.പി.ഷീജ**

സ്ത്രീരൂപങ്ങളും സ്ത്രീയവസ്ഥകളും പെൺകാഴ്ചകളും ആവിഷ്കരിക്കുന്ന കവിതകളാണ് എം.പി.ഷീജയുടേത്. മിക്കവാറും എല്ലാ കവിതകളിലും പ്രമേയം സ്ത്രീസ്വത്വാവിഷ്കരണമാണ്. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന കവിതയിൽ സ്വത്വം തിരിച്ചറിയുന്ന സ്ത്രീയെയാണ് ചിത്രീകരിച്ചിരിക്കുന്നത്. പഴയതിൽ നിന്നും വ്യത്യസ്തമായി

*ഉള്ളിൽ*
*കരിമുള്ളുകൾ മുളയ്ക്കുന്നതും*
*പിച്ചകമൊട്ടുകൾ വിരിയുന്നതും*
*ഇപ്പോളവർക്കറിയാം*
*സ്പന്ദനങ്ങളുടെ തീവ്രതയറിയുന്ന*
*മനുഷ്യജന്മമായ്*
*ശിശ്വതമായ സ്ത്രീയാകുവാൻ*
*പണിപ്പെടുകയാണവൾ*

*(2014:138)*

മനുഷ്യനെപ്പോലെ ജീവിക്കാൻ ബാഹ്യമായും ആന്തരികമായും മനുഷ്യനാകാൻ പണിപ്പെടുന്ന ഈ സ്ത്രീ അടിച്ചമർത്തപ്പെടുന്ന സ്ത്രീത്വത്തിന്റെ പ്രതിനിധിയാണ്. ഇങ്ങനെ തന്നെത്തന്നെ തിരിച്ചറിഞ്ഞ സ്ത്രീയെ എം.പി.ഷീജ തന്റെ കവിതകളിലെല്ലാം ആവർത്തിച്ചു ആവിഷ്കരിക്കുന്നു. 'സ്ത്രീരൂപങ്ങൾ', 'തോൽവികൾക്കെതിരെ' തുടങ്ങിയ കവിതകളെല്ലാം ഇതിനുദാഹരണങ്ങളാണ്.

#### 4.2.15 നൂറ

പെണ്ണിന്റെ ഒരിക്കലും തിരാത്ത ഗാർഹികജോലികളുടെ മടുപ്പാണ് നൂറ 'ന്നുള്ളിലുള്ളോളെ' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്. രാവിലെ തുടങ്ങിയാൽ രാത്രി വൈകും വരെയും ജോലി ചെയ്താലും കുറ്റങ്ങൾ മാത്രം കേൾക്കേണ്ടി വരുന്ന സ്ത്രീയുടെ അവസ്ഥ നൂറ വരച്ചു കാട്ടുന്നു.

*പെയ്യുന്നത് മതിയായില്ലേല്*

*മുറ്റത്തെയാഴക്കിണറ്റില്*

*പൊയ്തൊഴിയാം ഞാൻ*

*(2014:125)*

ഗാർഹികവേലകളുടെ പെയ്ത്താണ് ഇവിടെ ഉദ്ദേശിക്കുന്നത്. അത് മാത്രമായി ചുരുങ്ങുന്ന ജീവിതത്തിന്റെ മടുപ്പാണ് ഈ വരികളിൽ തെളിയുന്നത്.

#### 4.2.16 ശ്രീദേവി.എസ്.കർത്താ

ജീവിതത്തിലെ ചെറിയ ചെറിയ കാര്യങ്ങൾ പോലും കവിതയ്ക്ക് വിഷയമാകുന്ന കവയിത്രിയാണ് ശ്രീദേവി. എസ്.കർത്താ. വ്യത്യസ്തമായ ഒരു ശൈലിയിലാണ് ഇവർ അനുഭവങ്ങൾ കവിതയിൽ പകർത്തുന്നത്. ആധുനികാനന്തര കവിതകളുടെ ഒരു പ്രത്യേകതയായ ദുർഗ്രഹത ചിലപ്പോൾ വായനക്കാരന് അനുഭവപ്പെടാം. എങ്കിലും സൂക്ഷ്മവായനയിൽ സമാകാലീന സാമൂഹ്യജീവിതത്തിലെ മടുപ്പിക്കുന്ന കാഴ്ചകളാണ് ഇവരുടെ കവിതയിലൂടെ കണ്ടെത്താൻ കഴിയുക.

തന്റെ നിസ്സാരാനുഭവങ്ങൾ പോലും ജീവിതത്തിന്റെ വലിയൊരു ഭാഗമായിട്ടാണ് ശ്രീദേവി കവിതയിൽ അവതരിപ്പിക്കുന്നത്. 'സാരി' എന്ന കവിതയിൽ സ്ത്രീയെ സംബന്ധിച്ചു വിഴുപ്പലക്കലും ഉണക്കലുമെല്ലാം അന്തരികാനുഭവമായ ഒരു ശുദ്ധീകരണ പ്രക്രിയയായിട്ടാണ് കാണുന്നത് എന്നാണ് പറയുന്നത്.

*അടിച്ചു നനച്ച്*

*ഞെക്കിപ്പിഴിഞ്ഞ് കുടഞ്ഞ്*

*ഒഴിഞ്ഞ ഹൃദയത്തെ*

*ഞാൻ അയയിൽ വിരിക്കുന്നു*

*കറുത്തു കൊഴുത്തു*

*പാടേ നീങ്ങിയതൊക്കെ*

*ഓടയിലൊഴുക്കുന്നു*

*ഇപ്പോൾ അയയിൽ*

*അന്തസ്സുള്ള ഒരു ഹൃദയം*

*(2008:09)*

ഗാർഹിക വൃത്തികളായ അലക്കൽ, തുടക്കൽ എന്നിവയെല്ലാം തന്റെ ഹൃദയത്തിന്റെ ശുദ്ധീകരണ പ്രക്രിയയായിട്ടാണ് കവിതയിൽ അവതരിപ്പിക്കുന്നത്.

'പാവാടക്കാരി' എന്ന കവിതയിൽ ഒരു വീട്ടമ്മയുടെ മനോവ്യാപരമാണ് അടയാളപ്പെടുത്തുന്നത്. വീട്ടുജോലികൾക്കിടയിൽ ഒന്നും പ്രതിക്ഷിക്കാനില്ലാത്ത വീട്ടമ്മ ഒരു ചെറുപുഞ്ചിരിയിൽ നിന്നുള്ള ഒരിത്തിരി സ്നേഹം കൊതിക്കുന്നു.[18]

കുഴലൂതിക്കൊണ്ട് പുഞ്ചിരി പൊഴിച്ചു കൊണ്ടു കടന്നു പോകുന്ന താരാണെന്നന്വേഷിക്കുന്ന സാധാരണ ഒരു വീട്ടമ്മയുടെ ഏകാന്തദു:ഖം വെളിപ്പെടുത്തുന്നു.

'കണ്ടെന്നുമവൾ കണ്ടതേയില്ലെന്നും' എന്ന കവിതയിൽ സ്ത്രീജീവിത ത്തിന്റെ ദു:ഖം തന്നെയാണ് ആവിഷ്കരിച്ചിരിക്കുന്നത്.

*കാമം 1*

*പ്രതീക്ഷ 2*

*വിധി 3*

*എല്ലാം ഞാൻ നദിയിലെറിഞ്ഞു*

*ഉടുപ്പുകളോടൊപ്പം*

*ബാക്കിവന്നത് കേവലമായ ഒന്ന്*

*അന്ത്യസരളമായ ഒരു ദൃശ്യത്തിന്റെ കനമില്ലായ്മ*

*കടൽത്തീരത്തെ നായയെപ്പെലെ അതിനുമില്ലുടമസ്ഥർ*

*(2008:29)*

എന്നും ദുരിതം മാത്രം സഹിക്കാൻ വിധിക്കപ്പെട്ട സ്ത്രീ എല്ലാം ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നു. തന്റെ വസ്ത്രങ്ങൾ കൂടി. എന്നിട്ടും ജീവിതത്തിന്റെ കനമില്ലായ്മ അവളെ വേദനിപ്പിക്കുന്നു.

'ആയിരത്തിരണ്ട് രാവുകൾ' എന്ന കവിതയും സ്ത്രീജീവിതത്തിന്റെ വ്യത്യസ്ത തലങ്ങൾ ചൂണ്ടിക്കാട്ടുന്നതാണ്.

*കറുത്ത വരികൾ*
*ആക്രമിക്കപ്പെട്ട മൂന്നാം ക്ലാസ്സുകാരി*
*വാക്കുകൾ സ്പർശിക്കാത്തയിടം*
*ചുംബിക്കപ്പെടാത്ത മധ്യവയ്സ്ക*
*താൾ മടക്കിയാൽ*
*ഇരുവരും ഒരു വീട്ടിലെത്തും*
*തക്കാളിക്കറിയുടെ ചുവപ്പുപറ്റിയ ചപ്പാത്തി പങ്കിട്ടും*
*ഉറങ്ങാൻ കിടക്കുമ്പോൾ*
*അവർ ഓരോ കഥപറയും*

*(2008:26)*

ഇവിടെ നിഷ്കളങ്കമായ ബാല്യം ഒന്നുമറിയാതെ ആക്രമിക്കപ്പെടുന്നതും പലവിധകാരണങ്ങളാൽ വിവാഹം പോലും നിഷേധിക്കപ്പെട്ട് കഴിയുന്ന മധ്യവയസ്കയും ജീവിതത്തിലെ ഓരോ അനുഭവങ്ങളായി അടയാളപ്പെടുത്തുന്നു.

**4.2.17 ശാലിനി ദേവാനന്ദ്**

അനുഭവങ്ങൾക്ക് സത്യസന്ധമായി വാക്കുകളിലൂടെ ആവിഷ്കരിക്കുന്ന കവയിത്രിയാണ് ശാലിനി ദേവാനന്ദ്. കവിതയുടേതായ ആലങ്കാരികതയോ ചായക്കൂട്ടുകളോ ഒന്നും തന്നെ തന്റെ വാക്കുകളിൽ അവർ ചേർക്കുന്നില്ല. തനിക്കു ചുറ്റും കാണുന്ന കാഴ്ചകളും ജീവിതങ്ങളും പച്ചയായി വളച്ചകെട്ടുകളില്ലാത്ത ഭാഷയിൽ അവർ എഴുതിവെയ്ക്കുന്നു.

വീട്ടിനകത്ത് തളച്ചിടപ്പെടുന്ന പെണ്ണിന്റെ നൊമ്പരങ്ങളും പുറത്തേക്ക് തുറക്കാനാവാത്ത അവളുടെ കാഴ്ചകളും ശാലിനി കവിതകളിൽ ആവിഷ്കരിക്കുന്നുണ്ട്. 'പുറത്തേക്ക് തുറക്കാനാവാത്ത ജനാലകൾ' എന്ന കവിതയിൽ അന്യന്റെ കണ്ണിലൂടെ കാഴ്ചകൾ കാണേണ്ടിവരുന്ന സ്ത്രീയുടെ അവസ്ഥ വിവരിക്കുന്നു.[19] സ്വന്തമായി അനുഭവങ്ങൾ നേടാൻ കഴിയാത്ത മറ്റുള്ളവരുടെ വാക്കുകളിലൂടെ ലോകത്തെക്കുറിച്ചറിയുന്ന എത്രയോ സ്ത്രീകളുണ്ട്. അവർ ഈ ലോകത്തിൽ നിന്ന് അന്യരാക്കപ്പെട്ടവരാണ്.

സമകാലികജീവിതത്തിലെ സംഭവങ്ങളും സ്ത്രീകൾക്കു നേരെയുള്ള ആക്രമണങ്ങളും ശാലിനി കവിതയ്ക്ക് പ്രമേയമാകുന്നു. ‘നന്മയുടെ കൽവഴികൾ’ എന്ന കവിതയിൽ പെൺമക്കളെക്കുറിച്ച് വേവലാതിപ്പെട്ടുറങ്ങാൻ കഴിയാത്ത അമ്മയെയാണ് കാണിച്ചു തരുന്നത്.[20]

‘മുഖമില്ലാത്ത പെൺകുട്ടി’ എന്നകവിതയിൽ ‘ഡൽഹിസംഭവം’ വിവരിക്കുന്നു.

സ്ത്രീയുടെ അവസ്ഥ ചിത്രീകരിക്കുന്ന മറ്റൊരു കവിതയാണ് ‘ഭ്രാന്തി’ പെണ്ണ് എന്തു ചെയ്താലും പ്രതിഷേധിച്ചാലും പ്രതികരിച്ചാലുമെല്ലാം അവളെ ഭ്രാന്തിയായി വിധിയെഴുതുന്ന ലോകത്തെ വിമർശിക്കുകയാണ് ഈ കവിത.

ഇങ്ങനെ സ്ത്രീസ്വത്വത്തിന്റെ ആവിഷ്കാരം കഥ പറയുന്ന പോലെ കവിതയെഴുതുകയാണ് ശാലിനി ദേവാനന്ദ്.

**4.2.18 റോസി തമ്പി**

റോസി തമ്പിയുടെ ‘കാഷ്വൽലീവ്’ എന്ന കവിത ഒരു ഉദ്യോഗസ്ഥയായ വീട്ടമ്മയുടെ ജീവിതത്തിലെ ദുരിതം ചിത്രീകരിക്കുന്നു. നുണ പറഞ്ഞ് വെറുതെയിരിക്കാൻ വേണ്ടി ലീവെടുത്ത അവൾക്ക് വീട്ടിൽ ഒരു നിമിഷം പോലും വെറുതെയിരിക്കാനാകുന്നില്ല.

*അവൾ അവധിയെടുത്തത്*
*വെറുതെയിരിക്കാനാണ്*
*കൊതി തീരും വരെ ഉറങ്ങാൻ*
*ഇഷ്ടമുള്ള പാട്ടുകേൾക്കാൻ*
*പ്രിയപ്പെട്ടവരെ വിളിച്ചൊന്ന്*
*ഉറക്കെ സംസാരിക്കാൻ*
*ആഗ്രഹിച്ച സിനിമ കാണാൻ*
*മാറ്റിവച്ച പുസ്തകങ്ങൾ വായിക്കാൻ*

*(2017:55)*

പുറത്ത് പോയി ജോലി ചെയ്യുന്ന സ്ത്രീക്ക് വീട്ടിലെ ജോലികൾ ഒഴിവാക്കാനാവില്ല. അതു കൊണ്ട് തന്നെ മുകളിൽ പറഞ്ഞ ആഗ്രഹങ്ങൾ നിറവേറ്റാനൊന്നും അവൾക്ക് പറ്റുകയുമില്ല. അതിനാലാണ് മേലുദ്യോഗസ്ഥനോടും ഭർത്താവിനോടും മക്കളോടും

നുണ പറഞ്ഞ് അവൾ അവധിയെടുത്തത്. എന്നാൽ വസ്ത്രം അലക്കലും വീട് വൃത്തിയാക്കലും ചെടികൾ നനച്ച് അവ വെട്ടിയൊതുക്കിവെയ്ക്കലും എല്ലാം കഴിഞ്ഞപ്പോഴേക്കും സമയം ഒരുപാട് കഴിഞ്ഞു. ഇനിയൊന്നും കിടക്കാം എന്നു വിചാരിച്ചപ്പോഴേക്കും വാതിലിൽ മുട്ട് കേട്ടു. വാതിൽ തുറന്നപ്പോൾ

*നഗരത്തിൽ പെട്ടെന്നൊരു ഹർത്താൽ*

*ഞാൻ മക്കളേയും കൂട്ടി വേഗം വേഗം പോന്നു*

*നീ ഭക്ഷണം വല്ലതും ഉണ്ടാക്ക്*

*നമുക്ക് ചൂടോടെ എന്തെങ്കിലും കഴിക്കാം*

*(2017:57)*

എന്നു പറഞ്ഞ് കൊണ്ട് നിൽക്കുന്ന ഭർത്താവും മക്കളും. ഇതൊരു പെണ്ണിന്റെ നേർചിത്രമാണ്. സ്വന്തമായ സമയം അവകാശപ്പെടാനില്ല പെണ്ണിന്. അവൾ എപ്പോഴും കൂടുംബത്തിന് വേണ്ടി സമർപ്പിക്കപ്പെട്ടവളാണ് എന്നുകരുതുന്ന സമൂഹത്തെ ഇവിടെ കാണിച്ച് തരുന്നു.

ഇരയാക്കപ്പെടുന്ന സ്ത്രീത്വത്തെ മണ്ണിരയോടുപമിച്ചിരിക്കുന്ന കവിതയാണ് 'മണ്ണിര'[21]

ഇങ്ങനെ മണ്ണിരയുടെ ജന്മവും സ്ത്രീജന്മവും തമ്മിൽ സാമ്യപ്പെടുത്തുന്ന കവയിത്രി ഒടുവിൽ രാത്രി മുഴുവൻ വിയർത്ത് അത് നിർമ്മിക്കുന്ന കൂട് തട്ടിപ്പൊളിച്ചിടുമ്പോൾ നിശ്ശബ്ദം നിലവിളിച്ച് ഭ്രാന്തിയായി അലയുന്ന ആ മണ്ണിര പോലെ ഞാനുമൊരിരയാണെന്ന് കവയിത്രിപറയുന്നു.

'കണ്ണല്ല, കണ്ണീരാണു നീ' എന്ന കവിതയിലും സ്ത്രീത്വത്തിന്റെ തീരാവേദന തന്നെയാണ് വിഷയം. തന്റെ വേദന ആണായ ദൈവത്തോടവൾ ഞാനൊന്നു കരഞ്ഞോട്ടെ എന്ന് ചോദിച്ചപ്പോൾ ദൈവം നൽകിയ മറുപടിയാണ് 'കണ്ണല്ല, കണ്ണീരാണു നീ' എന്നത്. ദൈവം രക്ഷകനാണ്. പക്ഷേ ദൈവം പോലും ഇവിടെ ആണാണ് പിന്നെ സ്ത്രീക്ക് ആരാണ് രക്ഷ. ആൺ ദൈവം സ്ത്രീയെ പരിഗണിക്കുന്ന രീതി ശരിയായതല്ലെന്ന് കവയിത്രിപറയുന്നു.

സമകാലിക സമൂഹം പെണ്ണിന്റെ ഉടലിനെ വിപണിയിൽ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള പരസ്യത്തിന് കൂട്ടായി ഉപയോഗിക്കുന്നതിനെ വിമർശിക്കുന്ന കവിതയാണ് ടെസ്റ്റ് ഡ്രൈവ്. പുതിയ കാറിന്റെ ടെസ്റ്റ് ഡ്രൈവാണ് വിഷയം.

*വെളുത്ത് തുടുത്ത് കഴുത്ത് നീണ്ട്*
*ചന്തി ഉരുണ്ട് വയറൊട്ടി നെഞ്ചു തുളുമ്പി*
*ശീതികരിച്ച ഇക്കിളിയിൽ കുതിർന്ന്*
*ലാസ്യഭാവത്തിലലിഞ്ഞ്*
*കണ്ണെഴുതി കാത്തിരിക്കുന്നു*
*ഒന്നു തൊട്ടാൽ മതി*
*താനെ തുറക്കും*
*പതുപതുത്ത മടിത്തട്ടിൽ അമർന്നിരിക്കാം*

*(2017:119)*

ഇങ്ങനെയാണ് പുതിയ കാറിന്റെ സൗകര്യങ്ങൾ വിശദീകരിച്ച് കൊടുക്കുന്നത്. ഒടുക്കം അയാൾ ചോദിക്കുന്നത്.

'സർ, ഒരു ഫെമിനിൻ ടച്ച് ഫീൽ ചെയ്യുന്നില്ലേ' എന്നാണ്. ഒരു കാർ വില്പനയ്ക്ക് പോലും സ്ത്രീ ഉടലിനെ ഉപയോഗിക്കുന്ന വിപണനതന്ത്രത്തെ കവയിത്രി വിമർശിക്കുന്നു. സ്ത്രീ ഉടലിനെ പീഡാനുഭവവും അവർ ആവിഷ്കരിക്കുന്നുണ്ട്. 'പ്രാർത്ഥിക്കാൻ ഇത്രയും കാര്യങ്ങൾ' എന്ന കവിതയിൽ.

*ദൈവമേ*
*നിത്യവും കീറിമുറിക്കപ്പെടുന്ന*
*സ്ത്രീയുടെ മുറിവുകൾ*
*മരപ്പൊത്തിലും തീവണ്ടിപാളത്തിലും*
*വീട്ടകങ്ങളിലും*

*(2017:105)*

എന്ന് പറയുന്നിടത്ത് സ്ത്രീ ഉടലിന്റെ പീഡാനുഭവങ്ങൾ ഓർമ്മിപ്പിക്കുന്നു. വിമോചനം ആഗ്രഹിക്കുന്ന സ്ത്രീയുടെ കലാപങ്ങളായിട്ടാണ് റോസി തമ്പിയുടെ രചനകൾ കാണാൻ കഴിയുന്നത്.

**4.2.19 ആര്യാംബിക**

സ്ത്രീജന്മത്തിന്റെ ആന്തരികലോകത്തെ വൈവിധ്യാനുഭവങ്ങളെ സത്യ സന്ധമായി ആവിഷ്കരിക്കാനുള്ള ശ്രമമാണ് ആര്യാംബിക തന്റെ കവിത കളിലൂടെനടത്തിയിട്ടുള്ളത്.കവിതകൾ ശക്തമായ പ്രതിഷേധങ്ങളാകുന്നില്ലെങ്കിലും നിലവിൽ ഒരു അസംതൃപ്തിയുടെ മുള്ള് ഉള്ളിൽ തറച്ചിരിക്കുന്നതു പോലെയുള്ള നോവ് ആര്യാംബികയുടെ കവിതകളിൽ നിന്ന് വായിച്ചെടുക്കാം.

ആധുനികാനന്തരകാലത്തും സ്ത്രീയെ സംബന്ധിച്ചിടത്തോളം ഗാർഹിക ജോലികൾക്കും വീട്ടിലെ അകത്തളങ്ങളിലുള്ള ഒതുക്കപ്പെടലുകൾക്കും വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ലെന്ന് ആര്യാംബിക അടയാളപ്പെടുത്തുന്നു. 'സെയിൽസ് ഗേൾ' എന്ന കവിതയിൽ പുതിയ തരം മാതൃകകൾ പരിചയപ്പെടുത്താൻ വന്ന യുവതിയോടും സ്ത്രീക്ക് പറയാനുള്ളത് പഴയ പല്ലവി തന്നെ.

*വേണ്ട വേണ്ട*
*ഈ പടിയിലൊന്നും താഴ്ത്തണ്ട*
*ഒറ്റ നിമിഷത്തുട്ടും*
*നിങ്ങൾക്കു തരാനില്ല*
*അപ്പോഴാകും*
*എരിയടുപ്പ് തിളച്ചു തൂകാനും*
*കുഞ്ഞികൈയ്യിൽ നിന്ന്*
*കുപ്പി ഗ്ലാസ്*
*വീണുടയാനും പോകുന്നത്.*

*(2017:42)*

ഒരു നിമിഷം പോലും അടുക്കളയിടത്ത് നിന്ന് മാറി നിൽക്കാൻ പെണ്ണിനാവുന്നില്ല. സെയിൽസ് ഗേൾ പരിചയപ്പെടുത്തുന്ന ഉപകരണങ്ങൾ മൂർച്ചയും മിനുസവുമുള്ള പുതിയ വാക്കും ആശയവുമാണ് എന്നുള്ളിടത്ത് സ്ത്രീയ്ക്ക് പുതിയ ഭാഷയും ആശയവും ഒന്നും സ്വീകരിക്കാൻ സമയമില്ല എന്നും കൂടി കവയിത്രി കാണിച്ചു തരുന്നു.

'ഒതുക്കം' എന്ന കവിതയിലും വീട്ടു ജോലിയാൽ ഒന്നിനും സമയം കിട്ടാത്ത സ്ത്രീയെത്തന്നെയാണ് ചിത്രീകരിക്കുന്നത്.

*എല്ലാമൊന്ന് ഒതുക്കിയിട്ടു വേണം*
*പരാതിപാത്രം നിരന്ന അടുക്കള*
*വഴക്കു വസ്ത്രങ്ങൾ പെരുകുന്ന കിടപ്പറ*
*കിണുക്കക്കളിപ്പാട്ടം കലമ്പുന്ന പൂമുഖം*

*(2017:70)*

ഇതെല്ലാം ഒരുക്കി സ്വസ്ഥമായി സ്വന്തം മനസ്സിനെയൊന്നു സ്വതന്ത്രമായി ചിന്തിക്കാനും ആഗ്രഹിച്ചത് ചെയ്യാനും അനുവദിക്കാൻ എന്നു വിചാരിച്ച് കൊണ്ടാണ് ഓരോ പെണ്ണും ജീവിക്കുന്നത്.

*അകത്തുപെട്ടുപോയ*
*ചിറകടികളെ*
*പറത്തിവിടാൻ*
*അഴിഞ്ഞു പാറുന്ന ഈണങ്ങളെ*
*കോതിമെടയാൻ*
*കഴുത്തിൽ കല്ലിച്ചു കിടക്കുന്ന*
*കരച്ചിലുകളെ*
*ഉരുക്കിയൊഴിക്കാൻ*

*(2017:70)*

ഇങ്ങനെ നിരവധി ആഗ്രഹങ്ങളാണ് പെൺമനസ്സിൽ. തന്റെ സർഗ്ഗാത്മകത തുറന്നുവിടാനും അവൾക്ക് വീട്ടുജോലികൾ പൂർത്തിയാക്കിയാലെ കഴിയുകയുള്ളൂ.

'ആവിഷ്കാരം' എന്ന കവിതയിൽ സ്ത്രീ തന്നെത്തന്നെ ആവിഷ്കരിക്കുന്നു. മഴപ്പോലെ പെയ്യണമെന്നാണ് അവൾ മോഹിക്കുന്നത്. മഴയെപ്പോലെ നേർമ്മയിലും തകർത്തും എല്ലാം പെയ്യണമെന്ന് ആഗ്രഹിച്ചു നിൽക്കുമ്പോൾ

*അങ്ങനെയാവേശക്കാറിരുണ്ട്*
*വിങ്ങി ഞാൻ നിൽക്കുമ്പോളെങ്ങനാവോ*
*നൂൽക്കുവാൻ വെച്ചൊരു വെള്ളിയാരോ*
*കാൽക്കാശിനൊക്കാത്ത മിന്നലാക്കി*
*ഞെട്ടിത്തരിച്ചോരു നെഞ്ചു വീണ്ടും*
*വെട്ടിപ്പിളർത്തി ചിരിമുഴക്കം*

*(2010:34)*

അപ്രതീക്ഷിതമായി ഇടിയും മിന്നലും വന്ന് അവളുടെ പെയ്ത്തിനെ തടസ്സപ്പെടുത്തുകയാണ്. അങ്ങനെ അവൾ പെയ്യാതെ പോകുന്നു. മോഹങ്ങളെല്ലാം തണുത്തുറഞ്ഞ് ആഴങ്ങളിൽത്തന്നെയടിഞ്ഞു കൂടുന്നു.

അടുക്കളയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് 'അടമഴ' എന്നകവിതയിൽ മഴയെ ആവിഷ്കരിച്ചിരിക്കുന്നത്. മഴപ്പെയ്ത്തിനെ അരിപ്പൊടിതെള്ളലായി കല്പിച്ചിരിക്കുന്നു. ഭക്ഷണം പാകം ചെയ്യുന്നതിനെ പരിപാലനത്തിന്റെയും ജൈവികതയുടെയുംഅനുഭവമായിട്ടാണ് ഈ കവിതയിൽ അടയാളപ്പെടുത്തുന്നത്.

'തീരത്തെ തിരക്കുള്ള പെൺകാറ്റ്' എന്ന കവിതയിൽ തിരക്കു പിടിച്ച സ്ത്രീ ജീവിതം കാറ്റിന്റെ പ്രവൃത്തികൾ വിവരിക്കുന്നതിലൂടെ ആവിഷ്കരിക്കുന്നു.[22]

ഒരു സ്ത്രീ ചെയ്യുന്ന കാര്യങ്ങളെല്ലാം തന്നെയാണ് ഈ കവിതയിലെ പെൺകാറ്റ് ചെയ്യുന്നത്.

സ്ത്രീ അനുഭവങ്ങളിലൂടെ നേർചിത്രങ്ങൾ ആര്യാംബികയുടെ കവിതകളിൽ കാണാം. ഗർഭിണിക്ക് അഞ്ചാംമാസത്തിൽ അനുഭവപ്പെടുന്ന അകത്തെ കൈകാലനക്കം ചിത്രീകരിക്കുന്ന 'അർത്ഥഗർഭം', ഉടുത്ത വസ്ത്രത്തിന്റെ കുഴപ്പം കൊണ്ടാണ് സ്ത്രീ പീഡനം നടക്കുന്നതെന്ന് കാഴ്ചപ്പാടിനെ ശക്തമായി എതിർക്കുന്ന 'ഡ്രെസ്സിംഗ്', ജോലി കഴിഞ്ഞ് വീട്ടിലെത്താൻ നേരം വൈകുന്ന പെണ്ണിന്റെ വേവലാതി ചിത്രീകരിക്കുന്ന 'പടിക്കലെത്തും വരെ' തുടങ്ങിയ കവിതകളെല്ലാം സ്ത്രീയനുഭവങ്ങളുടെ സത്യസന്ധമായ ആവിഷ്കാരങ്ങളാണ്.

### 4.2.20 വിജില ചിറപ്പാട്

സ്ത്രീസ്വത്വാവിഷ്കാരത്തിന്റെ പ്രകടമായ രൂപങ്ങളാണ് വിജിലയുടെ കവിതകൾ. സ്ത്രീയുടെ ആന്തരികലോകവും സമൂഹത്തിൽ അരികുവൽകരിക്കപ്പെട്ട അവളുടെ ജീവിതവുമാണ് വിജിലയുടെ കവിതകളിൽ അധികവും. അടുക്കളയും അവിടുത്തെ ജീവിതവുമാണ് വിജില എഴുതുന്നത്. മുഖ്യധാരാസ്ത്രീകളിൽ നിന്നും വ്യത്യസ്തമായി പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീയുടെ (ദളിത് സ്ത്രീകൾ, ലൈംഗിക തൊഴിലാളികൾ) വ്യത്യസ്തമായ അനുഭവതലങ്ങൾ വിജില സ്വന്തം അനുഭവങ്ങളിലൂടെ ആവിഷ്കരിക്കുന്നു. പുറത്തേക്ക് പറക്കാൻ ആഗ്രഹിച്ചിട്ടും സാഹചര്യങ്ങളാൽ അകത്തളങ്ങളിൽത്തന്നെ ഒതുക്കപ്പെട്ടവരുടെ ആന്തരിക വ്യഥകളാണ് ഈ കവിതകളിലെല്ലാം ഉള്ളത്. 'അടുക്കളയില്ലാത്ത വീട്' എന്ന സമാഹാരത്തിലെ കവിതകൾ പരിശോധിച്ചാൽ തന്നെ ഇത് ബോധ്യമാകും.

എല്ലാസ്വാതന്ത്ര്യങ്ങളോടുമുള്ളള്ള സ്ത്രീയുടെ സ്വപ്നലോകം സൃഷ്ടിക്കാനല്ല വിജില കവിതകളിലൂടെ ശ്രമിക്കുന്നത്. അടിച്ചമർത്തപ്പെട്ട ദരിദ്രരായ സ്ത്രീജീവിതങ്ങൾ എങ്ങനെ മുന്നോട്ട് പോകുന്നു എന്ന് കാണിച്ചു തരുകയാണ് ചെയ്യുന്നത്.

അധ്വാനിക്കുന്ന പെൺകുട്ടികളെയും അടുക്കളയിലെ കരിയും പുകയുമേറ്റ് കരുവാളിച്ച് ഇതുതന്നെയാണെന്റെ ബ്യൂട്ടിപാർലർ എന്ന് പ്രഖ്യാപിക്കുന്ന പെണ്ണിനെയും എല്ലാം വിജിലയുടെ കവിതകളിൽ കാണാം.

'പെണ്ണകലം' എന്ന കവിതയിൽ  ഇരുകാലും ഒതുക്കിവച്ച് ബൈക്കിനു പിന്നിലിരുന്ന് പോകുന്ന സ്ത്രീകാണുന്നത് പൊരിവെയിലത്ത് റോഡരികിൽ

കരിങ്കല്ലുടച്ചു കൊണ്ട് അധ്വാനിക്കുന്ന പെൺകുട്ടിയെയാണ്. ആ സ്ത്രീ പോകുന്നത് ബ്യൂട്ടി പാർലറിലേക്കായിരുന്നു. എന്നാലവൾ ചിന്തിച്ചത് ആ പെൺകുട്ടിയെക്കുറിച്ചാണ്.

*ഉണ്ണിയാർച്ചയുടെ*

*ഉശിരുള്ളവൾ*

*കണ്ണകിയെപ്പോൽ*

*കലമ്പുന്നവൾ*

*കടലുങ്കരയാവുമോ ഊര്*

*പൂമാതേയി എന്നാവുമോ പേര്*

*അവളുടെ കാലുകൾക്കിടയിലാണ്*

*ഉടച്ചിട്ട കല്ലുകളുടെ കുമ്പാരം*

*(2009:48)*

ബൈക്കിനു പിന്നിൽ കാലൊതുക്കിവച്ച് പോകുന്ന കുലീന എന്ന് സമൂഹം കൽപ്പിക്കുന്ന സ്ത്രീയും കരിങ്കല്ലുടക്കുന്ന പെണ്ണും സമൂഹത്തിൽ കാണുന്ന രണ്ട് തട്ടിലുള്ള സ്ത്രീകളെ അടയാളപ്പെടുത്തുന്നു.

'ബ്യൂട്ടി പാർലർ വീട്ടിൽ' എന്ന കവിതയിൽ ഗാർഹിക ജോലികളാൽ കരിപിടിച്ചു പോയ സ്ത്രീജീവിതം ആവിഷ്കരിക്കുന്നു. വീടിനെ ബ്യൂട്ടിയാകുന്ന സ്ത്രീയുടെ കൈകളുടെ അവസ്ഥയാണ് ഈ കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്.

*നേരം വെളുക്കും മുമ്പേ*

*ചൂലിന്മേൽ*

*അരകല്ലിന്മേൽ*

*കൈകളെത്തുന്നു*

*പാത്രങ്ങൾ വെളുപ്പിക്കാൻ*

*ചകിരിയും വെണ്ണീറും*

*ഉരച്ചു തേക്കുന്നു*

*തിരുമ്പി തിരുമ്പി*

*സോപ്പ് പതപ്പിക്കുന്നു*

*(2006:59)*

ഇങ്ങനെ മിനുസം മാഞ്ഞതും തഴമ്പുവീണതുമായ ഒരു സ്ത്രീയുടെ കൈകളാണ് ഒരു വീട് ഭംഗിയായി സൂക്ഷിക്കുന്നത്.

സമകാലിക സമൂഹത്തിൽ ജീവിക്കാൻ ഒരു പെണ്ണിന് കത്തിയും ബ്ലേഡും എല്ലാം കൂട്ടുവേണമെന്ന് ഉറപ്പിക്കുന്ന കവിതയാണ് 'പ്രതിരോധ ആയുധം'.[23] കത്തി തലയ്ക്കടിയിലില്ലാത്ത ഒരു പെണ്ണിന് ഉറക്കം നഷ്ടപ്പെടുന്നു.

സമൂഹത്തിൽ നിലനിൽക്കുന്ന മറ്റൊരു കാഴ്ചപ്പാട് കൂടി ഈ കവിതയിൽ അവതരിപ്പിക്കുന്നുണ്ട് വിവാഹിതകളായ സ്ത്രീകൾ സുരക്ഷിതരാണെന്നും അവിവാഹിതരായ സ്ത്രീകളാണ് സൂക്ഷിക്കേണ്ടത് എന്നുമുള്ള കാഴ്ചപ്പാട്. ഇത് ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നു. അതുകൊണ്ടു തന്നെ പെൺകുട്ടി ജനിച്ചാൽ തന്നെ അവളെ വിവാഹം കഴിപ്പിച്ചയക്കേണ്ടതിനെപ്പറ്റിയാണ് മാതാപിതാക്കൾ ചിന്തിക്കുക. അവിവാഹിതരായ മകളെക്കുറിച്ച് അച്ഛനമ്മമാർ ഭയത്തിൽ കഴിയുന്ന ഒരു അന്തരീക്ഷമാണിവിടെയുള്ളത് എന്നും കൂടി കവയിത്രി കാണിച്ചു തരുന്നു.

*അവിവാഹിതകൾക്ക്*
*അതൊരു പതിവാകാമെന്ന്*
*കേട്ടു കേൾവി*
*വിലപേശൽ കലമ്പലുകൾക്കിടയിൽ*
*വിവാഹിതകൾ മാത്രം*
*വിലമതിക്കപ്പെടുന്നു*

*(2006:20)*

'എനിക്ക് നഖം നീട്ടാൻ കഴിയില്ല' എന്ന കവിതയിലും പെണ്ണിന് പ്രതിരോധിക്കാൻ ആയുധങ്ങളില്ലാതെ ഈ സമൂഹത്തിൽ ജീവിക്കാൻ കഴിയില്ലെന്ന് കാണിച്ചു തരുന്നു.

*ഒരു വിരലിൻനഖമെങ്കിലും*
*നീട്ടിവയ്ക്കു*
*നീ നിന്റെ ഉടൽതൊടും*
*വിഷവിരലുകളിൽ*
*ആഴ്ത്തിയിറക്കാനൊരു*
*ഇരുമ്പാണിയെപ്പോലെ*

*(2009:37)*

കുടുംബത്തിലെ ദാരിദ്ര്യം പലപ്പോഴും തീവ്രമായി അനുഭവിക്കുന്നത് സ്ത്രീയായിരിക്കും. അതിനെ ഉദാഹരിക്കുന്ന വിജിലയുടെ കവിതയാണ് ലെവൽ. ദരിദ്രർക്ക് വേണ്ടി ഭരണകൂടം എന്തെല്ലാം ചെയ്തുവെച്ചാലും അതൊന്നും ഫലപ്രദമാകുന്നില്ല എന്നും ഈ കവിത ചൂണ്ടിക്കാട്ടുന്നു. ആശുപത്രി വരാന്തയിൽ ക്യൂനിന്ന് തളർന്നു വീഴുന്നപെണ്ണും കടത്തിണ്ണയിൽ മടിശ്ശീലയൊഴിഞ്ഞ് ദു:ഖിതയായ പെണ്ണും സ്കൂളിന്റെ കഞ്ഞിപുരയിൽ വീടിന്റെ പുകയാത്ത അടുക്കളയെക്കുറിച്ചോർക്കുന്ന പെണ്ണും എല്ലാം ഇതിനുദാഹരണമാണ്. വിവാഹചിലവും സ്ത്രീധനവും എല്ലാം കൂടി ചേർന്ന് വിവാഹ സ്വപ്നങ്ങൾ തകർത്തെറിയപ്പട്ട പെണ്ണിനെയും ഈ കവിതയിൽ സൂചിപ്പിക്കുന്നു.

*റേഷൻ കാർഡിന്റെ*

*ബി.പി.എൽ രേഖപ്പെടുത്തിയ പേജിലായിരുന്നു*

*പാളത്തിൽ വച്ച്*

*യാത്ര അവസാനിപ്പിച്ച*

*അവിവാഹിതയുടെ എഴുത്ത്*

*(2009:14)*

എന്ന വരികളിൽ തെളിയുന്നത് ദാരിദ്ര്യം കൂടുതൽ ബാധിക്കുക പെണ്ണിന്റെ സ്വപ്നങ്ങളെയാണ് എന്നതാണ്.

'നിശ്ചലത' എന്ന കവിതയിൽ പരസ്യപലകയിലെ സ്ത്രീരൂപങ്ങൾ സമൂഹത്തിൽ നടക്കുന്നതൊന്നും അറിയുന്നില്ല എന്നാണ് പറഞ്ഞുവെയ്ക്കുന്നത്. അങ്ങനെ പറഞ്ഞുവെയ്ക്കുമ്പോൾ തന്നെ പരസ്യപ്പലകയിലെ പോലെയുള്ള സ്ത്രീജീവിതങ്ങളും ഇവിടെയുണ്ടെന്നും സൂചിപ്പിക്കുന്നു.[24] ഇവിടെ വെയിലിൽ വിയർക്കുന്നവരുടേയും കുതിക്കുന്ന വാഹനങ്ങൾക്ക് കുറുകെ ഒറ്റയ്ക്ക് റോഡും മുറിച്ചു നടന്നു പോവേണ്ടുന്ന ദരിദ്രരായ കുഞ്ഞുങ്ങളുടേയും ജീവിതം സ്വപ്ർശിക്കുന്നുണ്ട്.

'ഉടലുകൾ' എന്ന കവിതയിൽ സ്ത്രീയുടെ ഉടൽ സൃഷ്ടിച്ചിരിക്കുന്നത് തന്നെ അടുക്കളയിലെ ഉപകരണങ്ങൾക്കും ജോലികൾക്കും സമരസപ്പെടാൻ പാകത്തിലാണെന്ന് രേഖപ്പെടുത്തുന്നു.

*അടുപ്പുകല്ലുകൾക്കിണങ്ങും വിധം*
*ഉലയിലിട്ട്*
*ഉടച്ചു വാർത്തിരിക്കുന്നു*

*ഉരല് ചൂലമ്മിക്കുട്ടി*

*ഉറിമുറം കലം കയ്യില്*

*എല്ലാം ഉടലൊതുക്കത്തോടെ*

*(2006:57)*

ഇത്തരത്തിൽ അടുക്കളയിടത്തിൽ നിന്നും സ്വീകരിക്കുന്ന കല്പനകളും ബിംബങ്ങളും വിജിലയുടെ കവിതകളിൽ ധാരാളമുണ്ട്.

ഇന്നത്തെ ഒരു ശരാശരി മലയാളിയുടെ വീട് പെണ്ണുങ്ങൾ മാത്രം ഉള്ളതാണ്. ആണുങ്ങൾ ഗൾഫിലോ ജോലി സ്ഥലത്തോ പോകുന്നു. അത്തരം വീടുകളിലെ വീട്ടുകാവൽക്കാരി കൂടിയാകുന്നു വീട്ടമ്മ. ഉപമകളുടെ ലോകം അടുക്കളയില്ലാത്ത വീട് എന്ന കവിതയിൽ അത്തരമൊരു അമ്മ മകനോട് ചോദിക്കുന്നു.

*ഒരുറക്കിനു മാത്രം*

*വൈകീട്ട് വീടണയുമ്പോൾ*

*മകനോട് ചോദിക്കും*

*വാടകയില്ലേ എന്ന്*

*(2006:25)*

ഇങ്ങനെ പെണ്ണുങ്ങളുടെ പരിമിതവൃത്തത്തിൽ നിന്നും സ്വീകരിക്കുന്ന ഗാർഹികബിംബങ്ങളുടെ സൂക്ഷ്മമായ അവതരണത്തിലൂടെ ആവിഷ്കരിക്കുന്ന ജീവിതമാണ് വിജിലയുടെ കവിതകൾ. ഏറ്റവും ദരിദ്രരും നിസ്സഹായരുമായ മനുഷ്യർക്കൊപ്പം നിലയുറച്ചുകൊണ്ടാണ് വിജില തന്റെ കവിതകൾ അവതരിപ്പിക്കുന്നത്.

**4.2.21 സതി അങ്കമാലി**

ദളിത് സ്ത്രീസ്വത്വത്തിന്റെ ആവിഷ്കരണത്തിലൂടെ ദളിത് സ്ത്രീകർതൃത്വ നിർമ്മിതി സ്ഥാപിച്ചെടുക്കുന്ന കവയിത്രിയാണ് സതി അങ്കമാലി. പൂക്കളുടെ വേദ പുസ്തകം, ആമേൻ എന്നീ സമാഹാരങ്ങളിലെ കവിതകളിലെല്ലാം ദളിത് ജീവിതങ്ങളുടെ നേർ ചിത്രങ്ങൾ കാണാം.

'പെൻസിൽ' എന്ന കവിതയിൽ ദളിതനെ അടിച്ചമർത്തുന്ന സവർണ്ണമേധാവിത്വത്തിന്റെ പ്രവർത്തികൾ സൂചിപ്പിക്കുന്നതോടൊപ്പം ദളിത് സ്ത്രീകർതൃത്വത്തെ അടിച്ചമർത്തുന്ന സവർണ്ണ പുരുഷാധിപത്യം കൂടി സൂചിതമാകുന്നു.

മുനകൂർപ്പിച്ച് കൂർപ്പിച്ച് നീയെന്നെ

ഇല്ലാതാക്കിയില്ലേ
എന്നെക്കൊണ്ട് എഴുതിയതെല്ലാം
തെളിഞ്ഞില്ലെന്നു പറഞ്ഞ് മായ്ച്ചു
കളഞ്ഞില്ലെ

(2014 : 41)

പുരുഷന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് കൂർപ്പിച്ച് ഇല്ലാതാക്കുന്ന സ്ത്രീജന്മങ്ങളെ ഇവിടെ സൂചിപ്പിക്കുന്നു. മാത്രമല്ല എഴുത്തിന്റെ രംഗത്തേക്ക് ദളിത്സ്ത്രീയുടെ കടന്നുവരവിനെ തടഞ്ഞിരുന്ന സവർണ്ണ പുരുഷാധിപത്യത്തെ കൂടി ഈ കവിത വിമർശിക്കുന്നു.

'ഒറ്റച്ചേല' എന്ന കവിതയിൽ ദളിതർ അനുഭവിക്കുന്ന ദാരിദ്ര്യം അവരുടെ സ്ത്രീയെയാണ് കൂടുതൽ ബാധിക്കുന്നത് എന്ന് കാണിച്ച് തരുന്നു. ഉടുതുണിക്ക് മറുതുണിയില്ലാത്ത ദളിത്സ്ത്രീയുടെ അവസ്ഥയാണ് ഈ കവിതയിൽ ചിത്രീകരിക്കുന്നത്.

ഒറ്റച്ചേലയിൽ ചുറ്റിയ വൃദ്ധശരീരം
മറുതുണിയില്ലാതെ
നനഞ്ഞ ഒരറ്റം വെയിലിനാൽ
മറ്റേയറ്റം ഉടലിനാൽ ഉണങ്ങുന്നു.

(2014 : 43)

ദളിത് സ്ത്രീയുടെ ദുരിതങ്ങൾക്ക് പുരുഷാധിപത്യം മാത്രമല്ല കാരണം ദാരിദ്ര്യവും ജീവിതനിലവാരത്തിന്റെ തകർച്ചയും എല്ലാം അതിന് കാരണങ്ങളാകുന്നു.

കന്നിനൊപ്പം നിലമുഴാൻ
വിധിക്കപ്പെട്ടവർക്കെന്ത് നീതി

(2014 : 43)

എന്നാണ് ഈ കവിത ചോദിക്കുന്നത്. ദളിതരുടെ ജീവിതത്തിലെ കഷ്ടതകൾ സതി അങ്കമാലി തുറന്നെഴുതുന്നു. ആമേൻ എന്ന കവിതയിൽ ഒരു രൂപക്ക് മണ്ണെണ്ണയും അരിയും നൽകുന്ന സർക്കാരിനെ സ്തുതിക്കുന്നത് പരിഹാസത്തോടെയാണ്. ദളിതരുടെ ഉന്നമനം സാധ്യമാക്കാൻ ഇനിയും കഴിയാത്ത സമൂഹത്തെയാണ് ഈ കവിത പരിഹസിക്കുന്നത്.

### 4.2.22 സഹീറ തങ്ങൾ

പുതിയ കവിതയുടെ ഭാവ വൈവിധ്യങ്ങൾ ആവിഷ്കരിക്കുന്ന രചനകളാണ് സഹീറ തങ്ങളുടെ കവിതകൾ ജീവിതത്തെക്കുറിച്ചും പ്രണയത്തെക്കുറിച്ചും സ്ത്രീയവസ്ഥകളെക്കുറിച്ചുമെല്ലാം സഹീറ കവിതകൾ എഴുതിയിട്ടുണ്ട്.

'പോർട്രെയറ്റ്' എന്ന കവിത വായിക്കുമ്പോൾ പോർട്രെയിറ്റിൽ തെളിയുന്നത് ഒരു സ്ത്രീയുടെ നിസ്സാഹായവസ്ഥയിലുള്ള രൂപം തന്നെയാണെന്ന് കാണാം.[25] പെണ്ണവസ്ഥയുടെ ചിത്രീകരണം തന്നെയാണ് ഈ വരികൾ.

'ചിറക്' എന്ന കവിതയിൽ സ്വാതന്ത്ര്യബോധത്തെക്കുറിച്ചുള്ള തിരിച്ചറിവുണ്ടാകാൻ വൈകിപ്പോയതിനെക്കുറിച്ച് വേവലാതിപ്പെടുന്ന സ്ത്രീത്വ ത്തെയാണ് കാണിക്കുന്നത്. അത് തിരിച്ചറിയാനാവുന്നത് ഈ കാലഘട്ടത്തിൽ വലിയൊരു നേട്ടമാണ്.

*സ്വാതന്ത്ര്യമാണ് എന്റെ പ്രണയമെന്ന്*
*തിരിച്ചറിവുണ്ടാവാൻ വൈകി*
*അല്ലെങ്കിൽ*
*കൂട്ടിലടയ്ക്കപ്പെട്ട കിളിയ്ക്ക്*
*പ്രണയിക്കാനാവില്ലെന്ന്*
*വേർതിരിച്ചറിയാനും വൈകി.*

*(2011:24)*

കൂട്ടിലടയ്ക്കപ്പെടുന്ന എത്രയോ ജന്മങ്ങൾ മോഹഭംഗം സംഭവിച്ച ജീവിതം തള്ളിനീക്കുന്നുണ്ടെന്നു കൂടി കവയിത്രി ഓർമ്മപ്പെടുത്തുന്നു.

സമകാലീനലോകത്തിൽ സ്ത്രീ സുരക്ഷിതയല്ല എന്നുള്ള സത്യം വെളിപ്പെടുത്തുന്ന കവിതയാണ് 'സാക്ഷ'. സ്വന്തം വീട്ടിൽ പോലും ഭീതിയിൽ കഴിയുന്ന സ്ത്രീകളുടെ അവസ്ഥ ഈ കവിതയിൽ ചിത്രീകരിച്ചിരിക്കുന്നു.

*വാതിലടച്ചു കഴിഞ്ഞാൽ*
*സാക്ഷയിടാൻ മറക്കരുത്*
*എങ്കിലും*
*അതിനൊരു താക്കോൽ പഴുതുണ്ടെന്ന്*
*ഓർക്കണം*

*(2011:19)*

ആണികൾ ഇളകിയ വിള്ളലുകൾ വീണ ആ വാതിൽ ഒട്ടും സുരക്ഷിതമല്ല എന്നറിഞ്ഞിട്ടും അത് സാക്ഷയിടാൻ മറന്നു പോയാൽ ഭയമാണ്. എന്തിനു സാക്ഷയിടണം എന്ന ചോദ്യത്തിനു മറുപടി ഇതാണ്.

*ഇനിയും നമ്മളെന്തിനു സാക്ഷയിടണം ?*
*ഒറ്റത്തള്ളലിന് തുറക്കാനാവില്ലല്ലോ?*
*എന്നോർത്ത്*
*ഞാനാശ്വസിക്കും*

*(2011:19)*

കനലുകൾ എന്ന കവിതയും സ്ത്രീമനസ്സിനെ തൊട്ട് കാണിക്കുന്നു. ഉള്ളിൽ പ്രതിഷേധത്തിന്റെ കനലുകൾ കത്തുമ്പോഴും സാഹചര്യങ്ങളും കുടുംബവും കുട്ടികളുമെല്ലാം ഓർത്ത് അതൊന്നും പുറത്ത് കാണിക്കാതെ അസ്വാതന്ത്ര്യത്തി നടിപ്പെട്ട തന്റെ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്ന സ്ത്രീയാണ് ഈ കവിതയിലുള്ളത്.

*തിളച്ച പാറയും ലോഹക്കഷ്ണവും*
*ഭൂഗർഭത്തിലൊളിച്ചിരുന്നു*
*വിള്ളലുകളിലൂടെ*
*പുറത്തേക്ക് ചിന്തിയത്*
*തണുത്തൊരു തുള്ളി മാത്രം*

*(2011:33)*

എന്നു പറയുന്നിടത്ത് സ്ത്രീമനസ്സിലെ പൊട്ടിത്തെറികൾ സൗമ്യമായി പുറത്തേക്കു വരുതിനെയാണ് കാണിക്കുന്നത്.

### 4.2.23 സാഹിറ കുറ്റിപ്പുറം

കാവ്യാവിഷ്കാരത്തിൽ പാരമ്പര്യരീതികളെയും സാമ്പ്രദായിക ഭംഗികളെയും പൂർണ്ണമായി നിരസിച്ച് പുതിയ കാലത്തിന്റെ രീതിക്കിണങ്ങുന്ന സമീപനം സ്വീകരിക്കുന്ന കവയിത്രിയാണ് സാഹിറ കുറ്റിപ്പുറം. സ്ത്രീത്വത്തിന്റെ ശക്തമായ ആവിഷ്കരണങ്ങൾ സാഹിറയുടെ കവിതകളിൽ കാണാം. 'ഫസ്റ്റ് പിരീയഡ്' എന്ന കവിതയിൽ ആദ്യമായി ഋതുമതിയാകുന്ന പെണ്ണിന്റെ അനുഭവം വിവരിക്കുന്നു.

*പെട്ടെന്നൊരു കാട്ടിലെ ഇരു*
*ട്ടിലൊരു*
*ചുവന്ന പുഴയുടെ ഉറവ*

*പൊട്ടിയത്*
*നാട്ടമ്പലത്തിലെ പടിക്കെട്ടിനടുത്ത്*
*ദൈവങ്ങൾ നിരന്നു നിന്നാക്രോശിച്ചു.*
*നോ എൻട്രി*
*നിസ്കാരമുറിയിൽ ബോർഡുയർന്നു*
*അപകടസാധ്യതാമേഖല*
*വീടുകളിൽ നിന്നും ഒരൊറ്റ*
*മുറിയിലേക്ക് റിമാൻഡ്*
*ചെയ്യപ്പെട്ടു.*
*(2016:31)*

ആർത്തവസമയത്ത് സ്ത്രീകളോടുള്ള മറ്റുള്ളവരുടെ മനോഭാവത്തെ ഈ കവിതയിൽ വിമർശക്കുന്നു. മതപരമായ വിലക്കുകളും വീടുകളിൽത്തന്നെ മാറിയിരിക്കുന്ന സമ്പ്രദായവും ഈ ആധുനികാനന്തര സമൂഹത്തിലും തുടർന്നു പോരുന്നുണ്ടെന്നത് ആശ്ചര്യകരമായ ഒരു വസ്തുതയായി ഈ കവിതയിൽ അവതരിപ്പിക്കുന്നു.

'നെഗറ്റീവ് റിസൽറ്റ്' എന്ന കവിതയിൽ ആധുനികാനന്തരകാലത്ത് ഒരു പെണ്ണിനെ സംബന്ധിച്ചിടത്തോളം പുരുഷൻ ഇത്രയേ ഉള്ളൂ എന്ന് പ്രഖ്യാപിക്കുന്നു. എത്ര അന്വേഷിച്ചിട്ടും അവൾക്ക് പുരുഷനെ കണ്ടെത്താനായത് ഇവിടങ്ങളിൽ മാത്രമാണ്.[26] ഒരു സ്ത്രീയെ സംബ്ധിച്ചിടത്തോളം ഇപ്പോൾ പുരുഷൻ ഇത്രയൊക്കെ ഉള്ളൂ എന്ന് കവിത ചൂണ്ടികാണിക്കുന്നു.

പകൽമാന്യന്മാരായ പുരുഷൻമാരുടെ മറ്റൊരു മുഖമാണ് 'തിയറ്റർ' എന്ന കവിതയിൽ കാണിച്ചുതരുന്നത്. തിയറ്ററിനകത്തെ ഇരുട്ടിൽ ആൾക്കൂട്ടത്തിനിടയിൽ സ്ത്രീയെ എന്തും വിളിച്ചുപറയാൻ ധൈര്യം കാണിക്കുന്ന അയാൾ പുറത്തിറങ്ങുമ്പോൾ മാന്യന്റെ മുഖം മൂടിയണിയുന്നു.[27] പുറത്ത് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടായാലും പ്രതികരിക്കാത്ത ആണത്തമാണ് ഇരുട്ടിലെ ഹാളിനുള്ളിൽ ആവേശം കാണിക്കുന്നതെന്നുകൂടി ഈ കവിത പറഞ്ഞുവെയ്ക്കുന്നു. പുറത്ത് സ്ത്രീയെ ബഹുമാനിക്കുന്നതായി നടിച്ച് അകത്ത് അവർക്കെതിരായി പ്രവർത്തിക്കുന്ന പുരുഷാധിപത്യത്തിന്റെ വാക്താക്കളെ കൂടിയാണ് ഈ കവിത ലക്ഷ്യമിടുന്നത്.

### 4.2.24 ജെനി ആൻഡ്രൂസ്

സമകാലീനജീവിതവും പെണ്ണവസ്ഥകളും ചിത്രീകരിച്ച് കൊണ്ട് സ്ത്രീസ്വത്വാവിഷ്കാരത്തിന്റെ പുതിയ തലങ്ങൾ കവിതയിൽ കൊണ്ടുവരുന്നു ജെനി ആൻഡ്രൂസ്. സ്ത്രീത്വത്തെ മനസ്സിലാക്കാൻ കഴിയാത്ത പരുഷമേധാവിത്തതിന്റെ പ്രവർത്തികളെ കവയിത്രി ചോദ്യം ചെയ്യുന്നു.

'ചൈനീസ്മൊഴി' എന്ന കവിതയിൽ പുരുഷന്റെ പാതിയായി കണക്കാക്കാവുന്ന സ്ത്രീയെ ഒരു ചട്ടക്കൂടിനകത്തുനിർത്തി അവളുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്താൻ ശ്രമിക്കുന്ന പുരുഷനെയാണ് ചിത്രീകരിക്കുന്നത്. അവളുടെ വിസ്തൃതമായ ലോകം അവനറിയുന്നില്ല എന്ന് ഈ കവിത കാണിച്ചു തരുന്നു. സ്ത്രീയെന്നാൽ പുരുഷനോടൊപ്പം തന്നെ എല്ലാത്തിനും കഴിവുള്ളവളാണ്. പക്ഷേ ലോകം അവളെ അബലയെന്നും ചപലയെന്നും മുദ്രകുത്തി മാറ്റി നിർത്തുന്നു. യഥാർത്ഥത്തിൽ അവളെന്താണെന്ന് ആരും മനസ്സിലാക്കുന്നില്ല എന്നതാണ്.

സ്ത്രീസ്വത്വാവിഷ്കാരം തന്നെയാണ് 'ചൂണ്ടുപലക' എന്ന കവിതയിലും കാണുന്നത്. അസ്വാതന്ത്ര്യത്തിന്റെ അഴികൾ പൊളിച്ച് മാറ്റി സ്വാതന്ത്ര്യത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്ന സ്ത്രീയെയാണ് ഇവിടെ ചിത്രീകരിക്കുന്നത്. സ്വത്വം സ്ഥാപിക്കാനുള്ള സ്ത്രീയുടെ ശ്രമം കവിതയിലുടനീളം വരച്ച് കാട്ടുന്നു. എല്ലാ പ്രതിസന്ധികളും ഒറ്റപ്പെടലുകളും തരണം ചെയ്ത് സ്വത്വം ഇവിടെ അവൾ സ്ഥാപിച്ചെടുക്കുന്നു.

പെണ്ണ് എങ്ങനെയാണെന്ന് പറഞ്ഞു തരുന്നു 'നാനാർത്ഥ' എന്ന കവിതയിൽ. സ്നേഹം കിട്ടുമ്പോൾ അവൾ എല്ലാം മറന്ന് അവളുടെ സ്വത്വം തന്നെ അടിയറവെക്കുന്നു. പിന്നെ എല്ലാം സഹിച്ച് ഉള്ളതുകൊണ്ട് ജീവിതം സന്തോഷമാക്കാൻ അവൾ ശ്രമിക്കുന്നു. ഇങ്ങനെ പെണ്ണിന്റെ ജീവിതം ഈ കവിതയിൽ സത്യസന്ധമായി ആവിഷ്കരിക്കുന്നു.

സമാകാലീന ജീവിതസംഭവങ്ങളും വ്യക്തികളും ശാസ്ത്രീയ നേട്ടങ്ങളും എല്ലാം അടിക്കുറിപ്പുകൾ ചേർത്ത് കവിതയാക്കുന്നുണ്ട് ജെനി ആൻഡ്രൂസ്. ഇത്തരത്തിൽ ജെനിയുടെ കവിത ഒരേസമയം അന്വേഷണവും സാക്ഷാത്കാരവുമായിത്തീരുന്നു.

**4.2.25 രേഖ മാതമംഗലം**

അടുക്കളയിൽ നിന്നുള്ള ബിംബങ്ങൾ സ്വീകരിച്ച് കൊണ്ട് വെന്തുരുകുന്ന സ്ത്രീഅനുഭവങ്ങളുടെ അടങ്ങാത്ത പ്രതിഷേധവും വേദനകളും അടയാളപ്പെടുത്തുന്നവയാണ് രേഖ മാതംമംഗലത്തിന്റെ കവിതകൾ. മിക്കവാറും എല്ലാ കവിതകളിലും അടുക്കളയും അടുപ്പിൻകല്ലുകളും കരിയും പുകയും തിളച്ചു തൂവലുകളും കടന്നുവരുന്നു. അടുക്കളയിലെ ലോകവും പുറത്തുള്ള ലോകവുമെല്ലാം ഇങ്ങനെ അവതരിപ്പിക്കപ്പെടുന്നു.

തിളച്ചുതൂവൽ എന്ന കാവ്യസമാഹാരത്തിലെ മിക്ക കവിതകളിലും അരി, കഞ്ഞി, അടുക്കള, പുകക്കരി, അടുപ്പിൻകല്ല്, കരിപിടിക്കൽ, തിളച്ചുതൂവുക, കരിച്ചട്ടി, വിറക്, ചകിരി, കലം, ഉപ്പിലിട്ടത്, വറ്റ്, കനൽ തുടങ്ങി അടുക്കളയുമായി ബന്ധപ്പെട്ട പദങ്ങളും ഗാർഹികബിംബങ്ങളുമാണ് കാണുന്നത്. തിളച്ചുതൂവൽ എന്ന സമാഹാരം അടുക്കളയിൽ വെന്തുതീരുന്ന സ്ത്രീഅനുഭവങ്ങളുടെ ആവിഷ്കാരമാണ്.

'പാഠം', 'അഹല്യ' തുടങ്ങിയ കവിതകൾ അടുപ്പിൻകല്ലിന്റെ മൗനത്തിൽ പൊതിഞ്ഞ മുഴക്കങ്ങളും ശാന്തതയും ആവിഷ്കരിക്കുന്നു.

*അടുപ്പു കൂട്ടുന്നവൻ*

*കല്ലിന്റെ*

*മുഖത്തെക്കുറിച്ചു പറഞ്ഞു*

*സൂക്ഷിച്ചു നോക്കിയപ്പോൾ*

*ശാപഗ്രസ്ഥയായ*

*പെൺമുഖം തന്നെ*

*(2015:117)*

അകത്തെ വേദന പുറത്ത് കാണിക്കാതെ മുഖത്ത് സന്തോഷം വരുത്തി ജീവിക്കുന്ന സ്ത്രീ ത്യാഗത്തിന്റെയും സഹനത്തിന്റെയുമൊക്കെ പര്യായമാക്കുന്നു. ഇതു കൊണ്ടാണ് വെന്തുരുകുമ്പോഴും മഹാതപസ്സനുഷ്ഠിക്കുന്ന അടുപ്പിൻ കല്ലിനെ പെൺമുഖത്തോടാണ് കവയിത്രി സാമ്യപ്പെടുത്തിയിരിക്കുന്നത്.

അടുക്കളയിലെ സൂക്ഷ്മമായ പ്രവൃത്തികൾ പോലും രേഖ കവിതയാക്കുന്നു. ദോഷം തീർക്കാനായി ഉപ്പും മുളകും ഉഴിഞ്ഞ് അടുപ്പിലിടുന്ന പ്രവൃത്തിയാണ് 'പ്പ്' എന്ന കവിതയുടെ വിഷയം.

*കുട്ടിയുടെ*

*കണ്ണേറു ദോഷം*

*ഉപ്പുകൂട്ടി*

*ഉഴിഞ്ഞ്*

*അടുപ്പിലിട്ടു*

*അപ്പോളതു കവിത കേട്ടു*

*അടുപ്പ്*

*ടുപ്പ്*

*ഉപ്പ്*

*പ്പ്*

*(2015:117)*

ഇത്തരത്തിൽ ആധുനികാനന്തര കവിതയുടെ രൂപഭാവങ്ങൾക്കിണങ്ങുന്ന രീതിയിൽ തികച്ചും വ്യത്യസ്തമായ ഒരു വഴിയിലൂടെ സഞ്ചരിക്കുന്ന കവയിത്രിയാണ് രേഖ മാതംഗമംഗലം. സ്ത്രൈണാവിഷ്കാരത്തിന്റെ സൗന്ദര്യാത്മകതയും വ്യതിരിക്തതയും ഈ കവിതകൾ അടയാളപ്പെടുത്തുന്നു.

**4.2.26 അനിത പ്രേംകുമാർ**

അനുകാലിക പ്രസിദ്ധീകരണങ്ങളിലും ഫെയ്സ്ബുക്കിലും ബ്ലോഗിലുമെല്ലാം ധാരാളം കവിതകൾ രചിക്കുന്ന അനിത പ്രേംകുമാറിന്റെ ആദ്യസമാഹാരമായ പ്രണയമഷിയിലെ കവിതകളെല്ലാം സ്ത്രീ സ്വാത്വാവിഷ്കാരത്തിന്റെ വിവിധ മുഖങ്ങൾ കാണിച്ചു തരുന്നു. സ്ത്രീയുടെ ജീവിതത്തിലെ അടിമത്തവും സ്വാതന്ത്ര്യമില്ലായ്മയും അവർ തുറന്നു കാണിക്കുന്നു. 'തുമ്പി' എന്ന കവിതയിൽ ഇഷ്ടമില്ലാത്ത പ്രവർത്തികൾ ചെയ്യാൻ പ്രേരിതയാക്കുന്ന സ്ത്രീയെയാണ് തുമ്പിയായി വർണ്ണിച്ചിരിക്കുന്നത്.

*എനിക്കിഷ്ടം*
*ആകാശത്ത് പറന്നു നടക്കാൻ*
*മൂളിപ്പാട്ട് പാടാൻ*
*നൃത്തം ചെയ്യാൻ*
*കല്ലെടുക്കുവാൻ തയ്യാറാണെന്ന്*
*ഞാനൊരോടും പറഞ്ഞിട്ടില്ല*
*എന്നിട്ടുമെന്റെ വാലിൽ പിടിച്ചുവച്ചിരിക്കുന്നു.*

*(2017:35)*

'പെണ്ണുടൽ' എന്ന കവിതയിൽ ആർത്തവകാലത്തുപോലും നടുവു ചായ്ച്ചിടാൻ സമയം കിട്ടാതെ വീട്ടുജോലിയിലേർപ്പെടേണ്ടിവരുന്ന പെണ്ണിനെ കാണിച്ചുതരുന്നു. എന്നിട്ടും അവൾ കേൾക്കേണ്ടി വരുന്നതോ

*പ്രാതൽ ശരിയല്ല*

*കൂട്ടാനുപ്പില്ല*

*ചപ്പാത്തി റൗണ്ടില്ല*

*പാലിന് രുചിയില്ല*

*(2017:45)*

എന്നിങ്ങനെയാണ് ഇതെല്ലാം ശരിയായി ചെയ്യുക എന്നതാണ് പെണ്ണിന്റെ കർത്തവ്യം എന്ന പൊതുബോധമാണ് ഈ കുറ്റം പറച്ചിലുകാരെ നയിക്കുന്നത് എന്ന് കവയിത്രി ചൂണ്ടിക്കാണിക്കുന്നു.

**4.2.27 സൂര്യ ബിനോയ്**

എവിടെയും ആക്രമിക്കപ്പെടുന്ന സ്ത്രീയവസ്ഥ ചിത്രീകരിച്ചിരിക്കുന്ന 'ഒറ്റപ്പാട്' സൂര്യ ബിനോയിയുടെ ശ്രദ്ധേയമായ രചനയാണ്.

*ആൾക്കൂട്ടത്തിനു നടുവിലും*

*ആളൊഴിഞ്ഞയിടങ്ങളിലും*

*ഒരു പെണ്ണിന് പേടിക്കണം*

*ഗർഭപാത്രത്തിലും*

*ശവപ്പെട്ടിയിലുമൊഴികെ*

*എല്ലായിടത്തും*

*(2007:61)*

എന്ന് സൂര്യ ബിനോയ് തുറന്നെഴുതുന്നുണ്ട്.'നന്ദു' എന്ന കവിതയിൽ പെൺമനസ്സിന്റെ ചില മോഹങ്ങൾ കവയിത്രി വരച്ചു കാട്ടുന്നുണ്ട്. 'എനിക്കു മരം കയറണം, കവുങ്ങിലൂടെ ഊർന്നിറങ്ങണം, പുഴയിൽ മുങ്ങിക്കിടക്കണം, പുഴനീന്തുക എന്നത് വളരെ എളുപ്പമാണെന്ന് അമ്മച്ചിക്കു പറഞ്ഞു കൊടുക്കണം, തിളങ്ങുന്ന വെയിലിൽ നിങ്ങളാരും കണ്ടിട്ടില്ലാത്ത പച്ചപ്പുല്ലിനോടൊപ്പം അല്പനേരം ചത്തുകിടക്കണം. ഇങ്ങനെയുള്ള പെണ്ണിന്റെ നിസ്സാരമോഹങ്ങൾ പോലും ഈ ആധുനിക കാലത്ത് നിറവേറ്റാൻ കഴിയില്ലെന്ന സത്യം സൂര്യ ബിനോയ് ചൂണ്ടിക്കാണിക്കുന്നു.

**4.2.28 അഭിരാമി**

അടുക്കളയിൽ ഉരുകിത്തീരുന്ന സ്ത്രീജന്മങ്ങളെ ചിത്രീകരിക്കുന്ന കവിത യാണ് അഭിരാമിയുടെ 'കാതോർത്ത്' എന്ന കവിത. വീട്ടിലെ പൈപ്പ് കേട് വന്നാലും കറന്റ് കേട് വന്നാലും കട്ടിളയ്ക്കും വാതിലിനും കേട് വന്നാലുമെല്ലാം അത് ഉടനെ

നേരെയാക്കാൻ പ്ലംബർ ഗോപാലനും ഇലക്ട്രീഷ്യൻ ശ്രീധരനും ആശാരി കേശവനും എത്തുമായിരുന്നു. ചുമരുകൾ നിറം മങ്ങിയാൽ മോടി കൂട്ടാൻ പെയിന്റർ പീതാംബരനും എത്തും. പക്ഷേ

*അടുക്കളയിലെരിയുന്ന കനൽ*
*ഉറവ, വറ്റി, നിലാപ്പുഞ്ചിരി കെട്ട്*
*ഒരതിരും കടക്കാനാവാതെ കരിയായ് പടർന്നപ്പോൾ*
*കണ്ണീരിന്റെ കനമുള്ള നിശ്ശബ്ദതയൊപ്പാൻ*
*ഒരു വേണുഗാനവും എത്തിയിരുന്നില്ല.*

*(2014:40)*

വീടിനെ മോടിക്കൂട്ടാനും അതിന്റെ അസുഖങ്ങളെ കണ്ടറിഞ്ഞ് ചികിത്സിക്കുവാനും മനുഷ്യൻ ഉടനടി ശ്രമിക്കുമ്പോൾ അടുക്കളയിൽ പണിയെടുത്ത് ക്ഷീണിച്ച് സ്വപ്ന ങ്ങളെല്ലാം കരിഞ്ഞുണങ്ങി പുറത്ത് കടക്കാനാവതെ കഴിയുന്ന സ്ത്രീജീവിതങ്ങളെ നേരെയാക്കാൻ അവൻ ശ്രദ്ധിക്കുന്നതേയില്ല എന്ന് കവയിത്രി സൂചിപ്പിക്കുന്നു.

ചുറ്റും നടക്കുന്ന കാഴ്ചകൾക്കും സംഭവങ്ങൾക്കും നേരെ കണ്ണ് തുറന്നിരി ക്കുന്ന ഈ കൊച്ചു കവയിത്രി മലയാള കവിതാസാഹിത്യത്തിൽ ശക്തമായ പെൺ സാന്നിദ്ധ്യമായി ഉയർന്നുവന്നുകൊണ്ടിരിക്കുന്നു.

**4.2.29 നിലീന.എം.എസ്**

സമകാലീന സ്ത്രീ ജീവിതങ്ങളെ തുറന്നു കാണിക്കുന്ന കവിതകളാണ് നിലീന.എം.എസ്സിന്റേത്. എന്നെങ്കിലും ജനാലയ്ക്കപ്പുറത്തെ മതിൽ പൊളിഞ്ഞു വീഴുമെന്നും അനന്തമായ ആകാശം ആസ്വദിക്കാനാവുമെന്നും ആഗ്രഹിക്കുന്ന പെണ്ണിനെയാണ് 'സ്വാതന്ത്ര്യം' എന്ന കവിതയിൽ നിലീന ആവിഷ്കരിക്കുന്നത്.

എവിടെയും ചൂഷണം ചെയ്യപ്പെടാൻ സാധ്യതയുള്ള പെണ്ണിന്റെ ജീവിതമാണ് 'അയലത്തെ ചേട്ടൻ' എന്ന കവിതയിൽ. സ്വന്തം ചേട്ടനെപ്പോലെയായിരുന്ന അയൽവീട്ടിലെ ചേട്ടന് ഒരു നാൾ ആരും അടുത്തില്ലാത്ത നേരം വികൃതമായ ദംഷ്ട്രകളും കൂർത്ത നഖങ്ങളും വളർന്നു വരുന്നത് പെൺകുട്ടി കാണുന്നു. അന്നോളം പെറുക്കിയിരുന്ന മഞ്ചാടിക്കുരുകളെല്ലാം വെറും കല്ലുകളായിരുന്നുവെന്ന് അവൾ തിരിച്ചറിയുകയാണ്. ഇങ്ങനെ ചെറുപ്പം മുതൽ തന്നെ പലതരത്തിലുള്ള ചൂഷണങ്ങൾ അനുഭവിക്കേണ്ടിവരുന്ന പെണ്ണിന്റെ ഇന്നത്തെ സമൂഹത്തിലെ അവ സ്ഥകളുടെ നേർചിത്രമാണ് ഈ കവിത.

നിലീന.എം.എസ് 'അമ്മയും മകളും' എന്ന കവിതയിൽ ഒരേ വീട്ടിൽത്തന്നെയുള്ള രണ്ടു ലോകങ്ങൾ കാണിച്ചു തരുന്നു.

*അമ്മയുടെ ലോകത്ത്*
*ജോലി, ശമ്പളം, അടുക്കള*
*ജീവിതചെലവുകൾ*
*പിന്നെ പ്രായത്തിന്റെ ചില ധീനതകൾ*
*മകളുടെ ലോകത്ത്*
*ടി.വി., ഇന്റർനെറ്റ് കൂട്ടുകാർ*
*പിന്നെ ചില സുന്ദരൻ പയ്യന്മാർ*

*(2009:13)*

ഇതും സമകാലീന സമൂഹത്തിന്റെ നേർക്കാഴ്ചയാണ്. ഈ രണ്ട് ലോകങ്ങളും പരസ്പരം കലഹിച്ച് ഒരേ വീട്ടിൽ കഴിയുന്ന അവസ്ഥയാണ് ഈ കവിതയിൽ കാണിച്ചിരിക്കുന്നത്.

**4.2.30 കെ.ആർ.മായ**

കെ.ആർ.മായയുടെ കവിതകളിലെല്ലാം സ്ത്രീത്വത്തിന്റെ വിവിധ ഭാവങ്ങളാണ് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. 'പാഠഭേദം', 'വിതച്ചതും കൊയ്തതും', 'യശോധര യാത്രയാകുന്നു', 'ചലചിത്രോത്സവത്തിനുപോയ രണ്ട് കന്യാസ്ത്രീകൾ', 'ഇലയും മുള്ളും', 'അതിര്' തുടങ്ങിയ കവിതകളിലെല്ലാം സ്വത്വബോധമുള്ള സ്ത്രീകളാണ് വരുന്നത്. 'വാണിഭത്തിന്റെ വിവർത്തനങ്ങൾ' എന്ന കവിതയിൽ പേരു സൂചിപ്പിക്കുമ്പോലെ തന്നെ ആവർത്തിക്കപ്പെടുന്ന പെൺവാണിഭത്തെ ഓർമ്മിപ്പിക്കുകയും പീഡിതരുടെ ചോരയുണങ്ങാത്ത മണ്ണിൽ നിന്നും വീണ്ടും പുതിയ രക്തപങ്കിലചൂഷണങ്ങൾ ജനിക്കുന്നതിൽ ആശങ്കപങ്കുവയ്ക്കുകയും ചെയ്യുന്നു.

അരുത് എന്ന വിലക്കുകളിലൂടെ കടന്നു പോകുന്ന പെണ്ണിന്റെ ശൈശവം, കൗമാരം, യൗവനം, വാർധക്യം, എന്നിങ്ങനെ ഓരോ അവസ്ഥകളും ചിത്രീകരിക്കുന്ന കവിതയാണ് കെ.ആർ.മായയുടെ പെൺപാഠങ്ങൾ. ഭ്രൂണാവസ്ഥയിൽത്തന്നെ പെൺകുട്ടികളെ നശിപ്പിക്കുന്ന പ്രവണതയും ഇവിടെ ചൂണ്ടിക്കാണി*ക്കുന്നു.*

*ഭൂമിയിലേക്കൂർന്ന് വീഴും മുമ്പേ*

*കണ്ണു ചൂഴ്ന്ന്*

*തല ചുരന്ന്*

*പൊക്കിൾക്കൊടി മാന്തി*

*കുറേ മാംസക്കഷ്ണങ്ങളായ്*

*വെയ്സ്റ്റ് ബാസ്ക്കറ്റിൽ*

*(2009:23)*

**4.2.31 ബിലു.സി.നാരായണൻ**

പെണ്ണവസ്ഥകളെ അടയാളപ്പെടുത്തുന്ന മറ്റൊരു സമകാലീന കവയിത്രിയാണ് ബിലു.സി.നാരായണൻ. ഒന്നിനോടും പ്രതിഷേധിക്കാതെ ഒരു കാഴ്ചക്കാരിയുടെ മട്ടിൽ നിന്നുകൊണ്ട് സ്ത്രീകൾ അനുഭവിക്കുന്ന കഷ്ടതകൾ ഈ കവയിത്രി ആവിഷ്കരിക്കുന്നു. സർഗഭാവനകളുള്ള കുടുംബിനിയുടെ അവസ്ഥ അടയാളപ്പെടുത്തുന്ന കവിതയാണ് എഴുത്തമ്മ. എഴുത്തമ്മയുടെ നിസ്സഹായത വ്യത്യസ്തമായ ശൈലിയിലാണ് ബിലു ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

'അന്തരം' എന്ന കവിതയിൽ ബുദ്ധിപൂർവ്വം ചിന്തിക്കുന്ന സ്ത്രീ പ്രവർത്തിക്കുന്നതെങ്ങനെയെന്നു കാണിച്ചു തരുന്നു.

*ബുദ്ധിയിലും ഹൃദയത്തിലും*

*ഉണർത്തപ്പെട്ട സ്ത്രീ*

*കാമം കൊണ്ടുണർത്തപ്പെട്ടവളേക്കാൾ*

*അപകടകാരിയാണ്*

*അതുകൊണ്ടാണ്*

*കണ്ണകിയൊരു പുരമെരിച്ചത്*

*മീരക്കും അക്കാദേവിക്കും മുൻപിൽ*

*ആൾകൂട്ടം നിശ്ശബ്ദമായത്*

*(2004:50)*

വേശ്യ ഒരിക്കലും കൊലപാതകികളാകാത്തതും ആൾക്കൂട്ടത്തിന്റെ ആർത്തി മാത്രമായൊടുങ്ങുന്നതും ഇക്കാരണത്താൽ തന്നെയെന്നും കവയിത്രി ഈ കവിതയിലൂടെ പറയുന്നു.

## അടിക്കുറിപ്പുകൾ

1 *രാത്രി മഴയോടു ഞാൻ*
*പറയട്ടെ നിന്റെ*
*ശോകാർദ്രമാം സംഗീത*
*മറിയുന്നൂ ഞാൻ, നിന്റെ*
*കലിപ്പും അമർത്തുന്ന*
*രോഷവും ഇരുട്ടത്തുള്ള*
*വരവും തനിച്ചുള്ള*
*തേങ്ങിക്കരച്ചിലും*
*പുലരിയെത്തുമ്പോൾ*
*മുഖംത്തുടച്ചുള്ള നിൻ*
*ചിരിയും തിടുക്കവും*
*നാട്യവും ഞാനറിയും*
*അറിയുന്നതെന്തു*
*കൊണ്ടെന്നോ ? സഖീ ഞാനു*
*മിതു പോലെ രാത്രി മഴ പോലെ*
*(സുഗതകുമാരി 2006:321)*

2 *അതി വെള്ള പൂശിയ ഭിത്തിനാലും*
*ചുഴലും തുറുങ്കായ് ചിരിച്ചടുക്കേ*
*മരവിച്ച മെയ്യു നടുക്കു തൂങ്ങും*
*ഒരു ചൂടിക്കട്ടിലിൽ ചാഞ്ഞു വീഴ്കേ*
*പിടു മുറുക്കുന്നു*
*കുടഞ്ഞീടുന്നു*
*കഠിനം*
*ഏകാന്തത*
*ഉടനെ പിടിഞ്ഞെഴുന്നേറ്റിടുന്നു*
*പണികൾ പെറുക്കിപ്പൊരുതീടുന്നു*

*വയറിനു ചോറ്, മുറിക്കു ചൂല്*
*കഴുകിയുണക്കാൻ വിഴുപ്പ്കെട്ട്*

*(ദേവി, 1995:25)*

3 *ലക്ഷങ്ങളൊന്നും തരാനില്ലിവിടെയെ*
*ന്നച്ഛനോ കോടീശ്വരനുമല്ല*
*പൊന്നും പണവും കൊതിക്കും പുരുഷൻെറ*
*മിന്നണിയാനെനിക്കില്ല മോഹം*
*അച്ഛനെനിക്കു നേടി തന്ന സമ്പാദ്യം*
*അക്ഷരവിദ്യ അമൂല്യമല്ലോ*
*ഞാനതുകൊണ്ടു ജീവിച്ചുകൊള്ളാം*
*അഭിമാനമയാത്മ സംതൃപ്തിയോടെ*
*അച്ചൻ ക്ഷമിക്കണമീ നാടകത്തിൻെറ*
*ആവർത്തനം നമ്മളെത്ര കണ്ടു*
*ഇനിയിവിടെ വേണ്ട വില പേശൽ*
*ഇതിന്നോടെ നിർത്താം*
*എന്നേക്കുമായി'.*

*( സരസ്വതി പൊന്നറ, 2007:18)*

4 *ഇടക്കെന്റെ തൃഷ്ണകൾ കുതറിച്ചാടുന്നു*

*മുളങ്കാടിൻ പിന്നിൽ കരിമ്പാറയ്ക്കുമേൽ*
*തെളിയും മഞ്ഞയും കറുപ്പും രേഖകൾ*
*അരുവിയിൽ താഴെ പ്രതിബിംബം,എന്തൊ*
*രപൂർവ്വ സുന്ദര ഗംഭീരമെൻ മുഖം!*
*തണുത്ത ചന്ദ്രികയുറഞ്ഞപച്ചില*
*പ്പടർപ്പിൻ കൂടാരം പതുക്കെ, യോമലാൾ*
*ക്ഷണിക്കുന്നു, നേർത്ത മുരൾച്ചകൾ , സാന്ദ്ര-*
*നിമിഷങ്ങൾ, താന്തശയനങ്ങൾ, ഇളം*
*കുരുന്നുകൾ ചാടിക്കളിക്കും മർമ്മരം.*

*(വിജയലക്ഷ്മി 2018-13)*

5 *ഏതെല്ലാമധോലോകങ്ങൾ തൻ*
*പടവുകൾ നീ ചെന്നിറങ്ങിയോ,തീരാ*
*പകയിലൂടേതു പടകുടീരത്തി-*
*ലിരയും തേടി നീയിറങ്ങുമോ, ഏതു*
*വിധവതൻ ഗർഭ ശിശുവേ നിന്നസ്ത്രം*
*പിളർക്കുമോ പിന്നെ സകലവ്യാധിയും*
*വനചര; ശാപസമൃദ്ധിയായ് പാപ*
*വരമായ് നിന്നുടൽ പൊതിയുമൊയെന്തോ*

*(വിജയലക്ഷ്മി,2010:17)*

6 *എന്റെ കുട്ടികൾക്ക്*

*ചിലപ്പോൾ എണ്ണമറ്റ പലഹാരങ്ങൾ നിർമ്മിക്കുന്ന*

*ഒരു യന്ത്രമാണു ഞാൻ*

*ചിലപ്പോൾ കടിക്കാൻ മറന്ന കുരക്കുന്ന പട്ടി*

*ചെറിയവർക്ക്*

*വലിയവന്റെ യജമാനൻമാരാകാമെന്ന്*

*തേനീച്ചയുടെയും ഉറുമ്പിന്റെയും പാലത്തിലൂടെ*

*ഞാനവരെ പഠിപ്പിച്ചിരുന്നു*

*അതിനാൽ എന്റെ കൽപ്പനകളോട്*

*അവർ പ്രതികരിക്കാറില്ല*

*( സാവിത്രി രാജീവൻ 2019:64)*

7 *ഞാൻ ദിവസവും കണ്ണാടി നോക്കുന്നു*

*എന്റെചെറിയ കണ്ണുകൾ*

*പുത്തനായി ഒന്നും പറയുന്നില്ല*

*അതേ ചെറിയ കണ്ണുകൾ*

*അതേ ചെമ്പിച്ച തലമുടി*

*അതേ ചുണ്ടുകൾ*

*അതേ പല്ലുകൾ*

*അതിന്റെ മുഖത്ത്*

*വെറുക്കപ്പെടേണ്ടതായി ഒന്നുമില്ല*

*(സാവിത്രി രാജീവൻ,2009:55)*

8 *ഇളം കാറ്റു വീശുന്നൊരു മൂവന്തിക്ക്*

*ഒരു കള്ളിമുണ്ടും വാരിചുറ്റി*

*കായലോരത്തെ ഉപഷാപ്പിൽ കയറിയിരുന്ന്*

*അവിടുത്തെ ഇടറുന്ന സ്വരങ്ങൾക്കും*

*കുഴയുന്ന ചിരകൾക്കുമിടയ്ക്ക്*

*പതയുന്നൊരു കോപ്പ കള്ളും എരിപൊരിയാൽ*

*പുകയുന്നൊരു തൊടുകറിയും കൂട്ടി*

*പുലയാട്ടു വിളികൾക്ക് മറു തോറ്റം ചൊല്ലി*

*തലയിലെ കെട്ടൊന്നഴിച്ചു കുടഞ്ഞ്*

ഒടുക്കമൊരു സ്വപ്നത്തിൽ ചവിട്ടി
ഇങ്ങെത്തിയാലോ എന്നുമുണ്ട്

(റോസ് മേരി, 1996: 24)

9 പുതിയ മണ്ണിന്റെ ഊഷരതയിലേക്കു
വേരോടിക്കാനാവാതെ
വിളർത്തു തുടങ്ങിയ
പേലവമായൊരു വനലത
അപരിചിതമായൊരാകാശവും
അരോചകമായ ഒരു ഉടൽ മണങ്ങളും
ഭയരഹിതമായ രാവുകളും
അവളെ ഭയചകിതയാക്കി
കെണിയിലകപ്പെട്ട വേട്ട മൃഗത്തിന്റെ
പകച്ചു തളർന്ന മിഴികളോടെ
ചില്ലു ജാലകത്തിനുള്ളിൽപ്പെട്ട
പക്ഷിയുടെ ക്രാന്ത ഹൃദയത്തോടെ
അവളാ അടഞ്ഞ വാതിലുകൾക്കുള്ളിൽ
ഹിതാശയായ് ചുറ്റിത്തിരിഞ്ഞു

(റോസ് മേരി, 2002–42)

27 ഒരു കൃഷ്ണനവളുടെ
ഉടുപുടവയഴിച്ചെടുത്തു
ഒരു കൃഷ്ണനത് ഒളിപ്പിച്ചുവച്ചു
മറ്റൊരു കൃഷ്ണൻ
തണുത്തുവിറയ്ക്കുന്നവളെ
ഉടലുകൊണ്ട് പുതപ്പിച്ചു
വേറൊരു കൃഷ്ണൻ
പ്രണയമാണെന്ന് കാതിൽപ്പറഞ്ഞ്
നഗരചത്വരത്തിൽകിടത്തി
മഞ്ഞിൽ
അവളുടെ തണുത്തു മരവിച്ച ഉടലിൽ

*നിരവധി കൃഷ്ണന്മാർ*

*നൃത്തം ചവിട്ടി*

*(ആശ ലത, 2001:96,97)*

11 *ഒരു പർവ്വതത്തോളം ഭാരം*

*ഹൃദയത്തിലേറ്റിവച്ചു കൊണ്ട്*

*ഒരു പൂവിതളിന്റെ മൃദുലത നടിക്കണം*

ചതിയുടെ മുൾക്കുഴികൾ

ഉള്ളിൽ ഭംഗിയായി മൂടി വച്ച്

സ്നേഹാർദ്രത നടിക്കണം

*കാപട്യത്തിന്റെ ഉളിപ്പല്ലുകൾ*

*ആരും കാണാതെ*

*മറച്ചു വച്ചു കൊണ്ട്*

*നിന്റെ മുന്നിൽ പ്രേമ തരളിതയായി മന്ദഹസിക്കണം*

*ശിരസ്സിൽ*

*വളരുന്ന കൂർത്തകൊമ്പുകളെ*

*പുതുമയുള്ള കേശാലങ്കാരത്താൽ മറച്ച്*

*നിഷ്കളങ്കയായി നിൽക്കണം!*

..............................

..............................

*ദാക്ഷ്യണ്യമില്ലാത്ത ഈ ദൗത്യം*

*ആരുടെ*

*ശിലയെ പിളർക്കുന്ന ശാസനം*

*ഏതുകാലത്തിന്റെ വില്ക്കാനാവാത്ത നിയോഗം?*

*(അമൃത, 2008,36)*

12 *നീ സർവ്വം സഹയെന്നും*

*ത്യാഗിനിയെന്നും*

*വ്യഥകളും ദുരിതങ്ങളും*

*സ്വയം ഏറ്റെടുക്കേണ്ടവളെന്നും*

ഇതിഹാസങ്ങൾ പറയുന്നു

എങ്കിലും

ഓർമ്മകളുടെ ശരശയ്യയിൽ വീണ്

ആത്മപീഡങ്ങളുടെ വേവുകളറിഞ്ഞ്

മെഴുകു തിരിപോലെ ഉരുകിയൊടുങ്ങാൻ

നിനക്കിനി ശിഷ്ടജന്മം

(അമൃത, 2008-45)

13 കാലടികൾ പതിയുമ്പോൾ

വള്ളികൾ പിണയ്ക്കാതെ

മുൾമുന മുറിക്കാതെ

കുപ്പിമുറി തറയുന്ന  രക്തനിലമാകാതെ

കുമിയുന്ന കരിയിലക്കൂട്ടങ്ങൾ

സീൽക്കാര വിഷദംശമേകാതെ

തിരുമുറ്റമിത്രക്കു തെളിവാർന്നതെന്തെന്ന്

പദമാടുവാൻ, ശ്രീ തിരഞ്ഞോരരങ്ങുപോൽ

അഴകാർന്നതെന്തെന്ന്

പടുവേല ചെയ്യും പണിത്തിരിക്കിൽ

ചൂലു പറയാതെ പോകും

മഹത്വമെന്താണെന്ന്

(ഇന്ദിരാഅശോക്, 2013:78)

14 എവിടെ കുഞ്ഞെ നിന്നെ

അമ്മയിന്നോളിപ്പിക്കും

ഉറങ്ങിപ്പോയാൽ സ്വപ്നം

ഇടിവെട്ടുന്നു നെഞ്ചിൽ

ഗുരുനാഥന്മാർ, പിതാമഹർ

നിൻ വലം കൈയ്യിൽ

തുണായായിരിക്കേണ്ട

കനിവിൻ വെളിച്ചങ്ങൾ

സ്വന്തമച്ഛനും, കുഞ്ഞി

ക്കൈയിലെ നിന്നെക്കൊണ്ട

നിന്റെയേട്ടനും, കളി

ക്കൂട്ടരുമെല്ലാപേരും

അന്യരാകുന്നു നിന

ക്കിന്നു, നീ വളർന്നതിൽ

ഖിന്നയായ് ഭയം തിന്നു

പൊരുന്നയ്ക്കിരിപ്പൂ ഞാൻ

(കണിമോൾ 2013-23)

15. ജലജന്മത്തിൽ മൃദുഭാഷണം മറന്നു പോയ്

പെരുകും സംഗീതത്തിൻ ഹരിതം

വിളർത്തു പോയ്

ശവപേടകം പോലെ, നിശ്ചലദേഹം ചുമ

ന്നിരുളിൻ പകർച്ച കണ്ടങ്ങനെ നിലച്ചു പോയ്

കണ്ണു ചിമ്മുമ്പോൾ കണ്ടു

പിന്നിലുണ്ടൊരാളല്ല

ഒന്നിലേറെപ്പേർ

ഒരുവൻകര,യനേകം പേര്

(കണിമോൾ, 2013:21)

16 ഒരു മാതൃകാസതീരത്നത്തിന്റെ

ദിനസരികളിൽ അച്ചട്ടായി ചിലതുണ്ട്

പുലർച്ചെകുളിച്ച്

ക്ഷേത്ര ദർശനം

മുടിക്കെട്ടിൽ തുളസി സമൂലം

തിങ്കളും വെള്ളിയും ഷഷ്ഠിയും

മുട്ടാവ്രതം

മൂർധാവിൽ രക്തസാക്ഷിത്വസ്മാരകം

ഭർതൃപുത്ര ബന്ധുക്കളുടെ

കീർത്തിപ്രചാരണ സേവനം

സതി സാവിത്രി പുണ്യാളത്തി

സീരിയലുകളിൽ ദീർഘദർശനം

(കണിമോൾ, 2013-26)

17 *പിതാ രക്ഷതി*
*തുറന്ന ജയിലിൽ*
*നിതാന്തനിരീക്ഷണത്തിൽ*
*അനിശ്ചിതകാലം*
*ഭർത്താ രക്ഷതി*
*ജീവപര്യന്തം കഠിന തടവ്*
*ക്ലിപ്തം*
*പുത്രോ രക്ഷതി*
*ഇഞ്ചോടിഞ്ച്*
*മരണം വരെ തൂക്കിക്കൊല*
*അവശേഷിക്കുന്നവർക്ക്*
*അന്ത്യകൂദാശ*
*(പരോൾ അനുവദിക്കുന്നതല്ല)*
*(കണിമോൾ, 2010:49)*

18 *അമ്മ വാതിൽക്കൽ കാത്തുനില്പല്ല*
*കൗതുകമാരാഞ്ഞു നില്പല്ല*
*വെറുതെ*
*കണി കണ്ടങ്ങിരിക്കെ*
*നിരത്തിലൊരു കുഴലൂത്തുകാരൻ*
*വിൽക്കുന്നുമില്ല*
*വിലപേശുന്നുമില്ല*
*കുഴലൂതുന്നുവോ? ഇല്ല*
*ഒരു പുഞ്ചിരികടന്നുപോകുന്നു*
*ആരയാൾ ? അമ്മ പരതുന്നു.*
*(ശ്രീദേവി എസ് കർത്ത, 2008:14)*

19 *ജനാലകൾ പുറത്തേക്ക്*
*തുറക്കാനാവുന്നില്ല*
*ജീവിതത്തിനകത്തേക്ക്*
*തുറന്നു നോക്കാനേ*
*ആകുന്നുള്ളു*
*കാഴ്ചകൾ കണ്ടാൽ*
*കണ്ണ് കടം വാങ്ങേണ്ടിയിരിക്കുന്നു*
*അന്യന്റെ കണ്ണിലൂടെ*

*കാണുന്ന കാഴ്ചകൾ*

*ഞാനെങ്ങനെ*

*എന്റേതായി വിവരിക്കും*

*അതുകൊണ്ട് എനിക്കീലോകം*

*അന്യമാണ്.*

*(ശാലിനി ദേവാനന്ദ്, 2014:25)*

20 *എന്നോളം വളർന്ന പെൺമക്കളെ*

*ഞാൻ എന്റെ ഉള്ളം കയ്യിൽ സൂക്ഷിക്കുന്നു*

*അവരെന്നാണോ*

*ഈ ലോകം മനസ്സിലാക്കുക*

*പറയാൻ തുടങ്ങിയാൽ എനിക്ക് ഭ്രാന്താണെന്ന്*

*അവർ പറയാതെ പറയും*

*അമ്മയുടെ സാരിത്തലപ്പിൽ ഉറങ്ങുന്ന*

*മൂന്നു വയസ്സുകാരി മുതൽ*

*തൊണ്ണൂറു വയസ്സായ വന്ദ്യവയോധികർ വരെ*

*പിച്ചിച്ചീന്തുന്ന ലോകത്തെ*

*എനിക്ക് ഭയമാണ്.*

*(ശാലിനി ദേവാനന്ദ് 2014:26)*

21 *കാവുകാക്കും പെരുംനാഗമെന്ന് കവി*

*ഉറ്റമിത്രമെന്ന് കർഷകർ*

*കോർത്തെടുത്താൽ*

*മീൻ പിടിക്കാൻ നന്നെന്ന് കുട്ടികൾ*

*മെലിഞ്ഞ് കവിളൊട്ടുമ്പോൾ*

*ഞാഞ്ഞൂളുപോലെന്ന് മുത്തശ്ശി*

*'എന്തിനെന്നു' ചോദിച്ചാൽ*

*ഞാഞ്ഞൂളും തലപൊക്കുന്നുണ്ടെന്നച്ഛൻ*

*മുറ്റത്തു പുറ്റുകണ്ടാൽ*

*ആശ്രീകരമെന്നമ്മ*

*(റോസി തമ്പി, 2017:69)*

*22 പുകപ്പിള്ളേരെ*

*കേറ്റിവിട്ടിട്ടു വരും വഴി*

*പുറം കടലിൽ ഉണക്കാൻ നിരത്തിയവ*

*ഒന്നും കൂടി ചിക്കി*

*തിരികെ വന്ന്*

*മണലിൽ വിരിച്ച തുളവീണവെയിൽ*

*കുഞ്ഞ് മടക്കുമ്പോൾ*

*പുലർച്ചയ്ക്ക് അടിച്ചു കൂട്ടിയ*

*നിഴൽ ചപ്പുകൾ*

*ചിതറിയതു കണ്ട്*

*നിറുത്താതെ പിറുപിറുക്കും*

*(ആര്യാംബിക,2010–14)*

*23 ഉറങ്ങും മുമ്പ്*

*തലയിണയ്ക്കടിയിൽ*

*കത്തിയുണ്ടെന്നുറപ്പിക്കുന്നവൾ*

*കൈതോലപ്പായിൽ*

*കത്തിയില്ലാത്ത രാത്രിയിൽ*

*അമ്മേ എന്ന്*

*കരഞ്ഞു വിളിക്കാൻ*

*ശബ്ദം പോലുമില്ലാതെ*

*ഒരുതരം ഷോക്കിൽ*

*കൊടും ചൂടിലും*

*തണുത്തു കിടക്കുന്നു.*

*(വിജില ചിറപ്പാട്, 2006:20)*

*24 വെയിലേറ്റാൽ വിയർക്കില്ല*

*കരുവാളിക്കില്ല ദേഹം*

*ഒലിച്ചിറങ്ങില്ല കൺമഷി*

കാറ്റത്ത് ഇളകിയാടില്ല

മുടിയിലെ വാടാമല്ലി

*ശ്വാസഗതി ഉയരാറില്ല*

*കേടുനാറ്റങ്ങളിൽ*

*മൂക്കുപൊത്താറില്ല*
*കുതിക്കുന്ന വാഹനത്തിനു*
*കുറുകെ കുഞ്ഞുങ്ങൾ*
*വഴിതെറ്റി ഓടിയാലും*
*ചോരതെറിപ്പിച്ച്*
*നഗരം ചുവന്നാലും*
*ബഹളങ്ങളിലേക്കിറങ്ങില്ല നീ*
*(വിജില ചിറപ്പാട്, 2009:39)*

25 *ഉറക്കെ അലറാനായുന്ന*
*ചുണ്ടുകളുടെ കുതിപ്പ്*
*സമസ്യയുടെ രണ്ടറ്റം കൂടാത്ത*
*ഇടവേള*
*ഒരു കത്തലിൽ*
*ഒരായിരം തീപൂട്ട്*
*മുള്ളാണിയുടെ തലോടലിൽ*
*വരയുന്ന ഹൃദയഭിത്തി*
*കരിന്തിരി തെളിയിച്ചു*
*നീറ്റുന്ന കണ്ണുകൾ*
*(സഹീറ തങ്ങൾ, 2011:16)*

26 *മുറിപ്പാവാടയ്ക്ക് മുകളിലേക്കരിച്ച*
*കണ്ണുകളിൽ*
*പുറകിൽ, ബട്ടണുകൃത്യം താഴെ*
*വോട്ടു ചെയ്ത ചൂണ്ടാണിവിരലിൽ*
*ഉപ്പൂറ്റികളെ തിരഞ്ഞ*
*ചെരുപ്പടയാളങ്ങളിൽ*
*ടോയ്ലറ്റുകളുടെ ആർട്ട് ഗ്യാലറികളിൽ*
*പിന്നെ*
*വീർത്തു നിന്ന പാന്റിന്റെ*
*മധ്യഭാഗത്ത്*
*(സാഹിറ കുറ്റിപ്പുറം, 2016:30)*

27. കേറിപ്പോടീ പുലയാടിച്ചീ
തിയറ്ററിൽ ഇരുട്ട് കൂടിയപ്പോൾ
അവൻ പരസ്യപ്പെണ്ണിനെ
ആട്ടിയോടിച്ചു.

സിനിമ പുരോഗമിക്കും തോറും
വീര്യം ഉയർന്നു കൊണ്ടിരുന്നു
----------------------------
----------------------------
കയ്യടികൾക്കൊടുവിൽ
ലൈറ്റ് തെളിഞ്ഞപ്പോൾ
വാതിൽ വലിച്ചടച്ച്
കണ്ണട എടുത്ത് വച്ച്
തലതാഴ്ത്തി
ആൾക്കൂട്ടത്തിൽ ഒരാളായി

(സാഹിറ കുറ്റിപ്പുറം, 2016:47)

## ഭാഗം മൂന്ന് : ഉപസംഹാരം

നിഗമനങ്ങൾ അടങ്ങുന്ന ഉപസംഹാരം എന്ന അഞ്ചാം അധ്യായമാണ് മൂന്നാം ഭാഗത്ത്. ഗവേഷണപ്രബന്ധത്തിലൂടെ നടത്തിയ അന്വേഷണത്തിൽ നിന്നെത്തിച്ചേർന്ന കണ്ടെത്തലുകളും നിരീക്ഷണനിർദ്ദേശങ്ങളും ഈ അധ്യായത്തിൽ ക്രോഡീകരിച്ചിരിക്കുന്നു.

# 5 ഉപസംഹാരം

## 5.1 നിരീക്ഷണങ്ങൾ

ഈ പഠനത്തിലെ നിരീക്ഷണങ്ങൾ താഴെ ക്രോഡീകരിക്കുന്നു.

### 5.1.1 സ്ത്രീസാന്നിദ്ധ്യം

മലയാളത്തിലെ സ്ത്രീകവിതകളുടെ വികാസ പരിണാമങ്ങളുടെ ചരിത്രം അന്വേഷിക്കുമ്പോൾ അതിന് ക്രമാനുഗതമായ ഒരു തുടർച്ച കണ്ടെത്താൻ കഴിയില്ല.

**5.1.1.1 സംഘകാലം :** മലയാള ഭാഷയുടെ രൂപീകരണത്തിന് മുൻപ് നിലനിന്നിരുന്ന ദ്രാവിഡ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമായ സംഘകാലത്ത് ധാരാളം കവയി ത്രികളെ കണ്ടെടുക്കാൻ കഴിയുന്നുണ്ട്. ദക്ഷിണേന്ത്യയിൽ പാണ്ഡ്യരാജാക്കൻമാ രുടെ അധ്യക്ഷതയിൽ മധുര കേന്ദ്രമായി പണ്ഡിതരും കവികളും ഉൾപ്പെടുന്ന വിദ ്വൽസഭകൾ പ്രവർത്തിച്ചിരുന്നു. ഈ സഭകൾ നിലവിലിരുന്ന കാലമാണ് സംഘകാലം. രാഷ്ട്രീയപരവും ഭരണപരവുമായ അധികാരപരിധികൾക്കപ്പുറം വ്യാ പിച്ചിരുന്നു സംഘകാലസാഹിത്യം. അതുകൊണ്ടുതന്നെ ഈ സാഹി ത്യകൃതികൾ അന്നത്തെ ജനപദങ്ങളെ ഒന്നിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിരു ന്നു. സംഘംകവികളായി നാല്പത്തിയൊമ്പത് പേരെയാണ് ചരിത്രം രേഖപ്പെടുത്തി യിട്ടുള്ളത്. ഇവരിൽ പലരും കേരളീയരായിരുന്നു. മുപ്പതിൽ കൂടുതൽ കവയിത്രിക ളെ സംഘംകൃതികളിൽ നിന്നു കണ്ടെത്താം.

സംഘകാലസാഹിത്യത്തിൽ കവയിത്രികൾക്ക് പുരുഷന്മാരോടൊപ്പം തന്നെ സ്ഥാനം ലഭിച്ചിരുന്നു. വിദ്യാഭ്യാസവും സാഹിത്യാദികലകളും സ്ത്രീകൾക്ക് നിഷി ദ്ധമായിരുന്നില്ല. സ്ത്രീപുരുഷഭേദമോ ജാതിവർഗ്ഗഭേദമോ ഒന്നും തന്നെ സംഘകാലസാഹിത്യ രംഗത്ത് ഉണ്ടായിരുന്നില്ല. വിരലിലെണ്ണാവുന്ന കുറച്ചുപേരെ മാറ്റിനിർത്തിയാൽ സംഘകാല കവികളിൽപ്പെട്ടവരെല്ലാം പാണർ, വേടർ തുടങ്ങിയ

വിഭാഗത്തിൽപെട്ടവരാണ്. സംഘകാലത്തിനുശേഷം വന്ന മലയാളത്തിലെ കവയിത്രികളിൽ നിന്നു വ്യത്യസ്തമായി ഇക്കാലത്തെ കവയിത്രികളുടെ ഒരു സവർണ്ണസ്ത്രീ പോലുമില്ല എന്നതാണ് വാസ്തവം.

സംഘകാലകവയിത്രികളിൽ പ്രശസ്തരും അപ്രശസ്തരുമുണ്ട്. സ്ഥിരം കവിതയെഴുതുന്നവരും അല്ലാത്തവരുമുണ്ട്. ഒറ്റപ്പാട്ടുമാത്രം രചിച്ച കവയിത്രികളുമുണ്ട്. ഏറ്റവും കൂടുതൽ പാട്ടുകൾ രചിച്ചിരിക്കുന്നത് ഔവ്വയാറാണ്. ഔവ്വയാറെപ്പോലെത്തന്നെ പ്രശസ്തി നേടിയ കവയിത്രിയാണ് കാക്കൈപ്പാടിനിയാർ നച്ചെള്ളെയാർ. അകം, പുറം എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടുള്ള സംഘംകൃതികളിൽ തങ്ങളുടേതായ സംഭാവനകൾ നൽകാൻ ഈ കവയിത്രികൾക്ക് കഴിഞ്ഞിട്ടുണ്ട്.

**5.1.1.2 മലയാള ഭാഷാ രൂപീകരണഘട്ടം:** ക്രിസ്തു വർഷം 8-ാം നൂറ്റാണ്ടിൽ വ്യാപകമായി ബ്രാഹ്മണർ തമിഴകത്തേക്ക്, വിശേഷിച്ച് കേരളത്തിലേക്ക് കടന്ന് വന്നപ്പോൾ അവിടെ എല്ലാ ജീവിതരംഗങ്ങളിലും മൗലികമായ മാറ്റങ്ങൾ ഉണ്ടായിതുടങ്ങി. അതോടെ തമിഴകസംസ്കാരത്തിന് മങ്ങലേൽക്കുകയും ചെയ്തു. സംഘസാഹിത്യത്തിന്റെ പ്രഭാവം നഷ്ടപ്പെട്ടു. തുടർന്ന് തമിഴകസംസ്കാരത്തിൽ നിന്ന് വ്യത്യസ്തമായി കേരളസംസ്കാരം എന്നൊന്ന് ക്രമേണ രൂപം പ്രാപിച്ച് വന്നു. കേരളത്തിനായി പുതിയൊരുഭാഷയും രൂപം കൊണ്ടു. കൊല്ലവർഷാരംഭത്തോടെയാണ് ഇതെല്ലാം ത്വരിതഗതിയിലായത്. മലയാളഭാഷ രൂപം കൊള്ളുന്ന ഈ കാലഘട്ടത്തിലെ സാഹിത്യകൃതികളൊന്നും കണ്ടെടുക്കാനായിട്ടില്ല. അതുകൊണ്ടുതന്നെ അവിടെയുള്ള സ്ത്രീസാന്നിദ്ധ്യം അന്വേഷിക്കുക സാദ്ധ്യവുമല്ല.

**5.1.1.3 മലയാള ഭാഷാ രൂപീകരണത്തിന് ശേഷം:** പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ട് പ്രസ്ഥാനങ്ങളായി വളർന്ന കവിതാസാഹിത്യത്തിൽ അക്കാലത്ത് ഒരു സ്ത്രീനാമവും രേഖപ്പെടുത്തിയതായി കാണുന്നില്ല. മലയാള കവിതാസാഹിത്യത്തിന്റെ വളർച്ചയ്ക്ക് ഈ രണ്ട് പ്രസ്ഥാനങ്ങളും വലിയ പങ്ക് വഹിച്ചിരുന്നു. പാട്ടുപ്രസ്ഥനം ഭക്തിയ്ക്ക് പ്രാധാന്യം കൊടുത്തപ്പോൾ മണിപ്രവാളം ശൃംഗാരപ്രധാനമായിരുന്നു. മണിപ്രവാളത്തിന്റെ കാലഘട്ടത്തിൽ സാഹിത്യരംഗം മുഴുവനായും സ്ത്രീകളെക്കൊണ്ട് നിറയുന്നുണ്ട്. എന്നാൽ അത് എഴുത്തുകാർ എന്ന നിലയിൽ കർതൃപക്ഷത്തല്ല എന്നുമാത്രം. എഴുത്തിനു വിധേയരായ കഥാപാത്രങ്ങളെന്ന നിലയിൽ കർമ്മപക്ഷത്തായിരുന്നു അവിടെ സ്ത്രീകളുടെ സ്ഥാനം. സ്ത്രീസ്വത്വനിർമ്മിതിയെന്ന സങ്കല്പം അവിടെയെങ്ങും കണ്ടെത്താൻ കഴിയില്ല. വിഷയാസക്തരായ പുരുഷൻമാർ അവരുടെ താൽപര്യങ്ങൾക്കും കാഴ്ചകൾക്കും വ്യാപാരങ്ങൾക്കുമെല്ലാം പറ്റുന്ന വിധത്തിൽ നിർമ്മിച്ചു വിട്ട സ്ത്രീരൂപങ്ങളാണ് മണിപ്രവാളത്തിലുടനീളം

കാണാൻ കഴിയുക. 'പുൽകിക്കൊണ്ടാളുറക്കെ പുനരപിമണിവാ നൽകിനാൾ മെല്ലെ മെല്ലെ' എന്ന് ഉത്തമ മണിപ്രവാളത്തിന് ഉദാഹരണമായി ലീലാതിലകകാരൻ ഉദ്ധരിക്കുന്ന ശ്ലോകം വായിക്കുമ്പോൾ സ്ത്രീയുടെ രതിമൂർഛാനുഭവമാണ് വിവരിക്കുന്നത് എന്നാണ് മനസ്സിലാകുന്നതെങ്കിലും സൂക്ഷമമായി വായിച്ചാൽ അത് സ്ത്രീയുടെ അനുഭവമെന്നതിനേക്കാൾ പുരുഷൻ തന്നെ സ്ത്രീയിൽ ആരോപിക്കുന്ന പുരുഷാനുഭവമാണെന്നു കാണാം. പുരുഷൻ അവന്റെ സങ്കല്പങ്ങൾക്കനുസരിച്ചാണ് സ്ത്രീയുടെ അനുഭവങ്ങൾ വർണ്ണിക്കുന്നത്. അത് യഥാർത്ഥ സ്ത്രീഅനുഭവമായിരുന്നില്ല. സ്വന്തം അനുഭവങ്ങൾ വിവരിക്കാൻ ഒരു സ്ത്രീയും മുന്നോട്ട് വന്നതായി കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല.

സമൂഹത്തെയും ജീവിതത്തെയും കുറിച്ച് കുറേക്കൂടി വസ്തുതാപരവും പുരോഗമനപരവുമായ നിലപാട് കൈക്കൊണ്ടിരുന്ന പാട്ടുപ്രസ്ഥാനം പൊതുവെ സ്ത്രീയെ കണ്ടത് വ്യത്യസ്തമായ ഒരു രീതിയിൽത്തന്നെയായിരുന്നു. ഉപഭോഗവസ്തുവെന്നതിൽ നിന്ന് കുറച്ചൊക്കെ വ്യത്യസ്തമായിരുന്നു അവരുടെ സ്ത്രീയെക്കുറിച്ചുള്ള കാഴ്ചപ്പാട്. സമൂഹത്തിൽ ഇടപെടുന്ന  വ്യക്തിയായി സ്ത്രീയെ കാണാൻ അവർ തയ്യാറായിരുന്നു. എന്നിരുന്നാലും പുരുഷാധിപത്യ സമൂഹത്തിന്റെ കാഴ്ചപ്പാടുകളുടെ പരിധിക്കും പ്രവർത്തനങ്ങളുടെ പരിധിക്കും അകത്ത് നിന്നുകൊണ്ട് അതിനുവിധേയമായി പ്രവർത്തിക്കുന്ന സ്ത്രീയെ മാത്രമേ രാമചരിതകാരൻ മുതൽ രാമപുരത്ത് വാര്യർ വരെയുള്ള കവികൾ തങ്ങളുടെ കൃതികളിലൂടെയും അവതരിപ്പിക്കുന്നുള്ളൂ. പാട്ടുപ്രസ്ഥാനത്തിലും കവികളിലെ സ്ത്രീ പ്രാതിനിധ്യം കണ്ടെത്താനാവുന്നില്ല. അവിടെയും മണിപ്രവാളപ്രസ്ഥാനത്തിലെന്നപോലെ സ്ത്രീകൾ കർതൃസ്ഥാനത്തേക്ക് കടന്നുവരുന്നില്ല. അക്കാലത്ത് ഒരു സ്ത്രീകവിപോലും ചരിത്രത്തിൽ രേഖപ്പെടുന്നില്ല.  സ്ത്രീകൾക്ക് അക്കാലത്ത് വിദ്യാഭ്യാസത്തിനോ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കോ അവസരമുണ്ടായിരുന്നില്ല എന്നൂഹിക്കാം. അന്നത്തെ സാഹചര്യം അതിന് അനുകൂലമായിരുന്നില്ല. ബ്രാഹ്മണവത്ക്കരണവും സംസ്കൃത പ്രഭാവവും സ്ത്രീകളെ കവിതയെഴുത്തിൽ പിന്നോക്കമാക്കി എന്നുവേണം കരുതാൻ. അതുകൊണ്ട് തന്നെ അക്കാലത്ത് കവിതാ രംഗത്ത് സ്ത്രീകൾ ഒന്നും തന്നെ കടന്ന് വന്നതായി കാണുന്നില്ല.

**5.1.1.4 നവോത്ഥാനം, ആധുനികത:** സംഘകാലത്തിനുശേഷം വീണ്ടും സ്ത്രീകൾ രചനാരംഗത്ത് അടയാളപ്പെടാൻ ഏതാണ്ട് പത്തൊമ്പതാം നൂറ്റാണ്ട് വരെ കാത്തിരിക്കേണ്ടി വന്നു. പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിലായി കേരളത്തിലുണ്ടായ

നവോത്ഥാന പ്രവർത്തനങ്ങൾ സ്ത്രീകൾക്ക് വിദ്യാഭ്യാസം നേടുന്നതിന് അവസര മൊരുക്കി. അച്ചടിയുടെ കണ്ടുപിടുത്തവും പാശ്ചാത്യമിഷനറിമാരുടെ പ്രവർത്തന ങ്ങളും ബ്രിട്ടീഷ് ആധിപത്യത്തോടെ സാർവ്വത്രികമായ ഇംഗ്ലീഷ് വിദ്യാഭ്യാസവും നവോത്ഥാന ദർശനങ്ങളും കേരളത്തിന്റെ പ്രത്യയശാസ്ത്ര മണ്ഡലത്തെയും പൊതുജീവിതത്തെയും മാറ്റിമറിച്ചു. പുതിയൊരു ലോകവീക്ഷണവും സ്ത്രീപു രുഷബന്ധങ്ങളെ സംബന്ധിച്ച നവീനാദർശങ്ങളും മൂല്യവ്യവസ്ഥകളും പുതിയ ദർശ നങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ കടന്നുവന്നു. നിലവിലിരുന്ന മരുമക്കത്തായ സമ്പ്രദായം മാതൃദായക്രമമെന്നാണ് വിശേഷിപ്പിക്കുന്നതെങ്കിൽ യഥാർത്ഥത്തിൽ അവിടെ സ്ത്രീക്ക് പ്രത്യേക സ്ഥാനമോ അധികാരമോ ഉണ്ടായിരുന്നില്ല. അധികാരം കൈയാളുന്നതിൽ സ്ത്രീയെ ഇടനിലക്കാരിയാക്കുകയും കാരണവരെന്ന പുരുഷൻ എല്ലാ അധികാരങ്ങളും കൈയ്യടക്കുകയുമാണ് മരുമക്കത്തായസമ്പ്രദായത്തിൽ നടന്നുവന്നിരുന്നത്. നമ്പൂതിരിയില്ലങ്ങളിൽ മക്കത്തായസമ്പ്രദായമാണ് നിലനി ന്നിരുന്നതെങ്കിലും അവിടെ തറവാട്ടധികാരിയായ പുരുഷനൊഴികെയുള്ള പുരുഷ ന്മാരും സ്ത്രീകളും അടിച്ചമർത്തലിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നവരായിരുന്നു. ബ്രിട്ടീഷ് അധിനിവേശം ഇത്തരം സമ്പ്രദായങ്ങൾ മാറ്റി മറിക്കാൻ കാരണമായി. ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിൽ കൂട്ടുകുടുംബ വ്യവസ്ഥയ്ക്ക് ശൈഥില്യം വന്നുചേരാൻ തുടങ്ങിയതോടെ അധികാരത്തിന്റെയും അവകാശബോധത്തിന്റെയും തിരിച്ചറിവുകൾ ജനങ്ങളിൽ വളരാൻ തുടങ്ങി. അതിന്റെ പ്രതികരണം പലവിധത്തി ലുള്ളതായിരുന്നു. ആ പ്രതികരണങ്ങളിലൊന്നാണ് കാവ്യരചനാരംഗത്തിലേക്കുള്ള സ്ത്രീകളുടെ കടന്നുവരവ്. വീട്ടിനുള്ളിൽ വച്ചുതന്നെ വിദ്യാഭ്യാസം നേടാൻ കഴി ഞ്ഞിരുന്ന അക്കാലത്തെ രാജകുടുംബങ്ങളിലേയും പ്രഭുകുടുംബങ്ങളിലേയും സ്ത്രീകളുടെ രചനകളാണ് ആദ്യകാലസ്ത്രീകവിതകൾ. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടങ്ങളിൽ മനോരമത്തമ്പുരാട്ടിയും പത്തൊമ്പതാം നൂറ്റാണ്ടിൽ കല്യാണി ക്കുട്ടിയമ്മച്ചി, കെ.എം.കുഞ്ഞിലക്ഷമിക്കെട്ടിലമ്മ, കുട്ടിക്കുഞ്ഞുതങ്കച്ചി, തോട്ടയ്ക്കാട്ട് ഇക്കാവമ്മ തുടങ്ങിയവരും കവിതാരംഗത്ത് സ്ത്രീ സാന്നിധ്യമറിയിച്ച് കടന്നുവന്നവ രാണ്. ഇവരാരും തന്നെ വിഷയസ്വീകരണത്തിലോ ആവിഷ്കാരസമീപനങ്ങളിലോ സ്ത്രീത്വത്തിന്റേതായ മുദ്രകൾ കാവ്യരംഗത്ത് ശ്രദ്ധേയമായി പതിപ്പിച്ചിട്ടില്ല.

സാർവ്വത്രിക വിദ്യാഭ്യാസവും സാമൂഹിക - രാഷ്ട്രീയ പ്രവർത്തനങ്ങളിലെ പങ്കാളിത്തവും സ്ത്രീകളുടെ ആത്മാവിഷ്കാര സാദ്ധ്യതകളെ വിപുലപ്പെടുത്തുക യായിരുന്നു. സാമൂഹികമായ ഏത് കാര്യത്തെക്കുറിച്ചുമുള്ള ചർച്ചകൾ സ്ത്രീകൾക്കി ടയിൽ സാദ്ധ്യമായിത്തുടങ്ങിയ കാലമായിരുന്നു അത്. വിദ്യാഭ്യാസം, വിവാഹം,

ഉദ്യോഗം, വസ്ത്രധാരണം, ബാല്യവിവാഹം, സ്ത്രീപുരുഷബന്ധം, പിൻതുടർച്ചാവകാശം എന്നിങ്ങനെ എല്ലാറ്റിനേയും കുറിച്ചുള്ള സംവാദങ്ങൾ സ്ത്രീകൾക്കിടയിൽ ധാരാളമായി നടന്നു എന്ന് ഗീത രേഖപ്പെടുത്തിയിരിക്കുന്നു. (2014:44) അതിന് ആദ്യകാല മാസികകളാണ് വേദിയൊരുക്കിയത്. സ്ത്രീകൾക്ക് വേണ്ടി കേരളീയ സുഗുണബോധിനി, ശാരദ, ലക്ഷമീബായി, മഹിള, സ്ത്രീ തുടങ്ങിയ ധാരാളം മാസികകൾ പ്രസിദ്ധീകരിക്കപ്പെട്ടു. ധാരാളം കവിതകളും കവയിത്രികളും ഈ മാസികകളിലൂടെ ഉയർന്നു വന്നിരുന്നു. വിഷയസ്വീകരണത്തിലും ആഖ്യാനശൈലിയിലുമെല്ലാം വ്യത്യസ്തത പുലർത്തിയിരുന്നു ആ കവിതകൾ. സ്ത്രീകൾക്കുവേണ്ടിയുള്ള മാസികകൾ കൂടാതെ അന്നത്തെ പ്രധാനപ്പെട്ട കവിതാമാസികകളായ കവനകൗമുദി, കവനമഞ്ജരി, കവനകൗതുകം തുടങ്ങിയ മാസികകളിലെല്ലാം ധാരാളം സ്ത്രീകൾ കവിതകൾ എഴുതിയിരുന്നു. കൂടുതലും സ്ത്രീകൾ സാഹിത്യരംഗത്തേക്ക് കടന്നുവന്നിരുന്നത് കവിതകൾ രചിച്ച് കൊണ്ടായിരുന്നു. പെരിഞ്ചേരി, ഇക്കാവമ്മ, കെ.പി.കുഞ്ഞിലക്ഷമി, കെ.മാധവിയമ്മ, വി.പി.ഓമനയമ്മ തുടങ്ങിയ ധാരാളം കവയിത്രികളെ ആദ്യകാലമാസികകളിൽ കണ്ടെത്താൻ കഴിയും.

ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും സ്ത്രിക്ക് പറയാൻ തന്റേതായ ഒട്ടേറെ അനുഭവ മണ്ഡലങ്ങൾ ഉണ്ടെന്ന് കവയിത്രികൾ തിരിച്ചറിഞ്ഞ് തുടങ്ങി. കല്പന, ഭാഷ ഇവയിലെല്ലാം പുരുഷാധിപത്യപരമായ നിലപാടുകൾ യാതൊരു എതിർപ്പുമില്ലാതെ അംഗീകരിച്ചുകൊണ്ട് മുന്നോട്ട് പോവുകയാണ് ചെയ്തിരുന്നതെങ്കിലും സ്ത്രീയുടേതായ അനുഭവമേഖലകൾ കവിതയിൽ ആവിഷ്കരിക്കാൻ തയ്യാറായ ഒട്ടേറെപ്പേർ ഈ കാലഘട്ടത്തിൽ ഇവിടെ ഉണ്ടായി. മുതുകുളം പാർവ്വതിയമ്മ, കടത്തനാട്ട് മാധവിയമ്മ, സിസ്റ്റർ മേരി ബനീഞ്ഞ, മേരി ജോൺ കൂത്താട്ടുകുളം, ബാലാമണിയമ്മ, ലളിതാംബികാ അന്തർജ്ജനം, സുഗതകുമാരി ഇവരെല്ലാം ഈ കാലഘട്ടത്തിന്റെ പ്രതിനിധികളാണ്.

**5.1.1.5 ആധുനികാനന്തരഘട്ടം :** സ്ത്രീകവികളുടെ നിറസാന്നിദ്ധ്യമാണ് ആധുനികാനന്തര മലയാളകവിതയിൽ കാണുന്നത്. അച്ചടി പ്രസിദ്ധീകരണങ്ങളിലൂടെ മാത്രമല്ല വെബ് മാഗസിനുകളിലൂടെയും ബ്ലോഗുകളിലൂടെയും ഫെയ്സ്ബുക്കിലൂടെയുമൊക്കെ ധാരാളം സ്ത്രീകവികൾ ഇന്ന് രംഗത്ത് വന്ന് കൊണ്ടിരിക്കുന്നു. വർത്തമാനകാലത്തിന്റെ സൂക്ഷ്മചലനങ്ങളെ അവർ കവിതയിൽ അടയാളപ്പെടുത്തുന്നു. വിജയലക്ഷ്മി, സാവിത്രി രാജീവൻ, വി.എം.ഗിരിജ എന്നീ കവയിത്രികളിലൂടെ തുടങ്ങി ബിന്ദുകൃഷ്ണൻ, വിജില ചിറപ്പാട്, ഗിരിജ.പി.പാതേക്കര എന്നിങ്ങനെ ആ നിര നീണ്ടുപോകുന്നു.

## 5.1.2 പ്രമേയസ്വീകരണം

ഓരോ കാലഘട്ടത്തിലെയും പ്രമേയ സ്വികരണങ്ങളിൽ സ്ത്രീകവിതകൾ വ്യത്യസ്തത പുലർത്തുന്നുണ്ട്. അത് മലയാളത്തിലെ സ്ത്രീകവിതകളുടെ വികാസപരിണാമങ്ങളെ സ്വാധീനിച്ചിട്ടുണ്ട്.

**5.1.2.1 സംഘകാലം:** നിലവിലിരുന്ന പാട്ടുരീതികൾക്കനുസരിച്ച് പാട്ടുകൾ രചിച്ചിരുന്ന സംഘകാലകവയിത്രികൾ പ്രണയവും വിരഹവുമാണ് കൂടുതലും പ്രമേയമായി സ്വീകരിച്ചിരിക്കുന്നത്. അനുയോജ്യമായ ഉപമകളിൽകൂടി അവർ ഇത്തരം പ്രണയങ്ങളെ മനസ്സിൽ തട്ടും വിധം അവതരിപ്പിക്കുന്നു. വിരഹത്തെയും പ്രണയത്തേയും ഉപമിക്കാൻ പ്രകൃതിയിലെ ഓരോ വസ്തുക്കളും അവർ ഉപയോഗിച്ചിരുന്നു.

അകം കവിതകളാണ് കൂടുതലും കവയിത്രികൾ എഴുതിയിട്ടുള്ളത്. എന്നാൽ പതിവുരീതിയിൽ നിന്നും വ്യത്യസ്തമായി സാമൂഹികാചാരങ്ങൾ എടുത്തുകാട്ടുന്ന രചനകളും സംഘകാലകവയിത്രികൾ എഴുതിയിട്ടുണ്ട്. സതീസമ്പ്രദായത്തെക്കുറിച്ചും വിധവകളുടെ ജീവിതത്തെക്കുറിച്ചും നിലവിലിരുന്ന വിവാഹരീതികളെക്കുറിച്ചുമൊക്കെ പരാമർശിക്കുന്ന പാട്ടുകൾ ഇക്കൂട്ടത്തിലുണ്ട്. പൂതപ്പാണ്ടിയൻതേവി പെരുംകോപ്പെണ്ടിന്റെയും നെടും പല്ലിയത്തൈനാറിന്റെയും കവിതകൾ ഇതിനുദാഹരണങ്ങളാണ്.

ആശയപരമായി സംഘകാലകവയിത്രികളുടെ കവിതകളിലെല്ലാം വ്യത്യസ്തതയൊന്നും കണ്ടെത്താൻ കഴിയുന്നില്ലെങ്കിലും ഭാഷയിലും സാഹിത്യ ഭംഗിയിലും അവയോരോന്നും വ്യത്യസ്തത പുലർത്തുന്നുണ്ട്. പ്രകൃതിയെ സൂക്ഷ്മമായി വീക്ഷിക്കുന്നതിലൂടെ പ്രകൃതിയിൽ നിന്നു തന്നെ ഉപമകളും മറ്റും പ്രയോഗിക്കുന്നതിൽ ഇവർ മിടക്കു കാട്ടുന്നുണ്ട്. വളരെ അനായാസമായും അകൃത്രിമമായുമാണ് ഇവരുടെ അലങ്കാര പ്രയോഗങ്ങൾ. സ്വഭാവോക്തി, വാസ്തവോക്തി, പ്രതിവസ്തുപമ, അപ്രസ്തുത പ്രശംസ, ഉദാത്തം തുടങ്ങിയ അലങ്കാരങ്ങൾ കവിതകളിൽ അങ്ങിങ്ങ് കാണാനുണ്ടെങ്കിലും സാർവ്വത്രികമായി കാണുന്നത് ഉപാമാലങ്കാരം തന്നെയാണ്. ഉപമാപ്രയോഗത്തിൽ എല്ലാ കവയിത്രികളും തങ്ങളുടെ കഴിവ് തെളിയിച്ചിട്ടുണ്ട്.

വെറിപാടിയ കാമക്കണ്ണിയാർ യുദ്ധക്കളത്തിലേക്ക് എടുത്തു ചാടുന്ന കുതിരയെ ഉപമിച്ചിരിക്കുന്നത് വളച്ചുവിട്ട മുളപോലെ എന്നാണ്. യുദ്ധരംഗത്ത് കുതിര

നേരെ പായുകമാത്രമല്ല ചെയ്യുന്നത് നേരെയും വശങ്ങളിലേക്കും മാറിയും മറിഞ്ഞും ചാടുന്നു. വളച്ചുവിട്ട മുള ഉയരത്തിലേക്ക് പോകുന്നത് പോലെ ചുറ്റിക്കൊണ്ടുമിരിക്കും. ഈ ഉപമ തികച്ചും ആ സന്ദർഭത്തോട് യോജിക്കുന്നുണ്ട്.

അതിയാൻ നെടുമാൻ അഞ്ചിയെ തീക്കടക്കോലിനോടുപമിക്കുന്നത് ഔവ്വയാറിന്റെ പാട്ടിൽ കാണാം. തീക്കടക്കോൽ എന്നത് എവിടെയും ഏതു സമയത്തും തീയുണ്ടാക്കുന്നതാണ്. എന്നാൽ ആവശ്യം വരുമ്പോൾ മാത്രമേ അത് ഉപയോഗപ്പെടുത്താറുള്ളൂ. കത്തിജ്ജ്വലിക്കുന്ന പ്രഭാവാനായ അഞ്ചി ശാന്തനുമാണെന്നത് പറയാനാണ് കവയിത്രി ഈ ഉപമ പ്രയോഗിച്ചിരിക്കുന്നത്. അകം കവിതകളിലും ഇതുപോലെ അനുയോജ്യമായ ഉപമകൾ ധാരാളം കാണാൻ കഴിയുന്നുണ്ട്.

നന്മുല്ലെയാർ പരസ്ത്രീ ബന്ധമുള്ള ഭർത്താവിനെ പോത്തിനോടാണ് ഉപമിക്കുന്നത്. കെട്ടിയിട്ട സ്ഥലം മലിനമാക്കി (അസ്വസ്ഥത സൃഷ്ടിച്ച്) കൂർത്തമുള്ളുകളുള്ള വേലി (ഗൃഹസ്താശ്രമം) കൊമ്പുകടത്തി പൊളിച്ച് കെട്ടിയിട്ട കയറു പൊട്ടിച്ച് (ഭാര്യസ്നേഹം മാറ്റിവച്ച്) മത്സ്യങ്ങൾ പേടിക്കുമാറ് താമരക്കുളത്തിനു ചുറ്റുമുള്ള വള്ളികളെ അലങ്കോലപ്പെടുത്തി (വേശ്യയുടെ കാവൽക്കാരികളെ പറഞ്ഞയിച്ചിട്ട്) അകത്തു വണ്ടിനെ സൂക്ഷിക്കുന്ന താമരയെ (മറ്റൊരുത്തനെ അകത്ത് പ്രതിഷ്ഠിച്ചിട്ടുള്ള അതായത് സ്നേഹം മറ്റൊരാൾക്ക് നൽകിയിരിക്കുന്ന) തിന്നുന്ന പോത്താണവൻ. പരസ്ത്രീ തൽപ്പരനായ പുരഷൻമാരെ നിശിതമാക്കി വിമർശിക്കുകയാണ് നൻമുല്ലെയാർ ഈ അലങ്കാരപ്രയോഗത്തിലൂടെ ചെയ്തിരിക്കുന്നത്

**5.1.2.2** സാഹിത്യചരിത്രത്തിൽ ഇടം നേടിയിട്ടുള്ള ആദ്യകാല സ്ത്രീകവികൾ ആരും തന്നെ പ്രമേയ സ്വീകരണത്തിലോ ആവിഷ്കാരസമീപനങ്ങളിലോ സ്ത്രീത്വത്തിന്റേതായ മുദ്രകൾ കാവ്യരംഗത്ത് ശ്രദ്ധേയമായി പതിപ്പിച്ചു എന്നു പറയാൻ കഴിയില്ല. പുരാണകഥകൾ പ്രമേയമായി സ്വീകരിച്ച് സ്തോത്രങ്ങളോ കൈകൊട്ടിക്കളിപ്പാട്ടുകളോ ആട്ടക്കഥകളോ ഓട്ടൻതുള്ളലോ കിളിപ്പാട്ടുകളോ അവർ രചിച്ചു. കൂടാതെ സംസ്കൃതത്തിൽ നിന്നും കൃതികൾ വിവർത്തനം ചെയ്തു. പറഞ്ഞു പഴകിയ കഥകൾ പഴയ മട്ടിൽത്തന്നെ പുരുഷൻമാർ നിർമ്മിച്ചുവച്ചിട്ടുള്ള സന്ധി സ്ഥാനങ്ങളും കാഴ്ചപ്പാടുകളുമെല്ലാമൊപ്പിച്ച് കൊണ്ട് പാടിപ്പോകാനാണ് ആദ്യകാല സ്ത്രീകവികളെല്ലാം ശ്രമിച്ചിട്ടുള്ളത്.

**5.1.2.3 നവോത്ഥാനം, ആധുനികത:** മാസികകളിലെ സ്ത്രീകവിതകളിൽ വ്യത്യസ്ത പ്രമേയങ്ങൾ സ്വീകരിച്ച് കാണുന്നു. വിഷയസ്വീകരണത്തിലും ആഖ്യാന

ശൈലിയിലുമെല്ലാം വളരെയധികം മികവ് പുലർത്തിയിരുന്ന കവിതകൾ തന്നെയായിരുന്നു അവയെല്ലാം. വിയോഗവ്യഥ, ചുറ്റും കാണുന്ന കാഴ്ചകൾ, തീക്ഷ്ണമായ അനുഭവങ്ങൾ, സ്വാതന്ത്ര്യസ്വപ്നങ്ങൾ, മാതൃത്വം തുടങ്ങി എല്ലാ മേഖലകളിലുള്ള വിഷയങ്ങളും അവർ കവിതയിൽ സ്വീകരിച്ചിരുന്നു. സ്ത്രീപ്രശ്നങ്ങളെ വിവരിക്കുന്ന കവിതകളും അക്കാലത്ത് ധാരാളമായി രചിക്കപ്പെട്ടിരുന്നു. തോട്ടയ്ക്കാട്ട് ഗൗരിക്കുട്ടിലമ്മ കവനകൗമുദിയിൽ പ്രസിദ്ധീകരിച്ച 'കള്ളുകുടിയന്മാരോട്' എന്ന കവിതയിൽ അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന മദ്യപാനവും അതിന്റെ ദൂഷ്യഫലങ്ങളും ചൂണ്ടിക്കാണിക്കുന്നു. കവനമഞ്ജരിയിൽ കരിങ്ങമണ്ണെ കല്യാണിക്കുട്ടി പ്രസിദ്ധീകരിച്ച 'അനദ്ധ്യായദിനം' എന്ന കവിത കുടുംബത്തിൽ സ്ത്രീകളുടെ സ്ഥാനവും അവളെ അടുക്കളയിൽ തളച്ചിടുന്ന പുരുഷാധിപത്യത്തിന്റെ നിയമങ്ങളും ചിത്രീകരിച്ചിരിക്കുന്നു.

പിന്നീട് മാസികകളിലൂടെ കവിതകൾ രചിച്ചിരുന്ന മുതുകുളം പാർവ്വതിയമ്മയെപോലുള്ളവരുടെ കൃതികൾ പുസ്തകങ്ങളായി പ്രസിദ്ധീകരിച്ച് തുടങ്ങി. കടത്തനാട്ട് മാധവിയമ്മ, ബാലാമണിയമ്മ എന്നിവരെല്ലാം ഈ ഘട്ടത്തിൽ കവിതാരംഗത്തേക്ക് കടന്നുവന്നു. കുടുംബബന്ധങ്ങളും മാതൃതവും പ്രണയവുമെല്ലാം കടന്നുവരുന്ന കവിതകളാണ് കടത്തനാട്ട് മാധവിയമ്മയുടെയും ബാലാമണിയമ്മയുടേയുമൊക്കെ രചനകളിൽ കടന്നുവരുന്നത്. ബാലാമണിയമ്മയുടെ കവിതകളിൽ മാതൃത്വത്തിന്റെ എല്ലാ ഭാവങ്ങളും ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. കേരളീയ ക്രിസ്ത്യാനികളുടെ ക്രിസ്തീയ പ്രമേയങ്ങളും അനുഭവങ്ങളും കവിതയിൽ സ്വീകരിച്ച ആദ്യ സ്ത്രീ കവിയാണ് സിസ്റ്റർ മേരി ബനീഞ്ഞ. ലോകമേ യാത്ര, ആത്മാവിന്റെ സ്നേഹഗീതം തുടങ്ങിയ കവിതകളിലൂടെയെല്ലാം ആത്മീയ ജീവിതത്തിന്റെ ആവിഷ്കരണങ്ങളാണ് കാണുന്നത്. നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ ദുരിതങ്ങൾ ലളിതാംബിക അന്തർജ്ജനം തന്റെ കവിതയുടെ ശക്തമായ പ്രമേയങ്ങളാക്കുന്നു. മുഹൂർത്തം തെറ്റില്ല, ഭ്രഷ്ട് തുടങ്ങിയ കവിതകളിലെല്ലാം നമ്പൂതിരി സ്ത്രീകളുടെ ജീവിതാനുഭവങ്ങൾ കടന്നുവരുന്നു.

അഞ്ചുപതിറ്റാണ്ടിലേറെക്കാലമായി ഭാവുകത്വപരമായും പ്രമേയസ്വീകരണപരമായും ഒട്ടേറെ പരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന കവിതകളാണ് സുഗതകുമാരിയുടേത്. പ്രകൃതിയും, പ്രണയവും, സാമൂഹികജീവിതവുമെല്ലാം സുഗതകുമാരിക്കവിതകളിൽ പ്രമേയമാകുന്നു. 'കൃഷ്ണ നീയെന്നെയറിയില്ല', 'രാധയെവിടെ' തുടങ്ങിയ കവിതകളിലൂടെ രാധാമാധവപ്രണയസങ്കല്പം സുഗതകുമാരി

പുനരാഖ്യാനം ചെയ്യുന്നു. സൈലന്റ് വാലി, തെംസ് നദിയോട് തുടങ്ങിയ കവിതക ളിൽ പ്രകൃതി ചൂഷണം പ്രമേയമാകുന്നു. ജെസ്സി, സ്ത്രീപർവ്വം, പെൺകുഞ്ഞ് തുട ങ്ങിയ കവിതകൾ സ്ത്രീജീവിതങ്ങളുടെ വ്യത്യസ്ത ആവിഷ്കരണങ്ങളാണ്.

**5.1.2.4 ആധുനികാനന്തരഘട്ടം:** രൂപപരമായും ഘടനാപരമായും പ്രമേയപരമായും ഒന്നിനൊന്ന് മാറിവരുന്ന പരീക്ഷണങ്ങളാണ് ആധുനികാനന്തര സ്ത്രീകവിതയിൽ കാണുന്നത്. പ്രകൃതിയും സ്ത്രീയും ദളിതരും മാത്രമല്ല കവിതയ്ക്കിന്നു വിഷയമാ കുന്നത്. സ്വപ്നവും, പ്രണയവും, പ്രതിഷേധവും, കാമവും, നിസ്സഹായതയും ആകാംക്ഷയും വിഹ്വലതയും മോഹഭംഗങ്ങളും അടുക്കളയും അരങ്ങും കിടപ്പറയും തുടങ്ങി അനുനിമിഷാനുഭവങ്ങൾവരെ പുതിയ സ്ത്രീകവിതയിൽ പ്രമേയങ്ങളാകു ന്നു.

വിജയലക്ഷ്മി, സാവിത്രി രാജീവൻ, വി.എംഗിരിജ, റോസ്മേരി തുട ങ്ങിയവരുടെ കവിതകളിൽ സ്ത്രീകൾ അനുഭവിക്കുന്ന അടിച്ചമർത്തലുകളും അടിമ ത്വവുമൊക്കെയാണ് പ്രമേയങ്ങളായി സ്വീകരിച്ചിരിക്കുന്നത്. വിജയലക്ഷ്മിയുടെ മൃഗശിക്ഷകനിൽ അടിമയാക്കപ്പെടുന്ന പെണ്ണിന്റെ വികാരവിചാരങ്ങളാണ് ആവിഷ്കരിക്കുന്നത്. തച്ചന്റെ മകളിൽ ഈ അടിമത്വത്തിൽ നിന്ന് രക്ഷനേടാൻ ആഗ്രഹിക്കുന്ന പെണ്ണിനെയാണ് കാണിച്ചുതരുന്നത്.

വിജില ചിറപ്പാടിന്റെയും സതി അങ്കമാലിയുടെയും കവിതകളിൽ ദളിത് സ്ത്രീകളുടെ ജീവിതാനുഭവങ്ങളാണ് കടന്നുവരുന്നത്. ലോപ, കണിമോൾ തുട ങ്ങിയ സമകാലീന എഴുത്തുകാരികളുടെയെല്ലാം കവിതകളിൽ നിറഞ്ഞു നിൽക്കുന്ന പ്രമേയങ്ങൾ പ്രധാനമായും തങ്ങൾ അനുഭവിക്കുന്ന ജീവിതം തന്നെയാണ്.

### 5.1.3 സ്ത്രീകർതൃത്വനിർമ്മിതി

സ്വന്തം സ്വത്വവും അതിന്റെ പ്രതിസന്ധികളും തിരിച്ചറിഞ്ഞുകൊണ്ട് അത് കവിതയിലാവിഷ്കരിച്ചാണ് സ്വന്തം കർതൃത്വനിർമ്മിതി കവയിത്രികൾ സ്ഥാപിച്ചെടു ക്കുന്നത്.

**5.1.3.1 സംഘകാലം :** തങ്ങൾ വ്യാപരിക്കുന്ന സാംസ്കാരിക മേഖലയിൽ സ്ത്രീ സ്വത്വവും അതിന്റെ പ്രസക്തിയും ഇന്നത്തെ അർത്ഥത്തിലല്ലെങ്കിലും സ്ഥാപിച്ചെടു ക്കുന്നതിൽ തനതായ സംഭാവനകൾ നൽകാൻ ഒരു പരിധിവരെയെങ്കിലും സംഘകാല കവയിത്രികൾക്ക് കഴിഞ്ഞിട്ടുണ്ട്.

സംഘകാലത്ത് സ്ത്രീകൾക്ക് സമത്വവും സ്വാതന്ത്ര്യവുമൊക്കെയുണ്ടായിരുന്നുവെങ്കിലും അവളെ ഒരു ഭോഗവസ്തുവായി കാണുന്ന പുരുഷന്റെ കാഴ്പ്പാട് അന്നും നില നിന്നിരുന്നുവെന്ന് ഈ കവിതകളിൽ നിന്നെല്ലാം വ്യക്തമാകുന്നുണ്ട്. അവസരം കിട്ടിയാൽ പരസ്ത്രീ ബന്ധത്തിന് പുറപ്പെടുന്ന ആണുങ്ങളെ കുറുന്തൊകൈയിലെയും അകനാനൂറിലെയും കവിതകളിൽ ധാരാളമായി കാണാം. വേശ്യവൃത്തിയും സർവ്വ സാധാരണമായിരുന്നു. എങ്കിലും സ്ത്രീകളുടെ ചാരിത്ര്യത്തിനു വളരെയധികം പ്രാധാന്യവും അവർ കൽപ്പിച്ചിരുന്നു. ചേര രാജക്കാന്മാരെ പ്രകീർത്തിക്കുന്ന കവികളെല്ലാം അവരുടെ ചാരിത്ര്യവതികളായ ഭാര്യമാരെപ്പറ്റി പരാമർശിക്കുന്നുണ്ട്. സ്വകാര്യസ്വത്തിന്റെ ഉത്ഭവത്തോടെയാണ് സ്ത്രീകളുടെ ചാരിത്ര്യ ശുദ്ധിയിൽ പുരുഷന്മാർ ശ്രദ്ധിക്കാൻ തുടങ്ങിയത്. തന്റെ സ്വത്തിന്റെ അവകാശി തനിക്കു ജനിച്ച പുത്രൻ തന്നെയായിരിക്കണമെന്ന് പുരുഷന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവർ സ്ത്രീകളുടെ പാതിവ്രത്യത്തിന് പ്രാധാന്യം നൽകിയിരുന്നു. എന്നാൽ പരുഷന്റെ സുഖലോലുപത്വം അവനെ ബഹുഭാര്യാത്വത്തിലേക്കും പരസ്ത്രീഗമനത്തിലേക്കും നയിച്ചു. തന്റെ ഇത്തരം നടപടികളിൽ ഭാര്യക്കു പരിഭവം ഉണ്ടാകാതിരിക്കാനുള്ള നിയമങ്ങളും അന്നത്തെ പുരുഷാധിപത്യം ഉണ്ടാക്കി വച്ചിരുന്നു.

സതീസമ്പ്രദായവും വിധവകൾ അനുഷ്ഠിക്കേണ്ട ആചാരങ്ങളുമെല്ലാം അന്നത്തെ സ്ത്രീകളുടെ സ്വതന്ത്ര്യത്തെ ഇല്ലാതാക്കുന്ന വിധത്തിൽ നിലനിന്നുവരുന്നവയാണ്. ഭർത്താവ് മരിച്ച സ്ത്രീ ചിലപ്പോഴെല്ലാം ഭർത്താവിനോടൊപ്പം തീയിൽ ചാടി മരിച്ചിരുന്നു എന്ന് സംഘംകൃതികൾ തെളിയിക്കുന്നുണ്ട്. *"തീ നല്ലവണ്ണം കത്താൻ തുടങ്ങിയപ്പോൾ അവർ നീരാടി കൂന്തൽ പിഴിഞ്ഞു കൊണ്ട് പുറങ്കാട് ലക്ഷ്യമാക്കി വന്നു. വെള്ളം വാർന്നു കൊണ്ടിരിക്കുന്ന തലമുടി മുതുകിൽ ആടിക്കൊണ്ടിരിക്കേ നിറഞ്ഞ നയനങ്ങളോടു കൂടി പ്രദക്ഷിണം വച്ചശേഷം ദേവി തീയിൽ ചാടി മരിച്ചു"*(പുറനാനൂറ് 246-ാം പാട്ട്) ഇങ്ങനെ ഭാരതത്തിലുടനിളം നടപ്പിലാക്കിയിരുന്ന സതീസമ്പ്രദായത്തിന്റെ തുടക്കം ഇവിടെ കാണാം. അന്ന് ഭർത്താവിന്റെ മരണാനന്തരം ജിവിക്കേണ്ടി വരുന്ന സ്ത്രീകളുടെ അവസ്ഥ വളരെ ദയനീയമായിരുന്നു. വിധവകൾ ശിരസ്സ് മുണ്ഡനം ചെയ്ത് ആഭരണങ്ങൾ ഉപേക്ഷിച്ച് പരുക്കൻ ജീവിതം നയിച്ചു പോന്നു. നെയ്യില്ലാതെ ഇലയിൽ വിളമ്പിയ നീർച്ചോറും വെളളരിക്കയും വെളുത്ത എള്ളു ചമ്മന്തിയും പുളി ചേർത്തുണ്ടാക്കിയ വേളയിലക്കറിയുമായിരുന്നു അവരുടെ ഭക്ഷണം. പരുക്കൻ തറയിൽ പായില്ലാതെ കിടക്കുകയും വേണം. ഭർത്താവിന് ആഹാരം നിവേദിക്കാൻ മുറത്തിന്റെ വലിപ്പത്തിലുള്ള സ്ഥലം വൃത്തിയാക്കി തോരാത്ത കണ്ണുകളുമായി ജീവിതം തള്ളിനീക്കിയിരുന്നു അന്നത്തെ വിധവകൾ. ഇത് കവയിത്രികൾ തങ്ങളുടെ പാട്ടുകളിലൂടെ സൂചിപ്പിക്കുന്നു.

**5.1.3.2** ആദ്യകാല സ്ത്രീരചനകളൊന്നും സ്ത്രീകർതൃത്വനിർമ്മിതിയിൽ ബോധപ്പൂർവ്വമായ ശ്രദ്ധ പുലർത്തിയിരുന്നില്ല. നിലവിലുള്ള കാവ്യരചനാരീതി യ്ക്കൊപ്പം പുരാണകഥകൾ പ്രമേയങ്ങളായി സ്വീകരിച്ച്കൊണ്ടുള്ള കൃതികളാണ് അവർ രചിച്ചിരുന്നത്. അവരിൽ അൽപം വേറിട്ടു നിൽക്കുന്നത് കുട്ടിക്കുഞ്ഞുതങ്ക ച്ചിയും തോട്ടയ്ക്കാട്ട് ഇക്കാവമ്മയുമാണ്. വിഷയസ്വീകരണത്തിലും സമീപന ത്തിലും കാര്യമായ പുതുമയൊന്നും അവരുടേതായും ഉണ്ടായിരുന്നില്ല. എങ്കിലും കാവ്യലോകത്ത് സ്ത്രീക്കും സ്ഥാനമുണ്ടെന്ന് സ്ഥാപിക്കാൻ അവർ ഒരുപോലെ ശ്രമിച്ചിരുന്നു. അവരുടെ നാടകങ്ങളിലൂടെയായിരുന്നു അത്. നാടകമെഴുതിയ ആദ്യ സ്ത്രീയാണ് കുട്ടിക്കുഞ്ഞുതങ്കച്ചി. അവരുടെ അജ്ഞാതവാസം നാടകത്തിൽ സ്ത്രീകൾക്കും കവിതാരചനയിൽ താല്പര്യം വളർത്താൻ തന്റെ നാടകരചന കാര ണമായിത്തീരുമെന്ന് പ്രസ്താവനയിൽ പറയുന്നുണ്ട്. സ്ത്രീരചനയോടുള്ള എതിർപ്പുകളെ മറികടക്കാനുള്ള ഉപാധിയായി ഈ പ്രസ്താവനയിലെ സൂത്രധാ രന്റെയും നടിയുടെയും സംഭാഷണം കുട്ടിക്കുഞ്ഞുതങ്കച്ചി ഉപയോഗിച്ചിരിക്കുന്നു. തോട്ടയ്ക്കാട്ട് ഇക്കാവമ്മയും കാവ്യലോകത്ത് സ്ത്രീക്ക് സ്ഥാനമുണ്ടെന്ന് സ്ഥാപിക്കാൻ സുഭദ്രാർജ്ജുനം എന്ന തന്റെ നാടകത്തിലൂടെ ശ്രമിച്ചിരിക്കുന്നു.

പുരുഷാധികാരമുയർത്തുന്ന ആധിപത്യ പ്രവണതകളെയും അധിക്ഷേപങ്ങ ളെയും ധീരമായി നിന്ന് ചോദ്യം ചെയ്യാൻ തോട്ടയ്ക്കാട്ട് ഇക്കാവമ്മ പ്രകടിപ്പിച്ച നിശ്ചയദാർഢ്യം ആ കാലത്തിൽ വേറിട്ടു നിൽക്കുന്നതാണ്. സുഭദ്രാർജ്ജുനം നാടക ത്തിൽ യോഗ്യന്മാരായ പുരുഷൻമാർ മാത്രം ചെയ്യേണ്ട കവി കർമ്മം ഒരു സ്ത്രീ ചെയ്താൽ നന്നാവില്ലെന്ന സൂത്രധാരന്റെ അധിക്ഷേപത്തിന് മറുപടിയായി നടി ചോദിക്കുന്നു. *"ഭാമയുദ്ധം ചെയ്തു സുഭദ്ര തേർ തെളിച്ചു, വിക്ടോറിയ രാജ്യം ഭരി ക്കുന്നു. എങ്കിൽ ചൊല്ലേറും കവിതയ്ക്കു മാത്രമവരാളെല്ലെന്നു വന്നീടുമോ".* (2002:18). സാഹിത്യത്തിൽ പുരുഷാധിപത്യം കൊടികുത്തിവാണ അക്കാലത്ത് അവർ ഉയർത്തിയ വെല്ലുവിളിയായിരുന്നു ഈ ചോദ്യം. യോഗ്യപുരുഷ ന്മാർക്കുമാത്രം സാധിക്കുന്നതാണ് കവി കർമ്മമെന്നും അത് സ്ത്രീകൾ ചെയ്താൽ നന്നായിയിരിക്കുകയില്ലെന്നുമുള്ള പൊതുവായ മുൻവിധിയാണ് ഇവിടെ തിരുത്ത പ്പെടുന്നത് എന്ന ഗീതയുടെ അഭിപ്രായം പ്രസക്തമാണ്. (2014:32) സ്ത്രീയും സ്ത്രീത്വാവബോധവും ജീവിതത്തിലെന്നല്ല സാഹിത്യത്തിലും പുതിയ തലങ്ങളി ലേക്കു കടക്കാൻ തയ്യാറെടുത്തിരിക്കുന്നു എന്ന് വ്യക്തമാക്കുന്നതായിരുന്നു സാഹി ത്യത്തിലെ സ്ത്രീകർതൃത്വത്തെ സംബന്ധിച്ച ഈ പരാമർശങ്ങൾ. കവികർതൃത്വമേ

ഖലയിൽ പുരുഷൻമാർ മാത്രം പ്രത്യക്ഷമായി വിഹരിച്ച ഒരു ഘട്ടത്തിൽ അതിനെ പ്രശ്നവൽക്കരിക്കുകയായിരുന്നു ഫലത്തിൽ കുട്ടിക്കുഞ്ഞുതങ്കച്ചിയും തോട്ടയ്ക്കാട്ട് ഇക്കാവമ്മയും അവരുടെ കൃതികളിലൂടെ ചെയ്തത്.

**5.1.3.3 നവോത്ഥാനം, ആധുനികത:** മാസികകളിലൂടെ ലേഖനങ്ങളും കവിതകളും പ്രസിദ്ധീകരിച്ചിരുന്ന സ്ത്രീകൾക്ക് തങ്ങളുടെ കർതൃസ്ഥാനം ഉറപ്പിക്കാൻ കഴിയാതെ പോവുകയാണുണ്ടായത്.

സ്ത്രീകൾ സ്വയം തിരിച്ചറിയുകയും സ്വന്തം സ്ഥാനം ഉറപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന തരത്തിലുള്ള ലേഖനങ്ങളും കവിതകളും മാസികകളിലൂടെ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചും വിദ്യാഭ്യാസത്തെക്കുറിച്ചുമുള്ള നിരവധി ലേഖനങ്ങൾ എൻ.എ.അമ്മ, കെ.പത്മാവതിയമ്മ, ബി.പാച്ചിയമ്മ തുടങ്ങിയവർ എഴുതിയിരുന്നു. അവ വ്യത്യസ്ത സംവാദങ്ങൾ സാധ്യമാക്കുകയും ചെയ്തിരുന്നു. ഫെമിനിസം എന്ന് പിൽക്കാലത്ത് വിളിക്കപ്പെട്ട പ്രസ്ഥാനവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ സാദൃശ്യം ഇവരുടെ ലേഖനങ്ങളിൽ കാണാൻ കഴിയും. എന്നാൽ സ്ത്രീവാദപരമായ ഒരു ഭാവുകത്വം ഇന്നത്തെ പോലെ വികസിച്ചിട്ടില്ലാതിരുന്ന അക്കാലത്ത് അവ ആ നിലയിൽ അടയാളപ്പെടുത്തുകയുണ്ടായില്ല.

**5.1.3.3.1** കുട്ടികുഞ്ഞുതങ്കച്ചിയിലൂടെയും തോട്ടയ്ക്കാട്ട് ഇക്കാവമ്മയിലൂടെയും കണ്ട ഉണർവ്വിന്റെ യഥാർത്ഥമായ വികസിതഫലങ്ങളാണ് ഇരുപതാം നൂറ്റാണ്ടിലെ കവിതയിൽ കാണുന്നത്. ബാലാമണിയമ്മയും ലളിതാംബിക അന്തർജ്ജനവുമൊക്കെ കടന്നു വരുന്നത് ഈ ഘട്ടത്തിലാണ്. സ്ത്രീസ്വത്വബോധത്തിലേക്കുള്ള വികാസം ഈ കവയിത്രികളുടെ രചനകളിൽ കാണാം. സ്ത്രീപുരുഷബന്ധത്തിന്റെ ഘടനയിൽ ഒരു അട്ടിമറിമാറ്റം വരുത്താൻ ബാലാമണിയമ്മ തന്റെ രചനകളിൽ ശ്രമിക്കുന്നില്ലെങ്കിലും സ്ത്രീസത്തയുടെ വ്യത്യസ്തമാനങ്ങൾ അവർ കവിതയിൽ ആവിഷ്കരിച്ചു. പരിചിതമായ ഒരു സങ്കല്പ പരിധിയ്ക്കകത്ത് ഒതുങ്ങിനിന്നുകൊണ്ടാണെങ്കിലും സ്ത്രീവ്യവഹാരങ്ങളെ ഏതാണ്ട് സമഗ്രമായിത്തന്നെ കവിതയിലാവിഷ്കരിക്കുന്ന ഒരനുഭവം കൊണ്ടുവന്നത് ബാലാമണിയമ്മയാണ്. ബാലാമണിയമ്മയുടെ കവിതയിലെ സ്വാതന്ത്ര്യസമരപങ്കാളിത്തവും ശ്രദ്ധേയമാണ്. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യസമരം വ്യക്തിയുടെകൂടി സ്വാതന്ത്ര്യസമരമായി മാറുന്നത് ഇവിടെകാണാം. 'വിട്ടയയ്ക്കുക' എന്ന കവിതയിലെ സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന കൊച്ചുപക്ഷി തറവാടിന്റെ അകത്തളങ്ങളിൽ പലതരം അച്ചടക്കങ്ങൾക്ക് വിധേയമായി കഴിയേണ്ടി

വരുന്ന ഒരു കൊച്ചുപെൺകുട്ടിയുടെ സ്വാതന്ത്ര്യമോഹംകൂടിയാണ് ഉൾക്കൊള്ളുന്നത്. പുരുഷാധിപത്യപരമായ കാവ്യലോകത്ത് സ്ത്രീകർതൃത്വം ശക്തമായി സ്ഥാപിക്കാൻ ബാലാണിയമ്മയ്ക്ക് കഴിഞ്ഞു. തങ്ങൾ വീട്ടകങ്ങളിൽ ഒതുങ്ങിക്കൂടേണ്ടവരല്ലെന്നും അതിൽ നിന്നും വ്യത്യസ്തമായൊരസ്തിത്വം തങ്ങൾക്കുണ്ടെന്ന് ആലോകം വിശാലമാണെന്നുമുള്ള തിരിച്ചറിവ് നേടിയ സ്ത്രീരചനകളാണ് പിൽക്കാല കവിതാരംഗത്ത് വികസിച്ചുവന്നത്. സുഗതകുമാരിക്കവിതകൾ അതിന് മികച്ച ഉദാഹരണങ്ങളാണ്. തൊട്ടുമുൻപിൽ കാണുന്ന ബാലാമണിയമ്മക്കവിതയിലെ സ്ത്രീത്വാവബോധത്തിന്റെ ഏറെ വികാസം പ്രാപിച്ച രൂപമാണ് സുഗതകുമാരിക്കവിത. സ്വാതന്ത്ര്യക്കാലത്ത് സുഗതകുമാരിയുടെ കവിത വ്യക്തിയുടെ മനസ്സിനെ അഭിസംബോധന ചെയ്തുതുടങ്ങി. ഈ വ്യക്തി സുഗതകുമാരിയുടെ കവിതയിൽ സ്ത്രീയായിരുന്നു

**5.1.3.4 ആധുനികാനന്തരം :** സ്ത്രീവാദം, ദളിത്‌വാദം, പാരിസ്ഥിതികാവബോധം ഇവയിലൂടെയൊക്കെ ആധുനികതാവാദകാലത്ത് രൂപപ്പെട്ടുവന്ന പുതിയ ഭാവുകത്വ പരിസരത്തിന്റെ തുടർച്ചതന്നെയാണ് ആധുനികാനന്തര മലയാള കവിതയിലും കാണാൻ കഴിയുന്നത്. ആധുനികതയിൽ നിന്നും വ്യത്യസ്തമായി ആധുനികാനന്തര മലയാള കവിതയിൽ സ്ത്രീകൾ വളരെയധികം കടന്നുവന്നിരിക്കുന്നു. മുഴുവൻ ജീവിതവ്യവഹാരമേഖലകളിലേക്കും കടന്നുചെന്ന് സ്വന്തം സ്വത്വവും കർതൃത്വവും സ്ഥാപിച്ചെടുത്തെങ്കിൽ മാത്രമേ പുരുഷ നിർമ്മിത സ്ത്രീസങ്കല്പത്തെ പുനർനിർമ്മിക്കാൻ കഴിയൂ എന്ന അവബോധമാണ് സമകാലീന പെൺകവിതകളെ മുമ്പോട്ടു നയിക്കുന്നത്. സ്ത്രീയുടെ കാഴ്ചകളും അഭിരുചികളും അനുഭവങ്ങളും ചിന്തകളും ആവിഷ്കാരരൂപം നേടുമ്പോൾ അവിടെ സ്ത്രീകർതൃത്വ നിർമ്മിതി സാധ്യമാവുന്നു. കവിതയുടെ പാരമ്പര്യത്തെ സംരക്ഷിക്കേണ്ട യാതൊരു ബാധ്യതയും ഇന്നത്തെ സ്ത്രീ കവികൾ ഏറ്റെടുക്കുന്നില്ല. രേഖയുടെ പുക എന്ന കവിതയിൽ ഇനിവയ്യ നിന്റെ അടുപ്പിൽ/ ഉപമയിൽ കത്താനും/ ഉത്പ്രേക്ഷയിൽ തിളക്കാനും/ രൂപകത്തിൽ വേവാനും എന്നു പറയുന്നിടത്ത് പെണ്ണനുഭവങ്ങളെ ആവിഷ്ക്കരിക്കാൻ പഴയകാവ്യസമ്പ്രദായങ്ങളുടെ ചട്ടക്കൂടുകളൊന്നും ഇനിപറ്റില്ലായെന്ന് സൂചിപ്പിക്കുന്നു.സാഹിത്യത്തിലും ഭാഷയിലും സ്ത്രീകൾ അവർക്ക് നഷ്ടപ്പെട്ട സ്ത്രീത്വത്തെയും കർതൃത്വത്തെയും വീണ്ടെടുക്കാനുള്ള ശ്രമമാണ് ഉത്തരാധുനിക മലയാളകവിതയിലുടനീളം കാണാൻ കഴിയുന്നത്. മുൻപത്തേതിൽ നിന്നും വ്യത്യസ്തമായി ചരക്കുവത്കരണത്തിനപ്പുറം സ്ത്രൈണതയുടെ ഊർജ്ജവും ശക്തിയും തിരിച്ചറിയുന്ന സ്ത്രീരചനകൾ മലയാള കവിതയിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നു.

## 5.2 വിലയിരുത്തൽ

മലയാള കവിതാസാഹിത്യത്തിൽ സ്ത്രീകവിതകളുടെ വികാസം മന്ദഗതിയിലായിരുന്നു സംഭവിച്ചുകൊണ്ടിരുന്നതെങ്കിലും ആധുനികതയ്ക്ക് ശേഷം മലയാളത്തിലെ സ്ത്രീകവിതാംരംഗം വളരെ വലിയ പുരോഗതിയാണ് കൈവരിച്ചിരിക്കുന്നത്. മലയാളത്തിന്റെ പൂർവ്വരൂപമായ സംഘകാലകവിതകളിൽ വലിയ തോതിൽ സ്ത്രീപങ്കാളിത്തം കണ്ടെത്താൻ കഴിയുന്നുണ്ടെങ്കിലും അതിനുശേഷം മലയാളഭാഷാ രൂപീകരണഘട്ടത്തിലും അതിന് തൊട്ടുപിൻപുള്ള കാലത്തിലും ഒരു സ്ത്രീനാമം പോലും സാഹിത്യചരിത്രത്തിൽ ഇടം നേടിയില്ല. അക്കാലത്ത് വളർന്നുവന്നിരുന്ന പാട്ട്, മണിപ്രവാളം എന്നീ പ്രസ്ഥാനങ്ങളിലൊന്നും സ്ത്രീ സാന്നിധ്യം കണ്ടെത്താൻ കഴിയില്ല. അതിന് കാരണം ബ്രാഹ്മണവത്കരണവും സംസ്കൃതപ്രഭാവവും തന്നെയാകാമെന്ന് കരുതുന്നു. സംഘകാലത്തിന്ശേഷം വീണ്ടും കവിതാരംഗത്ത് സ്ത്രീകൾ കടന്നുവരുന്നത് നവോത്ഥാന കാലത്താണ്. അച്ചടിയുടെ കണ്ടുപിടിത്തവും പാശ്ചാത്യമിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളും സ്ത്രീയെ എഴുത്തിന്റെ മേഖലയിലേക്ക് കൊണ്ടുവന്നു. അന്നത്തെ മാസികകളിലൂടെ ധാരാളം സ്ത്രീകൾ എഴുതിത്തുടങ്ങി. ഇങ്ങനെ സ്ത്രീകവിതയുടെ വികാസത്തിന് മാസികകൾ കാരണമായി. പിന്നീട് മാസികകളിലൂടെ കവിതകൾ എഴുതിയവർ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് തുടങ്ങുകയും ധാരാളം കവയിത്രികൾ ആരംഗത്തേക്ക് കടന്നുവരുകയും ചെയ്തു. തുടർന്നങ്ങോട്ട് സ്ത്രീസാന്നിധ്യം മലയാള കവിതാരംഗത്ത് ചുവടുറപ്പിക്കുന്നതാണ് കാണാൻ കഴിയുന്നത്. കടത്തനാട് മാധവിയമ്മ, ലളിതാംബിക അന്തർജ്ജനം, ബാലാമണിയമ്മ, സിസ്റ്റർ മേരി ബനീഞ്ഞ, മേരി ജോൺ കൂത്താട്ടുകുളം എന്നീ കവയിത്രികൾ നവോത്ഥാന ഘട്ടത്തിൽ ഉയർന്നുവന്നവരാണ്. നവോത്ഥാനാനന്തര ആധുനികതയിലെ മുഖ്യ കവയിത്രി സുഗതകുമാരിയാണ്. കവിതയിൽ ആവിഷ്കരിച്ചിരിക്കുന്ന വ്യത്യസ്ത പ്രമേയങ്ങളിലൂടെ സ്ത്രീകവിതാരംഗത്തിന്റെ വികാസത്തിൽ ഈ കവയിത്രികൾ മുഖ്യപങ്കുവഹിക്കുന്നു. സ്ത്രീസത്തയുടെ ആവിഷ്കരണത്തിലൂടെ അതുവരെ കാണാത്ത സ്ത്രീയുടേതായ ഒരു ലോകം കവിതയിൽ കൊണ്ടുവരാനും അത് വഴി മലയാളകവിതാരംഗത്ത് വ്യത്യസ്തമായൊരു പരിണാമം സൃഷ്ടിക്കാനും ഈ കവയിത്രികൾക്ക് കഴിഞ്ഞിട്ടുണ്ട്.

നവോത്ഥാനകാലത്തിനുശേഷം കൂട്ടുകുടുംബവ്യവസ്ഥയ്ക്കു മാറ്റം സംഭവിക്കുകയും അണുകുടുംബത്തിന്റെ രീതിയിലേക്ക് സമൂഹം എത്തുകയും ചെയ്തു. അങ്ങനെ കൂട്ടുകുടുംബവ്യവസ്ഥയുടെ അടച്ചിട്ട സംഘർഷങ്ങൾക്കകത്തു നിന്ന്

അണുകുടുംബത്തിന്റെ സ്വതന്ത്രമായ ഇടത്തിലേക്ക് കടന്നുവന്ന സ്ത്രീ വിദ്യാഭ്യാസ പരമായി ഉയർന്നെങ്കിലും വീടിനോടും കുടുംബത്തോടുമുള്ള ഉത്തരവാദിത്വം അവളുടെ ചുമതലയാണെന്ന സമൂഹധാരണ കൂടുതൽ ഉറപ്പിക്കുകയാണുണ്ടായത്. ജീവിതത്തിന്റെ മേഖലകളെ വീടിനകത്തുള്ളതും പുറത്തുള്ളതുമായി വിഭജിക്കു കയും അകത്തും പുറത്തും ഒരുപോലെ അധികാരമുള്ളയാളായി പുരുഷൻ മാറു കയും ചെയ്തതായാണ് ചരിത്രം രേഖപ്പെടുത്തുന്നത്. വീടിന്റെ പരിവൃത്തത്തിലൊ തുങ്ങി നിൽക്കേണ്ട ചിന്തകളും വികാരങ്ങളും പ്രവൃത്തികളും കൊണ്ട് സ്ത്രീ കർശ നമായും പരിമിതപ്പെടുത്തിയിരുന്നു. ആ പരിമിതിയെ മുറിച്ചുകടക്കാനുള്ള ശ്രമങ്ങൾ സ്ത്രീകളുടെ ഭാഗത്ത് നിന്നുയർന്നുവരികയും വീടിനു പുറത്തുള്ള പ്രവർത്തനങ്ങളി ലേക്ക് അവർ ഇറങ്ങിവരികയും ചെയ്തു. അതിന്റെ ഒരു പരിണിതഫലമാണ് സ്ത്രീകളുടെ കാവ്യരചനകൾ. അത് മനോരമത്തമ്പുരാട്ടി, കല്യാണിക്കുട്ടി അമ്മച്ചി, തോട്ടയ്ക്കാട്ട് ഇക്കാവമ്മ, കെ.എം.കുഞ്ഞിലക്ഷമിക്കെട്ടിലമ്മ, കടത്തനാട്ട് കെ.മാധ വിയമ്മ, മേരി ജോൺ തോട്ടം, ബാലാമണിയമ്മ, സുഗതകുമാരി എന്നിങ്ങനെ കാലപ രമായി വികസിച്ചുവന്നു. തങ്ങൾ വീട്ടകങ്ങളിൽ ഒതുങ്ങിക്കൂടേണ്ടവരല്ലെന്നും അതിൽ നിന്നും വ്യത്യസ്തമായ ഒരസ്തിത്വം തങ്ങൾക്ക് ഉണ്ടെന്നും ആ ലോകം വിശാലമാണെന്നും വ്യക്തമാക്കുകയാണ് പിൽക്കാല സ്ത്രീരചനകൾ ചെയ്തത്. മുകളിൽ സൂചിപ്പിച്ച മലയാള കവിതയിലെ സ്ത്രീസാന്നിധ്യങ്ങൾ സ്ത്രീകളിൽ അസ്തിത്വബോധം വികസിക്കുന്നതിന്റെ രേഖകൾ കൂടിയാണ്. ഗൃഹവും ഗാർഹിക ബന്ധങ്ങളും ഒരുക്കുന്ന അകങ്ങളുടെ പരിമിതിക്കുള്ളിൽ സ്വാതന്ത്ര്യവും സംതൃപ്തിയും അനുഭവിച്ചിരുന്നവരായിരുന്നു സ്ത്രീകൾ. വീടിനോടും കുടുംബത്തോടും ആത്മാർത്ഥതയോടെ സ്വയം സമർപ്പിക്കുന്നവരായിരുന്നു അവൾ. ഒന്നോ രണ്ടോ ശ്രദ്ധേയമായ കൃതികൾ രചിച്ചശേഷം സാഹിത്യരംഗത്തു നിന്നു തന്നെ പിൻമാറ്റം നടത്തിയ സ്ത്രീ എഴുത്തുകാർ വളരെയുണ്ട്. അവരുടെ ഉൾവലിയ ലിന് കാരണം ഈ സമർപ്പണം തന്നെയാണ്. എന്നാൽ പിന്നീട് സ്ത്രീകൾ ഗാർഹി കമായ അന്തരീക്ഷത്തിനകത്തുള്ള സ്വാതന്ത്ര്യവും സംതൃപ്തിയുമൊന്നുമല്ല യാഥാർത്ഥ്യമെന്നും സ്വാതന്ത്ര്യത്തിന് വിപുലമായ അർത്ഥങ്ങളുണ്ടെന്നും മനസ്സിലാ ക്കി. ദേശീയ പ്രസ്ഥാനം ചുരുങ്ങിയ തോതിലാണെങ്കിലും സ്ത്രീയെ പൊതുപ്ര വർത്തനരംഗത്തേക്കു വിളിച്ചു കൊണ്ടുവന്നു. അതോടെ സ്ത്രീത്വത്തിന്റെ അവബോധം അകത്തളങ്ങളിൽ നിന്നും പുറംലോക സങ്കീർണ്ണതകളിലേക്ക് വളർന്നു വികസിച്ചു. മനുഷ്യമോചനമെന്നാൽ വിദേശശക്തികളിൽ നിന്നുള്ള മോചനം മാത്രമ ല്ലെന്നും അതിലുപരിയായി മനുഷ്യന്റെ സാമ്പത്തികവും ഭൗതികവുമടക്കമുള്ള എല്ലാ അസ്വാതന്ത്ര്യങ്ങളിൽ നിന്നുമുള്ള മോചനമാണെന്നുമുള്ള ഒരു സ്വാതന്ത്ര്യസ

ങ്കല്പം ഇവിടെ വളർന്നു വന്നപ്പോൾ അതിനുവേണ്ടി പ്രവർത്തിക്കാൻ തയ്യാറായി ഒട്ടേറെ സ്ത്രീകളും മുന്നോട്ടു വരികയുണ്ടായി. ഇങ്ങനെ വീടിന്റെ അകത്തുനിന്ന് പുറംലോകത്തേക്ക് ക്രമാനുഗതമായി വളർന്നു വികസിക്കുന്ന ഒരു സ്ത്രീലോക മാണ് കേരളത്തിലെ ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. ആ ചരിത്രത്തിന്റെ പ്രതിനിധാനമാണ് ബാലാമണിയമ്മയിൽ കാണാനാ വുക. ഈ സന്ദർഭത്തിലാണ് സുഗതകുമാരിക്കവിത ഉയർന്നുവരുന്നത്.

തൊട്ടുമുൻപിൽ കാണുന്ന ബാലാമണിയമ്മക്കവിതയിലെ സ്ത്രീത്വാവബോധ ത്തിന്റെ ഏറെ വികാസം പ്രാപിച്ച രൂപമാണ് സുഗതകുമാരിക്കവിത. അഞ്ചുപതിറ്റാ ണ്ടിലധികം കാലമായി ഒട്ടേറെ പരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സുഗതകുമാരിക്കവിതയിൽ ഭാവുകത്വപരമായും പ്രമേയസ്വീകരണപരമായും ഈ മാറ്റം കാണാവുന്നതാണ്. വളർന്നുകൊണ്ടിരിക്കുന്ന സുഗതകുമാരിക്കവിത ഒട്ടേറെ പരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. സ്ത്രീത്വത്തിന്റെ സവിശേഷതക ളായും അലങ്കാരങ്ങളായും യാഥാസ്ഥിതിക സമൂഹം കണക്കാക്കുന്ന അടിസ്ഥാനഭാവങ്ങളൊന്നും വെടിയാതെ തന്നെ സ്വത്വം സംരക്ഷിക്കുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും തന്റേതെന്ന പോലെത്തന്നെ മറ്റുള്ളവരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയും പുറംലോകത്തിറങ്ങി ധീരമായി സഞ്ചരിക്കുന്നവളാണ് സുഗതകുമാരിക്കവിതയിലെ സ്ത്രീ. ഈ സഞ്ചാരശേഷി കേരളസ്ത്രീസമൂഹം നവോത്ഥാനന്തരകാലം കൊണ്ട് ആർജ്ജിച്ചെടുത്തതാണ്. സ്ത്രീക്ക് ഒരിക്കലും എത്തിച്ചേരാൻ അനുവദിക്കാത്ത ഇടങ്ങളിൽ കടന്നുചെന്ന് വി ദ്യാഭ്യാസം നേടാനും ജോലിചെയ്യാനും വ്യക്തിയുടെയും സമൂഹത്തിന്റെയും അവകാശാധികാരങ്ങളെക്കുറിച്ച് സ്വയം മനസ്സിലാക്കാനും മറ്റുള്ളവരെ അത് അറിയിച്ചു കൊടുക്കാനും കഴിയുന്ന വിധത്തിൽ ഇക്കാലംകൊണ്ട് സ്ത്രീ വളർന്നു. അങ്ങനെ സ്വയം വളർന്നും വളർത്തിയെടുത്തും കർത്തൃത്വപരമായ രംഗത്തിലേക്കെ ത്തിയ സ്ത്രീസ്വത്വത്തിന്റെ ആവിഷ്കാരങ്ങളാണ് സുഗതകുമാരിയുടെ പിൽക്കാല കവിതയിലും അതിന് ശേഷം കടന്നു വന്ന മറ്റെല്ലാ കവയിത്രികളുടെ കവിതകളിലും കാണുന്നത്.

ആധുനികാനന്തര കവയിത്രികൾ മലയാള സ്ത്രീകവിതാചരിത്രത്തിൽ സ്ഫോടനാത്മകമായ പരിണാമങ്ങളാണ് സൃഷ്ടിക്കുന്നത്. അതുവഴി മലയാള ത്തിലെ സ്ത്രീകവിതകളുടെ വികാസത്തിൽ ത്വരിതഗതിയിലുള്ള പുരേഗതി കാണാൻ കഴിയുന്നു. സ്ത്രീകവികളുടെ എണ്ണത്തിലുള്ള വർദ്ധനവും ശ്രദ്ധേയമാണ്. എന്തും എഴുതാനുള്ള സ്വാതന്ത്ര്യബോധം പുതിയ കാലത്ത് കവയിത്രികൾക്ക് ലഭി

ച്ചു. സ്ത്രീയുടെ വേറിട്ട കാഴ്ചകളും അനുഭവങ്ങളുമാണ് ആധുനികാനന്തര കാലത്ത് സ്ത്രീകൾ ഇതിവൃത്തമാക്കുന്നത്. ഇക്കാലത്ത് സ്ത്രീകവിതകളുടെ രൂപഘടനയിലും ഭാവുകത്വത്തിലും പരിണാമം സംഭവിച്ചിരിക്കുന്നു. ആധുനികത യിൽ നിന്നും വ്യത്യസ്തമയി ബൃഹദാഖ്യാനരൂപങ്ങൾ ഉപേക്ഷിച്ച് ചെറുതുകളുടെ ആഖ്യാനരൂപമായി വർത്തമാനകാല സ്ത്രീകവിത മാറിയിരിക്കുന്നു. വാക്യവിന്യാസ ക്രമത്തിലും വലിയമാറ്റങ്ങൾ വർത്തമാനകവയിത്രികൾ വരുത്തുന്നു. ഭാഷാപ്രയോഗ ത്തിലെ ഗദ്യപദ്യ വിവേചനം അവർ തിരുത്തിക്കുറിക്കുന്നു. കാവ്യഭാഷഗദ്യരൂപ ത്തിലോ പദ്യരൂപത്തിലോ ആകാം. ചിലപ്പോൾ രണ്ടും കൂട്ടിക്കലർത്തി ഉപയോഗിക്കു കയും ചെയ്യുന്നുണ്ട്. വിരുദ്ധാശയങ്ങളുടെയും പദങ്ങളുടെയും സംയോജനത്തിലൂടെ ഐറണികളും സറ്റയറുകളും സൃഷ്ടിക്കുന്ന പതിവും ഉത്തരാധുനിക സ്ത്രീക്കവിത കളുടെ സവിശേഷതയാണ്. മാത്രമല്ല പാരഡികളും മിഥ്യാനുകരണമെന്ന പാസ്റ്റിഷു കളും പുതുകവിത പ്രയോഗിക്കുന്നു. കടംകഥകളോ പഴഞ്ചൊല്ലോ പൂർവ്വകാവ്യരൂപ ങ്ങളോ ഒക്കെ ഇവിടെ അനുകരിക്കപ്പെടുന്നു. കാവ്യഭാഷയിലും ആഖ്യാനത്തിലും പ്രമേയത്തിലുമെല്ലാം വൈവിധ്യാനുഭവങ്ങളെ സൂക്ഷ്മമായി അടയാളപ്പെടുത്തികൊ ണ്ടാണ് മലയാളത്തിലെ സ്ത്രീകവിതകളുടെ സമകാലീനതയിലേക്കുള്ള വികാസപരിണാമം സംഭവിച്ചു കൊണ്ടിരിക്കുന്നത്.

## 5.3 നിഗമനങ്ങൾ

**5.3.1** സംഘകാല കവികളായി നാല്പത്തിയൊമ്പതു പേരെയാണ് ചരിത്രം രേഖപ്പെ ടുത്തിയിട്ടുള്ളത്. ഇതിൽ പലരും കേരളീയരായിരുന്നു. അതിൽ മുപ്പതിൽ കൂടുതൽ സ്ത്രീ കവികളുണ്ട്. കവികർതൃസ്ഥാനത്ത് വലിയ പ്രാധാന്യം തന്നെ അവർക്ക് ലഭി ച്ചിരുന്നു. ഔവ്വയ്യാർ, കാക്കൈപ്പാടിനിയാർ, നച്ചെള്ളൈയാർ, പേയ്മകൾ ഇളവെയ്നി, വെണ്ണിക്കുയത്തിയാർ തുടങ്ങിയവരാണ് പ്രധാനപ്പെട്ട സംഘകാല കവിയത്രികൾ.

**5.3.1.1** സംഘകാല കവയിത്രികൾ പ്രയോഗിച്ചിരിക്കുന്ന പ്രമേയങ്ങളും ആശയങ്ങളു മെല്ലാം ഒരുപോലെയുള്ളതാണെങ്കിലും സ്വന്തമായ ഭാവനകൊണ്ടും ആലങ്കാരികപ്ര യോഗങ്ങൾ കൊണ്ടും എല്ലാ പാട്ടുകളും വ്യത്യസ്തത പുലർത്തുന്നുണ്ട്. തമിഴക ത്തിലെ സാമൂഹികാചാരങ്ങൾ, ആരാധനാസമ്പ്രദായങ്ങൾ, കലാവിനോദങ്ങൾ, പ്രകൃതിഭംഗികൾ, സദാചാരബോധം തുടങ്ങി ജീവിതവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും സംഘകാല കവയിത്രികളുടെ രചനകളിൽ നിന്ന് വായിച്ചെടുക്കാൻ

കഴിയുന്നുണ്ട്. ശൃംഗാരവും വീരവുമാണ് ഈ കവിതകളിൽ നിറയുന്നത്. പ്രണയവും വിരഹവും യുദ്ധകാഴ്ചകളുമാണ് മിക്കപാട്ടുകളിലെയും വിഷയം.

**5.3.1.2** തങ്ങൾ വ്യാപരിക്കുന്ന സാംസ്കാരിക മേഖലയിൽ സ്ത്രീസ്വത്വവും അതിന്റെ പ്രസക്തിയും ഇന്നത്തെ അർത്ഥത്തിലല്ലെങ്കിലും സ്ഥാപിച്ചെടുക്കുന്നതിൽ തനതായ സംഭാവനകൾ നൽകാൻ ഒരു പരിധിവരെയെങ്കിലും സംഘകാല കവയിത്രികൾക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും അന്നത്തെ പുരുഷാധിപത്യ സമൂഹത്തിന്റെ നിലപാടുകളെയൊന്നും സ്വാധീനിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ശ്രദ്ധേയരായ പിൻഗാമികളാരും അവർക്കുണ്ടായതായും ചരിത്രം രേഖപ്പെടുത്തിയിട്ടില്ല.

**5.3.2** പാട്ടുപ്രസ്ഥാനത്തിലും മണിപ്രവാളപ്രസ്ഥാനത്തിലും കവികളിലെ സ്ത്രീപ്രാതിനിധ്യം കണ്ടെത്താൻ കഴിയുന്നില്ല. മണിപ്രവാളഘട്ടത്തിൽ സാഹിത്യരംഗം മുഴുവനായും സ്ത്രീവർണ്ണനകളാൽ നിറയുന്നുണ്ട്. അതായത് എഴുത്തുകാർ എന്ന നിലയിൽ കർതൃപക്ഷത്തല്ല. മറിച്ച് എഴുത്തിന് വിധേയരായ കഥാപാത്രങ്ങളെന്ന നിലയിൽ കർമ്മപക്ഷത്തായിരുന്നു അവിടെ സ്ത്രീകളുടെ സ്ഥാനം. അക്കാലത്ത് ഒരു സ്ത്രീനാമം പോലും മലയാള കവിതാചരിത്രത്തിൽ രേഖപ്പെടുന്നില്ല. കാവ്യരചനാരംഗത്ത് സ്ത്രീകർതൃത്വത്തിന്റെ പൂർണ്ണമായ നിരാസം ആ ഘട്ടത്തിൽ കാണാം. മണിപ്രവാള ശൃംഗാരകാവ്യങ്ങളിൽ പുരുഷൻ അവന്റെ സങ്കല്പങ്ങൾക്കനുസരിച്ചാണ് സ്ത്രീയുടെ ശരീരവും അനുഭവങ്ങളും വർണ്ണിക്കുന്നത്. പലതരം സ്ത്രീശരീരങ്ങളെ പലതരത്തിൽ വർണ്ണിച്ചതായാണ് അവിടെ കാണുന്നത്. ഉണ്ണിയാടിചരിതത്തിലെ താഴെ കൊടുത്ത ഉണ്ണിയാടിവർണ്ണന ഉദാഹരണമാണ്.

*നളിനമകൾ കടക്കൺ ചാരുലീലായിതാനാം*
*തെളിമ പൊലിവെഴും കണ്ണാടിയാ മുണ്ണിയടി*
*ഇളമുലയിണ ചീർത്തൊട്ടാകുലാ ലോലമധ്യം*
*തളിരൊളി പെടുമംഗം താവുകം വെൽവുതാക*
(1996:140)

ഇവയെല്ലാം സ്ത്രീ പുരുഷന്റെ ഭോഗവസ്തു എന്ന നിലയിലുള്ള വർണ്ണനയാണ്. അവിടെയൊന്നും സ്ത്രീയുടെ യഥാർത്ഥ അനുഭവം കടന്നുവരുന്നില്ല. ഈ ഘട്ടത്തിൽ സ്വാനുഭവങ്ങൾ വർണ്ണിക്കുന്ന ഒരു സ്ത്രീയെപ്പോലും കണ്ടെടുക്കാൻ കഴിയുന്നില്ല.

**5.3.3** വീട്ടിനുള്ളിൽവച്ച് തന്നെ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിരുന്ന രാജകുടുംബങ്ങ

ളിലേയും പ്രഭുകുടുംബങ്ങളിലേയും സ്ത്രീകളുടെ കൃതികളാണ് ഈ പഠനത്തിൽ അടയാളപ്പെടുത്താൻ കഴിഞ്ഞിട്ടുള്ള ആദ്യകാല സ്ത്രീരചനകൾ. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടങ്ങളിൽ മനോരമത്തമ്പുരാട്ടിയും പത്തൊമ്പതാം നൂറ്റാണ്ടിൽ കല്യാണിക്കുട്ടിയമ്മച്ചി, കെ.എം.കുഞ്ഞിലക്ഷമിക്കെട്ടിലമ്മ, കുട്ടിക്കുഞ്ഞുതങ്കച്ചി, തോട്ടയ്ക്കാട്ട് ഇക്കാവമ്മ തുടങ്ങിയവരും കവിതയിൽ സ്ത്രീസാന്നി ധ്യമറിയിച്ച് കടന്നുവന്നവരാണ്. ഇവരാരും തന്നെ പ്രമേയസ്വീകരണത്തിലോ ആവിഷ്കരണ സമീപനങ്ങളിലോ സ്ത്രീത്വത്തിന്റേതായ മുദ്രകൾ  കാവ്യരംഗത്ത് ശ്രദ്ധേയമായി പതിപ്പിച്ചിട്ടില്ല. പുരാണകഥകൾ പ്രമേയമായി സ്വീകരിച്ചു കൊണ്ടാണ് ഇവർ കവിതകളെഴുതിയത്.

**5.3.3.1** കൈകൊട്ടിക്കളിപ്പാട്ടുകളും ദേവസ്തുതിയും എഴുതുകയാണ് ഒരു സ്ത്രീയുടെ സാഹിത്യപ്രവർത്തനം എന്ന ചിന്തയിൽനിന്ന് പുറത്തുകടക്കാൻ സ്ത്രീയെ സഹായിച്ചത് സ്വാതന്ത്ര്യസമരങ്ങളുടെയൊക്കെ ഭാഗമായി ഇവിടെ നടന്ന നവോത്ഥാനപ്രവർത്തനങ്ങളും പാശ്ചാത്യവിദ്യാഭ്യാസവുമൊക്കെയായിരുന്നു. സ്വാതന്ത്ര്യസമരകാലത്തിലും അനുബന്ധമായിനടന്ന നവോത്ഥാന പരിശ്രമങ്ങളിലും അവർണ്ണരെന്നപോലെ സ്ത്രീകളും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരപ്പെട്ടു.

**5.3.3.2** വിദ്യാഭ്യാസം, അച്ചടിയുടെ കണ്ടുപിടിത്തം എന്നിവയെല്ലാം സ്ത്രീകൾ രചനാരംഗത്തേക്ക് കടന്നുവരാൻ കാരണമായി. സ്വന്തമായി കൃതികൾ പ്രസിദ്ധീകരിക്കാൻ സാഹചര്യമില്ലാതിരുന്ന അക്കാലത്തെ സ്ത്രീകൾക്ക് തങ്ങളുടെ ആശയങ്ങൾ എഴുതി പ്രസിദ്ധീകരിക്കാൻ ആദ്യകാല മാസികകളിലൂടെ കഴിഞ്ഞു. സാഹിത്യത്തിൽ പ്രവേശിക്കാൻ വളരെ വലിയ എതിർപ്പുകൾ നേരിടേണ്ടി വന്നിരുന്ന അന്നത്തെ സാഹചര്യത്തിൽ ധാരാളം സ്ത്രീകൾ എഴുതാൻ സധൈര്യം മുന്നോട്ടുവന്നു എന്ന് ആദ്യകാലമാസികകൾ തെളിയിക്കുന്നു.

**5.3.3.2** കേരളീയ സുഗുണബോധിനി, ശാരദ, ലക്ഷ്മീബായി, മഹിള തുടങ്ങിയ സ്ത്രീകൾക്കു വേണ്ടിയുള്ള മാസികകളിൽ കൂടാതെ അന്നത്തെ പ്രധാനപ്പെട്ട കവിതാമാസികകളായ കവനകൗമുദി, കവനമഞ്ജരി, കവനകൗതുകം എന്നിവയിലെല്ലാം സ്ത്രീകൾ കവിതകൾ എഴുതിയിരുന്നു. കഥ, നോവൽ, വിമർശനം എന്നീ സാഹിത്യഗണങ്ങളെ അപേക്ഷിച്ച് കവിതകളാണ്  അന്ന് കൂടുതൽ സ്ത്രീകളും എഴുതിയിരുന്നത്.

**5.3.3.4** അക്കാലത്തെ പുരുഷരചനകൾക്കൊപ്പം തന്നെ സ്ഥാനം നേടാൻ അർഹതയുണ്ടായിട്ടും ആദ്യകാലസ്ത്രീമാസികകളിലെ കവയിത്രികളുടെ രചനകളൊന്നും വേണ്ടത്ര ശ്രദ്ധ നേടിയില്ല. എന്ന് മാത്രമല്ല എല്ലാം സമാഹരിക്കപ്പെടുകയോ വിലയിരുത്തപ്പെടുകയോ ആസ്വദിക്കപ്പെടുകയോ ചെയ്യുന്നതിന് പകരം തമസ്കരിക്കപ്പെടുകയാണ് ഉണ്ടായത്.

**5.3.4** നവോത്ഥാന ആധുനികതയിലേക്ക് സ്ത്രീകവിതയുടെ വികാസം സാധ്യമാകുന്ന ഘട്ടത്തിലെ കവയിത്രികളാണ് കടത്തനാട് മാധവിയമ്മ, മുതുകുളം പാർവ്വതിയമ്മ, സിസ്റ്റർ മേരി ബനീഞ്ഞ, മേരി ജോൺ കൂത്താട്ടുകുളം, ലളിതാംബികാ അന്തർജ്ജനം, ബാലാമണിയമ്മ എന്നിവർ. പ്രണയം, ഭക്തി, ആത്മീയത, സാമൂഹിക വിമർശനം, പ്രകൃതിചിത്രണം എന്നിങ്ങനെ വ്യത്യസ്തമായ പ്രമേയങ്ങൾ കവിതയിൽ ആവിഷ്കരിച്ച്കൊണ്ട് മലയാള കവിതയിൽ ഭാവുകത്വപരമായ പരിണാമം സൃഷ്ടിക്കാൻ ഇവർക്ക് കഴിഞ്ഞു.

**5.3.4.1** സ്ത്രീയുടെ ജീവിതത്തിന് ഇടപെടേണ്ടി വന്ന വിവിധ അവസ്ഥകളോടും ബന്ധങ്ങളോടും പ്രകൃതിയോടും ലൗകികവും ആത്മീയവുമായ സങ്കല്പങ്ങളോടുമൊക്കെയുള്ള സ്ത്രീയുടെ പ്രതികരണങ്ങൾ കാവ്യാനുഭവമാക്കി ആവിഷ്കരിക്കുകയാണ് ബാലാമണിയമ്മയും, സുഗതകുമാരിയും, പൊന്നറ സരസ്വതിയും, പറവൂർ സി. ലതികാ നായർ, ടി.എസ്.പൊന്നമ്മ തുടങ്ങിയ കവയിത്രികളും ചെയ്തത്.

**5.3.4.2** നവോത്ഥാനാനന്തര ആധുനികതയിൽ മുഖ്യ സ്ത്രീപ്രാതിനിധ്യം സുഗതകുമാരിയാണ്. അക്കാലത്ത് കാല്പനിക ഭാവഗീതഗുണങ്ങളോടു കൂടിയ കവിതകളാണ് ഇവർ രചിച്ചിരുന്നത്. ഭക്തിയും പ്രണയവുമെല്ലാം ആ കവിതകളിൽ നിറഞ്ഞു നിന്നിരുന്നു. പിന്നീട് ആധുനികതാ വാദഘട്ടത്തിൽ പൊതു ധാരയിൽ നിന്ന് വ്യത്യസ്തമായി സ്ത്രണാനുഭവങ്ങളേയും അനുഭൂതികളേയും സുഗതകുമാരി കവിതയിൽ ആവിഷ്കരിച്ചു.

**5.3.10** പ്രകൃതിയുമായി ബന്ധപ്പെട്ട സ്ത്രൈണ സൗന്ദര്യ ദർശനങ്ങൾ സ്ത്രീ കവിതകളിൽ ആവിഷ്കൃതമാകുന്നു. സ്ത്രീകവികളുടെ പ്രകൃതിവർണ്ണനയിലെ പാടവം വ്യക്തമാകുന്ന ധാരാളം കവിതകൾ ഉണ്ട്. പ്രകൃതി ചൂഷണം വിഷയമാകുന്ന കൃതികളിൽ സ്ത്രീയുടെയും പ്രകൃതിയുടേയും നിസ്സഹായതകളാണ് കടന്നുവരുന്നത്. സൈലന്റ് വാലി പ്രക്ഷോഭത്തിലൂടെ കേരളീയ പൊതുസമൂഹത്തിലുണ്ടായ മാറ്റം

സുഗതകുമാരി എന്ന കവയിത്രിയിൽ പ്രത്യക്ഷമായിതന്നെ പ്രതിഫലിച്ചു. സൈലന്റ് വാലി എന്ന പേരിൽ തന്നെ സുഗതകുമാരി എഴുതിയ കവിതയിൽ അത് കാണാം. സ്ത്രീയും പ്രകൃതിയും ഒരുമിച്ച് ചൂഷണത്തിന് വിധേയമാകുന്നു എന്ന കാഴ്ചപ്പാട് വി.എം.ഗിരിജയുടേയും വിജയലക്ഷമിയുടേയുമൊക്കെ കവിതകളിൽ കടന്നു വരുന്നുണ്ട്.

**5.3.5** സ്ത്രീവാദം, ദളിത്വാദം പാരിസ്ഥികാവബോധം ഇവയിലൂടെയൊക്കെ രൂപപ്പെട്ടുവന്ന പുതിയ ഭാവുകത്വപരിസരം ജന്മം നൽകിയ കവിതകളാണ് തൊണ്ണൂറുകളുടെ ആരംഭം തൊട്ടിങ്ങോട്ട് മലയാള കവിതയിൽ വ്യത്യസ്താനുഭവങ്ങൾ സൃഷ്ടിച്ചത്. സ്ത്രീക്ക് മാത്രം സാധ്യമാകുന്ന ചില കാഴ്ചകളിലൂടെയും ശരീരതലത്തിൽ സ്ത്രണയാനുഭവത്തിനുള്ള വ്യത്യസ്തതകൾ സൂക്ഷമതയോടെ അടയാളപ്പെടുത്തുന്നതിലൂടെയുമൊക്കെയാണ് പുതിയ സ്ത്രീകവിത ശ്രദ്ധേയമാകുന്നത്. സ്ത്രീയെ അലങ്കാരവസ്തുവോ ഉപഭോഗവസ്തുവോ അടിമയോ ഒക്കെയായി കണക്കാക്കുന്ന സാമൂഹികാവസ്ഥയും സ്ത്രീയുടെ സ്വതന്ത്രമായ ചലനങ്ങൾക്ക് കൂച്ച് വിലങ്ങിടുന്ന നിയമങ്ങൾ സൃഷ്ടിച്ച പുരുഷാധിപത്യവും സ്ത്രീക്ക് എല്ലാ സ്വാതന്ത്ര്യവും നൽകുന്നു എന്ന പുരുഷവാദങ്ങളും എല്ലാം പുതിയ സ്ത്രീകവിതകൾ പ്രശ്നവത്ക്കരിക്കുന്നു. സ്ത്രീകൾ അനുഭവിച്ച് പോരുന്ന അടിച്ചമർത്തലുകൾക്കും അവഗണനകൾക്കുമെതിരെ അനുഭവപരമായ സത്യസന്ധത നിലനിർത്തിക്കൊണ്ട് തങ്ങളെക്കുറിച്ച് അവതരിപ്പിച്ച് മലയാള കവിതയിൽ പ്രത്യക്ഷമായിത്തന്നെ സ്ത്രീകർതൃത്വനിർമ്മിതി നടത്തുന്ന എഴുത്തുകാരികളുടെ ഒരു നിരതന്നെ ഇന്നു കാണാം. വിജയലക്ഷ്മി, സാവിത്രി രാജീവൻ, വി.എം ഗിരിജ തുടങ്ങിയവർ ഇതിന്റെ തുടക്കക്കാരികളാണ് എന്ന് വിലയിരുത്താം.

പുരുഷാധിപത്യത്തിന് എതിരെയുള്ള സ്ത്രീയുടെ അടക്കാനാവാത്ത സ്വാതന്ത്ര്യമോഹവും മാതൃസത്തയുടെ തീക്ഷണതയുമാണ് 'മൃഗശിക്ഷകൻ', 'തച്ചന്റെ മകൾ' തുടങ്ങിയ വിജയലക്ഷ്മിക്കവിതകളിൽ തെളിയുന്നത്. 'പ്രതിഷ്ഠ', 'ചരിവ്'' തുടങ്ങിയ കവിതകളിലൂടെ സമകാലിക സമൂഹത്തോട് ശക്തമായി പ്രതികരിക്കുന്നുണ്ട് സാവിത്രി രാജീവൻ. പുരുഷനും പിതൃആധിപത്യപരമായ സമൂഹവും സ്ത്രീയേയും പ്രകൃതിയേയും അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയും ചെയ്യുന്നത് തിരിച്ചറിഞ്ഞ് മോചനം ചൂഷണ വിധേയമായ സകലതിനും ആവശ്യമാണെന്ന പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ചിന്തകൾ വി.എം.ഗിരിജയുടെ കവിതകളിൽ ശക്തമായി കാണാം. സ്ത്രീയുടെ സാമൂഹ്യ പരിമിതികളെ മുറിച്ച് കടക്കാനുള്ള ത്വര

യാണ് റോസ്മേരിയുടെ കവിതകൾ. ഗിരിജ.പി.പാതേക്കര, വിജില ചിറപ്പാട്, അമൃത, കണിമോൾ, ലോപ തുടങ്ങി ഇക്കാലത്ത് ഉയർന്ന്വരുന്ന ഒട്ടേറെ കവയിത്രികൾ ഉണ്ട്. വിജില ചിറപ്പാട്, സതി അങ്കാമാലി എന്നിവരുടെ കവിതകളിൽ ദളിത് സ്ത്രീ സ്വത്വത്തിന്റെ ആവിഷ്ക്കാരവും സ്ഥാപനവുമാണ് കാണുന്നത്.അതിലൂടെ മലയാളകവിതയിൽ ദളിത് സ്ത്രീകർതൃത്വനിർമ്മിതി അവർ സാധിച്ചെടുക്കുന്നു. ഇവരുടെയെല്ലാം കവിതകളിൽ പുരുഷാധിപത്യ നകരവത്കൃത സമൂഹത്തിനും ഉപഭോഗസംസ്കാരത്തിനും ഇടയിൽ ചവിട്ടിമെതിക്കപ്പെട്ട സ്ത്രീ സ്വത്വത്തിന്റെ ആവിഷ്കരണങ്ങളാണ് കാണുന്നത്.

**5.3.6** പ്രണയസങ്കല്പങ്ങളിൽ ആധുനികകാലത്തെയും ആധുനികാനന്തരകാലത്തെയും കവയിത്രികളെല്ലാം വൈവിധ്യം പുലർത്തുന്നു. സഫലപ്രണയങ്ങളും തിരസ്കൃത പ്രണയങ്ങളും ഏകപക്ഷീയ പ്രണയങ്ങളും ആദർശാത്മകപ്രണയങ്ങളും ഒട്ടുമിക്ക കവയിത്രികളുടെയും രചനകളിൽ കടന്നുവരുന്നുണ്ട്. ആധുനികാനന്തരഘട്ടത്തിലെ സ്ത്രീകവിതകളിൽ അനശ്വരമായ ഒരു പ്രണയസങ്കല്പം കാണാൻ കഴിയുന്നില്ല. പ്രണയാവിഷ്കാരങ്ങളിലൂടെ ഭാവുകത്വപരമായ പരിണാമം സൃഷ്ടിക്കാൻ സ്ത്രീകവിതകൾക്ക് കഴിയുന്നുണ്ട്. രമണൻ പോലൊരു ജനപ്രിയ പ്രണയകാവ്യത്തെ തിരിച്ചിട്ടുകൊണ്ട് എഴുതിയ ചന്ദ്രിക എന്ന വിജയലക്ഷ്മി കവിത ആ മാറ്റം സൂചിപ്പിക്കുന്നു. പ്രണയത്തെ സ്വന്തം അനുഭവപക്ഷത്തുനിന്ന് ആവിഷ്ക്കരിക്കുന്ന അവസ്ഥ ഈ കവിതകളിലെല്ലാം കാണാം. ആദർശവത്ക്കരിക്കപ്പെട്ട പ്രണയം, ദാമ്പത്യം, മാതൃത്വം എന്നിവയെല്ലാം പുതിയ സ്ത്രീകവിതകൾ പ്രശ്നവത്ക്കരിക്കുന്നു.

**5.3.7** ഭക്തിപരമായ കവിതകളിൽ കൂടുതലും സ്ത്രീ കവികൾ ആവിഷ്കരിച്ചിരിക്കുന്നത് ശ്രീകൃഷ്ണ ഭക്തിയാണ്. ശ്രീകൃഷ്ണനോടുള്ള ഭക്തി കലർന്ന പ്രണയമാണ് മിക്ക കവിതകളിലും കാണാൻ കഴിയുന്നത്. സുഗതകുമാരി കവിതകൾ തന്നെയാണ് അതിന് മികച്ച ഉദാഹരണം.

**5.3.8** ബാലാമണിയമ്മ, സുഗതകുമാരി, വിജയലക്ഷമി, ഗീതാഹിരണ്യൻ, ലളിതാലെനിൻ, പ്രമീളാദേവി തുടങ്ങിയ കവയിത്രികളെല്ലാം പുരാണങ്ങളുടെ പുനരാഖ്യാനത്തിലൂടെ മിത്തുകളിൽ പ്രകടമാകുന്ന സ്ത്രീ വിരുദ്ധ ആശയങ്ങളെ തുറന്നു കാണിക്കുന്ന കവിതകൾ രചിച്ചിട്ടുണ്ട്. ഇതിഹാസങ്ങളിലും പുരാണങ്ങളിലും വരെ സ്ത്രീ നിഷേധങ്ങൾ പ്രകടമാണെന്ന് മിത്തുകളുടെ അപനിർമ്മാണത്തിലൂടെയും പുനരാഖ്യാനത്തിലൂടെയും ഈ കവയിത്രികൾ വ്യക്തമാക്കുന്നു.

**5.3.9** സമൂഹത്തെ  സ്വന്തം കാഴ്ച്ചപ്പാടിലൂടെ ആവിഷ്കരിച്ചുകൊണ്ട് സ്ത്രീകവി താരംഗത്ത് പ്രമേയ സ്വീകരണത്തിൽ വലിയൊരു മാറ്റം കൊണ്ടുവരാൻ കവയിത്രി കൾക്ക് കഴിഞ്ഞിട്ടുണ്ട്.

**5.3.11** ആധുനികതയിൽ നിന്നും വ്യത്യസ്തമായി ആധുനികാനന്തര മലയാള കവിത യിൽ സ്ത്രീ എഴുത്തുകാർ വളരെയധികം കടന്നുവന്നിരിക്കുന്നു. മാറുന്ന ഭാവുകത്വ ങ്ങളേയും സൗന്ദര്യാവബോധത്തേയും അടയാളപ്പെടുത്തുന്ന ഒട്ടനവധി പെൺകവി തകളെ വർത്തമാനകാലത്തിൽ വായിച്ചെടുക്കാം. മുഴുവൻ ജീവിത വ്യവഹാര മേഖ ലകളിലേക്കും സ്ത്രീകൾ കടന്നുചെന്ന് സ്ത്രീയുടെ സ്വത്വവും കർതൃത്വവും സ്ഥാപിച്ചെടുത്തെങ്കിൽ മാത്രമേ പുരുഷനിർമ്മിത സ്ത്രീ സങ്കല്പത്തെ പുനർനിർമ്മി ക്കാൻ കഴിയൂ എന്ന അവബോധമാണ് സമകാലീന പെൺകവിതകളെ മുന്നോട്ട് നയിക്കുന്നത്. സ്ത്രീയുടെ കാഴ്ചകളും അഭിരുചികളും അനുഭവങ്ങളും ചിന്തകളും ആവിഷ്കാര രൂപം നേടുമ്പോൾ വ്യവസ്ഥാപിത കാവ്യ സൗന്ദര്യ ശാസ്ത്രവും പുരുഷ നിർമ്മിതഭാഷാ ഘടനയുമെല്ലാം മാറ്റങ്ങൾക്ക് വിധേയമാകുന്നു. വർത്തമാന കാലത്തും സ്ത്രീകൾക്ക് നേരെയുള്ള ചൂഷണം നാടുവാഴിത്തകാലത്തിനേക്കാൾ വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന ബോധ്യമാണ് സമകാലീന പെൺ കവിത കൾ മുന്നോട്ട് വയ്ക്കുന്നത്.

## 5.4 നിർദ്ദേശങ്ങൾ

ഈ പ്രബന്ധത്തിലൂടെ സാധ്യമായ സ്ത്രീകവിതാചരിത്രനിർമ്മിതിയിൽ നിന്ന് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

**5.4.1** സൈബർ രംഗത്ത് മാത്രമുള്ള സ്ത്രീ കവിതകൾ പഠനവിധേയമാക്കാവുന്നതാ ണ്. വെബ്മാഗസിനുകളിലൂടെയും ബ്ലോഗുകകളിടേയും ഫെയ്സ്ബുക്കിലൂടെയും ധാരാളം സ്ത്രീകൾ ഇന്ന് കവിതയെഴുതികൊണ്ടിരിക്കുന്നു. കവിതയെഴുത്തുകാർ കൂടുന്നതിനനുസരിച്ച് ഓൺലൈൻ മാസികകളും കൂടി വരുന്നു. ഈ പശ്ചാതല ത്തിൽ സൈബർ രംഗത്തെ സ്ത്രീകവിതകൾ സമാഹരിച്ച് പഠനവിധേയമാക്കാവുന്ന താണ്.

**5.4.2** മറ്റു ഭാഷകളിലെ സ്ത്രീ കവിതകളുമായുള്ള താരതമ്യ പഠനത്തിന് സാധ്യത യുണ്ട്.  മലയാളത്തിലെ  സ്ത്രീകവിതകൾ ഇന്ത്യയിലെ മറ്റുഭാഷകളിലെ സ്ത്രീകവി

തകളുമായും  ലോകത്തിലെ തന്നെ മറ്റുഭാഷകളിലെ സ്ത്രീകവിതകളുമായും താരതമ്യം ചെയ്യാവുന്നതാണ്.

# ഗ്രന്ഥസൂചി


1. അജയകുമാർ.എൻ, 2001 ***ആധുനികത മലയാളകവിതയിൽ***
ചങ്ങനാശ്ശേരി: താരതമ്യ പഠന സംഘം
2. ____________, 2008. ***കവിതയുടെ വഴികൾ***
ശുകപുരം: വള്ളത്തോൾ വിദ്യാപീഠം
3. അപ്പൻ.കെ.പി. 1998, ***ഉത്തരാധുനികത വർത്തമാനവും വംശാവലിയും***
കോട്ടയം: ഡി.സി.ബുക്സ്.
4. അപ്പുണ്ണി മലയത്ത്, 2007, ***തമിഴ് സംഘകാലകവിതകൾ***
മാതൃഭൂമി ബുക്സ്
5. അനിത തമ്പി, 2004, ***മുറ്റമടിക്കുമ്പോൾ***
തൃശ്ശൂർ: കറന്റ് ബുക്സ്
6. ____________, 2010, ***അഴകില്ലാത്തവയെല്ലാം***
തൃശ്ശൂർ: കറന്റ് ബുക്സ്.
7. അനിത പ്രേംകുമാർ, 2017, ***പ്രണയമഷി***
തിരുവനന്തപുരം: ബുദ്ധാ ബുക്സ്.
8. അഭിരാമി, 2014, ***തിരക്കില്ലെങ്കിൽ ഒന്നു കേൾക്കൂ***
കോട്ടയം: ഡി.സി.ബുക്സ്
9. അമൃത, 2007, ***ജന്മം തീരുവോളം***
തൃശ്ശൂർ: കറന്റ് ബുക്സ്.
10. അരവിന്ദാക്ഷൻ, 2002, ***കവിതയിലെ സ്ഥലകാലങ്ങൾ***
തൃശ്ശൂർ: കറന്റ് ബുക്സ്.
11. അല്ലി, 2017, ***നിന്നിലേക്കുള്ള വഴികൾ***
കോട്ടയം: ഡി.സി.ബുക്സ്.
12. ആനന്ദ് കാവാലം, 2013, ***മലയാള കവിതയും പരിസ്ഥിതിയും***
തൃശ്ശൂർ: കറന്റ് ബുക്സ്.
13. ആര്യാംബിക, 2017, ***കാട്ടിലോടുന്ന തീവണ്ടി***
കോട്ടയം: ഡി.സി.ബുക്സ്.
14. ____________, 2010, ***തോന്നിയപോലൊരു പുഴ***
കോട്ടയം: ഡി.സി.ബുക്സ്.

15. ആശാലത 2001, ***കടൽപച്ച***

ഹോം പേജ് കാലിക്കറ്റ് യൂണിവേഴ്സിറ്റി

16. ആശാലത.വി, 1998, ***ഭാവാവിഷ്കാരം***

സുഗതകുമാരിക്കവിതകളിൽ, വിജ്ഞാന കൈരളി, വാല്യം 27, ലക്കം 1

17. ഇന്ദിരാ അശോക്, 2013, ***നിലാവെഴുതുമ്പോൾ***

കോട്ടയം: ഡി.സി.ബുക്സ്.

18. ____________2010 ***ശംഖ്***

കോട്ടയം: ഡി.സി.ബുക്സ്

19. ഇന്ദിരാദേവി.കെ., 1988, ***താമരപ്പൂക്കൾ***

കോട്ടയം: നാഷ്ണൽ ബുക്ക് സ്റ്റാൾ

20. ഉഷ.ഒ.വി,1999, ***സ്നേഹഗീതങ്ങൾ***

കോട്ടയം:ഡിസി ബുക്സ്

21. ____________,2003,***അഗ്നിമിത്രന്നൊരു കുറിപ്പ്***

തിരുവനന്തപുരം പ്രഭാത് ബുക്ക് ഹൗസ്

22. ____________., 2017 ***ഒറ്റച്ചുവട്***

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്

23. ഉണ്ണിക്കിടാവ്.കെ, 2007, ***സംഘകാല കൃതികളിലെ തമിഴ് സംസ്കാരം***

തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

24. എഴുത്തച്ഛൻ.കെ.എൻ., 1999, ***കറുന്തൊക***

തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

25. കനകശ്രീ, 1990, ***കനകശ്രീക്കവിതകൾ***

കോട്ടയം: നാഷ്ണൽ ബുക്ക് സ്റ്റാൾ.

26. കണിമോൾ, 2010, ***ആരൂഢം***

നൂറനാട്: ഉണ്മ പബ്ലിക്കേഷൻസ്

27. ____________, 2010, ***ഫൂട്പാത്തിലൊരു ഉറുമ്പ്***

കോട്ടയം ഡി.സി.ബുക്സ്.

28. ____________, 2013, ***ഉന്മാദികൾക്ക് ഒരു പൂവ്***

കോട്ടയം: ഡി.സി.ബുക്സ്.

29. കയ്യുമ്മു കോട്ടപ്പടി, 2013, ***കയ്യുമ്മു കവിതയുടെ പ്രണയം***

കോഴിക്കോട്: കേരള ബുക്ക് ട്രസ്റ്റ്

30. കവിതാ ബാലകൃഷ്ണൻ, 2007, ***ഞാൻ ഹാജരുണ്ട്***

കോട്ടയം: ഡി.സി.ബുക്സ്.

31. കാവിൽപ്പാട്.എ.ബി.വി., 2005, ***കവികളും കവിതാശകലങ്ങളും***
എച്ച് & സി തൃശ്ശൂർ
32. കുമാരനാശാൻ, 1933, ***ആശാന്റെ പദ്യകൃതികൾ***
ഡി സി ബുക്സ് കോട്ടയം
33. കൃഷ്ണപിള്ള.എൻ., 1958, ***കൈരളിയുടെ കഥ***
കോട്ടയം: നാഷ്ണൽ ബുക്ക് സ്റ്റാൾ
34. കൃഷ്ണവാരിയർ.എൻ.വി., 1981, ***അകം കവിതകൾ***
തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി
35. ഗിരിജ.വി.എം, 2011, ***പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരം***,
മാതൃഭൂമി ബുക്സ്
36. ___________, 2003, ***ജീവജലം***
തൃശ്ശൂർ കറന്റ് ബുക്സ്
37. ___________. 2015 ***ഇരുപക്ഷം പെടുമിന്ദുവല്ല ഞാൻ***
സൈകതം ബുക്സ്
38. ഗിരിജ.പി. പാതേക്കര, 2012, ***പെൺപിറവി***
കോട്ടയം: ഡി.സി.ബുക്സ്
39. ഗീത, 1997, ***കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്***
തൃശ്ശൂർ: കറന്റ് ബുക്സ്
40. ___________ 2005 ***പേറ്റുനോവും ഇറ്റുപുണ്യവും***
കോഴിക്കോട്: മാതൃഭൂമി ബുക്സ്
41. ___________ 2006 ***പ്രണയം, ലൈംഗികത, അധികാരം***
കോട്ടയം: കറന്റ് ബുക്സ്
42. ___________, 2006, ***ആര്യമാകിലുമാനാര്യമാകിലും***
തിരുവനന്തപുരം: പ്രഭാത് ബുക് ഹൗസ്
43. ___________, 2010, ***പെൺകാലങ്ങൾ***
തൃശ്ശൂർ: കറന്റ് ബുക്സ്
44. ___________, 2014, ***എഴുത്തമ്മമാർ***
തിരുവനന്തപുരം: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
45. ഗീതാസ്വരാജ്, 1991, ***തോട്ടയ്ക്കാട്ട് ഇക്കാവമ്മ***
സാഹിത്യലോകം, പുസ്തകം 16, ലക്കം 3
46. ഗോപാലകൃഷ്ണൻ.പി.കെ., 2000, ***കേരളത്തിന്റെ സാംസ്കാരിക ചരിത്രം***
തിരുവനന്തപുരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

47. ഗോവിന്ദപിള്ള.പി., 1881, ***മലയാളഭാഷാ ചരിത്രം***

കോട്ടയം നാഷ്ണൽ ബുക്ക് സ്റ്റാൾ

48. ചുമ്മാർ.ടി.എം., 1984, ***പദ്യ സാഹിത്യ ചരിത്രം***

കോട്ടയം നാഷ്ണൽ ബുക്ക് സ്റ്റാൾ

49. ജയകുമാർ വിജയാലയം, 1998 ***ബാലാമണിയമ്മ കവിതയിലെ ശാലീന സൗന്ദര്യം***,

വിജ്ഞാന കൈരളി, വാല്യം 29, ലക്കം 10

50. ജയകൃഷ്ണൻ.എൻ.,(എ.സി), 2011, ***പെണ്ണെഴുത്ത്***

തിരുവനന്തപുരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

51. ജയശ്രീ, 1998, ***കാതോർത്ത്***

ഹൈടെക് ബുക്ക്സ്

52. ജെനി ആൻഡ്രൂസ്, 2014, ***ഏഴാം നാൾ***

കോട്ടയം ഡി.സി.ബുക്സ്

53. ജോർജ്ജ്.കെ.എം. (എ.സി), 1998, ***ആധുനിക മലയാള സാഹിത്യ ചരിത്ര പ്രസ്ഥാനങ്ങളിലൂടെ***

കോട്ടയം ഡി.സി. ബുക്ക്സ്

54. ജോർജ്ജ്.സി.ജെ. 1996 ***ആധുനികാനന്തര സാഹിത്യസമീപനങ്ങൾ***

ബുക്ക്വേം തിയററ്റിക്കൽ സീരിസ്

55. ജ്യോതിലക്ഷമി.പി.എസ്.(എ.സി), 2013, ***സ്ത്രൈണ സർഗ്ഗാത്മകത എഴുത്തും എഴുത്തുകാരികളും***

ആലപ്പുഴ മലയാള വിഭാഗം സെന്റ് ജോസഫ് കോളേജ് ഫോർ വിമൺ

56. ദേവി, 1995, ***മൃൺമയി***

തൃശ്ശൂർ കറന്റ് ബുക്സ്

57. ദേവിക.ജെ., 2000, ***സ്ത്രീവാദം***

കോട്ടയം ഡി.സി.ബുക്ക്

58. നാരായണൻ കടത്തനാട്, 2007, ***മാധവിയമ്മ: കവിതയുടെ ഗ്രാമശ്രീ***

തൃശ്ശൂർ കേരള സാഹിത്യ അക്കാദമി

59. പരമേശ്വരൻ പിള്ള.വി.ആർ., 1969, ***പുറംനാനൂറ്***

തൃശ്ശൂർ കേരള സാഹിത്യ അക്കാദമി

60. പരമേശ്വരൻപിള്ള എരുമേലി (പ്രൊഫസർ) 2012, ***മലയാള സാഹിത്യം കാല ഘട്ടങ്ങളിലൂടെ***

തൃശ്ശൂർ കറന്റ് ബുക്സ്

61. പവിത്രൻ.പി, 1998, ***വിമോചിത സ്ത്രീഭാവുകത്വത്തിലേക്കുള്ള ചുവട് സാഹിത്യലോകം***

വാല്യം 19

62. പൊന്നമ്മ.ടി.എസ്., 1986, ***നീ എന്നെ വിളിച്ചു***

കോട്ടയം നാഷ്ണൽ ബുക്ക് സ്റ്റാൾ

63. __________., 1985, ***രാജഹംസം***

കോട്ടയം നാഷ്ണൽ ബുക്ക് സ്റ്റാൾ

64. പോക്കർ.പി.കെ., 1996, ***ആധുനികോത്തരയുടെ കേരളീയ പരിസരം***

കാലിക്കറ്റ് യൂണിവേഴ്സിറ്റി ലെഫ്റ്റ് ബുക്സ്

65. പോൾ.എം.എസ്., 2010, ***ഉത്തരാധുനിക കവിതാ പഠനങ്ങൾ***

തിരുവനന്തപുരം : റെയിൻബോ ബുക്സ്

66. പ്രകാശ്.കെ.എസ്. 2011 ***പരിസ്ഥിതി ദലിതെഴുത്ത് പെണ്ണെഴുത്ത്*** കേരളസർവ്വ കലാശാല

67. പ്രഭാകരൻ.എൻ., 2017, ***കവിതയുടെ കാതൽ***

തൃശ്ശൂർ: കൈരളി ബുക്സ്

68. പ്രമീളാദേവി, 1995, ***നിഷാദം***

തൃശ്ശൂർ: കറന്റ് ബുക്സ്

69. ___________, 1999, ***രാമേശ്വരം കടൽ***

തൃശ്ശൂർ: കറന്റ് ബുക്സ്

70. ബിലു.സി.നാരായണൻ, 2004, ***പ്രണയത്തിൽ ഒരു ആത്മകഥ***

തൃശ്ശൂർ: കറന്റ് ബുക്സ്

71. ബിന്ദു കൃഷ്ണൻ, 2008, ***തൊട്ടാൽ വാടരുത്***

തൃശ്ശൂർ: കറന്റ് ബുക്സ്

72. പ്രസാദ് സി.ആർ 2005 ***മലയാളകവിത ആധുനികാനന്തരം***

റെയ്ൻബോ ബുക്സ്

73. പാർവ്വതിദേവി.ആർ, 1996, ***ഇതിഹാസങ്ങളും സ്ത്രീചിന്തയും***

സംസ്കാര കേരളം പുസ്തകം 10, ലക്കം 3

74. മാധവിക്കുട്ടി.കെ.വാര്യർ, ***പ്രതിഷ്ഠ***

കൈലാസ മിത്രം കോട്ടയ്ക്കൽ

75. മാധവിയമ്മ, കടത്തനാട്ട്, 1969, ***കണിക്കൊന്ന***

കോട്ടയം: നാഷ്ണൽ ബുക്സ് സ്റ്റാൾ

76. ___________, 1984, ***ഗ്രാമശ്രീകൾ***

കോഴിക്കോട്: പി.കെ.ബ്രദേഴ്സ്

77. ____________,1990,***കടത്തനാട്ട് മാധവിയമ്മയുടെ കവിതകൾ***

മാതൃഭൂമി ബുക്സ്

78. മായ.കെ.ആർ, 2009, ***ചില്ലുപ്രതലത്തിൽ പ്രകാശങ്ങൾക്കു സംഭവിക്കുന്നത്***

തിരുവനന്തപുരം മൈത്രി ബുക്സ്.

79. മിനിപ്രസാദ്, 2009, ***സ്ത്രീ പരിസ്ഥിതി ആത്മീയത***

തിരുവല്ല: ക്രൈസ്തവ സാഹിത്യ സമിതി

80. മീനാക്ഷി സുന്ദരൻ.ടി.ടി (വിവർത്തനം മൃദുല, വാസന്തി) 1974 തമിഴ് സാഹിത്യ ചരിത്രം

81. മുരളി കവിയൂർ, 1999, ***പുറം നാനൂറ്***

ഒരു പഠനം കോട്ടയം ഡി.സി.ബുക്സ്

82. മേരി ബെനീഞ്ഞ സിസ്റ്റർ, 1997 ***ബനീഞ്ഞാ കവിതകൾ*** (സമ്പൂർണ്ണ സമാഹാരം)

കോട്ടയം: ഡി.സി. ബുക്സ്

83. മേലങ്ങത്ത് നാരായണൻകുട്ടി, വിവർത്തനം 2000 ***പത്തുപാട്ട്***

തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി)

84. ____________, 1923, ***ചെന്തമിഴ് മുത്തുകൾ***

കോട്ടയം: നാഷ്ണൽ ബുക്ക് സ്റ്റാൾ മേലങ്ങത്ത് നാരായണൻകുട്ടി, കളമൊഴി, കോട്ടയം നാഷ്ണൽ ബുക്ക് സ്റ്റാൾ

85. ____________,2003, ***സംഘസാഹിത്യ ചരിത്രം***

തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

86. മ്യൂസ് മേരി, 2008, ഇസ്പേഡിറാണി

എറണാങ്കുളം: ഗ്രേ പ്രയേർസ് പബ്ലിക്കേഷൻസ്

87. രവിവർമ്മ ആമൂർ, 1996 ***പുതുമൊഴിവഴികൾ***

തൃശ്ശൂർ: കറന്റ് ബുക്സ്

88. രവീന്ദ്രൻ.എൻ.കെ. 2010, ***പെണ്ണെഴുതുന്ന ജീവിതം***

കോഴിക്കോട് : മാതൃഭൂമി ബുക്സ്

89. രവീന്ദ്രൻ.പി.പി., 1997, ***ഇടപെടലുകൾ!സാഹിത്യം,സിദ്ധാന്തം, രാഷ്ട്രീയം***

കോട്ടയം: ഡി.സി. ബുക്സ്

90. രവീന്ദ്രൻ, 1997, ***ആധുനികാനന്തരം വിചാരം***

വായന തൃശ്ശൂർ: കറന്റ് ബുക്സ്

91. രശ്മി ബിനോയ്, 2008, ***ചരിത്രത്തിലെ പെണ്ണിടങ്ങൾ***

തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

92. രാജലക്ഷ്മി, 2000, ***പറഞ്ഞില്ല നിന്നോട്***

തൃശ്ശൂർ: കറന്റ് ബുക്സ്

93. രാജശേഖരൻ.എസ്., 2010, ***മലയാള ഭാഷയും സാഹിത്യവും***

തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്

94. ____________, 2010, ***പരിസ്ഥിതിദർശനം മലയാള കവിതയിൽ***

തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

95. രതി മേനോൻ, 2012, ***ബാലാമണിയമ്മ കവിതയും ജീവിതവും***

തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി)

96. രാധാമണി അയിങ്കലത്ത്, 2006, ***ഒറ്റപക്ഷി സ്വപ്നം കാണുന്നു***

(കവിതകൾ) എടപ്പാൾ ശുകപുരം പുസ്തകസദസ്സ്

97. രാമകൃഷ്ണൻ.ഇ.വി.(എസി), 1994, ***സ്ത്രീ സ്വത്വം, സമൂഹം***

മാധവിക്കുട്ടി പഠനങ്ങൾ, കോഴിക്കോട് പൂർണ്ണ പബ്ലിക്കേഷൻസ്

98. ____________., 2011, ***മാധവിക്കുട്ടി പഠനങ്ങളും രചനകളും***

കോട്ടയം ഡി.സി.ബുക്സ്

99. രാമചന്ദ്രൻ നായർ പന്മന (എ.സി) 2008, സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം

കോട്ടയം: കറന്റ് ബുക്സ്

100. ലതികാ നായർ, 1983, ***ആദിതാളം***

കോട്ടയം നാഷ്ണൽ ബുക്ക് സ്റ്റാൾ

101. ____________, 2007**, *കറുകമഴ***

യവനിക പബ്ലിക്കേഷൻസ്

102. ലളിതാംബികാ അന്തർജ്ജനം, 2010, ***അന്തർജ്ജനത്തിന്റെ സമ്പൂർണ്ണ കവിതകൾ***

കോട്ടയം: നാഷണൽ ബുക്സ്റ്റാൾ

103. ____________, 2013, ***മായാത്ത മഴവില്ല്***

കോട്ടയം:നാഷണൽ ബുക്സ്റ്റാൾ

104. ലളിത ലെനിൻ, 1976,**കരിങ്കിളി**

കോട്ടയം:നാഷണൽ ബുക്സ് സ്റ്റാൾ

105. ____________1995, **കർക്കടകവാവ്,**

തിരുവനന്തപുരം: പരിധി പബ്ലിക്കേഷൻസ്

106. ____________2000, **നമുക്കുപ്രാർത്ഥിക്കാം**

കോട്ടയം:ഡി സി ബുക്സ്

107. ലക്ഷ്മീവേദി.എസ്., 1977, ***ഇരുൾ ചിന്തകൾ***
തൃശ്ശൂർ: കറന്റ് ബുക്സ്

108. എം.ലീലാവതി, 1980, ***മലയാള കവിതാ സാഹിത്യ ചരിത്രം***
തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

109. ___________,2000 ***ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം***
തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്

110. ___________, 2000, ***സാഹിത്യ നിരൂപണത്തിലെ ദിശാബോധം***
തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

111. ___________, 2008, ***സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യ ത്തിൽ***
തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

112. ___________, 2009, ***ബാലാമണിയമ്മയുടെ കവിതാലോകങ്ങൾ***
കോഴിക്കോട് : മാതൃഭൂമി ബുക്സ്

113. ___________2019, ലീലാവതിയുടെ പദ്യകൃതികൾ
തൃശ്ശൂർ: ഗയ പുത്തകച്ചാല

114. ലോപ, 2011, ***പരസ്പരം***
കോട്ടയം ഡി.സി. ബുക്സ്

115. ___________2015, ***വൈക്കോൽ പാവ***
കോട്ടയം ഡി.സി. ബുക്സ്

116. വിജയലക്ഷ്മി, 2010, ***വിജയലക്ഷ്മിയുടെ കവിതകൾ*** (1980 – 2010) കോട്ടയം: ഡി.സി. ബുക്സ്

117. ___________, 2013, ***ജ്ഞാന മഗ്ദലന***
കോട്ടയം: ഡി.സി. ബുക്സ്

118. വിജില ചിറപ്പാട്, 2006, ***അടുക്കളയില്ലാത്ത വീട്***
(കവിതകൾ) ഇന്ത്യൻ ട്രൂത്ത് പബ്ലിക്കേഷൻസ്

119. ___________, 2009, ***അമ്മ ഒരു കാല്പനിക കവിതയല്ല***
മൈത്രി ബുക്ക് തിരുവനന്തപുരം

120. വിശ്വനാഥൻ നായർ.പി., നെന്മാറ 1981, ***അകംനാനൂറ്***
തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

121. വെർജീനിയ വുൾഫ് 2004 ***എഴുത്തുകാരിയുടെ മുറി.***
കോഴിക്കോട്: മാതൃഭൂമി ബുക്സ്

122. ശങ്കരപ്പിള്ള കെ.ജി. 1994 പെൺവഴികൾ കലാക്ഷേത്രം പബ്ലിഷിങ്ങ്

123. ശാരദകുട്ടി.എസ്. 2007, ***പെൺവിനിമയങ്ങൾ***

കോട്ടയം: ഡി.സി. ബുക്സ്

124. ശാരദാമണി.കെ. 1999 ***സ്ത്രീ, സ്ത്രീവാദം, സ്ത്രീവിമോചനം***

കോട്ടയം : ഡി.സി.ബുക്സ്

125. ശാലിനി ദേവാനന്ദ്, 2014, ***അക്ഷരത്തുട്ടുകൾ***

തൃശ്ശൂർ: കറന്റ് ബുക്സ്

126. ശിവകാമി, 2015, ***ഭൂമിപെണ്ണ്***

തൃശ്ശൂർ: കറന്റ് ബുക്സ്

127. ശ്രീദേവി.എസ്.കർത്ത, 2008, ***കണ്ടെന്നുള്ളവൾ കണ്ടതേയില്ലെന്നും***

തൃശ്ശൂർ: കറന്റ് ബുക്സ്

128. ശ്രീധരമേനോൻ, 2001, ***കേരളചരിത്രം***

മദ്രാസ് എസ്. വിശ്വനാഥൻ പ്രിന്റേഴ്സ് & പബ്ലിക്കേഷൻസ്

129. ശ്രീജ.പി., 2017, ***കൈയ്യൊപ്പ്***

തൃശ്ശൂർ: ലാൽ ബുക്സ്

130. ശ്രീജൻ.വി.സി. 1999 ***ആധുനികോത്തരത വിശകലനവും വിമർശനവും***

കോട്ടയം: നാഷ്ണൽ ബുക്ക്സ്റ്റാൾ

131. ഷീബ ദിവാകരൻ, 2014, ***പെൺകവിത മലയാളത്തിൽ***

തിരുവനന്തപുരം: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

132. സച്ചിദാനന്ദൻ 1990 ***സ്ത്രീപഠനങ്ങൾ***

ബോധി പബ്ലിഷിങ്ങ് ഹൗസ്

133. ___________,(എസി) 2003, ***കവിതാ വർഷം***

തൃശ്ശൂർ: ഗ്രീൻ ബുക്സ്

134. ___________,2011, ***മലയാള കവിതാ പഠനങ്ങൾ***

കോഴിക്കോട് : മാതൃഭൂമി ബുക്സ്

135. സംപ്രീത, 2007,***ഇലയിടംകവിതകൾ***

കോഴിക്കോട് ഒലിവ് പബ്ലിക്കേഷൻസ്

136. ___________, 2012, ***നീറ്റെഴുത്ത്***

കോട്ടയം ഡി.സി. ബുക്സ്

137. സരസ്വതി പൊന്നറ, 1984, ***അനർഘനിമിഷങ്ങൾ***

കോട്ടയം: വിദ്യാർത്ഥി മിത്രം ബുക്ക് ഡിപ്പോ

138. ___________, 1979, ***തിരക്കിനിടയിൽ***

കോട്ടയം: വിദ്യാർത്ഥി മിത്രം ബുക്ക് ഡിപ്പോ

139. ___________, ***അശാന്തി പർവ്വം***

2007 പ്രാഭാത് ബുക്ക് ഹൗസ്

140. സഹീറ തങ്ങൾ, 2011, ***ആശ്രമ കന്യക***

കോട്ടയം: ഡി.സി. ബുക്സ്

141. സരു ധന്വന്തരി, 2003, **അഗ്നിയാവുക നമ്മൾ**

കോട്ടയം : നാഷ്ണൽ ബുക് സ്റ്റാൾ

142. സന്ധ്യ.എൻ.പി., 2012, ***ശ്വസിക്കുന്ന ശബ്ദം മാത്രം***

തൃശ്ശൂർ : കറന്റ് ബുക്സ്

143. സാം.എൻ.(എസി) 2014 ***സമകാല മലയാള സാഹിത്യം***

തൃശ്ശൂർ : കറന്റ് ബുക്സ്

144. സാവിത്രി രാജീവൻ, 2009, ***സാവിത്രി രാജീവന്റെ കവിതകൾ***

കോഴിക്കോട് : മാതൃഭൂമി ബുക്സ്

145. സാഹിറ കുറ്റിപ്പുറം, 2016, ***അവൾ കവിത***

കോട്ടയം : പിസ്സോ ബുക്സ്

146. സുഗതകുമാരി 2006 ***സുഗതകുമാരിയുടെ സമ്പൂർണ്ണകൃതികൾ***

ഡി.സിബുക്സ് കോട്ടയം

147. സുജാത.ആർ, 1990, ***ഒറ്റക്കിളിയുടെ തേങ്ങൽ***

കോട്ടയം : നാഷ്ണൽ ബുക് സ്റ്റാൾ

148. സുരേന്ദ്രൻ.വി.യു, 2015, ***ചെറിയ മരത്തിൽ പിടിച്ച കാറ്റുകൾ***

പുതു കവിതാ പഠനങ്ങൾ, കോഴിക്കോട് : ഹരിതം ബുക്സ്

149. സുലോചന നാലപ്പാട്ട് (സമാഹരണം) 2005, ***ബാലാമണി അമ്മയുടെ കവിത കൾ***

മാതൃഭൂമി ബുക്സ്

150. സൂര്യ ബിനോയ്,2009, നിഴൽപ്പുര

കോട്ടയം:ഡിസി ബുക്സ്

151. സ്വപ്ന.കെ.കെ., 2011, ***മഴരാവുകൾ***

കോട്ടയം: ഡി.സി.ബുക്ക്സ്

152. റോസ്മേരി 1998 ***ചാഞ്ഞുപെയ്യുന്ന മഴ***

തൃശ്ശൂർ കറന്റ് ബുക്സ്

153. ___________2002 ***വേനലിൽ ഒരു പുഴ***

കറന്റ് ബുക്സ്

154. ___________2011 ***വാക്കുകൾ ചേക്കേറുന്നിടം***

കോട്ടയം ഡി.സി.ബുക്സ്

155. റോസക്കുട്ടി കാപ്പൻ , 1988, ***നിവേദിത***
എറണാകുളം: സെന്റ് പോൾസ് പബ്ലിക്കേഷൻസ്

156. ___________കാപ്പൻ , 1980, ***തീർത്ഥം***
ആലപ്പുഴ: പ്രകാശം പബ്ലിക്കേഷൻസ്

157. ___________കാപ്പൻ , 1997, ***രാജീവരത്നം***
കോഴിക്കോട് : ജനത ബുക്ക് സ്റ്റാൾ

158. ___________, 1977, ***ദീപശിഖ***
വിദ്യാർത്ഥി മിത്രം ബുക്ക് ഡിപ്പോ

159. ___________1997 ***റാണി***
കോട്ടയം: ദീപ്തി

## ആനുകാലികങ്ങൾ

1. അമ്മ.ഏ.എസ്സ് ***ഒരു ഹരിജന സ്ത്രീയോട്***
കവനമഞ്ജരി 1113 മീനം പുസ്തകം 3 ലക്കം

2. ___________, ***സദാ കാണണം***
കവനകൗതുകം 1973 ഡിസംബർ പുസ്തകം 7 ലക്കം 12

3. ഇക്കാവമ്മ പെരിഞ്ചേരി - ***ദീന പ്രലാപം***
1912 കവനകൗമുദി വാല്യം 7 നമ്പർ 1

4. ___________- ***ചരമദശകം***
കവനകൗമുദി, 1913 വാല്യം 8 നമ്പർ 4

5. ___________- ***വിവാഹമംഗളാശംസ***
കവനകൗമുദി 1092 ധനു വാല്യം 12 ലക്കം 2

6. ___________- ***സന്തോഷോദന്തം***
കവനകൗമുദി 1097 മിഥുനം

7. ഓമനയമ്മ വി.പി. കടത്തനാട്, ***ഒരനുനയം***
കവനകൗമുദി, 1101 മകരം 1 വാല്യം 9 നമ്പർ 11

8. ___________ വി.പി., ***മഴവില്ലുകണ്ടിട്ട്***
കവനകൗമുദി 1104 ധനു പുസ്തകം 24 നമ്പർ 3

9. ___________വി.പി. ***ഒരു നേരം പോക്ക്***
കവനകൗമുദി 1099 കർക്കടകം പുസ്തകം 19 നമ്പർ 10

10. ___________വി.പി., ***ഒരു മല്ലികയോട്***

കവനകൗമുദി, 1100 മിഥുനം & കർക്കടകം പുസ്തകം 20, നമ്പർ 9,10

11. ___________വി.പി., ***വിഹരിന്ന വിവാഹം അഥവാ ഒരു വിവാഹ പരിണാമം***

കവനകൗമുദി 109 മേടം നമ്പർ 3

12. കമലാദേവി.പി.എൻ., ***രാവണൻ***

കവനകൗതുകം, 1967 മാർച്ച് പുസ്തകം 2, ലക്കം 7

13. കല്യാണിയമ്മ.സി., ***അതാരായിടാം***

കവനകൗമുദി, 1104 കർക്കിടകം, പുസ്തകം 24, നമ്പർ 10, കവനകൗമുദി

14. കല്യാണിക്കുട്ടി തെക്കേകുന്നത്ത്, ***ഒരു കുരങ്ങന്റെ കൈയിൽപെട്ട മാല***

യവനകൗമുദി, 1914 വാല്യം 8, നമ്പർ 12

15. ___________, ***കുഞ്ഞാപ്പ***

കവനകൗമുദി, 1914, വാല്യം 9, നമ്പർ 6

16. ___________, ***സുമതി***

കവനകൗമുദി, വാല്യം 9 നമ്പർ 11

17. __________, ***തിരുവവതാരം***

കവനകൗമുദി 1088 മകരം പുസ്തകം 8 നമ്പർ 2

18. ___________,***ഓണക്കാലം***

യവനകൗമുദി, 1088, മകരം പുസ്തകം 8, നമ്പർ 2

19. കല്യാണിക്കുട്ടിയമ്മ.കെ., ***അന്ത്യശാസനം***

കവനമഞ്ജരി, 1111 കർക്കിടകം, പുസ്തകം 1, ലക്കം 12

20. കല്യാണിക്കുട്ടി കാരിങ്ങമണ്ണെ, ***തോണികളി***

കവനമഞ്ജരി, 1112 എടവം പുസ്തകം 2 ലക്കം 6

21. ___________,***അർപ്പണം***

കവനമഞ്ജരി, 1112 മകരം, കുംഭം പുസ്തകം

22. ___________, ***വീട്ടിലെ വിളക്ക്***

കവനമഞ്ജരി, 1113 കന്നി തുലാം പുസ്തകം 2, ലക്കം 10, 11

23. ___________***പ്രേമഗാനം***

കവനമഞ്ജരി, 1113, കുംഭം, പുസ്തകം 3 ലക്കം1

24. കല്യാണിക്കുട്ടി.കെ., ***അനദ്ധ്യായദിനം***, കവനമഞ്ജരി, 1112 ലക്കം 8

25. കല്യാണിക്കുട്ടി അമ്മച്ചി, ***മംഗളം***, കവനകൗതുകം, 1977 ജൂലായ് പുസ്തകം 11 ലക്കം 7

26. കൽക്കത്ത വി.എം. മിസ്സിസ്, ***കൽക്കത്തയിലെ ഇരുട്ടറ***
കവനകൗമുദി, 1104, ഇടവം, പുസ്തകം 24, നമ്പർ 8

27. ___________, ***അമൃതാലയം***
കവനകൗമുദി, 1104 പുസ്തകം 24, നമ്പർ 3

28. , ___________ ***ഞങ്ങളുടെ നേതാവ്,*** കവനകൗമുദി, 1105, വൃശ്ചികം വാല്യം 25, ലക്കം 2

29. കാർത്ത്യായനി അമ്മ.സി., ഒരു ***കൊച്ചു തമ്പുരാട്ടി***
കവനകൗമുദി, 1092, തുലാം വാല്യം 12, ലക്കം 1

30. കൗമുദി സഖി, ***കൃഷ്ണാർജ്ജുന വിജയത്തിലെ സുഭദ്ര***
കവനകൗമുദി, 1095 വൃശ്ചികം പുസ്തകം 15, ലക്കം 6

31. കുഞ്ഞിലക്ഷ്മി കെട്ടിലമ്മ.കെ.എം., ***ആഴ്വഞ്ചേരി തമ്പ്രാക്കൾ***
കവനകൗമുദി, 1092, മേടം

32. ___________, ***ഗോകർണ്ണ പ്രതിഷ്ഠ***
കവനകൗമുദി, 1093

33. ___________, ***മഹാമടിയൻ***
കവനകൗമുദി, 1088 മകരം പുസ്തകം 8 നമ്പർ 2

34. ___________, ***മോക്ഷരഹസ്യം***
കവനകൗമുദി, 1091 വൃശ്ചികം

35. ___________, ***ഭരതപ്രതീക്ഷ***
കവനകൗമുദി, 1097 മകരം പുസ്തകം 17, നമ്പർ 4

36. ___________,***ഗർവ്വിഷ്ടനായ പാർത്ഥൻ***
കവനകൗമുദി, 1095 മീനം പുസ്തകം 15, ലക്കം 6

37. ___________., ***ശ്രീരാമനീതി അഥവാ ശാപമോക്ഷം***
കവനകൗമുദി, 1096 മിഥുനം കർക്കിടകം പുസ്തകം 16, ലക്കം 9, 10

38. കുഞ്ഞിലക്ഷ്മി.കെ.പി, ***പരിഭവം***
യവനമഞ്ജരി, 1113, മീനം പുസ്തകം 3, ലക്കം 2

39. ___________, ***അത്താഴവിരുന്ന്***
കവനമഞ്ജരി, 1114, മിഥുനം പുസ്തകം 3, ലക്കം 6

40. ___________, ***നിദ്രാർത്ഥനം***

കവനമഞ്ജരി, 1113, മേടം ഇടവം പുസ്തകം 3, ലക്കം 3

41. ___________, ***പ്രതിഷ്ഠ***

കവനമഞ്ജരി, 1113, കന്നി തുലാം പുസ്തകം 2, ലക്കം 10, 11

42. ഗൗരിക്കെട്ടിലമ്മ തോട്ടയ്ക്കാട്ട്, ***ഭാഷാവിലാപം***

കവനകൗമുദി, 1104 കുംഭം, പുസ്തകം 24, നമ്പർ 5

43. ___________, ***കള്ള് കുടിയൻമാരോട്***

കവനകൗമുദി, 1199 കർക്കിടകം, പുസ്തകം 19, നമ്പർ 10

44. ___________,***ചരമശ്ലോകങ്ങൾ***

കവനകൗമുദി, 1191 മീനം, പുസ്തകം 22

45. ___________, ***ഒരനുശോചനം***

കവനമഞ്ജരി, 1111 ധനു, പുസ്തകം 1, ലക്കം 5

46. ചെമ്പ്രോൽ കൊട്ടാരത്തിൽ സ്വാതിതിരുനാൾ കൊച്ചുതമ്പുരാട്ടി, ***ഒരഭി നന്ദനം***

കവനകൗമുദി, 1101 ധനു, പുസ്തകം 21, നമ്പർ 3

47. ജാനകിക്കുട്ടി അമ്മ കിഴക്കേടത്ത്, ***ആമ്പലും താമരയും*** **(ഒരു പ്രകൃതി നിരൂപണം)**

കവനകൗമുദി 1992 ധനു വാല്യം 12 ലക്കം 2

48. പത്മാവതി അമ്മ അത്തിക്കാട്ട്, ***പാതിവ്രത്യം***,

കവനകൗമുദി, 1091 ധനു, പുസ്തകം 22

49. പാർവ്വതിക്കുട്ടി.പി., ***പഞ്ജരത്തിലെ പൈങ്കിളി,***

കവനമഞ്ജരി, 1112, എടവം, പുസ്തകം 2, ലക്കം

50. പാർവ്വതി അമ്മ മുതുകുളം, ***കുയിൽ***

കവനകൗതുകം, 1141 കന്നി പുസ്തകം 1, ലക്കം 1

51. ഭാരതിക്കുട്ടിയമ്മ, എ.പട്ടം, ***ചരമം***

കവനകൗമുദി, 1099 കർക്കിടകം പുസ്തകം 19, നമ്പർ 10

52. ___________, എ.പട്ടം, ***ഭർതൃവിയോഗം***

കവനകൗമുദി, 1098 വൃശ്ചികം പുസ്തകം 18, നമ്പർ 2

53. ഭാർഗവി അമ്മ.കെ., ***വീണമൊട്ട്***

കവനകൗമുദി, 1104, വൃശ്ചികം, പുസ്തകം 24, നമ്പർ 2

54. മേരി ജോൺ കൂത്താട്ടുകുളം, ***പ്രകൃതിയും കവിതയും***

കവനകൗമുദി, 1105 ധനു, വാല്യം 25 ലക്കം 3

55. മാധവി അമ്മ.കെ.കടത്തനാട്, ***കൈരളി പ്രാർത്ഥന***
കവനകൗമുദി, 1104 കുംഭം, പുസ്തകം 24, നമ്പർ 5

56. ___________,***എന്റെ ഗുരുദർശനം***
കവനകൗമുദി, 1104 മീനം, പുസ്തകം 24, നമ്പർ 6

57. ___________,***പരിതൃപ്തി അടയാം***
കവനകൗമുദി, 1102 കർക്കിടകം, പുസ്തകം 22, നമ്പർ 10

58. ___________, ***ഖദറും കാരണവരും***
കവനകൗമുദി, 1103 കർക്കിടകം,

59. ___________,***ഭക്തോന്മാദം***,
കവനകൗമുദി, 1103 ചിങ്ങം, പുസ്തകം 23, നമ്പർ 11

60. ___________, ***ഒരു ധർമ്മനിഷ്ഠ***
കവനകൗമുദി, 1103 ചിങ്ങം, പുസ്തകം 22, നമ്പർ 11

61. ___________, ***ഒരു ധീര യുവാവ്***
കവനകൗമുദി, 1100 മിഥുനം, കർക്കിടകം പുസ്തകം 20, നമ്പർ 9, 10

62. ___________,, ***ഒരു മഹാ മനസ്കത***
കവനകൗമുദി, 1101 കുംഭം, പുസ്തകം 21, നമ്പർ 5

63. ___________, ***മാവറ്റ മാലിനിയുടെ മനോഗതി***
കവനകൗമുദി, 1101 കർക്കിടകം, പുസ്തകം 22, നമ്പർ 10

64. രാജശ്രീ വടക്കുംകൂർ, ***രാജരാജപർവ്വം, രഘുവീരവിജയം***
കവനകൗമുദി, 1105, വൃശ്ചികം വാല്യം 25, ലക്കം 2

65. രാധാകുമാരി തെക്കേകുന്നത്ത്, ***ഭാഗ്യം ഭാഗ്യം***
കവനകൗതുകം, 1141, മേടം ലക്കം 9

66. ___________, ***പെറ്റമ്മ***
കവനകൗതുകം, 1142, തുലാം വൃശ്ചികം 2 ലക്കം 3

67. ശാരദാമേനോൻ.ഒ.കെ., ***ആത്മഗതം***
കവനകൈരളി, 1997 മാർച്ച് പുസ്തകം 2 ലക്കം 6

68. ശ്രീദേവി വർമ്മ, ***വരൻ നവോഢയായ വധുവിനോട്***
കവനകൗതുകം, 1967, ഡിസംബർ പുസ്തകം 3 ലക്കം 4

69. ___________,***യശോദയുടെ പുത്രവാത്സല്യം***
കവനകൗതുകം 1975 ഡിസംബർ, പുസ്തകം 9, ലക്കം 12

70. ശ്രീദേവി, ***അടിമത്തം അകന്നിടണം***

കവനകൗതുകം, 1974, മെയ്, പുസ്തകം 8, ലക്കം 5

71. സരോജിനി ഉണ്ണിത്താൻ, ***ദുഃഖസ്മൃതി***

കവനകൗതുകം, 1977, ജൂലായ്, പുസ്തകം 11, ലക്കം 7

# അനുബന്ധം I

## സൈബർ ലോകത്തെ കവയിത്രികൾ

ചുരുക്കം ചിലമാതൃകകൾ മാത്രമാണ് ഇവിടെ ഉദാഹരിക്കുന്നത്.

ഇന്റർനെറ്റിന്റെ പ്രചാരത്തോടെ സ്ത്രീകവിതാരംഗത്ത് വലിയൊരു മാറ്റം തന്നെ കൈവന്നിട്ടുണ്ട്. വെബ്മാഗസിനുകളിലൂടെയും ബ്ലോഗുകളിലൂടെയും ഫെയ്സ്ബുക്കിലൂടെയും ധാരാളം സ്ത്രീകൾ ഇന്ന് കവിതകൾ പ്രസിദ്ധീകരിച്ച് കൊണ്ടിരിക്കുന്നു. പി.പി രാമചന്ദ്രൻ എഡിറ്ററായിട്ടുള്ള ഹരിതകമാണ് ഈ രംഗത്ത് ഏറ്റവും വലിയ സംഭാവനകൾ നൽകിയ പ്രസിദ്ധീകരണം. സൈബർ സ്പേയ്സിൽ സമകാലീന മലയാളകവിതയുടെ നില തികച്ചും ഭദ്രമാണെന്ന് തെളിയിച്ചുകാട്ടിയത് ഹരിതകമാണ്. തർജ്ജനി, സൈകതം തുടങ്ങിയ സൈബർ മാസികകളും കവിത യോട് ഗൗരവപൂർണ്ണമായ സമീപനം സ്വീകരിച്ചുവരുന്നവയാണ്.

സാധാരണഗതിയിൽ അച്ചടിമാധ്യമത്തിലുള്ള ആനുകാലികങ്ങളിൽ എഴുതി തെളിഞ്ഞ് കവികളാകാൻ സാധ്യതയില്ലാത്തവരും തങ്ങളുടെ ബ്ലോഗുകളിലും ബ്ലോഗ് കൂട്ടായ്മകളിലും സൈബർ മാസികകളിലുമായി തുടർച്ചയായി കവിതകൾ പോസ്റ്റു ചെയ്യുന്നു.പ്രസിദ്ധീകരിക്കുമോ എന്ന ആശങ്കയോ എഡിറ്റിംഗിനെക്കുറിച്ചുള്ള ഭയമോ ആവശ്യമില്ലാത്തതിനാൽ തുറന്നെഴുത്തിനുള്ള സാധ്യതകളാണ് എഴുത്തു കാർ നെറ്റിൽ പ്രയോജനപ്പെടുത്തുന്നത്. ഗൗരവമേറിയ ചർച്ചകൾക്കും അഭിപ്രായപ്ര കടനങ്ങൾക്കും പ്രതിഷേധങ്ങൾക്കും ഉള്ള സ്ഥലമായും കഥകളും കവിതകളും കമന്റുകളും നിറഞ്ഞ സ്ഥലമായും സൈബർ സ്പെയ്സ് മാറുന്നു. മുഖ്യധാരാമാധ്യ മങ്ങളിൽ പ്രസിദ്ധീകരിച്ച് വരുന്ന പുതുകവിതകളിൽ നിന്ന് വലിയ വ്യത്യാസങ്ങ ളൊന്നും സൈബർ കവിതകൾക്ക് കാണാൻ കഴിയില്ല.

മറ്റു സാഹിത്യരൂപങ്ങളേക്കാൾ കവിതകളാണ് സൈബർ രംഗത്ത് കൂടുതൽ ഇടം പിടിക്കുന്നത്. മലയാളത്തിലെ സൈബർസാഹിത്യം സ്ത്രീരചനകളെക്കൊണ്ട് സമ്പന്നമാണ്. സ്വാനുഭവ സമ്പന്നമായ കവിതകൾ അവർ തന്നെ പ്രസിദ്ധീകരിക്കു ന്നു. സൈബർ കവിതകൾ വ്യാപകമാവുന്നത് സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഏറെ പ്രതീക്ഷയുള്ളതാണ് കാരണം സാഹിത്യത്തിന്റെ മേഖലയിൽ മറ്റു മേഖലകളി ലെന്ന പോലെ തന്നെ രണ്ടാം സ്ഥാനക്കാരിയായ സ്ത്രീക്ക് സൈബർ സാഹിത്യ

ത്തിൽ അർഹിക്കുന്ന പ്രാധാന്യം ലഭിച്ചു കാണുന്നുണ്ട്. സൈബർ സാഹിത്യത്തിൽ സ്ത്രീ എഴുത്തുകാർ എന്നോ പുരുഷ എഴുത്തുകാർ എന്നോ ഉള്ള വിവേചനം കാണുന്നില്ല. അതുകൊണ്ട് സ്ത്രീകൾ അവിടെ രണ്ടാംകിടയാകുന്നില്ല. സ്വന്തമായ ഒരിടം അവർക്കവിടെ ലഭിക്കുന്നു. സ്വാനുഭവങ്ങൾ പങ്കുവയ്ക്കാൻ അവർക്കവിടെ കഴിയുന്നു. തങ്ങളുടെ പ്രത്യേകമായ അനുഭവങ്ങൾ കൂടുതലായി ആവിഷ്കരിക്കാൻ കഴിയുമ്പോൾ മാത്രമാണ് പൊതുപ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുന്ന പ്രതികരിക്കുന്ന സ്ത്രീകൾ സാഹിത്യത്തിൽ കടന്നുവരുന്നത്. ഇതിന് നിരവധി ഉദാഹരണങ്ങൾ സൈബർ ലോകത്തെ സ്ത്രീകവിതകളിൽ നിന്ന് കണ്ടെത്താൻ കഴിയും.

എപ്പോഴും ഇരയുടെ ഭയാശങ്കകളോടെ ജീവിക്കേണ്ടി വരുന്ന പെണ്ണിന്റെ അനുഭവമാണ് രശ്മി.കെ.എം. എഴുതിയ 'ഒളിവിൽ ഒരാൾ' എന്ന കവിത. വിശ്വസ്തനായ സാറിൽ നിന്നേറ്റ ആക്രമണം ആരാലും ആക്രമിക്കപ്പെടാവുന്നവളാണ് പെണ്ണെന്ന ചിന്ത ഉണർത്തുന്നു. അദ്ധ്യാപകനെന്നോ സുഹൃത്തെന്നോ കൂടെപ്പിറപ്പെന്നോ അച്ഛനെന്നോ ഭേദമില്ലാതെ ഏതു സമയത്തും ആക്രമിക്കപ്പെടാവുന്ന പെണ്ണിന്റെ സമകാലീന അവസ്ഥയാണീ കവിത.

ഗാർഗിയുടെ പെൺകുട്ടികളുടെ ചിരി എന്ന കവിതയിൽ പുരുഷാധിപത്യം പെണ്ണിനെ അവന്റെ കച്ചവട തന്ത്രങ്ങൾക്ക് എങ്ങനെയൊക്കെ പ്രയോജനപ്പെടുത്തുന്നു എന്ന് കാണിച്ച് തരുന്നു.

പണ്ടുമുതലേ അവരീ
പാവം പെൺകുട്ടികളെ പറ്റിക്കുന്നതിങ്ങനെയാണ്
നീയൊരു സുന്ദരിയാണ്
നിന്റെ ചിരി ഹൊ!

എന്നു തുടങ്ങിയ സ്ഥിരം കാഴ്ചകളെ ഈ കവിത വിമർശിക്കുന്നു.

സ്വന്തം നാട്ടിൽ നിന്ന് പറിച്ചെടുത്ത് എവിടെയോ മാറ്റി നടുന്ന പെണ്ണിന്റെ അവസ്ഥയും തുടർന്ന് അവിടെ അവളനുഭവിക്കുന്ന അവഗണനയുമാണ് സന്ധ്യ. എൻ.പിയുടെ 'കേൾക്കുന്നില്ലേ' എന്ന കവിത.

മനുഷ്യജീവിതത്തെ അടയാളപ്പെടുത്തുന്ന സെറീനയുടെ 'ഇടയ ജീവിതം', പുതിയ മനുഷ്യരുടെ തിരക്കുകളും ഒന്നിനും സമയമില്ലാത്ത അവസ്ഥയും ചിത്രീകരിക്കുന്ന സുനിത.ടി.വിയുടെ 'സമയത്തിന്റെ തടവുകാർ', ചത്താലും കൈവിടാത്ത സ്വാർത്ഥത കൊണ്ടു നടക്കുന്ന മനുഷ്യരെ ആക്ഷേപ ഹാസ്യ രൂപത്തിൽ അവതരി

പ്പിക്കുന്ന ഡോണ മയൂരയുടെ 'സ്വാർത്ഥം' തുടങ്ങിയവയെല്ലാം സൈബർ ലോകത്ത് ശ്രദ്ധ പിടിച്ചു പറ്റിയ രചനകളാണ്.

ഇങ്ങനെ സൈബർ ലോകത്തെ സ്ത്രീ കവിതകൾ നിരവധി ഉണ്ട്. സ്വാനുഭവ തീക്ഷണതയുള്ള ഈ കവിതകൾ സൈബർ ലോകത്ത് പ്രസിദ്ധീകരിച്ചതിന് ശേഷം സമാഹാരമായി ഇറക്കിയവരുണ്ട്. സന്ധ്യ.കെ.പിയുടെ 'കാപ്പിത്തോട്ടങ്ങളുടെ സാക്ഷി', സിന്ധു മലമക്കാവിന്റെ 'എക്സ്ചേഞ്ച് ഓഫർ' ജ്യോതി ഭായി പരിയാര ത്തിന്റെ 'പേശാമടന്ത' തുടങ്ങിയവ ഉദാഹരണങ്ങളാണ്. വിജയലക്ഷ്മി, വി.എം.ഗിരി ജ, അനിത തമ്പി, അമൃത തുടങ്ങിയവരെല്ലാം പ്രസിദ്ധീകരണങ്ങളിലെ പോലെ തന്നെ സൈബർ ലോകത്തും എഴുതുന്നവരാണ്. സൈബർ കവിതകളിൽ ശക്തമായ തുറന്നെഴുത്തുകൾ കാണുന്നുണ്ട്. പക്ഷെ അച്ചടി മാധ്യമങ്ങളിൽ ലഭിക്കുന്ന ആഴത്തിലുള്ള വായന സൈബർ ലോകത്ത് നടക്കുന്നില്ല. ഉപരി വിപ്ലവമായ അഭിപ്രായ പ്രകടനങ്ങളാണ് കൂടുതലും. ഒരാളുടെ കവിതയ്ക്ക് ലൈക്ക് അടിക്കു മ്പോൾ അയാൾ കവിത പ്രസിദ്ധീകരിക്കുമ്പോൾ കവിത നല്ലതാണോ എന്നൊന്നും നോക്കാതെ പ്രത്യുപകാരം എന്ന നിലയിൽ തിരിച്ചും ലൈക്ക് അടിക്കുന്ന പ്രവണത കാണാം. ഒരു വിധത്തിലുള്ള എഡിറ്റിംങ്ങും ഇല്ലാത്തതിനാൽ വളരെ ലാഘവത്തോ ടെയുള്ള അഭിപ്രായ പ്രകടനങ്ങളും ഈ ലോകത്ത് കാണാം.

ഇങ്ങനെയൊക്കെ ആണെങ്കിലും പുതിയ എഴുത്തുകാരിൽ ഏറെപേരും സൈബർ സ്പേസ് പ്രയോജനപ്പെടുത്തുന്നുണ്ട്. കവിത എഴുത്തുകാർ കൂടുന്നതിന നുസരിച്ച് ഓൺലൈൻ മാസികകളും കൂടുന്നുണ്ട്. നെല്ല്, അക്ഷരം, മലയാളനാട്, ഹരിതകം, സുലോക കവിത തുടങ്ങിയവ കവിതകളുടെ ഓൺലൈൻ പ്രസിദ്ധീകര ണങ്ങളാണ്. മലയാള കവിത, എഴുത്തു നെറ്റ്, കവിതാലോകം, കാവ്യകേളി, വാക്ക് തുടങ്ങി കവിതയ്ക്ക് വേണ്ടി ദിനംപ്രതി നവീകരിക്കപ്പെടുന്ന ഫെയ്സ്ബുക്ക് ഗ്രൂപ്പു കളും നിരവധിയാണ്.

ആശാലത, അഭിരാമി, പ്രസന്ന ആര്യൻ, ഗീത മൂർക്കനാട്, സ്മിത മീനാക്ഷി, പദ്മ ബാബു, റീമാ അജോയ്, സുധാ ബാലചന്ദ്രൻ, ധന്യാ ദാസ്, ഗീതാ രാജൻ, സരിതാ വർമ്മ, ചിത്ര കുസുമം , രമ്യ സഞ്ജീവ്, രശ്മി കടപ്പ, ലിഷ.വി.എൻ, നൂറാ, ധന്യ എം.സി, കവിതാ ബാലകൃഷ്ണൻ, രോഷ്നി സ്വപ്ന, ഹേമ ഹേമാംബിക, സംഗീതാ നായർ, അമ്മുദീപ, രാധാമണി അയിങ്കലത്ത്, രഗില തുടങ്ങി ബ്ലോഗിലും ഫെയ്സബുക്കിലും കവിതകൾ എഴുതുന്നവരുടെ നീണ്ട നിര അനുദിനം കൂടി വരി കയാണ്.

## അനുബന്ധം II

### കവയിത്രികൾ

സംഘകാലംമുതൽക്കുള്ള മലയാളത്തിലെ കവയിത്രികളെ കാലഗണനക്കനുസരിച്ച് പരമാവധി ഇവിടെ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്.

1. അഞ്ചിൽ അഞ്ചിയാർ
2. കാക്കൈപ്പാടിനിയാർ നച്ചെള്ളൈയാർ
3. അള്ളൂർ നന്മുല്ലെയ്യാർ
4. ആതിമന്തിയാർ
5. ഊൺ പിത്തൈയാർ
6. കച്ചിപ്പേട്ടു നന്നാകൈയ്യാർ
7. കഴാർ കീരൻ ഐെയിറ്റിയാർ
8. കാമഞ്ചേർ കുളത്താർ
9. നന്നാകൈയാർ
10. നെടും പല്ലിയത്തൈനാർ
11. നെയ്തൽ കർക്കിയാർ
12. പൊൻമണിയാർ
13. മതുരൈ നൽവെള്ളിയാർ
14. വെൺമണിപ്പൂതിയാർ
15. വെള്ളിവീതിയാർ
16. ഒക്കൂർ മാചാ(ശാ)ത്തിയാർ
17. ഔവ്വയാർ
18. കുറമകൾ ഇളവെയ്നി
19. പേയ്മകൾ ഇളവെയ്നി
20. വെറി പാടിയ കാമക്കണ്ണിയാർ
21. വെണ്ണിക്കുയത്തിയാർ
22. പൂതപ്പാണ്ടിയാർ തേവി പെരുംക്കോപ്പെണ്ട്
23. പാരമകളിർ
24. പെരും കോഴി നായ്ക്കൻ മകൾ നക്കണ്ണൈയാർ
25. മാരിപ്പിത്തിയാർ
26. പൂങ്കൺ ഉത്തിരൈയാർ
27. തായങ്കണ്ണിയാർ
28. മാറോക്കത്ത് നപ്പച്ചെലൈയാർ
29. കാവർപ്പെണ്ട്

30. കുറുവഴുതിയാർ
31. മുടത്താമക്കണ്ണിയാർ
32. മനോരമത്തമ്പുരാട്ടി
33. കിളിമാനൂർ ഉമാദേവിത്തമ്പുരാട്ടി
34. ആയില്യം തിരുനാൾ രുഗ്മിണീഭായി
35. കുട്ടിക്കുഞ്ഞു തങ്കച്ചി
36. മകയിരം നാൾ അംബാദേവിത്തമ്പുരാട്ടി
37. നാഗരുകോവിൽ കല്യാണിക്കുട്ടി അമ്മച്ചി
38. ഇക്കു അമ്മത്തമ്പുരാൻ
39. കടത്തനാട്ടു ലക്ഷ്മീഭായിത്തമ്പുരാട്ടി
40. റാണി ലക്ഷ്മീഭായി
41. തോട്ടയ്ക്കാട്ട് ഇക്കാവമ്മ
42. കെ.എം.കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ
43. ചെമ്പോൽ കൊട്ടാരത്തിൽ അംബാദേവിത്തമ്പുരാട്ടി
44. ഏളമനമഠത്തിൽ കല്യാണിയമ്മ
45. തരവത്ത് അമ്മാളുവമ്മ
46. തോട്ടയ്ക്കാട്ട് ഗൗരിക്കെട്ടിലമ്മ
47. തെക്കേക്കുന്നത്ത് കല്യാണിക്കുട്ടിയമ്മ
48. കരിങ്ങമണ്ണെ കല്യാണിക്കുട്ടി
49. പെരിഞ്ചേരി ഇക്കാവമ്മ
50. കെ.പി.കുഞ്ഞിലക്ഷമി
51. കെ.മാധവിയമ്മ
52. വി.പി.ഓമനയമ്മ, കടത്തനാട്ട്
53. പട്ടം.എ.ഭാരതിക്കുട്ടിയമ്മ
54. എ.ജാനകിയമ്മ
55. ഏ.എസ്.അമ്മ
56. ലക്ഷമിക്കുട്ടിയമ്മ ചെങ്ങന്നൂർ
57. അത്തിക്കാട്ടു പത്മാവതിയമ്മ
58. കിഴക്കേടത്തു ജാനകിക്കുട്ടിയമ്മ
59. കല്യാണിക്കുട്ടിയമ്മച്ചി
60. ചുനങ്ങാട്ടു കല്യാണിക്കുട്ടിയമ്മ
61. മിസിസ് വി.എം. കൽക്കത്ത
62. ചെമ്പ്രോൽ കൊട്ടാരത്തിൽ സ്വാതിതിരുനാൾ കൊച്ചുതമ്പുരാട്ടി

63. ചെറിയനുജത്തി തമ്പുരാട്ടി കോട്ടക്കൽ
64. പി.ടി.പാർവ്വതിക്കുട്ടി
65. കെ.കല്യാണിക്കുട്ടിയമ്മ
66. കോട്ടയിൽ പനങ്ങാട്ടു കുഞ്ഞിലക്ഷ്മി
67. കെ.ഭാർഗ്ഗവിയമ്മ കൊല്ലം
68. സി. കാർത്ത്യായനി അമ്മ
69. രജശ്രീ.കെ.രവിവർമ്മത്തമ്പുരാൻ
70. തെക്കേകുന്നത്ത് രാധാകുമാരി
71. തെക്കേകുന്നത്ത് ഓമനകുമാരി
72. പത്മാവതി കരിക്കാട്
73. ഉഷാകുമാരി
74. ശ്രീദേവി വർമ്മ
75. സരോജിനി ഉണ്ണിത്താൻ
76. ആയാംകുടി കെ.സി.പാർവ്വതിയമ്മ
77. കെ.ശാരദമേനോൻ
78. മുതുകുളം പാർവ്വതിയമ്മ
79. ബാലാമണിയമ്മ
80. നാലപ്പാട്ട് അമ്മിണിയമ്മ
81. ലളിതാംബിക അന്തർജ്ജനം
82. രാജലക്ഷ്മി
83. ദേവി (സുജാതാ ദേവി)
84. കനകശ്രീ
85. ലക്ഷ്മീദേവി
86. എം.ലിലാവതി
87. ടി.എസ്.പൊന്നമ്മ
88. പൊന്നറ സരസ്വതി
89. പറവൂർ.സി. ലതികാനായർ
90. റോസക്കുട്ടി കാപ്പൻ
91. നളിനകുമാരി
92. സിസ്റ്റർ മേരി ബെനീഞ്ഞ (മേരി ജോൺ തോട്ടം)
93. മേരി ജോൺ കൂത്താട്ടുകുളം
94. സുഗതകുമാരി
95. ആർ.സുജാത

96. കെ.ഇന്ദിരാദേവി
97. കെ.ഗോമതി അമ്മ
98. എ.ലക്ഷ്മിക്കുട്ടി
99. വിജയലക്ഷ്മി
100. സാവിത്രി രാജീവൻ
101. വി.എം.ഗിരിജ
102. ലളിതാ ലെനിൻ
103. പ്രമീളാ ദേവി
104. റോസ് മേരി
105. അനിതാതമ്പി
106. മ്യൂസ് മേരി
107. ഗീതാ ഹിരണ്യൻ
108. ഒ.വി.ഉഷ
109. കമലാ സുരയ്യ
110. ജാനകിക്കുട്ടി
111. അമൃത
112. ഇന്ദിരാ അശോകൻ
113. ജെനി ആൻഡ്രൂസ്
114. കണിമോൾ
115. ലോപ
116. കയ്യുമ്മു
117. സിസ്റ്റർ ജെമ്മ
118. ബി.സന്ധ്യ
119. സലീമ സലീം
120. ആര്യാംബിക
121. ബി.ഇന്ദിര
122. സി.ശകുന്തള
123. ശുഭാമണി
124. കവിതാ ബാലകൃഷ്ണൻ
125. എസ്.പ്രഭ
126. ലളിത.കെ.വർമ്മ
127. ബിന്ദു കൃഷ്ണൻ
128. എം.പി.ഷീജ

129. ഇന്ദിര കൃഷ്ണൻ
130. സാഹിറ തങ്ങൾ
131. സാഹിറ കുറ്റിപ്പുറം
132. ആശാലത
133. ഇ.സന്ധ്യ
134. ആര്യാഗോപി
135. റോഷ്നി സ്വപ്ന
136. സംപ്രീത
137. ശ്രീദേവി.എസ്.കർത്ത
138. സൂര്യബിനോയ്
139. ശറഫുന്നീസ
140. ഗിരിജ പാതേക്കര
141. വിജില ചിറപ്പാട്
142. സതി അങ്കമാലി
143. അമ്മുദീപ
144. ആശ.എം.
145. കെ.ആർ.മായ
146. ബിലു.സി.നാരായണൻ
147. സുജ
148. ഇന്ദുലേഖ
149. ഫെബിന റഷീദ്
150. നെസീമ സലീം
151. നിലീന.എം.എസ്
152. പത്മാജീവൻ
153. ശ്രീരമ
154. ശുഭാമണി
155. കെ.പി.സുധീര
156. അംബിക
157. ധന്യ.എം.സി
158. നബീസത്ത് ബീവി
159. അഭിരാമി
160. ശിവകാമി
161. ജയശ്രീകിഷോർ

162. രാധാമണി അയിങ്കലത്ത്
163. അല്ലി
164. സന്ധ്യ. എൻ.പി
165. ജയലക്ഷ്മി.കെ
166. എം.സുമ
167. സൂരജ.ഇ.എം.
168. ധന്യാദാസ്
169. പി.ജി.രമാദേവി
170. ഷൈനി.എം.ജോൺ
171. എം.ഗംഗാദേവി
172. രജനി മന്നാടിയാർ
173. നഫ്സാന
174. ശബ്ന.എസ്
175. ഗീതാ രാജൻ
176. കെ.പി.ഷൈലജ
177. ശ്യാമള ശശികുമാർ
178. ഹരിത ചന്ദ്രൻ
179. ശ്രീദേവി.കെ.പി.
180. ഗിരിജ ചെമ്മങ്ങാട്
181. മീര.യു.മേനോൻ
182. പ്രീത ശശിധരൻ
183. സിന്ദു രാധാകൃഷ്ണൻ
184. ജ്യോതി.ഇ.കെ.
185. പി.പി.റഫീന
186. സുഷമ ബിന്ദു
187. അപർണ ചിത്രകം
188. തനുജ അകത്തൂട്ട്